# ഇസ്‌ലാം സംസ്കൃതി
## ചില സൗമ്യ വിചാരങ്ങൾ

വാണിദാസ് എളയാവൂര്

മാനവ ജീവിതത്തെ
അത്യഗാധമായി സ്വാധീനിക്കുകയും
അടിമുടി മാറ്റിപ്പണിയുകയും ചെയ്ത
ദൈവിക ദർശനമാണ് ഇസ്‌ലാം. പിന്നിട്ട
നൂറ്റാണ്ടുകളിലെ പുരുഷാന്തരങ്ങൾക്ക്
പ്രശാന്തി പകരാനും അവരുടെ ജീവിതത്തിൽ
വിശുദ്ധി വിളയിക്കാനും അതിനു
സാധിക്കുകയുണ്ടായി. ഇന്നും ജനജീവിതത്തിന്റെ
സമസ്ത മേഖലകളിലും ഇസ്‌ലാമിനെപ്പോലെ
ഇടപെടുന്ന മറ്റൊരു ദർശനമോ പ്രത്യയശാസ്ത്രമോ ഇല്ല.
ദൈവ വചനങ്ങൾക്ക് പ്രവാചക ജീവിതം നൽകിയ
പ്രായോഗിക മാതൃകയിലൂടെയാണ് വിസ്മയകരമായ
ഈ നേട്ടം സാധിതമായത്. പ്രവാചക ജീവിതത്തിന്റെ
പ്രകാശധാരയിൽ മദീനയിൽ രൂപപ്പെട്ടുവന്ന
മാതൃകാ സമൂഹവും രാഷ്ട്രവും എല്ലാ അർഥത്തിലും
അസദൃശവും അദ്വിതീയവുമാണ്. ഈ മഹാ വിസ്മയത്തെ
അസാമാന്യമായ ആഖ്യാന പാടവത്തോടെ
അവതരിപ്പിക്കുന്ന വിശിഷ്ടമായൊരു
രചനയാണിത്.

വില: 60.00

ISBN 81 8271 190-2

ISC

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

ഇസ്‌ലാം സംസ്കൃതി: ചില സൗമ്യവിചാരങ്ങൾ

# ഇസ്‌ലാം സംസ്കൃതി
## ചില സൗമ്യവിചാരങ്ങൾ

വാണിദാസ് എളയാവൂര്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

**ISLAM SAMSKRITHI CHILA SOUMYA VICHARANGAL** *(Malayalam)*
*(Religion/Islam)*
By VANIDAS ELAYAVURU
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail: iphdir@eth.net
First Published : June 2005
Second Edition : March 2006
Cover : Nasar Eramangalam
Typesetting : I.P.H. DTP
Printers: Printers Print, Feroke

Rights with the Publishers

**Distribution:**
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@eth.net
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, E. 34/236, Opp. Noor Masjid, Kannur -1

**Price Rs : 60.00**

ISC Sub 20, SN 474/3000 TC 6000 ISBN 81-8271-193-2

# പ്രസാധകക്കുറിപ്പ്

കാലം നിരവധി ദർശനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും പരിചയപ്പെട്ടിട്ടുണ്ട്. ഒട്ടേറെ വിപ്ലവങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ മാനവ ജീവിതത്തിന്റെ മുഴുമേഖലകളെയും അഗാധമായി സ്വാധീനിക്കുകയും സമൂലമായി പരിവർത്തിപ്പിക്കുകയും ചെയ്തത് ഇസ്‌ലാമാണ്. അതിന്റെ സ്പർശമേൽക്കാത്ത ഒരു വശവും മനുഷ്യജീവിതത്തിലില്ല. വിശ്വാസം, ജീവിതവീക്ഷണം, സ്വഭാവം, സമീപനം, സമ്പ്രദായം, പെരുമാറ്റം, വ്യക്തി ജീവിതം, കുടുംബഘടന, സാമൂഹ്യവ്യവസ്ഥ, സാംസ്കാരിക രംഗം, രാഷ്ട്രീയ-ഭരണ മേഖലകൾ തുടങ്ങി എല്ലാറ്റിലും അത് ശക്തമായി ഇടപെടുകയും ദൈവികദർശനത്തിന്റെ അടിസ്ഥാനത്തിൽ പുനഃസംവിധാനിക്കുകയും ചെയ്തു. അതിലൂടെ പിന്നിട്ട നൂറ്റാണ്ടുകളിലെ പുരുഷാന്തരങ്ങൾക്ക് പ്രശാന്തി പകരാനും അവരുടെ ജീവിതത്തിൽ വിശുദ്ധി വിളയിക്കാനും ഇസ്‌ലാമിനു സാധിച്ചു. ഇന്നും ജനജീവിതത്തിന്റെ മുഴുമേഖലകളിലും ഇസ്‌ലാമിനെപ്പോലെ ഇടപെടുന്ന ഒരു ദർശനമോ പ്രത്യയശാസ്ത്രമോ ഇല്ല. വ്യക്തിയുടെ വിചാരവികാരങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലുമെന്നപോലെ നടത്തത്തിലും ഇരുത്തത്തിലും ഉറക്കിലും ഉണർച്ചയിലും തീനിലും കുടിയിലും ചിന്തയിലും ചിരിയിലും കളിയിലും കുളിയിലുമെല്ലാം അത് സ്വാധീനം ചെലുത്തുകയും സവിശേഷമായ സംസ്കൃതി രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നു. ദൈവ വചനങ്ങൾക്ക് പ്രവാചകജീവിതം സമ്മാനിച്ച പ്രായോഗിക മാതൃകയിലൂടെയാണ് ഇത് സാധിതമാകുന്നത്.

പ്രവാചക ജീവിതത്തിന്റെ പ്രകാശധാരയിൽ മദീനയിൽ

രൂപംകൊണ്ട മാതൃകാസമൂഹവും രാഷ്ട്രവും എല്ലാ അർഥ ത്തിലും അസദൃശവും അദ്വിതീയവുമാണ്. ഈ മഹാവിസ്മ യം എങ്ങനെ സാധിച്ചുവെന്ന് അസാമാന്യമായ ആഖ്യാനപാട വത്തോടെ അവതരിപ്പിക്കുന്ന വിശിഷ്ടമായ രചനയാണിത്. എക്കാലത്തെയും എവിടത്തെയും മനുഷ്യസമൂഹത്തിന് പ്രകാശം തെളിയിച്ചെടുക്കാൻ സാധിക്കുമാറ് ചരിത്രത്തിൽ വേദവെളിച്ചത്തിന്റെ ശോഭപരത്തിയ മദീനയിലെ മാതൃകാസ മൂഹത്തിന്റെ ജീവിതചിത്രങ്ങളിലൂടെ ഇസ്ലാം സംസ്കൃ തിയെ സമൂഹസമക്ഷം സമർപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ വാണിദാസ് എളയാവൂര് വിസ്മയകരമാംവിധം വിജയിച്ചിരി ക്കുന്നുവെന്ന് ഈ ഗ്രന്ഥം വായിക്കുന്ന ഏവർക്കും ബോധ്യ മാകും. പറയുന്ന കാര്യങ്ങളുടെ പ്രാമാണികതയിലെന്ന പോലെ അപഗ്രഥനത്തിലെ യുക്തിഭദ്രതയിലും ചാരുതയിലും ഗ്രന്ഥകാരൻ ഏറെ ശ്രദ്ധയൂന്നിയിരിക്കുന്നു. വായനക്കാർക്ക് ഇതിന്റെ പാരായണം ഒരു പുത്തൻ അനുഭവമാവാതിരിക്കില്ല.

## ഉള്ളടക്കം

1. തിരുപ്പിറവിയുടെ പ്രസക്തി ..... 13

2. ജനമനസ്സുകളിലൂന്നി വളർന്ന ദൈവിക ദർശനം ..... 19

3. കാലക്കറ പുരളാത്ത കൈവല്യസാരം ..... 24

4. മദീനയിലരങ്ങേറിയ ആദർശ വിപ്ലവം ..... 28

5. വെളിപാട് വിശേഷം ..... 39

6. ഖുർആൻ-ഒരാലയ പരിചയം ..... 47

7. ഖുർആന്റെ അമാനുഷികത ..... 56

8. വാതിൽപാളിയിലൂടെ അകം കണ്ടപ്പോൾ ..... 72

9. സത്യാവലംബിയായ മതം ..... 82

10. എന്റെ സന്നിധിയണയുക ..... 87

11. പൂർണതയിലേക്ക് ..... 92

12. ആ മന്ത്രവാക്കിന്റെ ഹൃദയധ്വനി ..... 97

13. സർവസമർപ്പണമാവശ്യപ്പെടുന്ന ദിവ്യദർശനം ..... 102

14. വിശിഷ്ട ഫലസമൃദ്ധമായൊരു വടവൃക്ഷം ..... 106

15. ഇസ്‌ലാമിക സംസ്കൃതിയുടെ ആദ്യാക്ഷരങ്ങൾ ..... 109

16. ധർമവിഗ്രഹനായ പ്രവാചകൻ ..... 113

17. അന്യൂനമായ ജീവിത വ്യവസ്ഥ ..... 121

18. നീതിയിലൂന്നിയ കുടുംബ-സാമ്പത്തിക സമീപനം ..... 127

19. കുടുംബ-സമൂഹ ബാധ്യതകൾ ..... 135

20. അറഫയുടെ അർഥസമ്പന്നത ........................................................ 140

21. അനാഥ സംരക്ഷണം ഉപാസനകളിൽ ഉദാത്തം .................... 143

22. മദ്യം-തിന്മകളുടെ മാതാവ് ........................................................ 149

23. സാമ്പത്തിക സന്തുലിതത്വത്തിനുള്ള സൗമ്യസംരംഭം ......... 154

24. സഹിഷ്ണുതയുടെ സമുന്നത പൈതൃകം ............................. 162

25. വെളിച്ചത്തിന്റെ രാജവീഥിയിലൂടെ ............................................. 171

26. ചില പ്രകാശ കിരണങ്ങൾ ........................................................ 180

27. ഇസ്‌ലാം നയിച്ച പ്രകാശ വിപ്ലവം ............................................. 189

28. ഒരു വിശ്രുതനാഗരികതയെക്കുറിച്ച് ......................................... 203

## വാതിൽപാളിയിലൂടെ കൗതുകപൂർവം

മനുഷ്യജീവിതത്തെ പൂർണതയിലേക്കും പാരമാർഥികതയിലേക്കും നയിക്കാൻ മതം പ്രയോജനപ്പെടുന്നു. വ്യക്തിവിശുദ്ധിയിലൂടെ, അവന്റെ കർമ പ്രപഞ്ചത്തിലെ ധർമപരതയിലൂടെ വിശ്വാസം അവനെ മുന്നോട്ടു നയിക്കുന്നു. പ്രപഞ്ചമെന്നത് നന്മതിന്മകളുടെയും ധർമാധർമങ്ങളുടെയും സംഘാതമാണ്. തെറ്റുകളും ശരികളും വിധിവിലക്കുകളും കൂട്ടിക്കുഴക്കപ്പെട്ട, സങ്കീർണവും ബഹുലവുമായ പ്രപഞ്ചജീവിതസ്ഥലിയിൽ വെളിച്ചം പടർത്താനും നേർവഴി നയിക്കാനും പ്രവാചക വചസ്സുകളും വേദഗ്രന്ഥങ്ങളും പ്രയോജനപ്പെടുന്നു. അപ്പോൾ, അനുഭവവേദ്യമെങ്കിലും അവ്യക്തവും അദൃശ്യവുമായ ഈശ്വരീയപ്രതിഭാസങ്ങളെ തെളിച്ചുകാട്ടി, ജീവിതത്തെ ഉണർത്തിയുയർത്തി, വിഭാവിതലക്ഷ്യങ്ങളുടെ ശാദ്വല ഭൂതലത്തിലേക്ക് തിരിച്ചറിവിന്റെ വെളിച്ചമേകി നയിക്കുന്ന വേദഗ്രന്ഥം സർവാദരണീയമാണ്.

ഖുർആന്റെ ഹൃദയഭാവം അഥവാ കേന്ദ്രബിന്ദു മനുഷ്യനാണ്. മറ്റ് മതദർശനങ്ങളുമായി സാദൃശ്യപ്പെടുത്തുമ്പോൾ ഖുർആൻ സൂക്ഷിച്ചുപോരുന്ന മനുഷ്യ ജീവിതബന്ധം സർവാതിശായിയാണെന്നു കാണാം. അതുകൊണ്ടാണ് അസഹിഷ്ണുക്കളായ ചില നിരൂപക മനസ്സുകൾ, ഇസ്‌ലാം ദർശനത്തെ 'ഭൗതികമതം' എന്ന് വിശേഷിപ്പിക്കുന്നത്. അത്രമേൽ തീവ്രവും ദൃഢവും രൂഢവുമായ മനുഷ്യജീവിത ബന്ധത്തിന്റെ അനുഗാനമാണത് നിർവഹിക്കുന്നത്. സൃഷ്ടിച്ചു, വിശേഷ ബുദ്ധിയരുളി, പ്രവാചകനെ നിയോഗിച്ചു, വേദഗ്രന്ഥമേകി - മനുഷ്യനെ പൂർണതയിലേക്ക് നയിക്കുന്ന, ദൈവദത്തമായ ഒരു സമ്പൂർണ ജീവിതപദ്ധതിയാണത്.

വേദഗ്രന്ഥം വിടുർത്തിക്കാട്ടുന്ന ആശയവിശേഷങ്ങളെ ഒരു വാതിൽപാളിയിലൂടെ കൗതുകപൂർവം നോക്കിക്കാണുകയാണ് ഞാൻ.

**വാണിദാസ് എളയാവൂര്**

# വാണിദാസ് എളയാവൂര്

1935 ജൂൺ 4–ന് കണ്ണൂർ ജില്ലയിൽ എളയാവൂർ എന്ന ഗ്രാമത്തിൽ ജനിച്ചു. പിതാവ് എം.വി. കൃഷ്ണൻനമ്പ്യാർ. മാതാവ് പടിഞ്ഞാറേ വീട്ടിൽ അമ്മാളുഅമ്മ. 36 വർഷത്തെ അധ്യാപനത്തിനുശേഷം കൂടാളി ഹൈസ്കൂളിൽനിന്ന് റിട്ടയർ ചെയ്തു. വിശിഷ്ടാധ്യാപകനുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. സംഗം വാരിക, താളം ത്രൈമാസിക, സോഷ്യലിസ്റ്റ് വ്യൂ സായാഹ്ന ദിനപത്രം എന്നിവയുടെ പത്രാധിപരായിരുന്നു. ചിലമ്പൊലി, ചന്ദനത്തൈലം, കാൽചിലങ്ക, കഥപറയുന്ന കോലത്തുനാട്, കഥചൊരിയുംനാട്, കഥകളുറങ്ങുന്ന കടലോരം, ഏകകബോധിനി, കഥകളുടെ നാട്, വിചാരമേഖല, വടക്കൻ ഐതിഹ്യമാല, പ്രസംഗം ഒരു കല, ജിഹാദ് സത്യവേദത്തിന്റെ ആത്മഭാവം, മരുഭൂമിയിൽ പിറന്ന മഹാമനുഷ്യൻ, ഖുർആൻ ലളിതസാരം(സഹഗ്രന്ഥകാരൻ), പ്രവാചകകഥകൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവ്. സാഹിത്യസാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളുമായി ഉറ്റ ബന്ധം. ശ്രദ്ധേയനായ പ്രഭാഷകൻ കൂടിയാണ്. കേരള സർക്കാരിന്റെ ടെക്സ്റ്റ് ബുക് കമ്മറ്റി, സിലബസ് ഇവാലേഷൻ കമ്മറ്റി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തുഞ്ചൻസ്മാരക മാനേജിങ് കമ്മറ്റി, നേഷനൽ കൗൺസിൽ ഫോർ ചൈൽഡ് എഡ്യൂക്കേഷൻ നിർവാഹക സമിതി, കേരള ഗ്രന്ഥശാലാ സംഘം അഡ്വൈസറി ബോർഡ് എന്നിവയിൽ അംഗമായിരുന്നു. രചനയിൽ ഒരനുശീലനം എന്ന പ്രബന്ധത്തിന് എൻ.സി.ഇ.ആർ.ടിയുടെയും ഏകകബോധിനി എന്ന ഗ്രന്ഥത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷന്റെയും ഖുർആന്റെ മുന്നിൽ വിനയാന്വിതം എന്ന കൃതിക്ക് തിരുവനന്തപുരം മുസ്‌ലിം അസോസിയേഷന്റെയും അവാർഡ് ലഭിച്ചിട്ടുണ്ട്. കുവൈത്ത് കെ.എം.സി.സി.യുടെ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ അവാർഡ്, മൈസൂർ മലയാള കലാസാഹിത്യ വേദിയുടെ കൈരളി അവാർഡ്, കെ.സി. അബ്ദുല്ല മൗലവി ചാരിറ്റബിൾ ഫൗണ്ടേഷൻ അവാർഡ്, ഇന്ദിരാഗാന്ധി സദ്ഭാവനാ പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

ഭാര്യ: കെ.എം. യശോദ

മക്കൾ: അമർനാഥ്, അജിത് കുമാർ, യശോധരൻ, ധർമ്മേന്ദ്രൻ.

വാണിദാസ് എളയാവൂര് എന്നത് തൂലികാനാമം.

ശരിയായ പേര് ഗംഗാധരൻ നമ്പ്യാർ പി.വി.

*വിലാസം:* **കൃഷ്ണപുരം, എളയാവൂര്, കണ്ണൂർ – 670 594**

# തിരുപ്പിറവിയുടെ പ്രസക്തി

**ചി**ല വിശേഷ വിഭാവനകളോടെ ദൈവം
മനുഷ്യനെ സൃഷ്ടിച്ചു.
സ്രഷ്ടാവിന്റെ വിഭാവനകളെ സാക്ഷാൽക്കരിക്കാൻ
മനുഷ്യനെ പ്രാപ്തനാക്കണം.
വിഭാവനകളെക്കുറിച്ച് അവനെ തെര്യപ്പെടുത്തണം
അവനെ നേർവഴി കാണിക്കണം.
അവന്ന് വഴിവെളിച്ചം നൽകണം
അതിനായി, കാലാകാലങ്ങളിൽ
ദേശാദേശങ്ങളിൽ
ദൈവം പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു.
പ്രദേശങ്ങൾ വ്യത്യസ്തങ്ങൾ
പ്രശ്നങ്ങൾ വ്യതിരിക്തങ്ങൾ
ജനപദങ്ങൾ വിഭിന്നങ്ങൾ
പ്രബോധകന്മാർ, പ്രവാചകന്മാർ
വ്യത്യസ്തരാകുന്നത് സ്വാഭാവികം.

നമ്മുടെ പൂർവികരുടെ കാലം
അന്ന്, മനുഷ്യജീവിതം ലളിതവും സരളവുമായിരുന്നു.
സാമൂഹികമായ പ്രശ്നസങ്കുലതകളൊന്നും അന്നില്ല.
ജ്ഞാനവിജ്ഞാനങ്ങളും മതദർശനങ്ങളും
ഉൾക്കൊള്ളാൻ പോരുമാറ് മനുഷ്യബുദ്ധി
അന്ന്, അത്രയ്ക്കൊന്നും വികസിച്ചിരുന്നില്ല.
അന്നും പ്രവാചകന്മാരെ അയക്കാനും
വെളിപാടുകളറിയിക്കാനും ദൈവം മറന്നില്ല.
ആദ്യത്തെ മനുഷ്യൻതന്നെ ഒരു പ്രവാചകനായിരുന്നു!
കുറഞ്ഞ കാര്യങ്ങളേ അന്നറിയിക്കാനുണ്ടായിരുന്നുള്ളൂ.

അതും നിറഞ്ഞ വൈശദ്യത്തോടെ
എല്ലാവർക്കും ദൈവം ഒന്ന്
ജീവിതം ഇവിടെത്തീരുന്നില്ല,
മരണാനന്തരവും തുടരുന്നു.
ഇവിടത്തെ ജീവിതവൃത്തികളേതും
അവിടെ വിലയിരുത്തപ്പെടും.

മനുഷ്യൻ മാറിക്കൊണ്ടേയിരുന്നു
പരിണാമത്തിന്റെ കഥയതാണല്ലോ.
ജീവിതപ്രശ്നങ്ങൾ സങ്കീർണങ്ങളായി
മാറിക്കൊണ്ടിരുന്ന സമൂഹത്തിനുമുന്നിൽ
പക്ഷേ, മാറാത്ത മഹാസത്യവുമായി
പ്രവാചകന്മാർ വന്നുകൊണ്ടേയിരുന്നു.

ഗതാഗതവും വാർത്താവിതരണവും
ഇന്നത്തെപ്പോലെ ഇല്ലാതിരുന്ന പണ്ടുകാലത്ത്
മനുഷ്യജീവിതം–സാമുദായികജീവിതം–
തികച്ചും ഒറ്റപ്പെട്ടതായിരുന്നു.
പക്ഷേ, അവർ സാമ്പത്തികമായി
സ്വയംപര്യാപ്തരായിരുന്നു
ഓരോ ജനപദത്തിനും ഓരോ പ്രവാചകൻ
ഓരോരോ വേദഗ്രന്ഥങ്ങൾ
ദൈവദൂതന്മാരാണെങ്കിലും
ഇവിടെ പ്രവാചകൻമാർ തമ്മിൽ
സമ്പർക്കങ്ങളുണ്ടായിരുന്നില്ല.
പ്രവാചകൻ, വേദഗ്രന്ഥം, പ്രദേശം
അങ്ങനെ ഓരോ പ്രദേശവും ജനപദവും
ഒറ്റപ്പെട്ടുകഴിഞ്ഞു, ഏറെക്കാലം.
വാർത്താവിതരണസൗകര്യങ്ങൾ വർധിച്ചപ്പോൾ
രാഷ്ട്രങ്ങളും വൻകരകളും അന്യോന്യമറിയാനും
കൊണ്ടും കൊടുത്തും കഴിയാനും തുടങ്ങിയപ്പോൾ
ഒരു കുടുംബം പോലെ പരസ്പരം
ഹൃദയബന്ധങ്ങളുറപ്പിക്കാനും
ജീവിതപുരോഗതിക്ക് കൂട്ടായ ജീവിതമാണ്
അഭികാമ്യം എന്നറിയാനും തുടങ്ങിയപ്പോൾ
പരിസീമിതമായ പ്രാദേശികതക്കപ്പുറത്തു
വിശ്വമാനവിക ബോധം വളർത്താനും

ലോകകുടുംബം രൂപപ്പെടുത്താനും
ഒരു ലോകമതം പ്രസക്തമാണെന്നും
അനിവാര്യമാണെന്നും വന്നു.
വിഭാഗീയതക്കറുതി വരണമെങ്കിൽ
വിശ്വസാഹോദര്യബോധം
മനുഷ്യമനസ്സുകളിലങ്കുരിപ്പിക്കണം.
ഒരു ലോകമതത്തിന്റെ
തളിർനാമ്പ് വിരിയുന്നതവിടെയാണ്
ഒരാണിൽനിന്നും പെണ്ണിൽനിന്നും
പിറന്നതാണ് മനുഷ്യരാശിയെന്ന്
ആ മതദർശനമുണർത്തിയപ്പോൾ
ജാതിമതവർഗവർണ ഭേദങ്ങളുടെ
ചുരുളുകളഴിഞ്ഞുതുടങ്ങി.
സാർവജനീനമായ ആ നവീന മാനവ ദർശനത്തിന്റെ
പ്രഘോഷകനായി അറേബ്യയിലെ
മുഹമ്മദിനെയാണ് ദൈവം തെരഞ്ഞെടുത്തത്.
"നാം ഇത് അറബിയിലുള്ള
ഖുർആനായി അവതരിപ്പിച്ചു."
വേദഗ്രന്ഥവും പിറന്നു.
അനുസ്യൂതം തുടർന്നുപോന്ന പ്രവാചകപരമ്പരയിൽ
അന്ത്യപ്രവാചകന്റെ തിരുമുഖം കാണുന്നത്
അറേബ്യയിലാണ്; കാണേണ്ടതും അവിടെയാണ്.
പാപകർമങ്ങളുടേതും ദൈവനിഷേധത്തിന്റേതുമായ
വിഗ്രഹാരാധന ജീവിത സ്വഭാവമായി
അനുവർത്തിച്ചുപോരുന്നവരുടെ
ഇരുളാണ്ട ഭൂഖണ്ഡം.
ജൂതമതത്തിനോ ക്രൈസ്തവതക്കോ
അതിലോലമായ തൂവൽസ്പർശം പോലുമുണ്ടാക്കാൻ
കഴിഞ്ഞിട്ടില്ലാത്ത ഒരപരിഷ്കൃത ജനതയുടെ
ഇരുളാണ്ട ഭൂഖണ്ഡം!
ജൂത–ക്രൈസ്തവമതങ്ങൾ മൂലസ്രോതസ്സിൽനി–
ന്നകന്ന് കാട്കയറിപ്പോയ കാലം.
യേശുക്രിസ്തുവിനെയും മാതാവിനെയും
ഈശ്വരത്വത്തിന്റെ ദിവ്യാംബരമണിയിച്ച്
ദൈവവിഗ്രഹങ്ങളാക്കി പരിവർത്തിപ്പിച്ച്
'തോറ' എന്ന പഴയനിയമത്തിൽ മായംചേർത്ത

അഭിശപ്തതയുടെ കാലം.
ജൂതമതത്തിലാണെങ്കിൽ പൗരോഹിത്യത്തിന്റെ
കാൽത്തളക്കിലുക്കവും വാളുലച്ചലുമേ
കേൾക്കാനുണ്ടായിരുന്നുള്ളൂ.
വൈയക്തികമായ താൽപര്യങ്ങൾക്കനുഗുണമായി,
അവിടെ നടത്തിയ 'എഴുതിച്ചേർക്കലുകളും
വെട്ടിത്തിരുത്തലുകളും' അചിന്ത്യം!
ദൈവികമതങ്ങൾ പൗരോഹിത്യത്തിന്റേതായി-
പ്പരിണമിച്ച ദശാസന്ധി!
കത്തോലിക്കാദേവാലയങ്ങളിൽ
യേശുക്രിസ്തുവാണാരാധിക്കപ്പെട്ടത്!
സർവേശ്വരൻ അവിടെ വിസ്മരിക്കപ്പെട്ടു
പുത്രസ്മരണയുടെ ഗരിമയിൽ
തിരസ്കൃതനായ പിതാവ്!
'ദൈവത്തിന്റെ ദുരവസ്ഥ'യതായിരുന്നു
അഥവാ ദൈവദത്തമായ മതങ്ങളുടേയും!

അതാണ് കാലതലം.
അന്നാണ് അറേബ്യയിൽ
അക്ഷരാനുഭവമില്ലാത്ത ഒരാൾ അവതീർണനാകുന്നത്.
ആ മരുപ്പറമ്പിൽ, അന്ന്
വിദ്യാലയങ്ങളും കലാശാലകളുമുണ്ടായിരുന്നില്ല.
പക്ഷേ, പാപം സകലരൂപങ്ങളിലും പ്രത്യക്ഷപ്പെട്ട്
ഉറഞ്ഞാടിക്കഴിയുകയായിരുന്നു.
"ജനങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചതുനിമിത്തം
കരയിലും കടലിലും വിനാശം
പ്രത്യക്ഷപ്പെട്ടിരിക്കുന്നു" (ഖുർആൻ 30: 41).
കച്ചവടക്കാര്യവുമായി, അയൽനാടുകളൊക്കെ
സന്ദർശിക്കാനവസരം ലഭിച്ചപ്പോഴും
മുഹമ്മദിന്റെ മനസ്സിൽ ഒരു ധാരണ
തെളിഞ്ഞുതന്നെ നിന്നു.
എന്റെ അറേബ്യയാണ് സകലാർഥത്തിലും
ഇരുളാണ്ട് കിടക്കുന്നത്.

കുട്ടിക്കാലത്തേ മുഹമ്മദിന്റെ മനസ്സിനെ
നൊമ്പരപ്പെടുത്തിയിരുന്ന ചിത്രമതായിരുന്നു
ദുരാചാരങ്ങളുടെയും ബഹുദൈവത്വത്തിന്റെയും

ഈ മഹാന്ധകാരങ്ങളിൽനിന്ന്
മുക്തി സാധിച്ചില്ലെങ്കിൽ
സർവനാശം ഏറെ അകലെയല്ലെന്ന തോന്നൽ
മുഹമ്മദിന്റെ സ്വാസ്ഥ്യം കെടുത്തി.
ദൈവം മുഹമ്മദിനെ കണ്ടെത്തി,
പ്രവാചകത്വമേൽപിച്ചു–അന്ത്യപ്രവാചകത്വം.
ഒരു വലിയ ചുമതല തന്റെ
ചുമലിൽ കയറ്റിവെക്കപ്പെട്ടതുപോലൊരു തോന്നൽ.
സഹജാതരിലും സമൂഹത്തിലും
സൂക്ഷ്മമായ, സമഗ്രമായ ഒരു മാറ്റം.

അശുദ്ധിയിൽ വിശുദ്ധി വിളയിക്കുക
ദൈവനിഷേധത്തിൽ
അസ്തിത്വബോധത്തിന്റെ തിരികൊളുത്തുക
അനേകദൈവാരാധനയുടെ കലപിലകളിൽ
ഏകദൈവത്വത്തിന്റെ മന്ത്രധ്വനിയുണർത്തുക.
വിശ്വാസവേദിയിലും കർമപഥത്തിലും
മനുഷ്യവിഭാവനകളിൽപോലുമുള്ള മാറ്റം
അകത്തും പുറത്തുമുള്ള അഴിച്ചുപണിയൽ
നേരിലേക്കുള്ള വഴികാട്ടൽ–ഇരുട്ടിൽനിന്ന്
വെളിച്ചത്തിലേക്കുള്ള ഗതിമാറ്റം
പ്രവാചകദൗത്യമതാണ്.

ശൈഥില്യത്തിനും വിഭാഗീയതക്കുമപ്പുറത്ത്
ഏകയോഗക്ഷേമത്തിനുള്ള
ദൈവികദൗത്യം.
സമസ്തവിഭാഗീയതയേയും മായ്ച്ചുകളഞ്ഞുകൊണ്ട്
വിശ്വമാനവികതയും മനുഷ്യസാഹോദര്യവും
വിളയിച്ചെടുക്കാൻ പോരുന്ന
ഒരു വിശ്വമഹാദർശനത്തിന്റെ
ഉദ്ഘാടനമഹാമഹം കുറിക്കാനുള്ള
സമയമായി.
അതിന്റെ തിരുപ്പിറവിക്ക്
അറേബ്യയേക്കാൾ പറ്റിയ മറ്റൊരു മണ്ണില്ല.
ഇരുളുറഞ്ഞ സ്ഥലത്താണ്
വെളിച്ചത്തിന്റെ വേലിയേറ്റമുണ്ടാവേണ്ടത്.
നോവലറുന്ന നേരത്താണ്

സമാശ്വാസത്തിന്റെ തൂവൽസ്പർശം സംഗതമാവുന്നത്
നീരറുതിയിലാണ്
ജലധാരയുടെ തിളക്കമറിയുക.
ഇല്ലായ്മയിലാണ്
സമൃദ്ധിയുടെ മികവ് കാണേണ്ടത്.
അറേബ്യയിലാണ് പ്രവാചകന്റെ
തിരുപ്പിറവി പ്രസക്തമാകുന്നത്.

# ജനമനസ്സുകളിലൂന്നി വളർന്ന ദൈവികദർശനം

**നി**റവും പ്രകാശവുമുള്ള ഭരണകൂടം അന്ന് ലോകത്തൊരിടത്തുമുണ്ടായിരുന്നില്ല. ഔന്നത്യവും പ്രഭാവവുമെല്ലാം ഗതകാല കഥകളായി മാത്രം അനുസ്മരിക്കപ്പെടുമാറ് അധികാരശക്തിയാകെ ധാർമികമായും ധൈഷണികമായും തകർന്നുകഴിഞ്ഞിരുന്നു. ജാഹിലിയ്യാ കാലം എന്ന് അതിനെ ചരിത്രം വിശേഷിപ്പിച്ചത് അതുകൊണ്ടായിരുന്നു.

അബ്രഹാമിന്റെ മാർഗത്തിൽനിന്നും മൗലികതയിൽനിന്നും വ്യതിചലിച്ച ജൂത ക്രൈസ്തവ മതങ്ങൾ–അറേബ്യയിൽ ജൂതക്രൈസ്തവ മതങ്ങൾക്ക് വേരോട്ടം വന്നതുപോലെ തോന്നിയിരുന്നുവെങ്കിലും ആത്മാവ് നഷ്ടപ്പെട്ട് അവ ക്ഷയോന്മുഖമാവുകയായിരുന്നു– ഏഴാം നൂറ്റാണ്ടാകുമ്പോഴേക്കും അറേബ്യയിൽ കേവലം ചരിത്രസ്മാരകങ്ങളായി മാറിക്കഴിഞ്ഞിരുന്നു. നിരക്ഷരമായ ഒരന്ധസമൂഹത്തിൽ വിഗ്രഹാരാധനയും ബഹുദൈവവിശ്വാസവും എത്രമേൽ അനർഥകാരിയായി പരിണമിക്കുമെന്ന് അവർ തെളിച്ചുകാട്ടി. “നാലായിരം കൊല്ലം കൊണ്ട് പടുത്തുയർത്തിയ നാഗരികത ശിഥിലീകരണം നേരിടുകയാണെന്നും നിയമക്രമങ്ങൾ അജ്ഞാതമാവുകയും ഓരോ വർഗവും വിഭാഗവും മറ്റുള്ളവയോട് എതിരിടുകയും ചെയ്യുന്ന കിരാതാവസ്ഥയിലേക്ക് മനുഷ്യർ തിരിച്ചുപോവുകയാണെന്നും അന്ന് തോന്നിയിരുന്നു” എന്ന് പ്രഖ്യാത ചരിത്രകാരനായ ഡേവിസൺ രേഖപ്പെടുത്തിയിട്ടുണ്ട്.(Emotion as the basis of Civilization)

“ആദ്യകാലത്തെ ഉത്കൃഷ്ടവും ഉദാരവുമായ സാന്മാർഗിക പദ്ധതിയുടെ സ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ ബാലിശതകളാണ് അരങ്ങേറിയത്” എന്ന് അക്കാലത്തെപ്പറ്റി വില്യം മൂർ പ്രസ്താവിച്ചിട്ടുണ്ട്.(Life of Muhamad)

“അപവാദങ്ങളും കലാപങ്ങളും ചോരച്ചൊരിച്ചിലുകളും നിത്യസംഭവങ്ങളായിരുന്നു. അതിൽ മതമേധാവികൾ പ്രധാന പങ്ക് വഹിച്ചു. ഇത്തരം സന്ദർഭങ്ങളിൽ മാനുഷികവും ദൈവികവുമായ നിയമങ്ങളെല്ലാം ചവിട്ടിയ

രക്കപ്പെട്ടു. ദേവാലയങ്ങളും അൾത്താരകളും കുടിലമായ കൊലപാതകങ്ങ ളാൽ മലിനമായിരുന്നു. വിശുദ്ധമോ അധഃപതനത്തിൽനിന്ന് വിമോചിതമോ ആയ ഒരൊറ്റ വേദിയുമില്ലായിരുന്നു" എന്ന് തന്റെ Spirit of Islam എന്ന ഗ്രന്ഥത്തിൽ അമീർ അലി അക്കാലത്തെപ്പറ്റി പറയുന്നുണ്ട്.

"നോവും നൊമ്പരവുമനുഭവിക്കുന്ന ജനങ്ങൾക്ക് സമാശ്വാസം നൽകി ക്കൊണ്ട് ഒരു നൂതന സാമൂഹ്യ വ്യവസ്ഥിതിയുടെ അസ്തിവാരം കെട്ടിപ്പടു ക്കുന്ന ഉത്തരവാദിത്വം നിർവഹിക്കുവാൻ ക്രൈസ്തവമതത്തിന് കഴിഞ്ഞി ല്ല. ഈ ലോകത്തെ കീഴടക്കുന്നതിൽ പാവപ്പെട്ടവർക്ക് നേതൃത്വം കൊടു ക്കാൻ അത് കൂട്ടാക്കിയില്ല. പകരം തേനും പാലും ഒഴുകുന്ന ഒരു മറുലോ കത്തെക്കുറിച്ചുള്ള സങ്കൽപംവഴി അതവരെ വഞ്ചിക്കുകയായിരുന്നു. ക്രൈസ്തവ മതത്തിന്റെ തകർച്ച കൂടുതൽ ഊർജസ്വലമായ മറ്റൊരു മത ത്തിന്റെ രംഗപ്രവേശം ചരിത്രപരമായ ഒരാവശ്യമാക്കിത്തീർത്തു" എന്ന് ഇന്ത്യകണ്ട അപൂർവം ചില ജീനിയസ്സുകളിലൊരാളായ എം.എൻ. റോയ് ആ കാലഘട്ടത്തെ വരച്ചുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്.

അധികാരികളും സമ്പന്നരും സ്ഥാപിതതാൽപര്യക്കാരും മറ്റു സ്വാർഥം ഭരികളും അഴിഞ്ഞാടിക്കഴിഞ്ഞ ആ കാലഘട്ടത്തിൽ നിരക്ഷരതയും നിസ്സ ഹായതയും മാത്രം കൈമുതലായുള്ള സാമാന്യജനം തങ്ങൾക്ക് സമാ ശ്വാസം നൽകാനുതകുന്ന ഒരു വിശ്വാസവേദിക്കുവേണ്ടി മഴ കൊതിച്ചുക ഴിയുന്ന വേഴാമ്പലുകളെപ്പോലെ അസ്വാസ്ഥ്യം കൊള്ളുകയായിരുന്നു. അബ്രഹാം വരച്ചുകാണിച്ച ഏകദൈവവിശ്വാസമെങ്കിലും പുലർന്നുകാണാൻ കൊതിച്ച വറഖത്തുബ്നു നൗഫൽ, സാബിത്ത് തുടങ്ങിയ ചില വിശുദ്ധ മനസ്സുകൾ 'ഹനഫി'*യുടെ പ്രചാരകരായി മാറിയത് ശ്രദ്ധിക്കപ്പെടേണ്ട താണ്.

നോവുറഞ്ഞ മനസ്സുകളിലാണ്, തീർഥജലം പോലെ പ്രവാചകവചസ്സു കൾ ആദ്യമായൊഴുകിയെത്തിയത്. ഒരു പുതിയ പ്രഭാതത്തിന്റെ പിറവിപോ ലെയാണ് പ്രവാചകൻ അവരുടെ മുന്നിലവതീർണനായത്. ഏകദൈവവി ശ്വാസവും സൃഷ്ടികളിലുള്ള സമത്വദർശനവുമാണ് സാമാന്യ ജനത്തെ ഹഠാ ദാകർഷിച്ചത്. അടിമകളിലും അധ്വാനിച്ചുകഴിയുന്ന സാമാന്യജനത്തിലും അവഗണിക്കപ്പെട്ട സ്ത്രീസമൂഹത്തിലും സത്യവേദം ഒരു പുത്തൻ കാറ്റു പോലെ പടർന്നുവീശി. സാമാന്യമായിപ്പറഞ്ഞാൽ സത്യവേദത്തിന്റെ ആശ യാദർശങ്ങളും പ്രവാചകന്റെ ജീവിതവിശുദ്ധിയും ഇസ്ലാമിന്റെ ശക്തമായ പ്രചാരണത്തിന് പ്രചോദകങ്ങളായിരുന്നു.

---

* അറേബ്യ മുഴുവൻ വിഗ്രഹാരാധനയിൽ മുഴുകിയപ്പോഴും, ഇബ്രാഹീം നബി വിഗ്രഹാ രാധകനായിരുന്നില്ല എന്ന പരമ്പരാഗത അറിവിന്റെ അടിസ്ഥാനത്തിൽ ഏകദൈവവി ശ്വാസം പുലർത്തിയവർക്കാണ് ഹനീഫുകൾ എന്നു പറയുന്നത്.

വ്യക്തിസംസ്കരണത്തിലൂടെ സാമൂഹികവിശുദ്ധിയും ലൗകികജീവിതത്തിന്റെ ഔൽകൃഷ്ട്യം നേടിക്കൊടുക്കുന്ന സാത്വികസമ്പന്നതയിലൂടെ ദൈവത്തിന്റെ തിരുസാന്നിധ്യവും സാക്ഷാൽക്കരിക്കാമെന്നുറപ്പുതരുന്ന സത്യവേദമെന്ന ജനകീയ മതദർശനം ശക്തിയുടെ പിന്തുണകൊണ്ടല്ല, ജനപദങ്ങൾക്കുണ്ടായ അനുഭവവേദ്യമായ ബോധ്യംകൊണ്ടാണ് മഹാഭൂരിപക്ഷത്തിന്റെ ഹൃദയം കവർന്നത്.

അന്നോളം മതതത്ത്വശാസ്ത്രങ്ങൾ വ്യവഹരിച്ചുപോന്ന ശുഷ്കവും വിരസവുമായ ആത്മവിദ്യയുടെ ആഴങ്ങളിലൊന്നും ഊളിയിട്ട് സഞ്ചരിക്കുവാൻ സത്യവേദം താൽപര്യം കൊണ്ടില്ല. മനുഷ്യജീവിതമാണ് സത്യവേദത്തിന്റെ അവലംബവിഷയം. ജീവിതവിജയമാണ് അതിന്റെ വിഭാവിതലക്ഷ്യം. ഇഹപരങ്ങൾ സാവയവം ബന്ധപ്പെട്ടുകിടക്കുന്നു. ഇവിടെ ശ്രദ്ധിച്ചുകൊണ്ടുവേണം അവിടെ ജീവിതവിജയം സാക്ഷാൽക്കരിക്കാൻ. ഇവിടെ ശ്രദ്ധിക്കാത്തവന് അവിടം നഷ്ടപ്പെടുന്നു. ജീവിതത്തെ നിസ്സാരമായി കരുതുന്ന ജീവിതവിരാഗിയുടെ, ജഗന്മിഥ്യാവാദത്തിന്റെ തത്ത്വദർശനമല്ല സത്യവേദം. അവിച്ഛിന്നമായ ഈ ജീവിതബന്ധമാണ് സത്യവേദത്തെ സമാശ്ലേഷിക്കാൻ സാമാന്യജനത്തെ ആവേശമണിയിച്ചത്.

ജീവിത വിശുദ്ധിയിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്ന സാമൂഹികാവസ്ഥയുടെ പരിഷ്കരണമാണ് പ്രവാചകൻ സുപ്രധാനമായിക്കണ്ടത്. ജീവിതവിശുദ്ധി എന്നത് കർമവിശുദ്ധിതന്നെ. കർമവിശുദ്ധി മനഃസംസ്കരണത്തിലൂടെ മാത്രമേ കൈവരിക്കാൻ കഴിയൂ. ഏകദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും വ്രതാനുഷ്ഠാനങ്ങളും ദാനധർമങ്ങളും സകാത്തുമെല്ലാം നിഷ്കർഷിക്കപ്പെട്ടത് അതുകൊണ്ടാണ്. മതമെന്നും ദർശനമെന്നുമൊക്കെ പറയുന്നത് മനുഷ്യന്റെ തലക്കുമുകളിലൂടെ പറന്നുപോകുന്ന വിരസമായ അധ്യാത്മവിദ്യയാണെന്ന് ഉറച്ചുകരുതിപ്പോന്ന കാലത്താണ് വ്രതാനുഷ്ഠാനങ്ങളുടെയും ദാനധർമങ്ങളുടെയും സകാത്തിന്റെയും ജിഹാദിന്റെയും പ്രാധാന്യം ഘോഷിച്ചുകൊണ്ട് മുഹമ്മദ് നബി രംഗത്തുവന്നത്.

ജാതിവർണ വ്യവസ്ഥകളിലധിഷ്ഠിതമായ സമൂഹങ്ങളാണ് ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളിൽ നിലനിന്നിരുന്നത്. ഈ വിഭാഗീയതകൾ വരുത്തിവെച്ച ദുരിതങ്ങളും ദുഃഖങ്ങളും ദുർവഹങ്ങളായിരുന്നു. അവിടങ്ങളിൽ അന്ന് നിലവിലുണ്ടായിരുന്ന മതം വരേണ്യവർഗങ്ങളുടെ ധൈഷണിക വ്യായാമത്തിന് മാത്രം പോരുന്ന അധ്യാത്മ വിദ്യയായിരുന്നു. അക്ഷരാഭ്യാസംപോലും വശമില്ലാത്ത സാമാന്യജനത്തിന് അതുമായി ബന്ധപ്പെടാൻ സാധിച്ചില്ലെങ്കിലും അവരെ ധരിപ്പിച്ചത് ലൗകികപരാഭവങ്ങളിൽനിന്നുള്ള മോചനത്തിനും ജീവിതവിജയത്തിനും 'അധ്യാത്മവിദ്യ'യാണ് ഒരേയൊരു മാർഗം എന്നായിരുന്നു. ഒന്നുമറിയാത്ത ആട്ടിൻപറ്റങ്ങളെപ്പോലെ ഇടയന്റെ ചുള്ളിക്കോല് നയിക്കുന്ന ദിശയിലേക്ക് ജനം ഉരുമ്മി നടന്നു.

പ്രായോഗിക ജീവിതത്തിലെ നഗ്നയാഥാർഥ്യങ്ങളെ തൊട്ടുതലോടി സമാശ്വസിപ്പിക്കാൻ പോരുന്ന ഒന്നും അവർക്കനുഭവപ്പെട്ടില്ല. നിഗൂഢതകൾ നിറഞ്ഞുനിൽക്കുന്ന അജ്ഞേയമായ ഒരു വിചാരസാമ്രാജ്യമായിരുന്നു മതപരിവേഷമണിയിക്കപ്പെട്ട അന്നത്തെ 'അധ്യാത്മചിന്ത.' അക്കാലത്താണ് സത്യവേദത്തെക്കുറിച്ച് അവരറിയുന്നത്. നിരക്ഷരനുപോലും ഉൾക്കൊള്ളാൻ കഴിയുന്നതും ജീവിതയാഥാർഥ്യങ്ങളെ തൊട്ടുഴിഞ്ഞ് നോവുന്ന മനുഷ്യാത്മാവിന് സാന്ത്വനമരുളാൻ പോന്നതുമായ ഒരു പുതിയ ജീവിതദർശനമാണ് സത്യവേദത്തിൽ സാമാന്യ ജനം കണ്ടത്. തട്ടുകളും വർണഭേദങ്ങളും ജാതിവ്യത്യാസങ്ങളുമാണ് തങ്ങളെയലട്ടുന്ന സാമൂഹികദുഃഖങ്ങളെന്ന് ബോധ്യപ്പെട്ട ഒരു തലമുറ യഥാർഥ വിമോചനത്തിലേക്ക് നയിക്കുന്ന സമത്വദർശനമായി സത്യവേദത്തെ പരിചയപ്പെട്ടു. അതിലവർ തീർത്തും ആകൃഷ്ടരായി. സാമാന്യജനത്തെ സംബന്ധിച്ചേടത്തോളം തികച്ചും അജ്ഞേയവും അനഭികാമ്യവും ജീവിതബാഹ്യവുമായ അധ്യാത്മവിദ്യയുമായുള്ള ബന്ധവിച്ഛേദം ഒരു പ്രശ്നമായിരുന്നില്ല. എന്തുകൊണ്ട് സാമാന്യ ജനത്തെ സത്യവേദം ശക്തിയായി സ്വാധീനിച്ചു എന്നതിന് വിശദീകരണം തേടേണ്ടത് അവിടങ്ങളിലെ അസന്തുലിതമായ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളിലാണ്. അതുകൊണ്ടാണ് എം.എൻ റോയ്, മുസ്ലിം യോദ്ധാവിന്റെ വാളിനെക്കാളും ഇസ്ലാമിന്റെ സമത്വദർശനമായിരുന്നു സാമാന്യജനത്തെ സമാകർഷിച്ചതെന്നും റോമിലും ബൈസാന്റിയയിലും പേർഷ്യയിലും ഇന്ത്യയിലും നിലനിന്ന ജാതി-വർണ വ്യവസ്ഥകളിലധിഷ്ഠിതമായ സമൂഹങ്ങളിലെ മർദനനിയമങ്ങളുമായി അവർ ഇസ്ലാമികാദർശങ്ങളെ താരതമ്യപ്പെടുത്തുകയായിരുന്നു എന്നും രേഖപ്പെടുത്തിയത് (Historical Role of Islam). വാളിന്റെ ഝണൽക്കാരമല്ല, സത്യവേദത്തിന്റെ സമത്വഭാവനയാണ് സാമാന്യ ജനത്തെ ആകർഷിച്ചത്.

പതിനാല് നൂറ്റാണ്ടിന്റെ പടർന്ന കാലതലം. ഇതിനകം പല ദിശ്ശകളിൽനിന്നും സബോധമായ ആക്രമണവും തമസ്കരണശ്രമവും ഇസ്ലാം ദർശനത്തിനുനേരെ സടകുടഞ്ഞിട്ടുണ്ട്. അനുചരന്മാരുടെ അശ്രദ്ധകൊണ്ടും അനവധാനതകൊണ്ടും ഇസ്ലാമികദർശനത്തിന്റെ അന്തസ്സാരവുമായി അഭിരമിക്കുന്നതിലുള്ള വിപ്രതിപത്തികൊണ്ടും സത്യദർശനത്തിന്റെ മുഖകാന്തിക്ക് മങ്ങലേറ്റിട്ടുണ്ടെങ്കിലും അത് ഇന്നും ഒരു മതാതീത മതത്തിന്റെ ആത്മപ്രഭാവത്തോടെ ജനമനസ്സുകളിൽ ജീവിക്കുന്നുണ്ട് എന്നതാണ് സത്യം. ആയുധശക്തിയും അധികാരബലവുംകൊണ്ട് കൈവരിച്ചതല്ല സത്യവേദത്തിന്റെ അത്ഭുതാവഹമായ പ്രചാരമെങ്കിൽ അവയുപയോഗപ്പെടുത്തി ജനമനസ്സുകളിൽനിന്ന് സത്യവേദത്തെ മായ്ച്ചുകളയാമെന്ന് കരുതുന്നതും മൗഢ്യമാണ്. ഫാസിസത്തിന്റെയും നാസിസത്തിന്റെയും പിറവിയും പ്രവൃദ്ധിയും ലോകചരിത്രത്തിലെ ഒരു വലിയ യാഥാർഥ്യമായിരുന്നു. കാലം മാറി; ലോകപശ്ചാത്തലമാകെ മാറി. ഇനിയും വന്യമായ ആ സാമൂഹ്യ രാഷ്ട്രീ

യാവസ്ഥ പുനർജനിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവർ രോഗാതുരമായ ഒരു മൂഢസ്വർഗത്തിലാണ് കഴിയുന്നതെന്ന് പറയാതെ വയ്യ. അതിഭീഷണമായ അന്തരീക്ഷത്തിലൂടെ, പല പരീക്ഷണങ്ങളെയും അതിജീവിച്ച് ലോകമനസ്സിനെ കീഴ്പ്പെടുത്തിയ ഇസ്ലാം സംസ്കൃതിയെക്കുറിച്ചാണ് ഈ ആശങ്കയെങ്കിൽ അത് തീർത്തും അപ്രസക്തവുമാണ്. പ്രലോഭനങ്ങളും ആയുധശക്തിയുംകൊണ്ട് വളർത്തിയെടുത്ത ഒരു പ്രസ്ഥാനം മറ്റൊരു കാലാവസ്ഥയിൽ ശിഥിലമായെന്നുവരാം. അവിടെയും ഇസ്ലാം സംസ്കൃതിയെക്കുറിച്ചുള്ള ആശങ്ക അസ്ഥാനത്താണ്. ജനമനസ്സുകളിൽ വേരൂന്നിവളർന്ന പ്രസ്ഥാനങ്ങളെ സംഘടനാശക്തികൊണ്ടും അധികാരബലംകൊണ്ടും തല്ലിത്തകർക്കാനാവില്ലെന്ന് പറയുന്നത് അതുകൊണ്ടാണ്. പ്രത്യക്ഷത്തിലുള്ള ആക്രമണം ദുസ്സാധ്യമായ ഒരു വൃഥാവൃത്തിയാണെന്ന ബോധ്യമാണ് 'ഒളിച്ചുവെക്കപ്പെട്ട' നയസമീപനങ്ങളുമായി രംഗത്തുവരാൻ ചിലരെ പ്രേരിപ്പിക്കുന്നത്. കാലം കണിശമായാണ് ജീവിതയോഗ്യത നിർണയിക്കുന്നത്. കാലത്തെ അതിജീവിച്ചെത്തിയ ഒരു മാനവികദർശനത്തോട് അവമതി കാണിക്കുന്നത് മാന്യമല്ല. അതുകൊണ്ട് യുദ്ധത്തിന്റെയും ഭീഷണിയുടെയും ഭാഷയവസാനിപ്പിച്ച് സ്നേഹ–സൗഹൃദ–സഹവർത്തന സൗഭാഗ്യങ്ങളുടെ പുതുയുഗം പിറന്നുകാണാനാണ് നാം പ്രാർഥിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

(എം.എൻ.റോയ്, പ്രൊഫ. പി.കെ മുഹമ്മദലി എന്നിവരുടെ രചനകളോട് കടപ്പാട്)

# കാലക്കറ പുരളാത്ത കൈവല്യസാരം

തനിക്കുമുമ്പ് അവതീർണരായ പ്രവാചകന്മാരെയെല്ലാം അംഗീകരിച്ചാദരിക്കുകയും പൂർവവേദങ്ങളിലെ നിത്യ സാരങ്ങളെ കാലക്കറ കളഞ്ഞ് സമാഹരിച്ച് എക്കാലത്തെയും മനുഷ്യസാമാന്യത്തിനായി പ്രയോജനപ്പെടുത്താൻ പോരുന്ന ഒരു സമ്പൂർണ ജീവിതപദ്ധതി ആവിഷ്കരിക്കുകയും ചെയ്തതിലൂടെയാണ് ദൈവം പ്രവാചകപരമ്പരയുടെ പരിസമാപ്തി പ്രഖ്യാപിച്ചത്. ലോകത്തിന്റെ ആത്മീയമായ പരിപൂർണതക്കും പരിപൂർത്തിക്കും അതനിവാര്യമാണെന്ന് സൂചിപ്പിക്കുന്ന പരാമർശങ്ങൾ പൂർവവേദങ്ങളിലുണ്ട്. ജൂതന്മാർക്ക് ലഭിച്ച തൗറാത്തിലും ക്രൈസ്തവർക്ക് കൈവന്ന ഇഞ്ചീലിലും (ബൈബ്ൾ) ദാവൂദ് നബിക്ക് കിട്ടിയ സബൂറിലും പാർസികളുടെ പ്രാചീന വേദഗ്രന്ഥമായ ദസാത്തീറിലും* തെളിഞ്ഞ ഉദാഹരണങ്ങൾ കാണാം. ഭാരതീയമായ അല്ലോപനിഷത്തിലും ഭവിഷ്യൽ പുരാണത്തിലും സൂചനകളുണ്ട്. ഖുർആനിലെ മിക്ക കഥകളും പൂർവവേദങ്ങളിലുള്ളതാണെന്നാണ് ഗവേഷകമതം (ജെ.സി. വാൾഡെയ്ൻ തുടങ്ങിയവർ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്). കഥാതന്തുവിൽ ചെറിയ ചെറിയ വ്യതിയാനങ്ങൾ കാണാമെന്നും അവരറിയിക്കുന്നു. മേലുദ്ധരിച്ച വേദഗ്രന്ഥങ്ങളുമായി സ്വപ്നബന്ധംപോലും പുലർത്താൻ കഴിഞ്ഞിട്ടില്ലാത്ത പ്രവാചകൻ മുഹമ്മദിന് എങ്ങനെയിത് സാധിച്ചു എന്നത് വിസ്മയകരംതന്നെ.

പഴയ നിയമത്തിൽ ഇങ്ങനെയൊരു പരാമർശമുണ്ട്. മൂസാനബി(മോസസ്സ്)യോട് ദൈവം പറയുന്നു:

"നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോ

---

* പാർസികളുടെ വേദഗ്രന്ഥമാണ് ദസാത്തീർ. പഹ്ലവി ഭാഷയിലുള്ള പ്രാചീന ഗ്രന്ഥം. സെന്റ് അവസ്ത എന്ന മറ്റൊരു വേദഗ്രന്ഥവുമവർക്കുണ്ട്. ദസാത്തീർ അവരുടെ 'പഴയനിയമ'വും സെന്റ് അവസ്ത 'പുതിയനിയമ'വുമത്രെ.

ദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും."(ആവർത്തനം 18: 18)

പുതിയ നിയമത്തിൽ ഇങ്ങനെയുണ്ട്:

"ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെയടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും." (യോഹന്നാൻ 16: 7-8)

"പാർസികൾ സാന്മാർഗികമായി അധഃപതിച്ചു കഴിയുമ്പോൾ അറേബ്യയിൽ ഒരു മനുഷ്യൻ ജാതനാകും. അദ്ദേഹത്തിന്റെ അനുയായികൾ പാർസികളുടെ സിംഹാസനത്തെയും മതത്തെയും രാജ്യത്തെയുമെല്ലാം തകിടംമറിക്കും. പേർഷ്യയിലെ ഒന്നാംകിട യോദ്ധാക്കളെയെല്ലാം അവർ കീഴടക്കും. അനേകം വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ട ദേവാലയത്തിൽനിന്ന് വിഗ്രഹങ്ങളെ നീക്കംചെയ്യും. ജനങ്ങളെല്ലാം പ്രസ്തുത ദേവാലയത്തെ അഭിമുഖീകരിച്ച് പ്രാർഥന നടത്തുവാൻ ഇടയാകും. ബുദ്ധിമാന്മാരായ പേർഷ്യക്കാരെല്ലാം അദ്ദേഹത്തിന്റെ അനുയായികളാകും." (ദസാത്തീർ, അധ്യായം 14)

"സമുദായങ്ങളെയെല്ലാം ഏകോപിപ്പിക്കുന്ന കാരുണ്യവാൻ ആവിർഭവിക്കും. അഖില മനുഷ്യരെയും ഏകീകരിക്കാനും മാർഗനിർദേശം ചെയ്യാനുമായിരിക്കും അദ്ദേഹം വരിക." (സെന്റ് അവസ്ത)

പാർസികളുടെ പ്രസിദ്ധമായ പുരാണഗ്രന്ഥമാണ് ജപ്പാസി. ഇതേക്കുറിച്ച് വിവരണാത്മകമായ പ്രതിപാദനം അതിലുണ്ട്.

ഭാരതീയ ഗ്രന്ഥങ്ങളിലും പരാമർശങ്ങളുണ്ട്. അല്ലോപനിഷത്ത് എന്ന പേരിൽ ഒരു ഉപനിഷത് ഗ്രന്ഥമുണ്ട്. ശാസ്ത്രി ഉപേന്ദ്രനാഥിന്റെ വ്യാഖ്യാനത്തോടുകൂടി അല്ലോപനിഷത്ത് കൊൽകത്തയിൽവച്ച് പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്.

"അല്ലാഹു അവർണഗുണങ്ങളോടുകൂടിയവനും പരിപൂർണ സർവജ്ഞനുമാകുന്നു. എല്ലാം അറിയുന്നവനും പ്രകാശത്തിന്റെ പ്രകാശവുമായ അല്ലാഹുവിന്റെ ദൂതനാണ് മുഹമ്മദ്. അല്ലാഹു അനശ്വരനും ഏകനും പരിപൂർണനും ആശ്രയരഹിതനുമാകുന്നു." (അല്ലോപനിഷത്ത് 18-ാം അധ്യായം)

ഭാരതീയ പുരാണങ്ങളിൽ മഹാപുരാണങ്ങൾ പതിനെട്ട്. അതിലൊന്ന് ഭവിഷ്യൽപുരാണം. ഇതിൽ പതിനാലായിരം ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന് അഗ്നിപുരാണത്തിൽ കാണാം(അധ്യായം 272). സൂര്യൻ മനുവിന് കൊടുത്ത ഉപദേശങ്ങളാണിവ. ഒരിടത്ത്:

"ഏകസ്മിന്നന്തരേ മ്ലേച്ഛ
ആചാര്യേണ സമന്വിതഃ
മഹാമദ ഇതിഖ്യാതാ
ശിഷ്യശാഖാസമന്വിതം
നൃപാശ്ചേവ മഹാദേവ
മരുസ്ഥല നിവാസിനം
ഗംഗാജലൈശ്ച സംസ്നാപ്യ
പഞ്ചഗവ്യസമന്വിതാം
ചന്ദനാദിരഭ്യർച്ച്യ
തുഷ്ടാവമനസാ ഹരം
നമസ്തേ ഗിരിജാനാഥ
മരുസ്ഥലനിവാസിനം
ത്രിപുരാസുരനാശായ
ബഹുമായാ പ്രവത്തിനം
മ്ലേച്ഛൈ ഗുപ്തായ ശുദ്ധായ
സച്ചിദാനന്ദ രൂപിണേ
ത്വം മാം ഹി കിങ്കരം വിദ്ധി
ശരണാർഥമപാഗതം

(ആ സന്ദർഭത്തിൽ മഹാമദ് എന്നുപേരായ, 'ലോക ഗുരു'വെന്ന് സ്ഥാനപ്പേരുള്ള ഒരു വിദേശി തന്റെ അനുചരന്മാരോടുകൂടി പ്രത്യക്ഷപ്പെടും. രാജാവ് ഗംഗാജലംകൊണ്ടും പഞ്ചഗവ്യംകൊണ്ടും അദ്ദേഹത്തിന്-മരുഭൂനിവാസിയായ ആ മഹാദൂതന്-നിഷ്കളങ്ക ഭക്തിയാകുന്ന പാരിതോഷികങ്ങൾ കാഴ്ച വെക്കുകയും വളരെ ആദരവ് പ്രദർശിപ്പിക്കുകയും ചെയ്തിട്ട് പറഞ്ഞു:

"അല്ലയോ മനുഷ്യരാശിയുടെ അഭിമാനമേ, മരുഭൂമിയിൽ നിവസിക്കുന്നവനേ, പിശാചിനെ നിഗ്രഹിക്കുവാനായി നീ വമ്പിച്ച ശക്തി സംഭരിച്ചിരിക്കുന്നു. അല്ലയോ സച്ചിദാനന്ദ സ്വരൂപമേ, ഞാൻ അവിടത്തെ എളിയ ദാസനാണ്. അങ്ങയുടെ പാദങ്ങളിൽ നമസ്കരിക്കുന്ന ഈയുള്ളവനെ സ്വീകരിച്ചനുഗ്രഹിച്ചാലും."

(ഭവിഷ്യപുരാണം, മൂന്നാമധ്യായം, ശ്ലോ: 5-8)

പൂർവവേദങ്ങളെല്ലാം പൂർണതയുടെ സാക്ഷാൽക്കാരത്തിനായി ദത്തദൃഷ്ടമാകുന്നത് മുഹമ്മദ് നബിയിലേക്കും അദ്ദേഹത്തിലൂടെ ആവിഷ്കരിക്കപ്പെട്ട വേദവചസ്സുകളിലേക്കുമാണെങ്കിൽ പ്രവാചകൻ മുഹമ്മദിന്റെയും ഖുർആന്റെയും സർവാതിശായിത്തം അനുക്തസിദ്ധമത്രെ.

ദൈവസന്ദേശമാണ് വേദഗ്രന്ഥങ്ങൾ ആവഹിച്ചു നിൽക്കുന്നത്. ദൈവസന്ദേശങ്ങൾ പൂർവാപരവിരുദ്ധങ്ങളാവില്ലെന്നും നാമറിയുന്നു. പ്രവാച

കന്മാർ വ്യത്യസ്തരായിരിക്കാമെങ്കിലും പ്രചരിപ്പിക്കപ്പെടുന്ന സന്ദേശം ഒന്നാണ്. അതിൽ വിരുദ്ധതകൾ അരങ്ങേറുകയില്ല. കാലഗതിയിൽ മനുഷ്യന്റെ താൽപര്യങ്ങളുടെ കൈക്കുറയേറ്റ് വേദവചസ്സുകളിൽ രൂപാന്തരങ്ങൾ ആരോപിക്കപ്പെട്ടേക്കാമെങ്കിലും അടിസ്ഥാന മൂല്യങ്ങളിലും ദർശനസാരങ്ങളിലും കടുകിട വ്യതിരിക്തതകൾ വന്നുഭവിക്കുകയില്ല.

ഖുർആൻ പിറന്നകാലം -നിലവിലുണ്ടായിരുന്ന സാഹിത്യ സങ്കേതങ്ങളെ മുഴുവൻ മാറ്റിനിർത്തിക്കൊണ്ട്, അതിൽനിന്നെല്ലാം ഔൽകൃഷ്ട്യമിയന്ന ഒരു സാഹിത്യരൂപമാണ് ഖുർആൻ അവതരിപ്പിച്ചത് എന്നാണ് ഗവേഷകപ്രതിഭകൾ അറിയിക്കുന്നത്. ഇതെങ്ങനെ സംഭവിക്കുന്നു?

ഖുർആന് തുല്യംനിൽക്കുന്നതോ അതിനേക്കാൾ മികവുറ്റതോ ആയ ഒരു സൃഷ്ടിക്കുള്ള വെല്ലുവിളി ഉയർന്നപ്പോൾ നിസ്സഹായമനസ്സോടെ അക്കാലത്തെ(പിന്നീടെക്കാലത്തെയും) പ്രതിഭകൾ പിന്മാറുകയാണുണ്ടായത്. അന്യൂനവും അനനുകരണീയവും അത്യാകർഷകവുമായ ഈ രചനാപാടവം ഗ്രന്ഥപരിചയമോ അക്ഷരജ്ഞത പോലുമോ അവകാശപ്പെടാനാവാത്ത പ്രവാചകൻ മുഹമ്മദിന് എങ്ങനെ കഴിഞ്ഞു എന്നതാണ് വിസ്മയം.

ഈസാനബിക്കു ശേഷം ക്രിസ്ത്യാനികളുടെ പക്കൽ ഇരുപത്തിയൊന്നിൽപരം ബൈബിളുകൾ ഉണ്ടായിരുന്നതായി ചില ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നുണ്ട് (അഭിപ്രായഭേദങ്ങളുണ്ട്). ക്രി. 325-ൽ ക്രിസ്തീയ പുരോഹിതൻമാർ യോഗം ചേർന്ന് അതിൽനിന്ന് നാലെണ്ണം അംഗീകരിക്കുകയും ആശയപരമായ സംഘർഷങ്ങളൊഴിവാക്കാൻ ബാക്കിയുള്ളവ നശിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തുവത്രെ. നശിപ്പിക്കപ്പെടേണ്ടവയിൽ ഒന്ന് അനവധാനതമൂലം ഉത്തരവാദപ്പെട്ടവരുടെ അറിവിൽപെടാതെ റോമിലെ പോപ്പിന്റെ ഗ്രന്ഥശേഖരത്തിൽ ബാക്കിയായിപ്പോയി. അത് പിൽക്കാലത്ത് ഒരു ക്രിസ്ത്യൻ പുരോഹിതന്റെ ശ്രദ്ധയിൽ പെടുകയും അദ്ദേഹമത് പുറത്തുകൊണ്ടുവരികയും ചെയ്തുവത്രെ. ബർണബാസിന്റെ സുവിശേഷം എന്നാണ് ആ ബൈബിൾ പ്രതി വിളിക്കപ്പെട്ടത്. പിൽക്കാലത്ത് അത് അറബിഭാഷയിലേക്ക് മൊഴിമാറ്റം നടത്തപ്പെട്ടു. ഇത് ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നായി പരിണമിച്ചു.

ജിബ്രീൽ എന്ന മലക്ക് ഖുർആനിക വചനങ്ങൾ പലഘട്ടങ്ങളിലായി മുഹമ്മദിന് എത്തിച്ചുകൊടുത്തു. മുഹമ്മദ് യഥാവസരം അവ തന്റെ ജനങ്ങൾക്കെത്തിച്ചു. ഉടനെത്തന്നെ അനുചരന്മാരെക്കൊണ്ട് പകർത്തിവെപ്പിച്ചു; അവ സമാഹരിക്കപ്പെട്ടു. വിരുദ്ധതകളില്ല. വിഭേദങ്ങളില്ല. പ്രക്ഷിപ്തങ്ങളില്ല. തിരുത്തലുകളില്ല. കൂട്ടിച്ചേർക്കലുകളുമില്ല. കൈക്കുറയേശാത്ത, കാലക്കറ പുരളാത്ത കൈവല്യസാരം!

# മദീനയിലരങ്ങേറിയ ആദർശവിപ്ലവം

**സൂ**ക്ഷ്മവിശകലനത്തിൽ ബോധ്യപ്പെടുന്ന ഒരു സത്യമുണ്ട്. മുഹമ്മദ് നബി ഒരു വിശ്വമഹാവിപ്ലവകാരിയായിരുന്നു. അറേബ്യൻ സമൂഹത്തിലും തുടർന്ന് ലോകത്താകെയും പിന്നെ കാലപഥത്തിലും അദ്ദേഹമുണർത്തിയ വിപ്ലവത്തിന്റെ ജ്വലിക്കുന്ന പ്രകാശകിരണങ്ങൾ പ്രസരിച്ചിട്ടുണ്ട്. 'എ റാങ്കിംഗ് ഓഫ് ദ മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ പേഴ്സനാലിറ്റീസ് ഇൻ ഹിസ്റ്ററി ഓഫ് ദ വേൾഡ്' എന്ന ഗ്രന്ഥത്തിൽ മൈക്കൽ ഹാർട്ട് സൂചിപ്പിച്ചതു പോലെ പ്രവാചകൻ ജീവിച്ച കാല–സമൂഹ പശ്ചാത്തലങ്ങൾ സഗൗരവം വിലയിരുത്തപ്പെടണം.

ചെറുതും വലുതുമായ പരശ്ശതം ഗോത്രഭരണങ്ങൾ നിലനിന്ന കാലം. എല്ലാം താൻപോരിമ സൂക്ഷിച്ചുപോന്ന സ്വതന്ത്രഭരണതലങ്ങൾ. ഗോത്രങ്ങൾ തമ്മിലുള്ള സംഘട്ടനം ഒരു സാധാരണ സംഭവം. കള്ളും പെണ്ണും പോരുമാണ് പലപ്പോഴും നിർണായക ഘടകങ്ങൾ. സ്വൈരവും സമാധാനവും കേവലം മരീചികകൾ. നിലക്കാത്ത കുടിപ്പകയാണ് കുലപ്രകൃതം. ഒരു ഉദാഹരണം:

ജാഹിലിയ്യ കാലത്തെ രണ്ട് പ്രബല ഗോത്രങ്ങളായിരുന്നു ബനൂബക്ർ ഗോത്രവും ബനൂതഗ്ലിബ് ഗോത്രവും. ഒരിക്കൽ ബനൂബക്ർ ഗോത്രക്കാരുടെ കുറേ ഒട്ടകങ്ങൾ ബനൂതഗ്ലിബ്കാരുടെ കുളത്തിലിറങ്ങി വെള്ളം കുടിച്ചു–തർക്കമായി. അതൊരു പോരാട്ടത്തിലേക്ക് വഴിനയിച്ചു. തുടർന്ന് ഭീകരമായ യുദ്ധത്തിലേക്കും. നാൽപതു വർഷം നീണ്ടുനിന്ന ഭീകരമായ ആ യുദ്ധം ഹർബുൽ ബാസൂസ് എന്നറിയപ്പെടുന്നു. ഒരറബിക്കവി പാടി:

"ശത്രുക്കളെ കൊള്ളയടിക്കലിൽ ഞങ്ങൾ
സുഖം കാണുന്നു.
അത് സാധിച്ചില്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ
സഹോദരങ്ങളെത്തന്നെ കൊള്ളയടിച്ച് സുഖിക്കും."

ചരിത്രപഥത്തിൽ, പ്രാകൃതകാലഘട്ടത്തിൽ കണ്ടുപോന്ന 'കയ്യൂക്കുള്ള വൻ കാര്യക്കാരൻ' എന്ന അവസ്ഥ ഗോത്രതലങ്ങളിൽ ശക്തമായി നിലനിന്നുപോന്നു. "കരയിലും കടലിലും കുഴപ്പം പ്രകടമായി" എന്ന് വേദഗ്രന്ഥം വിശേഷിപ്പിച്ചത് അക്കാലത്തെ ചൂണ്ടിയായിരുന്നു. പഴയകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയെക്കാളും മ്ലേച്ഛമായിരുന്നു അറബ് ഗോത്രങ്ങൾക്കിടയിലെ സ്ഥിതി. അക്കാലത്തെ ഗോത്രചിന്തയെ 'ഒരു സാമൂഹിക വെല്ലുവിളി'(Social Challange) എന്നാണ് ആർണോൾഡ് ടോയൻബി വിശേഷിപ്പിച്ചത്.

മുഹമ്മദ് നബി പിറവിയെടുത്ത സമൂഹ പശ്ചാത്തലമതായിരുന്നു. അദ്ദേഹത്തിലൂടെ അവതീർണ്ണമായ ദിവ്യവചസ്സുകൾ ചില അനശ്വര സത്യങ്ങൾ വിളംബരം ചെയ്തു:

> ഗോത്രചിന്തയും ഗോത്ര സംസ്കൃതിയുടെ
> അപ്രമാദിത്വവും അവസാനിപ്പിക്കണം.
> മനുഷ്യരെല്ലാം സഹജാതരാണ്;
> ഒരേ പിതാവിന്റെയും മാതാവിന്റെയും മക്കൾ
> ഒരേ ദൈവത്തിന്റെ സൃഷ്ടികൾ
> ഒരേ മഹശ്ശക്തിക്കുമുമ്പിൽ വിധേയത്വമുള്ളവർ
> ഉടയതമ്പുരാന്റെ മുന്നിൽ മാത്രം അടിമത്തം.

സുപ്രചരിത വിശ്വാസങ്ങളുടെയും കാലാകാലമായി അനുവർത്തിച്ചുപോരുന്ന സാമൂഹ്യ സമ്പ്രദായങ്ങളുടെയും വിലംഘനം ശിലാഭേദനം പോലെ ശ്രമാവഹമാണെന്നറിയാവുന്ന മുഹമ്മദ് നബി പരിണതപ്രജ്ഞനായ ഒരു സാമൂഹ്യശാസ്ത്രജ്ഞനെപ്പോലെ നിലവിലുള്ള ഗോത്രവ്യവസ്ഥകളെ പ്രത്യക്ഷത്തിലാക്രമിക്കുന്നുവെന്ന് വരുത്താതെ പുതിയൊരു വർഗബന്ധമവതരിപ്പിക്കാനാണ് ശ്രമിച്ചത്.

മദീനയിൽ ഉടുതുണി മാത്രമായി വന്നവരാണവർ. തീർത്തും അഭയാർഥികൾ. മുഹാജിറുകളും (അഭയംതേടിയെത്തിയവർ) അൻസാറുകളും (അഭയദാതാക്കൾ) ഒപ്പം പ്രതിസന്ധികളെ നേരിടുന്നു. പരിഹാരം ഒട്ടും എളുപ്പമല്ല. സർഗപരമായ കാര്യവിചാരത്തിലൂടെ ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരം സാധിക്കണം. ഉള്ളതു പങ്കുവെക്കുക. അതിനാവശ്യമായ ഹൃദയസമ്പന്നത പ്രകടിപ്പിക്കുക.

അവ്യക്തതയിൽ ഒരു പ്രകാശകണം പോലെ എന്തോ ഒന്ന് പ്രവാചകമനസ്സിലുദയംകൊണ്ടു. മദീനയിലെ മുസ്‌ലിം കുടുംബനാഥന്മാരെ ഒരിടത്തു വിളിച്ചുചേർത്ത് പ്രവാചകൻ സംസാരിച്ചു:

"ഇതാ നിങ്ങളുടെ സഹോദരൻമാർ; നിങ്ങൾ പ്രിയംകരമായി കരുതുന്ന സത്യവേദത്തിന്റെ പേരിൽ ഇവിടെയെത്തിയവർ– എല്ലാം കൈവെടിഞ്ഞു

വന്നവർ... ഞാനൊരു നിർദേശം നിങ്ങളുടെ മുന്നിൽ വെക്കാം. നിങ്ങൾ ഓരോ കുടുംബവും ഓരോ അഭയാർഥിയെ സ്വീകരിക്കണം. അങ്ങനെ രൂപം കൊള്ളുന്ന പുതിയ കുടുംബം ഒരുമിച്ച് ജോലി ചെയ്ത്, ആയവ്യയങ്ങൾ ഒരുമിച്ചനുഭവിച്ച് സംതൃപ്തമായ ഒരു വലിയ കുടുംബമായി കഴിയണം."

ഒരു മഹാ വിസ്മയം പീലി വിടർത്തിയതുപോലെ അവരുടെ മുഖങ്ങളിൽ പ്രസാദവും സംതൃപ്തിയും പ്രകാശം ചൊരിഞ്ഞു:

"അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും പിന്തുണക്കാൻ സന്നദ്ധരായി നിലകൊള്ളുന്നു.... തങ്ങളിലേക്ക് അഭയംതേടിയെത്തിയവരെ സ്നേഹിക്കുന്നു. സ്വീകരിക്കുന്നു. അവർക്ക് നൽകപ്പെട്ടതിൽ യാതൊരാഗ്രഹവും ഇവരുടെ മനസ്സിൽ തോന്നിയില്ല. ഇവർ തങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. സ്വന്തം മനസ്സിന്റെ സങ്കുചിതത്വത്തിൽനിന്ന് മുക്തരായവരത്രെ വിജയികൾ." (ഖുർആൻ 59: 8, 9)

യഥാർഥത്തിൽ മദീനകണ്ട സാമൂഹികവിപ്ലവത്തിന്റെ തുടക്കമവിടെയാണ്. അന്നോളം അവിടെ നിലനിന്നുപോന്ന വർഗധാരണകളാകെ അപ്രത്യക്ഷമായി. പുതിയൊരു മാനവികബന്ധം അവിടെ രൂപമണിഞ്ഞു. സങ്കീർണതകളൊന്നുമില്ലാത്ത തെളിവുറ്റ രണ്ടു വർഗങ്ങൾ-അവിടെയുള്ളവരും അവിടെ വന്നെത്തിയവരും. സ്നേഹത്തിന്റേതും സഹകരണത്തിന്റേതുമായ സംയോജക തന്തുക്കൾ അവരെ സമന്വയിപ്പിച്ചു നിർത്തിയിരിക്കുന്നു. പ്രവാചകമനസ്സ് അവരിൽ ആത്മവിശ്വാസവും പ്രതീക്ഷയും വളർത്തി.

മദീനയിൽ ഒരു പുതിയ പള്ളി പണിതുയർത്തി. സത്യവിശ്വാസികൾ അവിടെ പതിവായി ഒത്തുചേർന്നു. അവരുടെ ശൂറാകേന്ദ്രം (പാർലമെന്റ്) അതായിരുന്നു. ഇന്നാണെങ്കിൽ ഒരായിരം പ്രതിസന്ധികളുയർത്തുന്ന ഒരു സങ്കീർണ പ്രശ്നം. എന്നാൽ പ്രവാചകന്റെ മുന്നിൽ അതൊരു നീർക്കുമിള പോലെ. സ്നേഹമാണവിടെ നിറഞ്ഞും വഴിഞ്ഞും നിന്നത്. ഒരു നിശ്ശബ്ദ വിപ്ലവത്തിന്റെ അന്തഃസ്പന്ദനമാണവിടെയനുഭവപ്പെട്ടത്. അൻസാറുകൾ ഓരോരുത്തരായി മുന്നോട്ടുവന്നു. അഭയം തേടിയെത്തിയ മുഹാജിറുകളെ സ്വീകരിക്കാൻ വീട്ടുകാരും വിരുന്നുകാരും ഏകയോഗക്ഷേമത്തിന്റെ മധുരം നുണഞ്ഞുകഴിഞ്ഞ അനന്യദർശനീയമായ സമൂഹസ്ഥലി. ചരിത്രപഥത്തിലെ ഒരപൂർവതയായി അതവശേഷിക്കുന്നു!

അപ്പോഴും ഖുറൈശികൾ മുസ്ലിംകൾക്കെതിരെ ആയുധമണയ്ക്കുകയായിരുന്നു. അവർ അതിരഹസ്യമായി, എന്നാൽ സമർഥമായി മദീനക്കാരെ പ്രകോപിപ്പിക്കുവാൻ ശ്രമിച്ചു. അതിന്റെ പ്രത്യാഘാതം വിഭാവന ചെയ്ത പ്രവാചകൻ മദീനയിലെ ഭിന്നവിശ്വാസികളായ സകലരെയും ഒരുമിച്ചു നിർത്താനാവശ്യമായ നടപടികളാരംഭിച്ചു.

ഒരുദിവസം പ്രവാചകൻ മദീനയിലെ വിവിധ ജനപദങ്ങളുടെ നായകന്മാരെ ഒരിടത്തു ക്ഷണിച്ചുവരുത്തി. മുസ്ലിംകൾ, ജൂതമതക്കാർ, ക്രൈസ്തവർ, വിഗ്രഹവിശ്വാസികൾ തുടങ്ങിയ സകലരുടെയും പ്രാതിനിധ്യം ആ കൂടിച്ചേരലിനുണ്ടായിരുന്നു. എല്ലാവരുടെയും ജീവിതത്തെ നേരിട്ട് ബാധിക്കുന്ന ഗൗരവതരമായ ഒരു വിഷയമാണ് അവിടെ ചർച്ചചെയ്യാൻ പോകുന്നതെന്ന് എല്ലാവർക്കുമറിയാമായിരുന്നു. സന്ദേഹങ്ങളും ആശങ്കകളും ഉദ്വേഗങ്ങളും ചിലരുടെ മുഖത്തെ വിവർണമാക്കിയിരുന്നു. പ്രവാചകൻ സൗമ്യമായി, എന്നാൽ ദൃഢസ്വരത്തിൽ സംസാരിക്കാൻ തുടങ്ങി:

"എല്ലാ വിശ്വാസഭേദങ്ങളും ആചാരസമ്പ്രദായങ്ങളും ജീവിതരീതികളും അന്യൂനം നിലനിർത്തിക്കൊണ്ടുതന്നെ നമ്മൾ ഒരുമിച്ചുനിൽക്കുകയും ശക്തി പ്രാപിക്കുകയും വേണം. ചുറ്റും ശത്രുക്കളുണ്ട്- നമുക്ക് സുരക്ഷിതത്വവും ജീവിതഭദ്രതയും വേണം. നാമൊരു ശക്തമായ രാഷ്ട്രമായി മാറണം."

അവിടെ കൂടിയിരുന്നവരുടെ ആശങ്കകളുടെ മഞ്ഞുരുകിത്തുടങ്ങി. ആ സമൂഹം ഏകസ്വരത്തിൽ പ്രവാചകനിർദേശത്തിന് പിന്തുണ പ്രഖ്യാപിച്ചു. ഗോത്രങ്ങൾ തമ്മിലുള്ള സ്പർധയും ശത്രുക്കളുടെ നിരന്തരമായ ആക്രമണങ്ങളും ഭിന്ന വിശ്വാസികളുടെ അണയാത്ത വൈരവും ഗോത്രതലങ്ങൾ കുലധർമംപോലെ സൂക്ഷിച്ചുപോന്ന കുടിപ്പകയും വൈരനിര്യാതനബുദ്ധിയും ജീവിതത്തിന്റെ സ്വസ്ഥത കെടുത്തിക്കളഞ്ഞ വ്യാകുലതയാർന്ന അന്തരീക്ഷമാണവിടെ. നിരന്തരമാവർത്തിക്കപ്പെട്ട യുദ്ധംകൊണ്ട് സ്വയം തകർന്ന ഔസ്-ഖസ്റജ് ഗോത്രങ്ങൾ സമാധാനത്തിന്റെ ഒരു പ്രഭാതം കാണാൻ മനസ്സ് നൊന്ത് കഴിയുകയായിരുന്നു. മരുപ്പറമ്പിലെ കുളിർമഴപോലെ പ്രവാചകവചസ്സുകൾ സകല മനസ്സുകളിലും ആശ്വാസം വർഷിച്ചു. എല്ലാ കണ്ഠങ്ങളിൽനിന്നും ഒരു ശബ്ദമുയർന്നു:

'മുഹമ്മദ് മദീനയുടെ സാരഥി'

മുഹമ്മദ് അല്ലാഹുവിന് സ്തുതി ചൊരിയുമ്പോൾ ആ കണ്ണുകൾ വഴിയുകയായിരുന്നു.

അറേബ്യയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരാദർശരാഷ്ട്രം ജന്മമെടുക്കുകയായിരുന്നു. പല തരക്കാരും പലതരം വിശ്വാസികളുമുണ്ടവിടെ -പണ്ടേ കുടിയേറിപ്പാർത്തവർ, ജൂതന്മാർ, ക്രൈസ്തവർ, വിഗ്രഹവിശ്വാസികൾ, പിന്നെ കുറേ സത്യവേദവിശ്വാസികൾ. ഈ സാമൂഹ്യഘടകങ്ങളെ എങ്ങനെ സംയോജിപ്പിക്കും എന്നതായിരുന്നു പ്രവാചകന്റെ മുന്നിലെ വെല്ലുവിളി. അതിലാഘവത്തോടെ വ്യവഹരിക്കപ്പെടേണ്ട ഒന്നല്ലിത്. ദീർഘകാല വിഭാവനയോടെ സാധിക്കേണ്ട ഒരു രാഷ്ട്രത്തിന്റെ സംരചനാ കാര്യം. എന്നാൽ മനുഷ്യമനസ്സുകളെ നന്നായി പഠിച്ച പ്രവാചകന്, പഴുതുകളില്ലാത്ത, പരിഭദ്രമായ ഒരു രാഷ്ട്രസംവിധാനം കൈവരിക്കുന്നതിന് പ്രയാസ

മേതുമുണ്ടായില്ല.

സത്യശുദ്ധമായ ഒരു ജനസംഖ്യാ കണക്കെടുപ്പ്- കാനേഷുമാരി- ആരംഭിച്ചു. ജനങ്ങളിലൂന്നി വേണം രാഷ്ട്രീയ സംവിധാനങ്ങളെല്ലാം എന്ന സുനിയത ബോധ്യമാണതിന് പ്രേരകം. പ്രവാചകന്റെ സഹചാരിയായ ഹുദൈഫ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

"പ്രവാചകൻ ഞങ്ങളോട് ജനസംഖ്യാവിവരം തയ്യാറാക്കാൻ ആവശ്യപ്പെട്ടു. ഞങ്ങളത് ചെയ്തു. മദീനയിൽ മൊത്തം ജനസംഖ്യ പതിനായിരം. അതിൽ 3500 വിഗ്രഹവിശ്വാസികൾ, 3000 ജൂതമതവിശ്വാസികൾ, 2000 ക്രൈസ്തവ വിശ്വാസികൾ, 1500 മുസ്ലിംകൾ. പ്രവാചകനിർദേശത്തോടെ ഒരു കാര്യം കൂടി ചെയ്തു- മദീനയുടെ ഭൂപരമായ അതിർത്തി നിർണയിക്കുന്നതിനായി നാലു ഭാഗത്തും അടയാളം കുറിച്ചു. സാമൂഹ്യവും രാഷ്ട്രീയവുമായ ഈദൃശ സംവിധാനങ്ങളൊരുക്കുന്നതിൽ സകലരും സംതൃപ്തി പ്രകടിപ്പിച്ചു. വിഗ്രഹവിശ്വാസികൾ അസംതൃപ്തരായി കാണപ്പെട്ടു. എന്നാൽ പ്രവാചകന്റെ നയസമീപനങ്ങളും പെരുമാറ്റരീതിയും അവർക്കിഷ്ടമായി."

ഒട്ടും വൈകാതെ സകല ജനപദങ്ങളെയും ഒരിടത്ത് വിളിച്ചുകൂട്ടി, ഐക്യം വഴിയുന്ന ശക്തമായ ഒരു രാഷ്ട്രം രൂപപ്പെടുത്തിയെടുക്കുന്നതിനെക്കുറിച്ചാലോചിച്ചു: "വിശ്വാസസ്വാതന്ത്ര്യം നിരുപാധികം അനുവദിച്ചുകൊണ്ട് മദീനയെന്ന ഒരു മഹാരാഷ്ട്രം രൂപപ്പെടുത്തണം. വിശ്വാസത്തിന്റെ നൂറു പൂക്കൾ വിരിയുമ്പോഴും ഒരു പൊതുശത്രു സമീപിക്കുമ്പോൾ, ഒരു സമന്വയശക്തിയായി-രാഷ്ട്രശക്തിയായി- പെരുമാറാനുള്ള മാനസിക വികാസം നമുക്കുണ്ടാവണം. നമ്മുടെ നിലനിൽപ്പിനും രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിനും അതനിവാര്യമാണ്." ഒരു മുസ്ലിം രാഷ്ട്രം സ്ഥാപിക്കുകയല്ല, സകലവിശ്വാസികൾക്കും സകല അർഥത്തിലുമുള്ള സുരക്ഷിതത്വം കൈവരിക്കാൻ കഴിയുന്ന ഒരു ദൈവികരാഷ്ട്രമാണ് നമ്മുടെ ലക്ഷ്യം എന്ന് പ്രവാചകൻ ആഹ്വാനം ചെയ്തു. അവിടെ സംബന്ധിച്ച സകലരുടെയും പിന്തുണ നേടാൻ പ്രവാചകന് കഴിഞ്ഞു. ആ സമ്മേളനം, സഹിഷ്ണുതയും സാഹോദര്യവും വഴിയുന്ന ഒരു ഭരണഘടന(മദീന ഡോക്യുമെന്റ്)ക്ക് രൂപംകൊടുത്തു. നാൽപത്തെട്ടിലേറെ വകുപ്പുകളുൾക്കൊള്ളുന്ന ഭരണഘടനയുടെ 23 വകുപ്പുകൾ അവിടെവച്ചുതന്നെ രൂപപ്പെടുത്തി ബഹുജനാംഗീകാരത്തിനു വിധേയമാക്കി. ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം ജീവിതം എന്നതിന്റെ അർഥം ദൈവപ്രീതിക്ക് വിധേയമായി ജീവിക്കുകയും അവന് വഴിപ്പെട്ടുകഴിയുകയും ചെയ്യുക എന്നതാണ്. അതെങ്ങനെയെന്ന് വേദഗ്രന്ഥം അവനെ തെര്യപ്പെടുത്തിയിട്ടുണ്ട്. അറിവിന്റെ ലോകത്തിൽ അവനെത്രത്തോളം തൽപരനാകുന്നുവോ അത്രത്തോളം ഈ ബോധം അവനിൽ ദൃഢരൂഢമായിപ്പരിണമിക്കുന്നു.

രണ്ടാമതൊരു ബാധ്യതകൂടിയുണ്ട് മുസൽമാന്. തനിക്ക് ബോധ്യപ്പെട്ട ദാർശനിക സത്യം-സമസ്ത സനാതനാശയങ്ങളുടെയും അടിസ്ഥാന സത്യം- അതാണെന്നതുകൊണ്ട് മറ്റുള്ളവരെ പ്രബോധിപ്പിക്കുക എന്നതാണത്. സത്യവേദമനുസരിച്ച് ജീവിക്കുന്നതിനും അത് നിർബാധം, സ്വതന്ത്രമായി പ്രചരിപ്പിക്കുന്നതിനുമുള്ള തടസ്സങ്ങളൊഴിഞ്ഞുകിട്ടുക എന്നതാണ് സ്വാതന്ത്ര്യം എന്ന പദം കൊണ്ട് സത്യവേദവിശ്വാസി വിവക്ഷിക്കുന്നത്. അതിനുവേണ്ടിയാണ് അന്നവർ അഭയം തേടി മദീനയിലെത്തിയത്. ഈ മഹാസ്വാതന്ത്ര്യത്തെ പരിരക്ഷിക്കാൻ തക്കവിധമാണ് മദീനാകരാറിന് രൂപംകൊടുത്തത്. കേവലം സത്യവേദവിശ്വാസികൾക്കല്ല, സകല മതവിശ്വാസികൾക്കും ഈ സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്ന സാമൂഹ്യാന്തരീക്ഷമാണ് മദീനാ കരാർകൊണ്ട് സാക്ഷാൽക്കരിക്കപ്പെട്ടത്. സ്വന്തം മതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അത് നിർഭയം പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവും അലംഘ്യമാണ്(ഖുർആൻ 2: 256) എന്ന സുവർണാശയം സത്യവേദസംസ്കൃതിയുടെ ഹൃദയസ്പന്ദനമാണ്.

അറേബ്യയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരാദർശരാഷ്ട്രം ജന്മമെടുക്കുകയായിരുന്നു. പല തരക്കാരും വിശ്വാസികളുമുണ്ടവിടെ. ഒരു ചരടിലിണക്കിക്കോർത്ത പൂക്കളെപ്പോലെ അവർ കഴിഞ്ഞു. സാമൂഹ്യമായ കൂട്ടായ്മ ഊട്ടിയുറപ്പിക്കാനും ഉലഞ്ഞഴിഞ്ഞുപോകാതിരിക്കാനും ഉതകും വിധമാണ് ദീർഘദർശിയായ പ്രവാചകൻ മദീനാ ഉടമ്പടിക്ക് രൂപംനൽകിയത്. ആരായാലും എന്തായാലും സമാധാനപരമായ സഹവർത്തിത്വം- അതാണ് നയവും സമീപനവും. "രക്ഷയന്തിപരസ്പരം" എന്നതായിരുന്നു അവർ പരസ്പരമംഗീകരിച്ച ജീവിതവേദാന്തം. ആരുടെയും അവകാശങ്ങൾ ധ്വംസിക്കപ്പെട്ടുകൂടാ; ആരുടെയും അസ്തിത്വം ചോദ്യംചെയ്യപ്പെട്ടുകൂടാ. ഭദ്രതയും രക്ഷാബോധവും സാമൂഹ്യസുരക്ഷിതത്വവും അവിടെ പൂവണിഞ്ഞു. ഐക്യരാഷ്ട്രസഭയുടെ നീതിനിയമങ്ങളോടു പൊരുത്തമുള്ളത്. ഇന്ത്യയുടെ മതേതരത്വത്തിന്റെ ഹൃദയഭാവം യസ്‌രിബ് ഉടമ്പടിയുടെ ആത്മസത്തയായിരുന്നു- ഒരു സ്നേഹാത്മക വിപ്ലവം വിരിയിച്ചെടുത്ത മഹിതരാഷ്ട്രം. യേശുവിന്റെ സ്വപ്നസീമയിലെ 'സ്വർഗരാജ്യം' മുഹമ്മദ് അവിടെ സാക്ഷാൽക്കരിക്കുകയായിരുന്നു. "നല്ലതിനെ കൽപിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്ന"(ഖുർആൻ 41: 22) ഒരു സുന്ദര രാഷ്ട്രം.

മനസ്സാണ് സാമൂഹ്യമാറ്റത്തിന്റെ ശക്തമായ അവലംബം. സോഷ്യലിസം സമൂഹത്തിൽ പിറക്കുന്നതിന് മനസ്സാണാദ്യം സോഷ്യലൈസ് ചെയ്യപ്പെടേണ്ടത്. സമൂഹത്തെ വിലയിരുത്തുന്നത് സമൂഹശൃംഖലയിലെ കണ്ണികളുടെ മനസ്സ് നോക്കിയാണ്. മാറ്റത്തിന്റെ തുടക്കം മനസ്സിലാണ് സാധിക്കേണ്ടത്. മാറാത്ത മനസ്സാണെങ്കിൽ മാറ്റമൊരു മിഥ്യയായിരിക്കും. "സമൂഹത്തിലെ ഭീഷണി, മാറാത്ത മനസ്സുകളായിരിക്കും" എന്ന ടി.എൽ. വാസ്വാനിയുടെ

വിശേഷചിന്ത ശ്രദ്ധേയമാണ്. പ്രവാചകൻ പറഞ്ഞു: "ഏറ്റവും വലിയ പാപി മുനാഫിഖാണ്" എന്ന്. അഥവാ അകത്ത് കത്തിയും പുറത്ത് പത്തിയുമുള്ളവൻ.

മദീന എന്ന ആദർശരാഷ്ട്രം സ്നേഹവിപ്ലവത്തിനു വിധേയമായ വിശുദ്ധമനസ്സുകളുടെ കളിയരങ്ങായിത്തീർന്നു.

1. ഒരിക്കൽ തിരക്കിൽപെട്ട ഒരാൾ പ്രവാചകന്റെ ശരീരത്തിൽ ചെന്നു വീണു. പ്രവാചകൻ തന്റെ കയ്യിലുണ്ടായിരുന്ന വടികാട്ടിത്തടുത്തു. വടി തട്ടി അയാളുടെ ശരീരത്തിൽ നേർത്ത പാടുണ്ടായി. പ്രവാചകൻ താഴ്ന്ന സ്വരത്തിൽ ഇങ്ങനെയറിയിച്ചു:

"അബദ്ധം പിണഞ്ഞു, എന്നോട് പ്രതിക്രിയ ചെയ്യാം."

താൻ പഴയതുപോലെയല്ലെന്നും പ്രതികാര ശീലവും പ്രകൃതവും താൻ കൈവെടിഞ്ഞുവെന്നുമായിരുന്നു അയാളുടെ പ്രതികരണം (അബൂദാവൂദ്). ഒരാദർശവിപ്ലവത്തിന്റെ പ്രതിഫലനം.

2. ഒരു യുദ്ധക്കളം. ഗുരുതരമായ പരുക്കുകളേറ്റ് ആസന്ന മരണരായിക്കിടക്കുന്നവർക്ക് വെള്ളമെത്തിക്കാനുഴറിനടക്കുന്ന ഒരാൾ. അയാൾ കരച്ചിൽ കേട്ട മൂലയിലേക്ക് നീങ്ങി. വായിൽ വെള്ളമൊഴിക്കാൻ തുടങ്ങുമ്പോഴേക്കും അടുത്തുള്ള മറ്റൊരാളുടെ ആർത്തസ്വരം കേട്ടു. പരുക്കേറ്റയാൾ പറഞ്ഞു:

"സഹോദരാ, അങ്ങോട്ട് ചെല്ലൂ. എന്നെക്കാൾ വെള്ളത്തിന്റെയാവശ്യം അയാൾക്കായിരിക്കും. ദയവായി അയാളുടെ ദാഹം തീർക്കൂ."

വെള്ളവുമായി അയാൾ അങ്ങോട്ടു ചെന്നു. വെള്ളം കൊടുക്കാൻ തുടങ്ങുമ്പോഴേക്ക് സമീപസ്ഥനായ മറ്റൊരാൾ ദാഹാർത്തനായി വെള്ളത്തിന് യാചിക്കുന്നതുകേട്ടു. മുറിവേറ്റു കിടക്കുന്നയാൾ പറഞ്ഞു:

"ദാ അങ്ങോട്ട് ചെല്ല്. അയാൾക്ക് കൊടുക്കൂ."

വെള്ളവുമായി അയാൾ അങ്ങോട്ട് ചെന്നു. അടുത്തെത്തുമ്പോഴേക്ക് അദ്ദേഹം മരിച്ചുകഴിഞ്ഞിരുന്നു. ഉടനെയയാൾ രണ്ടാമത്തെയാളുടെയടുത്തേക്ക് തിരിഞ്ഞുനടന്നു. അപ്പോഴേക്കും അദ്ദേഹവും അന്ത്യശ്വാസം വലിച്ചു കഴിഞ്ഞിരുന്നു. പരിഭ്രാന്തനായ അയാൾ വെള്ളവുമായി ഒന്നാമത്തെയാളുടെയടുത്തെത്തി. ദുഃഖകരമെന്നു പറയട്ടെ, അയാളുടെ ശ്വാസവും നിലച്ചതായാണ് കണ്ടത്. സ്വന്തം ദുഃഖത്തിനും ആവശ്യത്തിനും രണ്ടാം സ്ഥാനം നൽകാനും മറ്റുള്ളവരുടെ ദുഃഖങ്ങൾക്കും ആവശ്യങ്ങൾക്കും പ്രഥമ പരിഗണന നൽകാനും കഴിയുന്ന പ്രബുദ്ധ പൗരബോധമാർന്ന ഒരു ജനപദത്തെയാണ് പ്രവാചകൻ വളർത്തിയെടുത്തത്.

അനുസ്യൂതമായ ആവർത്തനംകൊണ്ട് ദൃഢസ്വഭാവമായി പരിണമിച്ച, ദുരാചാരങ്ങളുടെ പോലും ലംഘനം അനായാസം സാധിച്ച പ്രവാചകൻ ചരിത്രഗവേഷകന്മാരുടെ മുന്നിൽ ഒരു വിസ്മയമായവശേഷിക്കുന്നു. "ദൈവം ഏകനാണ്, അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല" എന്ന് പ്രവാചകൻ അറിയിച്ചപ്പോൾ ആ ശാബ്ദിക വിസ്മയം മദീനയുടെ മനസ്സിൽ പാലൊളിത്തിരയായി പ്രസരിക്കുകയായിരുന്നു. പത്തുവർഷംകൊണ്ട് അറേബ്യയിലാകെ അത് പ്രകാശമായി മാറി. നൂറുകൊല്ലം കഴിയുമ്പോഴേക്ക് കിഴക്ക് സിന്ധും പടിഞ്ഞാറ് സ്പെയ്നും ഉൾപ്പെടുന്ന ഏഷ്യയും ആഫ്രിക്കയും യൂറോപ്പു മുൾപ്പെടുന്ന പ്രദേശങ്ങൾ മുഴുവൻ സത്യവേദത്തിന്റെ പ്രകാശവലയത്തിൽ പെട്ടിരുന്നു. പേർഷ്യൻ–റോമാ സാമ്രാജ്യത്തിന്റെ ഹൃദയതലത്തിലാകെ സത്യവേദത്തിന്റെ വർണരാജികൾ നിറംകലർത്തി. ആർഥികതാപവും ആയുധശക്തിയുമല്ല, അതിലുപരി ഒരാത്മീയ ശക്തിയുടെ വിസ്മയ സാന്നിധ്യമാണ് സത്യവേദത്തിന്റെ വികാസവൃദ്ധികൾക്ക് നിദാനം.

ജനങ്ങളോടായി സത്യവേദഗ്രന്ഥം ചോദിച്ച ചോദ്യങ്ങളും അവരെ പ്രബോധിപ്പിച്ച ആശയങ്ങളും ഏറെ യുക്തിഭദ്രങ്ങളായിരുന്നു:

"പറയുക, അവനാണ് അല്ലാഹു. അവൻ ഏകനാണ്.
അല്ലാഹു ആരെയും ആശ്രയിക്കാത്തവനാണ്.
ഏവരാലും ആശ്രയിക്കപ്പെടുന്നവനും.
അവൻ ജനിപ്പിച്ചിട്ടില്ല, ജനിച്ചിട്ടുമില്ല.
അവനു തുല്യനായി ആരുമില്ല." (ഖുർആൻ 112: 1–4)
(27: 60–62, 64 സൂക്തങ്ങളും കാണുക)

അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാത്ത ഒരു വിശേഷ സമൂഹം. ഭയരഹിതരായി, സ്വതന്ത്രരായി അവർ വളരാൻ തുടങ്ങി. ലൗകികമായ സകല അടിമത്തങ്ങളിൽനിന്നും മോചിതരായി, ദൈവത്തിന്റെ മാത്രം അടിമകളായി അവർ മാറി. അവരിലെ സർഗശക്തി പ്രവൃദ്ധമായി.

അന്നത്തെ അറേബ്യൻ സമൂഹം നൂറായിരം ദുശ്ശീലങ്ങൾകൊണ്ടും ദുരാചാരങ്ങൾകൊണ്ടും മലിനമായിരുന്നു. മദ്യപാനം, ചൂതാട്ടം, വ്യഭിചാരം, ആഭിചാരം പിന്നെ കറയുറഞ്ഞുനിന്ന കുറെ അന്ധവിശ്വാസങ്ങളും. മദ്യപാനം അറേബ്യൻ ജീവിതത്തിന്റെ അവിച്ഛിന്ന ഘടകമായിരുന്നു. ത്വറഫ എന്ന കവി ഇങ്ങനെ പാടിയതായി ചരിത്രഗ്രന്ഥങ്ങളിൽ കാണാം:

"യുദ്ധവും മദ്യവും മദിരാക്ഷിയുമുണ്ടായിരുന്നില്ലെങ്കിൽ
പിന്നെ ജീവിതത്തിനെന്തർഥം?"

മറ്റൊരറബിക്കവി ഇങ്ങനെ പാടി:

"ഞാൻ മരിച്ചാൽ എന്നെയൊരു
മുന്തിരി വള്ളിയുടെ മുരട്ട് കുഴിച്ചിടണം."

പെൺകുട്ടികളെ കൊല്ലുന്ന പതിവ് ജാഹിലിയ്യ കാലത്തിലെ ചില ഗോത്രങ്ങളുടെ മ്ലേച്ഛമായ മുഖമുദ്രയായിരുന്നു. കുഴിവെട്ടി സ്വന്തം മകളെ ജീവനോടെ അതിൽ വെച്ച് മൂടിക്കൊന്ന പൈശാചികത്വത്തിൽനിന്ന് "യൂഫ്രട്ടീസ് തീരത്ത് ഒരാട്ടിൻകുട്ടി പട്ടിണി കിടന്നാൽ ഞാനതിന് സമാധാനം പറയേണ്ടിവരും" എന്ന് പറയുന്ന അവസ്ഥയിലേക്ക് അറബിമനസ്സിനെ മാറ്റിയെടുത്ത വിശ്രുത വിപ്ലവമാണവിടെ നടന്നത്.

ഒരിക്കൽ സിറിയയിൽ പട്ടിണി ആളിപ്പടർന്നപ്പോൾ ഖലീഫാ ഉമർ ഉത്തരക്ഷണത്തിലവിടെയെത്തി റേഷൻ സംവിധാനത്തിന് നേതൃത്വം നൽകിയ കഥ വിസ്മരിക്കാവതല്ല. റേഷൻ ഗോതമ്പിന്റെ ചാക്ക് ചുമന്നു നീങ്ങുന്ന ഉമറിനോട് ഒരാൾ "ഖലീഫയുടെ ചാക്ക് ഞാൻ ചുമന്നുകൊള്ളാം" എന്നു പറഞ്ഞപ്പോൾ "നാളെ പരലോകത്ത് എന്റെ ഭാരം ചുമക്കാമോ?" എന്ന് ചോദിക്കുന്ന ഒരു രംഗമുണ്ട്. സാമ്രാജ്യാധിപനായ ഉമർ ഈന്തമരച്ചുവട്ടിൽ പനയോലയിൽ കിടന്നുറങ്ങിയ സംഭവം. വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്ന ഉരുപ്പടികളായി സ്ത്രീകൾ മാറിയ കാലത്ത് "നിങ്ങളോട് നിങ്ങളുടെ പത്നിമാർക്കുള്ളതുപോലെ നിങ്ങൾക്ക് അവരോടും ചില ബാധ്യതകളുണ്ടെ"ന്ന് പ്രഖ്യാപിച്ചപ്പോൾ അതൊരു സാമൂഹിക വിപ്ലവത്തിന്റെ പടഹധ്വനിയായി മാറുകയായിരുന്നു. അവൾക്കും പുരുഷനെപ്പോലെ ആത്മാവുണ്ടെന്നും സ്വത്തവകാശം അനുവദിക്കപ്പെടണമെന്നും സ്ത്രീവിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം അഭിന്നമാണെന്നു കാണിക്കാൻ ഭാര്യയെ ഇണ(സൗജ്) എന്നാണ് വിളിക്കേണ്ടതെന്നും സ്ത്രീയുടെ സാമൂഹ്യ പദവി പുരുഷനൊപ്പം ഉയർത്തപ്പെടേണ്ടതാണെന്നും നിഷ്കർഷിച്ചു ഇസ്ലാം സംസ്കൃതി.

അക്ഷരപഠനം അഥവാ വിദ്യാദാനം ദൈവികവൃത്തിയാണെന്നു കരുതി മനുഷ്യമനസ്സുകളെ പ്രബുദ്ധമാക്കാനും കർമോത്സുകമാക്കാനും ഇസ്ലാമിക സമൂഹം കാണിച്ച താൽപര്യം അളവറ്റതായിരുന്നു. വായനയുടെ വാതായനത്തിലൂടെ നോക്കിയാൽ മാത്രമേ ദൈവികരഹസ്യങ്ങളറിയാനും പ്രപഞ്ചസൗന്ദര്യമാസ്വദിക്കാനും കഴിയൂ എന്നറിയിച്ച മതസംസ്കൃതിയായി ഇസ്ലാം അറിയപ്പെട്ടു. മനുഷ്യനുവേണ്ടി ദൈവമൊരുക്കിയ മഹാവിഭവങ്ങളുടെ കലവറയാണ് പ്രകൃതിയെന്നും അതറിഞ്ഞു പ്രയോജനപ്പെടുത്താൻ മനുഷ്യന് കഴിയണമെന്നും പ്രകൃതിയെക്കുറിച്ചുള്ള സൂക്ഷ്മപഠനം പോലും സകലജ്ഞനും സർവശക്തനുമായ ദൈവത്തിന്റെ അസ്തിത്വത്തിലേക്കാണ് നമ്മെ നയിക്കുന്നതെന്നും സത്യവേദം പ്രബോധിപ്പിക്കുന്നു. ആധുനിക ശാസ്ത്ര പഠനങ്ങൾക്ക് പ്രാരംഭകത്വമെടുക്കാനും ലോകനാഗരികതയുടെ അടിപ്പടവൊരുക്കാനും ആ നൂതന സംസ്കാരത്തിന് സാധിച്ചു.

"ഇത് അന്ത്യനാളാണെന്നു കരുതുക. എന്നാൽ പോലും ഒരാളുടെ കയ്യിൽ ഒരു വിത്തുണ്ടെങ്കിൽ അതവൻ കുഴിച്ചിടട്ടെ. ഒരുവൻ നല്ല ഉദ്ദേശ്യ

ത്തോടെ ഒരു ഫലവൃക്ഷത്തിന്റെ വിത്തു കുഴിച്ചിട്ടാൽ വൃക്ഷം വളർന്നുവലുതായി ഫലം കായ്ക്കുമ്പോൾ കള്ളൻ കട്ടുകൊണ്ടുപോയാലും പക്ഷികൾ കൊത്തിത്തിന്നാലും അവർക്കത് പുണ്യം(സ്വദഖ) ചെയ്യും" എന്നറിയിച്ച ഇസ്‌ലാം സംസ്കൃതിയുടെ പ്രകൃതിപ്രേമം അപ്രമേയമാണ്.

വ്യക്തി–കുടുംബ–സമൂഹ ജീവിതങ്ങളിലെ അതിസാധാരണകാര്യങ്ങളിൽപോലും ശ്രദ്ധിച്ചുകൊണ്ടാണ് ഇസ്‌ലാം ഒരു ലോകക്രമത്തിന് രൂപകൽപന സാധിച്ചത്. വയറ് നിറച്ചുണ്ണരുതെന്നും ഒരു ഭാഗം വായുവിനും വെള്ളത്തിനും നീക്കിവെക്കണമെന്നും അനാവശ്യമായി ചെലവഴിക്കുന്നവൻ പിശാചിന്റെ കൂടപ്പിറപ്പാണ് എന്നും സമ്പത്തിന്റെ ഉടമാവകാശം ദൈവത്തിനാണ്, ഉപഭോഗാവകാശം മാത്രമാണ് മനുഷ്യനുള്ളത് എന്നും ചൂഷണമേതും ദൈവവിരോധമാണെന്നും അടിമത്തം ദൈവനിന്ദയാണെന്നും മദ്യം തിന്മകളുടെ മാതാവാണെന്നും കരുതിവെക്കുന്നത് പ്രകൃതിവിരുദ്ധമാണെന്നും വഴിവിട്ട പെരുമാറ്റവും ധർമച്യുതിയുമാണ് വറുതിക്കും ദാരിദ്ര്യത്തിനും നിദാനമെന്നും അയൽപക്കത്ത് പട്ടിണി തളംകെട്ടിനിൽക്കുമ്പോൾ മൃഷ്ടാന്നമുണ്ണുന്നവൻ നമ്മോടൊപ്പമുള്ളവനല്ലെന്നും ആ മതസംസ്കൃതി നിഷ്കർഷിച്ചു.

ദാരിദ്ര്യം കോറിയിട്ട മുഖവൈകൃതമാണ് അറേബ്യയുടെ ആദ്യകാല ചരിത്രം. എന്നാൽ വളരെ പരിമിതമായ കാലയളവിനുള്ളിൽ കഥയാകെ മാറുകയും സകാത്ത് വാങ്ങാൻ പോലും ആളില്ലാത്ത സാമൂഹ്യ സുഭിക്ഷതയുടെ അന്തരീക്ഷം ഉദയകാന്തി ചൊരിയുകയും ചെയ്തു.

ഖിലാഫത് എന്നത് വിശുദ്ധമായ ജനാധിപത്യത്തിന്റെ ഭരണവിധാനമാണ്. ഭൂരിപക്ഷത്തിന്റെ ഭരണം എന്നതിൽനിന്ന് മാറി ന്യൂനപക്ഷരക്ഷണം കൂടിയാണ് ജനാധിപത്യമെന്ന് ബോധ്യപ്പെടുത്തിയ ആദ്യത്തെ ഭരണവിധാനത്തെയാണ് ഇസ്‌ലാം പരിചയപ്പെടുത്തിയത്. വിഗ്രഹവിശ്വാസികളും സാബികളും ജൂതരും ക്രൈസ്തവരുമെല്ലാം സ്വൈരമായി, സുരക്ഷിതബോധത്തോടെ ഇസ്‌ലാമികരാഷ്ട്രത്തിൽ സ്വതന്ത്രപൗരന്മാരായി ജീവിച്ചുവെന്ന് ചരിത്രഗ്രന്ഥങ്ങളിൽ തെളിഞ്ഞുകാണാം. മതവ്യത്യാസങ്ങൾ പുലരുന്ന വൈചിത്ര്യമാർന്ന ഒരു ലോകത്തെയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്. ഏകശാസനവും മതപരമായ അസഹിഷ്ണുതയും വേദഗ്രന്ഥത്തിന്റെ വീക്ഷണത്തിൽ അനിസ്‌ലാമികമാണ്.

"ഞാൻ അല്ലാഹുവിലും വേദഗ്രന്ഥത്തിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുന്നേടത്തോളം നിങ്ങളെന്നെയനുസരിക്കുക. അല്ലെന്നുവന്നാൽ നിങ്ങളെന്നെ അധികാരത്തിൽനിന്ന് അടിച്ചകറ്റുക" എന്നറിയിച്ചുകൊണ്ടാണ് സത്യവേദവിശ്വാസി ഭരണഭാരമേൽക്കുന്നത്. അധികാരഭ്രമമല്ല, അതിലുപരി സമൂഹത്തെ ഭരിക്കുന്നവൻ ധർമനിഷ്ഠനും ഈശ്വരവിശ്വാസിയുമായിരി

ക്കണം എന്ന നിഷ്കർഷയാണ് അവിടെ നമുക്ക് ബോധ്യപ്പെടുന്നത്.

"നാമൊരു പുതിയ സമൂഹം സംവിധാനം ചെയ്യുന്നു. ഈ മാതൃകാസമൂഹത്തിൽ ഭേദഭാവനകളില്ല. വലുപ്പച്ചെറുപ്പമില്ല. ഉള്ളവനും ഇല്ലാത്തവനുമില്ല. മർദകനും മർദിതനുമില്ല. വർണഭേദങ്ങളില്ല. പ്രത്യേകാവകാശങ്ങൾ ആർക്കുമില്ല. സമ്പത്തും സൗന്ദര്യവും കുലവും ഗോത്രവുമൊന്നും ആരെയും വലിയവനോ ചെറിയവനോ ആക്കുന്നില്ല. ഒരറബിക്ക് അനറബിയെക്കാളും വെളുത്തവന് കറുത്തവനെക്കാളും മഹത്വമേതുമില്ല..." അങ്ങനെ ഒരു പുതിയ രാഷ്ട്രം(Citystate) അവിടെ രൂപംകൊള്ളുകയായിരുന്നു.

ഒരേയൊരു ഇലാഹിലുള്ള വിശ്വാസം. ഒരു നിയമവ്യവസ്ഥയുടെ അനുസരണം. ഒരു നേതൃത്വത്തിന്റെ അനുസരണം. വഴിനയിക്കാനൊരു നിയമകോശവും. ഒരു കേന്ദ്രീകൃത വ്യവസ്ഥാപിത രാഷ്ട്രജീവിതം അവിടെയങ്ങനെ ഇതൾ വിടർത്തി. വിശ്ലഥവും ഛിദ്രപ്രവണവുമായ അറബി ജീവിതത്തെ താളലയബദ്ധവും ലക്ഷ്യോന്മുഖവുമാക്കി പരിവർത്തിപ്പിക്കാൻ പ്രവാചകന് കഴിഞ്ഞു. ഒരു വിശുദ്ധ വിപ്ലവത്തിന്റെ, സ്നേഹോദാരമായ പരിവർത്തനത്തിന്റെ മയൂഖമാലകൾ മദീനയുടെ ജീവിതത്തെ മധുരമയമാക്കി.

# വെളിപാട് വിശേഷം

**ദൈ**വസന്ദേശങ്ങളുടെ സംവാഹകനാണ് ജിബ്‌രീൽ. ജിബ്‌രീൽ മുഹമ്മദിന്റെ മുന്നിലെത്തുന്നു. ദൈവസന്ദേശമറിയിക്കുന്നു. സന്ദേശം ലഭിക്കുമ്പോൾ മുഹമ്മദ് തീർത്തും നിശ്ശബ്ദനായിരിക്കും, അതീവശ്രദ്ധാലുവും. പ്രഥമശ്രവണത്തിൽതന്നെ അവയെല്ലാം മുഹമ്മദ് ഹൃദിസ്ഥമാക്കുന്നു. അക്ഷരലോപം വരാതെ അനുചരന്മാർക്ക് ഓതിക്കൊടുക്കുന്നു. അവരത് മനസ്സിലും മറ്റുപകരണങ്ങളിലുമായി പകർത്തിവെക്കും, അതതുനേരം തന്നെ. ദിവ്യബോധനം മുഖ്യമായും മൂന്നു തരമുണ്ടെന്ന് വേദഗ്രന്ഥമറിയിക്കുന്നു:

1. ദൈവികാശയം ഹൃദയത്തിൽ നിക്ഷേപിക്കുക.

2. മൂസാനബിയോട് ദൈവം സംസാരിച്ചതുപോലെ തിരശ്ശീലയുടെ പിറകിൽനിന്ന് സംസാരിക്കുക.

3. ദൂതൻ–മലക്ക്–മുഖാന്തിരം സന്ദേശമറിയിക്കുക.

സാധാരണയായി, ഇന്ദ്രിയങ്ങളിലൂടെയാണ് ജ്ഞാനസമ്പാദനം. എന്നാൽ ഇന്ദ്രിയസഹായമില്ലാതെ ചിലപ്പോൾ ചിലർക്കു മനോമണ്ഡലത്തിൽ ചില അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. ഉറങ്ങുമ്പോഴാകാം, ഉണർന്നിരിക്കുമ്പോഴാകാം, അർധസുഷുപ്തിയിലുമാകാം. ഉറക്കത്തിലാകുമ്പോൾ നാം അവയെ സ്വപ്നം എന്നു വിളിക്കും.

ഹൃദയത്തിൽ നിക്ഷേപിക്കൽ, തിരശ്ശീലക്ക് പിറകിൽനിന്ന് സംസാരിക്കൽ, ദൂതൻ മുഖേന അറിയിക്കൽ. മറ്റൊരു നിലയിലും ദൈവം മനുഷ്യനുമായി സംവദിക്കുന്നില്ല. വേദഗ്രന്ഥം ഇങ്ങനെ അറിയിക്കുന്നു:

“അല്ലാഹു ഒരു മനുഷ്യനോടും നേർക്കുനേരെ സംസാരിക്കാറില്ല. അതുണ്ടാവുന്നത് ഒന്നുകിൽ ദിവ്യബോധനത്തിലൂടെയാണ്. അല്ലെങ്കിൽ മറയ്ക്കുപിന്നിൽനിന്ന്, അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ചുകൊണ്ട്. അങ്ങനെ അല്ലാഹുവിന്റെ അനുമതിയോടെ അവനിച്ഛിക്കുന്നത് ആ ദൂതനിലൂടെ ബോധനം

നൽകുന്നു. സംശയമില്ല; അല്ലാഹു അത്യുന്നതനാണ്. യുക്തിമാനും. ഇവ്വിധം നാം നിനക്ക് നമ്മുടെ കൽപനയാൽ ചൈതന്യവത്തായ ഒരു സന്ദേശം ബോധനം നൽകിയിരിക്കുന്നു. വേദപുസ്തകത്തെപ്പറ്റിയോ സത്യവിശ്വാസത്തെ സംബന്ധിച്ചോ നിനക്കൊന്നുമറിയുമായിരുന്നില്ല."(42: 51, 52)

ദൂതൻ മുഖേനയുള്ള ബോധനമാണിത്. സ്വപ്നം വഴിയും ഇത് സാധിക്കാറുണ്ട്. ഹിറായിലെ ദിവ്യാനുഭവത്തിനുമുമ്പ് തെളിഞ്ഞ സ്വപ്നങ്ങളിലൂടെ ദൈവിക സന്ദേശമറിയാൻ മുഹമ്മദിന് കഴിഞ്ഞിരുന്നു. ഓരോ സ്വപ്നദർശനവും മുഹമ്മദിൽ അപൂർവ വിസ്മയമുളവാക്കിയിരുന്നു. ദൈവത്തിന്റെ സംവേദന മാധ്യമങ്ങളിലൊന്നാണ് സ്വപ്നം. ഇബ്രാഹീം നബിയുടെ സ്വപ്നം പിൽക്കാലാനുഭവങ്ങളുടെ തെളിഞ്ഞ ചിത്രമായിരുന്നു. മൂസാനബിയുടെ മാതാവിന് ലഭിച്ച നിർദേശം സ്വപ്നദർപ്പണത്തിലൂടെയായിരുന്നു. തിരശ്ശീലക്ക് പിറകിൽ നിന്നുകൊണ്ട് അല്ലാഹു സംസാരിച്ചതിന് ഏറെ തെളിവുകളില്ല, ഒന്നുമാത്രം:

"മൂസായുമായി അല്ലാഹു സംസാരിച്ചു"(4: 164). ഈജിപ്തിലേക്ക് തിരിച്ചുവരുമ്പോൾ, വഴിയറിയാതെ വിഷമിച്ചപ്പോൾ, സഹചാരിയായ ഭാര്യ പേറ്റുനോവു കൊണ്ടുഴന്നപ്പോൾ, കൊടും തണുപ്പിലും കട്ടിക്കൂരിരുട്ടിലും വിലപിച്ചപ്പോൾ അകലത്ത് തീജ്വാല കണ്ടു. പ്രത്യാശയോടെ അടുത്തു ചെന്നപ്പോൾ അശരീരിപോലെ ഒരു ശബ്ദം. അത് അല്ലാഹുവിന്റേതായിരുന്നു. മൂസ, അല്ലാഹുവെ കാണാതെ കേൾക്കുകയായിരുന്നു. മൂന്നാമത്തെ ബോധനമാധ്യമം മലക്കാണ്, ദൂതനാണ്. ജിബ്രീൽ മുഖേന മുഹമ്മദിന് ദൈവബോധനം ലഭിക്കുന്നു.

'വഹ്യ്' എന്ന വാക്കിന്റെ അർഥം വേഗതയിൽ നൽകപ്പെടുന്ന രഹസ്യമായ സൂചനാസന്ദേശം എന്നാണ്. അല്ലാഹുവിന്റെ വചനത്തിന് വഹ്യ് എന്നു പറയാൻ കാരണം അത് വേഗം വേഗം ഇറങ്ങുന്നുവെന്നതും അത് ലഭിക്കുന്ന ആളല്ലാതെ മറ്റാരുമറിയുകയില്ലെന്നതുമാണ്. എന്നാൽ അല്ലാഹു തന്നെ മറ്റു വല്ലവരേയും അതിന്റെ കൂടെ ഉൾപ്പെടുത്തുന്ന പക്ഷം അയാൾക്കും അതിനെസ്സംബന്ധിച്ച അറിവ് ലഭിക്കുന്നതായിരിക്കും. അല്ലാഹു തന്റെ ദാസരോട് സംസാരിക്കുന്നതിന് മൂന്നു മാർഗങ്ങളുപയോഗിക്കാറുണ്ടെന്ന് സൂചിപ്പിച്ചു കഴിഞ്ഞുവല്ലോ.

അന്ന് മുഹമ്മദിന് വയസ്സ് നാൽപത്. ഒരുനാൾ മുഹമ്മദ് ഹിറാഗുഹയിൽ ധ്യാനലീനനായിരിക്കുന്നു. ജിബ്രീൽ എന്ന മലക്ക് മുഹമ്മദിന്റെ മുന്നിലെത്തി. വെളിപാടിന്റെ കഥയവിടെ തുടങ്ങുന്നു. എന്നാൽ, വെളിപാടിന്റെ കഥയ്ക്ക് അതിലുമേറെ പഴക്കമുണ്ട്. ഹിറായിലെ സവിശേഷാനുഭവത്തിന് മുമ്പേതന്നെ മുഹമ്മദിന് സ്വപ്നദർശനമുണ്ടായിരുന്നുവെന്ന് ആഇശ പറഞ്ഞതായി ബുഖാരി രേഖപ്പെടുത്തിയിട്ടുണ്ട്. "ദൈവദൂതന്നുള്ള ബോധനത്തിന്റെ

തുടക്കം നിദ്രാവേളയിലെ യഥാർഥ സ്വപ്നങ്ങളായിരുന്നു"(ബുഖാരി). ആ സ്വപ്നങ്ങൾ അവ്യക്തമായ ഒരു അസ്വാസ്ഥ്യമായി മുഹമ്മദിനെ പിന്തുടർന്നു. അന്നുതൊട്ടാണ് മുഹമ്മദ് ഏകാന്തതയെ ഇഷ്ടപ്പെട്ടു തുടങ്ങിയത്. ഏകാന്തതയുടെ നിതാന്ത നിശ്ശബ്ദതയിൽ കഴിയുമ്പോൾ, മുഹമ്മദിന്റെ മനസ്സിന് ഭാരമൊട്ടൊഴിഞ്ഞു തീരുമ്പോലെ തോന്നും. അങ്ങനെയാണ് ധ്യാനത്തിനനുയോജ്യമായ ഹിറാഗുഹ കണ്ടെത്തിയത്. അവിടെ ചെന്നിരിക്കുക ഒരു പതിവാക്കി. ഗൗരവമിയന്ന ഏതോ ജീവിതവൃത്തിക്ക് മുടങ്ങാതെ പോകുന്ന ഒരാളെപ്പോലെയാണ് എന്നും വസതിയിൽ നിന്നിറങ്ങുക. മനശ്ശോഭയുടെ പര്യായമായ ഖദീജ ആഹാരമൊരുക്കി മുഹമ്മദിനെയേൽപിക്കും. പലപ്പോഴും വൈകിയാണ് തിരിച്ചെത്തുക. ചിലപ്പോൾ ദിനരാത്രങ്ങൾ അവിടെത്തന്നെ കഴിഞ്ഞുവെന്നും വരും. ഒരു കുടുംബിനിയുടെ വിഷമം നമുക്കൂഹിക്കാൻ കഴിയും. 'നിരുത്തരവാദപരമായി' ജീവിക്കുന്ന ഒരു ഭർത്താവിനെക്കുറിച്ച് ഏത് ഭാര്യക്കാണ് മതിപ്പുണ്ടാവുക? എന്നാൽ മുഹമ്മദിന്റെ അലക്ഷ്യമായ ജീവിതത്തെ ചൂണ്ടി ഭർത്സിക്കാനോ അദ്ദേഹത്തെ ഗുണദോഷിക്കാനോ അദ്ദേഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണെന്ന് അന്വേഷിക്കാൻ പോലുമോ ആ മഹിളാരത്നം ഒരിക്കലും ഒരുമ്പെട്ടില്ല. അപ്രിയം തോന്നിക്കുന്ന മുഖഭാവം പോലും അവർ പ്രകടിപ്പിച്ചില്ല. പ്രത്യുത, എല്ലാറ്റിനും തന്റെ പിന്തുണയുണ്ടെന്നറിയിക്കുമാറ് ഹൃദയംഗമമായിരുന്നു അവരുടെ പെരുമാറ്റം.

ഖദീജ സമ്പന്നയും സാമൂഹ്യകാര്യങ്ങളിൽ ദത്തശ്രദ്ധയുമായിരുന്നു. ചിന്താശീലവും യുക്തിബോധവുമുള്ളവളായിരുന്നു. എന്നിട്ടുപോലും ഭർത്താവിന്റെ വിചാരവൃത്തികളുടെ ന്യായാന്യായതകളെക്കുറിച്ച് വിശകലനം ചെയ്യാനോ വിലയിരുത്താനോ തുനിഞ്ഞതായറിവില്ല. പല ദിനരാത്രങ്ങളിലും ഭർത്തൃസാന്നിധ്യം പോലും തനിക്കനുഭവിക്കാനിടവരാറില്ലെങ്കിലും അതോർത്തു വ്യാകുലപ്പെടാനോ പരിഭവിക്കാനോ അവർക്ക് കഴിയുമായിരുന്നില്ല. ഒരു ഭർത്താവെന്നനിലയിൽ മുഹമ്മദിന്റെ പ്രകൃതവും പെരുമാറ്റവും അത്രമാത്രം നിഷ്കപടവും കളങ്കരഹിതവുമാണെന്ന് ഖദീജക്കറിയാമായിരുന്നു. അവ്യക്തമെങ്കിലും അനന്യസാധാരണമായ ഏതോ ഒരു ദൗത്യനിർവഹണത്തിന്റെ പാതയിലാണ് തന്റെ ഭർത്താവെന്ന് ചിലപ്പോഴെങ്കിലും അവർക്ക് തോന്നിക്കാണും. ഒരന്ധമായ വിശ്വാസദാർഢ്യം കൊണ്ടെന്നപോലെ മുഹമ്മദിന്റെ ചര്യകളും ചലനങ്ങളുമെല്ലാം പുനഃപരിശോധനക്ക് വിധേയമാക്കാതെ അംഗീകരിക്കാനും അനുസരിക്കാനും ആ മഹിളാരത്നത്തിന് കഴിഞ്ഞു. ലൗകിക ജീവിതത്തിൽ പാതി മെയ്യായവകാശപ്പെടുന്ന പത്നി പുരുഷന്റെ വിജയൗന്നത്യങ്ങളുടെ ശക്തിസ്രോതസ്സായി അറിയപ്പെടാറുണ്ട്. നൽപ്പാതി മെയ്യിൽനിന്ന് കിട്ടുന്ന പ്രോത്സാഹനവും പ്രചോദനവും പുരുഷധർമപൂർത്തിക്ക് അത്രമാത്രം നിയാമകമാണ്. അക്കാര്യത്തിൽ ദാർശനികവേദിയിൽ അഭിപ്രായഭേദങ്ങളില്ല. സാമാന്യദൃഷ്ടിയിൽ, തൊഴിലൊന്നും ചെയ്യാതെ, തീർത്തും അലസനായി, ആരും കാണാതെ, ഒരു ഗുഹയിൽ

'ചെന്നിരുന്നുറങ്ങുന്ന' മുഹമ്മദിന് സ്നേഹവിശ്വാസങ്ങളും ആദരവും അംഗീകാരവും നൽകി സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്ന ഖദീജ ഒരസാധാരണമനസ്സായിരുന്നു. അവ്യക്തമായ ഒരുൾവിളിയുടെ അലംഘ്യമായ അനുശാസനത്തിന് വിധേയമായവനെപ്പോലെ, മുഹമ്മദിന്റെ മനസ്സിനെ ദൈവം പാകപ്പെടുത്തുകയായിരുന്നു.

വെളിപാടിന്റെ ആദ്യാനുഭവത്തെ മുഹമ്മദ് ഇങ്ങനെ വിവരിക്കുന്നു:

"ജിബ്രീൽ എന്റെ മുന്നിൽ വന്നു. വായിക്കൂ എന്ന് പറഞ്ഞു. എനിക്ക് വായിക്കാൻ അറിയുകയില്ല എന്ന് ഞാൻ പറഞ്ഞപ്പോൾ എന്നെ പിടിച്ചൊന്നമർത്തുകയും വായിക്കൂ എന്ന് വീണ്ടും ആവശ്യപ്പെടുകയും ഞാൻ മറുപടിയായി പഴയതുതന്നെ ആവർത്തിക്കുകയും ചെയ്തു. രണ്ടാം പ്രാവശ്യവും എന്നെ ഗാഢമായി കരവലയത്തിലൊതുക്കുകയും വായിക്കൂ എന്ന് ആജ്ഞാപിക്കുകയും ചെയ്തു. ഒരുവട്ടം കൂടി ഇതാവർത്തിക്കപ്പെട്ടു. പിന്നെ ജിബ്രീൽ ഇങ്ങനെ പറഞ്ഞുതുടങ്ങി:

'സ്രഷ്ടാവായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.
അവൻ ഒട്ടിപ്പിടിച്ച വസ്തുവിൽനിന്ന്
മനുഷ്യനെ സൃഷ്ടിച്ചു.
നിന്റെ രക്ഷിതാവ് ഏറ്റവും ഔദാര്യവാനാകുന്നു.
പേനകൊണ്ട് പഠിപ്പിച്ചവനത്രെ അവൻ.
മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചു.'

ഇത്രയും പറഞ്ഞ് ജിബ്രീൽ അപ്രത്യക്ഷനായി."

തുടർച്ചയായി പകർത്തിയെഴുതപ്പെട്ട ഒന്നായിരുന്നില്ല ഖുർആൻ. പ്രവാചകന്റെ ജീവിതാന്ത്യം വരെ അതിന് ഗ്രന്ഥരൂപം പോലുമുണ്ടായിരുന്നില്ല. നിരന്തരമായി ഒരു ഉറവ പോലെ വെളിപാടുണ്ടാകുമെന്ന പ്രത്യാശകൊണ്ടാവാം ഖുർആന്ന് ഗ്രന്ഥരൂപം നൽകാൻ നബിയുടെ ജീവിത കാലത്ത് അനുചരന്മാർ തയ്യാറാകാതിരുന്നത്. എന്നാൽ വെളിപാടുകൾ യഥാവസരം പകർത്തിവെക്കാൻ നബി തന്നെ ചില എഴുത്തുകാരെ നിശ്ചയിച്ചിരുന്നു. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, സൈദുബ്നു സാബിത്ത്, ഉബയ്യുബ്നു കഅ്ബ്, സാബിത്തുബ്നു ഖൈസ്, എന്നിവരാണ് അക്കൂട്ടത്തിലെ പ്രമുഖർ.

പകർത്തിവെക്കുകയെന്നത് അന്ന് പ്രയാസമേറിയ കാര്യമായിരുന്നു. പനയോല, തോൽ, മരപ്പലക, മിനുസമുള്ള കല്ലുകൾ, ആട് ഒട്ടകം എന്നിവയുടെ എല്ലുകൾ-ഇവയിലൊക്കെയാണ് പകർത്തിവെച്ചത്. കല്ലിൽ കൊത്തിയതു പോലെ മനസ്സിൽ കുറിക്കാൻ കഴിഞ്ഞ കുറേ പേരുണ്ടായിരുന്നു അന്ന്. അവരിലൂടെയും കാലത്തിന് മായ്ച്ചുകളയാനാവാത്തവിധം വെളിപാടുവചനങ്ങൾ ജീവിച്ചു.

ആഗ്രഹിക്കുമ്പോൾ ആവിഷ്കരിക്കപ്പെടുന്ന ഒന്നല്ല വെളിപാട്. ഇരുപത്തിമൂന്ന് വർഷങ്ങളുടെ കാലവിസ്തൃതിക്കകത്താണ് വെളിപാടുകളുണ്ടായത്. അനുസ്യൂതമായ ഒരു പ്രവാഹഗതിയും അതിനുണ്ടായിരുന്നില്ല. ഇന്ന് ഖുർആനിൽ പരിചയപ്പെടുന്ന വിഷയക്രമംപോലും അതിനുണ്ടായിരുന്നില്ല. പല കാലങ്ങളിലായി സന്ദർഭാനുസാരം അവതീർണമായവയാണവ. ശ്രുതികളെപ്പോലെ കേട്ടറിഞ്ഞാണിത് ഏറെയും പ്രചരിച്ചത്. ഓർമയിൽ സൂക്ഷിച്ചവർ മരിക്കുന്നതോടെ വെളിപാടു വചസ്സുകൾ നശിക്കാനിടവരുന്നത് മനുഷ്യരാശിക്ക് തീരാനഷ്ടമായിത്തീരുമെന്ന് അന്ന് ചിലരെങ്കിലും ആശങ്കിച്ചു. ഖലീഫാ അബൂബക്കറിന്റെ മുന്നിൽ ചിലർ ഈ ആശങ്കയവതരിപ്പിച്ചു.

അക്കാലത്താണ് യമാമയിലെ അതിഭയങ്കരമായ പോരാട്ടമുണ്ടായത്. കപടവിശ്വാസികൾക്കെതിരെയുള്ള ഉഗ്രൻ പോരാട്ടമായിരുന്നു അത്. പ്രവാചകവെളിപാടുകൾ ഹൃദിസ്ഥമാക്കിവെച്ച നിരവധി പേർ ആ യുദ്ധത്തിൽ രക്തസാക്ഷികളായി. അറിവുള്ളവരുടെ വംശനാശം വരുത്തുന്ന ഭീകരവിപത്ത് ഗൗരവമിയന്ന ചിന്തക്കും പരിഗണനക്കും വിധേയമായി. ദീർഘദൃഷ്ടിയായ ഉമർ ഖലീഫയെ സമീപിച്ച് വെളിപാട് വചനങ്ങൾക്ക് ഇനിയെങ്കിലും ഗ്രന്ഥരൂപം നൽകി പരിരക്ഷിക്കേണ്ടത് അനിവാര്യമാണെന്നറിയിച്ചു.

പ്രവാചകന്റെ ജീവിതകാലത്ത് അത്തരമൊരു ശ്രമമുണ്ടായില്ലെന്നതിനാൽ അതിനെ നാളെ ലോകവും കാലവും അബൂബക്കറിന്റെ അവിവേകമായിക്കരുതിയേക്കുമോ എന്ന് ഭയന്ന ഖലീഫ ആദ്യമാദ്യം ആ നിർദേശത്തോട് വിപ്രതിപത്തി കാണിച്ചുവെങ്കിലും പണ്ഡിതന്മാരുടെയും പക്വമതികളുടെയും അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് അതിനാവശ്യമായ നടപടികളാരംഭിച്ചു. പ്രവാചകന്റെ വിചാരസദസ്സിൽ കൂടുതൽ തവണ പങ്കെടുക്കുകയും വെളിപാടുവചസ്സുകളാകെ, അക്ഷരലോപം വരാതെ അപ്പടി ഹൃദിസ്ഥമാക്കുകയും ചെയ്ത വിശുദ്ധമനസ്സായ സൈദുബ്നു സാബിത്തിനെയാണ് ഖലീഫ ഈ മഹത്കൃത്യത്തിന്റെ ചുമതല ഏൽപിച്ചത്. ഒരു ഉപാസനാവൃത്തിപോലെ സൈദുബ്നു സാബിത്ത് തന്റെ ദൗത്യമാരംഭിച്ചു. അദ്ദേഹം, കിട്ടാവുന്ന സകല വസ്തുതകളും തെളിവുകളും സംഭരിച്ച് വെളിപാട് വചനങ്ങൾക്ക് ഗ്രന്ഥരൂപം നൽകി അബൂബക്കറെ ഏൽപിച്ചു. ആ വിശിഷ്ടഗ്രന്ഥം ഖലീഫാ അബൂബക്കറുടെ കാലശേഷം ഉമറിന്റെ സജീവശ്രദ്ധയിൽ സൂക്ഷിക്കപ്പെട്ടു. പിന്നെ അദ്ദേഹത്തിന്റെ പുത്രിയും നബിപത്നിയുമായ ഹഫ്സയാണ് വേദഗ്രന്ഥത്തിന്റെ സൂക്ഷിപ്പുകാരിയായത്.

വർഷങ്ങൾ പലതുകഴിഞ്ഞു. ഇസ്ലാമികലോകത്തിന്റെ അതിരുകൾ ഏറെ വികസിച്ചു. പല ദേശക്കാരും ഭാഷക്കാരുമായ ആളുകൾ ഇസ്ലാമിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. പുതുതായി വന്നവർ വിശുദ്ധഗ്രന്ഥം പാരായണം ചെയ്യുമ്പോൾ തെറ്റുകൾ വരുത്തുന്നതായി അന്നത്തെ ഖലീഫയായ

ഉസ്മാൻ മനസ്സിലാക്കി. കാലാന്തരത്തിൽ വേദഗ്രന്ഥത്തിൽ മാറ്റങ്ങൾ നുഴ ഞ്ഞുകയറാനിടയുണ്ടെന്ന് അദ്ദേഹം ആശങ്കപ്പെട്ടു.

പ്രവാചകന്റെ സമകാലികരും വെളിപാട് വചസ്സുകൾ സസൂക്ഷ്മം ഹൃദി സ്ഥമാക്കിയവരുമായ മൂന്നുപേരെ ഉസ്മാൻ ക്ഷണിച്ചുവരുത്തി. ഹഫ്സയുടെ കയ്യിലുണ്ടായിരുന്ന വേദഗ്രന്ഥം പരിശോധനക്കും വിശകലനത്തിനും വിധേ യമാക്കി. പ്രവാചകന്റെ കാലത്തുതന്നെ പ്രചുരമായിരുന്ന രീതിയിലും സമ്പ്ര ദായത്തിലും ഖുർആൻ പുനഃസംവിധാനം ചെയ്യാൻ, നിയുക്ത പണ്ഡിത സംഘത്തിന് സാധിച്ചു. വേദഗ്രന്ഥത്തിന്റെ ഏഴ് പകർപ്പുകളെടുത്തു (എ ണ്ണത്തിൽ ഭിന്നാഭിപ്രായമുണ്ട്). കൂഫ, ബസ്വറ, ശാം, യമൻ, ബഹ്റൈൻ, മക്ക എന്നീ പ്രദേശങ്ങളിലേക്ക് ഓരോ പകർപ്പ് അയച്ചു. ഒരു പകർപ്പ് ഉസ്മാൻ തന്റെ പക്കലും സൂക്ഷിച്ചു. ശുദ്ധിയിലുള്ള നിരങ്കുശമായ താൽപര്യം കൊണ്ട്, വെളിപാടു വചസ്സുകളുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖ കളും തെളിവുകളും നശിപ്പിക്കുവാൻ ഖലീഫാ ഉസ്മാൻ ഉത്തരവിറക്കി. ദൈവികമായ വെളിപാടുകളിൽ മായം കലരാതിരിക്കാനായി, ഇതുപോലൊരു ജാഗ്രതാ യജ്ഞം മറ്റാരെങ്കിലും നിർവഹിച്ചതായറിവില്ല. ലോകത്തിന്നോളം ഒരു ജനപദവും ഒരു ജീവിതദർശനത്തെയും ഇത്രയേറെ ആവേശത്തോടും ആത്മാർഥതയോടും കൂടി ഹൃദിസ്ഥമാക്കുവാനും പവിത്രതയോടെ പൊടി പുരളാതെ പരിരക്ഷിക്കുവാനും ശ്രദ്ധിച്ചതിന് ചരിത്രസാക്ഷ്യമില്ല. മതപരവും ദൈവികവുമായ, വൈചിത്ര്യമാർന്ന ഒട്ടേറെ പ്രതിഭാസങ്ങൾക്കു മുമ്പിൽ മനുഷ്യരാശിക്ക് സാക്ഷ്യംവഹിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും മുഹമ്മദ് നബി യുടെ വെളിപാട് വചനങ്ങൾക്ക് കൈവന്നതുപോലുള്ള ഹൃദയംഗമവും ജന കീയവുമായ അംഗീകാരം മറ്റൊന്നിനും കൈവന്നിട്ടില്ല.

കാലഗതിയിൽ ലോകമതഗ്രന്ഥങ്ങളിലും വിശ്വസാഹിത്യ സൃഷ്ടികളി ലുമെല്ലാം സ്ഥാപിത താൽപര്യക്കാരുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഭഗ വദ്ഗീതയിലും മഹാഭാരതം പോലുള്ള ഇതിഹാസങ്ങളിലും 'പ്രക്ഷിപ്ത ങ്ങൾ' ആരോപിക്കപ്പെട്ടിട്ടുണ്ട്. ക്രൈസ്തവസംസ്കൃതി ഊന്നിനിൽക്കുന്ന 'പഴയനിയമ'വും 'പുതിയ നിയമ'വും മനുഷ്യന്റെ കൈകടത്തലുകളിൽനിന്ന് മോചിതമല്ല. താൽപര്യങ്ങളുടെ ഇടപെടലുകളാണ് കാരണം. എന്നാൽ ഖുർ ആൻ എന്ന വേദഗ്രന്ഥം ഇതിനെല്ലാം ഒരു അപവാദമായി നിൽക്കുന്നു. ഖുർ ആനിൽ എന്തുകൊണ്ട് ഇടപെടലുകളുണ്ടായില്ല?

1. വെളിപാടുവചസ്സുകൾ പ്രവാചകൻ അതത് നേരം തന്നെ ഹൃദിസ്ഥ മാക്കുന്നു. തുടർന്ന് അനുചരന്മാരെ കേൾപ്പിക്കുന്നു.

2. നിയുക്തരായ പകർപ്പെഴുത്തുകാർ വെളിപാടു വചസ്സുകൾ യഥാസ മയം രേഖപ്പെടുത്തിവെക്കുന്നു.

3. പകർപ്പെഴുത്തുകാർ പകർപ്പിന്റെ പ്രതി പ്രവാചകന്റെ വസതിയിൽ

കൊണ്ടുപോയി ഭദ്രമായി സൂക്ഷിക്കുന്നു.

4. വെളിപാടിറങ്ങുമ്പോൾതന്നെ പലരുമത് ഹൃദിസ്ഥമാക്കി വ്യാപകമായ പ്രചാരം നൽകുന്നു.

5. ബഹുജന വ്യവഹാര സന്ദർഭങ്ങളിലെല്ലാം വെളിപാടുവചസ്സുകൾ ഓതുകയും പാരായണം ചെയ്യുകയും പതിവാണ്.

6. ഖുർആന്റെ സുരക്ഷിതത്വം ദൈവം സ്വയം ഏറ്റെടുത്തു. അത് സാധിതമാകും വിധം ഒന്നാം ഖലീഫ അബൂബക്കറിന്റെ കാലത്തുതന്നെ അത് ഗ്രന്ഥരൂപത്തിലാക്കി.

7. ഉസ്മാന്റെ സാരഥ്യത്തിൽ, ഖുർആൻ സമാഹരിക്കുമ്പോൾ, വെളിപാട്വേളയിൽതന്നെ അവ പകർത്തിയ നിരവധിപേർ ജീവിച്ചിരിപ്പുണ്ടായിരുന്നു.

8. ഖുർആൻ വാക്യങ്ങൾ രേഖപ്പെടുത്താൻ പ്രവാചകൻ ചുമതലപ്പെടുത്തിയവരെല്ലാം സത്യസന്ധതയിൽ സംശയാതീതരായിരുന്നു.

9. വർഷംതോറും റമദാൻ മാസത്തിലൊരു ദിവസം, സത്യശോധനാർഥം വന്നെത്തുന്ന ജിബ്രീലിന്റെ മുന്നിൽ പ്രവാചകൻ ഖുർആൻ ഒരാവൃത്തി പൂർണമായും ചൊല്ലി ബോധ്യപ്പെടുത്താറുണ്ടായിരുന്നു.

10. ദിവ്യസന്ദേശം ലഭിക്കുമ്പോൾ നബിയുടെ വായിൽനിന്ന് വെളിപാടുവചനങ്ങൾ നേരിട്ടു കേട്ട രണ്ടുപേർ സാക്ഷ്യം വഹിച്ച സൂക്തങ്ങളേ 'മുസ്ഹഫി'ൽ രേഖപ്പെടുത്തിയിരുന്നുള്ളൂ.

11. നബിയുടെ സദസ്സിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുകയും ഖുർആൻ പൂർണമായും സൂക്ഷ്മശുദ്ധമായും ഹൃദിസ്ഥമാക്കുകയും ചെയ്ത സൈദുബ്നു സാബിത്താണ് ഖുർആൻ ആദ്യമായി ഗ്രന്ഥരൂപത്തിൽ അവതരിപ്പിച്ചത്. സത്യശുദ്ധി അതുകൊണ്ടുതന്നെ സ്വാഭാവികം. ആ ഗ്രന്ഥം ആദ്യം ഖലീഫാ അബൂബക്കറിന്റെയും പിന്നെ ഉമറിന്റെയും തുടർന്ന് നബിപത്നിയായ ഹഫ്സയുടെയും സൂക്ഷ്മശ്രദ്ധയിൽ സൂക്ഷിച്ചുപോന്നു.

12. ശുദ്ധീകരണത്തിന് വിധേയമായ ഖുർആൻ ഗ്രന്ഥങ്ങൾ അറേബ്യയുടെ ചതുർദിശകളിലുള്ള ഭരണാലയങ്ങളിൽ ദൈവനിധിപോലെ സൂക്ഷിക്കപ്പെട്ടു.(അനവധാനതകൊണ്ട് ആശയക്കുഴപ്പമുണ്ടാവാതിരിക്കാൻ അനധികൃതമായ പകർപ്പുകളെല്ലാം നിരോധിച്ചു.)

13. വിശ്വാസികളെല്ലാം വേദഗ്രന്ഥത്തെ 'ദൈവകൃതം' എന്ന് നിഷ്കപടമായി വിശേഷിപ്പിക്കുന്നു. അതിനാൽ, അതിലെന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ കിഴിച്ചൊഴിക്കലോ അരുതാത്തതാണെന്ന കട്ടപിടിച്ച വിശ്വാസം ഇവിടെയൊരനുഗ്രഹമായി പരിണമിച്ചു.

ഇക്കാരണങ്ങളാൽ ഖുർആൻ, സ്ഥാപിത താൽപര്യക്കാരുടെ ഇടപെടലുകൾക്ക് വിധേയമാകാതെ തെളിഞ്ഞുയർന്നുനിൽക്കുന്നു എന്നു ഗ്രഹിക്കാവുന്നതാണ്.

പലകാലങ്ങളിലായി വ്യത്യസ്ത അളവുകളിലാണ് വെളിപാട് വചസ്സുകളിറങ്ങിയത്. ഇരുപത്തിമൂന്ന് വർഷങ്ങളുടെ കാലവിസ്തൃതിക്കകത്തിറങ്ങിയതാണ് വെളിപാടുകളെല്ലാം. ഒരായത്തുമുതൽ പത്ത് ആയത്തുകൾവരെ ഒറ്റയടിക്കിറങ്ങുകയുണ്ടായിട്ടുണ്ട്. മക്കയിലെയും മദീനയിലെയും വെളിപാടുകൾ സൂക്ഷ്മവിചിന്തനത്തിൽ, രൂപഭാവതലങ്ങളിൽ വ്യതിരിക്തങ്ങളായിക്കാണാം. ഔചിത്യവും സന്ദർഭവും സാഹചര്യങ്ങളുമനുസരിച്ചാണ് വെളിപാടുകൾ. പ്രയോഗക്ഷമത പരിഗണിച്ചും കൂടുതൽ പ്രയോഗവൽക്കരണത്തിനവസരം നൽകിയും അനുകർത്താക്കൾക്ക് ഭാരമായി തോന്നാതിരിക്കാനുമായിരിക്കണം വെളിപാടുവചസ്സുകൾ ഹ്രസ്വങ്ങളായും വിളംബിതങ്ങളായും ഇറങ്ങിയതെന്ന് ദാർശനികന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രവാചകഹൃദയം പലപ്പോഴും ദുർവഹദുഃഖത്തിന് വിധേയമായി ചുട്ടുതപിച്ചിട്ടുണ്ട്. അന്നേരമൊക്കെ പ്രവാചകന് കുളിരായും സുഖലേപനമായും വെളിപാടുകളനുഭവപ്പെട്ടു.

“ഇദ്ദേഹത്തിന്(നബിക്ക്) ഖുർആൻ മുഴുവനായി, ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്തുകൊണ്ടാണെന്ന് സത്യനിഷേധികൾ ചോദിക്കുന്നു. അങ്ങനെ ചെയ്തത്(പലപ്രാവശ്യമായി അവതരിപ്പിച്ചത്) താങ്കളുടെ ഹൃദയത്തെ അതുകൊണ്ട് നാം ബലപ്പെടുത്തേണ്ടതിനാണ്. സാവകാശത്തിൽ അതിനെ നാം ഓതിത്തരികയും ചെയ്തിരിക്കുന്നു.” (ഖുർആൻ 25: 32)

# ഖുർആൻ - ഒരാലയ പരിചയം

"സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ"(2: 185) ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ അസദൃശതകളെക്കുറിച്ച് പല സന്ദർഭങ്ങളിലായി ഖുർആൻ തന്നെ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകാശഭൂമികളെക്കുറിച്ചും മനുഷ്യരാശിയെക്കുറിച്ചും അല്ലാഹു, മാലാഖമാർ, മരണാനന്തര ജീവിതം തുടങ്ങിയവയെക്കുറിച്ചും ലോകനാശത്തെസംബന്ധിച്ചും പുതിയ ലോകസംവിധാനത്തെക്കുറിച്ചും വിധിദിനം, ഉയിർത്തെഴുന്നേൽപ്, കർമഫലം സംബന്ധിച്ചുള്ള പ്രവചനങ്ങളെക്കുറിച്ചും വേദഗ്രന്ഥം സംസാരിക്കുന്നുണ്ട്; അത്രത്തോളം ബൃഹത്തും വ്യാപകവുമാണ് ഖുർആന്റെ ആശയതലം.

സമൂഹശ്രേണിയുടെ വ്യത്യസ്ത പടവുകളിൽ കഴിയുന്ന കുട്ടികൾ, രക്ഷാകർത്താക്കൾ, ഭാര്യാഭർത്താക്കൾ, ബന്ധുജനങ്ങൾ, അനാഥർ, വിധവകൾ, യുദ്ധത്തടവുകാർ, അയൽവാസികൾ എന്നിവർ പരസ്പരം എങ്ങനെ പെരുമാറണം എന്നറിയാൻപോരുന്ന തെളിവാർന്ന ചിത്രങ്ങൾ വേദഗ്രന്ഥത്തിലുണ്ട്. ഉടമ്പടി, നീതിന്യായം, രാജ്യരക്ഷ, രാജ്യാതിർത്തികൾ, യോദ്ധാക്കൾ, യുദ്ധരംഗം, യുദ്ധമുതലുകൾ, സാധാരണജീവിതം, വീട്ടിലും സമൂഹത്തിലും സദസ്സുകളിലും എങ്ങനെയെല്ലാം പെരുമാറണം തുടങ്ങിയവയെക്കുറിച്ചെല്ലാമുള്ള പരാമർശങ്ങൾ ഇതിലുണ്ട്.

ക്രി. 610 മുതൽ 632 വരെയുള്ള കാലയളവിൽ രൂപംകൊണ്ട ഒരു ഗ്രന്ഥത്തിൽ സ്വാഭാവികമായും കുറേയേറെ പൊരുത്തക്കേടുകളും വൈരുധ്യങ്ങളും ആരും ആശങ്കിക്കുമെങ്കിലും വിസ്മയകരമെന്നു പറയട്ടെ, അന്യോന്യവിരുദ്ധങ്ങളായ യാതൊന്നും ഖുർആനിൽ കാണാൻ സാധിക്കുകയില്ല. മാത്രവുമല്ല, സ്ഫുടംചെയ്താലുണ്ടാവുന്ന ആശയാദർശങ്ങളുടെ അഭിവ്യക്തത പ്രകൃതഗ്രന്ഥത്തെ അസദൃശമാക്കിത്തീർക്കുക കൂടി ചെയ്യുന്നു. അതുവഴി മക്കീവിഭാഗത്തിലുള്ള 86-ഉം മദനീതലത്തിൽ പെട്ട 28-ഉം ചേർന്ന 114 അധ്യാ

യങ്ങൾ സകലാർഥത്തിലും ആശയപ്പൊരുത്തം കൊണ്ട് ഏകശിലാഖണ്ഡം പോലെ ദൃഢമാർന്നുമിരിക്കുന്നു. "അല്ലാഹു ഏറ്റവും വിശിഷ്ടമായ വചനത്തെ പരസ്പരം പൊരുത്തമുള്ളതും ആവർത്തിക്കപ്പെടുന്നതുമായ(വചനങ്ങൾ) ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥത്തെ അവതരിപ്പിച്ചിരിക്കുന്നു."(39: 23)

"അത് അല്ലാഹു അല്ലാത്ത(മറ്റുവല്ല)വരിൽനിന്നും ഉള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അവർ അതിൽ വളരെയധികം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു"(4: 82) തുടങ്ങിയ വേദവചസ്സുകൾ അക്കാര്യമാണ് വ്യക്തമാക്കുന്നത്.

അറബിഭാഷയിലാണ് ഖുർആൻ പിറവിയെടുത്തത്. കൊടുങ്കാറ്റും കരുത്തേറിയ പ്രവാഹങ്ങളും സൃഷ്ടിച്ചുകൊണ്ട് കാലമേറെ പിന്നിട്ടു. അറബ് ഭാഷാതലത്തിലും സാഹിത്യരൂപങ്ങളിൽപോലും ഗണനീയങ്ങളായ മാറ്റങ്ങളുണ്ടായി. കാലപ്പഴക്കം ഗ്രന്ഥസാരങ്ങളെപ്പോലും ദുർബലങ്ങളും നിർവീര്യങ്ങളുമാക്കി. രചനാരംഗങ്ങളും ആസ്വാദനമേഖലകളും ഗണനീയമായ മാറ്റങ്ങൾക്കു വിധേയമായി. എന്നാൽ പിറന്നുവീണ പ്രകൃതത്തിൽ ഒരു മാറ്റവും സംഭവിക്കാതെ, അക്ഷരലോപംവരാതെ, പ്രക്ഷിപ്തങ്ങളൊന്നും അരങ്ങേറാതെ, മൗലികഭാഷയുടെയും ആശയഗരിമയുടെയും അളവും തൂക്കവും കൈമോശം വരാതെ അന്നെന്നപോലെ ഇന്നും കാലത്തിന്റെയും ലോകത്തിന്റെയും ചേതനയിൽ വർണം പുരട്ടിക്കൊണ്ട്, പരകോടികളുടെ നിത്യോപാസനക്ക് വിധേയമായി ഖുർആൻ അതിജീവിക്കുന്നു. ഒരുപക്ഷേ, ഒരു മാറ്റത്തിനും വിധേയമാവാതെ കാലാതിവർത്തിത്വത്തിന്റെയും സാർവജനീനതയുടെയും സൗഭാഗ്യമണിഞ്ഞുകൊണ്ട് നിലകൊള്ളുന്ന ഒരേയൊരു ഗ്രന്ഥവിശേഷമായി അത് മാറിയിരിക്കുന്നു.

"മഹത്വപൂർണമായ ഖുർആൻ ആണിത്"(86: 24), "സുരക്ഷിതമായ ഒരു ഫലകത്തിൽ (ഉല്ലിഖിതമായത്)"(56: 25), "തീർച്ചയായുമിത് നമ്മുടെയടുക്കലുള്ള മൂലഗ്രന്ഥത്തിൽ സ്ഥിതിചെയ്യുന്നതും ഉന്നതപദവിയിലുള്ളതും ജ്ഞാനസമ്പൂർണമായതുമാണ്"(43: 4), "ഭദ്രമായി അടച്ചു സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ (ഇത് സ്ഥിതിചെയ്യുന്നു)" (56: 79) തുടങ്ങിയ വിശേഷണങ്ങൾ, ഖുർആൻ അനിതരസാധാരണമായ ഒരു ഗ്രന്ഥമാണെന്ന് ഘോഷിക്കുകയാണ്.

"അസത്യം ഇതിന്റെ മുന്നിൽനിന്നോ പിന്നിൽനിന്നോ ഇതിനെ സമീപിക്കുകയില്ല. യുക്തിജ്ഞനും സ്തുത്യർഹനുമായ അല്ലാഹുവിൽനിന്ന് ഇറക്കപ്പെട്ടതാണിത്."(41: 42)

"സത്യമായും ഈ ബോധനഗ്രന്ഥമിറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം അതിനെ സംരക്ഷിക്കുന്നതുമാണ്."(15: 9)

"തീർച്ചയായും യുക്തിജ്ഞനും സർവജ്ഞനുമായവനിൽനിന്ന് (അല്ലാഹുവിൽനിന്ന്) ഖുർആൻ നിനക്ക് നൽകപ്പെടുന്നു." (27:6)

"ആദരണീയവും സമുന്നതവും പരിശുദ്ധവുമായ ഏടുകളിൽ (രേഖപ്പെടുത്തപ്പെട്ടതാണിത്)." (80: 13)

"അല്ലാഹുവിൽനിന്നുള്ള ഒരു ദൂതൻ. അദ്ദേഹം പവിത്രമായ ഏടുകൾ വായിച്ചുകേൾപ്പിക്കുന്നു" (98: 2) തുടങ്ങിയ വചനങ്ങൾ വെളിവാക്കുന്നത് വചനങ്ങൾ ദൈവികമാണെന്നും വചനസമുച്ചയം അഥവാ ഖുർആൻ എന്ന ഗ്രന്ഥത്തിന്റെ പെരുമയും ഗരിമയും അനവദ്യമാണെന്നും അതുകൊണ്ട് അതിനെ സംരക്ഷിക്കുവാനുള്ള ബാധ്യത ദൈവം സ്വയം ഏൽക്കുന്നു എന്നുമാണ്.

"സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട"(2: 185) പുണ്യമാസത്തിലെ വിധിനിർണായക രാത്രിയെസ്സംബന്ധിച്ചും ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. പ്രവാചകൻമാർ വരുന്ന കാലം രാത്രിയോട് സാദൃശ്യമുള്ളതാണ്. ആത്മീയാന്ധകാരം എങ്ങും വ്യാപിക്കുമ്പോഴാണല്ലോ അവർ വരുന്നത്. പ്രവാചകന്റെ വരവ് ഭാവിയുടെ വിധിനിർണയത്തിനുള്ളതത്രെ. ലോകത്ത് സംഭവിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുന്ന കാലമെന്ന് വിവക്ഷ. ഖുർആന്റെ അവതരണവേളതന്നെ മനുഷ്യരാശിയെ സംബന്ധിച്ചേടത്തോളം അനവദ്യമാണെന്ന് വെളിവാക്കുകയാണത്.

ദൈവവചസ്സുകളുടെ പ്രാദുർഭാവം, അവയുടെ അവതാരണം, സമാഹരണം– എല്ലാം വല്ലാത്തൊരസാധാരണത്വം അവകാശപ്പെടുന്നതായി നാമറിയുന്നു. സൂറത്തുൽ ഹദീദിലെ ഒരു സൂക്തം ഏറെ ശ്രദ്ധേയം. "ഭൂമിയിലോ നിങ്ങളിൽ തന്നെയോ ഒരാപത്തും മുമ്പേ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതായിട്ടല്ലാതെ സംഭവിക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു." (57: 22)

ഇതിൽ പരാമർശിതമായ ഗ്രന്ഥമേതാണ്? വേദഗ്രന്ഥജ്ഞാനികളായ ദാർശനികന്മാർ ഇതിനെ അപഗ്രഥിച്ചെത്തിയത് അല്ലാഹുവിന്റെ വിധികളും തീരുമാനങ്ങളും രേഖപ്പെടുത്തിയ ഒരു സംരക്ഷിത ഫലകമുണ്ടെന്ന സത്യത്തിലേക്കാണ്. ദൈവസാമ്രാജ്യത്തിലെ സകലതുമതിലുണ്ടത്രെ. കാലത്രയങ്ങളിലെ സമസ്തവും ആ വിസ്മയഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ആ വിസ്മയ ദൈവിക രേഖയെ 'ലൗഹുൽ മഹ്ഫൂളി'(സംരക്ഷിത ഫലകം) എന്നാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ദൈവമൊഴി ആദ്യമായി ഊർന്നിറങ്ങിയത് ആ മഹാരേഖയിലേക്കാണ്. ആ ഗ്രന്ഥത്തെക്കുറിച്ച് ഖുർആൻ പറയുന്നു:

"പക്ഷേ, ഇത് മഹത്വമേറിയ ഖുർആൻ ആകുന്നു. അത് സംരക്ഷിതമായ ഫലകത്തിലാണുള്ളത്." (85: 21, 22)

ദൈവബന്ധിയായ സകലതും രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ആ മഹദ്ഫലകമാണ് ഖുർആന്റെയും ഖുർആൻ.

ജിബ്‌രീൽ എന്ന മലക്കിലൂടെ തന്നിലേക്കൊഴുകിയെത്തിയ സന്ദേശങ്ങളിൽ തന്റേതായ ഒന്നും തിരുകിപ്പിടിപ്പിക്കാതെ വെളിപാടുകളായി സമൂഹത്തിന്റെ മുന്നിൽ സമർപ്പിക്കുകയായിരുന്നു പ്രവാചകൻ.

"അദ്ദേഹം സ്വേച്ഛാനുസാരം സംസാരിക്കുന്നുമില്ല. ഇത് അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന സന്ദേശമല്ലാതെ മറ്റൊന്നുമല്ല." (53: 3, 4)

വിദ്യാഭ്യാസമൊന്നും ശീലിക്കാത്ത, കേവലം നിരക്ഷരനായ ഒരു സാധാരണക്കാരനാണ് മുഹമ്മദെങ്കിലും അല്ലാഹുവിന്റെ സോദ്ദേശ്യമായ ശ്രമഫലമായി, അക്ഷരലോപം വരാതെ, എന്തും സ്വീകരിക്കാനും ഓർമയിൽ സൂക്ഷിക്കാനും അദ്ദേഹത്തിന് കഴിയുന്നു. ഗ്രഹണവും സ്മരണയും പ്രകാശനവുമെല്ലാം ദൈവഹിതാനുസാരമാണെന്നതിനാൽ അവയൊക്കെ അന്യൂനം നിർവഹിക്കപ്പെടുകയായി. ദൈവത്തിന്റെ ശ്രമം ബോധ്യപ്പെടുത്തുന്ന ഏതാനും സൂക്തങ്ങളിതാ:

"നാം നിന്നെ (ഖുർആൻ) പഠിപ്പിക്കാം. പിന്നെ നീ (അത്) മറക്കുകയില്ല." (87: 6)

"സത്യാധിഷ്ഠിതമായ നിലയിൽ നാമത് നിനക്ക് വിവരിച്ചുതരുന്നു." (2: 252)

"നാം നിനക്ക് ഓതിക്കേൾപ്പിക്കുന്നത് ഇത്." (3: 58)

"ആ മഹാശക്തൻ(ജിബ്‌രീൽ) അദ്ദേഹത്തിന് അത് പഠിപ്പിച്ചുകൊടുത്തിരിക്കുന്നു." (53: 5)

ഖുർആൻ അൽപാൽപമായി ഇരുപത്തിമൂന്ന് വർഷമെടുത്താണ് അവതരിപ്പിച്ചത്. അതുപോലും എത്ര ആസൂത്രിതമായിരുന്നു എന്ന വസ്തുത നമ്മെ വിസ്മയിപ്പിക്കുന്നു. അറബികളുടെ ഓർമശക്തി അപാരമായിരുന്നെങ്കിലും അൽപാൽപമായി ഇറക്കുമ്പോൾ വേഗത്തിൽ അത് ഹൃദിസ്ഥമാക്കാൻ സാധിക്കുന്നു. മാത്രവുമല്ല, ഒരു സൂറത്തിൽ പറഞ്ഞ പ്രവചനം പുലരുമ്പോൾ മറ്റൊരു സൂറത്തിൽ അതിനെപ്പറ്റി സൂചിപ്പിക്കുകയും ചെയ്യും. അങ്ങനെ പ്രവാചകന്റെയും അനുചരന്മാരുടെയും ഹൃദയം സുദൃഢമായി പരിണമിക്കുന്നു. ഒന്നിച്ച് ഒരു പ്രവാഹസദൃശം ഇറങ്ങുകയാണെങ്കിൽ ഈ രണ്ട് ഉദ്ദേശ്യവും പൂർത്തിയാവുകയില്ല.

"....ഇതു മുഖേന നിന്റെ ഹൃദയത്തെ നാം ശക്തിപ്പെടുത്താൻ വേണ്ടി

യാണ്. നാം അതിനെ ഏറ്റവും നല്ല നിലയിൽ ക്രമീകരിച്ച് വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു." (25: 32)

പ്രവാചകന്റെ ഓർമശക്തിയെ തെളിച്ചുകാട്ടുന്ന ഒരു രംഗം ബുഖാരി ഉദ്ധരിക്കുന്നുണ്ട്. എല്ലാ വർഷവും റമദാനിൽ, 'ആ ദിവ്യരാവിൽ' ജിബ്‌രീൽ പ്രവാചകസന്നിധിയിലെത്താറുണ്ടെന്നും ജിബ്‌രീലിന്റെ നിർദേശമനുസരിച്ച് ഖുർആൻ മുഴുവൻ ഒരാവൃത്തി പ്രവാചകൻ മലക്കിന്റെ മുന്നിൽ ഉരുവിടാറുണ്ടെന്നുമാണ് മഹത്തായ ആ ഹദീസ്.

പ്രവാചകന്റെ കാലത്ത് ഖുർആൻ ഹൃദിസ്ഥമാക്കിയ ഒട്ടേറെപേർ ഉണ്ടായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്. അനറബികൾ പോലും നിരവധിപേർ താൽപര്യപൂർവം, ഖുർആൻ ഹൃദിസ്ഥമാക്കാൻ മുന്നോട്ടുവന്നിരുന്നു. ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഖുർആൻ മനഃപാഠമാക്കിയവർ ലക്ഷങ്ങളാണ്.

പ്രവാചകൻ തന്നെയാണ് പ്രഥമമായി ഖുർആൻ മുഴുവൻ സമാഹരിച്ചതും ക്രോഡീകരിച്ചതും. ഇതിലും പ്രവാചകന്റെ ഓർമശക്തി ദർശിക്കാം. മുദ്രണാലയങ്ങളുടെയും കമ്പ്യൂട്ടറുകളുടെയും കാലമല്ല അതെന്നോർക്കുമ്പോൾ അനുപമമായ ആ മഹാ ശ്രമത്തിന്റെയും സർഗവിലാസത്തിന്റെയും മുന്നിൽ ലോകം നമിച്ചുപോകുന്നു. കാലഗണനാ ക്രമം പാലിച്ചുകൊണ്ടല്ല സമാഹരണ വൃത്തി നിർവഹിക്കപ്പെട്ടത്. ദൈവനിർദേശാനുസരണം വിഷയക്രമത്തിനാണ് പ്രവാചകൻ പരിഗണന നൽകിയത്.

ആദ്യന്തങ്ങൾ സംബന്ധിപ്പിച്ചുകൊണ്ട് ഗ്രന്ഥഹൃദയം മനസ്സിലാക്കാൻ കഴിയാറുണ്ട്. ആ രീതിപോലും പാലിക്കുന്നതിൽ ഇവിടെ പ്രത്യേക നിഷ്കർഷ പുലർത്തിയതായി കാണാം. സർവലോക പരിപാലകനും പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ മഹിമാതിശയങ്ങൾ ഉയർത്തിക്കാട്ടിയാരംഭിക്കുന്ന പ്രാർഥനാപ്രവണമായ 'ഫാത്തിഹ' മുതൽ മനുഷ്യരുടെ നാഥനും മനുഷ്യരുടെ രാജാവും യഥാർഥ ആരാധ്യനുമായ അല്ലാഹുവിനുമുന്നിൽ അഭയംപ്രാപിക്കുന്നു എന്ന് ഭക്തിലീനമായി പറഞ്ഞുകൊണ്ട് സ്വയം സമർപ്പിക്കുന്ന 114-ാം അധ്യായമായ സൂറത്തുന്നാസിൽ അവസാനിക്കുന്ന വേദഗ്രന്ഥത്തിന്റെ ആശയപരമായ ഭദ്രതയും ഇവിടെ പരിഗണിക്കപ്പെട്ടിട്ടുണ്ട്.

പകർത്തിയെടുക്കാനും പാരായണംചെയ്യാനും ഹൃദിസ്ഥമാക്കാനും അന്ന് വിശ്വാസികൾ കാണിച്ച ആവേശം അളവറ്റതായിരുന്നു. ഖുർആൻ പിറവിയുടെ ആദ്യകാലത്ത് എതിർപ്പുകളും പരിഹാസ ശരങ്ങളും വ്യാപകമായിരുന്നു. അവ ദുസ്സഹമായപ്പോൾ ഇങ്ങനെ വെളിപാടുണ്ടായി:

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചതു സംബന്ധിച്ച് വല്ല വിധത്തിലും

നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിനു തുല്യമായതിൽനിന്നൊരു അധ്യായം നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെയുള്ള നിങ്ങളുടെ സാക്ഷികളെയും (സഹായികളെയും) വിളിച്ചുകൊള്ളുക, നിങ്ങൾ സത്യ വാദികളാണെങ്കിൽ" (2: 23) (10: 38, 32: 2 എന്നിവയും നോക്കുക). മറ്റൊരു സന്ദർഭത്തിൽ അവിശ്വാസികളോട് പത്ത് സൂറകൾ ഹാജരാക്കാൻ വേദ ഗ്രന്ഥം ആവശ്യപ്പെടുന്നു. "ഇത് പ്രവാചകൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ? പറയുക: നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇതുപോ ലെയുള്ള പത്ത് അധ്യായങ്ങൾ കെട്ടിച്ചമച്ചു കൊണ്ടുവരിക. അല്ലാഹുവിനെ വിട്ട് നിങ്ങൾക്ക് (സഹായത്തിന്) കിട്ടാവുന്നവരെയെല്ലാം നിങ്ങൾ ക്ഷണി ക്കുകയും ചെയ്യുക." (11: 13)(ഇതുപോലെ 17: 88, 28: 49, 52: 34 എന്നിവയിലും കാണാം) ആവർത്തിച്ചാവർത്തിച്ചുള്ള ഈ വെല്ലുവിളി പതിനഞ്ച് നൂറ്റാണ്ടു കളോളമായി നിലനിൽക്കുന്നു, അപ്രതിരോധ്യമായി, അജയ്യമായിത്തന്നെ.

ലോകം നിരവധി പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും പരിചയ പ്പെട്ടിട്ടുണ്ട്. എന്നാൽ ഖുർആനും പ്രവാചകജീവിതവും ഒത്തുവായിച്ചപ്പോൾ ഒരപൂർവത അവിടെ ബോധ്യപ്പെട്ടു. ഖുർആനിൽ പ്രകാശിതമായ ആശയ ങ്ങളുടെ ക്രിയാരൂപമാണ് പ്രവാചകജീവിതം. അഥവാ പ്രവാചകൻ സ്വജീ വിതംകൊണ്ട് വേദഗ്രന്ഥത്തിന് കർമഭാഷ്യം നൽകുകയായിരുന്നു.

അതുപോലെ 'വിശ്വസ്തനായ' ജനനായകന്റെ വാക്കുകളോട് ഹൃദയംഗ മത സൂക്ഷിച്ചുപോന്ന അറബ് ജനത വെളിപാടുവചനങ്ങളെല്ലാം താൽപ ര്യപൂർവം കേൾക്കുകയും അക്ഷരാർഥത്തിൽ ജീവിതത്തിലേക്ക് പകർത്തു കയുമായിരുന്നു. ജാഹിലിയ്യാകാലത്തിന്റെ അന്ധവും മൂഢവുമായ വിശ്വാ സാചാരങ്ങളിൽനിന്ന് ഒരു സമൂഹവും രാഷ്ട്രമാകെത്തന്നെയും മാറുകയാ യിരുന്നു. ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചു നടക്കാൻ മാത്രമറിയാവുന്ന ഖുറൈശിക്കൂട്ടത്തെ അഥവാ അറബികളെ ലോകനാഗരികതയുടെ പതാക വാഹകരായി പരിവർത്തിപ്പിക്കാൻ പ്രവാചകവചനങ്ങൾക്ക് സാധിച്ചു. വ്യക്തി യിലും സമൂഹത്തിലും രാഷ്ട്രജീവിതത്തിലാകെത്തന്നെയും ഇത്ര ശ്രദ്ധേയമായ പരിവർത്തനം സാക്ഷാൽക്കരിച്ച മറ്റൊരു ദർശനഗ്രന്ഥമുണ്ടാ യിട്ടില്ല.

വേദഗ്രന്ഥത്തെ എങ്ങനെ സമീപിക്കണം എന്നതിനെക്കുറിച്ച് ഖുർആ നിൽതന്നെ കണിശമായ നിർദേശങ്ങളുണ്ട്. ഖുർആനിൽ നിരങ്കുശമായ വിശ്വാസം സൂക്ഷിക്കുക എന്നതാണ് പ്രഥമം.

"നിങ്ങൾ പറയുക, ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിക്ക പ്പെട്ടതിലും ഇബ്റാഹീമിനും ഇസ്മാഈലിനും യഅ്ഖൂബിനും (അദ്ദേഹ ത്തിന്റെ) സന്തതികൾക്കും അവതരിക്കപ്പെട്ടതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും (മറ്റു) പ്രവാചകൻമാർക്ക് അവരുടെ നാഥനിൽനിന്ന് നൽക

പ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ ആരുടെയിടയിലും ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് മാത്രം കീഴ്പ്പെടുന്നവരുമാകുന്നു." (2: 136) (ഈ വിശ്വാസദാർഢ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ആയത്തുകൾ നിരവധിയുണ്ട്. 3: 84, 4: 136, 6: 92, 29: 46, 47: 2, 64:8 കാണുക). ഒരു സത്യവേദ വിശ്വാസിയുടെ ഹൃദയസംസ്കൃതി വിളംബരം ചെയ്യുന്ന വെളിപാടുകളാണവ. വേദഗ്രന്ഥം ദൈവികവചസ്സുകളുടെ സമുച്ചയമാണെന്നതുകൊണ്ട് അതിലുള്ള കേവലാക്ഷരങ്ങൾപോലും പരിഗണനയർഹിക്കുന്നവയായും പ്രാപഞ്ചിക പരാഭവങ്ങൾക്ക് സകലാർഥത്തിലും ശമനൗഷധമായും വർത്തിക്കുന്നു. അതിനാൽ വേദഗ്രന്ഥത്തിലെ ഒരു വാക്കുപോലും അവഗണിക്കപ്പെട്ടുകൂടാ. വിശ്വാസികൾ വേദഗ്രന്ഥത്തെ നിത്യപാരായണത്തിന് വിധേയമാക്കണമെന്നും അതനുസരിക്കുന്നതിൽ നിഷ്കർഷ കാണിക്കണമെന്നും ഖുർആൻ അനുശാസിക്കുന്നുണ്ട്:

"നാം ഗ്രന്ഥം നൽകിയിട്ട് മുറപ്രകാരം അതിനെ പാരായണം ചെയ്യുന്നവരാരോ അവർ അതിൽ വിശ്വസിക്കുന്നു." (2: 121)

പാരായണത്തിനപ്പുറം അർഥതലങ്ങളുൾക്കൊള്ളാൻ കഴിയണമെന്നും ക്രിയാമുഖം നൽകി ജീവിതത്തിലാവിഷ്കരിക്കാൻ സാധിക്കണമെന്നും വേദഗ്രന്ഥം നിഷ്കർഷിക്കുന്നു.

"അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ?" (4: 82)

"അവർ ഈ വചനത്തെക്കുറിച്ച് ചിന്തിച്ചിട്ടില്ലേ?" (23: 68)

"നാം നിനക്ക് അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമാണിത്. അവർ ഇതിലെ വചനങ്ങൾ ചിന്തിച്ചു മനസ്സിലാക്കാനും ബുദ്ധിമാന്മാർ ഉപദേശം കരസ്ഥമാക്കാനും വേണ്ടി." (38: 29)

"അവർ ഈ ഖുർആനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ പൂട്ടപ്പെട്ടു പോയോ?"(47: 24)

മറ്റു മതഗ്രന്ഥങ്ങൾ, അനുസരിക്കാനും അനുവർത്തിക്കാനും അനുധാവനം ചെയ്യാനും മാത്രമാവശ്യപ്പെടുമ്പോൾ, ഒരു മതദർശനത്തിന്റെ സാധാരണ പ്രകൃതത്തിൽനിന്ന് വ്യതിരിക്തമായി ഖുർആൻ വിശ്വാസികളോട് ചിന്തിക്കാനാണാവശ്യപ്പെടുന്നത്. പാരായണത്തിനും വിചിന്തനത്തിനുമപ്പുറം ജീവിതത്തെ ഖുർആനികമായി ചിട്ടപ്പെടുത്താനും രൂപപ്പെടുത്താനും നവീകരിക്കാനും വേദഗ്രന്ഥം ആവശ്യപ്പെടുന്നു.

"നാം ഇറക്കിയ അനുഗൃഹീത ഗ്രന്ഥമാണിത്. അതുകൊണ്ട് നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനായി നിങ്ങൾ അതിനെ പിൻപറ്റുകയും ദോഷബാധയെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യുക." (6: 155)

"വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുകയും എന്നിട്ട് അതിൽ ഉത്തമമായതിനെ പിന്തുടരുകയും ചെയ്യുന്നവരത്രെ അവർ. അവരെയാണ് അല്ലാഹു നേർമാർഗത്തിൽ നയിച്ചിരിക്കുന്നത്; ബുദ്ധിമാന്മാരും അവർതന്നെ." (39: 18)

"നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വരുന്നതിനു മുമ്പേ നിങ്ങളുടെ നാഥനിൽനിന്നു അവതരിപ്പിക്കപ്പെട്ട ഏറ്റവും നല്ലതിനെ നിങ്ങൾ പിന്തുടർന്നുകൊള്ളുക." (39: 55)

ദൈവദത്തമായ വരിഷ്ട വചനങ്ങളുടെ സമാഹാരം മാത്രമല്ല, വിശിഷ്ട ജീവിതരീതിയുടെ പ്രാമാണിക രേഖകൂടിയാണ് ഖുർആൻ. മാനസികമായ ഒരുതരം വ്രതവിശുദ്ധിയോടെ വേണം ഖുർആനെ സമീപിക്കാൻ.

"അതിനാൽ നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്നും അല്ലാഹുവിൽ അഭയം തേടുക." (16: 98)

ഒരാളുടെ ഖുർആൻ പാരായണം മറ്റുള്ളവർക്ക് അലോസരമുണ്ടാക്കാതിരിക്കാൻ ജാഗ്രത പാലിക്കണം. എപ്പോൾ ഖുർആൻ ചൊല്ലിക്കേൾക്കുന്നുവോ അപ്പോൾ നിശ്ശബ്ദരായി അതിന്റെ ആശയതലം ശ്രദ്ധിക്കണം(7: 204). സാവധാനം, ക്രമീകൃതമായി, ലയാനുവിദ്ധമായി പാരായണം ചെയ്യണം. ഓരോ വാക്കും ഓരോ അക്ഷരവും സ്ഫുടമായി ഉച്ചരിക്കണം. മനസ്സിലാക്കാൻ കഴിയുമാറ് ലളിതമായാണ് ഖുർആൻ രൂപപ്പെടുത്തിയത്. അർഥമറിയാതുള്ള കേവല ശബ്ദോച്ചാരണം വിഫലമാണ്. അറബിഭാഷ അറിയില്ലെങ്കിൽ നല്ല പരിഭാഷയെയോ വ്യാഖ്യാനത്തെയോ അവലംബിക്കാവുന്നതാണ്. അർഥതലം ഉൾക്കൊള്ളാൻ കഴിയണം എന്ന നിഷ്കർഷയാണ് അതിനു പിന്നിലുള്ളത്.

പൂർവവേദങ്ങളിലെ അടിസ്ഥാനാശയങ്ങളുടെ അർക്കീകരണവൃത്തിയാണ് ഖുർആനിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടത്. പുനരാവർത്തനമല്ല, ഓരോന്നുമെടുത്ത് ഊന്നിപ്പറയുകയുമല്ല; പലതിലുമായി പരന്നുകിടക്കുന്നതിനെ സമാഹരിച്ച് സമന്വയിപ്പിക്കുന്ന ഒരു വിശേഷ ഗ്രന്ഥം അനിവാര്യമാണെന്നു വന്നപ്പോൾ ഗിരിശിഖരം പോലെ അത്യുന്നതമായി, പാരാവാരം കണക്കെ വിശാലതയാർന്ന് കിടക്കുന്ന മഹാശയങ്ങളെ സംക്ഷേപിച്ച് അവതരിപ്പിക്കേണ്ടത് അനുപേക്ഷണീയമാണെന്നുവന്നപ്പോൾ, ഖുർആൻ പിറവിയെടുത്തു. സാർവജനീനവും സാർവകാലികവുമായ ഒരു മഹാ ദൗത്യത്തിന്റെ നിർവഹണമാണത്. മറ്റുള്ള വേദങ്ങളെല്ലാം, അവയോട് ആദരവ് സൂക്ഷിച്ചുകൊണ്ടുതന്നെ പറയട്ടെ, കാലതലത്തിൽ പരിസീമിതവും പരിമിതപ്രകൃതവുമായ ജനപദങ്ങളിൽ ഒതുങ്ങിനിൽക്കുന്നവയും ആണ്. സാർവലൗകികവും സാർവകാലികവുമായ ഒരു വിശ്വദർശനത്തിന്റെ മുഖപ്രകൃതവും ഹൃദയഭാവവും ആ വരിഷ്ടഗ്രന്ഥത്തിൽ നാം ആദ്യമായി പരിചയപ്പെടുകയാ

ണ്. മറ്റൊരു വേദപുസ്തകം ആവശ്യമില്ലാത്തവിധം മനുഷ്യമനസ്സുകൾക്കു മുമ്പിൽ മാർഗദർശകമായും വെളിച്ചമായും ഖുർആൻ വിരാജിക്കുന്നു.

ഖുർആൻ, 23 വർഷക്കാലത്തെ സാമൂഹ്യമാറ്റത്തിന്റെ സുവർണരേഖയാണ്. അത് സകല മതങ്ങളെയും സഹിഷ്ണുതയോടെ കാണുന്നു. ദൈവത്തിന് പകരക്കാരില്ല; ഉപദേവതകളില്ല; പൗരോഹിത്യത്തെ പരിപൂർണമായും വർജിക്കുന്നു. ഭൗതിക-അഭൗതിക വേർതിരിവുകളില്ല. ഇഹപരങ്ങളെ അഭിന്നങ്ങളായി കരുതുന്നു. ദൈവസ്നേഹത്തിന്റെ ക്രിയാത്മകരൂപമായി സമൂഹസേവനത്തെ കാണുന്നു. തൗഹീദ് അംഗീകരിക്കാതിരിക്കലും വിശന്നുവരുന്നവന് ആഹാരം കൊടുക്കാതിരിക്കലുമാണ് കൊടിയപാപം എന്ന് കരുതുന്നു. ഇസ്‌ലാമിന്റെ ദൈവസങ്കൽപം അവക്രമാണ്. സാഹോദര്യത്തോടും കുടുംബ ബന്ധങ്ങളോടും ഇസ്‌ലാം സംസ്കൃതിക്കുള്ള പ്രതിബദ്ധത അന്യാദൃശം. മദ്യത്തിനും മയക്കുമരുന്നിനും എതിരെ ഇത്രമേൽ കർശനമായ നിഷ്ഠയും നിഷ്കർഷയും സൂക്ഷിക്കുന്ന മറ്റൊരു മതദർശനമില്ല. കുലമഹിമക്കും വർഗീയ മേധാവിത്വത്തിനുമെതിരെ ഇസ്‌ലാം വിട്ടുവീഴ്ചക്കില്ല.

എല്ലാതരം വിവേചനങ്ങളുമായി ഇസ്‌ലാം വിയോജിക്കുന്നു. സ്ത്രീക്ക് പുരുഷനൊപ്പം സമൂഹതലത്തിൽ സ്വാതന്ത്ര്യമനുവദിക്കുന്നു. ഇസ്‌ലാമികദർശനത്തിനും ഭീകരവാദത്തിനുമിടയിൽ സഹവർത്തനം സാധ്യമല്ലെന്ന് വേദഗ്രന്ഥം വ്യക്തമാക്കുന്നു.

# ഖുർആന്റെ അമാനുഷികത

സൃഷ്ടികളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഉത്കൃഷ്ട സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യർക്കിടയിൽനിന്ന് ദൈവം ഒരാളെ തെരഞ്ഞെടുത്ത് പ്രവാചകത്വം ഏൽപിക്കുന്നു. ദൈവം ഏൽപിച്ച അറിവുകളും അതിന്റെ പാലന ലംഘനങ്ങളിൽ അനിവാര്യമായും അനുഭവപ്പെടുന്ന ഭാഗ്യനിർഭാഗ്യങ്ങളും മനുഷ്യരാശിയെ അറിയിക്കാനാണ് അവർക്കിടയിൽനിന്ന് പ്രവാചകന്മാരെ തെരഞ്ഞെടുക്കുന്നത്. അറിയിക്കപ്പെടുന്നത് ദൈവഹിതങ്ങളും ദൈവാഭിലാഷങ്ങളും ദൈവനിശ്ചയങ്ങളുമാകുന്നു. ഇത് ദൈവം നേരിലല്ല, പ്രവാചകൻമാർ മുഖാന്തിരമാണ് മനുഷ്യരാശിക്കെത്തിക്കുന്നത്. ഈ എത്തിക്കലിനെയാണ് 'വഹ്‌യ്' അഥവാ വെളിപാട് എന്നു പറയുന്നത്. വെളിപാട് എല്ലാ നേരങ്ങളിലും, നിരന്തരമായി, ഇടതടവില്ലാതെ, അനുസ്യൂതമായി, നിലക്കാത്ത പ്രവാഹംപോലെ ആജീവനാന്തം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമല്ല. ചിലപ്പോഴാണതനുഭവപ്പെടുക. 'ഹിറാ'യിലെ മഹാനുഭവം കഴിഞ്ഞ് മൂന്ന് വർഷത്തെ ഇടവേളക്കു ശേഷമാണ് രണ്ടാമതൊന്നുണ്ടാവുന്നത്. അപൂർവസന്ദർഭങ്ങളിലെ അനർഘാനുഭവങ്ങളാണ് വെളിപാടുകൾ.

സകലാധിനാഥനായ ദൈവം മുഹമ്മദിനും മറ്റുള്ളവരെപ്പോലെ, വേറിട്ട ജീവിതമനുവദിച്ചിട്ടുണ്ടെങ്കിലും വെളിപാടുവേളയിൽ മുഹമ്മദിന്റെ, വൈയക്തികങ്ങളായ ഹിതാഹിതങ്ങളൊന്നും അവിടെ മുഖംകാട്ടിയിരുന്നില്ല. അന്നേരം പ്രവാചകന്റെ അന്തരിന്ദ്രിയങ്ങളാകെ സ്പന്ദിക്കുന്നത് ദൈവത്തിന്റെ ഹിതാനുസാരം മാത്രം. വെളിപാടുകാല ജീവിതവേളതന്നെ തീർത്തും ദൈവാധീനമാണ്. വെളിപാടനുഭവങ്ങളിൽനിന്ന് മുക്തി നേടുമ്പോഴാണ് പ്രവാചകന്റെ വ്യക്തിജീവിതമാരംഭിക്കുന്നത്. പ്രവാചകത്വം കൈവന്ന ഒരു മഹാപുരുഷന് തന്റെ വ്യക്തിജീവിതത്തെയും വ്രതവിശുദ്ധിയോടെ സൂക്ഷിക്കാനുള്ള ബാധ്യതയുണ്ട്. ജനങ്ങളുടെ ബോധ്യത്തിനും മതിപ്പിനും മമതക്കും വേണ്ടിയാണത്. അതുകൊണ്ട് തന്നിലൂടെ പ്രവചനങ്ങളായി ആവിഷ്കരിക്കപ്പെടുന്ന മാതൃകാമഹത്വങ്ങളെ തന്റെ വ്യക്തിജീവിതത്തിലേക്ക് ക്രിയാമുഖം നൽകിയവതരിപ്പിക്കാൻ മുഹമ്മദിന് സാധിച്ചിട്ടുണ്ട്.

അതുകൊണ്ടാണ് മുഹമ്മദിന്റെ വ്യക്തിജീവിതത്തിലെ വെളിപാടുകാലമൊഴിച്ചുള്ള തീർത്തും വ്യക്തിപരമായ ജീവിതത്തിലെ സ്വരചലനങ്ങൾ പോലും പഠനീയങ്ങളും അനുകരണീയങ്ങളുമാണെന്ന നിലയിൽ ഹദീസുകളിലും സുന്നത്തുകളിലും അനുസരിക്കപ്പെടുന്നത്. ഹദീസുകളും സുന്നത്തുകളും ദൈവാനുഗ്രഹത്തോടെ സാധിച്ച മുഹമ്മദീയ പ്രതിഭാസങ്ങളാണ്. സ്വാഭാവികമായും അവയിലാരും അമാനുഷികതയന്വേഷിക്കാറില്ല; അതൊരു സാധാരണ മനുഷ്യന്റെ സ്വരചലനങ്ങളാണ്. അതോടൊപ്പം ദൈവഹിതത്തിന്നനുസൃതവും.

പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പാണത്. അന്ന് അറേബ്യ അപരിഷ്കൃതിയുടെ ഒരു പ്രാകൃത ഭൂതലമായിരുന്നു. കാട്ടറബികളുടെയും ഒട്ടകസംസ്കാരത്തിന്റെയും നാട്. അക്ഷരം പഠിക്കാനുള്ള പ്രാഥമിക വിദ്യാലയങ്ങൾ പോലുമില്ലാത്ത നാട്!

ഒരാൾ രംഗത്തുവന്നു. ചുറ്റുമുള്ളവരോടും സമൂഹത്തോടാകെയും അദ്ദേഹം സംസാരിച്ചു. അദ്ദേഹത്തിന്റെ വാക്കുകളിൽ സ്വരതീവ്രതയും കണ്ണുകളിൽ പ്രതീക്ഷയും ചുവടുവെപ്പിൽ മനക്കരുത്തും കാണാമായിരുന്നു. വഴിതിരുത്താനും ലക്ഷ്യം തെളിച്ചുകാട്ടാനും അദ്ദേഹം സാഹസികത കാണിച്ചു. പുതിയൊരു ഭൂമിക്കും പുതിയൊരാകാശത്തിനുംവേണ്ടി അദ്ദേഹം സംസാരിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ സമൂഹമാകെ ശ്രദ്ധിച്ചു. ചിലർ അമർഷംകൊണ്ട് പല്ലിറുമ്മി. മറ്റുചിലർക്ക് ആ വാക്കുകൾ ചന്ദനലേപനം പോലെ കുളിർമ നൽകി. വ്യക്തികളെയും സമൂഹത്തെയും അടിമുടി മാറ്റിയെടുത്ത്, അഖിലാധിനാഥനായ അല്ലാഹുവിന്റെ തിരുസന്നിധിയിലേക്ക്, ലക്ഷ്യോന്മുഖമായി നീങ്ങുന്ന നല്ലവരുടെ ഒരു പുതിയ ലോകം അദ്ദേഹം സ്വപ്നം കണ്ടു. വാഗ്ദാനം ചെയ്തു. അതിന്നുള്ള ചുവരൊത്ത ഒരു പ്രത്യയശാസ്ത്രം ആ നിരക്ഷരന്റെ കൈയിലുണ്ടായിരുന്നു. ആദ്യമാദ്യം പ്രയാസങ്ങളുടെ കൊടുങ്കാടുകളും ഗിരിശൃംഗങ്ങളും താണ്ടേണ്ടിവന്നുവെങ്കിലും ഏറെ വൈകാതെ തെളിഞ്ഞ പ്രഭാതം അദ്ദേഹത്തെ വരവേൽക്കാനെത്തി. ഇരുപത്തിമൂന്ന് വർഷംകൊണ്ട് ഒരു ജനപദത്തെയാകെ സ്വാധീനിക്കാനും തന്റെ കൈയിലെ പ്രത്യയശാസ്ത്രത്തിനും പ്രതീക്ഷക്കുമനുസരിച്ചുള്ള ഒരു ധീരനൂതനസമൂഹം വാർത്തെടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. പതിനാലു നൂറ്റാണ്ടുകൾ പിന്നിട്ടെത്തിയ ആ ദർശനം, സകല വിപ്ലവ ദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും നടുവൊടിഞ്ഞുകിടക്കുന്ന ഇന്നും മാനസികവും സാമൂഹികവുമായ പരിവർത്തനത്തിനുള്ള ചാലകശക്തിയായിത്തന്നെ വർത്തിക്കുന്നു.

അക്ഷരപരിജ്ഞാനം പോലുമില്ലാത്ത അപ്രശസ്തനും സാധാരണനുമായ ഒരാളിലൂടെ ആവിഷ്കരിക്കപ്പെട്ട ഒരു ജീവിതപദ്ധതി എങ്ങനെ സകലമാന വിഷയസ്പർശിയായി, സർവകാലജനമനസമാശ്ലേഷിയായി പരി

ണമിച്ചു എന്നാണ് വിചാരമതികൾപോലും വിസ്മയിക്കുന്നത്.

പതിനാല് നൂറ്റാണ്ടുകൾക്കുമുമ്പ് ജാഹിലിയ്യാകാലമെന്ന് ചരിത്രം കുറിച്ചിട്ട ഒരു കാലത്ത് ജ്ഞാനവിജ്ഞാനങ്ങളുടെ നേർത്ത സ്ഫുരണം പോലും അന്യമെന്ന് പറയാവുന്ന ഒരു നാട്ടിൽ ഒരു ദർശനസമുച്ചയം അവതീർണമായപ്പോൾ അതിനെച്ചൊണ്ടി വിമർശനങ്ങളും അപവാദങ്ങളുമുയർന്നപ്പോൾ, അതിനെയെടുത്ത് നെഞ്ചോട് ചേർത്ത് "നിങ്ങളെല്ലാം ഒരുമിച്ചുകൂടിയാലും ഇതിലുള്ളതുപോലൊരധ്യായം കൊണ്ടുവരാൻ സാധ്യമല്ലെ"ന്ന് പറഞ്ഞപ്പോൾ അതൊരു വെല്ലുവിളിയായിക്കണ്ട്, അതിനെ നേരിട്ട് മുന്നോട്ടുവരാൻ ആരും ധൈര്യംകാണിച്ചില്ല. ഖുർആന്റെ വെല്ലുവിളി ആ കാലഘട്ടത്തിലെ ഹൃദയങ്ങളെ തീർത്തും അസ്വസ്ഥമാക്കിയെങ്കിലും അവർക്കവിടെ, നിസ്സഹായതയുടെ നിശ്ശബ്ദത സൂക്ഷിക്കാനേ സാധിച്ചുള്ളൂ. അന്ധവും മൂഢാചാരബദ്ധവുമായ സാഹിതീയ പ്രവർത്തനങ്ങൾ അന്നുമുണ്ടായിരുന്നുവെങ്കിലും ആ വെല്ലുവിളിക്കു മുമ്പിൽ പത്തിമടക്കിയിരിക്കാനേ അവർക്ക് കഴിഞ്ഞുള്ളൂ. സാഹിത്യമെന്നത് പദ്യം മാത്രമാണെന്ന് കരുതിപ്പോന്ന അന്ന് ഖുർആൻ എന്ന ഗദ്യഗ്രന്ഥത്തെ സർവോത്കൃഷ്ട സാഹിത്യശിൽപങ്ങളുടെ ജ്വലിക്കുന്ന മാതൃകയായി അംഗീകരിക്കാൻ ആ കാലഘട്ടം തയ്യാറായി. "ഇതുപോലൊന്നു രചിക്കാൻ നിങ്ങൾക്ക് സാധ്യമല്ല, എന്നാൽ എനിക്കും വയ്യ" എന്നും "നിങ്ങളെ വിസ്മയത്തിന്റെ നീർക്കയത്തിലമർത്തി മുക്കിക്കളഞ്ഞ ഈ പുസ്തകം എന്റേതുമല്ല" എന്നുമുള്ള പ്രവാചകവചസ്സുകൾ ഒരു മഹാസത്യത്തെ തെളിച്ചുകാട്ടുകയായിരുന്നു. അത് ആ ഗ്രന്ഥത്തിന്റെ അമാനുഷികതയല്ലാതെ മറ്റൊന്നുമായിരുന്നില്ല. "നാം അതിറക്കി. നാം തന്നെ അത് സംരക്ഷിക്കുകയും ചെയ്യും" എന്ന ദൈവവചനംകൂടി പ്രവാചകനിലൂടെ നാമറിഞ്ഞപ്പോൾ, മൂലഗ്രന്ഥരചയിതാവല്ല താനെന്നും ഗ്രന്ഥത്തിന്റെ -വെളിപാടുവചസ്സുകളുടെ- പ്രകാശനദൗത്യം മാത്രമേ താൻ നിർവഹിക്കുന്നുള്ളൂവെന്ന് അദ്ദേഹം വ്യക്തമാക്കുകയായിരുന്നു.

നബിയുടെ പിതൃവ്യനും സന്തതസഹചാരിയുമായിരുന്ന ഹംസയെ വഹ്ശി ചതിയിൽ എറിഞ്ഞുവീഴ്ത്തുകയും ഹിന്ദ് മൃതദേഹം കുത്തിക്കീറി കരൾ പിഴുതെടുത്ത് ചവച്ചുതുപ്പുകയും ചെയ്തു. വിവരമറിഞ്ഞ നബിയുടെ ഹൃദയം വെന്തുരുകി എന്നത് സ്വാഭാവികം. എന്നിട്ടും വേദഗ്രന്ഥത്തിൽ വഹ്ശിക്കും ഹിന്ദിനും നേരെ അമർഷവും ശാപവചസ്സുകളുമൊന്നുമുണ്ടായില്ല. എന്തുകൊണ്ട്? മറക്കാനാവാത്ത തീവ്രദുഃഖത്തിന്റെ ബദ്റും ഉഹുദും കരവരച്ചൊരുക്കിയ കശ്മലനായ അബൂസുഫ്യാനെതിരെ വേദഗ്രന്ഥം നിശ്ശബ്ദത പാലിച്ചു. എന്തുകൊണ്ട്? വെളിപാടു വചസ്സുകളുടെ കാരകന് എല്ലാം അറിയുന്നതുകൊണ്ട്. പശ്ചാത്താപത്തിന്റെ എരിതീയിൽ വെന്തുരുകി, അല്ല ശുദ്ധിക്ക് വിധേയരായി, നാളെ അവരെല്ലാം സത്യവേദത്തിലേക്ക് തിരിച്ചെത്തുമെന്ന് വേദഗ്രന്ഥത്തിന്റെ വിധാതാവിനറിയാമായിരുന്നു. ആ സമഗ്ര

ദർശനം പ്രവാചകനായാലും മനുഷ്യബുദ്ധിക്ക് അപ്രാപ്യമാണ്.

എന്നാൽ ക്രൂരനായ അബൂലഹബിനെക്കുറിച്ച് ഖുർആൻ ഇങ്ങനെ പറഞ്ഞു: "അബൂലഹബിന്റെ ഇരുകൈകളും നശിച്ചു. അവനും തുലഞ്ഞു. അവന്റെ സ്വത്തും അവനാർജിച്ചവയുമൊന്നും അവന്റെ രക്ഷക്കെത്തിയില്ല. ആളിക്കത്തുന്ന നരകത്തീയിൽ അവൻ കത്തിയെരിയും; അവന്റെ ഭാര്യയും..."(111: 1-4). അബൂലഹബ് പശ്ചാത്തപിച്ചില്ല. പശ്ചാത്താപത്തിന്റെ പവിത്രഭൂമിയിലേക്ക് കടക്കാൻ അയാൾ തയ്യാറല്ലെന്ന് ദീർഘദർശനം ചെയ്യാൻ വേദഗ്രന്ഥത്തിന്റെ കർത്താവിന് കഴിഞ്ഞു എന്നറിയുമ്പോൾ, അവിടെ അമാനുഷികതയുടെ പരിവേഷമുണ്ട്.

ഖുർആൻ 114 അധ്യായങ്ങളുള്ള ഒരു ബൃഹദ്ഗ്രന്ഥമാണ്. സ്വാഭാവികമായും ആരും പ്രതീക്ഷിക്കുന്ന, ഗ്രന്ഥകാരന്റെ വ്യക്തിജീവിതത്തിലൂന്നിയ ആത്മകഥാപരമായ പരാമർശം അതിലൊരിടത്തും കാണുന്നില്ല. മനുഷ്യസാധാരണമായ പ്രകൃതത്തെയും ദൗർബല്യങ്ങളെയും അതിജീവിക്കാൻപോന്ന, അമാനുഷികതയുടെ-കരവിലാസം ഇവിടെ കാണുന്നതിൽ അസാംഗത്യമുണ്ടാകുമോ?

വജ്രകിരണങ്ങൾ പോലെ തീക്ഷ്ണശോഭികളായ അനേകം സ്ത്രീരത്നങ്ങളുണ്ട് ഇസ്ലാമിന്റെ വിശാലവീഥിയിൽ. എന്നാൽ ഖുർആൻ ചൂണ്ടിക്കാട്ടിയ മാതൃകാവനിതകൾ ഈസാനബിയുടെ മാതാവ് മർയവും ഫറോവയുടെ ഭാര്യയും മാത്രമായിരുന്നു. എന്തുകൊണ്ട് മുഹമ്മദിന്റെ മനസ്സിൽ മതിപ്പുകൂടിയ ഖദീജയും ആഇശയും മകൾ ഫാത്വിമയുമൊന്നും ആ നിരയിൽ വന്നില്ല?

ഒരടിമയായിരുന്ന സൈദിന്റെ പേരെടുത്തുപറഞ്ഞ ഖുർആനിൽ എന്തുകൊണ്ട് പ്രവാചകപത്നിമാരിൽ ആരുടെയെങ്കിലുമോ മക്കളിൽ ആരുടെയെങ്കിലുമോ സാത്വികതയുടെ നിദർശനമായ അബൂബക്കറിന്റെയോ കർമയോഗിയായ ഉമറിന്റെയോ ഉസ്മാൻ, അലി-ഇവരിലാരുടെയെങ്കിലുമോ പേരെടുത്തുപറഞ്ഞില്ല? മുഹമ്മദിന്റെ ഹിതാഹിതങ്ങളാണ് ഗ്രന്ഥരചനയിലെ സ്വാധീനഘടകങ്ങളെങ്കിൽ സ്വാഭാവികമായും അങ്ങനെ വരുമായിരുന്നില്ലേ?

അളവറ്റ ശാസ്ത്രീയപരാമർശങ്ങളുണ്ട് വേദഗ്രന്ഥത്തിൽ. ആ കാലഘട്ടത്തിന് അപ്രാപ്യവും എന്നാൽ ഇന്ന് തെളിഞ്ഞുകൊണ്ടിരിക്കുന്നതുമായ പരശ്ശതം ശാസ്ത്രസിദ്ധാന്തങ്ങൾ! പതിനെട്ടാം നൂറ്റാണ്ടിനുശേഷം വികാസവൃദ്ധികളെ വാരിപ്പുണരാൻ തുടങ്ങിയ വിജ്ഞാനവിസ്മയങ്ങളെക്കുറിച്ച്, ഏഴാം നൂറ്റാണ്ടിലിരുന്നുകൊണ്ട് വിശകലനം ചെയ്യാൻ കഴിഞ്ഞ വേദഗ്രന്ഥത്തെ നോക്കി അസാധാരണം, അമാനുഷികം എന്നെല്ലാം സവിസ്മയം പറഞ്ഞുപോകുന്നത് സ്വാഭാവികമല്ലേ?

ഖുർആന്റെ സർവാതിശായിത്തങ്ങളിലൊന്ന് വിശ്രുതമായ വിജ്ഞാന വിശകലനവും വ്യാപനവുമാണ്; അന്ന് വികസിതമായിക്കഴിഞ്ഞിട്ടില്ലാത്ത വിവിധങ്ങളായ വിജ്ഞാനശാഖകളെക്കുറിച്ചും ഇന്നും കണ്ടെത്തിക്കഴിഞ്ഞിട്ടില്ലാത്ത അത്യന്തം സങ്കീർണമായ വൈജ്ഞാനിക സമസ്യകളുടെ വിശകലനം സംബന്ധിച്ചും തെളിഞ്ഞ പരാമർശങ്ങൾ വേദഗ്രന്ഥത്തിലുണ്ട്. അതിനു മുന്നിൽ അക്കാലത്തെ, ആ രംഗങ്ങളിലെ അതികായന്മാരായ റോമക്കാരും ഗ്രീക്കുകാരും ഇറാൻകാരുമൊക്കെ വിസ്മയംകൂറി നിന്നു. ശാസ്ത്രത്തിന്റെ അധുനാതനങ്ങളായ കണ്ടെത്തലുകളിൽ പലതും പതിനാല് നൂറ്റാണ്ടുകൾക്കുമുമ്പ് വെളിപാടുവചസ്സുകളായിപ്പിറന്ന് വേദഗ്രന്ഥത്തിൽ പ്രഭാവം ചൊരിഞ്ഞുനിൽക്കുന്നുണ്ടെന്ന വസ്തുത വിസ്മയജനകം തന്നെ. ഇതേക്കുറിച്ചുള്ള സൂക്ഷ്മാവലോകനം നമ്മെ എവിടെ കൊണ്ടെത്തിക്കും? മുഹമ്മദിന്റെ വൈജ്ഞാനിക പ്രാഗത്ഭ്യമാണത് എന്ന മറുപടി നമ്മെ തൃപ്തിപ്പെടുത്തുമോ? മുഹമ്മദിലൂടെ ആവിഷ്കൃതമായ ഈ വിസ്മയപ്രതിഭാസത്തിനുപിന്നിൽ അല്ലാഹുവിന്റെ സബോധസാന്നിധ്യം നാമറിയുന്നുവെങ്കിൽ, അവിടെയായിരിക്കും സത്യം സൗരഭ്യം പരത്തുന്നത് എന്ന് മനസ്സിലാക്കാനാവും.

ഖുർആനിൽ അമാനുഷികവൃത്തി (മുഅ്ജിസത്ത്) എന്ന വിശേഷപദമില്ല. ഹദീസുകളിലും ഇല്ലെന്നാണറിവ്. എന്നാൽ ദൃഷ്ടാന്തം, തെളിവ് എന്നീ പദങ്ങൾ പലവുരു പ്രയോഗിച്ചതായും കാണാം. ഈ പദങ്ങൾ വിരൽചൂണ്ടുന്നത് അമാനുഷികതയുടെ സവിശേഷതയിലേക്കാണ്. പ്രവാചകൻമാർക്ക്, സമൂഹത്തിൽ പ്രത്യേക ദൗത്യനിർവഹണം സാധിക്കാനുണ്ടെങ്കിലും–അതിനാവശ്യമായ ദൈവദത്തമായ ശക്തിസിദ്ധികളുണ്ടെങ്കിലും– ദൈവഹിതത്തെയും പ്രകൃതിനിയമങ്ങളെയും അതിലംഘിക്കുവാൻ കഴിയുകയില്ലെന്നതാണ് സത്യം; കഴിയുമെന്ന ധാരണപോലും ഇസ്‌ലാമിക സംസ്കൃതിയുടെ അടിസ്ഥാനഭാവങ്ങളുടെ നിഷേധമാണ്. പ്രബോധിപ്പിക്കാനും മുന്നറിയിപ്പ് നൽകാനുമുള്ള ബാധ്യതാ നിർവഹണമാണ് പ്രവാചകൻമാർ സാധിക്കുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ അവരുടെ വചനപ്രവൃത്തികളിൽ അസാധാരണത്വം അഥവാ അമാനുഷികത അഭിദർശിക്കപ്പെട്ടു എന്നുവരാം. അതുതന്നെ സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹമൊന്നുകൊണ്ടു മാത്രവുമാണ്. ദൈവദത്തമായ ശക്തിയുടെ പ്രകാശനമാണത്. അവിടെയും പ്രവാചകൻ ദൗത്യനിർവാഹകനും ദൈവാഭീഷ്ടങ്ങളുടെ സംവാഹകനുമാണ്.

തെളിമേഘത്തിൽനിന്ന് മഴപൊഴിയുമ്പോഴും എരിതീയിൽനിന്ന് കുളിർനാമ്പ് കിളിർക്കുമ്പോഴും പാഴ്ച്ചെളിക്ക് സുരസൗരഭ്യമനുഭവപ്പെടുമ്പോഴും ഒന്നുമില്ലായ്മയിൽനിന്ന് സമൃദ്ധി വർഷിക്കുമ്പോഴും വിസ്മയം കൊള്ളുന്ന മനുഷ്യമനസ്സ് സമാശ്വാസം കൊള്ളുന്നത് സർവേശ്വരന്റെ വിലാ

സലാസ്യങ്ങൾ എന്ന് കരുതിക്കൊണ്ടാണ്. സാമാന്യസമൂഹത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു സാധാരണ മനുഷ്യനിലൂടെ-പ്രവാചകനിലൂടെ-പ്രകാശിതമാവുന്നതെല്ലാം ദൈവികപ്രതിഭാസങ്ങളാണെന്ന വസ്തുത തീർത്തും യുക്തിസഹമാണ്. അടിസ്ഥാനദർശനം ഒന്നുമാത്രം. ദൈവത്തിന്റെ ആശയസംവാഹകരാണ് പ്രവാചകൻമാർ. ഏൽപിക്കപ്പെടുന്നത് അന്യൂനം, യഥാർഹം എത്തിക്കുന്നവരാണവർ. കൂട്ടാനും കുറക്കാനും സാഹസികത കാണിക്കാതെ, ദൈവദത്തമായത് നമുക്കിടയിലെത്തിക്കുവാൻ മാത്രം വിധിക്കപ്പെട്ട ധർമനിഷ്ഠരായ കർമപാലകരാണവർ. അവരുടെ ശാരീരികവും ബൗദ്ധികവുമായ കരുത്തും കഴിവുമൊന്നും ഇവിടെ പ്രശ്നമല്ല. ആശയസംവാഹകർക്ക് അനുപേക്ഷണീയമെന്ന് നാം കരുതുന്ന അക്ഷരജ്ഞത പോലും ഇവിടെ പരിഗണിക്കപ്പെടുന്നില്ല. സാകല്യേന സാധിക്കുന്ന ദൈവബോധ്യമാണിവിടെ കാര്യം. പ്രവാചകരത്നമെന്ന് നമ്മുടെ ഹൃദയം കീർത്തിക്കുന്ന മുഹമ്മദിന്റെ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ കോളത്തിൽ നാം കാണുന്ന പദം നിരക്ഷരത എന്നാണ്. സാകല്യേനയുള്ള ദൈവികബോധ്യമാണ് തെരഞ്ഞെടുപ്പിനാധാരം എന്നു മാത്രം കരുതുക.

ലോകജീവിതത്തിന് മനുഷ്യനെയിറക്കുന്നത് ദൈവമാണ്. പാഥേയം പോലും ദൈവം അവന് നൽകുന്നു. ജീവിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമാണ് ദൈവനിശ്ചയത്തിന്റെ വൈചിത്ര്യവും വിസ്മയപ്രകൃതവും മനുഷ്യനറിയുന്നത്. പ്രവാചകത്വവും ഇതിൽനിന്ന് വ്യത്യസ്തമല്ല. ആണ്ടിറങ്ങി നോക്കാനും നീണ്ടുകണ്ടറിയാനും കഴിയാത്ത ഹ്രസ്വദൃഷ്ടികളാണ് നമ്മൾ. അതുകൊണ്ടാണ് മനുഷ്യനിൽതന്നെ ദൈവം നടപ്പാക്കാനുദ്ദേശിക്കുന്ന കർമപരിപാടികൾ മുമ്പേ കണ്ടറിയാൻ നമുക്ക് കഴിയാതെപോകുന്നത്.

പ്രവാചകത്വം ദൈവദത്തമാണ്. അത് ലഭിക്കുന്നവർ അതിനായി വളർത്തപ്പെടുന്നു. ഇത് ബോധ്യപ്പെടുത്താൻ പോരുന്ന നിരവധി സൂചനകളും തെളിവുകളും മുഹമ്മദ് നബിയുടെ ജീവിതത്തിൽ നമുക്ക് കണ്ടെത്താൻ കഴിയും.

– കുട്ടി പിറന്നപ്പോൾതന്നെ അവനെ വാരിയെടുത്ത് പിതാമഹൻ അബ്ദുൽ മുത്ത്വലിബ് പള്ളിയിലേക്കോടി. ഭൂമിയിലും ആകാശത്തിലും ശ്ലാഘിക്കപ്പെടുന്നവനാവട്ടെ എന്ന് പ്രാർഥിച്ചു. അസാധാരണമാംവിധം 'മുഹമ്മദ്' എന്ന് നാമകരണം ചെയ്തു.

– ഒരിക്കൽ കുട്ടിയോടൊപ്പം പള്ളിയുടെ മുറ്റത്തിരിക്കുകയായിരുന്ന അബ്ദുൽ മുത്ത്വലിബിനോട് ഒരു സന്യാസി, കുട്ടിയെ ശ്രദ്ധിക്കണം മറിച്ചായാൽ അപകടം എന്നറിയിച്ചു.

– മുഹമ്മദിന്റെ സാന്നിധ്യമുണ്ടായപ്പോൾ ഹലീമയുടെ ഭവനത്തിലനുഭവപ്പെട്ട വിശേഷാനുഭവങ്ങൾ.

– 12–ാം വയസ്സിൽ അബൂത്വാലിബിനോടൊപ്പം മുഹമ്മദ് സിറിയയിലേക്ക് പോയപ്പോൾ ഒരു ക്രൈസ്തവസന്യാസി വന്ന് കുട്ടിയെ നന്നായി ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടു.

– നൊസ്റ്റോറാം ആശ്രമത്തിൽ, മുഹമ്മദിന്റെ സാന്നിധ്യത്തിൽ ചില അസാധാരണ സംഭവങ്ങളുണ്ടായി.

– ഹജറുൽ അസ്വദിന്റെ പുനർവിന്യാസ സൗഭാഗ്യം മുഹമ്മദിന് കൈവന്നു.

– ഹിറയിലെ മഹാനുഭവം ഖദീജ വിവരിച്ചപ്പോൾ ക്രൈസ്തവ പണ്ഡിതനായ വറഖത്തിന്റെ പ്രതികരണം.

ഇവയെല്ലാം വിളിച്ചറിയിക്കുന്നത് പ്രവാചകത്വം ദൈവം മുഹമ്മദിൽ നിക്ഷേപിച്ചത് ജന്മസൗഭാഗ്യമായിത്തന്നെയാണെന്നാണ്. അതുകൊണ്ട് മുഹമ്മദിൽ അഭിദർശിക്കപ്പെട്ട അസാധാരണ വൃത്തികൾ കേവലമൊരു സാധാരണ മനുഷ്യന്റെ കർമതലത്തിൽ കണ്ട വിസ്മയ പ്രതിഭാസങ്ങളായി വിലയിരുത്തപ്പെട്ടുകൂടാ. മുഹമ്മദിലും സകല പ്രവാചകന്മാരിലും മനുഷ്യസാധാരണമായതിൽനിന്നും വ്യത്യസ്തമായ ഒട്ടേറെ അനുഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇന്ദ്രിയജന്യമായ ബോധത്തിനും യുക്തിപരതക്കും അപ്പുറത്താണ് അവയുടെ അവസ്ഥാനമെന്ന് സമ്മതിക്കുന്നു. ദൈവം തന്റെ പ്രവാചകൻമാരിലൂടെ നമ്മുടെ കണ്ണുകൾക്കുമുന്നിൽ വിസ്മയം വിളയിക്കുകയാണ് എന്നതാണ് സത്യം. മലക്കുകളുമായി സംവദിക്കൽ, വെളിപാടനുഭവം– ഇവയൊന്നും മനുഷ്യസാധാരണമല്ല. പൂർവകാലാനുഭവങ്ങളുടെ കഥാതലത്തിൽ, നബിയെ പിന്തുടർന്ന സുറാഖത്തിന്റെ കുതിര മൂന്നു പ്രാവശ്യം കാലിടറിവീണതും പ്രവാചകനെ വധിക്കാൻ വാളുയർത്തിയപ്പോൾ അത് താനെ കയ്യിൽനിന്നൂർന്നുവീണതും ബദ്ർ–ഉഹുദ്–ഖന്ദഖ് യുദ്ധങ്ങളിൽ ശത്രുപക്ഷത്ത് അളവറ്റ ആൾബലമുണ്ടായിട്ടും അനായാസം അവരെ ജയിച്ചുവരാനിടയായതും പേർഷ്യക്കെതിരെ റോമയുടെ വിജയം പ്രവചിച്ചത് സത്യമായിപ്പുലർന്നതും ഹുദൈബിയാ സന്ധിയിൽ പ്രകടമായ വിജയകഥയും വിസ്മയപരിവേഷമണിഞ്ഞ് ചരിത്രപഥത്തിൽ പ്രകാശിക്കുകയാണ്.

'ഖുർആൻ പഠനത്തിലേക്ക് ഒരു തീർഥയാത്ര' എന്ന ഗ്രന്ഥത്തിൽ ടി. പി. കുട്ട്യാമു സാഹിബ് ഇങ്ങനെ രേഖപ്പെടുത്തി:

"മുസ്ലിംകളുടെയിടയിൽ ഭൗതികവിജ്ഞാനം വളർന്നുവരികയും ബുദ്ധിജീവികളും ചിന്താപ്രസ്ഥാനങ്ങളും ഉയർന്നുവരികയും ചെയ്തപ്പോൾ, വിശ്വാസങ്ങൾ പലതും ചോദ്യംചെയ്യപ്പെട്ടു തുടങ്ങി. ഗ്രീക്ക് തത്ത്വശാസ്ത്രമാണ് മുസ്ലിം ബുദ്ധിജീവികളെ ആദ്യമായി സ്വാധീനിച്ചത്. ഗ്രീക്കുകാർക്ക് കുറേ പുരാണങ്ങളും ഇതിഹാസങ്ങളും നല്ലപോലെ വളർന്നുവന്ന ഒരു

തത്ത്വചിന്താശാസ്ത്രവുമല്ലാതെ പ്രവാചകന്മാരെപ്പറ്റിയോ ദൈവികവെളിപാടുകളെക്കുറിച്ചോ വ്യക്തമായ ധാരണയൊന്നുമുണ്ടായിരുന്നില്ല. അവരുടെ തത്ത്വശാസ്ത്രം ഭൗതികവാദത്തിൽ അധിഷ്ഠിതമായിരുന്നു. ഇതിന്റെ പോരായ്മകൾ ഇബ്നുറുശ്ദ്, ഇബ്നുതൈമിയ്യ മുതലായവർ നല്ലപോലെ ഖണ്ഡിച്ചിട്ടുണ്ട്. യാക്കൂബ് കിന്ദി, ഫാറാബി മുതലായ പണ്ഡിതന്മാർ ഗ്രീക്ക് തത്ത്വശാസ്ത്രം പഠിച്ച് അതിന്റെ മാർഗങ്ങളുപയോഗിച്ചുകൊണ്ട് ഇസ്ലാമിക വിശ്വാസങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കുകയുണ്ടായി. അമാനുഷിക കൃത്യത്തെപ്പറ്റി ഫാറാബി പറഞ്ഞത് ഇങ്ങനെ സംഗ്രഹിക്കാം:

1. നാം ഓരോരുത്തരുടെയും ആത്മാവ് നമ്മിൽ സ്വാധീനം ചെലുത്തുകയും നമ്മുടെ പ്രവൃത്തികൾക്ക് രൂപംനൽകുകയും ചെയ്യുന്നു. ഇതുപോലെ പ്രവാചകൻമാരുടെ ആത്മാവിന് അല്ലാഹു നൽകിയിട്ടുള്ള അതിബൃഹത്തായ ദിവ്യശക്തി ബാഹ്യലോകത്തെയാകമാനം സ്വാധീനിക്കുന്നു. ആ ലോകം ആ അതിമാനുഷന്റെ ആജ്ഞകൾ അനുസരിക്കുന്നു. അങ്ങനെ, പ്രകൃതിനിയമങ്ങൾക്കതീതമാണെന്ന് നമുക്കു തോന്നുന്ന കൃത്യങ്ങൾ ചെയ്തുകാട്ടുവാൻ അവർക്ക് സാധിക്കുന്നു.

2. മലക്കുകളുമായി നേരിട്ട് സംസാരിക്കുവാനും അവരിൽക്കൂടി അജ്ഞാതവസ്തുക്കളെപ്പറ്റിയും മറ്റുമുള്ള വിവരങ്ങൾ സമ്പാദിക്കുവാനും സാധിക്കുന്നു.

3. സാധാരണ മനുഷ്യർ തോന്നലുകളിൽകൂടിയും സ്വപ്നത്തിൽ കൂടിയും ചില സംഗതികൾ ധരിക്കുന്നു. അത് അസത്യമാകാം അല്ലാതെയുമാകാം. എന്നാൽ പ്രവാചകൻമാർക്ക് കണ്ണുമിഴിച്ചുകൊണ്ടുതന്നെ ദിവ്യ വെളിപാട് ലഭിക്കുന്നു.

4. സാധാരണ മനുഷ്യർക്ക് വിവിധ തലത്തിലുള്ള ചിന്തയും പ്രവൃത്തിയും ഒരേസമയം സാധിക്കുന്നില്ല. ഒരേസമയം തന്നെ ഒന്നിലേറെ കാര്യങ്ങൾ ചെയ്യുവാനോ ഒന്നിലധികം കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനോ സാധിക്കുന്നില്ല. പ്രവാചകൻമാർക്ക് ഇതെല്ലാം സുസാധ്യമാണ്.

ഫാറാബിയുടെ ഇത്തരം നിഗമനങ്ങൾ വർഷങ്ങളോളം മുസ്ലിം തത്ത്വശാസ്ത്രങ്ങളിലെ മൂലപ്രമാണങ്ങളായി സ്വീകരിക്കപ്പെട്ടു. ഇബ്നുസീന, ഇബ്നു മസ്കവൈ, ഇമാം ഗസ്സാലി, മൗലാനാ റൂമി തുടങ്ങിയ പണ്ഡിതന്മാർ ഇതേ രീതിയിൽ ചിന്തിക്കുകയും അമാനുഷിക കൃത്യങ്ങളുടെ സാധ്യതയെ സ്ഥാപിക്കുകയും ചെയ്തുവെന്നും ഇവിടെ രേഖപ്പെടുത്തട്ടെ. പ്രവാചകൻമാർക്ക് അജ്ഞാത കാര്യങ്ങളെപ്പറ്റി തോന്നലുണ്ടാകുന്നുവെന്നും മലക്കുകളെ കാണുവാനും വഹ്യ് സ്വീകരിക്കുവാനും സാധിക്കുന്നുവെന്നും അമാനുഷിക കൃത്യങ്ങൾ കാട്ടുന്നുവെന്നും അവർ ഉറപ്പിച്ചു പറയുന്നുണ്ട്."

## ഇസ്ലാം സംസ്കൃതി: ചില സൗമ്യവിചാരങ്ങൾ

ഡോ. അൻവർ മുഹമ്മദ് തന്റെ 'ഇസ്ലാമിക സംസ്കൃതി' എന്ന ഗ്രന്ഥത്തിൽ (പേ. 164) ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

"പ്രകൃതി ഒരു ദൃഷ്ടാന്തഭൂമികയാണ്. അതും അതിലെ സമസ്ത പ്രതിഭാസങ്ങളും. വൈവിധ്യങ്ങളും വൈചിത്ര്യങ്ങളുമാർന്നവയാണ് അതിലെ പ്രതിഭാസങ്ങളെല്ലാം. അചേതന വസ്തുക്കളുണ്ടവിടെ. ചേതനാചേതനങ്ങൾ വ്യതിരിക്തമായി കണ്ടറിയാൻ കഴിയാത്ത തരത്തിലുള്ള വസ്തുക്കളുമുണ്ട്. സസ്യജാലങ്ങൾ, തിര്യക്കുകൾ, മൃഗങ്ങൾ, മനുഷ്യർ അങ്ങനെ അനേകങ്ങൾ. സൂക്ഷ്മനിരീക്ഷണത്തിൽ, ജീവന്റെ പൂർണപ്രഭാവത്തിലേക്കുള്ള പ്രയാണഗതിപോലെ തോന്നും. ചൈതന്യം അനുഭവപ്പെടാത്ത മണ്ണും ആത്മാവ് അഭിദർശിക്കപ്പെടാത്ത സസ്യ-മൃഗജാലങ്ങളും ആത്മസാന്നിധ്യം ബോധ്യപ്പെടുന്ന മനുഷ്യരാശിയും ഈ സത്യമല്ലാതെ മറ്റെന്താണ് വ്യക്തമാക്കുന്നത്? മനുഷ്യൻ ജീവപ്രപഞ്ചത്തിൽ, തന്നിലെ ആത്മസാന്നിധ്യംകൊണ്ട് സമുന്നതസ്ഥാനത്തവസ്ഥിതനാണ്. മനുഷ്യരിൽ തന്നെ നാം മഹത്തുക്കളെ കണ്ടെത്താറുണ്ട്. ബുദ്ധിശക്തിയും മാനസികൗന്നത്യവും ആത്മവീര്യവുമാണ് സാമാന്യ മനുഷ്യരിൽനിന്ന് മഹത്തുക്കളെ വ്യതിരിക്തരാക്കുന്നത്. സമാനതകളല്ല, തരതമഭേദങ്ങളാണ് എവിടെയും കാണുന്നത്. രാമാനുജത്തിന്റെ ഗണിത ബുദ്ധിയും ബിഥോവന്റെ സംഗീതസിദ്ധിയും ഡാവിഞ്ചിയുടെ ചിത്രരചനാ ചാതുരിയും നമ്മിൽ വിസ്മയമുളവാക്കുമ്പോൾ സാമാന്യമനുഷ്യന്റെ തലത്തിൽ അസാധാരണങ്ങളും ഒരളവിൽ അമാനുഷികങ്ങളുമാണവ. പ്രവാചകന്മാർ സകലജ്ഞനായ ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ തെളിഞ്ഞുവന്നവരാണ്. അസദൃശമായ ആത്മശക്തിയുടെ പ്രഭാവമായിരിക്കാം അവരെ ഉന്നതരാക്കിത്തീർത്തത്. അവർ മാനുഷ്യകത്തിന്റെ വഴികാട്ടികളായി ആത്മീയൗന്നത്യത്തിന്റെ ഗരിമയിൽ പ്രഭാസിക്കുന്നു. ആത്മശക്തിയുടെ അതിർവരമ്പുകളോ ആക്കത്തൂക്കങ്ങളോ എവിടെയെന്നും എത്രയെന്നും കണ്ടെത്തുവാൻ ആർക്കും സാധ്യമല്ല. ദാർശനികനായ അലക്സിസ് കാറേലിന്റെ വിഖ്യാതമായ മേൻ ദ അൺനോൺ(Man the un known) വിശകലനം ചെയ്യുന്ന വിഷയമതാണ്. അതുകൊണ്ട് നാളെ മനുഷ്യപ്രതിഭ വിടുർത്തിക്കാട്ടാനിരിക്കുന്ന വിസ്മയങ്ങളുടെ മായൂര പിഞ്ഛം നമ്മുടെ പരാമർശത്തിനു വിധേയമായിക്കൂടാ. തത്കാല മനുഷ്യബുദ്ധിക്ക് പ്രാപിക്കാൻ കഴിഞ്ഞത് മാത്രമാണ് സത്യം എന്ന നിഗമനം അപക്വമാണ്. അത് അതീതകാല ജീവിതാനുഭവങ്ങളോടുള്ള അക്ഷന്തവ്യമായ അനാദരവുമാണ്.

വെളിപാട്, അമാനുഷികത-തുടങ്ങിയ പദങ്ങൾ അതിലാഘവത്തോടെ ഉപയോഗിച്ചുകൂടാ. പക്ഷിമൃഗാദികൾക്കും ഇന്ദ്രിയങ്ങളുണ്ട്. അവക്ക് ആത്മാവും വിശേഷബുദ്ധിയുമില്ല. അവക്ക് അവയുടേതായ വിധിക്കപ്പെട്ട ജീവിതമുണ്ട്. ചിന്താശേഷിയും മനസ്സെന്ന വഴികാട്ടിയും അവക്കില്ലെങ്കിലും ദൈവദത്തമായ ജന്മവാസനയാണ് അവക്ക് പ്രചോദനമായും വഴികാട്ടി

യായും വർത്തിക്കുന്നത്. അവയിലെ ജന്മവാസനയെ വെളിപാടാ(വഹ്‌യ്)യിട്ടാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അന്നഹ്ൽ അധ്യായത്തിലെ രണ്ട് സൂക്തങ്ങൾ ഇതിനു തെളിവാണ്:

"നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. മലകളിൽനിന്നും വൃക്ഷങ്ങളിൽനിന്നും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽനിന്നും ചിലേടങ്ങളിൽ നീ കൂടുകളുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗങ്ങളിൽനിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. അവയുടെ വയറുകളിൽനിന്ന് വിവിധ വർണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്." (68: 69)

മിസിസിപ്പിയുടെ തീരത്തു കഴിയുന്ന ഒരുതരം പക്ഷികൾ. അവ നിർമിക്കുന്ന കൂട് ശിൽപചാരുതയുടെ മഹാവിസ്മയമാണ്. ഒരു ശാസ്ത്രജ്ഞൻ മുട്ട കൊണ്ടുപോയി വിരിയിച്ച് പിറന്ന പക്ഷിയെ കൂട്ടിലിട്ട് വളർത്തി. സഹജീവികളെയൊന്നും ഒരിക്കൽപോലും കാണാനുള്ള സൗകര്യം അതിന് കൈവന്നിരുന്നില്ല. ഒരുനാൾ ശാസ്ത്രജ്ഞൻ ആ പക്ഷിയേയും കൊണ്ട് കടലോരത്തെത്തി. അന്നവിടെ തമ്പുകെട്ടി താമസിച്ചു. പിറ്റേന്ന് പക്ഷിയേയും കൂട്ടി സ്വവസതിയിലേക്ക് തിരിക്കാൻ തുടങ്ങിയപ്പോഴാണ് അദ്ദേഹം വിസ്മയാധീനനായത്. തലേന്ന് രാത്രി ആ പക്ഷി ഇല്ലികളും കമ്പുകളും ശേഖരിച്ച് സമീപത്തുള്ള വൃക്ഷക്കൊമ്പിൽ ഒന്നാംതരമൊരു കൂടുണ്ടാക്കുകയായിരുന്നു. ശ്രദ്ധിച്ചപ്പോഴാണ് അതിന്റെ കൂട്ടുകാരും കുടുംബക്കാരുമൊക്കെ ഒരുക്കുന്നതുപോലുള്ള കൂടാണതെന്ന് മനസ്സിലായത്. ആരാണതിനെ ഇത്തരമൊരു ശിൽപതന്ത്രം പഠിപ്പിച്ചത്? ഉത്തരം ഒന്നുമാത്രം– ജന്മവാസന. ആ പക്ഷിയിൽ ദൈവം സൂക്ഷിച്ച ജന്മായത്ത സിദ്ധിയാണത്. അതിനെയാണ് ഖുർആൻ 'വഹ്‌യ്' എന്ന് വിളിച്ചത്. അചേതന വസ്തുക്കൾക്ക് പോലും ദൈവത്തിന്റെ വെളിപാടുണ്ടായതായി വേദഗ്രന്ഥത്തിൽ പരാമർശമുണ്ട്.

"അന്നാളിൽ ഭൂമി അതിന്റെ വാർത്തകൾ വിവരിക്കുന്നതാണ്. നിന്റെ നാഥൻ അതിനെ സംബന്ധിച്ച ബോധനം നൽകിയതിനാൽ." (99: 4–5)

ആകാശത്തിന്റെ സംരചനയെപ്പറ്റി പറയുന്നിടത്ത് ഇങ്ങനെ കാണാം:

"അങ്ങനെ രണ്ടു നാളുകളിൽ അവയെ ഏഴ് ആകാശങ്ങളായി അവൻ പൂർത്തിയാക്കി. ഓരോ ആകാശത്തിനും അതിന്റെ കാര്യം അവൻ അറിയിക്കുകയും(വഹ്‌യ് നൽകുകയും) ചെയ്തു."

വേദഗ്രന്ഥത്തിലെ വിശുദ്ധ വചനങ്ങളനുസരിച്ച് തിര്യക്കുകൾക്കും അചേതനവസ്തുക്കൾക്കുപോലും ഇന്ദ്രിയേതരമായ അറിവുകൾ(വഹ്‌യ്) ലഭിക്കുന്നുണ്ടെങ്കിൽ സൃഷ്ടികളിൽ ശ്രേഷ്ഠം എന്ന് വിളിക്കപ്പെടുന്ന മനുഷ്യന് വഹ്‌യ് ലഭിക്കുന്നു എന്നതിൽ വിസ്മയിക്കാനുണ്ടോ?

ദൈവത്തിന്റെ വിചിത്രമായ കർമശാലയാണ് മനുഷ്യ മനസ്സ്. അവിടെ പിറവിയെടുക്കുന്ന സ്ഫുലിംഗങ്ങളും സ്ഫോടനങ്ങളുമെല്ലാം നമ്മിൽ വിസ്മയമുളവാക്കാറുണ്ട്. തോന്നലുകളെന്നും ചോദനകളെന്നും സ്വപ്നങ്ങളെന്നും വിഭാവനകളെന്നും നാമവയെ വിശേഷിപ്പിക്കാറുണ്ട്. ഉറക്കവും വിശ്രമവുമില്ലാത്ത ആ പണിയാലയിലെ ശബ്ദവും വെളിച്ചവുമെല്ലാം സവിസ്മയം അനുഭവിച്ചറിഞ്ഞവരാണ് നാം. മനുഷ്യമനസ്സ് ദൈവത്തിന്റെ കർമശാലയാണെങ്കിൽ അവിടെ വിളയുന്ന വിസ്മയങ്ങളെ അഥവാ വെളിപാടുകളെ അമാനുഷികം എന്ന് വിശേഷിപ്പിക്കുന്നത് സൂക്ഷ്മവിചിന്തനത്തിൽ സാധുവാണോ? അതീന്ദ്രിയജ്ഞാനം അമാനുഷികമാണോ? അതോ മനുഷ്യനിൽ ദൈവം സൂക്ഷിച്ച ആത്മഭാവത്തിന്റെ സ്വകീയ പ്രഭാവമോ?

പ്രൊഫ. വി. മുഹമ്മദ് 'ഇസ്ലാമിക ദർശന'ത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

"നബിമാർക്ക് ലഭിച്ചിരുന്ന വഹ്യ് (ദിവ്യബോധനം) പ്രകൃതിനിയമത്തിന്നതീതമായ ഒരു പ്രതിഭാസമായിരുന്നില്ല. വഹ്യ് ലഭിക്കുന്നതിൽ അമാനുഷത്വമോ അതിമാനുഷത്വമോ ഒന്നുമില്ലായിരുന്നുവെന്നും വഹ്യ് പ്രകൃതിനിയമത്തിന് അനുസൃതമായിത്തന്നെയാണ് സംഭവിക്കുന്നതെന്നും മനസ്സിലാക്കാം. പദാർഥങ്ങളിൽ അവയുടെ ഗുണങ്ങൾ നിക്ഷിപ്തമാവുന്നതും ആ ഗുണങ്ങൾ അവ പ്രകടിപ്പിക്കുന്നതും പ്രകൃതിനിയമമനുസരിച്ചാണ്. ജീവികൾക്ക് മാർഗദർശകമായ ജന്മവാസന അവയിൽ നിക്ഷിപ്തമാവുന്നതും അവ പ്രവർത്തിക്കുന്നതും പ്രകൃതിനിയമമനുസരിച്ചാണ്. സ്വപ്നം, ദർശനം, തോന്നൽ തുടങ്ങി മനുഷ്യനിൽ കാണപ്പെടുന്ന പ്രതിഭാസങ്ങളും പ്രകൃതി നിയമമനുസരിച്ചുതന്നെയാണ്. ഇവക്കെല്ലാം ഖുർആനിൽ ഉപയോഗിച്ചിട്ടുള്ളത് 'വഹ്യ്' എന്ന പദമാണ്. ഇതേ പദം തന്നെയാണ് നബിമാർക്ക് ദിവ്യസന്ദേശം ലഭിക്കുന്ന മാർഗത്തിനും ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് നബിമാർക്ക് കിട്ടുന്ന വഹ്യ് മേൽപറഞ്ഞ ഇന്ദ്രിയേതര ജ്ഞാനമാർഗങ്ങളിൽ പെട്ടതും അതിന്റെ പൂർണതപ്രാപിച്ച രൂപത്തിലുള്ളതുമാണെന്ന് ഗ്രഹിക്കാം.

"ഒരു മനുഷ്യൻ സ്വപ്നം കാണുമ്പോൾ അയാളുടെ ശരീരത്തിൽ പല ചലനങ്ങളും നടക്കുന്നുവെന്നും അവയിൽ ചിലതെല്ലാം യന്ത്രസഹായത്തോടെ മനസ്സിലാക്കുവാനും രേഖപ്പെടുത്താനും കഴിയുന്നതാണെന്നും ഇപ്പോൾ മനസ്സിലായിക്കഴിഞ്ഞിട്ടുണ്ട്. സ്വപ്നം വഹ്യിന്റെ ഭാഗമാണെന്നും വഹ്യ് പോലെതന്നെ സുവ്യക്തമായ ദൈവികസന്ദേശം സ്വപ്നത്തിലൂടെയും നൽകപ്പെടാൻ കഴിയുന്നതാണെന്നും ഖുർആനും നബിവചനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ആ നിലക്ക് വഹ്യും ശരീരം കൂടി പങ്കെടുക്കേണ്ടിവരുന്ന ഒരു പ്രക്രിയയാണെന്നു ധരിക്കാം. മുഹമ്മദ് നബിക്ക് വഹ്യ് ലഭിച്ചിരുന്ന വിധവും അപ്പോൾ ഉണ്ടായിരുന്ന അനുഭവങ്ങളും രേഖപ്പെടുത്തി

വെച്ചിട്ടുള്ളത് ഇക്കാര്യം ബോധ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധഖുർആനിൽ അൽ ഹദീദ് എന്ന 57–ാം അധ്യായത്തിൽ 25–ാം സൂക്തമായി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

'തീർച്ചയായും നമ്മുടെ ദൂതന്മാരെ വ്യക്തമായ തെളിവുകൾ സഹിതം നാം അയച്ചിട്ടുണ്ട്. മനുഷ്യർ നീതിയോടെ നിലകൊള്ളാനായി ആ ദൂതന്മാരുടെ കൂടെ നാം വേദഗ്രന്ഥവും (നീതിയാകുന്ന) തുലാസും ഇറക്കിയിട്ടുണ്ട്. നാം ഇരുമ്പും ഇറക്കിയിരിക്കുന്നു. അതിൽ കടുത്ത ആയുധശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്.' ലോകത്ത് ഇരുമ്പു ലഭ്യമാക്കിയതും ഗ്രന്ഥം മനുഷ്യർക്ക് നൽകപ്പെട്ടതും എല്ലാം ഒന്നിച്ച് ഒരേ സ്വരത്തിൽ പറയുകയും മൂന്നിനും ഇറക്കുക എന്നർഥമുള്ള അറബ് പദം ഒരുപോലെ ഉയോഗിക്കുകയും ചെയ്തിരിക്കുകയാണ്. ഒരേ പ്രകൃതിനിയമമനുസരിച്ചാണ് ഇതെല്ലാം നടക്കുന്നതെന്ന നിഗമനത്തിന് സഹായകമാണിത്." വഹ്യ് ലഭിക്കുന്നതിൽ അമാനുഷികത്വമോ അതിമാനുഷത്വമോ ഒന്നുമില്ലായിരുന്നുവെന്നും വഹ്യ് പ്രകൃതിനിയമത്തിന് അനുസൃതമായിത്തന്നെയാണ് സംഭവിക്കുന്നതെന്നും മനസ്സിലാക്കാവുന്നതാണ്. (ഈ വിശേഷ വിചാരപഥത്തെക്കുറിച്ച് ഗൗരവമിയന്ന ചർച്ച നടക്കണം.)

വഹ്യ് അധ്വാനിച്ച് നേടാവുന്നതല്ലെന്നും ദൈവനിയുക്തർക്ക് മാത്രം കൈവരുന്ന ഒരു വിശേഷാനുഭവമാണെന്നും ഓർക്കുക.

"നിന്നെ ഞാൻ എന്റെ ആവശ്യാർഥം തെരഞ്ഞെടുത്തു" (20: 105) എന്ന് മൂസാനബിയോട് ഒരിക്കൽ അല്ലാഹു പറഞ്ഞു.

യൂനുസ് നബിയെപ്പറ്റി പറഞ്ഞു: "അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ(പ്രവാചകനായി) തെരഞ്ഞെടുത്തു." (68: 50)

"അവൻ തന്റെ അടിമകളിൽനിന്നും താനുദ്ദേശിക്കുന്നവർക്ക് തന്റെ കൽപനയനുസരിച്ച് റൂഹിനെ(ദിവ്യസന്ദേശത്തെ) നൽകുന്നു." (40: 15)

"അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് തന്റെ അനുഗ്രഹം (പ്രവാചകത്വ പദവി) പ്രത്യേകമായി നൽകുന്നു." (2: 105)

മുഹമ്മദ് ഒരു സാധാരണ മനുഷ്യൻ. ഒരു സാധാരണ മനുഷ്യനായ മുഹമ്മദിൽ പ്രവാചകത്വത്തിന്റെയനുഗ്രഹം പ്രോജ്വലിക്കുന്ന വേളയിൽ, മഹാനുഭവങ്ങൾ പിറവിയെടുക്കുന്നത് നാം കാണുന്നു. അവയെല്ലാം ദൈവനിശ്ചിതമായ പ്രകൃതിനിയമമനുസരിച്ചുള്ള പ്രതിഭാസങ്ങൾ തന്നെയാണെങ്കിലും വ്യാവഹാരികാർഥത്തിൽ ആ മഹാനുഭവങ്ങളെല്ലാം അമാനുഷികങ്ങളെന്ന് നാമറിയുന്നു. അത് വ്യക്തിക്ക്, സാമാന്യമനുഷ്യന് അപ്രാപ്യമാണ്. അതുകൊണ്ട് നമ്മെ സംബന്ധിച്ചേടത്തോളം അത് അമാനുഷികംതന്നെ.

മനുഷ്യബുദ്ധിക്കും ഭാവനക്കും രൂപംകൊടുക്കാൻ കഴിയാത്തവിധം

അത്യുന്നതവും അത്യാകർഷകവും അചുംബിതാശയങ്ങൾ നിറഞ്ഞതുമായ ഒരു ഗ്രന്ഥം എന്ന നിലക്കാണ് ഖുർആനിൽ അമാനുഷികത ദർശിക്കുന്നതെന്ന വിചാരമതിയായ മൗലാനാ മൗദൂദിയുടെ പ്രസ്താവം ചിന്താർഹമാണ്. ആ കാലഘട്ടത്തിലെ സാഹിത്യത്തിന്റെ സമുന്നതവും സമ്പൂർണവുമായ മാതൃകയാണ് ഖുർആൻ. ആശയാവിഷ്കാരത്തിന് അനുയോജ്യമായ പദങ്ങളും വിവരണരീതിയുമാണ് അവിടെ കാണുന്നത്. ഒരേ വിഷയം പല തവണ വിവരിച്ചിട്ടുണ്ടെങ്കിലും ഓരോ സന്ദർഭത്തിലേയും വിവരണശൈലി വ്യത്യസ്തമാണെന്നു കാണാം. കവിതപോലെ സുന്ദരമാണ് പദവിന്യസനം. അനുവാചകനെ ഹഠാദാകർഷിക്കാൻ പോരുംവിധം വശ്യമാണ് ആഖ്യാന ശൈലി. നൂറ്റാണ്ടുകൾ പതിനാല് കഴിഞ്ഞിട്ടും ആ ഗ്രന്ഥം അറബിഭാഷാ സാഹിത്യത്തിന്റെ അത്യുന്നതമാതൃകയായി അന്യൂനമായ, തേയ്മാനം വരാത്ത അളവുകോലായി ഇന്നും വിരാജിക്കുന്നു. സാഹിത്യമൂല്യവിചാരത്തിൽ ഖുർആന്ന് സമശീർഷമായ മറ്റൊന്ന് കാണാൻ കഴിയില്ല. ലോകഭാഷകളിൽ കാലം വരുത്തിയ മാറ്റങ്ങൾ ഏറെയാണ്. എന്നാൽ വ്യാകരണം, രചനാരീതി, പ്രയോഗപ്രകൃതം എന്നിവ ഇത്രയും ദീർഘകാലം ഒരേ വിധത്തിൽ തുടരുന്ന മറ്റൊരു ഭാഷാശിൽപവുമില്ലെന്നാണ് ഭാഷാ ഗവേഷകന്മാർ പറയുന്നത്. ഭാഷാപരമായ സകല ഔന്നത്യങ്ങൾക്കും മാനദണ്ഡമായി വർത്തിച്ചതും അറബിഭാഷയെ അതിന്റെ സ്വക്ഷേത്രത്തിൽ ദൃഢരൂഢമാക്കി നിർത്തിയതും ഖുർആനത്രെ.

മറ്റെല്ലാ ഗ്രന്ഥങ്ങളിലും പ്രക്ഷിപ്തങ്ങളും തിരുത്തലുകളും പാഠഭേദങ്ങളും ഉണ്ടായതായി കാണാം. എന്നാൽ ഇവയൊന്നും വിശുദ്ധഖുർആനെ സ്പർശിച്ചിട്ടില്ല. മനുഷ്യചിന്തയിലും സമൂഹത്തിന്റെ സാമാന്യമായ സദാചാരത്തിലും സംസ്കാരത്തിലും ജീവിതരീതിയിലും മനുഷ്യജീവിതത്തിലാകെത്തന്നെയും ഇത്രമേൽ അഗാധമായി സ്വാധീനിച്ച മറ്റൊരു ഗ്രന്ഥമില്ല.

23 വർഷക്കാലമെന്നത് മനുഷ്യരാശിയുടെ പ്രയാണഗതിയിൽ ചെറിയൊരു കാലയളവാണ്. എന്നാൽ ആ കാലയളവിൽ ഒരു ജനപദത്തെയാകെ മാറ്റിമറിക്കാൻ ഈ മഹാദർശനത്തിന് സാധിച്ചു. അവിടെനിന്ന് ഉയിരണിഞ്ഞ ജനത വേദഗ്രന്ഥത്തിലെ മഹിത വചസ്സുകളുടെ ശക്തി സ്വാധീനതകൾക്ക് വിധേയരായി ലോകത്തിന്റെ പല ഭാഗങ്ങളെയും നവീകരിച്ചു. ആ ഗ്രന്ഥശിൽപത്തിന്റെ അപ്രതിരോധ്യമായ പ്രചാരണവും സ്വാധീനതയുടെ പ്രസാരണവും ഇന്നും തുടരുന്നു. ഈ ഗ്രന്ഥം കേവലം ഏടുകളിൽ രേഖപ്പെട്ടുകിടക്കുകയല്ല, പ്രത്യുത ഒരു പുതുചിന്തയും ഒരു പുതിയ ജീവിതസംസ്കാരവും വിരിയിച്ചെടുത്തുകൊണ്ട് ജീവിതഭൂമികയിൽ പ്രഭാസിക്കുകയാണ്. ഇതിലെ പ്രതിപാദ്യം തീർത്തും സാർവജനീനവും സാർവകാലികവുമാണ്. പ്രപഞ്ചത്തിന്റെ യാഥാർഥ്യം, അതിന്റെ ഉൽപത്തി പരിണാമങ്ങൾ, ഘടന, വ്യവസ്ഥ തുടങ്ങിയ വിശാലാശയസമഗ്രതയിലാണ് ഖുർആൻ ഊന്നിനിൽക്കുന്നത്.

ഈ ലോകത്ത് മനുഷ്യന്റെ സാക്ഷാൽ സ്ഥാനവും നിലപാടും വ്യക്തമായി നിർണയിച്ചുകാണിച്ചശേഷം മനുഷ്യനെ സംബന്ധിച്ചേടത്തോളം യാഥാർഥ്യവുമായി പൊരുത്തപ്പെടുന്ന ശരിയായ ചിന്താസരണിയും കർമമാർഗവുമേത്, വർജിക്കപ്പെടേണ്ട മേഖലകളേത് എന്നെല്ലാം ഖുർആൻ ചൂണ്ടിക്കാട്ടുന്നു.

നേർമാർഗം ശാശ്വത സ്വഭാവമിയന്നതാണെന്നും ദുർമാർഗം ക്ഷണപ്രഭാപ്രകൃതവും വികല പ്രവണവുമാണെന്നും പ്രപഞ്ചതലങ്ങളിൽനിന്നും മനുഷ്യജീവിതത്തിൽനിന്നുപോലും ദൃഷ്ടാന്തങ്ങളുയർത്തിക്കാട്ടി സമർഥിക്കുവാൻ വേദഗ്രന്ഥത്തിന് കഴിയുന്നു. അതോടൊപ്പം എങ്ങനെ മനുഷ്യൻ ദുർമാർഗത്തിലേക്ക് വഴുതിവീഴുന്നുവെന്നും എന്നെന്നും ഒന്നു മാത്രമായ നേർമാർഗം എങ്ങനെ മനുഷ്യന് അറിയാൻ കഴിയുമെന്നും ഓരോ കാലഘട്ടത്തിലും അത് എങ്ങനെ അവതരിപ്പിക്കപ്പെടുന്നുവെന്നും ഖുർആൻ വിവരിക്കുന്നു. നേർമാർഗം ചൂണ്ടിക്കാണിക്കുക മാത്രമല്ല, അതിലൂടെ ചരിക്കാൻ സഹായിക്കുന്ന ഒരു സമ്പൂർണ ജീവിതപദ്ധതിയാവിഷ്കരിക്കാനും വേദഗ്രന്ഥത്തിന് സാധിച്ചിട്ടുണ്ട്.

ആദർശം, സദാചാരം, ആത്മസംസ്കരണം, ആരാധന, സാമൂഹ്യജീവിതം, നാഗരികത, സമ്പദ്രംഗം തുടങ്ങിയ മനുഷ്യജീവിതത്തിന്റെ സകല വശങ്ങളെയും ഉൾക്കൊള്ളുന്ന നിയമങ്ങളെ സമഞ്ജസമായി കോർത്തിണക്കിയിരിക്കുകയാണവിടെ. നേർമാർഗത്തിലൂടെ ചരിച്ചാൽ ഈ ലോകത്തും ഈ ലോകവ്യവസ്ഥ തകർന്നശേഷം പരലോകത്തും എന്തെന്തു ഫലങ്ങളാണുളവാകുക എന്നും ഖുർആൻ വിശദീകരിക്കുന്നു. ഇഹലോകാന്ത്യത്തിന്റെയും പരലോകാരംഭത്തിന്റെയും സ്വഭാവം അത് സുവിശദമായി വരച്ചുകാട്ടുന്നു. മാറ്റത്തിന്റെ എല്ലാ ഘട്ടങ്ങളും അത് പ്രതിപദം പ്രതിപാദിക്കുന്നു. പരലോകത്തിന്റെ സമ്പൂർണ ചിത്രം അത് നമ്മുടെ മുന്നിലവതരിപ്പിക്കുന്നു. അവിടെ മനുഷ്യൻ എങ്ങനെ പുനർജനിക്കുന്നു, ഐഹികപ്രവർത്തനങ്ങളുടെ വിചാരണ എങ്ങനെ നടക്കുന്നു എന്നെല്ലാമുള്ള കാര്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. മനുഷ്യന്റെ കർമരേഖകൾ അനിഷേധ്യമാംവിധം എങ്ങനെ ഹാജരാക്കപ്പെടുന്നു, അവക്ക് അവലംബമായി എത്രയെത്ര പ്രബലമായ സാക്ഷ്യങ്ങൾ ഉന്നയിക്കപ്പെടുന്നു, രക്ഷ ലഭിക്കുന്നവന് രക്ഷയും ശിക്ഷ ലഭിക്കുന്നവന് ശിക്ഷയും തന്നെ എന്തുകൊണ്ട് കൈവരുന്നു, രക്ഷ പ്രാപിക്കുന്നവൻ നേടുന്ന സമ്മാനങ്ങളെന്ത്, ശിക്ഷയനുഭവിക്കുന്നവർ നേരിടേണ്ടിവരുന്ന ഭവിഷ്യത്തുകൾ ഏവ എന്നീ വസ്തുതകളെല്ലാം ഖുർആൻ വിടർത്തിക്കാട്ടുന്നുണ്ട്. ഈ വിഷയങ്ങളെല്ലാം ഖുർആൻ വിവരിക്കുന്നത് തൽക്കർത്താവ് ചില വരട്ടു സിദ്ധാന്തങ്ങൾ നിരത്തിവെച്ച് അനുമാനങ്ങളുടേതായ ഒരു സൗധം പണിതുയർത്തുന്ന രീതിയിലല്ല, പ്രത്യുത ഖുർആന്റെ കർത്താവ് യാഥാർഥ്യങ്ങളുമായി മുഖാഭിമുഖം ബന്ധപ്പെടുന്നവനും ആദ്യന്തം സകലത്തിനെയും

സമീക്ഷിക്കുന്നവനും സകലജ്ഞനുമാണ് എന്ന അടിസ്ഥാനത്തിലാണ്. പ്രപഞ്ചമാകെ, പരലോകതലംപോലും വിടുർത്തിവെച്ച ഗ്രന്ഥംപോലെ അവന്റെ മുന്നിൽ തുറന്നുകിടക്കുന്നു.

അനുമാനത്തെയോ ഊഹത്തെയോ ആസ്പദമാക്കിയല്ല, ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ മനുഷ്യനെ മാർഗദർശനം ചെയ്യുന്നത്. അവന്റെ നിഗമനങ്ങളിലൊന്നുപോലും അസ്ഥാനത്തായ അനുഭവങ്ങളില്ല. പ്രപഞ്ചത്തെക്കുറിച്ചും ജീവിതായോധനങ്ങളെക്കുറിച്ചുമുള്ള അവന്റെ കണ്ടെത്തലുകൾ അനുഭവങ്ങളോടും സംഭവങ്ങളോടും പൊരുത്തപ്പെടുന്നവയും ഓരോ ശാസ്ത്രവിഭാഗത്തെയും സംബന്ധിച്ചേടത്തോളം ഗവേഷണത്തിനാധാരമായിത്തീരാവുന്നവയുമാണ്. അവന്റെ വചനത്തിൽ ശാസ്ത്രത്തിന്റെയും വിജ്ഞാനത്തിന്റെയും നാഗരികതയുടെയും പരമാന്വേഷണത്തിലേക്കുള്ള വഴിനയിക്കലുമുണ്ട്. പൂർണവും സമഗ്രവുമായ ഒരു ചിന്താധാര തദടിസ്ഥാനത്തിൽ രൂപപ്പെടത്തക്കവിധം ന്യായയുക്തമായ പരസ്പരബന്ധങ്ങളുണ്ട് അവ തമ്മിൽ. ഇത്രയും ബൃഹത്തായ ഒരു മനുഷ്യപ്രകൃതി ഇന്നോളമുണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ലെന്നുമാത്രമല്ല തീർത്തുമിത് അസാധാരണം, അമാനുഷികം എന്ന പ്രതികരണം കൂടി ഉറപ്പിക്കാവുന്നതാണ്.

ശൈലി എന്നത് ഒരാളുടെ വ്യക്തിത്വത്തിന്റെ ഭാഗമാണ്. Style is the man (ശൈലിയാണ് മനുഷ്യൻ) എന്നും Style is the personality(ശൈലി തന്നെയാണ് വ്യക്തിത്വം) എന്നുമൊക്കെ ദാർശനിക വചനങ്ങളുണ്ട്. ഇരുപത്തിമൂന്നു വർഷക്കാലം തുടർന്ന വെളിപാടുശൈലിയും അതിനുമുമ്പും പിമ്പും ഇടവേളകളിലുമായുള്ള മുഹമ്മദിന്റെ സാധാരണ ശൈലിയും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടെന്ന യാഥാർഥ്യം വിരൽചൂണ്ടുന്നത് ഖുർആന്റെ അമാനുഷികതയിലേക്കാണ്.

ജീവിതത്തിന്റെ ആദ്യയാമം തൊട്ട് അന്ത്യനിമിഷം വരെ, വൈവിധ്യമാർന്ന ജീവിതതലങ്ങളിലൂടെ കടന്നുപോയ അനുഭവസമ്പന്നമായ ഒരു സവിശേഷ വ്യക്തിത്വമാണ് പ്രവാചകന്റേത്. തന്നെ ഹൃദയപൂർവം സ്നേഹിച്ച സ്വന്തക്കാരും ബന്ധുമിത്രങ്ങളുമായ ജനങ്ങൾ, പ്രവാചകത്വത്തിനുശേഷം അവരിൽ മിക്കവരും വറഖത് പ്രവചിച്ചപോലെ ശത്രുക്കളായി മാറി. അവഹേളനങ്ങളും ഭർത്സനങ്ങളും പ്രലോഭനങ്ങളും ഭീഷണികളും ആക്രമണങ്ങളും ബഹിഷ്കരണവും വധശ്രമവുമെല്ലാം അരങ്ങേറി.

മറുനാടുകളിലേക്കുള്ള പലായനം, അനുചരന്മാരനുഭവിക്കേണ്ടിവന്ന ദുർവഹ പീഡനങ്ങൾ ശൃംഖലപോലെ തുടർന്നുവന്ന യുദ്ധങ്ങൾ, ജയപരാജയങ്ങൾ, സുഖദുഃഖങ്ങൾ, ഒടുക്കം അവിശ്വസനീയമായ മഹാ വിജയം ഒരു മഹാസാമ്രാജ്യത്തിന്റെ സർവസാരഥ്യം!

മനുഷ്യന്റെ സഹജഭാവങ്ങളെക്കുറിച്ചും സമൂഹവും സാഹചര്യങ്ങളും

സംഭവങ്ങളും മനുഷ്യനിലുണ്ടാക്കുന്ന ആഘാത പ്രത്യാഘാതങ്ങളെക്കുറിച്ചും സാമാന്യ ജ്ഞാനമുള്ള ആരും വികാരവിസ്ഫോടകങ്ങളായ ഈ വ്യത്യസ്ത സാഹചര്യങ്ങളിലെ മനസ്സിന്റെ താളവ്യത്യാസങ്ങളെക്കുറിച്ചും ചിന്തിക്കും. വിക്ഷുബ്ധ വികാരങ്ങളുടെ വേലിയേറ്റമുണ്ടായ ഇരുപത്തിമൂന്ന് വർഷക്കാലം! എന്നാൽ വെളിപാടു വചസ്സുകളിലൊരിടത്തും സാത്വികതയുടെ താളലയങ്ങളല്ലാതെ അവതാളത്തിന്റെ ലാഞ്ഛനപോലും അരങ്ങേറിയതായി കണ്ടില്ല. വികാരങ്ങളുടെ വൃദ്ധിക്ഷയങ്ങളും രുചിഭേദങ്ങളും മനുഷ്യമനസ്സുകളിൽ സാധാരണമാണ്. മനുഷ്യന്റെ സ്വരചലനങ്ങളിലാകെ മനസ്സിന്റെ വിക്ഷോഭങ്ങളും മനോഭാവങ്ങളാകെത്തന്നെയും നിഴൽ വിരിക്കും എന്നത് സ്വാഭാവികം. വേദഗ്രന്ഥത്തിലെ ചിന്തകളുടെയും വചസ്സുകളുടെയും സ്രോതസ്സ് മുഹമ്മദിന്റെ മനസ്സാണെങ്കിൽ അവിടത്തെ നിറവും മണവും സ്വരവും ആ വചസ്സുകളിലും സംക്രമിക്കും. അവയൊന്നും അനുഭവപ്പെടാത്ത വിധം ആദ്യന്തം അത്ഭുതകരമായ സമചിത്തത സംരക്ഷിക്കപ്പെട്ടുപോന്നിട്ടുണ്ടെങ്കിൽ ഇവിടം ആഴത്തിലുള്ള വിചിന്തനം അർഹിക്കുന്നുവെന്നും അത് ഖുർആന്റെ അമാനുഷികതയുടെ സാധുതയിലേക്ക് നമ്മെ നയിക്കുന്നുവെന്നും കരുതുകയാണ് ഞാൻ.

# വാതിൽപ്പാളിയിലൂടെ അകം കണ്ടപ്പോൾ

**ദൈ**വം, പ്രവാചകൻ, വേദഗ്രന്ഥം-പഠനീയങ്ങളായ പദത്രയം! ദൈവത്തെയും വേദഗ്രന്ഥത്തെയും പരിചയപ്പെടുത്തിയ മഹാമനസ്സ്! ദൈവത്തിന്റെ തിരുദൂതൻ; സമൂഹത്തിന്റെ വിശ്വസ്തൻ. ക്ലേശപൂർണവും സംഭവബഹുലവുമായ ഒരു സാഹസിക ജീവിതം. എന്നിട്ടും ആത്മകഥാപരമായി, സ്വജീവിതബന്ധിയായി വേദഗ്രന്ഥത്തിലൊന്നുമില്ല! 'ഞാൻ കണ്ട ലണ്ടൻ' എന്നത് എഴുതിക്കഴിയുമ്പോൾ 'ലണ്ടൻ കണ്ട ഞാനാ'യിപ്പരിണമിക്കുന്ന കാലപഥത്തിൽ, ദൈവാനുഗ്രഹത്തിനും ജനപ്രീതിക്കും വിധേയനായ മുഹമ്മദ് തന്നെക്കുറിച്ചൊന്നുമെഴുതാതെ ഒരു ഗ്രന്ഥം പ്രകാശിപ്പിക്കുക! തീർച്ചയാണ്, ചരിത്രത്തിലെ ഒരപൂർവതയാണിത്. മറ്റു വേദഗ്രന്ഥങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തം!

മുമ്പും കുറേ വേദഗ്രന്ഥങ്ങളുണ്ടായിട്ടുണ്ട്. കാൽപ്പാടുകൾപോലും അവശേഷിപ്പിക്കാതെ പലതും അപ്രത്യക്ഷങ്ങളായി. ലോകവും കാലവും കുത്തിക്കോറിയിട്ടതുകൊണ്ട് പലതിന്റെയും മുഖം വികൃതമായി. തൗറാത്തും ഇഞ്ചീലും അവശേഷിച്ചവയിൽ ചിലതാണ്. ഏഴാം നൂറ്റാണ്ടിലവതീർണമായ ഖുർആൻ സർവാതിശായിയായി! എന്തുകൊണ്ട് സർവാതിശായിത്തം? മനുഷ്യരാശിക്കാകമാനമായുള്ള സന്ദേശം-സകല മത സാരസമന്വയം! സംപൂർത്തീകരിക്കപ്പെട്ട ദർശന ശിൽപം!

ദൈവം കരുണാമയൻ. കാരുണ്യ വ്യവഹാരം അവന്റെ ലീലാവിനോദം. അവൻ മനുഷ്യരാശിയെ സൃഷ്ടിച്ചത് അതിനുവേണ്ടി(11: 19). മനുഷ്യന് മാത്രം വിശേഷബുദ്ധി നൽകി. അതും അവന്റെ കാരുണ്യ പ്രഹർഷംകൊണ്ട്. വഴിനയിക്കാൻ പ്രവാചകൻമാരെയയച്ചു. വഴിവെളിച്ചമായി വേദഗ്രന്ഥമിറക്കി. സാമാന്യമായൊരു ദൗത്യമേൽപിച്ചു. മനുഷ്യന് ചുറ്റും ഇരുളുകളാണ്, ഒരുപാട് ഇരുളുകൾ! "നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാനാണത്"(59: 9). വിലക്കുകളും വിലംഘനങ്ങളും കൊണ്ട് തടയണയിട്ട ദുർഗമരത്ഥ്യകൾ. വിധിവിലക്കുകൾക്കധികാരം മതങ്ങൾക്കാ

യിരുന്നു. ചിന്തിക്കാനും ദൃഷ്ടാന്തങ്ങളിലൂന്നി വിശകലനം ചെയ്യാനും സ്വത ന്ത്രമായി നിഗമനത്തിലെത്താനും ആവശ്യപ്പെട്ട ആദ്യത്തെ മതദർശനം –ഖുർആൻ.

പൂർണതയിൽനിന്നാണ് ആ മഹിത സംസ്കൃതി ഒഴുകിത്തിരിച്ചത്. പൂർണതയെ ആവഹിച്ച് പൂർണതയിൽതന്നെ അഭിരമിക്കാനാരംഭിച്ച ഒരു തീർഥ പ്രയാണം. അത് മനുഷ്യജീവിതത്തെ മഹത്തമമായ ഒരു തീർഥപ്ര യാണമാക്കി മാറ്റി. പൂർണതയുടെ സാമീപ്യമണഞ്ഞ് നിത്യനിർവൃതി പൂകാൻ മനുഷ്യനെ വഴിനയിക്കുന്ന ഒരു മഹോപനിഷത്താണ് ഖുർആൻ. സർവ ലോകങ്ങൾക്കും കാരുണ്യമായും പ്രകാശം പരത്തുന്ന വിളക്കായും ദൈവം ഒരു പവിത്ര മനസ്സിനെ കണ്ടെത്തി. അതൊരു വരിഷ്ടനിയോഗമായിരുന്നു. പൂർണതയുടെ പാരാവാരം വിളയിച്ചെടുത്ത മൃതജീവനി മുഹമ്മദിന്റെ മന സ്സിലേക്ക്, മാലാഖയായ ജിബ്രീലിലൂടെ ദേവതീർഥം പോലെ ഒഴുകിയെത്തി. അനുസ്യൂതമായ ഒരു പ്രവാഹഗതിപോലല്ല, അവതാരണം അനിവാര്യമാ ക്കപ്പെട്ട വിശേഷാവസരങ്ങളിലെല്ലാം ഒരു ശമനൗഷധമായി അവ ഒഴുകി യെത്തുകയായിരുന്നു. തന്റെ മനസ്സിലുറന്നെത്തിയ ദൈവികാശയങ്ങൾ അക്ഷരലോപം വരാതെ, ആശയഭംഗമേശാതെ യഥാതഥം സമൂഹത്തിന്റെ മുന്നിലുറന്നെത്തി. കേട്ടുറപ്പിക്കാനും എഴുതിവെക്കാനും വിഭ്രമപ്രവണമായ ആവേശം കാണിച്ച ജ്ഞാന പിപാസുക്കൾ. വെളിപാട് വചനങ്ങൾക്കൊത്ത് തെളിവാർന്ന ജീവിതം രൂപപ്പെടുത്തിയ അനുചരന്മാരുടെയും അനുഗാതാ ക്കളുടെയും വിശ്രുതവലയം അങ്ങനെ വികസ്വരമാവുകയായിരുന്നു.

നൂറ്റാണ്ടുകൾ കൊഴിയുകയും ജനങ്ങൾ പരകോടികളായി പെരുകുകയും ചെയ്തു. ജീവിതരീതിയിൽ, ആഹാരനീഹാരാദികളിൽ, വിചാരവിശ്വാസ ങ്ങളിൽ, ആചാരാനുഷ്ഠാനങ്ങളിൽ, കാഴ്ചയിൽ, വേഴ്ചയിൽ എല്ലാം മാറ്റ ങ്ങളുണ്ടായി. ദൈവദത്തം എന്ന് വിശേഷിപ്പിക്കപ്പെടുന്ന വേദഗ്രന്ഥങ്ങ ളിൽപോലും മാറ്റിമറിക്കലുകളും കൂട്ടിച്ചേർക്കലുകളുമുണ്ടായി. എന്നാൽ സത്യവേദഗ്രന്ഥത്തിലെ പരാമർശങ്ങളൊന്നും ചോദ്യംചെയ്യപ്പെട്ടില്ല. പ്രക്ഷി പ്തങ്ങളാരോപിക്കപ്പെട്ടില്ല. കാലത്തിന്റെ പരുഷസ്വരം അതിന്റെ നേരെ നോക്കി അനുചിതം, അപ്രായോഗികം–എന്നൊന്നും അപവദിച്ചില്ല. 'ലൗഹി'ലെ ഖുർആന്റെ ബാഹ്യപ്രകൃതവും അന്തഃസൗന്ദര്യവും കൈമോശംവരാതെ സത്യവേദഗ്രന്ഥം ഇന്നും പ്രഭാസിക്കുന്നു–നിറം മങ്ങാത്ത, തിറമാർന്ന ദൈവികജ്യോതിസ്സുപോലെ!

എന്തുകൊണ്ടിത് കാലക്കാറ്റിലുലഞ്ഞില്ല? എന്തുകൊണ്ടിത് ലോക സ്പർശംകൊണ്ട് മാഞ്ഞില്ല? എന്തുകൊണ്ടിത് രുചിഭേദം കീർത്തിച്ച് പരി ഷ്കരിക്കപ്പെട്ടില്ല?

കാരണം ഇത് ദൈവകൃതമാണ്. സാർവജനീനമാണ്. സാർവകാലിക

മാണ്. പൂർണവും പരിശുദ്ധവുമാണ്.

ഇതിന്റെ രക്ഷണബാധ്യത ദൈവത്തിനാണ്. കാലാതിവർത്തിയാണ് ഈ ദർശനവിശേഷമെന്ന് മൈക്കൽ എച്ച്. ഹാർട്ട് പറഞ്ഞു. നിത്യനൂതനത്വം ഖുർആന്റെ സവിശേഷതയാണെന്ന് ചരിത്രകാരനായ ഡി.വി. സ്മിത്ത് രേഖപ്പെടുത്തി. "മാറ്റിമറിക്കലുകൾക്കതീതമായ, സ്വയം പൂർണമായ ഒന്നാണ് ഖുർആൻ" എന്ന് ദാർശനികനായ വെറികിറ്റ് സമർഥിച്ചു. "കാലത്തിന്റെ കൈപ്പാടുകളേൽക്കാത്ത വിശ്രുതഗ്രന്ഥമാണ് മുഹമ്മദിലൂടെ ആവിഷ്കൃതമായ ഖുർആൻ" എന്ന് പ്രഖ്യാത സർഗപ്രതിഭയായ ലെയ്ൻപോൾ രേഖപ്പെടുത്തി. ഇസ്‌ലാമിക സംസ്കൃതിയെക്കുറിച്ച് പ്രൗഢമായി വിശകലനം ചെയ്ത ആർനോൾഡ് ഖുർആന്റെ സർവാതിശായിത്തം തെളിമയോടെ പ്രകാശിപ്പിച്ചു. എല്ലാ വേദഗ്രന്ഥങ്ങളിലും പരിഷ്കരണങ്ങളും വെട്ടിത്തിരുത്തലുകളും നടന്നപ്പോൾ അവക്കെല്ലാം അപ്രാപ്യമായി, അചഞ്ചലമായി, ഉദ്ധ്യതവീര്യത്തോടെ പ്രഭാസിച്ച വേദഗ്രന്ഥമാണ് ഖുർആനെന്ന് ദാർശനികനായ പാമർ പ്രസ്താവിച്ചു. "പ്രായോഗികാദ്വൈതത്തിന്റെ വക്താവാണ് പ്രവാചകൻ മുഹമ്മദെ"ന്ന് സ്വാമി വിവേകാനന്ദൻ പ്രഖ്യാപിച്ചപ്പോൾ പ്രകാരാന്തരേണ കീർത്തിക്കപ്പെട്ടത് വേദഗ്രന്ഥം തന്നെയാണ്. ഇവരെല്ലാം അമുസ്‌ലിം പ്രതിഭകളായിരുന്നു. ജന്മബാധ്യതയോ വിശ്വാസപരമായ വിധേയത്വമോ കൊണ്ടല്ല, പ്രത്യുത ബൗദ്ധികമായ സത്യസന്ധത പരിരക്ഷിക്കപ്പെടണം എന്ന നിഷ്കർഷ കൊണ്ടാണ് മേലുദ്ധരിച്ച പരാമർശങ്ങളെല്ലാമുണ്ടായത്.

മതത്തെ ഒരു വികാരം മാത്രമായിക്കാണുന്ന ചില വിശ്വാസികളുണ്ട്. അവർ വേദഗ്രന്ഥത്തെ ഓതിത്തീർക്കുന്നു; ഓത്തുകിത്താബായി മാത്രമതിനെക്കാണുന്നു. അല്ലാഹുവിനോട് കണക്ക് പറഞ്ഞ് ഓത്തുപണത്തിന് കടിപിടി കൂടുന്നവരാണവർ. എത്ര കുറി തസ്ബിയുലച്ചുവെന്നും എത്രവട്ടം കഅ്ബ നോക്കി കുനിഞ്ഞുവെന്നും എഴുതിക്കാട്ടി പ്രതിഫലം ചോദിക്കുന്നവരുടെ എണ്ണം കൂടിവരികയാണിപ്പോൾ. ഭൗതികമായ കാര്യലാഭങ്ങൾക്കും ആത്മീയമായ നേട്ടങ്ങൾക്കും വേണ്ടി അക്ഷരമുരുക്കഴിക്കുന്നവരോട് അറിഞ്ഞു ചൊല്ലാനുപദേശിച്ച പ്രവാചകൻ അവിടെയും നമുക്കൊരു മാർഗദർശിയാണ്. "വായിക്കുന്നതിന്റെ പൊരുളറിയാമോ?" – പ്രവാചകൻ ചോദിച്ചു. ഉത്തരം നിഷേധരൂപത്തിലായിരുന്നു. പ്രവാചകൻ വിശദീകരിച്ചു: "പാരായണം ചെയ്യുക–അതാവശ്യമാണ്. പക്ഷേ, കാര്യമറിഞ്ഞുകൊണ്ടാവണം." പ്രവാചകൻ മന്ദഹസിച്ചു. ആ മന്ദഹാസവും നമുക്ക് പ്രചോദകമാവണം. ഖുർആൻ ഇങ്ങനെ പ്രബോധിപ്പിക്കുന്നു: "താങ്കൾക്ക് നാം അവതരിപ്പിച്ചു തന്ന അനുഗൃഹീതമായ ഒരു വേദഗ്രന്ഥമാണിത്. ഇതിലെ വചനങ്ങൾ മനുഷ്യർ മനസ്സിരുത്തിച്ചിന്തിക്കാനും ബുദ്ധിമാന്മാർ ഓർമിക്കാനും വേണ്ടിയാണ് അവതരിച്ചിട്ടുള്ളത്"(38: 29). ഗ്രന്ഥങ്ങൾ അറിവിന്റെ രത്നഖനിയാണ്. അറിവിനായി നാമവയെ സമീപിക്കുന്നു. നൂതനാശയങ്ങളെക്കൊണ്ട് മനസ്സ് നിറ

യുന്നു. അവ നമ്മുടെ ചിന്തയെ സമ്പന്നവും യുക്തിഭദ്രവുമാക്കിത്തീർക്കുന്നു. എന്നാൽ, ഖുർആൻ എന്ന വേദഗ്രന്ഥത്തെ സമീപിക്കുന്നത് അഭ്യസനത്തിനും അതിനുമപ്പുറം അനുദ്ധ്യാനത്തിനുമാണ്. ഖുർആന്റെ പ്രാഥമിക ദൗത്യം പ്രബോധനമാണ്. യുക്തിഭദ്രമായ കാര്യങ്ങളവതരിപ്പിച്ചുകൊണ്ടാണ് ഈ ദൗത്യം നിർവഹിക്കപ്പെടുന്നത്.

ലോകജനതയെയാകെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഖുർആൻ സംസാരിച്ചത്. അതിന്റെ മാർഗം സ്വീകരിച്ചവർക്കെല്ലാം അത് ആത്മീയമായ വിമോചനം വാഗ്ദാനം ചെയ്തു. ആ ബൃഹദ്ഗ്രന്ഥത്തിൽ ഒരിടത്തുപോലും ഒരു പ്രത്യേക വർഗത്തെയോ രാഷ്ട്രത്തെയോ ഏറെ പ്രിയംകരം എന്ന രീതിയിൽ പരാമർശിച്ചില്ല. സ്വന്തം താൽപര്യത്തിനപ്പുറത്ത് കയ്യും കണ്ണും നീട്ടാനറിഞ്ഞുകൂടാത്ത സ്വാർഥംഭരികളായ ആളുകൾ! എന്നാൽ അതിലൊന്നും ശ്രദ്ധിച്ച് വേപഥുകൊള്ളാതെ, സാമൂഹ്യനീതി സ്ഥാപിക്കാനുള്ള വിഭാവിതലക്ഷ്യത്തോടെ സത്യവേദം മുന്നോട്ടു നീങ്ങി. മനുഷ്യസാമാന്യത്തിലുള്ള ധാർമികമായ ശക്തി സാധ്യതകളിൽ വിശ്വാസമർപ്പിച്ച്, സങ്കുചിതവും നൈമിഷികവുമായ വികാരവിചാരങ്ങളെയവഗണിച്ച് സത്യവേദം മുന്നോട്ടു നീങ്ങുകയായിരുന്നു. അതുകൊണ്ടാണതിന് വിശാലമായ കാഴ്ചപ്പാടും ബഹുലമായ കർമരംഗങ്ങളുമുണ്ടായത്.

ദരിദ്രനെ വിട്ട് ധനികനോട് മാത്രമായി സത്യവേദം സംവദിച്ചില്ല. മർദകനെ ശ്രദ്ധിക്കാതെ മർദിതനോട് മാത്രമായി അത് സമ്പർക്കം പുലർത്തിയില്ല. എല്ലാ വിനകൾക്കും കാരണം മനുഷ്യമനസ്സിന്റെ തിന്മകളാണെന്നും അവയാണ് വിപാടനംചെയ്യപ്പെടേണ്ടതെന്നും വേദഗ്രന്ഥം വിലയിരുത്തുന്നു. എല്ലാ വേദഗ്രന്ഥങ്ങളുടെയും സമീപനമതായിരുന്നു. അതുകൊണ്ടാണ് പ്രവാചകനായ മോസസ് ഇസ്രായേലിലെ സാധാരണക്കാരനോടും ഫറോവാ രാജാവിനോടും ഒരേപോലെ സംസാരിച്ചത്. ആകാശത്തിനു ചുവടെ, ഭൂമിയിൽ ജീവിക്കുന്ന ഏറ്റവും സത്യസന്ധനായ മനുഷ്യൻ എന്ന് ശ്ലാഘിക്കപ്പെട്ട അബൂദർറിനോടും, ഈ യുവാവിന്റെ മജ്ജ വരെ ഈമാനാണെന്ന് താൻ തന്നെ കീർത്തിച്ച അമ്മാറിനോടും കുത്സിതബുദ്ധികളായ ഖുറൈശി പ്രമാണിമാരോടും അന്ത്യപ്രവാചകൻ വിവേചനമില്ലാതെ സംസാരിച്ചത് അതുകൊണ്ടാണ്. സ്വന്തം തിന്മകൾക്കും അഹംബോധത്തിനുമെതിരെ പോരാട്ടം പ്രഖ്യാപിക്കാൻ ഖുർആൻ പലർക്കും ആത്മവീര്യം നൽകി. ഒരു പക്ഷേ, ലോകം പരിചയപ്പെട്ട ഏറ്റവും വലിയ വിപ്ലവം–ജിഹാദുൽ അക്ബർ–, ഒരാൾ സ്വന്തം ദേഹേച്ഛകൾക്കും മനോമാലിന്യങ്ങൾക്കുമെതിരെ നടത്തുന്ന മഹാവിപ്ലവം ആവിഷ്കരിച്ചത് വേദഗ്രന്ഥമാണ്. വ്യക്തിഗതങ്ങളായ ആഗ്രഹാഭിലാഷങ്ങളെ അമർത്തി നിർത്തി, സമൂഹത്തിന്റെ നന്മക്കും വികാസവൃദ്ധികൾക്കുംവേണ്ടി പൊരുതി മരിക്കാൻ സത്യവിശ്വാസികൾക്കാവേശം നൽകിയ മഹദ്ഗ്രന്ഥമാണത്. അവക്രവും അതിവിശുദ്ധവുമായിരുന്നു അവ

രുടെ മനസ്സും മനഃസാക്ഷിയുമെല്ലാം. അവരുടെ സമീപനത്തിലും മനോഭാവത്തിലും അവിശ്വസനീയമായ മാറ്റമുണ്ടാക്കിയത് വേദഗ്രന്ഥമായിരുന്നു. പുഴുവെ ശലഭമാക്കാനും മണൽക്കാടിനെ മലർവാടിയാക്കാനും കാട്ടറബിയെ ദേവമനസ്സാക്കാനും ദുർബലതയിൽ ശക്തി വിളയിക്കാനും ശത്രുവിൽ പോലും സ്നേഹവായ്പുണർത്താനും ശക്തിപകർന്നത് വേദഗ്രന്ഥമായിരുന്നു.

അന്യോന്യ ഭിന്നങ്ങളല്ലെങ്കിലും ഖുർആനിൽ രണ്ടുതരം ഭാഷകളുണ്ടെന്ന് സൂക്ഷ്മദൃക്കുകൾ കണ്ടെത്തിയിട്ടുണ്ട്. ബുദ്ധിയോട് സംസാരിക്കാൻ പോന്ന വിചാരഭാഷ; ഹൃദയത്തോട് സംവദിക്കാൻ സവിശേഷതയാർന്ന വികാരഭാഷ. സ്വതന്ത്ര ചിന്താശീലത്തിന്റെ പ്രാമുഖ്യം ഇത്രമേൽ വിളിച്ചറിയിച്ച മറ്റൊരു വേദഗ്രന്ഥമില്ല. "ചിന്തിക്കാത്ത ബധിരരും ഊമകളുമാണ് അല്ലാഹുവിന് ഏറ്റവും നികൃഷ്ടജീവികൾ"(8: 22). ശാരീരികമായ ന്യൂനാവസ്ഥയല്ല ഇവിടെ വിവക്ഷ. നാവിന് പ്രവർത്തനശേഷിയില്ലാത്തവനല്ല ഇവിടെ ഊമയായി വിവക്ഷിക്കപ്പെടുന്നത്. ചെകിട് പൊട്ടനെയല്ല ബധിരൻ എന്ന് വിളിച്ചത്. കാതുണ്ടായിട്ടും കേൾക്കേണ്ടത് കേൾക്കാൻ കഴിയാത്തവനാണ് ബധിരൻ- അവനാണ് നികൃഷ്ടജീവി. മൊഴിയാൻ നാക്കുണ്ടായിട്ടും സത്യം മൊഴിയാൻ അറച്ചുനിൽക്കുന്നവനെയാണ് ഖുർആൻ നികൃഷ്ടജീവി എന്ന് വിളിച്ചത്. സത്യം പറയാൻ മടിക്കുകയും നല്ലത് കേൾക്കാനറക്കുകയും ചെയ്യുന്നവനെയാണ് മൂകനായും ബധിരനായും വിശേഷിപ്പിച്ചത്.

ഇഹപരങ്ങളെന്ന പൂർവോത്തരാർധങ്ങളിലായി പടർന്നുനിൽക്കുന്ന ഒന്നാണ് മനുഷ്യജീവിതമെന്നും ഇവയിൽ ഉത്തരാർധമായ പാരത്രിക ജീവിതമാണ് താരതമ്യേന പ്രാമുഖ്യമിയന്നതെന്നും ഖുർആൻ സിദ്ധാന്തിക്കുന്നു.

"ഈ ഐഹികജീവിതം കളിയും വിനോദവും മാത്രമാണ്. നിശ്ചയമായും പരലോകഭവനം തന്നെയാണ് യഥാർഥവും ശാശ്വതവുമായ ജീവിതം." (29: 64)

"നിങ്ങൾ ഐഹികവിഭവങ്ങൾ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെയാണുദ്ദേശിക്കുന്നത്. അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു." (8: 67)

"പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന് പ്രാധാന്യം നൽകുന്നു. പരലോകമാകട്ടെ ഏറ്റവും ഉത്തമവും എന്നെന്നും അവശേഷിക്കുന്നതുമാണ്." (87: 16-17)

പ്രപഞ്ചജീവിതം അയഥാർഥവും നിരർഥകവും മിഥ്യയുമാണെന്നല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മുഖ്യാർധം എന്ന് വിശേഷിപ്പിക്കപ്പെടുന്ന പാരത്രികജീവിതത്തിന്റെ അവലംബശിലയും നിയാമകശക്തിയും ഇഹലോകജീവിതമാണെന്നറിയുമ്പോഴാണ് ഈ ലോകത്തിന്റെ സവിശേഷത നാം മന

സ്സിലാക്കുന്നത്. സുപ്രധാനമായ അരങ്ങിലെ പൊലിമക്കും പ്രഭാവത്തിനും വേണ്ട ക്രിയാതലം ഇതാണ്. ഇവിടെയുള്ള ജീവിത ചലനങ്ങളെ സസൂക്ഷ്മം വിലയിരുത്തിയാണ് പാരത്രിക ജീവിതത്തിനുള്ള സമർഹത നിശ്ചയിക്കുന്നത്. തീർത്തും കർമനിഷ്ഠവും സൂക്ഷ്മവും ബാഹ്യപ്രേരണകൾക്ക് സ്വാധീനിക്കാൻ കഴിയാത്തവിധം സുഭദ്രവുമായ വിശകലനവും വിലയിരുത്തലുമാണിവിടെ നടക്കുക. അയവോ ആർദ്രതയോ കാണിക്കാത്ത നിരങ്കുശമായ വിധിപ്രഖ്യാപനമവിടെ നടക്കും. ദുരൂഹതകളും സങ്കീർണതകളും അവ്യക്തതകളുമില്ലാത്ത അവക്രമായ സമീപനം. ഇഹലോക ജീവിതത്തിലെ കർമകാണ്ഡങ്ങളുടെ സൂക്ഷ്മ പ്രകൃതമാണവിടെ നിഴലിക്കുക. ഇവിടെ മനുഷ്യനുയർത്തുന്ന ശബ്ദത്തിന്റെ പ്രതിധ്വനിയാണവിടെ കേൾക്കുക.

"ഇഹലോകജീവിതവും അതിന്റെ അലങ്കാരവുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ തങ്ങളുടെ പ്രവർത്തനഫലങ്ങൾ ഈ ലോകത്തുവച്ച് അവർക്ക് നാം പൂർത്തിയാക്കിക്കൊടുക്കുന്നതാണ്. അവർക്ക് അതിൽ നഷ്ടം വരുത്തുകയില്ല. എന്നാൽ പരലോകത്ത് അവർക്ക് നരകമല്ലാതെ മറ്റൊന്നും ലഭിക്കുകയില്ല . ഇവിടെവച്ച് അവർ ചെയ്തതെല്ലാം നിഷ്ഫലമായിത്തീരും. ഇവിടെ അവർ ചെയ്തിരുന്നതെല്ലാം സത്യത്തിൽ നിഷ്ഫലമായിരുന്നു." (11: 15–16)

"സുകൃതം ചെയ്തവർക്ക് ഇഹലോകത്തുതന്നെ നല്ല പ്രതിഫലമുണ്ട്. പരലോകഭവനം ഉത്കൃഷ്ടമായതുമാണ്. ഭക്തരുടെ വീട് എത്ര മഹത്തരം!" (16: 30)

ഇഹലോകജീവിതത്തിലെ കർമപ്രപഞ്ചത്തിലൂന്നിയുള്ള പരലോകവിധാനമാണ് ഇസ്ലാമികദർശനം വരച്ചുകാണിക്കുന്നത്. ഇഹത്തിലെ കർമഫലമനുഭവിക്കാൻ സംവിധാനം ചെയ്യപ്പെട്ട ഒന്നാണ് പരലോകം. ദൈവമാർഗത്തിൽ ചരിക്കുന്ന സുകൃതികൾക്ക് പ്രാപിക്കാനാവുന്ന സ്വർഗവും ദൈവേതര പഥങ്ങളിലൂടെ സഞ്ചരിക്കുന്നവർക്ക് ലഭിക്കുന്ന നരകവും ഖുർആനിൽ വർണിച്ചിട്ടുണ്ട്. സൽക്കർമികൾക്ക് ആവേശദായകമാണത്; ദുർവൃത്തർക്ക് താക്കീതും. ഇവ രണ്ടും ഇവിടെ കുറേക്കൂടി നല്ല ജീവിതത്തിന് പ്രചോദകമായി ഭവിക്കുന്നു.

എന്തിനാണ് ജീവിതം, എങ്ങനെയാവണം ജീവിതം എന്നതിനെക്കുറിച്ചെല്ലാം മനുഷ്യന് അറിവ് ലഭിച്ചിട്ടുണ്ട്. അതിനായി വേദഗ്രന്ഥങ്ങളും പ്രബോധനങ്ങളും അവതീർണങ്ങളായിട്ടുണ്ട്. സത്യാസത്യ വിവേചനശേഷി വളർത്താൻ പോരുന്ന ഒരുപാടനുഭവങ്ങൾ മനുഷ്യന്റെ മുന്നിലുണ്ട്. വിധിവിലക്കുകളിലൂടെ യാത്രാപഥം തെളിച്ചുകാട്ടിയിട്ടുണ്ട്. സാത്താന്റെ ശക്തികൾക്കെതിരെ നിത്യജാഗ്രത പാലിക്കാനനുശീലിച്ചിട്ടുമുണ്ട്. എന്നിട്ടും അവയെല്ലാം നിസ്സങ്കോചം നിരാകരിച്ചും ലക്ഷ്യബോധമുൾക്കൊള്ളാതെയും പാര

ത്രിക ജീവിതത്തെക്കുറിച്ച് അശേഷം ഓർക്കാതെയും നിയന്ത്രണങ്ങളെയും താക്കീതുകളെയും നിരാകരിച്ച് ഭൗതികതയെ കുത്തിച്ചോർത്തിക്കുടിച്ചും മദിച്ചും കഴിയുന്നവർക്ക് ലഭിക്കാൻ പോകുന്ന ദുർവഹദുരന്തങ്ങളെക്കുറിച്ച് വേദഗ്രന്ഥം വിശദീകരിക്കുന്നുണ്ട്.

മനുഷ്യന് ചുറ്റും വശ്യമായ പ്രലോഭനങ്ങളുടെ മന്ദഹസിക്കുന്ന ഒരായിരം വർണമുഖങ്ങളുണ്ട്. നമ്മുടെ ദൗർബല്യങ്ങളെ കണ്ടറിഞ്ഞ്, അവയെ തൊട്ടുണർത്തി, തീറ്റകൊടുത്തു വശപ്പെടുത്തിയാണ് സാത്താന്റെ ശക്തികൾ നമ്മിൽ പ്രവേശിക്കുന്നത്. മനസ്സിനെ മോഹവലയിൽ കുരുക്കി പ്രീണിപ്പിക്കുവാൻ അവക്ക് കഴിയുന്നു. മായാമോഹിതമായ മനുഷ്യമനസ്സ് അസ്തവീര്യമാവുകയും ക്രമത്തിൽ തന്റെ കടമകളും വിഭാവനകളും മറക്കുകയും ജീവിതോദ്ദേശ്യം പോലും കൈമോശംവരികയും ചെയ്യുന്നു.

അതിമനോഹരമായ ഒരു പ്രപഞ്ചമാണ് മനുഷ്യർക്കായി ദൈവമിവിടെ സംവിധാനം ചെയ്തിട്ടുള്ളത്. കരയിലും കടലിലും, കണ്ണെത്താവുന്ന അളവിൽ ആകാശത്തിലുമായി അനന്ത വൈചിത്ര്യങ്ങളാണ് ദൈവം വിതാനിച്ചിട്ടുള്ളത്. വൈചിത്ര്യമാർന്ന നാദങ്ങളും രൂപങ്ങളും സുഖാസ്വാദ്യങ്ങളായ മറ്റനേകം പ്രതിഭാസങ്ങളും നിരന്നുനിറഞ്ഞിട്ടുണ്ടിവിടെ. ഇവക്കിടയിലാണ് മനുഷ്യനെ സൃഷ്ടിച്ചു നിർത്തിയിട്ടുള്ളത്. ഈ മനംകവരുന്ന വിഭവങ്ങളെ മുഴുവൻ വാരിക്കുടിച്ചു മതിമറന്ന് മത്ത് പിടിക്കുമ്പോൾ വിനഷ്ടമാകുന്ന വിലപിടിപ്പുള്ള പലതും മനുഷ്യനോർക്കാതെ പോകുന്നു. മത്ത് പിടിച്ച മനുഷ്യൻ ഇവിടമാണ് സ്വർഗം, ഇവിടമാണെല്ലാം എന്ന് കരുതിക്കഴിയുന്ന വിഭ്രമാവസ്ഥയോളമെത്തുന്നു.

മനുഷ്യന്റെ കർമശാലയും പാരത്രികജീവിതം നിർണയിക്കപ്പെടുന്ന പരീക്ഷണാലയവുമാണ് ഈ ലോകം- ഇതാണ് ഖുർആന്റെ സമീപനം. മനം മയക്കുന്ന നൂറായിരം പ്രലോഭനങ്ങളുടെ നടുവിൽ, ഉപഭോഗാവസരങ്ങളനുവദിച്ച്, വിധിവിലക്കുകളുടെ നിയന്ത്രണങ്ങളറിയിച്ച് മനുഷ്യനെ ഇറക്കി നിർത്തിയത് തീർത്തുമൊരു പരീക്ഷണത്തിനാണ്. എല്ലാ തലങ്ങളിലും അവൻ പരീക്ഷിക്കപ്പെടുന്നു. പ്രകടനത്തിലും പ്രഖ്യാപനത്തിലുമല്ല, നിഷ്കപടമായ വിശ്വാസത്തിലും തദനുസാരമായ കർമാനുഷ്ഠാനത്തിലുമാണ് ജീവിതം വിലയിരുത്തപ്പെടുന്നത്. കാപട്യത്തിന്റെ സമീപനംകൊണ്ട് സകലജ്ഞനായ ദൈവത്തെ പാട്ടിലാക്കാമെന്ന് കരുതുന്നത് മൗഢ്യമാണ്. സത്യവേദവിശ്വാസിയാണെന്ന് ഭാവിച്ച് അപരിഷ്കൃതിയുടെ ജാഹിലിയ്യാ സംസ്കാരവുമായിക്കഴിയുന്നവരെ താക്കീതുചെയ്തുകൊണ്ടുള്ള വേദഗ്രന്ഥ വചസ്സുകൾ ശ്രദ്ധേയങ്ങളാണ്.

“ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് പറയുന്നതുകൊണ്ട് മാത്രം ആളുകളെ പരീക്ഷണത്തിന് വിധേയരാക്കാതെ വിട്ടുകളയുമെന്ന് അവർ ധരിക്കു

ന്നുണ്ടോ? ഇവരുടെ മുൻഗാമികളെ നാം പരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. അങ്ങനെ സത്യവാന്മാരുടെ സത്യത്തെ അല്ലാഹു വെളിപ്പെടുത്തും. അസത്യവാദികളുടെ അസത്യത്തേയും." (29: 2, 3)

ദുർവഹ ദുഃഖങ്ങളും അമിതാഹ്ലാദങ്ങളും വിളയിച്ചെടുക്കുന്ന വികാര തീവ്രതയുടെ സന്ദർഭങ്ങൾ മനഃസംസ്കൃതിയുടെയും വ്യക്തിവിശുദ്ധിയുടെയും ഒന്നാംതരം വിശോധനാ മുഹൂർത്തങ്ങളാണ്. മനുഷ്യനുൾക്കൊള്ളുന്ന ധാർമികാധ്യാപനങ്ങളുടെ അന്തഃശോഭ അഭിദർശിക്കപ്പെടുന്ന അനർഘ നിമിഷങ്ങളാണവ. മനുഷ്യൻ സൂക്ഷ്മമായി, സത്യശുദ്ധമായി പരീക്ഷിക്കപ്പെടുന്ന നിർണായക നിമിഷങ്ങളും അവതന്നെ. സമുന്നതാദർശങ്ങളുടെ അപോസ്തലന്മാരായിക്കഴിയുന്ന പലർക്കും തങ്ങൾ എത്രത്തോളം അവയൊക്കെ സ്വാംശീകരിച്ചിട്ടുണ്ടെന്നും അവയോടെല്ലാം എത്രത്തോളം നീതിപുലർത്തിപ്പോന്നിട്ടുണ്ടെന്നും ബോധ്യപ്പെടുന്നതപ്പോഴാണ്. സൂക്ഷ്മജ്ഞനായ ദൈവം തന്റെ കൈയിലെ സത്യശോധിനികൊണ്ട് നമ്മെ അളന്നറിയുന്നതപ്പോഴാണ്.

"നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന്, നിങ്ങളെ പരീക്ഷിച്ചറിയുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ." (67: 2)

"നിങ്ങളിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ്ചെയ്യുന്നവരെയും സ്ഥിരചിത്തരായ ആളുകളെയും വേർതിരിച്ചറിയുകയും നിങ്ങളുടെ യഥാർഥ നില മനസ്സിലാവുകയും ചെയ്യുന്നതുവരെ നാം നിങ്ങളെ പരീക്ഷിക്കുകതന്നെ ചെയ്യും."(47: 31)

"ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. തിന്മകൊണ്ടും നന്മകൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നു. നമ്മുടെ അടുക്കലേക്കുതന്നെ നിങ്ങളെ തിരിച്ചുകൊണ്ടുവരുന്നതുമാണ്." (21: 35)

അതിഭോഗത്തിന്റെയും സുഖലോലുപതയുടെയും വിപൽക്കരതകളെക്കുറിച്ച് വേദഗ്രന്ഥം സൂചന നൽകുന്നുണ്ട്. മിതത്വമാണ് പ്രകൃതിയുടെ സംസ്കാരം. മിതമായ ഉപഭോഗത്തിനുവേണ്ടി എല്ലാവർക്കുമായി വിരചിക്കപ്പെട്ടതാണ് പ്രപഞ്ച വസ്തുക്കളെല്ലാം. അതിഭോഗം അരുതായ്മയും അനീതിയുമാണ്. അതിഭോഗംകൊണ്ട് ഭോജ്യവസ്തുക്കൾ കുറയുകയും മറ്റുള്ളവരുടെ അവകാശം- മൗലികാവകാശം തന്നെ- ധ്വംസിക്കപ്പെടുകയും ദൈവികമായ താളം വികലമാവുകയും സുസ്വരത നഷ്ടപ്പെടുകയും അതുവഴി അസ്വാസ്ഥ്യം ഉയിരണിയുകയും ചെയ്യുന്നു. ഇത് നാടിനെ നാശത്തിലേക്ക് നയിക്കുന്നു. വേദവചനം ശ്രദ്ധേയം: "ഒരു രാജ്യത്തെ അവിടത്തുകാരുടെ ദുഷ്ചെയ്തികൾ കാരണം നാം നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപന്മാരെ (പ്രവാചകൻ മുഖേന) നാം ശാസിക്കുന്നു.

അപ്പോൾ അതിൽ അവർ ധിക്കാരം പ്രവർത്തിക്കുന്നു. അതോടെ അതിനെതിരിൽ നമ്മുടെ ശിക്ഷയുടെ വചനം പൂർത്തിയാവുന്നു. അങ്ങനെ നാം അതിനെ നിശ്ശേഷം നശിപ്പിച്ചുകളയുന്നു." (17: 16)

അതിഭോഗവും ആഡംബരവും വഴി മനുഷ്യർ അക്രമികളും പാതകികളുമായിപ്പരിണമിക്കുന്നുവെന്നും അവരുടെ വിപൽക്കരമായ വൃത്തികളേതും വിനാശം വിളയിക്കുന്നുവെന്നും വേദഗ്രന്ഥം താക്കീത് ചെയ്യുന്നു.

ലൗകിക ജീവിതത്തിൽ സമ്പത്തിന്റെ സ്ഥാനം മതദർശനങ്ങളൊന്നും നിസ്സാരമായിക്കണ്ടിട്ടില്ല. ശരിയായ, ധാർമികമായ വഴിയിലൂടെയുള്ള അർഥസമ്പാദനം അനുവദനീയമാണ്. അതിന്റെ വിനിയോഗവും ധർമമാർഗത്തിൽ തന്നെയാവണം. ധനപരമായ ആയവ്യയങ്ങളെ സംബന്ധിച്ചുള്ള സാമാന്യമായ മതവീക്ഷണമതാണ്. 'സർവേഗുണാ കാഞ്ചനമാശ്രയന്തി' എന്നത് അതിഭോഗതൃഷ്ണയുടെ വേദാന്തമാണ്. ധനം ലൗകിക ജീവിതത്തിനനിവാര്യമാണെന്നും എന്നാൽ ജീവിതം ധനാർജനത്തിനുള്ളതല്ലെന്നും നാം ധരിക്കണം. അതിനേക്കാൾ ഉത്കൃഷ്ടമായ മറ്റൊന്നിന്റെ സാക്ഷാൽക്കാരമാണ് ജീവിതത്തിന്റെ വിഭാവിതലക്ഷ്യം. ഒരർഥത്തിൽ സമ്പത്തുപോലും ഇവിടെ പരത്തിയിട്ടിരിക്കുന്നത് പരീക്ഷണത്തിനുവേണ്ടിയാണ്. സകലസൗഭാഗ്യങ്ങളുടെയും പരമാധാരമായും സർവശക്തിസ്വരൂപമായും ഊനമറ്റ മാപിനിയായും കരുതപ്പെടുന്ന സമ്പത്തിന്റെ മുന്നിൽ മനുഷ്യൻ എങ്ങനെ എന്നറിയാനുള്ള ദൈവികപരീക്ഷണം. ഈ സത്യത്തിലേക്ക് ഖുർആൻ വിരൽചൂണ്ടുന്നു:

"നിങ്ങളുടെ സമ്പത്തും സന്താനങ്ങളും പരീക്ഷണോപാധികൾ മാത്രമാണ്. അല്ലാഹുവിന്റെ പക്കൽ തന്നെയാണ് മഹത്തായ പ്രതിഫലമുള്ളത്."(8: 28)

"... നിന്റെ നാഥന്റെ കാരുണ്യം അവർ ശേഖരിച്ചുവെക്കുന്നതിനേക്കാൾ ഏറ്റവും ഉത്തമമാകുന്നു." (43: 32)

ഇവ്വിധം ധനപ്പെരുമയുടെ മുന്നിൽ ദൈവപ്രീതിയുടെ പ്രാമുഖ്യം ഖുർആൻ ബോധ്യപ്പെടുത്തുകയുണ്ടായി. പണപ്പെരുമകൊണ്ട് മനഃശോഭ കൈവെടിഞ്ഞവരെ ചൂണ്ടി ഖുർആൻ നൽകുന്ന താക്കീത് ഗൗരവമിയന്നതാണ്.

"താൻ സ്വയംപര്യാപ്തനാണെന്ന് വിചാരിച്ചതു കാരണം മനുഷ്യൻ അതിക്രമം പ്രവർത്തിക്കുന്നു. നിന്റെ നാഥനിലേക്കുതന്നെയാണ് മടക്കം എന്ന കാര്യം മറക്കരുത്." (96: 6–8)

അവഗണിക്കാനാവാത്ത ലോകാനുഭവങ്ങൾ നിരത്തി വേദഗ്രന്ഥം ഈ അനശ്വരാശയത്തെ സമർഥിച്ചിട്ടുണ്ട്: "ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. പക്ഷേ, അവൻ അവരുടെമേൽ അതിക്രമം പ്രവർത്തിച്ചു.

നാം അവന് ധാരാളം ധനനിക്ഷേപങ്ങൾ നൽകിയിരുന്നു. അതിന്റെ താക്കോൽക്കൂട്ടം തന്നെ കരുത്തരായ ഒരു സംഘം ആളുകൾക്ക് കനത്ത ഭാരമായിരുന്നു. അവന്റെ ജനം അവനോട് പറഞ്ഞ അവസരം (ഓർക്കുക): 'നീ പൊങ്ങച്ചം കാണിക്കരുത്. തീർച്ചയായും പൊങ്ങച്ചം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല."(28: 76)

ദൈവപ്രീതികൊണ്ട് കൈവരുന്ന നിത്യാനന്ദത്തിന്റെ പരമ പദം ഇവിടെ ക്കാണുന്ന ഭൗതികപ്പെരുമകളെക്കാൾ അനവദ്യമാണെന്നും ക്ഷണികമായ ഭൗതിക സുഖങ്ങളുടെ പളപളപ്പുകളിൽ പ്രലോഭിതരാവാതെ, വേദഗ്രന്ഥം വഴിനയിക്കുന്ന ധർമപഥത്തെ മാത്രം ശരണമാക്കുക എന്ന ഉദ്ബോധന മാണ് ഖുർആൻ മനുഷ്യരാശിക്ക് സമ്മാനിക്കുന്നത്.

# സത്യാവലംബിയായ മതം

മനുഷ്യൻ വിശേഷബുദ്ധിയുള്ളവനാണ്.
അതുകൊണ്ട് കാരണമന്വേഷിക്കൽ
അവന്റെ സഹജഭാവമാണ്.
അവൻ കാരണം തേടിപ്പോകുമ്പോൾ
ഓരോ ഘട്ടത്തിലും കാരണം കണ്ടെത്തി
എന്ന തോന്നലുണ്ടാകുന്നു.
ബുദ്ധി അവനെ ഉണർത്തുന്നു:
തീർന്നില്ല, ഇതിന്നുമൊരു കാരണം കാണും എന്ന്
അന്വേഷണം തുടരുന്നു, അവിരാമം.
കണ്ടെത്തി എന്ന തോന്നലുകളും
ആവർത്തിക്കപ്പെടുന്നു.
ബുദ്ധി, സൂക്ഷ്മ പര്യവേഷണത്തിൽ
കണ്ടെത്തിയ കാരണത്തിനും പിറകിൽ
മറ്റൊരു വലിയ കാരണമുണ്ടെന്ന്
മനുഷ്യനെ തെര്യപ്പെടുത്തുന്നു
കണ്ടതൊന്നുമല്ല കാരണമെന്നും
കാര്യമായ കാരണം
കണ്ടെത്താനിരിക്കുന്നേയുള്ളൂവെന്നുമുള്ള
ആന്തരിക ബോധ്യമാണ്
അവന്റെ യാത്രയെ അവിരാമമായി
നയിച്ചുകൊണ്ടിരിക്കുന്നത്
സത്യഗ്രഹണപിപാസുവായ മനുഷ്യൻ
'ഇതല്ല, ഇതല്ല' എന്ന് മൗനമായി
മന്ത്രിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്നു.
സത്യമെങ്കിലും അജ്ഞേയവും
അവ്യക്തവുമായ എന്തോ ഏതോ

ഒന്നിനെത്തേടിയുള്ള
അനന്തമായ യാത്ര.
മനുഷ്യന് ചുറ്റുമുള്ളതെല്ലാം
ആ ഒന്നിന്റെ പ്രതിഭാസങ്ങളാണ്,
ദൃഷ്ടാന്തങ്ങളാണ്-തെളിവുകളാണ്.
അവ നമുക്ക് അറിയാവുന്നവയാണ്
അഭിഗമ്യങ്ങളുമാണ്.
ഇന്ദ്രിയവേദ്യങ്ങളായ,
മനുഷ്യമസ്തിഷ്കത്തിന് പ്രാപ്യങ്ങളായ
അവയെല്ലാം, പരമകാരണമായ
ആ ഒന്നിന്റെ തെളിവുകളും
ദൃഷ്ടാന്തങ്ങളുമാണെങ്കിൽ
ആ ഒന്ന് നിത്യവും സത്യവും
പരമവും പദാർഥാതീതവും
താരതമ്യേന അൽപത്വമണിഞ്ഞുനിൽക്കുന്ന
മനുഷ്യചേതനക്ക് അപ്രാപ്യവുമത്രെ.
ആ അപാരതയെ, അനന്തതയെ-
ക്കുറിച്ച് അധികമൊന്നുമറിയില്ലെങ്കിലും
അതിന്റെ അസ്തിത്വം
തന്നിലെ ആത്മാംശംപോലെ
ഒരു വിചാരജീവിക്ക്
സത്യവും അഭിവ്യക്തവുമത്രെ.
സത്യവും സകലാവലംബിയുമായ
ആ മഹാവിസ്മയമാണ് അല്ലാഹു.
ഇതുപോലെ എന്ന്
പറയാനൊക്കാത്തവിധം അസദൃശവും
ഇത്രയാണെന്നനുമാനിക്കാൻ
കഴിയാത്തവിധം വിശാലവും
അപ്രാപ്യമെന്നുറപ്പിക്കാൻ
കഴിയുമാറ് അഗാധവുമാണ്
ആ വിസ്മയ പ്രതിഭാസം.
കൈക്കുടന്നകൊണ്ട് കടൽവെള്ള-
മളക്കാൻ കഴിയാത്തപോലെ
ആ വിസ്മയപ്രതിഭാസമുൾക്കൊള്ളാൻ
മനുഷ്യബുദ്ധിക്ക് സാധ്യമല്ല.
ആ വിശ്രുത വിസ്മയത്തിനുമുന്നിൽ
നിന്നുകൊണ്ട് വിഭ്രാന്തമനസ്സായ

കവിയും ദാർശനികനും
അതാണിതാണെന്ന് പറയുമ്പോൾ
അതെല്ലാം അല്ലാഹുവെക്കുറിച്ചാണെന്നും
എന്നാൽ അതല്ല അല്ലാഹുവെന്നും
നാമറിയുക. അവരുടെയെല്ലാം
താപമാപിനികളിൽക്കൊള്ളുന്നത്
അവർ ചൂണ്ടിക്കാട്ടി. എന്നാൽ
അതിനുമപ്പുറത്ത് നിറഞ്ഞു വഴിഞ്ഞുനിൽക്കുന്ന
ആയിരം സൂര്യതേജസ്സുകളെ
അധഃകരിച്ചു നിൽക്കുന്ന
പ്രകാശപൂരമാണത്.

മതത്തിന്റെ കേന്ദ്രബിന്ദു
മഹാസത്യമായ ദൈവമാണെങ്കിലും
മതം വിശ്വാസാവലംബിയാണ്.
ഒട്ടുമിക്ക മതങ്ങളും അനുയായികളുടെ
ചിന്താശക്തിയെ മരവിപ്പിക്കാനും
വന്ധ്യംകരിക്കാനും ശ്രമിച്ചുകൊണ്ട്
അച്ചടക്കവും അനുസരണവുമുള്ള
അനുയായികളുടെ അന്ധസമൂഹത്തെ
സബോധം സൃഷ്ടിക്കുകയായിരുന്നു.
പ്രയോഗരംഗത്തെങ്കിലും
വിദ്യ വിലക്കിയ മതങ്ങളുണ്ട്;
സ്വതന്ത്രചിന്ത ഈശ്വരനിഷേധത്തിലേക്ക്
അനുയായികളെ നയിച്ചേക്കുമെന്ന്
ഭയന്ന മതതലങ്ങളുണ്ട്.
'നിന്റെ മനഃസാക്ഷിയല്ല, നിനക്കവലംബം
ഗുരുമുഖത്തുനിന്നുയരുന്ന
വാക്കുകളാണ്' എന്നറിയിച്ച
മതങ്ങളുമുണ്ട്.
മതങ്ങൾക്കിടയിൽ ഇസ്ലാം സംസ്കൃതിയുടെ
സ്വരം വ്യത്യസ്തമാണ്.
അനുസരിക്കാനും അനുവർത്തിക്കാനും
അനുശാസിച്ചുകൊണ്ട് മതാധ്യാപനം
നിർവഹിക്കുകയായിരുന്നില്ല ഖുർആൻ.
മനുഷ്യന് ചുറ്റുമുള്ള പ്രതിഭാസങ്ങളെല്ലാം
ദൃഷ്ടാന്തങ്ങളാണെന്നും
അവയെ സനിഷ്കർഷം വിശകലനം ചെയ്ത്

മുന്നോട്ടു നീങ്ങുമ്പോൾ
അല്ലാഹുവിന്റെ അസ്തിത്വം
ബോധ്യപ്പെടുമെന്നും അവന്റെ
ഗുരുത്വവും തന്റെ ലഘുത്വവും
അവിടെ അറിയുമെന്നും
അറിവിനൊത്തുണരുന്ന മനസ്സ്
അവന്റെ മുന്നിൽ സ്വയം
സമർപ്പിതമാവുമെന്നും
വേദഗ്രന്ഥമുദ്ഘോഷിക്കുന്നു.
മനുഷ്യാ, നീ ചിന്തിക്കുക എന്ന്
പലവട്ടമാവർത്തിച്ചനുസ്മരിപ്പിക്കുന്ന
ഖുർആൻ, ചിന്തക്കും
ചിന്ത കൈവരിക്കുന്ന ബോധ്യത്തിനും
ബോധ്യത്തിന്റെ ക്രിയാരൂപമായ
സമർപ്പണത്തിനും നമ്മെ പ്രബോധിപ്പിക്കുന്നു.
സ്വതന്ത്രചിന്താശേഷി വളർത്തിയെടുക്കാ-
നാഹ്വാനം ചെയ്തുകൊണ്ട് വേദഗ്രന്ഥത്തിൽ
സുവർണശോഭ പരത്തി വിരാജിക്കുന്ന
ചില സൂക്തങ്ങളുണ്ട്:
"എന്നാൽ അവർ ഒട്ടകങ്ങളിലേക്ക്
നോക്കുന്നില്ലേ? എങ്ങനെയാണത്
സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? ആകാശത്തിലേക്കും
(അവർ നോക്കുന്നില്ലേ?) അതെങ്ങനെയാണ്
ഉയർത്തപ്പെട്ടിരിക്കുന്നത്?
പർവതങ്ങളിലേക്കും
അതെങ്ങനെയാണ് നാട്ടിനിർത്തപ്പെട്ടിരിക്കുന്നത്?
ഭൂമിയിലേക്കും
അതെങ്ങനെയാണ് വിശാലമാക്കപ്പെട്ടിരിക്കുന്നത്?" (88: 17-20)
ചിന്തിക്കാനുള്ള അവകാശം
മറ്റാരെയെങ്കിലുമേൽപിച്ച്
അനുസരിക്കാൻ മാത്രമറിയുന്ന
അടിമസമൂഹങ്ങളിലെ ഒരു മരവിച്ച
മനസ്സായി അനുയായിയെ
വാർത്തെടുക്കാൻ ഇസ്ലാം ആഗ്രഹിച്ചില്ല.
വായനക്കുള്ള പുസ്തകങ്ങൾ വിലക്കിയും
അറിവിന്റെ വാതായനങ്ങൾ കൊട്ടിയടച്ചും
തീവ്രാന്ധകാരത്തിലടിഞ്ഞുകൂടുന്ന

ജഡികസമൂഹത്തെയല്ല ഇസ്ലാം സ്വപ്നം കണ്ടത്.
ആറായിരത്തിൽപരം സൂക്തങ്ങൾ
ഒഴുകിനിറഞ്ഞ ഖുർആനിൽ
ആദ്യവചനമായവതീർണമായത്:
"സ്രഷ്ടാവായ നിന്റെ നാഥന്റെ
നാമത്തിൽ വായിക്കുക;
ഒട്ടിപ്പിടിച്ചതിൽനിന്ന്
അവൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു" (96: 1–2)
എന്നതത്രെ.
വായിക്കാനും വിശകലനം ചെയ്യാനും
അറിയാനും അനുവർത്തിക്കാനും
അതാവശ്യപ്പെടുമ്പോൾ,
തന്നെക്കുറിച്ചുള്ള അറിവാണ് പ്രാഥമികമെന്നും
ജ്ഞാനവിജ്ഞാനങ്ങളുടെ പ്രഭവംതന്നെ
ആത്മജ്ഞാനമാണെന്നും അതനുസ്മരിപ്പിക്കുകയാണ്.
ഹേ മനുഷ്യാ, നിന്റെ അസ്തിത്വത്തിന്
കാരണം സ്രഷ്ടാവാണെന്നും
സകല കാരകനും സകലാധിനാഥനുമായ
സ്രഷ്ടാവാണെന്ന മഹാ സത്യം
കാരണങ്ങൾക്കതീതമാണെന്നും നീ അറിയുക.
ആ പരമജ്ഞാനത്തിൽ അവലംബിതമാണ്
മറ്റെല്ലാ അറിവുകളും എന്ന സത്യം
പ്രകാരാന്തരേണ ആ സൂക്തം
നമ്മെ ബോധ്യപ്പെടുത്തുന്നു.
ചിന്തിക്കുക:
നിനക്ക് ചുറ്റുമുള്ള ദൃഷ്ടാന്തങ്ങളെ
അവലംബമാക്കി ചിന്തിക്കുക;
ദൈവത്തിന്റെ ഏകത്വമെന്ന
മഹാ സത്യപഥത്തിലേക്ക് നീ ചെന്നെത്തും
സന്ദേഹലേശമതിനില്ല.
യുക്തിഭദ്രവും നിത്യഭാസുരവുമാണാ സത്യം.
അതിന്റെ പ്രകാശകമാണ് ഇസ്ലാം.
അത് സത്യാവലംബിയാണ്. അതിന്റെ
നിത്യപ്രകാശകവും.

# എന്റെ സന്നിധിയണയുക

അനന്തകോടി ജീവരാശികളുടെ
ആവാസരംഗമാണ് പ്രപഞ്ചം.
പ്രപഞ്ചമാണെങ്കിൽ ദൈവത്തിന്റെ
വൈചിത്ര്യമാർന്ന വിലാസരചനകളിൽ ഒന്നുമാത്രം!
'അനന്തവും അജ്ഞാതവും അവർണനീയ'വുമായ
ഈ ലോകഗോളത്തിന്റെ ഏതോ ഒരു മൂലയിലിരുന്ന്
തന്റെ ഉണ്ണിക്കണ്ണുകൾകൊണ്ട്
അതിൽക്കൊള്ളാവുന്ന അളവിൽ
നോക്കി വിസ്മയംകൊള്ളുന്ന
ഒരു ചെറിയ ജീവശിൽപമാണ് മനുഷ്യൻ.
സഹതാപാർഹമായ ഈ കൊച്ചു ജീവിയിലൂടെ
ദൈവത്തെയറിയാൻ ശ്രമിച്ച
എന്റെ മനോവൃത്തി കേവലം പരിഹാസ്യം.
ഞാൻ പിന്തിരിഞ്ഞില്ല.
മനുഷ്യനെ മനസ്സിലാക്കാനൊത്താൽ
ദൈവത്തെ കുറേയൊക്കെ പരിചയപ്പെടാൻ
കഴിഞ്ഞേക്കുമെന്ന ഒരു തോന്നലുണ്ടായി.
ദൈവത്തിന്റെ, ഭൂതലത്തിലെ പ്രതിനിധിയാണ്
മനുഷ്യനെന്ന മതപാഠം ഞാനോർത്തു.
ദൈവത്തിന്റെ പ്രതിനിധി
മറ്റു ജീവികൾക്കൊപ്പം പോരാ.
കേവലം നിസ്സാരനും സാമാന്യനുമായിക്കൂടാ.
വിശ്വാസികൾ കരുതുന്നത്
അവന്ന് വേണ്ടിയാണ് ദൈവം
ഭൂതലമൊരുക്കിയത് എന്നാണ്.
കാടും മേടും ആറും പുഴയും

വെയിലും മഴയും -ചരാചരങ്ങളഖിലവും
ഇവിടെ വിധാനം ചെയ്യപ്പെട്ടത്
അവന്റെ അധിവാസത്തിനും
സുഖാസ്വാദനത്തിനുമത്രെ.
എന്റെ വഴി ശരിയാണെന്നും
എന്റെ ശ്രമം സഫലമാകുമെന്നും എനിക്കു തോന്നി.
ദൈവത്തെയറിയുക സുസാധ്യമല്ലെങ്കിലും
ദൈവധാരണയുണ്ടാക്കാനാശ്രയിക്കാവുന്ന
ഒരു മാർഗം–ഒരേയൊരു മാർഗം–മനുഷ്യനെയറിയുക
എന്നതാണെന്നും കുറേക്കൂടി ബോധ്യമായി.
കടലുഴുതവനും ആകാശത്തിൽ പറന്നവനും
നക്ഷത്രഗണങ്ങളുമായി സഹവസിക്കാൻ ശ്രമിച്ചവനും
എന്നെയറിയിച്ചത് ദൈവത്തെയറിയാൻ
ആ വഴിക്കാണ് ശ്രമിക്കേണ്ടതെന്നാണ്.
നിഷേധിക്കാൻ കഴിഞ്ഞില്ല; നിരാകരിക്കാനൊത്തില്ല.
മനുഷ്യനിലൂന്നിത്തന്നെ ഞാനുറച്ചുനിന്നു,
ഒരു ശുഭപ്രതീക്ഷകനെപ്പോലെ.

ദൈവത്തിന്റെ കർമപ്രപഞ്ചത്തിൽ കേവലമൊരു
സൂക്ഷ്മരേണുവാണ് മനുഷ്യൻ എന്ന
നാലാപ്പാട്ടെ മേനോന്റെ വാക്കുകളും
ബൗദ്ധികവികാസത്തിന്റെ അധിത്യതയിലൂന്നിയ
ആധുനിക മനസ്സിന് പോലും
പിടികിട്ടാത്തവനാണ് മനുഷ്യനെന്ന
അലക്സിസ് കാറേലിന്റെ വചനങ്ങളും
മനുഷ്യൻ–എത്ര സുന്ദരമായ പദം എന്ന
മാക്സിം ഗോർക്കിയുടെ ആസ്വാദനവും
വരസിദ്ധികൾ സൂക്ഷിക്കപ്പെട്ട നിധികുംഭമാണ്
മനുഷ്യൻ എന്ന വാസ്വാനിയുടെ വരിഷ്ടോക്തികളും
മനുഷ്യനെയറിയുക, ആ വിശിഷ്ടജ്ഞാനം
ദൈവത്തിലേക്ക് വഴിനയിക്കും എന്ന
വിവേകാനന്ദവാണിയും
ദൈവത്തെയറിയാൻ
മനുഷ്യനോളം പോന്ന മാധ്യമമില്ല എന്ന
എന്റെ ധാരണക്ക് നിറവും തിറവും പകർന്നു.
ഞാൻ എന്റെ വഴിയിലൂടെ മുന്നോട്ടു നീങ്ങി.
വിസ്മയങ്ങളുടെ മഹാമേരുവാണെന്നും
രഹസ്യങ്ങളുടെ നിധികുംഭമാണെന്നും

മണ്ണിലെ പ്രജാപതിയാണെന്നുമുള്ള ബോധ്യത്തോടെ
ഞാൻ നടന്നു, പ്രത്യാശാപൂർവം.
ആറടിയിലേറെയില്ലാത്ത ആ ഉയരത്തിനകത്ത്
വിസ്മയങ്ങളുടെ മായൂരപിഞ്ഛം
ആയിരം കണ്ണുകൾ വിടുർത്തിയാടുന്നത് ഞാൻ കണ്ടു.
എന്റെ തൂശിക്കണ്ണുകൾ അവന്റെ
ചർമവലയത്തെ തുളച്ചിറങ്ങി
അവന്റെ ശരീരത്തിലെ രക്തധമനികൾ
എന്റെ കണ്ണുകളെ വിസ്മയിപ്പിച്ചു.
അവയുടെ ആകെ നീളം ലക്ഷത്തിലേറെ
കിലോമീറ്ററാണത്രെ!
സവിസ്മയം എന്റെ കണ്ണുകളും മനസ്സും
അവന്റെ ശരീരത്തിലൂടെ പാഞ്ഞുനടന്നു.
അനുവേലം നിർവീര്യമാക്കപ്പെടുന്ന
കോശങ്ങളെ നീക്കംചെയ്യുവാനായി
ആ ശരീരം പ്രതിനിമിഷം ഇരുപത് ലക്ഷം
ചുവന്ന രക്താണുക്കളെ സൃഷ്ടിക്കുംപോലും!
പത്തിലൊന്ന് വാൾട്ടേജ് വീതം
കറന്റുൽപാദിപ്പിക്കുന്ന പന്ത്രണ്ട് കോടി
നാഡീകോശങ്ങൾ അവന്റെ തലച്ചോറിലുണ്ടത്രെ!
മനുഷ്യമസ്തിഷ്കത്തിന് തുല്യമായ ഒരു യന്ത്രം
നിർമിക്കുകയാണെങ്കിൽ, അത് സ്ഥാപിക്കാൻ
ലോകത്തിലിന്നുള്ള ഏറ്റവും വലിയ
കെട്ടിടം വേണമത്രെ!
മസ്തിഷ്കമെന്ന വിശ്രുത യന്ത്രം പ്രവർത്തിപ്പിക്കാൻ
ഏറ്റവും വലിയ ജലപാതത്തിൽനിന്ന് ലഭിക്കുന്ന
മുഴുവൻ വൈദ്യുതിയുപയോഗിച്ചാലും
മതിവരില്ലത്രെ!
ദർശനശക്തിക്ക് ഹേതുവായി
13 കോടി റോഡ്സും(Rods) 75 ലക്ഷം
കോനസും(Cones) അവന്റെ കണ്ണിലുണ്ടത്രെ!
അവയാകട്ടെ മൂന്ന് ലക്ഷം നാഡീതന്തുക്കളിൽ
തലച്ചോറുമായി സുബന്ധിതമത്രെ!
അവന്റെ കണ്ണിന്റെ പ്രവർത്തനങ്ങൾ
യാന്ത്രികമായി പകർത്തിക്കാട്ടുവാൻ
രണ്ടു ലക്ഷത്തി അമ്പതിനായിരം ടെലിവിഷൻ
സെറ്റുകൾ വേണ്ടിവരുമത്രെ!

ഒരു പിയാനോ കീബോർഡിൽ
88 കീകളുണ്ടെങ്കിൽ അത്യന്തസങ്കീർണമായ
മനുഷ്യകർണത്തിൽ 15000 കീകളുണ്ടത്രെ!
ഒരുവന്റെ പെരുവിരലടയാളത്തിന്
സദൃശമായ പെരുവിരലടയാളം
മറ്റൊരാളിൽ ചൂണ്ടിക്കാണിക്കാൻ കഴിയില്ലത്രെ!
അകംകൊണ്ടായാലും പുറംകൊണ്ടായാലും
ഒരുവനെപ്പോലെ മറ്റൊരുവനില്ല.

'ഉണ്ണിയുടെ ഊര് നോക്കി
ഇല്ലത്തിന്റെ ഊക്കറിയാം' എന്ന ചൊല്ല്പോലെ
മനുഷ്യനെ നോക്കി, മനുഷ്യനെ സൃഷ്ടിച്ച
ദൈവത്തെക്കുറിച്ച്
ഏകദേശധാരണയുണ്ടാക്കാനാകും, തീർച്ച.

ദൈവത്തിന്റെ ലാളിത്യമോലുന്ന
കരവിരുതാണ് മനുഷ്യനെങ്കിൽ
അജ്ഞേയങ്ങളായ മഹാവിസ്മയങ്ങളുടെ
വിളഭൂവാണ് മനുഷ്യനെങ്കിൽ
മനുഷ്യനെ സൃഷ്ടിച്ചിറക്കിയ
ദൈവത്തിന്റെ ശക്തിസാധ്യതകളെക്കുറിച്ച്
എനിക്ക് വിഭാവനചെയ്യാൻ കഴിയും-
വിഭാവന ചെയ്യാൻ മാത്രം.
എന്റെ വിഭാവനയിൽ നിഴലിട്ടുനിൽക്കുന്ന
അവാച്യവും അവ്യാഖ്യേയവുമായ
ആ ശക്തിപ്രഹർഷത്തിനുമുന്നിൽ
ഞാൻ നമിക്കുന്നു, സവിനയം സപ്രശ്രയം.

കണ്ണുകൾ നിറഞ്ഞുനിൽക്കുന്ന ദൃശ്യവിസ്മയം
കാതുകൾ വഴിഞ്ഞുനിൽക്കുന്ന ശാബ്ദികാതിശയം
മനസ്സിന്റെ മഹാകാശത്തിൽപോലുമൊതുങ്ങാത്ത
പ്രാതിഭാസിക മഹാത്ഭുതം!

അസാധാരണവും അതിലോലവുമായ
ഒരു ശബ്ദധാര എന്റെ കാതുകളിലൊഴുകിയെത്തി:

"എങ്കിലും മനുഷ്യാ, പരകോടി ജീവികളിൽ
എന്നോടടുത്തുനിൽക്കുന്നവൻ നീ തന്നെ.
നാളെ എന്റെ സന്നിധി പൂകേണ്ടവനും നീ തന്നെ.
നിത്യാനന്ദം നിറകതിർ ചൊരിയുന്ന

നിരതിശയമായ ഈ പവിത്ര വേദിയിലേക്ക്
അസ്തമയമറിയാത്ത ഒരു ശാശ്വതജീവിതത്തിലേക്ക്
നീ വന്നെത്തണം; എന്നെയറിയാനും
എന്റെ വഴിയറിയിക്കാനും
ഞാനൊരു കയ്യേട് കൊടുത്തുവിട്ടിട്ടുണ്ട്
ഒരു വിശ്വസ്തനിലൂടെ
നിങ്ങളിലൊരുവനാണദ്ദേഹം-
എല്ലാം എന്റെ സ്വന്തം വാക്കുകളിൽതന്നെ.

അകലെനിന്ന് ബുദ്ധികൊണ്ടളക്കാനൊരുങ്ങുമ്പോൾ
നിനക്ക് ഞാൻ 'അനന്തവും അജ്ഞാതവും
അവർണനീയവുമാണ്.'
എന്നാൽ നീ എന്റെയടുത്തെത്തുന്ന
അത്യനഘമായ ആ മംഗള മുഹൂർത്തത്തിൽ
നിനക്ക് ഞാൻ അനഘമായ
ഒരാത്മീയാനുഭൂതിയായിപ്പരിണമിക്കുന്നു.
എന്നെയറിയാൻ ശ്രമിക്കുക, എന്റെ സന്നിധിയണയുക."

# പൂർണതയിലേക്ക്

മതങ്ങളെല്ലാം ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്ന് എല്ലാ പ്രവാചകന്മാരും ലോകത്തെ അറിയിച്ചിട്ടുമുണ്ട്.

വിശ്വാസത്തിന് മനുഷ്യവംശത്തിന്റെ പ്രായമുണ്ട്. വിശ്വാസത്തിനനുരോധമായി നിഷേധവും പിറന്നിരുന്നു. എന്നാൽ ഒരിക്കലും വിശ്വാസികളുടേതുപോലെ നിഷേധികളുടെ മാത്രമായ ഒരു ജനപദമുണ്ടായിട്ടില്ല. നിഷേധം വൈയക്തികമായിരുന്നു എന്നർഥം.

പ്രാചീന ഭാരതത്തിൽതന്നെ അറിയപ്പെടുന്ന നിരവധി നിഷേധികളുണ്ടായിരുന്നു. കപിലൻ, സാംഖ്യൻ, കണാദൻ, യാജ്ഞവൽക്യൻ, ദത്താത്രേയൻ തുടങ്ങിയവർ അക്കൂട്ടത്തിലാണ്. പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിൽ യൂറോപ്പിലുണ്ടായ ചലനങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. ക്രിസ്തീയ മതവും അതിവേഗം വികാസവൃദ്ധികൾക്ക് വിധേയമായിക്കൊണ്ടിരുന്ന ശാസ്ത്രവും തമ്മിലുണ്ടായ സംഘർഷം ചരിത്രത്തെ ഏറെ സ്വാധീനിച്ചതായി കാണാം. ഈ അകൽച്ചയെ നിഷേധികൾ നന്നായി പ്രയോജനപ്പെടുത്തുകയുണ്ടായി. ശാസ്ത്രത്തിന്റെ പിന്തുണയോടെയാണ് പിൽക്കാലത്ത് നിഷേധവാദം അഥവാ അനാത്മവാദം രംഗത്തുവന്നത്.

വിശ്വാസം വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഒരാശ്വാസമാണ്. ആശ്വാസമെന്നത് ഒരനുഭവവും. അനുഭവങ്ങളെ നിരാകരിക്കാൻ ആർക്കും സാധ്യമല്ല. അത്രയുമാണ് വിശ്വാസത്തിന്റെ യുക്തിപരത. "ഈശ്വരനെന്നൊന്നില്ലെങ്കിൽ മനുഷ്യ ജീവിതത്തിന്റെ സ്വസ്ഥതക്കും ഭദ്രതക്കുംവേണ്ടി ഒരീശ്വരനെ നാം സൃഷ്ടിക്കേണ്ടിവരുമായിരുന്നു" എന്നുപോലും ചിന്തിച്ച വിശ്വാസികൾ ഇവിടെയുണ്ടായിരുന്നു.

ദൈവവിശ്വാസം ഒരു ദർശനമെന്ന രീതിയിൽ തന്നെ ഇസ്‌ലാം സംസ്കൃതിയുടെ അടിസ്ഥാന ഭാവമാണ്. ഇസ്‌ലാം ഏകദൈവത്തിൽ വിശ്വസിക്കുന്നു. ഇസ്‌ലാം പിറന്ന അറേബ്യാഭൂഖണ്ഡം പരമ്പരയാ ദൈവവിശ്വാസികളുടെ

പ്രദേശമായിരുന്നു. അനേക ദൈവങ്ങളെ അവരാരാധിച്ചുപോന്നു. "ബഹുദൈവാരാധനയുടെ പേരിൽ അറേബ്യയിൽ നടന്ന വൈകൃതങ്ങളും മനുഷ്യോചിതമല്ലാത്ത ഹീനവൃത്തികളും അവർണ്ണ്യമായിരുന്നു" എന്ന് രേഖപ്പെടുത്തിയ ചരിത്രഗ്രന്ഥങ്ങളുണ്ട്.

പ്രവാചകനിലൂടെ തെളിഞ്ഞുവന്ന ഇസ്ലാം ഇതിനെ എങ്ങനെ നേരിട്ടു എന്നന്വേഷിക്കുന്നത് ഉചിതമായിരിക്കും. ഒരു പ്രതിഷ്ഠിത വിശ്വാസത്തിന്റെ ലംഘനം ശിലാഭേദനം പോലെ ശ്രമാവഹമായിരിക്കുമെന്ന് വിചാരമതികൾക്കറിയാം. എന്നാൽ ഇസ്ലാംമതം ഇത് നിർവഹിച്ചത് അനായാസമായിരുന്നു എന്ന് പറഞ്ഞുകൂടെങ്കിലും പുതിയൊരു മാർഗം അവലംബിച്ചുകൊണ്ടാണ്. ബഹുദൈവവിശ്വാസത്തിന്റെ സാധുതയെ ചോദ്യംചെയ്യുക എന്ന രീതി മാറ്റി ഏകദൈവത്വത്തിന്റെ സമർഥനത്തിലൂടെയാണ് ഇസ്ലാം സമൂഹമനസ്സിനെ സ്വാധീനിച്ചത്. അതുവഴി പ്രവാചകൻ പുതിയ ദർശനത്തിന്റെ പ്രതിഷ്ഠാപനമാണ് ജനമനസ്സുകളിൽ നിർവഹിച്ചത്. "അവന്ന് തുല്യമായ യാതൊരു വസ്തുവുമില്ല"(112: 4) എന്ന് ലോകം നിറഞ്ഞുനിൽക്കുന്ന സചേതനങ്ങളായ ദൃഷ്ടാന്തങ്ങൾ നിരത്തി സമർഥിച്ചുകൊണ്ടാണ് പ്രവാചകൻ മുന്നോട്ടു നീങ്ങിയത്. ആശയക്കുഴപ്പങ്ങളുടെ ഇരുണ്ട ഇടനാഴിയിലൂടെ കയറിയിറങ്ങിപ്പോയ മനുഷ്യരെ 'ഇതല്ല ഇതല്ല' എന്ന് ബോധ്യപ്പെടുത്തി സംശയച്ഛേദിയാംവിധം പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "അവന്ന് തുല്യമായി യാതൊന്നുമില്ല." സാദൃശ്യം കൽപിക്കുമ്പോൾ ബഹുത്വദർശനത്തിന് പ്രസക്തിയില്ല. അതുല്യമാണ്, അസദൃശമാണ് എന്ന് ഖണ്ഡിതമായിപ്പറയുമ്പോൾ 'ഏകമേവാദ്വിതിയം ബ്രഹ്മം' ദൃഢരൂഢമായിത്തീരുകയാണ്. അവൻ അനാദ്യനും അനന്ത്യനുമാണെന്നും അവൻ ബാഹ്യവും ആഭ്യന്തരവുമാണെന്നും അവൻ സ്വയംഭൂവാണെന്നും ഖുർആൻ പ്രഖ്യാപിക്കുമ്പോൾ ദൈവപ്രകൃതിയെക്കുറിച്ചുള്ള സത്യശുദ്ധമായ സാമാന്യബോധം നമ്മിലങ്കുരിക്കുന്നു.

അവന്ന് മാതാപിതാക്കളും ഭാര്യയും സന്താനങ്ങളുമുണ്ടെന്ന് പറയുമ്പോൾ അവൻ അവന്റെ സൃഷ്ടിയായ മനുഷ്യനെപ്പോലെത്തന്നെ എന്നൊരു വികലബോധം നമ്മിലുണ്ടാകും. ജന്തുസഹജമായ വികാരങ്ങളും അനുഭൂതികളും അവനിലാരോപിക്കുമ്പോൾ ദൈവത്തോട് നാം നീതികാണിക്കുന്നില്ല എന്നാണ് ഖുർആന്റെ പക്ഷം. അതിനാൽ താദൃശങ്ങളായ സകല പരാമർശങ്ങളോടും ഖുർആൻ വിപ്രതിപത്തി കാണിക്കുന്നു.

"ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ലെ"ന്നും "ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ അധീനത്തിലാണെ"ന്നും "അവന്റെ അനുമതി കൂടാതെ അവങ്കൽ ശിപാർശ സമർപ്പിക്കാൻ ആർക്കും സാധ്യമല്ലെ"ന്നും "അവന്റെ സിംഹാസനം ആകാശഭൂമികളെ ചൂഴ്ന്നിരിക്കുന്നു"വെന്നും രേഖപ്പെടുത്തുമ്പോൾ അവൻ അത്യുന്നതനും അസദൃശനും അഖിലാരാധ്യനു

മാണെന്ന് ബോധ്യമാകുന്നു.

അഖിലാരാധ്യനായ ദൈവം ഏകനാണെന്നും അവന്റെ സൃഷ്ടിയാണ് പ്രപഞ്ചമെന്നും ഖുർആൻ സമർഥിക്കുന്നു. സ്രഷ്ടാവിന്റെ കൈക്രിയയാണ് പ്രപഞ്ചം എന്നതുകൊണ്ട് പ്രപഞ്ചത്തിന് സ്ഥായീഭാവമില്ല.

ദൈവത്തിന്റെ മഹിമാവുകളറിയുകയും അവയെ വരിഷ്ടമാതൃകകളാക്കി അനുധാവനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നവരിൽ ദൈവം കാരുണ്യം വർഷിക്കുമെന്ന ഖുർആനിക സൂചന അർഥവത്താണ്.

“ദൈവപ്രീതി കാംക്ഷിക്കുന്നവരെ സമാധാനത്തിന്റെ പാതയിലേക്കും സന്മാർഗത്തിലേക്കും അല്ലാഹു വഴികാണിക്കും”(5: 16) എന്ന സൂക്തം അതാണ് വെളിപ്പെടുത്തുന്നത്.

സാന്നിധ്യത്തിന്റെ അപരിമേയമായ തീവ്രതകൊണ്ടാണ് ദൈവം നമ്മുടെ കണ്ണിന് അഗോചരമായിത്തീരുന്നത്. അകൽച്ചയുടെ അധികതയിലും വസ്തു ദൃഷ്ടിഗോചരമായിത്തീരാറില്ല. (മുട്ടുസൂചിയെടുത്ത് കണ്ണിലെ കൃഷ്ണമണിക്കടുത്തു പിടിക്കുമ്പോൾ അത് അദൃശ്യമായിരിക്കുന്നു. പറന്നകലുന്ന വിമാനം ചെറുതായിച്ചെറുതായി പിന്നെ പൂർണമായും അപ്രത്യക്ഷമാകുന്നത് അകൽച്ചയുടെ ആധിക്യംകൊണ്ടാണ്.)

“കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്. നിങ്ങൾ എവിടേക്ക് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്”(2: 15), “അവൻ എല്ലാ വസ്തുക്കളെയും വലയംചെയ്തിരിക്കുന്നു” (41: 54), “അവൻ അതിവിശാലനാണ്” (2: 115), “നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്”(57: 4) എന്നീ ഖുർആനിക സൂക്തങ്ങൾ വായിക്കുമ്പോൾ അവൻ സർവത്തെയും ചൂഴ്ന്നുനിൽക്കുന്നവനാണെന്നാണ് ബോധ്യപ്പെടുന്നത്. ഹൈന്ദവഗ്രന്ഥങ്ങളിലെ സഹസ്രനാമങ്ങൾ പോലെ ഖുർആനിൽ അർഥവാചിയായ അനേകം നാമാന്തരങ്ങളുണ്ട്.

“അവൻ കരുണാനിധിയാണ്, പരമകാരുണികനാണ്.” (1: 2)

“സർവശക്തനാണ്.” (2: 20)

“സർവജ്ഞനാണ്.” (2: 282)

“എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണ്.” (4: 58)

“സൂക്ഷ്മജ്ഞനാണ്.” (6: 103)

“പരാശ്രയമില്ലാത്തവനാണ്.” (27: 40)

“സർവരെയും അതിജയിക്കുന്നവനാണ്.” (40: 2)

“സഹനശീലനാണ്.” (85: 51)

"തെറ്റുകൾ പൊറുക്കുന്നവനാണ്." (40: 3)

"ക്ഷമാനിധിയാണ്." (4: 43)

"നീതിനിഷ്ഠനാണ്." (3: 18)

"അനീതി കാട്ടാത്തവനാണ്." (4: 124)

"ഭയരക്ഷകനാണ്." (65: 3)

"പ്രകാശത്തിലേക്ക് വഴിനയിക്കുന്നവനാണ്." (5: 16)

"സുകൃതബാന്ധവനാണ്." (2: 222)

"ഉദാരശീലനാണ്." (27: 40)

"സത്യസന്ധനാണ്." (33:4)

"രാജാധിരാജനാണ്." (3: 26)

"അഖിലനിയന്താവാണ്." (2: 255)

"പ്രപഞ്ചരക്ഷകനാണ്." (6: 164)

"അന്നദാതാവാണ്." (2: 212)

"സകലജ്ഞനാണ്." (6: 3)

"ന്യായാധിപനാണ്." (5: 1)

മേലുദ്ധരിച്ച വിവിധ നാമങ്ങളിൽനിന്ന് ഖുർആനിലെ ദൈവസങ്കൽപത്തെ സംബന്ധിച്ച തെളിഞ്ഞ ചിത്രം നമുക്ക് ലഭിക്കും. ഓരോ നാമവും പ്രതിനിധീകരിക്കുന്ന ആശയലോകത്തെ സമന്വയിപ്പിച്ചാൽ അത് ഇസ്‌ലാം സംസ്കൃതി വരച്ചുകാണിക്കുന്ന ദൈവപ്രകൃതത്തെയും ദൈവധർമങ്ങളെയും അനാവരണംചെയ്യുന്നതായി മാറും. ഏകനും കരുണാനിധിയും അഖിലാരാധ്യനുമായ വിശ്വശിൽപി-അതാണ് ഖുർആനിക ദൈവസങ്കൽപം.

ഭൗതികയാഥാർഥ്യങ്ങളുടെ മേഖലയിൽ അധ്യക്ഷതയവകാശപ്പെട്ടു കഴിയുന്നവൻപോലും ഇവിടെ എന്തു ചെയ്യേണ്ടൂ എന്നറിയാതെ വിഷമിക്കുന്ന നിമിഷങ്ങളുണ്ട്. മറ്റുള്ളവരിൽ വിസ്മയം വിളയിച്ചുകൊണ്ട് അവൻ വേപഥുകൊള്ളുകയും ഗദ്ഗദാക്ഷരനായിത്തീരുകയും ചെയ്യുന്നു. ഒന്നുമാലോചിച്ചില്ലെങ്കിലും ദൈവമേ എന്ന് വിളിക്കുകയും സബോധമായല്ലെങ്കിലും എന്തോ യാചിക്കാനെന്നപോലെ കൈകൾ ആകാശത്തിലേക്കുയർത്തുകയും ചെയ്യുന്നു. ഈശ്വരോന്മുഖമാണ് മനുഷ്യന്റെ പ്രയാണം. സമൃദ്ധമായ പരിസരപ്രപഞ്ചത്തിനുപോലും ശമിപ്പിക്കാൻ കഴിയാത്ത അദമ്യമായ ഒരന്തർദാഹം അവനിൽ പ്രകടമാണ്. എന്തു നേടിയാലും നേടേണ്ടത് നേടിയി

ല്ലെന്നൊരു തോന്നൽ. എന്തു കണ്ടാലും കാണേണ്ടത് കണ്ടില്ലെന്ന അവ്യാഖ്യേയമായ ഒരസ്വാസ്ഥ്യം. തന്റെ അനുഭവങ്ങളുടെയും ആസ്വാദനങ്ങളുടെയും മേഖലകളിൽ ആവേണ്ടതായില്ല എന്നൊരസംതൃപ്തി. അവന്റെ ബുദ്ധിയും മനസ്സും 'ഇതല്ല ഇതല്ല' എന്ന് സദാ മന്ത്രിച്ചുകൊണ്ടിരിക്കുമ്പോൾ ഏതാണെന്നറിയാനുള്ള ഉത്കണ്ഠയും ജിജ്ഞാസയും അതിൽ നിലീനമാണ്. തന്റെ പരിമിതികളെക്കുറിച്ചും അപൂർണതകളെക്കുറിച്ചും ഒരാൾ ബോധവാനാണെന്നുവരുമ്പോൾ പൂർണവും അപരിമേയവുമായ ഒരജ്ഞാത മേഖലയിലേക്ക് അവൻ കൈകളുയർത്തിപ്പോവുകയാണ്. തന്റെ കൈകൾ താനറിയാതെയാണെങ്കിലും ഉയർത്തപ്പെടുന്നത് എവിടേക്ക് എന്ന് സ്വയം ചോദിക്കുമ്പോൾ അവന്റെ മനസ്സ് നിശ്ശബ്ദമാവുന്നു. ആ നിശ്ശബ്ദതക്ക് ഭാഷ്യം നൽകിയാൽ ലഭിക്കുന്ന സമാധാനം പൂർണതയിലേക്ക്-നിത്യസത്യത്തിലേക്ക് -അഥവാ ശാന്തിയിലേക്ക് എന്നായിരിക്കും.

ഭക്ഷണവും നിദ്രയും പ്രജനനശേഷിയും വിചാരശക്തിയും വിവേചനബോധവും ഭാഷണസിദ്ധിയുമെല്ലാമുള്ള മനുഷ്യൻ മറ്റു ജീവരാശികളെയപേക്ഷിച്ച് കുറേക്കൂടി ലക്ഷ്യബോധമുള്ളവനാണ്. ദൈവദത്തമായ വിശേഷബുദ്ധി അവന്റെ ലക്ഷ്യപ്രാപ്തിയിൽ അവന് വളരെയേറെ സഹായകമാണ്. "ആകാശഭൂമികളുടെ പ്രകാശമായ"(24: 35) സത്യവേദഗ്രന്ഥം അവനെ വഴി നയിക്കാനുമുണ്ട്. അപ്പോൾ അവന്റെ ജീവിതം വിഭാവിതലക്ഷ്യം സാക്ഷാൽക്കരിച്ച പരമധന്യതക്ക് വിധേയമാവണമെങ്കിൽ ദൈവസന്നിധിയിലേക്ക് അവൻ ഉയർന്നുപൊങ്ങേണ്ടതുണ്ട്. ദാർശനികനായ ക്രെസ്റ്റി മോറിസൺ ഇങ്ങനെയെഴുതി:

"മനുഷ്യഹൃദയത്തിൽ ദൈവാസ്തിത്വത്തെക്കുറിച്ച് ബോധമുണ്ടെന്നതാണ് എന്റെ അഭിപ്രായത്തിൽ ദൈവാസ്തിത്വത്തിനുള്ള ഏറ്റവും വലിയ ദൃഷ്ടാന്തം. ദൈവികവിഭാവന ഹൃദയത്തിലങ്കുരിപ്പിക്കത്തക്ക ആത്മീയ ശക്തിയുള്ള ഏക ജീവി ഈ പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമാണ്. ഈ ശക്തിയെ നാം വിചാരശേഷി എന്നു വിളിക്കുന്നു. വിചാര ശേഷികൊണ്ടും ദൈവിക ദൃഷ്ടാന്തങ്ങളെ അവലംബമാക്കിയുള്ള വിചിന്തനംകൊണ്ടും മനുഷ്യന്റെ അന്തഃരംഗത്ത് വമ്പിച്ച ആത്മീയോൽക്കർഷം സംജാതമാകുന്നു. ഈ അവസ്ഥാവിശേഷത്തിൽ അദൃശ്യവസ്തുക്കളുടെ യാഥാർഥ്യം അവന്ന് ഉൾക്കൊള്ളാൻ കഴിയുന്നു. ഈ ശക്തിവിശേഷം ഒരു മനുഷ്യന്നു മുമ്പിൽ യാഥാർഥ്യങ്ങളുടെ ദിവ്യവെളിപാടിന്റെ വിശാലരംഗം തുറന്നുവെക്കുന്നു. അവന്റെ മാനസിക ഭാവനകൾ ആത്മീയ യാഥാർഥ്യങ്ങളുടെ രൂപം പ്രാപിക്കുന്നു. അവന് പ്രാപഞ്ചികവും ആത്മീയവുമായ അസംഖ്യം ദൃഷ്ടാന്തങ്ങളിലൂടെ ദൈവസന്നിധിയെക്കുറിച്ച് തെളിവ് ലഭിക്കുന്നു. ദൈവം എല്ലായിടത്തുമുണ്ടെന്നും സർവോപരി തന്റെ ഹൃദയത്തിന് സമീപത്തുതന്നെയുണ്ടെന്നും അവൻ അറിഞ്ഞുതുടങ്ങുന്നു." ഇതൊരു മഹായാത്രയുടെ മംഗളപൂർണമായ സമാരംഭമാണ്.

# ആ മന്ത്രവാക്കിന്റെ ഹൃദയധ്വനി

**നാം** ദൈവത്തിലേക്കുള്ള യാത്രയിലാണ്. അതിനാൽ ജാഗ്രത പാലിക്കണം. ദൈവസ്തുതി നമ്മുടെ ഹൃദയാകാശത്തിൽ സദാ മുഖരിതമായിരിക്കണം. ആത്മീയ സമർപ്പണവും ആരാധനാ പ്രവണമായ സേവനവും അനിവാര്യം. മനുഷ്യരാശിയെയും പ്രപഞ്ചത്തെത്തന്നെയും സൃഷ്ടിച്ചരുളുന്ന, നമ്മുടെ അടുത്തായും അകലത്തായും എല്ലായിടത്തുമായും വർത്തിക്കുന്ന സകലജ്ഞനായ സർവേശ്വരനു മുന്നിൽ മനുഷ്യൻ അകംകൊണ്ടും പുറം കൊണ്ടും സമർപ്പിക്കേണ്ട പലതുമുണ്ട്. അതിൽ പ്രമുഖം നമുക്ക് സകലതും സമ്മാനിച്ച സർവേശ്വരനു മുന്നിൽ കൃതജ്ഞതാപൂർവം നമിക്കുക എന്നതാണ്. ആ നമനം മൂകമെങ്കിലും വാചാലമാണ്. എല്ലാം തന്നു രക്ഷിക്കുന്ന ദൈവമേ നിന്റെ മുന്നിൽ ഞാനെന്നെ കൃതജ്ഞതാപൂർവം സമർപ്പിക്കുന്നു എന്നാണിതിനർഥം. സകല ചരാചരങ്ങളുടെ മുന്നിലും തലയുയർത്തി നിൽക്കാൻ പോരുന്ന ഞാൻ, മറ്റൊന്നിനോടും നമനബാധ്യത സൂക്ഷിക്കാത്ത ഞാൻ, നിന്റെ മുന്നിൽ വിനയാന്വിതം നമിക്കുന്നു. അതർഹിക്കുന്നവൻ നീയാണ്, നീ മാത്രം എന്ന് ഞാനറിയുന്നു. നീ പകരക്കാരനില്ലാത്തവനാണെന്നും അസദൃശനാണെന്നും ഞാൻ മനസ്സിലാക്കുന്നു. കരുണാമയനും ഉദാരമനസ്സുമായ നിനക്ക്, നിസ്സാരനായ എന്റെ വചനവും നമനവും ഒന്നുമല്ലെങ്കിലും എന്റെ ഭാഗത്തുണ്ടാവുന്ന നന്ദികേട് നീ പൊറുക്കുകയില്ലെന്നും ഞാനറിയുന്നു. ദൈവത്തോട് നന്ദിയില്ലാതിരിക്കുന്നത്, സൂക്ഷ്മവിശകലനത്തിൽ ദൈവത്തിന്റെ അസ്തിത്വത്തിലും സൃഷ്ടിസ്ഥിതി സംഹാരകർത്തൃത്വത്തിലുമുള്ള അവിശ്വാസത്തിന്റെ ലക്ഷണമായി ഞാൻ മനസ്സിലാക്കുന്നു. അവിശ്വാസത്തെ സൂചിപ്പിക്കുന്ന പദമാണ് കുഫ്റ്, അവിശ്വാസി കാഫിറും. ഈ പദത്തിന്റെ സൂക്ഷ്മാശയം നന്ദികേട് എന്നാണ്. അതുകൊണ്ടാണ് അവിശ്വാസി സർവജ്ഞനും സർവശക്തനും സകലാവലംബിയുമായ ദൈവത്തിന്റെ മുന്നിൽ നന്ദിയില്ലാത്തവനാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നത്. ദൈവത്തിന്റെ മുന്നിൽ കൃതജ്ഞതാപൂർവം നമിക്കുക എന്നത് ഒരു സത്യവിശ്വാസിയുടെ അലംഘ്യമായ ബാധ്യതയാകുന്നു.

"നിങ്ങൾ നന്ദികേട് കാട്ടുകയാണെങ്കിൽ, സംശയമില്ല; അല്ലാഹു നിങ്ങളുടെയൊന്നും ആശ്രയമാവശ്യമില്ലാത്തവനാണ്. എന്നാൽ തന്റെ ദാസന്മാരുടെ നന്ദികേട് അവനൊട്ടും ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ നന്ദികാണിക്കുന്നുവെങ്കിൽ അതുകാരണം നിങ്ങളോടവൻ സംതൃപ്തനായിത്തീരും." (39: 7)

ആചാരാനുഷ്ഠാനങ്ങളിലുപരി ഒരു സത്യവിശ്വാസിയിൽ നാം പ്രതീക്ഷിക്കുന്നത് ഈ സവിശേഷ സംസ്കാരമാണ്. അവന്റെ ചുണ്ടുകളിലനുവേലം അമൃതം പുരട്ടി വർത്തിക്കുന്നത് "ദൈവമേ നിനക്കാണ് സകലസ്തുതിയും" (അൽഹംദുലില്ലാഹി) എന്ന വരിഷ്ട വചനമാണ്.

വിശ്വാസം മറ്റൊന്നാണ്. അത് കൃതജ്ഞതയുടെ രൂപാന്തരമാണ്. അന്യോന്യ ബന്ധിതവും പരസ്പര പൂരകവുമാണ്. നിരാകരിക്കാനാവാത്ത ഒരു പ്രപഞ്ചസത്യത്തെ പ്രബോധിപ്പിച്ചുകൊണ്ടാണ് വേദഗ്രന്ഥം വിശ്വാസത്തിന്റെ അടിത്തറ ദൃഢരൂഢമാക്കുന്നത്.

"ഒരൊറ്റ സത്തയിൽനിന്ന് അവൻ നിങ്ങളെയെല്ലാം സൃഷ്ടിച്ചു. പിന്നെ അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി. നിങ്ങൾക്കായി, കന്നുകാലികളിൽനിന്ന് എട്ടു ജോഡികളെയും അവൻ ഒരുക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ ഉദരത്തിൽ അവൻ നിങ്ങളെ സൃഷ്ടിക്കുന്നു. മൂന്ന് ഇരുളുകൾക്കുള്ളിൽ ഒന്നിനുപിറകെ ഒന്നായി; ഘട്ടംഘട്ടമായി നിങ്ങളെയവൻ രൂപപ്പെടുത്തിയെടുക്കുന്നു (ഉദരം, ഗർഭാശയം, ഗർഭാശയത്തിനകത്ത് ഭ്രൂണത്തെ പൊതിയുന്ന ആവരണം–മൂന്ന് ഇരുളുകളുടെ ഭാഷ്യമതാണ്). ഇതൊക്കെയും ചെയ്യുന്ന അല്ലാഹുവാണ് നിങ്ങളുടെ നാഥൻ. ആധിപത്യം അവന് മാത്രമാണ്. അവനല്ലാതെ ദൈവമില്ല. എന്നിട്ടും നിങ്ങളെങ്ങോട്ടാണ് വഴിതെറ്റിപ്പോകുന്നത്?" (39: 6)

അനുഭവവേദ്യവും യുക്തിഭദ്രവുമായ പ്രപഞ്ചസത്യത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ദൃഢരൂഢമായ ഒരു വിശ്വാസതലത്തിലൂന്നി നിൽക്കേണ്ടവനാണ് സത്യവിശ്വാസിയെന്ന് വേദഗ്രന്ഥമറിയിക്കുന്നു. ദൈവം സർവശക്തനും സർവജ്ഞനും അസദൃശനും പ്രപഞ്ചജീവിതത്തിന്റെ പരമാവലംബവുമാണെന്ന ബോധ്യംകൊണ്ടാണ് പരമാരാധ്യനായിപ്പരിണമിക്കുന്നതെങ്കിൽ, ആ ബോധ്യമാണ് ഒരു സത്യവിശ്വാസിയെ സ്വയം സമർപ്പണത്തിന് പ്രേരിപ്പിച്ചതെങ്കിൽ അതിനോടൊട്ടിനിൽക്കുന്ന ഒരു വിശ്വാസതലം(ഈമാൻ) സത്യവിശ്വാസിക്കനിവാര്യമാണ്. അതുകൊണ്ട് നന്ദിയും വിശ്വാസവും പരസ്പര ബന്ധിതങ്ങളാണ്.

അടുത്തത് അനുസ്മരണവും ആരാധനയുമാണ്. "നീ നിന്റെ നാഥനെ രാവിലെയും വൈകുന്നേരവും മനസ്സിൽ സ്മരിക്കുക. അത് വിനയത്തോടെയും ഭയത്തോടെയുമാവണം; വാക്കുകൾ ഉറക്കെയാവാതെയും. നീ അതിൽ അവഗണന കാണിക്കുന്നവനാവരുത്." (7: 205)

അനുസ്മരണത്തിൽ വിനയവും ആദരവും അനുകരണീയതയുമെല്ലാമുണ്ട്. ദൈവവൃത്തികളെക്കുറിച്ച് പൂർണമായി അനുസ്മരിക്കാനുള്ള മനഃശക്തി നമുക്കില്ലെങ്കിലും ആകാവുന്നതിന്റെ അകത്തൊതുങ്ങുന്ന അനുസ്മരണവൃത്തി തന്നെ നമ്മെ വിസ്മയവിഹ്വലരാക്കിത്തീർക്കുമെന്നതിൽ പക്ഷാന്തരമില്ല. അപ്പോൾ നാമറിയാതെ നമ്മുടെ മനസ്സ് അവക്കു മുന്നിൽ വിനമ്രമാവുകയും അവയെല്ലാം നമ്മുടെ വിശ്വാസത്തെ ഘനസാന്ദ്രമാക്കുകയും ചെയ്യും. ഒരർഥത്തിൽ ദൈവാനുസ്മരണം ആരാധനയായും പരിണമിക്കുന്നു.

“ജിന്നുകളെയും മനുഷ്യരെയും എനിക്ക് വഴിപ്പെട്ടുകഴിയാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (51: 56)

ദൈവസ്മരണ വിഘടിതവും ശിഥിലവും ദുർബലവുമായിത്തീരാതിരിക്കാനാണ് ഇസ്‌ലാം ദിനംതോറും അഞ്ചുനേരത്തെ നമസ്കാരക്രിയതന്നെ നിർദേശിച്ചത്. ലോകമതങ്ങളിലൊന്നിലും അനുസ്മരണത്തിന് അഥവാ ആരാധനക്ക് ഇത്ര നിഷ്കൃഷ്ടമായ വ്യവസ്ഥ അംഗീകരിച്ചുകാണുന്നില്ല.

ദൈവഭയം ഇസ്‌ലാം സംസ്കൃതിയുടെ മറ്റൊരു സവിശേഷ ഭാവമാണ്. “ദൈവഭയം ജ്ഞാനത്തിന്റെ ആരംഭ”മാണെന്ന് നമുക്കറിയാം. അതൊരു ദുർബലമനസ്സ് കാട്ടുന്ന ചപലമായ പേടിയല്ല. പ്രത്യുത ദൈവമെന്ന അമേയമായ ഒരു ‘വലുപ്പ’ത്തിനുമുന്നിൽ ഞാനെന്ന പൂഴിത്തരിക്കുണ്ടാകുന്ന വിനയമസൃണമായ മനഃശ്ചാഞ്ചല്യമാണ്. ദൈവവിശ്വാസത്തിന്റെയും ദൈവത്തെക്കുറിച്ചുള്ള അവബോധത്തിന്റെയും പ്രശ്നമാണത്. സ്വപിതാവിന് മുന്നിൽ പുത്രനു തോന്നുന്ന മനോദൗർബല്യത്തിന്റെ അനേക മടങ്ങാണത്. അരുതായ്മകളനുവർത്തിക്കുമ്പോൾ ആ ദിവ്യമായ ഭയമാണ് നമ്മെ തടയാനെത്തുന്നത്. ആരെയും പേടിക്കാനില്ലാത്ത ഒരു നാടിന്റെ ദുരവസ്ഥയെക്കുറിച്ച് വിചാരമതികൾ ആശങ്കിക്കാറുണ്ട്. ആണിനെയും തൂണിനെയും പേടിക്കാനില്ലാത്ത കുടുംബത്തിന്റെ നിരാശ്രയത്വത്തെക്കുറിച്ച് നാം വിലപിക്കാറുണ്ട്. ജീവിതത്തിൽ ചിട്ടയും നീതിയും ക്രമീകരണവും കൈവരിക്കുന്നതിന് ദൈവഭയം ഒരനിവാര്യതയാണെന്ന് അവിടെയാണ് ബോധ്യപ്പെടുന്നത്.

“അല്ലാഹുവിന്റെ പേർ കേൾക്കുമ്പോൾ ഹൃദയം ഭയചകിതമാകുന്നവർ മാത്രമാണ് യഥാർഥ വിശ്വാസികൾ”(8: 2) എന്ന ഖുർആനിക സൂക്തം അതാണുദ്ദേശിക്കുന്നത്.

ദൈവഭയത്തിൽനിന്നാണ് ഭക്തിയുടെ പിറവി. ഭക്തിയും ഭയവും സഹവാസികളാണ്. ഭയത്തോടെ ദൈവത്തിന്റെ ഉൺമയിൽ വിശ്വാസമർപ്പിക്കുന്നവർ സാത്വികവും ഉത്കൃഷ്ടവുമായ ജീവിതം നയിച്ചുകൊണ്ട് ദൈവഭക്തി പ്രകടിപ്പിക്കുന്നു എന്നതാണ് സത്യം. കൂട്ടാളികളോട് കാട്ടുന്ന മാനസികഭാവമല്ല ഭക്തി; തന്നിലും വലിയ, തന്നിൽ ആദരവും വിസ്മയവും വളർത്തുന്ന ഒരു വലിയ സത്യത്തിനുമുന്നിൽ ഹൃദയം നമിക്കുമ്പോഴാണ് ആരാധനാഭാവം

വികസ്വരമാവുന്നത്. ദൈവഭയം (തഖ്‌വാ) സൂക്ഷിക്കുന്ന ഭക്തിസാന്ദ്രമായ മനസ്സിന് നന്മകളനുഷ്ഠിക്കാനേ കഴിയൂ. ഒരു മതപരമായ ചടങ്ങായിട്ടല്ല, വിശ്വാസാധിഷ്ഠിതമായ ജീവിതാചാരമായാണ് സത്യവേദവിശ്വാസി 'തഖ്‌വാ'യെ കാണുന്നത്. 'തഖ്‌വാ'യുടെ പ്രകൃതമെന്തെന്ന് വേദഗ്രന്ഥം വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ട്. മുഖം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിച്ചുവെന്നതുകൊണ്ട് പുണ്യം ലഭിക്കുന്നില്ല. പുണ്യം ലഭിക്കണമെങ്കിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും മനസ്സുറഞ്ഞു വിശ്വസിക്കണം. ബന്ധുക്കൾ, അനാഥർ, അഗതികൾ, യാത്രികർ, യാചകർ എന്നിവർക്കും മറ്റു സൽപ്രവർത്തനങ്ങൾക്കും ധനം ചെലവഴിക്കണം. നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും കരാർ പാലിക്കുകയും ക്ഷമ കൈക്കൊള്ളുകയും വേണം. ഇതൊന്നുമില്ലാതെ ഏതെങ്കിലുമൊരു ഭാഗത്തേക്ക് മുഖം തിരിച്ചതുകൊണ്ടുമാത്രം ഒരു പുണ്യവും ലഭിക്കുകയില്ല. വേദഗ്രന്ഥം വരച്ചുകാണിക്കുന്ന മാർഗത്തിലൂടെ, ഭയഭക്തിയോടെ ജീവിക്കുന്നവരാവണം യഥാർഥ സത്യവേദവിശ്വാസികൾ എന്നാണ് ഇസ്ലാം സംസ്കൃതി അനുശാസിക്കുന്നത്.

വിനയാന്വിതവും സേവനപ്രവണവുമായ കർമോപാസനയാണ് ഇസ്ലാം ആവശ്യപ്പെടുന്ന മറ്റൊരു സവിശേഷ ഭാവം. ദൈവത്തിന്റെ മുന്നിൽ മാത്രം അടിമകളാവുക. എല്ലാതരം അടിമത്തങ്ങളെയും എടുത്തുമാറ്റി ദൈവസന്നിധിയിലെ അടിമത്തം സ്വയം വരിക്കുക, ജീവിതവിജയം അതാണെന്ന് സ്വയം അഭിമാനിക്കാൻ കഴിയുക.

നമുക്കു മുന്നിൽ ഒരു തെളിഞ്ഞ മാർഗമുണ്ട്. ആ വഴി കാട്ടിത്തരേണമേ എന്നാണ് വേദഗ്രന്ഥത്തിന്റെ ആദ്യാധ്യായത്തിൽ സത്യവിശ്വാസി പ്രാർഥിക്കുന്നത്.

> "ഞങ്ങളെ നീ നേർവഴിയിൽ നയിക്കേണമേ
> നീ അനുഗ്രഹിച്ചവരുടെ വഴിയിൽ,
> നിന്റെ കോപത്തിനിരയായവരുടെയും
> പിഴച്ചവരുടെയും വഴിയിലല്ല." (1: 6–7)

ഇതൊരു ഇബാദത്താണ്. ഒരാൾ ഒരു സത്യത്തെ അളവറ്റ് ബഹുമാനിക്കുക, അതിന്റെ മുന്നിൽ പരമാവധി വിനയവും വിധേയത്വവും പ്രകടിപ്പിക്കുക, ആ തിരുസന്നിധിയിൽ സർവ സമർപ്പണം സാധിക്കുക–ഇതാണ് ഇബാദത്ത്. ദാർശനിക പ്രതിഭകളും ഖുർആൻ വ്യാഖ്യാതാക്കളും ഇബാദത്തിന് നൽകിയ ഭാഷ്യമതാണ്. ഇത് അല്ലാഹുവിന് മാത്രമുള്ളതാണ്. ഇബാദത്തിന് സമർഹനായി മറ്റാരും തന്നെയില്ല. ഇസ്ലാം സംസ്കൃതിയുടെ അവലംബശിലയതാണ്. ഈ നിർവഹണപഥത്തിലൂടെ മുന്നോട്ടുപോകുമ്പോൾ മാത്രമേ മനുഷ്യൻ 'ലോകത്തിലെ, ദൈവത്തിന്റെ പ്രതിപുരുഷനാ'യി മാറുന്നുള്ളൂ.

മുസ്ലിംകൾ ദൈവത്തിന്റെ ഏകത്വത്തിൽ
അചഞ്ചലമായി വിശ്വസിക്കുന്നു.
ഈ ലോകവും മാനുഷ്യകമാകെത്തന്നെയും
ആ ദൈവത്തിന്റേതാണെന്നും വിശ്വസിക്കുന്നു.

ലാ ഇലാഹ ഇല്ലല്ലാഹ് എന്ന മന്ത്രവാക്കിന്റെ ഹൃദയധ്വനിയതാണ്.

# സർവ സമർപ്പണമാവശ്യപ്പെടുന്ന ദിവ്യദർശനം

**ഇ**സ്ലാം എന്ന പദത്തിന് സമർപ്പണം, അനുസരണം എന്നീ അർഥങ്ങളുമുണ്ട്. ഒരു മതദർശനമെന്ന നിലക്ക് അഖിലാധിനാഥനായ അല്ലാഹുവിന്റെ മുന്നിലുള്ള സർവ സമർപ്പണമാണ് ഇസ്ലാം എന്ന പദം ഉദ്ഗാനം ചെയ്യുന്നത്. ഈ പദത്തിന് ശാന്തി, സമാധാനം എന്നീ ആശയതലങ്ങളുമുണ്ട്. ശരീര–മനസ്സുകൾ സ്വാസ്ഥ്യവും സമാധാനവും പരമമായ ശാന്തിയും കൈവരിക്കുന്നത് അഹങ്കാരാദി മനോമാലിന്യങ്ങളെ പരിത്യജിച്ച് അല്ലാഹുവിന്റെ മുന്നിൽ സർവ സമർപ്പണം സാധിക്കുമ്പോൾ മാത്രമാകുന്നു. തികച്ചും ആസൂത്രിതവും കർശനമായ നിയമവ്യവസ്ഥകളാൽ വിലയിതവുമായ ഒരു പ്രപഞ്ചത്തിലാണ് മനുഷ്യന്റെ അധിവാസം. സ്രഷ്ടാവും രക്ഷകനും സകലജ്ഞനുമായ അല്ലാഹുവിന്റെ നിയമവ്യവസ്ഥകളിൽ വിശ്വാസമർപ്പിച്ചാലും ഇല്ലെങ്കിലും ഈശ്വരവാദിയാണെങ്കിലും അല്ലെങ്കിലും പ്രാകൃതികമോ ജൈവികമോ ആയ സകല വ്യവസ്ഥകളുമനുസരിക്കാൻ ആരും ബാധ്യസ്ഥനാണ്. അന്നിലയിൽ സകലരും മുസ്ലിംകളാണ്.

അനുസരണം അഥവാ സമർപ്പണം രണ്ടുതരമുണ്ട്. ഒന്ന് പ്രകൃത്യായുള്ള അനുസരണമാണ്. സചേതനവും ആസൂത്രിതവും വിഭാവനാപൂർണവുമായ പ്രപഞ്ച നിയമങ്ങൾക്ക് വിധേയമായല്ലാതെ ലൗകിക പ്രതിഭാസങ്ങൾക്കൊന്നുമവിടെ അസ്തിത്വമില്ല. സുനിയതവും പൂർവ നിർണിതവുമായ പ്രവർത്തനരീതികളും താളക്രമങ്ങളും അവിടെ അനുസരിക്കപ്പെടുന്നു. ഇവിടെ സൃഷ്ടിയുടെ ഹിതവും പ്രിയവും മുൻകയ്യും കാരകത്വവും പരിഗണനാർഹങ്ങളേയല്ല. അനുസരിക്കപ്പെടുക എന്നതിനപ്പുറം അവിടെയൊന്നുമില്ല. അതുകൊണ്ടാണ് പ്രകൃതിയിലെ സകല ചരാചരങ്ങളും അറിഞ്ഞുകൊണ്ടല്ലെങ്കിലും മുസ്ലിം ധർമം അഥവാ അനുസരണം പാലിക്കാൻ ബാധ്യസ്ഥങ്ങളാണെന്ന് സൂചിപ്പിക്കുന്നത്. നമ്മുടെ ഏറ്റവും സമീപസ്ഥമായ പൂർവാശ്രമത്തിൽ നമ്മുടെ അവസ്ഥയെന്തായിരുന്നു? പിതാവിന്റെ ജനനേന്ദ്രിയത്തിലെ ബീജവും മാതാവിലെ ഒരണ്ഡവുമായി, രണ്ടർധകോശങ്ങളായി, അന്യോ

ന്യമറിയാതെ കഴിയുന്ന അകലങ്ങളിലെ അജ്ഞാത പ്രവാസികളായിരുന്നു നാം. ഒരാസൂത്രിത പദ്ധതിയുടെ നിർവഹണപ്രകൃതം പോലെ ഈ അർധ കോശങ്ങളെ സംയോജിപ്പിക്കുകയും ജാഗ്രതയോടെ വളർത്തിക്കൊണ്ടുവരികയും താളക്രമം തെറ്റിക്കാതെ ഇന്നത്തെ നിലയിലേക്ക് പരിവർത്തിപ്പിച്ചെടുക്കുകയും ചെയ്ത ദൈവശാസ്ത്രപരമായ ശിൽപവൃത്തിയിൽ നമ്മുടെ പങ്കെന്താണ്? നമ്മിൽ ഹിതാഹിതങ്ങൾ വിളയാനും കാരകത്വമുറയാനും തുടങ്ങിയിട്ടില്ലാത്ത ആ പ്രാഗ്കാലകഥാതലത്തിൽ നിർവാഹകനും സംവിധായകനുമാരാണ്? ആരുടെ സൂക്ഷ്മജ്ഞാനവും ആസൂത്രണവൈഭവവുമാണവിടെ നിറഞ്ഞുവിളങ്ങിയത്? ഡോ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ "അജ്ഞേയമായ ആ സർഗചലനങ്ങൾ കേവലം യാദൃച്ഛികവും അന്ധവുമാണെന്ന് പറയാൻ കഴിയുമോ?" വളർന്നുയർന്ന് വിസ്മയമണിഞ്ഞുനിൽക്കുന്ന മനുഷ്യഭാവനക്ക് പോലും അപ്രാപ്യമെന്ന് കരുതാവുന്ന രംഗസജ്ജീകരണത്തിന്റെയും അനുക്രമമായ വികാസവൃദ്ധികളുടെയും ലക്ഷ്യോന്മുഖമായ പ്രയാണഗതിയുടെയും പിറകിൽ ശൂന്യത എന്ന് കരുതാൻ പറ്റുമോ? ഒന്നുറപ്പ്, അതെന്തായാലും അവിടെ നിശ്ശബ്ദതയിൽ മുഴങ്ങിനിൽക്കുന്ന അനുജ്ഞകളനുസരിക്കാൻ സൃഷ്ടികളെല്ലാം ബാധ്യസ്ഥമാണ്. ആ അജ്ഞേയമായ മഹശ്ശക്തിയുടെ-നിത്യസത്യത്തിന്റെ-മുന്നിൽ അനുസരണം കാട്ടി സ്വേച്ഛാനുസാരത്തോടെയോ അല്ലാതെയോ സ്വയം സമർപ്പിച്ചു നിന്ന ചരങ്ങളും അചരങ്ങളുമെല്ലാം അക്കാരണം കൊണ്ട് മുസ്ലിം ആവുകയാണ്. നിയതാർഥത്തിൽ സർവ ഭൂതങ്ങളും (ഭവിച്ചവ, ഉണ്ടായവ) മുസ്ലിം ആണെന്ന് പറയുന്നത് അതുകൊണ്ടാണ്.

മനുഷ്യൻ വളർന്നു. അവന്റെ വിശേഷബുദ്ധി ഉണർന്നു. ഗുണാഗുണവിചിന്തനം അവന്റെ പ്രകൃതമായി. പ്രവാചകന്മാർ അവനെ വഴിനയിച്ചു. വേദഗ്രന്ഥങ്ങൾ അവന് പ്രകാശമായി. ചുറ്റുമുള്ളവയെല്ലാം അവന്ന് ദൃഷ്ടാന്തങ്ങളായി. ആ ദൃഷ്ടാന്തങ്ങൾ ദൈവത്തിന്റെ ഏകത്വവും മഹത്വവും അവനെ ബോധ്യപ്പെടുത്തി. പ്രപഞ്ചനാഥന്റെ മുന്നിൽ അവൻ തലകുനിച്ചു. സ്വയം സമർപ്പിച്ചു. അതു സ്വേച്ഛാനുസാരമുള്ള സമർപ്പണവും അനുസരണവുമായിരുന്നു. അവൻ സത്യവേദവിശ്വാസിയായി. മുസ്ലിം എന്ന് വിളിക്കപ്പെട്ടു.

തന്നെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ഒന്നുമറിയാതെ എന്തെങ്കിലും സ്വീകരിച്ച് തൃപ്തിയടയാൻ വിധിക്കപ്പെട്ടവനല്ല മനുഷ്യൻ. എല്ലാ കാലത്തും എല്ലാ ജനപദങ്ങളിലും അറിയിക്കാനും വഴികാട്ടാനും പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും അല്ലാഹു നിയോഗിച്ചു. പ്രവാചകന്മാർ തമ്മിൽ വീക്ഷണവൈരുധ്യങ്ങളില്ല; ആശയ സംഘർഷങ്ങളുമില്ല. ഏകദൈവ സിദ്ധാന്തത്തിന്റെ പ്രബോധനച്ചുമതല ഏൽപിക്കാതെ ഒരു പ്രവാചകനെയും അല്ലാഹു അയച്ചിട്ടില്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

"ഞാനല്ലാതെ ദൈവമില്ല. അതിനാൽ നിങ്ങൾ എനിക്ക് വഴിപ്പെടുക എന്ന സന്ദേശം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (21: 25)

ജൂതന്മാരെയും ക്രിസ്ത്യാനികളെയും അകളങ്കമായ ദൈവത്തിന്റെ ഏകത്വത്തിലേക്ക് ക്ഷണിക്കുവാൻ മുഹമ്മദ് നബിയോട് അല്ലാഹു കൽപിച്ചതിന്റെ കാരണവും അതാണ്. "പറയുക: വേദവിശ്വാസികളേ, ഞങ്ങളും നിങ്ങളും ഒന്നുപോലെ അംഗീകരിക്കുന്ന തത്ത്വത്തിലേക്ക് വരിക. അതിതാണ്: അല്ലാഹു അല്ലാത്ത ആർക്കും നാം വഴിപ്പെടാതിരിക്കുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക." (3 : 64)

അവർ സത്യധർമങ്ങൾ പ്രബോധിപ്പിച്ചു. വഴിനയിച്ചു. ഉപദേശിച്ചു. താക്കീത് നൽകി. എന്നിട്ടും ബോധ്യപ്പെടാത്തവർ സന്ദേഹവാദികളായി. അനുസരണത്തിന് തയ്യാറില്ലാത്തവർ സത്യനിഷേധികളുമായി. അറിഞ്ഞാലും ഇല്ലെങ്കിലും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും പ്രപഞ്ചത്തിലെ സർവ ഭൂതങ്ങളും 'മുസ്ലിം' എന്ന പദത്തിന്റെ ആശയവിസ്തൃതിയിൽ പെടും. പിന്നെ ബുദ്ധിയുണർന്ന് മനുഷ്യൻ സബോധം, സ്വേച്ഛാനുസാരം സത്യവേദമംഗീകരിക്കുമ്പോൾ അദ്ദേഹം വ്യാവഹാരികാർഥത്തിലും മുസ്ലിം ആയിത്തീരുന്നു. ഒരു സത്യവേദവിശ്വാസി ജന്മംകൊണ്ടും ബോധ്യം കൊണ്ടും, രണ്ടുരീതിയിലും മുസ്ലിം ആവുകയാണ്.

പ്രവാചകൻ പ്രബോധിപ്പിച്ചവിധം മുസൽമാന്റെ ധർമശാസ്ത്രമായ ഇസ്ലാം അനിഷേധ്യങ്ങളായ മൂന്ന് പരികൽപനകളിൽ- തൗഹീദ് (ഏകദൈവത്വം), രിസാലത്ത് (പ്രവാചകത്വം), ആഖിറത്ത് (പരലോകജീവിതം)- അധിഷ്ഠിതമാണ്. സദ്ഫലമർഹിക്കുന്ന യഥാർഥ മുസ്ലിം ആരെന്ന ചോദ്യത്തിന് വേദഗ്രന്ഥം ആവർത്തിച്ചുപറയുന്നു:

"വിശ്വസിച്ചവരും നല്ലതു ചെയ്തവരും."

ഒന്ന് ദൈവത്തിന്റെ നേരെ, മറ്റൊന്ന് സമൂഹത്തിന്റെ നേരെയും. അക്ഷന്തവ്യമായ രണ്ടപരാധങ്ങൾ ഏതെന്ന ചോദ്യത്തിന് ഖുർആൻ നൽകുന്ന മറുപടി അത്രതന്നെ ശ്രദ്ധേയമാകുന്നു:

"ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുക;
വിശന്നുവരുന്നവന് ആഹാരം നൽകാതിരിക്കുക."

ഒരേ നേരത്ത് ദൈവത്തെയും സമഷ്ടിയെയും സ്നേഹിക്കുക എന്നതാണ് ഇസ്ലാം സംസ്കൃതിയുടെ സവിശേഷ ഭാവം. അപ്പോഴേ ആ മഹിതസംസ്കൃതിയുടെ ഭാവപൂർണത അഭിവ്യക്തമാക്കപ്പെടുന്നുള്ളൂ. ഖുർആനിലെ അൽമാഊൻ എന്ന അധ്യായത്തിലെ സൂക്തങ്ങളെല്ലാം ഒരു മുസൽമാന്റെ പരോപകാരപ്രവണമായ ജീവിതത്തിന്റെ സമഗ്രതയിലേക്ക്

വിരൽചൂണ്ടുന്നു.

വൈയക്തികവും പ്രാദേശികവുമായ പരിമിതികൾക്കപ്പുറത്താണ് ഇസ്ലാമിന്റെ കർമമണ്ഡലമെന്ന് ബോധ്യപ്പെടുന്നത് അപ്പോഴാണ്. മുഹമ്മദ് ജീവിക്കുന്ന ഖുറൈശി സമൂഹത്തിന്റെ താൽപര്യങ്ങൾക്കുമപ്പുറം മാനുഷ്യകത്തിന്റെ വിശാല വിസ്തൃതിയിലേക്ക് സത്യവേദം പ്രസരിച്ചുനിൽക്കുന്നത് അതുകൊണ്ടാണ്. മുഹമ്മദിന്റെ ദർശനം, അറേബ്യൻ മതം എന്നിങ്ങനെ സത്യവേദാദർശത്തെ വിശേഷിപ്പിക്കുന്നത് സാധൂകരിക്കപ്പെടുകയില്ല.

# വിശിഷ്ടഫലസമൃദ്ധമായൊരു വടവൃക്ഷം

**ശാ**സ്ത്രവും സാങ്കേതികവിദ്യകളും സമ്പത്തും സമ്മാനിച്ച ഭൗതിക സൗകര്യങ്ങൾക്ക് നടുവിലും മനുഷ്യന് സുഖവും സമാധാനവും കൈവരുന്നില്ല. മനസ്സപ്പോഴും വേഴാമ്പലിനെപ്പോലെ ആകാശത്തിലേക്കും വടക്കുനോക്കിയെപ്പോലെ ഉത്തരദിശയിലേക്കും ആർത്തിയോടെ തിരിഞ്ഞുനിൽക്കുന്നു.

സമ്പത്ത്, ശാസ്ത്രം, സാങ്കേതികവിദ്യ പോലുള്ള ഭൗതികസാഹചര്യങ്ങൾക്കൊന്നും ശാന്തിയും സമാധാനവും കൈവരിക്കാൻ കഴിയുന്നില്ലെന്ന് വരുമ്പോൾ ഭൗതികതക്കപ്പുറത്തോ ഇപ്പുറത്തോ എപ്പുറത്തോ ഉള്ള ആത്മീയാനുഭൂതിക്കാണ് അവൻ കണ്ണയക്കുന്നതും കാതോർക്കുന്നതും. അപ്പോഴാണവൻ മതത്തെ ശ്രദ്ധിക്കുന്നത്. ആത്മീയതയുടെ ദൈവിക ദിശയിലേക്ക് മനുഷ്യനെ നയിക്കാൻ പോരുന്ന കൈവഴിയോ രാജപഥമോ ആണ് മതം. എന്നാൽ ആത്മീയമോ ദൈവികമോ ആയ പരിവേഷമണിഞ്ഞുനിൽക്കുന്ന മതങ്ങൾക്കും വർത്തമാനകാല ജീവിതത്തിൽ മനുഷ്യന് ശാന്തിയും സമാധാനവും നൽകാൻ കഴിയുന്നില്ല. എന്തുകൊണ്ടാണ് മതത്തിന് മനുഷ്യനിൽ ശാന്തിയും സമാധാനവും വിളയിക്കാൻ കഴിയാതെപോകുന്നത്? മതം വർത്തമാനകാലദശാസന്ധിയിൽ ലക്ഷ്യസംപ്രാപനത്തിന് അസമർഥവും അപ്രസക്തവുമായിത്തീർന്നിട്ടുണ്ടോ എന്നാണന്വേഷിക്കേണ്ടത്.

മതത്തിൽ മറ്റെല്ലാറ്റിലുമെന്നപോലെ വ്യാപകമായ രീതിയിൽ മായം ചേർക്കപ്പെട്ടിരിക്കുന്നു. അടിസ്ഥാനദർശനങ്ങളിൽ പോലും മാറ്റിമറിക്കലുകൾ നടന്നിരിക്കുന്നു. ഒരുകാലത്ത് ലോകത്തിലെ പ്രശസ്തങ്ങളായ മതങ്ങളെല്ലാം ഏകദൈവത്വത്തിലൂന്നി ഉദയംകൊണ്ടവയായിരുന്നു. യഹൂദമതമായാലും ക്രിസ്തുമതമായാലും ഭാരതീയമതങ്ങളായാലും ഇസ്‌ലാംമതമായാലും-എല്ലാം ഏകദൈവത്വത്തിലൂന്നി വളർന്ന മതങ്ങളായിരുന്നു. കാലാന്തരത്തിൽ പല മതങ്ങളും തങ്ങളുടെ അടിസ്ഥാനദർശനങ്ങളിൽ തന്നെ മാറ്റം വരുത്തി. മതത്തിന്റെ സാധുതയും വിശ്വാസ്യതയും നഷ്ടപ്പെട്ടതിനുള്ള

മുഖ്യകാരണമതാണ്.

മതദർശനങ്ങളുടെ അടിസ്ഥാനതലങ്ങളിലൂടെയുള്ള പ്രയാണം ഒരു ഉപാസനപോലെ നിർവഹിക്കപ്പെടേണ്ടതാണ്. ക്ഷിപ്രസാധ്യങ്ങളല്ല അതിന്റെ ഫലങ്ങളൊന്നും തന്നെ. എന്നാൽ വിശ്വാസിയുടെ ക്ഷമയെയും സഹനത്തെയും ചൂഷണംചെയ്തുകൊണ്ട് ശാന്തിക്കും ജീവിതസമാധാനത്തിനും ആനന്ദപ്രാപ്തിക്കും കുറുക്കുവഴികളുണ്ടെന്ന് ബോധ്യപ്പെടുത്തിയും ദൈവത്തിനു പകരക്കാരായി കയ്യെത്താവുന്ന ദൂരത്തിൽ നമുക്കിടയിൽതന്നെ ദൈവമോ ദൈവസന്നിഭന്മാരോ ഉണ്ടെന്നും ബോധ്യപ്പെടുത്തി വിശ്വാസികളെ വഴിതെറ്റിക്കുന്ന കുത്സിത ശ്രമങ്ങളും ഇവിടെ നടക്കുന്നുണ്ട്.

മതഗ്രന്ഥങ്ങളിലെ വരിഷ്ടവചനങ്ങളെ ഓതിയുറപ്പിച്ച ബന്ധമല്ലാതെ ആശയപരമായ അവബോധം വിശ്വാസികളിൽ നന്നെ കുറവാണിപ്പോൾ. മതമെന്താണെന്നും മതമെന്തിനാണെന്നും അറിയാതെ കഴിയുന്ന മതനാമധാരികളാണിവിടെയേറെയുള്ളത്. അതിനാൽ സ്വന്തം വിശ്വാസത്തെ വികാരപരമായി മാത്രം കണ്ടുറപ്പിക്കാതെ അതിന്റെ ആശയപരമായ അവബോധം വികസിപ്പിച്ചെടുക്കാനും അതുവഴി വിശ്വാസത്തിൽ വിശ്വാസം വളർത്തിയെടുക്കാനും കഴിയണം. വിശ്വാസത്തെ രൂപഭേദം വരുത്താതെ അവസാനകാലം വരെ വിശ്വാസമായിത്തന്നെ പരിരക്ഷിക്കുന്നതു വഴി മതവിശ്വാസത്തിന്റെ ആത്യന്തിക ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്നില്ല. കേവലവിശ്വാസംവഴി സമൂഹജീവിതത്തിനും വ്യക്തിജീവിതത്തിനുതന്നെയും സ്ഥായിയായ, പ്രകാശമിയന്ന ഒരു പ്രയോജനവും ലഭിക്കുന്നില്ല. മതവിശ്വാസത്തെ ആത്മീയ സംസ്കൃതിയാക്കിപ്പരിവർത്തിപ്പിക്കാൻ കഴിയണം. അത് ജീവിതത്തെ സാർഥകവും സഫലവുമാക്കി മാറ്റുന്നു. സൂക്ഷ്മ വിശകലനത്തിൽ മതവിശ്വാസത്തിന്റെ സാമൂഹ്യപ്രയോജനം അവിടെ സാക്ഷാത്കരിക്കുന്നതായി കാണാം. അതിനാൽ വിശ്വാസത്തിൽ വിശ്വാസമുണ്ടാവുക, വിശ്വാസത്തെ ആത്മീയ സംസ്കൃതിയാക്കി പരിവർത്തിപ്പിക്കുക-വിശ്വാസിയുടെ ധർമമതാണ്.

"ഞങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചിരിക്കുന്നു. അവരെ അനുസരിക്കുകയും ചെയ്തിരിക്കുന്നു'. എന്നാൽ അതിനുശേഷം അവരിലൊരുവിഭാഗം പിന്തിരിഞ്ഞുപോകുന്നു. അവർ വിശ്വാസികളേയല്ല." (24: 47)

നബി പറഞ്ഞു: "തന്റെ മനോഗതം ഞാൻ കൊണ്ടുവന്നതിനെ പിന്തുടരുന്നതായിത്തീരുന്നതുവരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല." (ശർഹുസ്സുന്ന)

അതിനാൽ അറിഞ്ഞുൾക്കൊള്ളുക, ത്രികരണങ്ങളെക്കൊണ്ടും നിർവഹിക്കുക- വിശ്വാസം ദൃഢരൂഢമാവണം, ശരിയായ വിശ്വാസത്തിന്റെ പശ്ചാ

ത്തലത്തിലേ കർമശുദ്ധി കൈവരിക്കാനാവൂ. ഒരാൾ മനപ്പൂർവം ഒരു തെറ്റു ചെയ്യുന്നു. ഇത് ദൃഢവിശ്വാസമുള്ളവനു വയ്യ. ഒരു തെറ്റ് സബോധം ആവർത്തിക്കുന്നു. ഇതും ദൃഢവിശ്വാസമുള്ളവനു വയ്യ. ത്രികരണശുദ്ധി മഹത്കർമനിർവഹണത്തിന് കാരണമാകും. ഒരു സത്യവിശ്വാസിയുടെ കർമ തലം മാതൃകാപരമായിരിക്കും. ഒരുവൻ വിശുദ്ധവികാരത്തോടെ സത്യവി ശ്വാസത്തിന്റെ പ്രതലത്തിലേക്ക് കടക്കാനാഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രതി ജ്ഞാവാക്യമനുസരിക്കാൻ ബാധ്യസ്ഥനാണ്. ആ പ്രതിജ്ഞാവാക്യമാണ് 'കലിമതുത്തൗഹീദ്.' അതൊരു ദർശനപരമായ വടവൃക്ഷമാണ്. ആ വൃക്ഷം സത്യവിശ്വാസിയുടെ ഹൃദയഭൂമികയിലാണ് വേരുപിടിച്ചു നിൽക്കുന്നത്. അതിന് ശാഖോപശാഖകളുണ്ട്. അത് വിശിഷ്ടഫലസമൃദ്ധവുമായിരിക്കും. കർമമാണ് ഫലങ്ങൾ(ഇബ്റാഹീം 24-25). വിശ്വാസിയിൽനിന്ന് ചിലപ്പോൾ സൽക്കർമങ്ങൾ പിറവിയെടുക്കുന്നില്ലെങ്കിലും അവൻ വിശ്വാസി തന്നെ. ഫല ങ്ങളില്ലാത്ത വൃക്ഷങ്ങളുമുണ്ടാകുമല്ലോ. എന്നാൽ ഫലം കായ്ക്കാത്ത ഫല വൃക്ഷം നാളെ കത്തിക്കാൻ മാത്രമേ കൊള്ളൂ എന്നുമറിയുക. അപ്പോൾ ഈമാന്റെ- വിശുദ്ധവിശ്വാസത്തിന്റെ- പൂർണത കൊണ്ട് സത്കർമങ്ങൾ സ്വാഭാവികമായുണ്ടാകും. സത്കർമങ്ങൾ ജീവിതത്തെ സഫലവും സമ്പൂർണവും മഹത്തരവുമാക്കുന്നു. സത്കർമവിഭൂഷിതമല്ലാത്ത ജീവിത ത്തിനുമേൽ ദൈവത്തിന്റെ കടാക്ഷം പതിക്കുന്നില്ല. അത്തരം മനുഷ്യജീ വിതങ്ങൾ നരകാഗ്നിക്കുള്ള ഇന്ധനങ്ങളായി മാറുന്നു. ഈമാൻ പ്രകാശമാ ണ്. വഴികാട്ടുന്ന വെളിച്ചം.

സത്കർമങ്ങളുടെ സൗഭാഗ്യത്തെ സത്യവേദം വിലയിരുത്തുന്നതിങ്ങ നെയാണ്:

"അതിനാൽ ആരെങ്കിലും തന്റെ നാഥനുമായി കണ്ടുമുട്ടണമെന്ന് ആഗ്ര ഹിക്കുന്നുവെങ്കിൽ അവൻ സത്കർമങ്ങൾ ചെയ്തുകൊള്ളട്ടെ. തന്റെ രക്ഷി താവിനുള്ള വഴിപ്പെടലിൽ ആരെയും പങ്കുചേർക്കാതിരിക്കട്ടെ." (18: 110)

സത്കർമങ്ങളെ നിരാകരിച്ച് ദുർമാർഗചാരിയായിക്കഴിയുന്നവനെ മത നിഷേധിയെന്നാണ് വേദഗ്രന്ഥം പരിചയപ്പെടുത്തുന്നത്.

"മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടോ? അവൻ, അനാഥയെ ആട്ടി യകറ്റുന്നവൻ, അഗതിക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവൻ....." (107: 1-3)

# ഇസ്ലാമിക സംസ്കൃതിയുടെ ആദ്യാക്ഷരങ്ങൾ

അല്ലാഹുവല്ലാതെ ദൈവമില്ല
മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകൻ

ഇസ്ലാമിക വിശ്വാസത്തിന്റെ ഹൃദയഭാവമിതാണ്. ഈ ശബ്ദം മധുരം പുരട്ടാത്ത ചുണ്ടുകളില്ല. അറിയുന്നവനും അറിയാത്തവനും എന്നും ആമന്ത്രിക്കുന്ന വേദവചസ്സുകളാണവ. രണ്ടു തത്വങ്ങൾ അതിൽ സമന്വയിക്കുന്നു:

അല്ലാഹുവല്ലാതെ ദൈവമില്ല;
മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനും

ഒരു മഹാ സത്യമാണ് ഇവിടെ അനാവരണംചെയ്യപ്പെട്ടത്. ആ സത്യത്തെ അനായാസം അറിയാനും പ്രാപിക്കാനും നമുക്ക് സാധ്യമല്ല. എണ്ണമറ്റ സൂചനകളും ദൃഷ്ടാന്തങ്ങളും നമുക്കു ചുറ്റുമുണ്ടെങ്കിലും അവയിൽ ഈശ്വരസത്തയെ വിളക്കിയെടുക്കാനും അതുവഴി സ്വജീവിതത്തെ സാർഥകമാക്കാനും എളുപ്പം നമുക്ക് കഴിഞ്ഞുവെന്നു വരില്ല. കൈവന്ന ജീവിതത്തെക്കുറിച്ചുപോലും യഥാർഹമറിയാൻ കഴിയാതെ മനുഷ്യൻ ജീവിച്ചു തീർക്കുന്നു എന്നതിനപ്പുറത്ത് ഒന്നും സാധിക്കുന്നില്ല. അതിനാൽ ദൈവത്തെയും ദൈവത്തിന്റെ ഏകത്വത്തെയുംകുറിച്ച് നമ്മെ ബോധ്യപ്പെടുത്തുവാനും ത്രികാലതലങ്ങളിലൂന്നി നിൽക്കുന്ന നമ്മുടെ ജീവിതസമസ്യയെക്കുറിച്ച് നമ്മിലവബോധം വളർത്താനും പ്രവാചകസാന്നിധ്യം അനിവാര്യമായിത്തീരുന്നു. ഒരു മഹാസത്യമാണെങ്കിലും അജ്ഞേയമായും അപ്രാപ്യമായും വർത്തിക്കുന്ന ദൈവികതത്വത്തെ കരതലാമലകം പോലെ പരിചയപ്പെടുത്താനും ജീവിതധർമങ്ങളെക്കുറിച്ച് നമ്മെ പ്രബോധിപ്പിക്കുവാനും ഒരു പ്രവാചകനാവശ്യമായി വരുന്നു. പ്രവാചകൻ സാമാന്യാർഥത്തിൽ നമ്മിലൊരാളാണെങ്കിലും പ്രവാചകത്വം അസാധാരണവും അത്യുന്നതവുമായ ഒരു ദൈവാനുഗ്രഹമാണ്. ദൈവസ്മരണയുടെ ഒരു ഭാഗംപോലെ, ദൈവബോധ്യം നമ്മിൽ വളർത്തിയ പ്രവാചകനും സ്മരിക്കപ്പെടണം. ദൈവിക സ്മരണയുടെ പരിസ്പൂർത്തിക്ക്

അതനിവാര്യമാണ്. ദൈവത്തെ അറിയുകയും പ്രവാചകനെ അനുസരിക്കുകയും ചെയ്യുമ്പോഴേ ദൈവോപാസന പൂർത്തിയാകുന്നുള്ളൂ എന്നതുകൊണ്ടാണ് സത്യവേദവിശ്വാസികളുടെ മന്ത്രവചസ്സായി 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്' ഘോഷിക്കപ്പെടുന്നത്.

സത്യം എന്നതുപോലെ സത്യബോധം വളർത്തി നമ്മുടെ ജീവിതത്തെ സത്യോന്മുഖമാക്കാൻ നിയുക്തനായ പ്രവാചകനും ഇവിടെ സ്മരിക്കപ്പെടുകയാണ്. ദൈവദൗത്യം നിർവഹിക്കുന്ന പ്രവാചകന്മാരെല്ലാം ആദരണീയരാണെന്ന് വേദഗ്രന്ഥം അറിയിക്കുന്നുണ്ടെങ്കിലും പ്രവാചകസന്ദേശങ്ങളുടെ സമന്വയവും സംപൂർത്തിയും മുഹമ്മദിലൂടെയാണ് ആവിഷ്കരിക്കപ്പെടുന്നത് എന്നതുകൊണ്ടാണ് ദൈവത്തിന്റെ പ്രവാചകരത്നം മുഹമ്മദാണെന്ന് ആവർത്തിച്ചറിയിക്കുന്നത്. എന്നാൽ, അങ്ങനെ പറയുമ്പോൾ അവിടെ വിവേചനത്തിന്റെ പ്രശ്നമുദിക്കുന്നില്ല. പ്രാദേശികവും കാലികവുമായ പ്രശ്നവ്യവഹരണത്തിന് അവതീർണരായ പ്രവാചകന്മാരാണ് മറ്റുള്ളവരെല്ലാം. എന്നാൽ മുഹമ്മദിന്റെ പ്രവാചകത്വത്തെക്കുറിച്ചുള്ള വേദവചനം "മാനുഷ്യകത്തിനൊന്നാകെയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" എന്നാണ്. "ഇസ്ലാം ഒരു മതമായി പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു" എന്ന വേദവചനമുണ്ട്. ഈ രണ്ട് വേദവചസ്സുകളും അഭിവ്യക്തമാക്കുന്നത് മുഹമ്മദ് എന്ന പ്രവാചകന്റെ വ്യതിരിക്തതയും മുഹമ്മദിലൂടെ അവതരിപ്പിക്കപ്പെട്ട സത്യവേദത്തിന്റെ സാർവലൗകികവും സാർവജനീനവുമായ സവിശേഷതകളുമാണ്. മുഹമ്മദ് നബിക്ക് ലോകപ്രവാചകന്റെ വ്യതിരിക്തതയുണ്ട്. അതുകൊണ്ടാണ് അന്ത്യപ്രവാചകത്വം മുഹമ്മദ് നബിയിലണിയിച്ച് 'അല്ലാഹുവിന്റെ പ്രവാചകൻ' എന്ന് വിശേഷിപ്പിച്ചത്. ദൈവത്തെയും ദൈവബോധനം നമ്മിലെത്തിച്ച പ്രവാചകനെയും അനുസ്യൂതമായി സ്മരിക്കുമ്പോൾ ദൈവവിജ്ഞാനീയത്തിന്റെ സമസ്തവും നമ്മിൽ സാക്ഷാൽക്കരിക്കപ്പെടുന്നു. ഏതൊരു വിശേഷ സ്മരണയുടെ ദിവ്യഗന്ധംകൊണ്ട് ജീവിതം സാർഥകവും സുരഭിലവും ലക്ഷ്യോന്മുഖവുമായിപ്പരിണമിക്കുന്നുവോ അതാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്.'

## മുഹമ്മദ് റസൂലുല്ലാഹ്

സൂറത്തുൽ ഫാത്തിഹയിലെ പ്രശസ്തമായ പ്രാർഥനാ വാക്യം: "നീ ഞങ്ങളെ നേരാംവഴി നയിക്കേണമേ!"

ഈ വേദസൂക്തം ഓർക്കാത്ത മുസ്ലിം ഹൃദയമില്ല. ഇസ്ലാമിന്റെ അഞ്ച് അടിസ്ഥാനശിലകളിൽ ഒന്നാണ് പഞ്ചനിസ്കാരം. ഈ നിസ്കാരങ്ങളിലും സുന്നത്തുനിസ്കാരങ്ങളിലുമെല്ലാം ഓരോ റക്അത്തിലും സനിഷ്കർഷം ഓതിയിരിക്കേണ്ട ഒന്നാണ് ഫാത്തിഹ. 'ഫാത്തിഹ ഓതാത്തവന്നെന്ത് നിസ്കാരം!' എന്ന നബിവചനം ഫാത്തിഹയുടെ പ്രാമുഖ്യം കീർത്തിക്കുന്നു.

മനുഷ്യജീവിതത്തിന് സുനിശ്ചിതമായ ഒരു വിഭാവിതലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിലേക്കുള്ള മാർഗമറിയുക എന്നത് അവന്റെ ജീവിതാവശ്യങ്ങളിൽ പ്രഥമവും പരമവുമാണ്. നേർവഴിയറിയിക്കുന്നത് സകലജ്ഞനായ ദൈവം തന്നെ.

"വഴികാട്ടിയായും സഹായിയായും നിന്റെ നാഥൻ തന്നെ മതി." (25: 31)

"സംശയമില്ല, ദൈവിക മാർഗദർശനമാണ് സത്യദർശനം." (2: 120)

"ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും പിന്നെ അവക്ക് വഴികാണിക്കുകയും ചെയ്തവനാണ് ഞങ്ങളുടെ രക്ഷിതാവ്." (20: 50)

ഭൂമിയിലെ തന്റെ പ്രതിനിധികളെ അനുഗ്രഹാശിസ്സുകളരുളി ഉണർത്തി ഉയർത്തുവാൻ കരുണാമയനായ ദൈവം സന്നദ്ധനായി. അവനരുളിയ വെളിച്ചം മനുഷ്യരാശിക്ക് മഹാനുഗ്രഹമായി. ആ വെളിച്ചം–വഴിവെളിച്ചം– ഇല്ലെങ്കിൽ ജീവിതം ദയനീയമാംവിധം ഗതിമുട്ടിനിൽക്കുന്ന ഒന്നായിപ്പരിണമിക്കുമായിരുന്നു.

പ്രവാചകനിലൂടെയല്ലാതെ മനുഷ്യനുമായി ദൈവം നേരിട്ട് ബന്ധപ്പെടുന്നില്ല: എല്ലാ കാലത്തും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവരെല്ലാം വെളിച്ചത്തിന്റെ സംവാഹകരായിരുന്നു. മനുഷ്യചാപല്യം വർണക്കസവുകളണിയിച്ച സങ്കുചിത താൽപര്യങ്ങളൊന്നും അവരെ സ്പർശിച്ചിരുന്നില്ല. പിൽക്കാലത്ത് ഗുരുനിന്ദയും പിതൃഹത്യയും പരിചയിച്ചുപോന്ന അനുയായികൾ മതിൽക്കെട്ടുകളിലൊതുക്കി വിഭാഗീയതയുടെ വക്താക്കളായി അവരെ പ്രദർശിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തുവെങ്കിലും സൂക്ഷ്മ വിചിന്തനത്തിൽ അവരെല്ലാം മനുഷ്യസാമാന്യത്തിന്റെ വഴികാട്ടികളായിരുന്നു എന്ന് കാണാവുന്നതാണ്.

"നബീ, ലോകജനതക്കനുഗ്രഹമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (21: 107) എന്ന ഖുർആൻ വാക്യം അതാണുദ്ഘോഷിക്കുന്നത്. പ്രാപഞ്ചിക ദുരിതങ്ങളിൽനിന്നുള്ള ശാശ്വതമായ മോചനത്തിനുതകുന്ന ശമനൗഷധവുമായി, പ്രവാചകത്വത്തിന്റെ സമ്പൂർണത സമ്മാനിച്ചുകൊണ്ട് ദൈവം മുഹമ്മദിനെ തെരഞ്ഞെടുത്തയക്കുകയായിരുന്നു. ഒരു സമ്പൂർണ ജീവിതവ്യവസ്ഥയായി ഇസ്‌ലാം ദർശനം രൂപപ്പെട്ടപ്പോൾ മുഹമ്മദ് നബി അന്ത്യ പ്രവാചകനായും മാറി.

മുഹമ്മദ്നബിയുടെ വ്യക്തിവൈശിഷ്ട്യത്തെ സംബന്ധിച്ചുള്ള ഖുർആനിക വചനങ്ങൾ ശ്രദ്ധേയങ്ങളാണ്.

"നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ മികച്ച മാതൃകയുണ്ട്."(33: 21)

പ്രവാചകനെ അനുസരിക്കുന്നതും അനുകരിക്കുന്നതും ദൈവമാർഗ ത്തിലുള്ള വൃത്തിവിശേഷങ്ങളായി ഗണിക്കപ്പെടും. അദ്ദേഹം ചെയ്തതും പറഞ്ഞതും തലമുറകളിലൂടെ അനുസ്മരിക്കപ്പെടുന്നു. വാഴ്ത്തപ്പെടുന്നു. ഇസ്‌ലാമിനെ മനസ്സിലാക്കുവാൻ മുഹമ്മദിനെ അറിയുക എന്ന ചൊല്ലു പോലും പ്രചുരമാണിവിടെ.

മുഹമ്മദാണ് ഇസ്‌ലാം കണ്ടെത്തിയതെന്ന് മുസൽമാൻ കരുതുന്നില്ല. ദൈവമാണ് ഇസ്‌ലാമിന്റെ സ്ഥാപകനെന്നും മനുഷ്യസൃഷ്ടിയുടെ പ്രാരംഭ ത്തിൽ തന്നെ ഇസ്‌ലാം രൂപം കൊണ്ടിട്ടുണ്ടെന്നും ജന്മവേളയിൽ ശിശു വിന്റെ മനസ്സിൽ അനക്ഷരഭാഷയിൽ ഇസ്‌ലാം എന്ന വിശ്വാസത്തിന്റെ ആദ്യാങ്കുരം മുളപൊട്ടുന്നുവെന്നും സത്യവേദവിശ്വാസികൾ കരുതുന്നു. മുഹമ്മദ് ഇസ്‌ലാംമതത്തിന്റെ പ്രയോക്താവാണ്; അതിനെ അത്യന്തവിശു ദ്ധിയോടെ ജീവിതത്തിലനുവർത്തിച്ച അസദൃശനായ കർമയോഗി. അക്ഷ രാർഥത്തിൽ തന്നെ ദൈവത്തിന്റെ സന്ദേശവാഹകൻ. വ്യക്തിനാമമെടുത്തു ച്ചരിച്ചുകൊണ്ടല്ല ദൈവം മുഹമ്മദിനെ സംബോധനചെയ്തത്. സംബോ ധന ചെയ്ത സന്ദർഭങ്ങളിലെല്ലാം ‘ഹേ നബീ’, ‘ഹേ റസൂൽ’ എന്നാണ് ദൈവമുപയോഗിച്ചത്. സർവലക്ഷണസംയുക്തനായ പ്രവാചകൻ എന്ന അർഥധ്വനിയാണവിടെ മുഴങ്ങുന്നത്.

# ധർമവിഗ്രഹനായ പ്രവാചകൻ

**ധ**ർമത്തെ സുപരിചിതം എന്നും അധർമത്തെ അപരിചിതം എന്നുമാണ് ഖുർആൻ വിശേഷിപ്പിച്ചത്. സമുത്കൃഷ്ടഗുണങ്ങളായി മനുഷ്യസമൂഹത്തിന് സുപരിചിതമായതാണ് ധർമം. അത് എക്കാലത്തും നിറംമങ്ങാതെ പ്രഭാസിക്കുന്നു. അനുകരിക്കാനും അനുസരിക്കാനും പറ്റാത്ത, നല്ല ഗുണങ്ങളായി അറിയപ്പെടാത്ത, അപരിചിതമായതാണ് അധർമം. സത്യംപറയുക, സഹായിക്കുക, വാക്ക് പാലിക്കുക എന്നിവ ധർമപക്ഷത്ത് സുപരിചിതങ്ങളായും കള്ളംപറയലും ദ്രോഹിക്കലും വാഗ്ദത്തലംഘനവുമെല്ലാം അധർമരംഗത്ത് അപരിചിതങ്ങളായും വർത്തിക്കുന്നു.

ധർമാധർമങ്ങളെല്ലാം ചില നിയതവിശ്വാസങ്ങളുടെ അടിത്തറയിൽ രൂപപ്പെടുത്തപ്പെട്ടവയാണ്. പ്രപഞ്ചത്തിന് ഒരു നാഥനുണ്ടെന്നും നാമെല്ലാം അവന്റെ സൃഷ്ടികളാണെന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വികാരവിചാരങ്ങൾപോലും യഥാതഥം അവനറിയുന്നുവെന്നും വിശ്വസിക്കാൻ ഖുർആൻ പഠിപ്പിക്കുന്നു.

മനുഷ്യൻ ഈ ലോകത്തുവച്ചു ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തക്കതായ പ്രതിഫലം നൽകപ്പെടുന്ന ഒരു ലോകവും കാലവും സംജാതമാകുമെന്നും മനുഷ്യന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ, അവയെത്ര ചെറുതും നിസ്സാരവുമായാൽ പോലും ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെടുന്നുണ്ടെന്നും ആ ഗ്രന്ഥം അഥവാ കർമരേഖ പരലോകത്തുവച്ച് അവന്ന് നൽകപ്പെടുമെന്നും ഖുർആൻ പ്രബോധിപ്പിക്കുന്നു. ഈ പ്രപഞ്ചം ഇതേ രൂപത്തിൽ എന്നെന്നും നിലനിൽക്കുകയില്ലെന്നും പ്രപഞ്ചത്തിന്റെ ഈ ഘടന പാടെ തകരുന്ന ഒരു ദിനം വരുമെന്നും പിന്നീട് മനുഷ്യരെ മുഴുവൻ ഒരുമിച്ചുകൂട്ടി വിചാരണചെയ്യുമെന്നും അന്ന് നന്മ പ്രവർത്തിച്ചവന് അതിന്റെ ഫലവും തിന്മ ചെയ്തവന് അതിന്റെ ഫലവും പൂർണമായി ലഭിക്കുമെന്നും ഖുർആൻ അറിയിക്കുന്നു.

ഉപര്യുക്ത വിശ്വാസങ്ങളിലാണ് ഇസ്‌ലാം സംസ്കൃതിയുടെ ധാർമികാ

ധ്യാപനങ്ങൾ കെട്ടിപ്പടുത്തിട്ടുള്ളത്. ഈ സൂക്ഷ്മ സത്യ പ്രബോധനം വഴി ധർമാധർമ വിവേചനത്തിന് എളുപ്പം കൂടുന്നു.

വ്യക്തിമനസ്സിനെ വിമലീകരിച്ച് മാതൃകാപരമായ കുടുംബജീവിതത്തിന് പാകപ്പെടുത്തുവാനും സദാചാരനിഷ്ഠമായ കുടുംബജീവിതത്തിലൂടെ ഭദ്രമായ സാമൂഹ്യജീവിതത്തിന്റെ ഊടും പാവുമൊരുക്കാനും സഹനവും സേവനവും സഹിഷ്ണുതയും സാമഞ്ജസ്യവും കളിയാടുന്ന സാമൂഹ്യജീവിതം വിളക്കിയെടുക്കുന്ന രാഷ്ട്രജീവിതം രൂപപ്പെടുത്തുവാനും സ്വയം പൂർണവും സഹവർത്തനം കളിയാടുന്നതുമായ ലോകജീവിതം സാക്ഷാത്കരിക്കുവാനും വേണ്ടുന്ന ധർമപ്രബോധനം ഖുർആൻ നിർവഹിക്കുന്നുണ്ട്. ലളിതവും അവക്രവുമായ രീതിയിൽ ഖുർആൻ വ്യക്തിമനസ്സിനോട് ഇങ്ങനെ പറയുന്നു: "സത്യവിശ്വാസികളേ, ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ നല്ലവരായേക്കാം. സ്ത്രീകൾ സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമകളായേക്കാം. നിങ്ങൾ പരസ്പരം കുത്തുവാക്കുകൾ പറയരുത്. പരിഹാസപ്പേരുകളുപയോഗിച്ച് പരസ്പരം അപമാനിക്കരുത്. സത്യവിശ്വാസം സ്വീകരിച്ച ശേഷം അധർമത്തിന്റെ പേരുപയോഗിക്കുന്നത് തീർത്തും നീചം തന്നെ. ആർ പശ്ചാത്തപിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ. ഒട്ടേല്ലാ ഊഹങ്ങളെയും വർജിക്കുക. ഉറപ്പായും ഊഹങ്ങളിൽ ചിലത് കുറ്റമാണ്. നിങ്ങൾ രഹസ്യം ചുഴിഞ്ഞന്വേഷിക്കരുത്. നിങ്ങളിലാരും മറ്റുള്ളവരെപ്പറ്റി അവരുടെ അസാന്നിധ്യത്തിൽ മോശമായി സംസാരിക്കരുത്. മരിച്ചുകിടക്കുന്ന സഹോദരന്റെ പച്ചിറച്ചി തിന്നാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? തീർച്ചയായും നിങ്ങളത് വെറുക്കുന്നു. നിങ്ങൾ ദൈവഭക്തരാവുക. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ദയാപരനുമാണ്." (49: 11–12)

"നീ സഹനമവലംബിക്കുക, പ്രവാചകന്മാർ സഹനമനുഭവിച്ചതുപോലെ." (46: 35)

"അല്ലാഹു നിനക്ക് നന്മചെയ്തതുപോലെ നീയും ജനങ്ങൾക്ക് നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിക്കരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല." (28: 77)

"നന്ദികെട്ട ചതിയന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല." (22: 38)

സഹനമാണ് വിവേകത്തിന്റെ തെളിഞ്ഞ മുഖമെന്ന് പ്രവാചകൻ പല സന്ദർഭങ്ങളിലും അനുസ്മരിപ്പിച്ചു. മക്കയിൽവച്ച് സത്യവിശ്വാസികൾ ദാരുണമാംവിധം മർദിക്കപ്പെട്ടപ്പോൾ ക്ഷമയവലംബിക്കാനാണ് പ്രവാചകൻ ഉപദേശിച്ചത്. മർദനം ദുർവഹമായപ്പോൾ സത്യവിശ്വാസികൾ മദീനയിലേക്ക് പലായനം ചെയ്തു. അവിടെയും സ്വൈരമായി ജീവിക്കാൻ കഴിയാത്ത വിധം

അരാതികളുടെ ആക്രമണം തുടർന്നു. അപ്പോൾ മാത്രമാണ് പ്രവാചകൻ അവർക്ക് യുദ്ധം ചെയ്യാനനുവാദം നൽകിയത്.

"പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്. അവിവേകികൾ വാദകോലാഹലത്തിനു വന്നാൽ 'നിങ്ങൾക്ക് സമാധാനം' എന്ന് മാത്രം പറഞ്ഞു ഒഴിയുന്നവരാണവർ." (25: 63)

"ഏഷണിക്കാർക്കും പരദൂഷണം പറയുന്നവർക്കും നാശം." (104: 1)

"ക്ഷേമാവസ്ഥയിലും ക്ഷാമകാലത്തും ധനം ചെലവഴിക്കുന്നവരും കോപം അടക്കിനിർത്തുന്നവരുമാണവർ. സൽക്കർമികളെ അല്ലാഹു സ്നേഹിക്കുന്നു." (3: 134)

ത്രികരണങ്ങളും ശുദ്ധമാക്കി അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പണ മനസ്സോടെ സഞ്ചരിക്കുന്ന സത്യവിശ്വാസി ധർമനിർവഹണത്തിൽ ദത്ത ദൃഷ്ടനത്രെ. ലോകം നന്നാക്കാൻ നന്മയുടെ ആദ്യക്ഷരം കുറിക്കേണ്ടത് വ്യക്തിജീവിതത്തിന്റെ മനോഫലകത്തിലാണ്. ആ ദൗത്യം വിജയ സ്ഫൂർത്തിയിലെത്തിയാൽ അവിടെ തെളിഞ്ഞുവരുന്നത് ലക്ഷണമൊത്ത ഒരു മാതൃകാ കുടുംബമായിരിക്കും. പരസ്പരം സ്നേഹിക്കുകയും അന്യോന്യം രക്ഷിക്കുകയും ചെയ്യുന്ന ഒരു മാതൃകാ കുടുംബം. കുടുംബ വേദിയിലെ മാതാപിതാക്കളെയും പുത്രകളത്രാദികളെയും ചൂണ്ടി താന്താങ്ങളുടെ ധർമമനുസരിപ്പിക്കാൻ വേദഗ്രന്ഥം ശ്രമിക്കുന്നുണ്ട്. കുടുംബത്തിന്റെ ഔത്കൃഷ്ട്യവും സർവാതിശായിത്തവും ഖുർആൻ തെളിച്ചുകാട്ടുന്നു. കുടുംബസംവിധാനത്തിലും തലമുറയുടെ സംരചനയിലും കുടുംബിനി(മാതാവ്)യുടെ സ്ഥാനം അദ്വിതീയമാണെന്ന് ഘോഷിക്കുന്ന പ്രവാചകൻ അമ്മയുടെ പാദാന്തികത്തിലാണ് സ്വർഗം അഭിരമിക്കുന്നത് എന്ന് പറയാനും മറന്നില്ല. ആണും പെണ്ണും ചേർന്നാണ് കുടുംബമൊരുക്കുന്നത് എന്ന സത്യം അംഗീകരിച്ചതും ഘോഷിച്ചതും പ്രവാചകനായിരുന്നു. പ്രവാചകാഗമനത്തിനു മുമ്പ് സ്ത്രീ പുരുഷന്റെ സ്വത്തായിരുന്നു. സ്ത്രീകൾക്ക് പ്രത്യേകാവകാശങ്ങളൊന്നുമുണ്ടായിരുന്നില്ല. മറ്റൊരാളുടെ സമ്പത്തായതുകൊണ്ട് അവൾക്ക് സ്വന്തമായ സ്വത്തവകാശമോ ധനവ്യവഹരണാധികാരമോ ഉണ്ടായിരുന്നില്ല. ഈ വ്യവസ്ഥയെ ഉടച്ചുവാർത്തുകൊണ്ടുള്ള പ്രവാചകന്റെ പരിശ്രമം ഒരു വലിയ വിപ്ലവത്തിന്റെ തുടക്കമായിരുന്നു. ദൈവത്തിന്റെ മുന്നിൽ ഇരുവർക്കും തുല്യ സ്ഥാനമാണെന്നറിയിച്ച പ്രവാചകൻ ഒരു മാറ്റത്തിന്റെ പടഹധ്വനി മുഴക്കുകയായിരുന്നു.

"ആരെങ്കിലും തിന്മ ചെയ്താൽ അതിനു തുല്യമായ പ്രതിഫലമാണുണ്ടാവുക. എന്നാൽ സ്ത്രീയാവട്ടെ പുരുഷനാവട്ടെ, സത്യവിശ്വാസിയായി സൽക്കർമം പ്രവർത്തിക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കും. അവർക്കവിടെ

കണക്കറ്റ ജീവിതവിഭവം ലഭിച്ചുകൊണ്ടിരിക്കും." (40: 40)

"പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായിരിക്കെ സൽക്കർമങ്ങളനുഷ്ഠിച്ചാൽ അവർക്ക് നാം മെച്ചപ്പെട്ട ജീവിതം നൽകും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റവും ഉത്തമമായതിന് നാമവർക്ക് അർഹമായ പ്രതിഫലവും നൽകും." (16: 97)

"അല്ലാഹുവിലുള്ള സമർപ്പണം, സത്യവിശ്വാസം, ഭയഭക്തികൾ, സത്യസന്ധത, ക്ഷമാശീലം, വിനയം, ദാനശീലം, വ്രതാനുഷ്ഠാനം, ലൈംഗിക വിശുദ്ധി എന്നിവ ഉൾക്കൊള്ളുന്നവരും അല്ലാഹുവെ ധാരാളമായി സ്മരിക്കുന്നവരുമായ സ്ത്രീപുരുഷന്മാർക്ക് അവൻ പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്." (33: 35)

"പുരുഷന്മാർക്ക് തങ്ങൾ പ്രവർത്തിച്ചതിന്റെ പ്രതിഫലമുണ്ട്. സ്ത്രീകൾക്കുമുണ്ട് തങ്ങൾ പ്രവർത്തിച്ചതിന്റെ പ്രതിഫലം." (4: 32)

"മാതാപിതാക്കളും ഏറ്റവും അടുത്ത ബന്ധുക്കളും മരണപ്പെടുമ്പോൾ ഉപേക്ഷിച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് ഒരംശമുണ്ട്. മാതാപിതാക്കളും ഏറ്റവും അടുത്ത ബന്ധുക്കളും ഉപേക്ഷിച്ചുപോയ ധനത്തിൽ സ്ത്രീകൾക്കും ഒരംശമുണ്ട്." (4: 7)

കുടുംബജീവിതത്തിൽ സ്ത്രീയുടെ സമാനത ബോധ്യപ്പെടുത്തുമാറുള്ള സൂക്തങ്ങളാണ് മേലുദ്ധരിച്ചത്. കുടുംബജീവിതത്തിലെ അംഗങ്ങൾ തമ്മിലുള്ള പെരുമാറ്റം എങ്ങനെയായിരിക്കണമെന്ന് ഖുർആൻ വിശദീകരിക്കുന്നുണ്ട്. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പോലും അതാവർത്തിച്ചനുസ്മരിപ്പിക്കാൻ പ്രവാചകൻ ശ്രദ്ധിച്ചു.

" സ്ത്രീകളോട് നല്ല നിലയിൽ സഹവർത്തിക്കുക." (4: 19)

"നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ബന്ധുക്കൾ, അനാഥകൾ, അഗതികൾ, കുടുംബക്കാരായ അയൽക്കാർ, അന്യരായ അയൽക്കാർ, സഹവാസികൾ, വഴിപോക്കർ, നിങ്ങളുടെ അധീനതയിലുള്ള അടിമകൾ എല്ലാവരോടും നല്ലനിലയിൽ വർത്തിക്കുക. ദുരഹങ്കാരികളായ ആരെയും അല്ലാഹു ഒട്ടും ഇഷ്ടപ്പെടുന്നില്ല."

"ഭാര്യയോട് നല്ല നിലയിൽ പെരുമാറുന്നവനാണ് സത്യവിശ്വാസി."

"ഐഹിക കാര്യങ്ങളിൽ അവരുമായി നല്ല നിലയിൽ വർത്തിക്കുക." (31: 15)

സാമൂഹ്യമായ ബാധ്യത നിർവഹിക്കുമ്പോൾ മാത്രമേ ഒരു വ്യക്തി പൗരനായും പ്രബുദ്ധപൗരനായും പരിണമിക്കുന്നുള്ളൂ. കേവലമായ വ്യക്തിജീവി

തത്തിന്റെ സ്വാഭാവികമായ പരിണാമഗതിയിലെ വികാസതലമാണ് സമൂഹം. അവിടെ വൈചിത്ര്യമാർന്ന വൈവിധ്യങ്ങളുണ്ട്. താൽപര്യങ്ങളും രുചിഭേദങ്ങളും വിസ്മയകരമാംവിധം വ്യത്യസ്തങ്ങളായിരിക്കും. ഇടയലുകളും കൂട്ടിമുട്ടലുകളും അവിടെ സ്വാഭാവികമാണ്. ജീവിതത്തിന്റെ കഴിവും മിഴിവും സംസ്കാരവും സവിശേഷതകളുമെല്ലാം തെളിഞ്ഞുകാണേണ്ടതവിടെയാണ്. ജീവിതത്തിന്റെ സുസ്ഥിതിക്കും സുരക്ഷക്കുമാണ് സമൂഹം പിറന്നത്. കുടുംബത്തിലെ അംഗത്തേക്കാൾ സമൂഹമനുഷ്യന് ബാധ്യതകളേറെയുണ്ട്. സഹനവും സഹിഷ്ണുതയും അനിവാര്യമാണവിടെ.

ധർമം അലംഘ്യമായ, അവഗണിക്കാനൊക്കാത്ത കർത്തവ്യമാണെങ്കിൽ, ഒരു സത്യവേദവിശ്വാസിയുടെ പ്രാഥമികമായ ധർമം ദൈവത്തോടും സമസൃഷ്ടികളോടുമുള്ള സ്നേഹത്തിന്റെ സാമഞ്ജസ്യമാണ്. ഒരേ നേരത്ത് ദൈവത്തിന്റെയും സമസൃഷ്ടികളുടെയും നേരെ ഹൃദയമുഖം തിരിച്ചുവെക്കാൻ ബാധ്യതപ്പെട്ടവനാണ് സത്യവേദവിശ്വാസി. അയാളെ സംബന്ധിച്ചിടത്തോളം ദൈവഭക്തിയെന്നത് സമഷ്ടിസ്നേഹവും കൂടി ഉൾച്ചേർന്നതാണ്. സമഷ്ടിയെ മറന്ന് രാപ്പകലുകൾ ദൈവപ്രാർഥനയിലും വേദോച്ചാരണങ്ങളിലും മുഴുകിനിൽക്കുന്ന വിശ്വാസി ദൈവപ്രീതിക്ക് സമർഹനാകുന്നില്ല. വിശ്വാസങ്ങൾക്കനുരോധമായ കർമാനുഷ്ഠാനങ്ങളും അനിവാര്യമാണ്. "ദുഃഖിയെ തോഷിപ്പിച്ചും രോഗിയെ ശുശ്രൂഷിച്ചും ആപത്തിൽ പെടുന്നോനെയാശ്വസിപ്പിച്ചും താണ് കൂപത്തിൽക്കിടപ്പോനെ കൈകൊടുത്തുയർത്തിയും" അർഥിയെ തൃപ്തിപ്പെടുത്തിയും കഴിയുന്ന സത്യവേദവിശ്വാസി പരലോകവിചാരണയിൽ വിസ്മയകരമാംവിധം വിജയകിരീടമണിയുന്നത് അതുകൊണ്ടാണ്.

സ്വഭാവഗുണത്തിന്റെ പ്രാധാന്യം കീർത്തിക്കുന്നതായിരുന്നു ആദ്യകാലത്തെ വെളിപാടുകളഖിലവും. മനുഷ്യന്റെ സദാചാരപരമായ വളർച്ചയിലൂന്നിവേണം അവന്റെ സകലമാനവികാസവൃദ്ധികളുമെന്ന് പ്രവാചകനറിയിച്ചു. മൂല്യബോധം മനുഷ്യനെ തന്റെ ജീവിതധർമ നിർവഹണത്തിന് ശക്തനും പ്രാപ്തനുമാക്കിപ്പരിണമിപ്പിക്കുന്നു. അതിന്റെ നിരാസത്തിൽ എല്ലാം അസ്തപ്രഭങ്ങളാണെന്നും ഇസ്ലാം സംസ്കൃതിയനുസ്മരിപ്പിക്കുന്നു.

ശത്രുക്കളും മിത്രങ്ങളും ഏകസ്വരത്തിൽ മുഹമ്മദിനെ 'വിശ്വസ്തൻ' എന്ന് വിശേഷിപ്പിച്ചു! സത്യത്തിലും സ്വഭാവവിശുദ്ധിയിലും പരിനിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

"നിശ്ചയമായും സത്യനിഷ്ഠ സദാചാരത്തിലേക്കും സദാചാര ബോധം ശാശ്വത മൂല്യങ്ങളുടെ നറുനിലാവൊളി പരന്ന സ്വർഗരഥ്യയിലേക്കും കള്ളം ദുരാചാരങ്ങളിലേക്കും ദുരാചാരം കൊടും നരകത്തിന്റെ എരിതീയിലേക്കും

നയിക്കും" (ബുഖാരി 78: 69) എന്ന പ്രവാചകാധ്യാപനം ശ്രദ്ധേയമാണ്.

ഒരു നല്ല മുസൽമാന്റെ തെളിഞ്ഞ ലക്ഷണം സത്യസന്ധതയാണെന്ന് ഇസ്ലാം ഘോഷിക്കുന്നു:

"സത്യസന്ധരായ പുരുഷന്മാർക്കും സ്ത്രീകൾക്കും അല്ലാഹു പാപ മോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു." (30: 35)

"ഏറ്റവും മഹത്തായ ജിഹാദ് അസത്യവാദിയായ ഒരു ഭരണാധിപന്റെ മുന്നിൽവച്ച് നിർഭയം സത്യം വിളിച്ചുപറയലാണ്."

"അവസാന നാളിൽ വിജയശ്രീയണിഞ്ഞുനിൽക്കുന്നത് സത്യം മാത്ര മായിരിക്കും."

"സത്യവാന്മാർക്ക് അവരുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസ മാണിതെന്ന് അപ്പോൾ അല്ലാഹു അറിയിക്കും." (5: 112)

ആദർശ നിഷ്ഠമായ അചഞ്ചല വിശ്വാസം ഒരു മുസൽമാന്റെ സർവാ തിശായിയായ സവിശേഷതയാണെന്ന് വിളിച്ചറിയിക്കുന്ന അനേകം സന്ദർഭ ങ്ങൾ ഇസ്ലാമിക ചരിത്രത്തിലുണ്ട്. മദീനയിലേക്കുള്ള യാത്രക്കിടയിൽ പ്രവാചകനും അബൂബക്കറും ഒരു ഗുഹയിൽ തങ്ങുകയുണ്ടായി. ഗുഹാമു ഖത്ത് ശത്രുക്കൾ പരതിനടക്കുന്നു. ആശങ്കാകുലനായ അബൂബക്കറിനോട് പ്രവാചകൻ പറഞ്ഞു:

"താങ്കൾ വിഷമിക്കാതിരിക്കൂ. അല്ലാഹു നമ്മോടൊപ്പമുണ്ട്."(9: 40)

പ്രവാചകൻ ചൂണ്ടിക്കാട്ടിയ വഴിയിലൂടെ സഞ്ചരിക്കാൻ ആയിരങ്ങള ണിചേർന്നു. ഉത്തമവിശ്വാസത്തോടെ പ്രവാചകൻ പരിരക്ഷിച്ചുപോന്ന സത്യ സന്ധതയിലുള്ള കറകളഞ്ഞ വിശ്വാസവും സ്വഭാവഗുണങ്ങളിലുള്ള ദൃഢ ബോധ്യവുമാണതിനു കാരണം. അനുകരണീയമായ ജീവിത മാതൃകയുടെ നിദർശനമായിരുന്നു മുഹമ്മദ്. വേദഗ്രന്ഥം ഇങ്ങനെ സൂചിപ്പിക്കുന്നു:

"സത്യനിഷേധവും തെമ്മാടിത്തവും ധിക്കാരവും നിങ്ങൾക്കവൻ ഏറെ വെറുപ്പുള്ളതാക്കുകയും ചെയ്തിരിക്കുന്നു"(49: 7). പ്രവാചകൻ പഠിപ്പിച്ച മൂല്യങ്ങളെല്ലാം അനുയായികളുടെ വിശ്വാസത്തിന്റെ ഭാഗമായി മാറി. അതി ലേറ്റവും മഹത്തമം സത്യസന്ധതയായിരുന്നു.

ആത്മസ്ഥൈര്യമായിരുന്നു പ്രവാചകന്റെ മറ്റൊരു വൈശിഷ്ട്യം. സർവ ശക്തനായ ദൈവത്തിന്റെ പ്രഭാവത്തിൽ മാത്രം വിശ്വാസമർപ്പിച്ച സത്യവേദ വിശ്വാസിക്ക് മറ്റൊന്നിനെ ഭയപ്പെടേണ്ടിവരുന്നില്ല.

"അല്ലാഹുവിന്റെ സന്ദേശം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നവരാണ വർ. അവർ അല്ലാഹുവെ പേടിക്കുന്നു. അവനല്ലാത്ത ആരെയും പേടിക്കു

ന്നുമില്ല. കണക്കുനോക്കാൻ അല്ലാഹു തന്നെ മതി." (33: 39)

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും പിന്നെ തുടർന്നെന്നും നേർവഴിയിൽ നിലയുറപ്പിക്കുകയും ചെയ്തവർക്ക് ഒന്നും ഭയപ്പെടാനില്ല, അവർക്ക് ദുഃഖിക്കേണ്ടി വരികയുമില്ല."(46: 13)

"അല്ലാഹുവിന്റെ ഉറ്റവരാരും പേടിക്കേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല."(10: 62)

ഈ ധാർമികമായ കരുത്തും അത് വളർത്തിയെടുത്ത നിർഭയത്വവും കൊണ്ടാണ് മുസ്ലിം യോദ്ധാക്കൾക്ക് തങ്ങളുടേതിനേക്കാൾ അഞ്ചും പത്തും മടങ്ങ് വലുപ്പമുള്ള ശത്രുസൈന്യത്തെ യുദ്ധരംഗങ്ങളിൽ പരാജയപ്പെടുത്താൻ കഴിഞ്ഞത്. പിൽക്കാലത്ത് താരതമ്യമില്ലാത്തവിധം വലുപ്പമുള്ള റോമാസാമ്രാജ്യ ശക്തിയോടും പേർഷ്യൻ സേനയോടും വിസ്മയം വിരചിച്ചുകൊണ്ട് പൊരുതിജയിക്കാൻ കഴിഞ്ഞതും മറ്റൊന്നുകൊണ്ടല്ല. വിശ്വാസബലം വിളയിച്ചെടുത്ത ആത്മസ്ഥൈര്യമതാണ്. അറിയപ്പെടുന്ന കൂറ്റൻ ശക്തികളുമായുള്ള പോരാട്ടങ്ങളിൽ അത്ഭുതകരമാം വിധം വിജയകിരീടം കൈവരുമ്പോൾ അതിലഹങ്കരിക്കാതെ ആത്മനിയന്ത്രണം സാധിച്ച് പെരുമാറാനുള്ള വിവേകവും സംസ്കാരവും അവർ പ്രകടിപ്പിച്ചിരുന്നു. അതിനുവേണ്ട ധാർമികാനുശാസനം സത്യവേദത്തിൽനിന്നുൾക്കൊള്ളാൻ അവർക്ക് സാധിച്ചിരുന്നു. എത്രമേൽ അധൃഷ്യത കൈവരിക്കാനായാലും വിശ്വജേതാക്കളായി മാറിയാൽപ്പോലും ഭൂമിയെ പിളർക്കാനോ പർവതങ്ങളോളം പൊക്കംവെക്കാനോ കഴിയില്ലെന്നു (17: 37) വേദഗ്രന്ഥം വിശ്വാസിയെ തെര്യപ്പെടുത്തുന്നുണ്ട്.

"നീ ജനങ്ങളിൽനിന്ന് മുഖംതിരിച്ചുകളയരുത്. പൊങ്ങച്ചത്തോടെ ഭൂമിയിൽ നടക്കരുത്. അഹന്ത നടിച്ചും പൊങ്ങച്ചം കാട്ടിയും നടക്കുന്ന ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (31: 18) എന്നും ".......അഹങ്കാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല, തീർച്ച" (16: 23) എന്നും വേദഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

എളിമയും വിനയവും സത്യവിശ്വാസിയുടെ രക്തത്തിൽ വർണം ചേർത്ത ഘടകങ്ങളാണ്. ഒരു ദിവസത്തിൽ അഞ്ചു നേരമെങ്കിലും പരംപൊരുളിന്റെ മുന്നിൽ സത്യവിശ്വാസികളാകെ ഒരേ നേരത്ത് ഒരേ രീതിയിൽ തലകുനിച്ച് നമസ്കാരക്രിയകൾ നിർവഹിക്കുമ്പോൾ പരോക്ഷമായി അവനിൽ വളർന്നുവരുന്ന ശാലീന ഭാവങ്ങളാണവ. "വലുപ്പച്ചെറുപ്പമെല്ലാം മറന്ന് അനുസരണമുള്ള കുട്ടികളെപ്പോലെ വിനയഭക്തിഭാവങ്ങൾക്ക് വിധേയരായി ഒരേ കാര്യം ഒരേ രീതിയിലനുവർത്തിക്കുന്ന ഒരുടലാർന്നപോലുള്ള ഒരു വിശ്വാസിസമൂഹം! അനുസ്യൂതമാവർത്തിക്കപ്പെടുന്ന ഈ അനുവർത്തന ശീലമാണ് സത്യവിശ്വാസികളിൽ വിനയൗദാര്യഭാവങ്ങൾ വളർത്തിയെടു

ക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നത്" (Syed Ameer Ali-The Spirit of Islam). ഈ അനുദ്ധതഭാവമാണ് പ്രവാചകന്റെ വിശേഷപ്രകൃതങ്ങളിലൊന്ന്.

വാഗ്ദത്തലംഘനവും വിശ്വാസവഞ്ചനയും സത്യവിശ്വാസികൾക്ക് അന്യമാണെന്ന് വേദഗ്രന്ഥം ശങ്കാലേശമന്യെ ബോധിപ്പിക്കുന്നു:

"ആ സത്യവിശ്വാസികൾ തങ്ങളുടെ ബാധ്യതകളും കരാറുകളും പൂർത്തീകരിക്കുന്നവരാണ്." (23: 8)

"തങ്ങളുടെ വശമുള്ള സൂക്ഷിപ്പുസ്വത്തുക്കൾ സംരക്ഷിക്കുന്നവരും കരാർ പാലിക്കുന്നവരുമാണവർ." (70: 32)

"........ നിങ്ങൾ കരാർ പാലിക്കുക. കരാറിനെക്കുറിച്ച് ചോദ്യംചെയ്യപ്പെടും." (17: 34)

"സത്യവിശ്വാസികളേ, നിങ്ങൾ പ്രതിജ്ഞ നിറവേറ്റുക."(5: 1)

"നിങ്ങൾ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്താൽ പൂർണമായും പാലിക്കുക. അല്ലാഹുവെ മുൻനിർത്തി നിങ്ങൾ ചെയ്യുന്ന സത്യങ്ങളൊന്നും ലംഘിക്കരുത്." (16: 91)

പ്രതികൂല സന്ദർഭങ്ങളിൽ പോലും ഉടമ്പടി പാലിക്കുവാൻ പ്രവാചകൻ അമാന്തിച്ചില്ല. വാക്ക് പാലിക്കുന്നതിനായി തന്റെ അനുചരന്മാരെ രക്തദാഹികളായ ശത്രുക്കൾക്ക് കൈമാറാൻ പോലും പ്രവാചകൻ വിപ്രതിപത്തി കാട്ടിയിട്ടില്ല. വാഗ്ദത്തലംഘനത്തിന്റെ ഒരു സന്ദർഭം പോലും പ്രവാചകജീവിതത്തിൽനിന്ന് എടുത്തുകാണിക്കാൻ വയ്യ.

അഭയം തേടി മദീനയിലേക്ക് പോകാൻ തീരുമാനിച്ച സന്ദർഭം. അലിയെ വിളിച്ച് ഗൗരവപൂർവം എന്നാൽ രഹസ്യമായി തിരുനബി ഇങ്ങനെയറിയിച്ചു:

"ഇതാ ഇതത്രയും ഖുറൈശികൾ എന്നെയേൽപിച്ച വസ്തുവഹകളാണ്. ഞാനിവിടം വിട്ടാൽ ഇവ അവകാശികൾക്ക് കൃത്യമായി തിരിച്ചുകൊടുക്കണം." നിർണായകമായ ഒരു സന്ദർഭം. താൻ തിരിച്ചുകൊടുക്കാൻ നിർദേശിച്ച സ്വത്തുവഹകളത്രയും ഖുറൈശികളുടേതാണെന്ന് പ്രവാചകന്നറിയാം. തന്റെ സർവനാശം കൊതിക്കുന്ന ശത്രുസമൂഹത്തിന്റേതാണ് സമ്പത്തെന്നറിഞ്ഞിട്ടും മഹത്തായ സത്യമതത്തിന്റെ പ്രതിഷ്ഠാപനത്തിനും പ്രചാരണത്തിനും മദീനയിൽ ഈ തുക തനിക്കേറെ പ്രയോജനപ്പെടുമെന്ന് ബോധ്യമുണ്ടായിട്ടും പ്രവാചകൻ അശുദ്ധിയുടേതായ ഒരു വിചാര തലത്തിലേക്ക് തന്റെ മനസ്സിനെ പാഞ്ഞുപോകാനനുവദിച്ചില്ല. അവിഹിതമായ സമ്പത്തും സൗകര്യങ്ങളും ആഗ്രഹിക്കുന്നതുപോലും പാപമാണെന്നറിയാവുന്ന പ്രവാചകൻ ധാർമികമൂല്യങ്ങളിൽനിന്ന് കടുകിട വ്യതിചലിക്കാൻ സന്നദ്ധനായിരുന്നില്ല. ധാർമികമൂല്യങ്ങൾക്ക് വിഗ്രഹരൂപം സങ്കൽപിക്കാമെങ്കിൽ പ്രവാചകൻ സകലാർഥത്തിലും ധർമവിഗ്രഹകനാണ്.

# അന്യൂനമായ ജീവിത വ്യവസ്ഥ

**ദൈ**വത്തെ ആരാധിക്കുവാനും അതുവഴി കൈവരുന്ന ജ്വലിക്കുന്ന ആത്മ ഭാവത്തെ പ്രയോജനപ്പെടുത്തി സമഷ്ടിയെ സേവിക്കുവാനും സത്യവിശ്വാസിക്ക് കഴിയുന്നു. നിരന്തരം, ക്രമപൂർവകം ആവർത്തിക്കപ്പെടുന്ന നിസ്കാരക്രിയയുടെ നിർവഹണത്തിൽ നിമഗ്നനായിനിൽക്കുന്ന സത്യവിശ്വാസിക്ക് തന്റെ പിന്നിൽ ശക്തിസ്രോതസ്സായി ദൈവം അവസ്ഥാനം ചെയ്യുന്നുണ്ട് എന്ന ബോധം അപാരമായ ആത്മവിശ്വാസം സമ്മാനിക്കുന്നു.

മറ്റൊരു മതത്തിലുമില്ലാത്ത സവിശേഷത പഞ്ചനിസ്കാര ക്രിയയിലൂടെ ഇസ്ലാം സ്വായത്തമാക്കിയിരിക്കുന്നു. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവം അവന്റെ മനസ്സിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന നേരമില്ല. ഉണർന്നിരിക്കുന്ന സമയത്തെ അഞ്ചായി പകുത്ത് അടിക്കടി ദൈവത്തെയോർക്കാൻ പ്രേരിപ്പിക്കുമാറ് പ്രാർഥനാക്രമം സംവിധാനം ചെയ്ത ഇസ്ലാം സംസ്കൃതി ദൈവത്തിന്റെ സമാരാധ്യത അംഗീകരിക്കുകയും അതിന്റെ ശക്തിസിദ്ധികളെ ജീവിതത്തിലാവാഹിക്കാൻ ആത്മാർഥമായി ശ്രമിക്കുകയും ചെയ്യുന്നു. പരകാര്യവ്യഗ്രതകൊണ്ട് മറക്കാൻ തുടങ്ങുമ്പോഴേക്കും ഓർക്കാൻ പ്രേരിപ്പിക്കുമാറ് പ്രാർഥനാ നേരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. പ്രാണശ്വാസത്തേക്കാൾ പ്രാമുഖ്യവും പരിഗണനയും നൽകി ഇടവിട്ടിടവിട്ട് നിസ്കാരക്രിയയനുവർത്തിച്ച് അത് ശരീരത്തിന്റെ പോലും സ്വഭാവമാക്കി മാറ്റിയ സത്യവിശ്വാസിക്ക് ദൈവവിസ്മൃതി ഒരസാധ്യതയാണ്. ദൈവത്തെ എല്ലാ നിമിഷങ്ങളിലും ഓർക്കാൻ കഴിയുമ്പോൾ വിശ്വാസിക്ക് മാർഗഭ്രംശം വരുന്നില്ല. ഭൗതിക ജീവിതത്തിന്റെ പരാഭവങ്ങളിലും പ്രവൃദ്ധികളിലും ആത്മീയമായ പ്രകാശകിരണങ്ങൾ വർഷിച്ച് കർമതലത്തെ വിശുദ്ധമാക്കാൻ സത്യവിശ്വാസിക്ക് സാധിക്കുന്നു.

ദൈവം തന്നെ കൈവെടിയാത്തേടത്തോളം തന്റെ മാർഗം പിഴക്കില്ലെന്നും ആത്മസ്ഥൈര്യം അചഞ്ചലമായി വർത്തിക്കുമെന്നും വിശ്വാസിക്ക് ബോധ്യമുണ്ട്. അയാൾ പ്രാർഥനാദി നമസ്കാരകർമങ്ങളിലൂടെ ആത്മശക്തി

വർധിപ്പിക്കുകയും അത്രയും സമഷ്ടിയുടെ മോചനത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നു. സത്യവിശ്വാസി ദൈവത്തെയും ലോകത്തെയും തന്റെ ചിന്തയുടെ വേദിയിൽ അന്യോന്യബന്ധിതങ്ങളല്ലാത്ത വെള്ളംകേറാത്ത അറകളിലായി ഉറപ്പിച്ചുനിർത്തുകയല്ല ചെയ്യുന്നത്. രണ്ടും പരസ്പരഭിന്നങ്ങളോ വിരുദ്ധങ്ങളോ അല്ല. ഒരു ദിവ്യയാഥാർഥ്യത്തിന്റെ ഇരുപുറങ്ങളായി ഇഹ-പരങ്ങളെ കാണുവാനുള്ള മതബോധമാണ് സത്യവിശ്വാസം വളർത്തിക്കൊണ്ടുവന്നിട്ടുള്ളത്. ലൗകികജീവിതത്തെ ത്യാജ്യഗ്രാഹ്യവിവേചനപടുതയോടെ അല്ലശുദ്ധിക്ക് വിധേയമാക്കിയാണ് പരലോകജീവിതത്തിലേക്കുള്ള പരിക്രമണം നിർവഹിക്കുന്നത്. ഇഹലോകജീവിതം ദൈവമാർഗത്തിൽ രൂപപ്പെടുത്തി പരലോകപഥത്തിലേക്ക് നീളുമ്പോൾ മാത്രമേ ജീവിതത്തിന്റെ ജയപരാജയങ്ങളെക്കുറിച്ച് വിധിപറയാൻ സാധിക്കുകയുള്ളൂ. തിരുസന്നിധിയിലെ ഈ അഗ്നിപരീക്ഷയിൽനിന്ന് ആർക്കും മാറിനിൽക്കുക സാധ്യമല്ല. തെരഞ്ഞെടുക്കപ്പെട്ട മനുഷ്യനായി, വേദഗ്രന്ഥം നൽകപ്പെട്ടവനായി, മഹാമതിയായി ശ്ലാഘിക്കപ്പെട്ട പ്രവാചകനെപ്പോലും അവസാന നാളിലെ പരീക്ഷകളിൽനിന്ന് ഒഴിവാക്കിയിരുന്നില്ല! അതറിയാവുന്നതുകൊണ്ടാണ് തന്റെ വിടവാങ്ങൽ പ്രസംഗവേളയിൽ തന്റെ മുന്നിൽ തടിച്ചുകൂടിയ ജനസഹസ്രങ്ങളോട് പ്രവാചകൻ തന്റെ ജീവിത ദൗത്യത്തിന്റെ നിർവഹണത്തെക്കുറിച്ച് അഭിപ്രായമാരാഞ്ഞത്. "അങ്ങ് ദൗത്യം യഥാവിധി പൂർത്തീകരിച്ചിരിക്കുന്നു" എന്ന് അവരറിയിച്ചപ്പോൾ പ്രവാചകൻ തന്റെ ഭാഗ്യാതിരേകത്തിൽ ദൈവത്തിന് സ്തുതി പറഞ്ഞു.

പരലോകജീവിതവും ഇഹലോകജീവിതവും സമന്വയിച്ചാലേ ജീവിതപൂർണത കൈവരികയുള്ളൂവെന്നും ജീവിതത്തിലെ സമസ്ത ചലനങ്ങളും വിലയിരുത്തപ്പെടുന്നുണ്ടെന്നും സത്യവിശ്വാസി ഉറച്ചുകരുതുന്നു. ഒരേ നേരത്ത് ദൈവത്തെയും സമഷ്ടിയെയും സ്നേഹിക്കാൻ കഴിയുക എന്നതാണ് ഇസ്ലാമിക സംസ്കൃതിയെന്ന് ഖുർആൻ നമ്മെ ധരിപ്പിക്കുന്നു. മതത്തെയും രാഷ്ട്രത്തെയും അഭിന്നമായിക്കാണുന്ന സംസ്കാരം അങ്ങനെയാണ് പ്രാദുർഭവിക്കുന്നത്.

ലൗകികജീവിതത്തെ നിസ്സാരമായിക്കാണുകയും അതിൽനിന്ന് വെളിക്കുചാടി ബ്രഹ്മപദം തേടുകയും ചെയ്യുന്ന ജീവിതനിഷേധികൾക്ക് ഒരിക്കലും മോക്ഷം കൈവരികയില്ല. കാരണം, അവർക്ക് തങ്ങൾ തേടുന്ന ഈശ്വരത്വത്തെക്കുറിച്ച് അറിയാൻ കഴിയുന്നില്ല.

ഉരുളച്ചോറു കൈവിട്ടി-
ട്ടുള്ളം കൈ നനക്കുവോനിവൻ

എന്ന് പഞ്ചദശീകാരൻ(ഭാഷാ പഞ്ചദശി) പറഞ്ഞതുപോലെ എവിടെയോ ചെന്ന് ഇരുളിൽ തപ്പുകയാണവൻ. മതത്തെയും രാഷ്ട്രീയത്തെയും സമ

ന്വയിപ്പിക്കുമ്പോൾ മാത്രമേ പൂർണസത്യത്തെ സാക്ഷാത്കരിക്കാനും അതിന്റെ അനുഗാതാക്കളായി മാറാനും നമുക്ക് സാധിക്കുകയുള്ളൂ.

രാഷ്ട്രീയത്തിൽനിന്ന് മതത്തെ മാറ്റിനിർത്തുമ്പോൾ രാഷ്ട്രീയം അധർമി കളുടെയും അവിവേകികളുടെയും അവസ്ഥാനമായി പരിണമിക്കും. രാഷ്ട്രീ യത്തെ മതത്തിൽനിന്ന് തട്ടിയകറ്റുമ്പോൾ മതം ജീവിതഗന്ധിയല്ലാത്ത ഏതോ അവ്യക്താശയങ്ങളുടെ സ്വപ്നഭൂമികയായവശേഷിക്കുകയും ചെയ്യും. അതിനാൽ മതവും രാഷ്ട്രീയവും അഭേദ്യമായി വർത്തിക്കുന്നു. ഈ സവിശേഷ സമന്വയസംസ്കാരം മറ്റു മതങ്ങളിലൊന്നും ഇത്രയും ശക്ത മായിക്കാണാൻ കഴിഞ്ഞിട്ടില്ല. മതത്തിന്റെ ആത്യന്തിക ബോധം -ധർമ ബോധം-രാഷ്ട്രീയത്തിലേക്കാനയിച്ച മതദർശനമായി ഇസ്ലാം ശ്ലാഘിക്ക പ്പെടുന്നു.

സ്രഷ്ടാവായ ദൈവം പരമകാരുണികനും സർവശക്തനുമാണ്. എല്ലാ ജീവജാലങ്ങൾക്കും ദൈവം വ്യത്യസ്തമായ ജീവിതചര്യകൾ ചിട്ടപ്പെടു ത്തിക്കൊടുത്തിട്ടുണ്ട്. സൃഷ്ടികളിൽ ഉത്കൃഷ്ട പദമാണ് ദൈവം മനുഷ്യന് നൽകിയിട്ടുള്ളത്. ദൈവം മനുഷ്യന് വിശേഷബുദ്ധി കൂടി സമ്മാനിച്ചു. സമ സ്രഷ്ടങ്ങളെ സേവിക്കാനും ദൈവസന്നിധിയിലേക്കുയർന്നെത്താനും അവന് മാത്രമാണ് ശക്തി സമ്മാനിച്ചത്. മനുഷ്യന്റെ ധർമവും ദൗത്യവും ബോധ്യപ്പെടുത്തി അവന്റെ പ്രയാണ പഥം തെളിച്ചുകാട്ടി അവനെ പിഴ ക്കാതെ നയിക്കാൻ ദൈവഹിതത്തിന്റെ വക്താക്കൾ, സംവാഹകർ കാലാ കാലങ്ങളിൽ ജനപദങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പ്രവാചകപരമ്പരയിലൂടെ പ്രകാശിതമായ ദൈവിക നിയമങ്ങളുടെ സമുച്ചയമാണ് ശരീഅത്ത് അഥവാ ജീവിതവ്യവസ്ഥ. ശരീഅത്ത് എന്ന പദത്തിന്റെ അർഥം തന്നെ മാർഗം അഥവാ ദൈവികമാർഗം എന്നാണ്. സാർഥകമായ മനുഷ്യജീവിതത്തിൽ സകലജ്ഞനായ ദൈവം ഒരുക്കിയേൽപ്പിച്ച ജീവിതവ്യവസ്ഥയാണ് ശരീ അത്ത്.

"എല്ലാ വസ്തുക്കൾക്കും അവയുടെ സൃഷ്ടിപ്പ് നൽകുകയും പിന്നെ മാർഗം കാണിച്ചുകൊടുക്കുകയും ചെയ്തവനത്രെ അവൻ" (20: 50) എന്ന ഖുർആനിക വചനം പ്രതിനിധാനംചെയ്യുന്ന തത്ത്വം മറ്റൊന്നല്ല. ശരീഅ ത്തിന്റെ അനുശാസനങ്ങളെ അനുധാവനം ചെയ്യുകയെന്നത് ഒരു സത്യവി ശ്വാസിയെ സംബന്ധിച്ചേടത്തോളം അലംഘ്യമായ ധർമമാണ്. കാരണം "വിധികർത്തൃത്വം അല്ലാഹുവിനുമാത്രമാണ്." (6: 57)

"പിന്നെ നാം മതകാര്യങ്ങളിൽ നിനക്കൊരു ശരീഅത്ത് ഏർപ്പെടുത്തി യിരിക്കുന്നു. അതിനെ നീ അനുഗമിക്കണം. അറിവില്ലാത്തവരുടെ തന്നിഷ്ട ങ്ങളെ പിൻപറ്റരുത് (45: 18) എന്നുകുടി ഖുർആൻ ആവശ്യപ്പെടുമ്പോൾ ഒരു വിശ്വാസിയുടെ ധാർമിക ബാധ്യത അനുക്തസിദ്ധമാണ്. ശരീഅത്തിന്റെ

സ്രോതസ്സ് ഖുർആനും അതിന്റെ വിശദീകരണമായ സുന്നത്തും ആകുന്നു. അതിനാൽ ശരീഅത്തിന്റെ യഥാർഥ നില ഗ്രഹിക്കുന്നതിന് ഖുർആനെയും അതിന്റെ വിവരണമായ സുന്നത്തിനെയും പിൻപറ്റി നടക്കണം.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അതിനാൽ അവകാശങ്ങളും കടമകളും നിർണയിക്കുന്ന നിയമങ്ങളുണ്ടായി. അത് വളർന്ന് വികസിച്ച് രാഷ്ട്രാന്തരീയ ബന്ധങ്ങളെപ്പോലും ചിട്ടപ്പെടുത്തുന്ന രാഷ്ട്രനിയമങ്ങളുമുണ്ടായി.

ശരീഅത്ത് സ്വൽപം വ്യത്യസ്തമാണ്. ഇസ്ലാമിക വിശ്വാസമനുസരിച്ച് പൂർണ ജീവിതമെന്നത് ഇഹപരങ്ങളിലെ കർമപ്രപഞ്ചത്തിന്റെ സമന്വയമാണല്ലോ. അതിനാൽ പ്രാപഞ്ചികജീവിതത്തിലെ വിവാഹം, സാമ്പത്തിക ഇടപാടുകൾ, രാഷ്ട്രഭരണം, ശിക്ഷകൾ തുടങ്ങി പരലോകജീവിതത്തെ കൂടി ഉന്നംവെച്ചുള്ള വിശ്വാസം, നമസ്കാരം, നോമ്പ്, സകാത്ത് എന്നിവ കൂടി ഉൾക്കൊള്ളുന്നതാണ് മുസൽമാന്റെ ജീവിതവ്യവസ്ഥകൾ. ഈ വിഷയങ്ങളെല്ലാം ശരീഅത്ത് കൈകാര്യംചെയ്യുന്നു. ഇങ്ങനെ ശരീഅത്ത് സാർവകാലികമായ സവിശേഷതകളണിഞ്ഞ കിടയറ്റ സമ്പൂർണ ജീവിതത്തെ വിഭാവനം ചെയ്യുന്നതിനാൽ അടിസ്ഥാന വിഷയങ്ങളിൽ ഒരു മാറ്റം ആവശ്യമായിവരുന്നില്ലെന്ന് ഒരു മുസൽമാൻ വിശ്വസിക്കുന്നു. ഇസ്ലാമിക ശരീഅത്ത് അഥവാ ജീവിതവ്യവസ്ഥ പ്രവാചകജീവിതത്തിന്റെ ഇരുപത്തിമൂന്ന് വർഷത്തെ കാലയളവുകൊണ്ട് വ്യക്തമായി, പൂർണമായി വെളിവാക്കപ്പെട്ടിരിക്കുന്നുവെന്നും ആദം മുതലുള്ള പ്രവാചകമനസ്സുകളിൽ വിളഞ്ഞ സവിശേഷാശയങ്ങളെല്ലാം ഇസ്ലാം സ്വാംശീകരിക്കുന്നുവെന്നും ശരീഅത്തിന്റെ പൂർണതയും കാലാതിവർത്തിത്വവും പ്രഘോഷിക്കപ്പെട്ടിരിക്കുകയാൽ ഇനി മറ്റൊരു പ്രവാചകന്റെ തിരുവുദയമുണ്ടാവുകയില്ലെന്നും ഒരു സത്യവിശ്വാസി ദൃഢമായി വിശ്വസിക്കുന്നു.

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തീകരിച്ചുതരികയും എന്റെ അനുഗ്രഹം നിങ്ങൾക്ക് സമ്പൂർണമാക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് ജീവിതവ്യവസ്ഥയായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു” (5: 3) എന്ന സൂക്തം അതാണ് വെളിവാക്കുന്നത്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ദൈവദത്തമായി കരുതപ്പെടുന്ന ശരീഅത്തിനെ, തന്റെ ജീവിതത്തിന്റെ ഭരണഘടനയെ ഇഷ്ടം പോലെ കെട്ടാനും തോന്നുമ്പോൾ അഴിച്ചൊഴിക്കാനും അധികാരംനൽകുന്ന ഒരു കെട്ട നീതിശാസ്ത്രമാക്കി ഭർത്സിക്കാനും അപഹസിക്കാനുമൊരുമ്പെടുന്നത് അവിവേകമാണ്.

മനുഷ്യനന്മയാണ് ഇസ്ലാമിക ശരീഅത്തിന്റെ വിഭാവിത ലക്ഷ്യം. അടിസ്ഥാനപരമായ അഞ്ച് അവകാശങ്ങളുടെ സംരക്ഷണം അത് ഘോഷിക്കുന്നു. മതം, ജീവൻ, ബുദ്ധി, സ്വത്ത്, സന്താനം എന്നിവയാണവ. മൗലികം

എന്ന് പറയാവുന്ന ഈ പഞ്ചശിലാഖണ്ഡങ്ങളിലാണ് ഇസ്ലാമിക ശരീഅത്ത് ഉയർത്തപ്പെട്ടിട്ടുള്ളത്. അതിനാൽ അതിന്റെ സംരക്ഷണം മനുഷ്യനന്മയുടെ പരിവേഷമണിഞ്ഞുനിൽക്കുന്നു.

മതം മനുഷ്യനെ വന്യമായ മൃഗാവസ്ഥയിൽനിന്നുയർത്തുന്ന വരദാനമാണെന്ന ബോധം മുസൽമാന്റെ മനസ്സിൽ ദൃഢരൂഢമാണ്. അവന്റെ ആന്തരികലോകത്തെ ഉണർത്തുന്നതും അവനെ ദൈവസന്നിധിയിലേക്കുന്മുഖനാക്കുന്നതും അവന്റെ മതബോധമാണ്. അതിനാൽ വ്യക്തിയുടെ മതവീക്ഷണത്തിന്റെ സ്വതന്ത്രതയും പവിത്രതയും ഇസ്ലാം മുഖ്യമായി കാണുന്നു. "മതത്തിന്റെ വിഷയത്തിൽ യാതൊരു നിർബന്ധവും ചെലുത്താൻ പാടില്ലെ"ന്നും (2: 256) "മതമർദനം കൊലപാതകത്തെക്കാൾ കഠിനമാണെ"ന്നും (2: 191) പ്രഘോഷിക്കുന്ന സത്യദർശനത്തിന്റെ അകംപൊരുളിനെ വികൃതമാക്കാൻ ശ്രമിക്കുന്നത് അവിവേകമാണ്. അരാതികളുടെ അസഹിഷ്ണുതകൊണ്ടായാലും ആരാധകരുടെ അതിഭക്തികൊണ്ടായാലും അത് അക്ഷന്തവ്യമാണ്.

സാമൂഹ്യ മാറ്റമാണ് ഏത് മാനവിക ദർശനവും വിഭാവനചെയ്യുന്നത്. ഖുർആൻ ഇതിൽനിന്ന് വ്യത്യസ്തമല്ല. അതുകൊണ്ടാണ് സത്യവേദത്തിൽ ഉടനീളം ജനം (അന്നാസ്) എന്ന പദം നിറഞ്ഞുനിൽക്കുന്നത്. ജനങ്ങളിലാണ് ഖുർആൻ മാറ്റമാഗ്രഹിക്കുന്നത്. താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കുന്ന സാമാന്യ മാനസികാവസ്ഥയിൽനിന്നു തീർത്തും വ്യതിരിക്തമാണീ സമീപനം. പ്രവാചകൻ എന്നും സംസാരിച്ചത് ജനങ്ങളോടാണ്. വിടവാങ്ങൽ പ്രസംഗം വരെ പ്രവാചകൻ ആ നിഷ്കർഷ പാലിച്ചിട്ടുണ്ട്. അന്നവിടെ നേരിൽ സംബന്ധിക്കാൻ കഴിയാതെപോയ ജനപദങ്ങൾക്കും കാലഗതിയിൽ തുടർന്നുവരുന്ന ജനപരമ്പരക്കും തന്റെ വചസ്സുകൾ കൈമാറണമെന്ന് അവിടെക്കൂടിയ ലക്ഷത്തിൽപരം വരുന്നവരോട് അദ്ദേഹമഭ്യർഥിച്ചു. ജനങ്ങളെ -സാമാന്യ ജനത്തെ- സാമൂഹ്യപുരോഗതിയുടെ അടിസ്ഥാന ഘടകമായി അംഗീകരിച്ച ലോകത്തിലെ ആദ്യത്തെ മതമാണ് ഇസ്ലാം. സമൂഹ സംവിധാനത്തിലും ചരിത്രനിർമിതിയിൽതന്നെയും ശ്രദ്ധിക്കപ്പെടേണ്ട അടിസ്ഥാനഘടകം സാമാന്യജനമാണെന്ന് ആദ്യമായി കണ്ടതും ഘോഷിച്ചതും ഇസ്ലാമാണ്. ഇത് നീഷേ(Nietzshe)യുടെ കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമാണ്. പ്ലാറ്റോവിന്റെ സമീപനത്തിൽനിന്ന് വ്യതിരിക്തമാണ്. എമേഴ്സൺ (Emerson) വിഭാവനംചെയ്തതിൽനിന്ന് വിഭിന്നമാണ്. ഇത് അലക്സിസ് കാറേൽ(Alexis Carrel) സ്വപ്നംകണ്ടതുപോലെയുമല്ല. പുരോഹിതന്മാരെയും ബുദ്ധിജീവികളെയുമല്ല ഇസ്ലാം പരമാവലംബമായിക്കണ്ടത്. സാമാന്യജനത്തിലാണ് ഇസ്ലാം ശ്രദ്ധ കേന്ദ്രീകരിച്ചത്.

നവദർശനത്തിന്റെ പ്രചാരണാർഥം ചിലർ അഭ്യസ്തവിദ്യരെയാണാശ്രയിച്ചത്. ചിലർ സവർണ വിഭാഗത്തെ. ചിലർ സമ്പന്നരെ. ചിലർ വേലക്കാരെ.

മറ്റു ചിലർ സമൂഹത്തിലെ ഏതെങ്കിലുമൊരു ജനവിഭാഗത്തെ.

എന്നാൽ സാമൂഹിക മാറ്റത്തിനും വികാസത്തിനും പരമമായ ഘടകം സാമാന്യ ജന(അന്നാസ്)മാണെന്ന് ഇസ്ലാം വിശ്വസിച്ചു. ജാതിവർഗവർണ ഭേദമന്യെ സാമാന്യജനത്തോടാണ് ഇസ്ലാം സംസാരിച്ചത്. മാറ്റത്തിന് സമൂഹമാണ് പ്രാരംഭകത്വമെടുക്കേണ്ടത്. സഫലമായ, സ്ഥായിയായ മാറ്റം അതുവഴി മാത്രമേ സാധിക്കുകയുള്ളൂ. "ഒരു സമൂഹം സ്വയം നന്നാവാൻ ശ്രമിക്കാത്തിടത്തോളം കാലം അല്ലാഹു അവരെ നന്നാക്കുകയില്ല"(13: 11). സമൂഹത്തിലെ ഓരോ ആത്മകണവും തന്റെ മാർഗത്തിൽ എങ്ങനെ സ്പന്ദിച്ചു എന്ന് ദൈവം സശ്രദ്ധം വീക്ഷിക്കുന്നുണ്ടെന്ന ഖുർആനിക സൂചന (74: 38) ആ ദിശയിലേക്കാണ് വിരൽചൂണ്ടുന്നത്. ഇത് വ്യക്തിയുടെ സാമൂഹ്യ ബാധ്യത കൂടി അനുസ്മരിപ്പിക്കുന്നു.

# നീതിയിലൂന്നിയ കുടുംബ–സാമ്പത്തിക സമീപനം

അറബ് സംസ്കാരം എന്ന ഗ്രന്ഥത്തിൽ ഗോസ്റ്റഫ് ലബോണി (1841–1931) ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "സ്ത്രീവിമോചനത്തിൽ ഖുർആൻ വഹിച്ച പങ്ക് ഗ്രഹിക്കണമെങ്കിൽ അറബികളുടെ സുവർണയുഗത്തിൽ സ്ത്രീയുടെ സ്ഥിതി പരിശോധിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ യൂറോപ്പിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണ് അന്ന് സ്ത്രീക്കവിടെ ഉണ്ടായിരുന്നതെന്ന് ചരിത്രരേഖകളുണ്ട്. സ്പെയ്നിലെ അറബികളിൽനിന്നാണ് യൂറോപ്പ് സദ്ഗുണങ്ങളും സദാചാരങ്ങളും പകർത്തിയത്. സ്ത്രീയെ ആദരിക്കുക എന്ന ശീലം യൂറോപ്യർ അറബികളിൽനിന്നാണ് പഠിച്ചത്. ഇസ്‌ലാമാണ്, ക്രിസ്തുമതമല്ല സ്ത്രീയെ അധഃപതിതാവസ്ഥയിൽനിന്ന് കൈപിടിച്ചുയർത്തിയത്.

ഒരർഥത്തിൽ സ്ത്രീവിമോചനത്തിന്റെ മതദർശനവുമാണ് ഇസ്‌ലാം. ആത്യന്തിക വിശകലനത്തിൽ സ്ത്രീയും പുരുഷനും സമന്മാരാണ്. അതിനാൽ അവർക്കിടയിൽ ഇസ്‌ലാം തുല്യത ഘോഷിക്കുന്നു. സമൂഹത്തിന്റെ രഥചക്രങ്ങളായി ഇരുവർക്കും സമാന പ്രാമുഖ്യം നൽകുന്നു. എന്നാൽ കുടുംബത്തിന്റെ സ്വത്തവകാശത്തിന്റെ പ്രശ്നം വരുമ്പോൾ 'പുരുഷന് രണ്ട് സ്ത്രീകളുടേതിന് തുല്യമായ ഓഹരിയുണ്ട്' എന്ന പ്രസ്താവം എങ്ങനെ സാധുവാകും എന്ന് പെട്ടെന്ന് തോന്നിപ്പോകും. ഒരു വിശകലനം ഇവിടെ ആവശ്യമായിവരുന്നു.

സമൂഹത്തിന്റെ അവലംബശിലയാണ് കുടുംബം. ഭാര്യയും ഭർത്താവും ചേർന്നതാണത്. കുടുംബത്തിൽ സംതൃപ്തിയുണ്ടെങ്കിലേ സമൂഹത്തിൽ സ്വസ്ഥതയുണ്ടാവൂ. ഖുർആൻ കുടുംബ നേതൃത്വം പുരുഷനു നൽകി. കുടുംബത്തിന് അകവും പുറവുമായി രണ്ട് കർമതലങ്ങൾ. ഗൃഹഭരണത്തിന്റെ ചുമതല സ്ത്രീക്ക്. അവകാശങ്ങളിലും ചുമതലകളിലും ഭാര്യാഭർത്താക്കന്മാർക്ക് തുല്യത. "അവരുടെ കടമകൾക്ക് തുല്യം ന്യായമായ അവകാശങ്ങളും അവർക്കുണ്ട്. പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവി കൂടുതലുണ്ട്."

കൂട്ടുകുടുംബത്തിൽ അടക്കിഭരിക്കലും ചൊൽപ്പടിക്കുകീഴിൽ അടിയാളാക്കി നിർത്തലും നിഷിദ്ധമാണ്. ഭാര്യാഭർത്താക്കന്മാർ പരസ്പരം അംഗീകരിക്കുകയും അന്യോന്യം കടമകൾ നിറവേറ്റുകയും ചെയ്യുമ്പോഴേ കൂട്ടുജീവിതം സാർഥകമാകുന്നുള്ളൂ. അപ്പോൾ പുരുഷന്മാർക്ക് അവരേക്കാൾ ഒരു പദവിയുണ്ട് എന്നതിന്റെ ഭാഷ്യമെന്താണ്?

ഉത്തരം ഖുർആനിൽ തന്നെയുണ്ട്:

"പുരുഷന്മാർ സ്ത്രീകളുടെ സരക്ഷകരാകുന്നു. അല്ലാഹു മനുഷ്യരിൽ ചിലർക്ക് മറ്റുചിലരേക്കാൾ കഴിവു നൽകിയതിനാലും പുരുഷന്മാർ അവരുടെ മുതലുകളിൽനിന്ന് ചെലവഴിക്കുന്നതിനാലുമാണിത്"(4: 34). ഇതിന് അബ്ബാസ് മഹ്മൂദ് അഖാദിന്റെ (ഖുർആനിക ദർശനം എന്ന കൃതിയിൽ) ഭാഷ്യം ഏറെ യുക്തിഭദ്രമായിത്തോന്നി. അദ്ദേഹം വിശദീകരിക്കുന്നു:

"പ്രവർത്തനക്ഷമതയിൽ പുരുഷസഹജമായ മേന്മയും സാമൂഹ്യരംഗത്ത് അവർ നിർവഹിക്കുന്ന പങ്കും കുടുംബജീവിതത്തിൽ വഹിക്കുന്ന ഭാരവുമാണ് ഈ സംരക്ഷണത്തിന് അവനെ സമർഹനാക്കുന്നത്. ജീവിതസമരത്തിന് സ്ത്രീയേക്കാൾ കരുത്ത് പുരുഷന്നാണ്. ബുദ്ധിപരവും കായികവുമായി പുരുഷനോളം കഴിവ് സ്ത്രീക്കുണ്ടായാൽ തന്നെ ഗർഭകാലത്തും മുലയൂട്ടൽ കാലത്തും ഈ സമരത്തിൽനിന്ന് അവൾ വിട്ടുനിൽക്കേണ്ടിവരും. അവൾക്ക് ഉപജീവനം സമ്പാദിച്ചുകൊടുക്കാനും ശിശുപരിപാലനത്തിന് അവൾക്ക് വേണ്ടത്ര സമയം നൽകാനും ഇതാവശ്യമാണ്. അവൾക്ക് വിശ്രമത്തിന്റെയും ഗാർഹിക സ്വാസ്ഥ്യതയുടെയും മാർഗങ്ങൾ സുഗമമാക്കുവാനും പുരുഷന്നാണ് സാധിക്കുക."

ഈ സമർഥനത്തിന് അനുപൂരകമായി ശൈഖ് റശീദ് രിദാ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "പ്രതിമാസം ഒരാഴ്ചക്കാലം ആർത്തവം മൂലം സ്ത്രീ ദേഹാസ്വാസ്ഥ്യമനുഭവിക്കുന്നു. ദാമ്പത്യജീവിതം ഒരു കൂട്ടായ്മയാണെന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഏതു സമൂഹത്തിനും ഒരു നായകൻ വേണം. വ്യക്തികളുടെ അഭിപ്രായങ്ങളും താൽപര്യങ്ങളും ഭിന്നങ്ങളായിരിക്കും. അതിന്റെ പേരിൽ പരസ്പരം കലഹിച്ച് ഐക്യവും സമാധാനവും തകരാതിരിക്കാൻ ഒരു നേതാവിന്റെ അഭിപ്രായമനുസരിച്ച് നീങ്ങിയേ പറ്റൂ. പൊതുനന്മക്ക് അത് അത്യന്താപേക്ഷിതമാണ്. നേതൃത്വം വഹിക്കാൻ പുരുഷനാണ് കൂടുതൽ സമർഹൻ."

കുടുംബനാഥൻ എന്ന പദവി ആവശ്യമാണോ? കുടുംബവും സമൂഹവും ഒന്നിലധികം പേരുടെ സംഘാതമാണെന്നതിനാൽ കാര്യങ്ങൾ യഥാവിധി നടത്തിക്കുക എന്നതുൾപ്പെടെയുള്ള ചുമതലകൾ നിർവഹിക്കാൻ ഒരു നിർവാഹകൻ ഉണ്ടായിരിക്കണം. ആധുനിക സമൂഹശാസ്ത്രവും അതാവശ്യപ്പെടുന്നു. അത്തരമൊരു പദവിയുടെ അഭാവത്തിൽ താളം സൂക്ഷിക്കു

വാനും അച്ചടക്കം പാലിക്കുവാനും പ്രയാസമാണ്. കുത്തഴിഞ്ഞ, താറുമാറായ ദുഃസ്ഥിതി വരും. ക്രമത്തിലവിടെ അരാജകത്വം-കുടുംബപരമായ അരാജകത്വം- അരങ്ങേറും. അതിനാൽ 'മേൽക്കീഴ്ച്ചൊല്ല്' സൂക്ഷിച്ചുകൊണ്ടു പോകുന്ന ഒരു നായകൻ അത്യാവശ്യമാണ്. 'തെറ്റിദ്ധരിക്കപ്പെട്ട മതം' എന്ന ഗ്രന്ഥത്തിലെ പരാമർശം പോലെ നായകത്വം ആരെയേൽപിക്കണം എന്നതാണ് വേണമെങ്കിൽ ചർച്ചചെയ്യപ്പെടാനുള്ള പ്രശ്നം.

കുടുംബനാഥനായി ഒന്നുകിൽ പുരുഷൻ അല്ലെങ്കിൽ സ്ത്രീ, അതുമല്ലെങ്കിൽ ഇരുവരുടെയും കൂട്ടായ്മ.

ഭിന്ന രുചി പ്രകൃതിയുടെ സവിശേഷതയാണെങ്കിലും(അഥവാ സൗന്ദര്യമാണെങ്കിലും) പ്രയോഗരംഗത്ത് അതേറെ പ്രയാസങ്ങളുണ്ടാക്കാറുണ്ട്. കൂട്ടായ്മ സമൂഹത്തിന്റെ ശക്തിയാണെങ്കിലും സാരഥ്യത്തിന് പറ്റിയതല്ല. സംഘടനാ ശാസ്ത്രത്തിൽ കൂട്ടുനേതൃത്വം (Collective Leadership) ആശാസ്യമല്ലെന്നും കൂട്ടായി വിചാരവിശകലനം സാധിച്ച് നിർവഹണാധികാരം ഒരാളിൽ അർപ്പിക്കുക എന്നതാണ് ആരോഗ്യകരം എന്നും പറയാറുണ്ട്. അവിടെ വ്യക്തിനേതൃത്വം(Individual Leadership) സമുദയംചെയ്യുന്നു. കുടുംബം ഒരു യൂനിറ്റായി പരിഗണിക്കപ്പെടുമ്പോൾ അതിലെ വ്യക്തികളെല്ലാം രക്ഷണഭാരം ഒരുപോലെ കയ്യേറ്റ് നടത്തണം എന്നു പറയുന്നത് ആദർശപരമായിത്തോന്നാമെങ്കിലും പ്രയോഗക്ഷമമല്ല. "രക്ഷയന്തി പരസ്പരം" (അന്യോന്യം രക്ഷിക്കുന്നു) എന്ന നില പൗരബോധം വല്ലാതെ വളർന്ന പ്രബുദ്ധ സമൂഹത്തിലേ പ്രതീക്ഷിക്കാൻ പറ്റൂ. കുടുംബത്തിൽ നിഷ്ക്രിയത വിളയിക്കുന്ന ജഡികതയോ ചുമതലകളുടെ പേരിൽ അന്യോന്യം തല്ലുന്ന ദുരവസ്ഥയോ ഉണ്ടാവരുതെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു.

സ്ത്രീ, പുരുഷൻ-ഇവരിൽ കുടുംബാധിപത്യത്തിന് ആരാണ് കൂടുതൽ അനുയോജ്യൻ? അതുൾക്കൊള്ളുന്ന ബാധ്യതകൾ നിറവേറ്റാനാവശ്യമായത് വിചാരമോ വികാരമോ? വിചാരം എന്നതാണ് വ്യക്തമായ ഉത്തരം. ശരിയായ മാർഗത്തിൽനിന്ന് ചിന്തയെ കാടുകയറ്റുന്ന തീക്ഷ്ണമായ വൈകാരികതയിൽനിന്നകന്ന് സംഗതികളെ നിയന്ത്രിക്കുന്നത് വിചാരമാണ്. അന്നിലയിൽ പുരുഷനാണ് തന്റെ വിചാരപ്രധാനമായ പ്രകൃതിയും ജീവിതസമരത്തെ നേരിടാനും അതിന്റെ ഭാരങ്ങളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിക്കാനുള്ള കഴിവും കാരണമായി കുടുംബനായകത്വത്തിന് സ്ത്രീയേക്കാൾ കൂടുതൽ അർഹനെന്ന് വ്യക്തമാണ്.

കുടുംബ നായകത്വമെന്നത് കൂടിയാലോചനയുടെയോ പരസ്പര സഹകരണത്തിന്റെയോ നിഷേധത്തിൽനിന്ന് പിറവിയെടുക്കുന്ന ഒന്നല്ല. തികഞ്ഞ പരസ്പര ധാരണയുടെയും ശക്തമായ സ്നേഹബന്ധങ്ങളുടെയും അടിസ്ഥാ

നത്തിലുള്ള നേതൃത്വത്തിനേ വിജയിക്കാൻ കഴിയൂ. കുടുംബത്തിന്റെ ആഭ്യന്തര രംഗത്ത് ഈ ചൈതന്യം പ്രസരിപ്പിക്കാനുള്ളതാണ് ഇസ്ലാമിന്റെ എല്ലാ നിർദേശങ്ങളും. ഭിന്നിപ്പിന്റെയും മത്സരത്തിന്റെയും സ്ഥാനത്ത് സ്നേഹവും സഹകരണവും പരസ്പരധാരണയും വളർത്തുവാനാണതാഗ്രഹിക്കുന്നത്.

പിന്തുടർച്ചാ സ്വത്തിൽ സ്ത്രീയുടെ ഇരട്ടി പുരുഷന് നൽകണമെന്ന് നിർദേശിക്കുന്ന മതതലം സ്ത്രീപുരുഷന്മാർക്കിടയിൽ തുല്യത പ്രഖ്യാപിക്കുന്നു എന്നത് വിരോധാഭാസമായിത്തോന്നിയേക്കാം. എന്നാൽ സൂക്ഷ്മ വിശകലനം നമ്മുടെ ധാരണ തിരുത്താൻ സഹായിക്കും. 'സ്ത്രീയുടേതിന്റെ ഇരട്ടി' ലഭിക്കുന്ന പുരുഷൻ ഒന്നാമതായി ഭാര്യക്കും രണ്ടാമതായി കുടുംബത്തിനും വേണ്ടി തന്റെ സമ്പത്ത് ചെലവഴിക്കാൻ ബാധ്യസ്ഥനാണ്. അപ്പോൾ കുടുംബപരമായ കർമബാധ്യതകളില്ലാത്ത സ്ത്രീ, സമ്പത്തിൽ കൂടുതൽ അനുഭവിക്കുന്നു എന്നതാണ് യാഥാർഥ്യം. ബാധ്യതകളേറെ വിധിച്ചുകൊണ്ടാണ് സമ്പത്തിന്റെ വിഹിതക്കൂടുതൽ ഇസ്ലാം പുരുഷന് നൽകിയിട്ടുള്ളത്. സ്ത്രീയെപ്പോലെ മൂന്നിലൊന്ന് മാത്രമവകാശപ്പെടുകയും കൈപ്പറ്റുകയും ചെയ്യുന്ന പുരുഷൻ കുടുംബനാഥന്റെ ബാധ്യത എങ്ങനെ നിർവഹിക്കും എന്നൊന്നോർക്കേണ്ടതാണ്. ഇസ്ലാമിക വിധിയുടെ പ്രസക്തി അപ്പോഴാണ് ബോധ്യപ്പെടുക.

സാധാരണഗതിയിൽ പുരുഷൻ സമ്പത്ത് മുഴുവൻ ഭാര്യയുൾക്കൊള്ളുന്ന കുടുംബത്തിന്റെ സംരക്ഷണത്തിനായി ചെലവ് ചെയ്യുന്നു. ഭാര്യ എത്ര വലിയ സമ്പന്നയായാലും കുടുംബസംരക്ഷണ ബാധ്യതയില്ലാത്തതുകൊണ്ട് അതിലേക്കായി ഒന്നും ചെലവഴിക്കേണ്ടിവരുന്നില്ല. പുരുഷന്ന് അവളുടെ സമ്മതത്തോടുകൂടിയല്ലാതെ അതിലൊരു ചില്ലി പോലും ഉപയോഗിക്കാനും വയ്യ. ഒന്നുമില്ലാത്തവൾക്കെന്നപോലെ അവൾക്ക് വേണ്ടതു ചെയ്യാൻ പുരുഷൻ ബാധ്യസ്ഥനാണ്. അവനതു ചെയ്യുന്നില്ലെങ്കിൽ അതിനെതിരെ പരാതിപ്പെടാൻ അവൾക്കവകാശമുണ്ട്. ഇസ്ലാമിക നിയമം അവൾക്കനുകൂലമായി നിൽക്കുന്നു.

നീതിയുടെ വെളിച്ചത്തിലും പുരുഷന് ലഭിക്കുന്ന അളവിൽ ഭൂസ്വത്ത് നേടാൻ സ്ത്രീ അർഹയല്ല. കാരണം അവളുടെ എല്ലാ ചെലവുകളും വഹിക്കാൻ പുരുഷൻ ബാധ്യതപ്പെട്ടവനാണ്. സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കേണ്ട സന്ദർഭങ്ങൾ ഇസ്ലാം സംസ്കൃതിയനുസരിച്ച് സ്ത്രീക്ക് വിരളമാണ്.

അവൾ പുത്രി, ഭാര്യ, മാതാവ്, സഹോദരി എന്നിങ്ങനെ ഏതവസ്ഥയിൽ നിലകൊള്ളുമ്പോഴും അഭിമുഖമായുള്ള പുരുഷൻ-പിതാവ്, ഭർത്താവ്, മകൻ, സഹോദരൻ- അവളെ രക്ഷിക്കാൻ കടപ്പെട്ടവനാണ്.

അപ്പോൾ സ്ത്രീയുടെ കൂടി ചെലവ് വഹിക്കാൻ ബാധ്യതപ്പെട്ട പുരു

ഷന്ന് ഇരട്ടി സ്വത്ത് കൊടുക്കുന്നതാണ് നീതി. സ്ത്രീയുടെ സുരക്ഷിതത്വ ത്തിനു കൂടി അതാവശ്യമാണ്. സാമ്പത്തിക കാര്യത്തിൽ സ്ത്രീക്കും പുരു ഷന്നും സമാനത നൽകിയ ഇസ്ലാം പിന്തുടർച്ചാവകാശത്തിൽ സമത്വം കൽപിക്കാതിരുന്നത് തീർത്തും നീതിപൂർവകമാണ്. അത് പ്രായോഗികത്വ ത്തിന്റെ നിദർശനവുമാണ്. സ്ത്രീക്ക് സാമ്പത്തിക ശേഷിയുണ്ടെങ്കിലും വിവാഹാനന്തരം ഭർത്താവ് ചെലവിനു കൊടുക്കണം എന്നാണ് ഇസ്ലാമിക വ്യവസ്ഥ. ഭർത്താവോ രക്ഷിതാവോ ഇല്ലെങ്കിൽ സ്ത്രീക്ക് പൊതുഖജനാ വിൽനിന്ന് ചെലവിന് നൽകണം. കുട്ടികളുടെ ചെലവും ആ രീതിയിൽ തന്നെ. പിതാവിനോ പിതാവിന്റെ വീട്ടുകാർക്കോ ആണ് അതിന്റെ ചുമതല. ഇക്കാരണത്താലാണ് പുരുഷന്നും സ്ത്രീക്കുമിടയിൽ സാമ്പത്തിക സന്തുലി താവസ്ഥ നിലനിർത്താനും കുടുംബഭാരം പേറുന്ന പുരുഷനോട് അനീതി ചെയ്യാതിരിക്കാനും ഇസ്ലാം സ്ത്രീയുടെ ഇരട്ടി പുരുഷന് വ്യവസ്ഥ ചെയ്തത്.

സ്ത്രീപുരുഷന്മാർക്കിടയിൽ സമ്പൂർണ സമത്വമാണ് ഇസ്ലാം കൽപി ച്ചിട്ടുള്ളത്. പ്രകൃതിപരമായ യോഗ്യതകൾ, നൈപുണ്യം, ബാധ്യതകൾ എന്നി വയിലുള്ള വ്യത്യാസമേ സ്ത്രീപുരുഷന്മാർക്കിടയിലുള്ളൂ. മാനുഷികാടിസ്ഥാ നത്തിൽ വ്യത്യാസമേതുമില്ല. മതപരവും ആത്മീയവുമായി “ആണോ പെണ്ണോ ആവട്ടെ, യഥാർഥ വിശ്വാസിയായിക്കൊണ്ട് ആര് സൽക്കർമമനു ഷ്ഠിച്ചാലും സ്വർഗപ്രവേശത്തിന് സമർഹത ലഭിക്കും, അവരോട് ഒട്ടും അനീതി കാണിക്കുകയില്ല.”(അന്നിസാഅ്: 124)

ഉടമാവകാശത്തിലും ധനവിനിമയാവകാശത്തിലും സ്ത്രീപുരുഷ ഭേദ മില്ല.

“പുരുഷന്മാർ സമ്പാദിച്ചതിന്റെ വിഹിതം അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിച്ചതിന്റെ വിഹിതം അവർക്കും.”(അന്നിസാഅ്: 32)

പിന്തുടർച്ചാവകാശത്തിൽ സ്ത്രീയുടെ ഇരട്ടി പുരുഷനു നൽകിയത് ജീവിതത്തിൽ പുരുഷൻ വഹിക്കാൻ ബാധ്യതപ്പെട്ട ഉത്തരവാദിത്വങ്ങൾ പരി ഗണിച്ചാണ്. വിവാഹിതനായ ശേഷം ഭാര്യയുടെയും കുട്ടികളുടെയും കുടും ബത്തിന്റെയും മുഴുവൻ ഭാരവും വഹിക്കേണ്ടത് പുരുഷനാണ്. ക്രിമിനൽ നഷ്ടപരിഹാരവും പ്രായശ്ചിത്തവും നൽകേണ്ടതും അവൻ തന്നെ. ഇതെല്ലാം കൊണ്ട് പുരുഷൻ സ്ത്രീയുടെ ഇരട്ടി വാങ്ങുന്നതിന് നീതീകര ണമായി വിവാഹിതയോ വിധവയോ ആയ ഏതവസ്ഥയിലും സ്ത്രീയുടെ ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവാഹിത യാണെങ്കിൽ അവളെ രക്ഷിക്കാൻ ഭർത്താവുണ്ട്. വീട്ടിലിരിക്കുന്നവളോ വിധ വയോ ആണെങ്കിൽ അവകാശംകിട്ടിയ ധനം പ്രയോജനപ്പെടുത്താം. രണ്ടു പേരുടെയും ബാധ്യതകളിലുള്ള വ്യത്യാസമാണ് അനന്തരാവകാശത്തിന്റെ

അന്തരത്തിന് നിദാനം.

ഇനി ധനവിനിയോഗത്തെക്കുറിച്ച് സ്വൽപം: ഊനമറ്റ സമഗ്ര സാമ്പത്തിക ദർശനം പോലെ, ഇസ്‌ലാം സമ്പത്തിന്റെ സമസ്ത മേഖലകളെയും പര്യവേക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. ധർമമാർഗത്തിലൂടെ നേടിയ അർഥമുപയോഗിച്ച് കാമം സാധിക്കുന്നവന് മോക്ഷം കൈവരുന്നു എന്ന പുരുഷാർഥങ്ങളെക്കുറിച്ചുള്ള ഹൈന്ദവ സമീപനം പോലെ നിയമവിധേയമായ മാർഗത്തിലൂടെ കൈവരുന്ന ധനത്തിന്റെ ഉടമാവകാശം ഇസ്‌ലാം നിഷേധിക്കുന്നില്ല. ധനം സൂക്ഷിക്കലും ധനവിനിയോഗത്തിൽ ലുബ്ധ്കാണിക്കലും സ്വാഭാവികമാണെന്ന് ഇസ്‌ലാം സൂചിപ്പിക്കുന്നു. "ഹൃദയങ്ങളിൽ പിശുക്ക് കുടിയിരുത്തപ്പെട്ടിരിക്കുന്നു" എന്ന വചനം അതിനു സാക്ഷ്യമാണ്. 'എന്റേത്, നിന്റേത്' എന്ന ചിന്ത അൽപമനസ്സുകളുടേതാണെന്നും ഉദാരമനസ്സുകൾക്ക് ലോകമാണ് കുടുംബം എന്നും നാമറിയുന്നുവെങ്കിലും ജീവിത യാഥാർഥ്യങ്ങളിലേക്ക് കണ്ണോടിച്ചാൽ സ്വസന്താനങ്ങൾക്കു വേണ്ടി കരുതിവെക്കാനുള്ള ആഗ്രഹവും മറ്റും ജനസാമാന്യത്തിന്റെ സഹജ പ്രകൃതമാണെന്ന് കാണാൻ കഴിയും. ഈ യാഥാർഥ്യത്തിലേക്ക് ഖുർആൻ വിരൽചൂണ്ടിയിട്ടുണ്ട്. സന്താനങ്ങൾക്കായി സംഭരിച്ചു വെക്കുന്ന ധനം സമ്പത്തിന്റെ രൂപത്തിൽ നിക്ഷേപിക്കപ്പെട്ട അധ്വാനമാണെന്നാണ് ഇസ്‌ലാം കരുതുന്നത്. അതിനാൽ അത് നിഷേധിക്കപ്പെട്ടതല്ല. എന്നാൽ വ്യക്തിയുടെ പ്രകൃതിദത്തവും ധർമാധിഷ്ഠിതവുമായ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും സമൂഹതാൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനും പോരുന്ന നിയന്ത്രണങ്ങളും നിയമനിഷ്കർഷകളും ഇസ്‌ലാം വരച്ചൊരുക്കിയിട്ടുണ്ട്.

"അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക. അവൻ നിങ്ങളെ പ്രതിനിധികളാക്കിയ സമ്പത്തിൽനിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക" (അൽഹദീദ്: 7) എന്ന സൂക്തം വിളിച്ചറിയിക്കുന്നതു പോലെ ധനവിനിയോഗ സന്ദർഭത്തിൽ പ്രവാചകനിലൂടെ അവതീർണമായ ദൈവഹിതം വിസ്മരിക്കരുത്. വ്യക്തിയുടെ ഭോഗലോലുപവും ചപലവുമായ ഹിതാഹിതങ്ങൾക്ക് വിധേയമായല്ല ധനവിനിയോഗം നടക്കേണ്ടത്. സമ്പത്തിന്റെ സർവാധികാരിയായ ദൈവത്തിന്റെ പ്രതിനിധിയാണ് താനെന്നോർത്തു വേണം ഓരോ ചില്ലിയും ചെലവാക്കാനും നാളേക്കുവേണ്ടി സ്വരൂപിക്കാനും. സാമൂഹ്യ പ്രയോജന പ്രവണമായ വിഭാവനകളോടെയാണ് ദൈവം സമ്പത്തിനെ മനുഷ്യന്റെ കയ്യിലേൽപിച്ചതെന്ന തെളിഞ്ഞ ബോധ്യത്തോടെ വേണം ധനവിനിയോഗം സാധിക്കുവാൻ. ധനം സ്വരൂപിക്കുന്നതാവട്ടെ തന്റെ വ്യക്തിധർമങ്ങൾ പൂർണമായും നിർവഹിച്ച് മിച്ചം വരുന്നതുമാവണം.

സമ്പത്തിന്റെ ദുരുപയോഗം പോലെ തന്നെ നിരുപയോഗവും അധർമമാണ്. ഒരിടത്ത് കുന്നുകൂടുന്ന സമ്പത്ത് സാമൂഹ്യമായ അസംതൃപ്തിക്ക്

കാരണമാകും. ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് ശേഖരിക്കപ്പെടുന്ന പോഷകങ്ങൾ പോലെ വിനാശകാരിയാണത്. അളവറ്റ ധനം വ്യക്തിയുടെ ധർമബോധത്തെ ശിഥിലമാക്കുകയും അരുതായ്മകളിലേക്ക് അവനെ നയിക്കുകയും ചെയ്യും. ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യതിന്മകളുടെ ഉറവിടം സമ്പത്തിന്റെ അനിയന്ത്രിതമായ അധികതയും തജ്ജന്യമായ അതിഭോഗത്വവുമാണെന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും വ്യഭിചാരവും ചൂതാട്ടവുമെല്ലാം അവിടെ പിറവിയെടുക്കും; പ്രവൃദ്ധമാകും. സമൂഹത്തിന്റെ സന്തുലിതത്വം നഷ്ടപ്പെടുന്നതും ധനപ്രമത്തതകൊണ്ടാണ്.

ധർമാവലംബിയായി രൂപകൽപന ചെയ്ത സമുദായ ശിൽപത്തിന്റെ അടിപ്പടവിളക്കാൻ പോരുമാറ് ദുശ്ശക്തിയുറഞ്ഞുനിൽക്കുന്നതാണ് അനിയന്ത്രിതമായി വളർന്നുവരുന്ന ധനകേന്ദ്രീകരണം എന്നറിഞ്ഞുകൊണ്ടാണ് ഇസ്ലാം സംസ്കൃതി അതിനെതിരെ നിതാന്ത ജാഗ്രത പുലർത്തിപ്പോരുന്നത്. ഇസ്ലാം ഉടമാവകാശത്തെ നിരോധിക്കുന്നില്ല. എന്നാൽ അതിന്റെ അനിയന്ത്രിതമായ, അപ്രതിരോധ്യമായ പ്രവൃദ്ധിയെയും കേന്ദ്രീകരണത്തെയും തടയാൻ ശ്രമിക്കുന്നു.

"സമ്പത്ത് നിങ്ങളിലെ ധനികരിൽ മാത്രം കറങ്ങാതിരിക്കാൻ വേണ്ടി....." (അൽഹശ്ർ: 7)

സത്യവിശ്വാസികൾ ധനികദരിദ്ര ഭേദമന്യേ മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്തപ്പോൾ അവരുടെ കൈകളിൽ കരുതിയിരിപ്പുകളൊന്നുമുണ്ടായിരുന്നില്ല. ഒഴിഞ്ഞ കയ്യുമായെത്തിയ മുഹാജിറുകളെ ഹൃദയപൂർവം സ്വാഗതംചെയ്ത അൻസ്വാറുകൾ, തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കൾക്ക് അവരെ ഒരുപോലെ പങ്കാളികളാക്കി. ചരിത്രപഥത്തിലെ ഒരപൂർവത!

"തങ്ങളുടെയടുക്കൽ സ്വദേശം വിട്ടു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്കു കൊടുത്ത സമ്പത്തിൽ അവർ ആഗ്രഹം വെക്കുന്നില്ല. അവർക്ക് ആവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തേക്കാൾ അന്യർക്ക് മുൻഗണന നൽകുന്നു" എന്നാണ് ആദർശത്താൽ ആവേശിതമായ ആ സവിശേഷ മനോഭാവത്തെ ഖുർആൻ(അൽഹശ്ർ: 9) കീർത്തിക്കുന്നത്. കാലം കുറേ കഴിഞ്ഞു. അൻസ്വാറിലെ സമ്പന്നർക്കും മുഹാജിറുകൾക്കും തമ്മിലുള്ള സാമ്പത്തികമായ അന്തരം കൂടിവന്നു. സാമൂഹ്യമായ സന്തുലിതത്വം നഷ്ടപ്പെട്ടതു പോലെ തോന്നി. സാമ്പത്തികമായ താളപ്പിഴ ഇസ്ലാമിക സങ്കൽപത്തിലുള്ള സമൂഹ സംവിധാനത്തിന്റെ പൊലിമ കെടുത്തിയേക്കുമോ എന്ന് പ്രവാചകനാശങ്കിച്ചു. ഒരിക്കൽകൂടി അൻസ്വാറിന്റെ നല്ല മനസ്സിനുവേണ്ടി അപേക്ഷിക്കുന്നത് ഭംഗിയല്ലെന്നു കരുതി വിഷമിക്കുകയാ

യിരുന്നു പ്രവാചകൻ. അപ്പോഴാണ് ബനുന്നദീർ സംഭവം നടന്നത്. ഭാഗ്യവശാൽ യുദ്ധമുണ്ടായില്ല. ഉടമ്പടിയനുസരിച്ച് ബനുന്നദീർ ഗോത്രക്കാരുടെ സമ്പത്തു മുഴുവൻ മുഹമ്മദ് നബിക്ക് ലഭിച്ചു. അനുശാസിക്കപ്പെട്ട വ്യവസ്ഥയനുസരിച്ച് യുദ്ധമുണ്ടാക്കാതെ ശത്രുക്കളിൽനിന്ന് ലഭിക്കുന്ന സമ്പത്ത് അല്ലാഹുവിനും റസൂലിനുമുള്ളതാണ്. യുദ്ധം നടന്നിരുന്നുവെങ്കിൽ സമ്പത്തിൽ അഞ്ചിൽ നാല് ഭാഗം യോദ്ധാക്കൾക്കും അവശേഷിച്ച അഞ്ചിൽ ഒരു ഭാഗം അല്ലാഹുവിനും റസൂലിനും എന്നാണ് വിധി. ഇത് ദൈവദത്തമായ ഒരവസരമാണെന്നു കരുതിയ പ്രവാചകൻ അൻസ്വാറിനും മുഹാജിറുകൾക്കുമിടയിൽ അത്രയെങ്കിലും സാമ്പത്തിക സമത്വം സാധിക്കട്ടെ എന്നു കരുതി സമ്പത്ത് മുഴുവൻ മുഹാജിറുകൾക്ക് നൽകി; അൻസ്വാറിൽ താരതമ്യേന പാവങ്ങളായ രണ്ടുപേർക്കും.

ഈ നടപടിയെ ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു. "രാജ്യവാസികളിൽനിന്ന് അല്ലാഹു തന്റെ ദൂതന്ന് യുദ്ധമൊഴിവാക്കി വാങ്ങിക്കൊടുത്ത ധനം അല്ലാഹുവിനും അവന്റെ ദൂതന്നും തന്റെ അടുത്ത കുടുംബത്തിനും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാർക്കും അവകാശപ്പെട്ടതാണ്. ധനം ധനികർക്കിടയിൽ മാത്രം കറങ്ങിത്തിരിയാതിരിക്കാൻ വേണ്ടി. പ്രവാചകൻ നിങ്ങൾക്ക് നൽകിയത് സ്വീകരിക്കുകയും വിലക്കിയത് വർജിക്കുകയും ചെയ്യുക. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. സ്വഭവനങ്ങളിൽനിന്നും സ്വത്തുക്കളിൽനിന്നും ബഹിഷ്കൃതരായി പലായനം ചെയ്ത പാവങ്ങൾക്കുള്ളതാണ്. അല്ലാഹുവിന്റെ പൊരുത്തവും അനുഗ്രഹവും കാംക്ഷിച്ചാണ് അത് ചെയ്തത്. അവർ അല്ലാഹുവിനെയും പ്രവാചകനെയും സഹായിച്ചുകൊണ്ടിരിക്കുന്നു. അവരാണ് സത്യവാന്മാർ."(അൽഹശ്ർ: 7, 8).

# കുടുംബ-സമൂഹ ബാധ്യതകൾ

ഒരിക്കൽ ദൈവം സകല സൃഷ്ടികളെയും വിളിച്ചുചേർത്ത് ഇങ്ങനെ അറിയിച്ചു: "എന്റെ കൈവശം ഒരു നിധിയുണ്ട്. ഞാനത് നിങ്ങൾക്കെല്ലാമായി സമ്മാനിക്കാൻ പോവുകയാണ്." മനുഷ്യനൊഴിച്ച് മറ്റെല്ലാവരും ഒരേ ശബ്ദത്തിൽ തങ്ങളുടെ വിപ്രതിപത്തി പ്രകടിപ്പിച്ചു. അപ്പോൾ മനുഷ്യൻ ഇങ്ങനെ പ്രതികരിച്ചു: "സകലജ്ഞനായ ദൈവമേ, ഞാനത് സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളാം."

ദൈവം സംപ്രീതനായി. ദൈവസൃഷ്ടികളായ സകല ചരാചരങ്ങളാലും നിരാകരിക്കപ്പെട്ട നിധി. അതെന്താണെന്നറിയുകയോ അറിയാനുള്ള ഉദ്വേഗം കാണിക്കുകയോ ചെയ്യാതെ മനുഷ്യൻ കാണിച്ച വിവേകത്തിന്റെ തികവിലും ദൈവത്തിലുള്ള ദൃഢമായ വിശ്വാസത്തിലും സംപ്രീതനായ ദൈവം നിധി മനുഷ്യരെ ഏൽപിച്ചനുഗ്രഹിച്ചു. ഖുർആൻ വ്യക്തമാക്കിയതുപോലെ മനുഷ്യൻ ദൈവത്തിന്റെ ഭൂമിയിലെ പ്രതിപുരുഷൻ മാത്രമല്ല, നിധിസൂക്ഷിപ്പുകാരൻ കൂടിയാണ്.(പല ദാർശനികൻമാരും വ്യാഖ്യാതാക്കളും ആ നിധിയെ ഭിന്നരീതിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രതിഭാശക്തി അഥവാ വിശേഷബുദ്ധിയാണത്രെ ദൈവം മനുഷ്യനെ ഭരമേൽപിച്ചത്.)

നൈസർഗിക വാസനകൾക്കെതിരെ-ജന്മായത്തവികാരങ്ങൾക്കെതിരെ -പ്രതികരിക്കാനുള്ള കഴിവ് ജീവരാശികളിൽ മനുഷ്യനു മാത്രമായുള്ള സവിശേഷതയാണ്. സസ്യലതാദികൾക്കും ജന്തുവർഗങ്ങൾക്കും ഇത് സാധ്യമല്ല. രണ്ടുദിവസം ഭക്ഷണം കഴിക്കാതിരിക്കാമെന്ന് ചിന്തിക്കാൻ ഒരു മൃഗത്തിന് കഴിയുമോ? ദുഃഖാർത്തമായി ഒരു സസ്യത്തിന് ആത്മത്യാഗം ചെയ്യാനൊക്കില്ല. മൃഗത്തിനുമത് വയ്യ. സൃഷ്ടിയുടെ നേരത്ത് ഉദ്ദേശിക്കപ്പെട്ടതിൽനിന്ന് വ്യത്യസ്തമായി പക്ഷിമൃഗാദികൾക്കൊന്നും പ്രതികരിക്കാനാവില്ല. മനുഷ്യന് അതൊക്കെ കഴിയും. അവ സാധിക്കാൻ അവനെ കരുത്തനാക്കുമാറ് അവനിൽ പ്രവർത്തിക്കുന്നത് വിശേഷബുദ്ധിയാണ്. നല്ലവനോ ദുഷിച്ചവനോ ആയിത്തീരാനുള്ള സ്വാതന്ത്ര്യമവനുണ്ട്. മണ്ണായി മാറാനും

ദേവ സന്നിഭനായിത്തീരാനും അവന് കഴിയും. നിയാമകം അവന്റെ ചിന്താ ശക്തിയും വിശേഷബുദ്ധിയുമാണ്. ദൈവം അവനെ ഏൽപിച്ച ഏറ്റവും വലിയ സമ്പത്ത് അവന്റെ വിശേഷബുദ്ധിയാണ്.

ദൈവത്തിന്റെ വരദാനമായ വിശേഷബുദ്ധിയെ വിനിയോഗിക്കുന്നതിനാവശ്യമായ ഊർജവും സ്വാതന്ത്ര്യവും ദൈവം തന്നെ അവന് സമ്മാനിച്ചിട്ടുണ്ട്. അപ്പോൾ വിശേഷബുദ്ധിയുടെ വിനിയോഗം, അത് നന്മയിലേക്കായാലും തിന്മയിലേക്കായാലും ദൈവനിഷേധമല്ല. പക്ഷേ, ദൈവപ്രീതി വിശേഷബുദ്ധിയുടെ വിവേകപൂർവമായ വിനിയോഗത്തിലും വിശിഷ്ട മാർഗത്തിലൂന്നി ദൈവസന്നിധി പൂകാനുള്ള ശ്രമത്തിലും മാത്രമാണ്. നന്നാവാനും നശിക്കാനുമുള്ള സ്വാതന്ത്ര്യമവനുണ്ട്. എന്നാൽ വിശേഷബുദ്ധിയുടെ നേരാംവണ്ണമുള്ള വിനിയോഗത്തിലാണ് അവന്റെ വിവേകവും സംസ്കാരവും വിജയവും കുടികൊള്ളുന്നത്.

സാമാന്യാർഥത്തിലല്ലാതെ, സൂക്ഷ്മതലത്തിൽ മനുഷ്യർ സമന്മാരല്ല. 'ഭിന്നരുചിർഹിലോകഃ' എന്ന ചൊല്ല് അർഥപൂർണം. ഭിന്നരുചി അഥവാ വൈവിധ്യം ജൈവിക പ്രകൃതമാണ്. അവിടെ സമത്വം ആഗ്രഹിക്കുന്നതും പ്രഖ്യാപിക്കുന്നതും പ്രകൃതിവിരുദ്ധമാണ്. പ്രാകൃതികമായി, ദൈവികമായി കൈവന്ന വ്യത്യസ്തതകളാണവ. ആ വ്യത്യസ്തതകൾ സൂക്ഷിക്കുമ്പോൾ തന്നെ മനുഷ്യർ പരസ്പരം സഹോദരങ്ങളാണ്. തടിച്ച മനുഷ്യനെന്ന വലിയ സഹോദരനും മെലിഞ്ഞ മനുഷ്യനെന്ന ചെറിയ സഹോദരനുമില്ല; മനുഷ്യ സഹോദരർ മാത്രം. സാഹോദര്യമാണ് സത്യം.

ഈ മഹത്തായ സത്യത്തിന്റെ തെളിഞ്ഞ പശ്ചാത്തലത്തിൽ സ്ത്രീയും പുരുഷനും തുല്യരാണ്. പുരാതനലോകത്തിലെ വിശ്വാസങ്ങൾക്കും ധാരണകൾക്കുമെതിരെ ഇസ്ലാമുയർത്തിയ മുദ്രാവാക്യമാണത്.

വ്യക്തിസ്വാതന്ത്ര്യത്തെ ഞെക്കിഞെരുക്കിയൊതുക്കുന്ന ഒരു ദർശന വിശേഷമല്ല ഇസ്ലാം. വ്യക്തിസ്വാതന്ത്ര്യത്തെ ഏറ്റവും സ്വച്ഛമായ രീതിയിൽ ഇസ്ലാം അനുവദിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തോടൊപ്പം കുടുംബത്തോടും സമൂഹത്തോടുമുള്ള വ്യക്തിയുടെ കടപ്പാടും ഇസ്ലാം നിഷ്കർഷിക്കുന്നുണ്ട്. വ്യക്തിക്ക് തന്നോടു തന്നെയും കുടുംബത്തോടും സമൂഹത്തോടും സമൂഹത്തിന് മറ്റു സമൂഹങ്ങളോടും തലമുറക്ക് വരും തലമുറകളോടും ബാധ്യതകളുണ്ടെന്ന് ഇസ്ലാം അനുസ്മരിപ്പിക്കുന്നു. സമൂഹത്തിന്റെ ചുമതലബോധമുള്ള കാവൽക്കാരനെന്ന നിലയിൽ സാമൂഹ്യ താൽപര്യം സംരക്ഷിക്കാൻ വ്യക്തിക്ക് ഉത്തരവാദിത്വമുണ്ട്. സമുദ്രത്തിലെ കപ്പലാണ് മനുഷ്യസമൂഹമെന്നും സാമൂഹ്യരക്ഷക്കുത്തരവാദി അതിലെ ഓരോ യാത്രക്കാരനുമാണെന്നും ഇസ്ലാം കരുതുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ കപ്പലിൽ തനിക്കവകാശപ്പെട്ട ഭാഗം പൊളിക്കാൻ ആരും മുതിരുകയില്ലല്ലോ.

പ്രബുദ്ധമായ പൗരബോധം ഉദാത്തമായ കുടുംബസമൂഹസംവിധാനത്തിന് എത്രമേൽ അനുപേക്ഷണീയമാണെന്നും ഇസ്‌ലാം വിശദീകരിക്കുന്നുണ്ട്. ദൈവമാർഗത്തിൽ, നന്മയുടെ ഭാഗത്തു നിന്നുകൊണ്ട് വ്യക്തികൾ പരസ്പരം സഹകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

"പുണ്യത്തിലും ദൈവഭക്തിയിലും പരസ്പരം സഹായികളാവുക. പാപത്തിലും പരാക്രമത്തിലും പരസ്പരം സഹായികളാകാതിരിക്കുക." (5: 2)

"നിങ്ങളാരെങ്കിലും അരുതാത്തതു വല്ലതും കണ്ടാൽ കൈകൊണ്ട് അതിനെ തടയണം. അതിനു കഴിയാത്ത പക്ഷം നാവുകൊണ്ട്. അതിനും കഴിയില്ലെങ്കിൽ മനസ്സുകൊണ്ട്. വിശ്വാസത്തിന്റെ ഏറ്റവും താഴ്ന്ന പടിയാണത്." (മുസ്‌ലിം)

സമൂഹത്തിൽ നടമാടുന്ന ഓരോ അധർമത്തിന്റെ പേരിലും അതിൽ ഭാഗഭാക്കുകളും അല്ലാത്തവരുമായ ഓരോ പേരും ചോദ്യംചെയ്യപ്പെടും. കാരണം സമൂഹമെന്നത് അഭിന്നവും അവിച്ഛിന്നവുമായ ഒരു പ്രതിഭാസമാണ്. ഒരു മഹാ നൈരന്തര്യമാണ്. ഒരേകതയാണ്. അധർമം അതിനെ അപകടപ്പെടുത്തും. അതുകൊണ്ട് സമൂഹത്തിന്റെ സംരക്ഷണവും പ്രതിരോധവും വ്യക്തിയുടെ അലംഘ്യമായ ബാധ്യതയായി മാറുന്നു.

സമൂഹത്തിൽ അടുത്തായാലും അകലത്തായാലും അധർമത്തിന്റെ ലാഞ്ഛന കാണുമ്പോൾ അതിനെതിരെ സടകുടയാനുള്ള ആത്മവീര്യവും ധാർമിക ബാധ്യതയും വിശ്വാസിയിൽ ഇസ്‌ലാം പ്രതീക്ഷിക്കുന്നു. അത് തന്നെ നേരിട്ട് ബാധിക്കുന്നില്ലല്ലോ എന്ന മട്ടിൽ, അധർമത്തോട് പൗരൻ നിസ്സംഗത കാണിക്കാൻ ഒരുങ്ങുകയാണെങ്കിൽ ദുർവഹമായ അപരാധത്തിന് അവൻ വിധേയനാകും. ആ ഷണ്ഡമായ നിസ്സംഗത, നിഷ്ക്രിയത്വം അവനെ ഒരു കറുത്ത പാപക്കറപോലെ പിന്തുടർന്നുകൊണ്ടേയിരിക്കും. കാരണം എല്ലാവരാലും സംരക്ഷിക്കപ്പെടേണ്ട ഒന്നാണ് സമൂഹം. കൃത്യവിലോപത്തെ ധർമച്യുതിയായും ദൈവാനുശാസനങ്ങളുടെ ലംഘനമായും ഇസ്‌ലാം കാണുന്നു.

"സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാർ പരസ്പരം സഹായികളാണ്. അവർ നന്മ കൽപിക്കുന്നു. തിന്മ തടയുന്നു." (9: 71)

അശരണരെയും അനാഥരെയും രക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും ആവശ്യമെങ്കിൽ ആയുധമെടുക്കേണ്ടി വരും.

"നിങ്ങളെന്തുകൊണ്ട് ദൈവമാർഗത്തിൽ യുദ്ധംചെയ്യുന്നില്ല? മർദിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയും." (4: 75)

അഗതികളുടെയും അനാഥരുടെയും ജീവിത ഭദ്രതയെക്കുറിച്ച് മുഹമ്മദ് നബി സൂക്ഷിച്ചുപോന്ന ഉത്കണ്ഠ അപാരമായിരുന്നു.

"വിധവകളുടെയും അഗതികളുടെയും സേവനത്തിൽ നിരതനായവൻ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവനെപ്പോലെയോ രാത്രി നിന്ന് നമസ്കരിക്കുകയും പകൽ നേരത്ത് നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെപ്പോലെയോ അകുന്നു." (ബുഖാരി, മുസ്ലിം)

സമുദായത്തിലെ അശരണർക്കും അഗതികൾക്കും ആവശ്യമായതു ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്വം സമുദായത്തിനാണ്. സകാത്ത് സംഭരിച്ച് അതിന്റെ അവകാശികൾക്കിടയിൽ വിളംബംവിനാ വിതരണം ചെയ്യണമെന്ന് ഇസ്ലാം സംസ്കൃതി ശക്തമായാവശ്യപ്പെടുന്നു. അതും മതിയാകാതെവന്നാൽ വേണ്ടത്ര സംഖ്യ ഉള്ളവരിൽനിന്ന് നിർബന്ധപൂർവം സംഭരിക്കണം. സമുദായത്തിൽ ഒരു വ്യക്തി ഒരു ദിവസം പട്ടിണി കിടക്കേണ്ടിവന്നാൽ, അവന് ഭക്ഷണം നൽകാൻ പ്രേരിപ്പിക്കുന്നില്ലെങ്കിൽ ആവശ്യമായ പരിഹാരമാർഗം കണ്ടെത്തുന്നതിൽ അലംഭാവം കാട്ടുകയാണെങ്കിൽ സമുദായമാകെ കുറ്റഭാരം പേറേണ്ടിവരും. ഇക്കാര്യത്തിലുള്ള ഖുർആനിക പരാമർശം ശ്രദ്ധേയം:

"കാര്യം അങ്ങനെയല്ല. നിങ്ങൾ അനാഥയെ പരിഗണിക്കുന്നില്ല. അഗതിക്ക് അന്നംനൽകാൻ പ്രേരിപ്പിക്കുന്നുമില്ല. പാരമ്പര്യമായിക്കിട്ടിയ സ്വത്ത് വാരിക്കൂട്ടി വെട്ടിവിഴുങ്ങുകയും ചെയ്യുന്നു. ധനത്തെ നിങ്ങൾ അതിരറ്റ് സ്നേഹിക്കുന്നു. അതല്ല, ഭൂമിയാകെ ഇടിച്ചു നിരപ്പാക്കുകയും, നിന്റെ നാഥനും അണിയണിയായി മലക്കുകളും വരികയും, അന്ന് നരകത്തെ നിങ്ങളുടെയടുത്തേക്ക് കൊണ്ടുവരുകയും ചെയ്യുമ്പോൾ; അന്ന് മനുഷ്യന് എല്ലാം ഓർമവരും. അപ്പോൾ ഓർത്തിട്ടെന്തു കാര്യം? അവൻ പറയും: 'അയ്യോ, എന്റെ ഈ ജീവിതത്തിനായി ഞാൻ നേരത്തെ എന്തെങ്കിലും ചെയ്തുവെക്കണമായിരുന്നു!' അന്നാളിൽ അല്ലാഹു ശിക്ഷിക്കും വിധം മറ്റാരും ശിക്ഷിക്കുകയില്ല. അവൻ പിടിച്ചുകെട്ടുമ്പോലെ മറ്റാരും പിടിച്ചുകെട്ടുകയുമില്ല." (89: 17–26)

"ഏതെങ്കിലും നാട്ടിൽ ഒരു മനുഷ്യൻ വിശന്നുകഴിയേണ്ടിവന്നാൽ അന്നാട്ടുകാരെ രക്ഷിച്ചുപോരുന്ന ഉത്തരവാദിത്വത്തിൽനിന്ന് അല്ലാഹു ഒഴിവായി" എന്ന ഹദീസ് എത്രമാത്രം അർഥപൂർണമാണ്!

"കൂടുതൽ വാഹനമുള്ളവർ വാഹനമേതുമില്ലാത്തവർക്ക് നൽകട്ടെ." (മുസ്ലിം, അബൂദാവൂദ്)

"രണ്ടാളുകളുടെ ഭക്ഷണത്തിന് മൂന്നാമതൊരാളെ കൂട്ടുക. നാലാളുടെ ഭക്ഷണത്തിന് അഞ്ചാമതൊരാളെയും."(ബുഖാരി, മുസ്ലിം)

"സമൂഹം ഒരു ശരീരംപോലെ. ഒരവയവത്തിന് വല്ലതും പിണഞ്ഞാൽ ശരീരം മുഴുവൻ പനിപിടിച്ച് ഉറങ്ങാതെ അതിൽ പങ്കുചേരുന്നു."(ബുഖാരി,

മുസ്ലിം)

"വിശ്വാസികൾ ഒരു കെട്ടിടം പോലെ. അതിന്റെ ഭാഗങ്ങൾ പരസ്പരം ശക്തിപ്പെടുത്തും." (ബുഖാരി, മുസ്ലിം)

"അപ്പോൾ ആര് അതിക്രമം കാണിക്കുകയും ഇഹലോക ജീവിതത്തിന് അളവറ്റ പ്രാധാന്യം നൽകുകയും ചെയ്യുന്നുവോ അവന്റെ സങ്കേതം കത്തിക്കാളുന്ന നരകത്തീയാണ്. എന്നാൽ ആര് തന്റെ നാഥന്റെ പദവിയെ പേടിക്കുകയും മനസ്സിനെ ശാരീരികേച്ഛകളിൽനിന്ന് വിലക്കിനിർത്തുകയും ചെയ്യുന്നുവോ ഉറപ്പായും അവന്റെ മടക്കസ്ഥാനം സ്വർഗമാണ്." (79: 37–41)

"നിന്റെ നാഥൻ വിധിച്ചിരിക്കുന്നു: നിങ്ങൾ അവന് മാത്രം വഴിപ്പെടുക. മാതാപിതാക്കൾക്ക് നന്മ ചെയ്യുക. അവരിൽ ഒരാളോ രണ്ടുപേരുമോ വാർധക്യം ബാധിച്ച് നിന്നോടൊപ്പമുണ്ടെങ്കിൽ അവരോട് 'ഛെ' എന്നു പോലും പറയരുത്. പരുഷമായി സംസാരിക്കരുത്. അവരോട് ആദരവോടെ സംസാരിക്കുക." (17: 23)

# അറഫയുടെ അർഥസമ്പന്നത

ഇസ്‌ലാമിക ചരിത്രപഥത്തിൽ അത്യന്തം ശ്രദ്ധേയമാണ് അറഫ. മക്കയിൽനിന്ന് ഉദ്ദേശം ഇരുപത്തിയൊന്ന് കിലോമീറ്റർ കിഴക്കായി കിടക്കുന്ന, കഷ്ടിച്ച് ഇരുനൂറടി ഉയരമുള്ള ഒരു കുന്ന്. അറഫാത്ത് എന്ന സമതല ഭൂമികയിലാണ് അറഫയുടെ അവസ്ഥാനം. കാരുണ്യത്തിന്റെ മല(ജബലുർറഹ്മ)യായും 'തിരിച്ചറിവിന്റെ കുന്നാ'യും അറഫ അറിയപ്പെടുന്നു.

ഭൂമിയിലേക്ക് നിഷ്കാസിതരായ ആദം-ഹവ്വമാർക്ക് അഭയം ലഭിച്ചത് ഈ മലയിലാണ്. പരസ്പരമറിയാതെ അകലങ്ങളിലെവിടേക്കോ എറിയപ്പെട്ടതുപോലെ അവർ കുറേക്കാലം കഴിഞ്ഞു. കണ്ടെത്താനുഴറി നടന്നു. ഒടുക്കം ആദമും ഹവ്വയും അന്യോന്യം കണ്ടെത്തിയതും തിരിച്ചറിഞ്ഞതും ഇവിടെവച്ചാണ്. അതോടെയാണ് അറഫ വിശ്വാസതലത്തിലും ചരിത്രപഥത്തിലും സർവാതിശായിത്തം നേടിയത്.

പ്രവാചകൻ മുഹമ്മദ് തന്റെ വിടവാങ്ങൽ പ്രസംഗത്തിന് സ്വയം വരിച്ച വേദിയാണ് അറഫ. അതിനായി അറഫ തെരഞ്ഞെടുക്കപ്പെട്ടത് കേവലം യാദൃച്ഛികമാണോ? പ്രവാചകത്വ സംലബ്ധിക്കു ശേഷം മുഹമ്മദ് ആദ്യമായി ജനങ്ങളോട് സംസാരിച്ചത് സമീപസ്ഥമായ സഫാ മലമുകളിൽനിന്നുകൊണ്ടാണ്. അതിനടുത്താണ് പ്രസിദ്ധമായ മർവാ കുന്നുകൾ. എന്തുകൊണ്ട് അവയൊന്നും തെരഞ്ഞെടുക്കാതെ കുറച്ചകലെയുള്ള അറഫ തെരഞ്ഞെടുത്തു? സ്വാഭാവികമായും ഒരു വിചാരമതിയുടെ മനസ്സിൽ ഇങ്ങനെയൊരു ചോദ്യം ഉയർന്നുകൂടായ്കയില്ല.

അറഫാ മലയ്ക്ക് വിശ്വാസപരവും വൈകാരികവും സാർഥകവുമായ ഒരു സവിശേഷതയുണ്ട്. സൂക്ഷ്മദൃക്കായ പ്രവാചകന് അത് കാണാതിരുന്നുകൂടാ. തന്നിലൂടെ അവതരിപ്പിക്കപ്പെട്ട സത്യവേദ വിശ്വാസത്തിന്റെ സഹജപ്രകൃതത്തിനനുരോധമായിരിക്കണം തന്റെ സകല ചലനങ്ങളുമെന്ന് നിഷ്കർഷയുള്ള പ്രവാചകൻ അറഫയുടെ അനുഭവധന്യമായ അതീതകാലത്തെക്കുറിച്ചോർത്തുകാണും. അന്ത്യപ്രവാചകൻ മുഹമ്മദ് അറഫാ

കുന്നിന്റെ നെറുകയിൽ നിൽക്കുമ്പോൾ (നെറുകയിലല്ല, പള്ളയിൽ) പ്രവാചകനും അതു കണ്ടുനിൽക്കുന്ന വിശ്വാസികളാകെയും അറഫയുടെ മുകളിലൂടെ നടന്നുനീങ്ങിയ ആദമിനെയോർത്തുകാണും. ആദ്യ പ്രവാചകനായ ആദം തൊട്ട് പ്രവാചക പരമ്പരയുടെ സുവർണശൃംഖലയിലെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബി വരെയുള്ളവരെക്കുറിച്ചോർക്കുമ്പോൾ അതൊരു വിശ്വോത്തര സംസ്കാരത്തിന്റെ അഥവാ ഇസ്ലാമിക സംസ്കൃതിയുടെ അനുസ്മരണത്തിന് കാരണമായിത്തീരും. ആദം മുതൽ മുഹമ്മദ് വരെയുള്ള പരസഹസ്രം പ്രവാചകന്മാരുടെ ദർശനസാരവും സാഫല്യവുമാണ്, ഇസ്ലാമിക സംസ്കൃതിയെന്ന മഹത്തായ ചിന്തയുടെ തെളിവെളിച്ചമാണ് അവിടെ പ്രസരിക്കുന്നത്. ഇസ്ലാമിക ദർശനം കേവലം മുഹമ്മദൻ മതമല്ലെന്നും ആദം മുതൽ മുഹമ്മദ് വരെയുള്ളവരിലൂടെ ആവിഷ്കൃതമായ ദൈവവചസ്സുകളുടെ ആത്മഭാവം അതിൽ അനുസ്പന്ദിക്കുന്നുണ്ടെന്നും വരുന്നു. ഇസ്ലാമിക സംസ്കൃതിയുടെ വ്യതിരിക്തമായ ഈ സവിശേഷ ഭാവം അനാവരണം ചെയ്യുവാൻ അറഫ പോലെ മറ്റൊരിടമുണ്ടാവുകയില്ല. ഒരേ ദൈവബോധ്യവും ഒരേ പ്രവാചകത്വവും ഒരേ വേദ സംസ്കൃതിയും ഉദ്ഗാനം ചെയ്യുന്ന ഇസ്ലാമികദർശനം ഒരു മതദർശനം എന്നല്ല, മതാതീത ദർശനം എന്ന് വിശേഷിപ്പിക്കപ്പെടുന്നതാവും ശരി.

ആംഗലേയ ലേഖകനായ ബർട്ടൻ ചേതോഹരമാംവിധം പ്രവാചകൻ മുഹമ്മദിന്റെ അന്ത്യപ്രഭാഷണ രംഗം ചിത്രീകരിച്ചിട്ടുണ്ട്:

"ശാരീരികമായ വൈവശ്യമുണ്ടെങ്കിലും ഖസ്വാ എന്ന ഒട്ടകപ്പുറത്തേറിയാണ് പ്രവാചകൻ അറഫായിലേക്ക് യാത്ര തിരിച്ചത്. ഉർന താഴ്വരയിലെത്തി. അറഫായുടെ പള്ളയിൽ കയറിനിന്ന് ദൈവത്തിന്റെ വിശുദ്ധനായ അടിമ, തന്റെ മുന്നിൽ കണ്ണിമയ്ക്കാതെ ശ്വാസമടക്കിനിൽക്കുന്ന മനുഷ്യമഹാസാഗരത്തെ(ഉദ്ദേശം ഒരു ലക്ഷത്തി പതിനാലായിരം പേർ) ഒന്നുഴിഞ്ഞു നോക്കി. പിന്നെ പതുക്കെ സംസാരിച്ചു തുടങ്ങി. അനുവാചകരിൽ അനവദ്യമായ ഒരനുഭൂതി രസം പകർന്നുകൊണ്ടാണത് തുടർന്നത്. അനുഗൃഹീത ശബ്ദസൗകുമാര്യത്തിന്റെ ഉടമയായ റബീഅ പ്രവാചകവചനങ്ങൾ ഉറക്കെ ആവർത്തിച്ചു. ഹ്രസ്വ സുന്ദരമായ ആ ഭാഷണം ലക്ഷണയുക്തമായ വാഗ്മിത്വത്തിന്റെ നിരമോഘ നിദർശനമായിരുന്നു. കാലത്തിന്റെ ഹൃദയഭിത്തിയിൽ സൗമ്യസുന്ദരമായ അനുരണനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇന്നും ജീവിക്കുന്ന മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ശംഖൊലിയാണവിടെ കേട്ടത്. ലോകത്തിന്നോളം അവതീർണരായ പ്രവാചകന്മാരുടെയും വേദഗ്രന്ഥങ്ങളുടെയും അന്തഃസ്പന്ദനങ്ങൾ ആ ഭാഷണത്തിന് ആത്മവീര്യം നൽകുന്നതായി അനുവാചകർക്ക് തോന്നി. ആദ്യത്തെ പ്രവാചകനായ ആദം ഇറങ്ങിനടന്ന അറഫയിൽനിന്ന് അന്ത്യപ്രവാചകനായ മുഹമ്മദ് സംസാരിക്കുമ്പോൾ ഇസ്ലാം സംസ്കൃതിയുടെ സമഗ്രത അവിടെ ദളപുടങ്ങൾ വിടർത്തുന്നതായിത്തോ

ന്നി. സാർവകാലികമായ, സാർവജനീനമായ ഇസ്ലാമെന്ന വരിഷ്ടസംസ്കൃതിയുടെ ബൃഹത്തായ രൂപം, മഹത്തായ ഭാവം അനാവരണംചെയ്യാൻ പോരുന്ന മറ്റൊരു രംഗഭൂമികയില്ല, അറഫപോലെ...."

# അനാഥ സംരക്ഷണം ഉപാസനകളിൽ ഉദാത്തം

രണ്ടേയുള്ളൂ–സ്രഷ്ടാവും സ്രഷ്ടാവിന്റെ കർമതലപ്രതിഭാസമായ സൃഷ്ടി ജാലവും. ദൈവത്തിന്റെ സൃഷ്ടിവൈചിത്ര്യങ്ങളിൽ മനുഷ്യരാശി ഏറെ ഉൽകൃഷ്ടവും. അതിന് പരമകാരണം മനുഷ്യരാശിക്ക് ദൈവമനുവദിച്ച വിശേഷബുദ്ധിയാണ്. പ്രപഞ്ചസൗന്ദര്യമാസ്വദിക്കാനും ആഴത്തിലും പരപ്പിലും വിശേഷബുദ്ധിയെ പടർത്തി മഹാത്ഭുതങ്ങൾ വിരചിക്കാനും മനുഷ്യന് സാധിക്കുന്നു.

സ്മരണവും സങ്കൽപനവും സമീക്ഷണവും സയുക്തികനിഗമനങ്ങളും വിഭാവനകളും അന്തഃചോദനകളും അതുപോലുള്ള പലതും അവന് മാത്രം കൈവന്ന ദൈവാനുഗ്രഹങ്ങളാണ്. ശക്തവും സൂക്ഷ്മവും സമഗ്രവുമായ അവന്റെ വിചാരസിദ്ധികൾക്ക് ദൈവഹിതം പോലുമറിയാനുള്ള കഴിവുണ്ട്. അവൻ ദൈവത്തിന്റെ അസ്തിത്വവും ഏകത്വവുമറിയുന്നത് രണ്ടു മാർഗങ്ങളിലൂടെയാണ്. നിരീക്ഷണമാണൊന്ന്, രണ്ടാമത്തേത് പ്രവാചകപ്രബോധനവും.

അവൻ പിറന്നുവീഴുന്നത് പ്രപഞ്ചത്തിലാണ്. മറ്റൊരു പ്രാപഞ്ചിക പ്രതിഭാസം പോലെ. അവന്നു ചുറ്റും ദൃഷ്ടാന്തങ്ങളാണ്– സൂചനകളാണ്, അവന്റെ പിറവി പോലും. എല്ലാം വിരൽചൂണ്ടുന്നത് ദൈവമെന്ന മഹാ സത്യത്തിലേക്കാണ്. മാംസചക്ഷുസ്സുകൾക്കും സ്ഥൂലശ്രോത്രങ്ങൾക്കും പ്രാപഞ്ചിക പ്രതിഭാസങ്ങളെ കാണാനും അനുഭവിക്കുവാനും കഴിയുന്നു എന്നതിൽ അസാധാരണത്വം ഒന്നുമില്ല. എന്നാൽ തന്നിൽ നിക്ഷിപ്തമായ വിശേഷബുദ്ധിയുടെ വിനിയോഗം കൂടി സാധിക്കുമ്പോൾ, കടന്നുകാണുമ്പോഴും കവിഞ്ഞുകേൾക്കുമ്പോഴും അവയുടെ 'ഉപ്പ് ചേർത്ത്' പ്രപഞ്ച പ്രതിഭാസങ്ങളെ അനുഭവിക്കാൻ കഴിയുമ്പോൾ "പുക്കളിൽ മധുപോലെ മധുവിൽ മാധുര്യം പോലെ" ദൈവാസ്തിത്വം നമുക്ക് അതിവിശിഷ്ടമായ ഒരാത്മീയാനുഭൂതിയായി പരിണമിക്കുന്നു. ദൈവാസ്തിത്വത്തിലേക്ക് വിരൽചൂണ്ടുന്ന ഒരായിരം ദൃഷ്ടാന്തങ്ങളുടെ നടുവിൽ പിറന്നുവീഴുന്ന മനുഷ്യന് ദൈവ

നിഷേധിയാവുക സാധ്യമല്ല. കുറേ കൂടി സൂക്ഷ്മമായ നിരീക്ഷണത്തിനും സമഗ്രമായ താരതമ്യത്തിനുമൊരുങ്ങുമ്പോൾ ദൈവത്തിന്റെ സ്ഫടികസ്ഫുടമായ ഏകത്വമല്ലാതെ മറ്റൊന്നല്ല ബോധ്യപ്പെടുക.

ദൈവത്തിന്റെ രചനാവിലാസമാണ് വൈവിധ്യമാർന്ന പ്രപഞ്ചം. സൃഷ്ടി വൈചിത്ര്യങ്ങളാകെ ദൈവത്തിന്റെ സർഗചേതനയുടെ അമോഘ ദൃഷ്ടാന്തങ്ങളാണ്. സൃഷ്ടികളിൽ ശ്രേഷ്ഠമെന്ന് കീർത്തിക്കപ്പെടുന്ന മനുഷ്യവർഗം ഏകദൈവത്വത്തിന്റെ തിരുസന്നിധിയിൽനിന്ന് ഇറങ്ങിത്തിരിച്ചവരും ഒരേ തരം ധർമകർമങ്ങൾക്ക് വിധേയരും ഒരേ വരിഷ്ടസങ്കേതത്തിലേക്ക് തിരികെപ്പോകേണ്ടവരുമാണ്. മനുഷ്യർ സൃഷ്ടിക്കപ്പെട്ടത് ഒരേയൊരു വസ്തുവിശേഷത്തിൽനിന്നാണെന്നും മനുഷ്യർ ഉണർത്തപ്പെട്ടത് ഒരേ ദൈവ വിശ്വാസം കൊണ്ടാണെന്നും മനുഷ്യവർഗം പ്രാദുർഭവിച്ചത് ഒരേ മാതാപിതാക്കളിൽനിന്നാണെന്നും നാമറിയുമ്പോൾ ലോകമെന്നത് ഒരു കുടുംബമാണെന്നും അതിലെ ജീവരാശികൾ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൃംഖല കൊണ്ട് പരിബന്ധിതരാണെന്നും വരുന്നു. അപ്പോൾ ആരോഗ്യകരമായ കുടുംബബന്ധമെന്നത് കുടുംബവും സമൂഹവുമുൾക്കൊള്ളുന്ന സകലരുടെയും ശക്തിസിദ്ധികളെയാശ്രയിച്ചു കിടക്കുന്നു. അനാഥരും അഗതികളും നിസ്വരും നിസ്സഹായരും സമൂഹത്തിന്റെ രോഗാതുരത വിളിച്ചറിയിക്കുന്നു. ആർത്തരും ആലംബഹീനരുമില്ലാത്ത സമൂഹം അല്ലാഹുവിന്റെ അഭിലാഷമാണെന്നും അതിനുള്ള ശ്രമവും ശ്രദ്ധയും ദൈവമാർഗത്തിലുള്ള ഉപാസനകളാണെന്നും നാമറിയുന്നു.

അല്ലാഹുവിന്റെ വശം അമേയമായ കാരുണ്യമുണ്ട്. അതിലൊരു പങ്ക് തന്റെ പ്രിയപ്പെട്ട ലോകത്തിന് സമ്മാനിക്കുവാൻ അവൻ തീരുമാനിച്ചു. ഒരിക്കൽ അല്ലാഹു തന്റെ വശമുള്ള കാരുണ്യപൂരത്തെയാകെ നിരത്തിവെച്ച് അതിനെ നൂറായി പകുത്തു. അല്ലാഹു അതിലൊരു പങ്ക് എടുത്ത് കൈത്തലത്തിലിട്ട് ഊതിപ്പറത്തി. അപ്പോൾ ദൈവകാരുണ്യത്തിന്റെ നൂറിലൊരംശം മാത്രമായ ധൂളീധൂസരം ലോകത്താകെ പാറിപ്പറന്നു. അതാണിവിടെ സകല ജീവരാശികളിലും സ്നേഹമായും പ്രേമമായും വാത്സല്യമായും അനുകമ്പയായും അനുതാപമായും വിനയമായും ബഹുമാനമായും ആദരവായും ആർദ്രതയായും ആരാധനയായുമെല്ലാം പ്രസരിച്ചത്. നൂറിലൊന്നാണ് ഇത്രയും സമൃദ്ധമായും പ്രവൃദ്ധമായും വ്യത്യസ്തതയാർന്നും പ്രഭാസിക്കുന്ന കാരുണ്യമെങ്കിൽ നൂറിൽ തൊണ്ണൂറ്റിയൊമ്പതും സൂക്ഷിക്കുന്ന ദൈവത്തിന്റെ അധീനതയിലുള്ള സ്നേഹപ്പെരുമ എത്ര സമ്പന്നമായിരിക്കും! നിശ്ചയം ദൈവം സ്നേഹസ്വരൂപനും കരുണാമയനും തന്നെ. അപ്പോൾ ആതുരശുശ്രൂഷയും അനാഥ രക്ഷണവും പോലുള്ള കർമാനുഷ്ഠാനങ്ങളെല്ലാം സ്നേഹോപാസനയായും ഈശ്വരാരാധനയായും പരിണമിക്കുന്നു. വിശ്വാസം കൊണ്ടു മാത്രമൊരാൾ മുസ്ലിം ആവുകയില്ലെന്നും വിശ്വാസവും

വിശ്വാസത്തിനനുസരണമായ കർമാനുഷ്ഠാനങ്ങളുമാണ് ഇവിടെ പരിഗണിക്കപ്പെടുന്നതെന്നും സിദ്ധിക്കുന്നു.

കരുണാമയനായ ദൈവത്തിന്റെ മുന്നിൽ സർവസമർപ്പണം നിവേദിക്കുന്ന ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്. മതം ജീവിതപൂർണതയിലേക്കുള്ള മനുഷ്യരാശിയുടെ പ്രയാണത്തെ സുഖകരവും സാർഥകവുമാക്കാനുള്ളതാണെങ്കിൽ മനുഷ്യനാണ് മതത്തിന്റെ കേന്ദ്രബിന്ദു. ഈ ലോകത്തിലെ തന്റെ പ്രതിപുരുഷനായാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്കയച്ചതെങ്കിൽ, സൃഷ്ടികളിൽ ശ്രേഷ്ഠമായത് മനുഷ്യനാണെന്ന് പ്രഖ്യാപിച്ച ദൈവം മനുഷ്യന്റെ ഉപഭോഗത്തിനും ആസ്വാദനത്തിനും വേണ്ടിയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെങ്കിൽ, അന്തിമ വിശകലനത്തിൽ ദൈവാഭിലാഷം മനുഷ്യക്ഷേമവും ജീവിത ശ്രേയസ്സുമാണ്. അതിനാവശ്യമായതെല്ലാം സംവിധാനം ചെയ്തുകൊണ്ടാണ് ദൈവം മനുഷ്യനെ ഇങ്ങോട്ടയച്ചത്. സാത്താനികശക്തികളുടെ വിളയാട്ടവും ശക്തിസ്വാധീനതകളും ഇവിടെയുണ്ടെന്നുള്ളതുകൊണ്ട് അരുതായ്മകളും അനാശാസ്യതകളും അനാരോഗ്യകരങ്ങളായ പലതും ഇവിടെ തലപൊക്കിയെന്നു വരാം. ദാരിദ്ര്യവും വറുതിയും അനീതിയും അഴിമതിയും ആഭിചാരവും കൊലയും കൊള്ളിവെപ്പുമെല്ലാം അത്തരം പ്രതിഭാസങ്ങളാണ്. സൂക്ഷ്മവിശകലനത്തിൽ, ദൈവത്തിന്റെ നിത്യസാന്നിധ്യംകൊണ്ട് സനാഥനാണ് മനുഷ്യനെങ്കിലും അവനെ അനാഥനും അഗതിയുമാക്കാൻ പോരുമാറ് സാത്താനിക സ്വാധീനമിവിടെ ശക്തിപ്രാപിച്ചുവരികയാണ്. ഇതിനെതിരെ നിതാന്തജാഗ്രത പുലർത്തി, അറുതിയും വറുതിയുമില്ലാത്ത, അഗതികളുടെയും അനാഥരുടെയും തേങ്ങലുകളുയരാത്ത ഒരു സാമൂഹ്യസംവിധാനം ഇവിടെ രൂപപ്പെട്ടുവരണം.

അനാഥസംരക്ഷണ പ്രധാനമായ സാമൂഹ്യ സേവനത്തിലൂടെയല്ലാതെ അല്ലാഹുവിന്റെ തിരുസന്നിധി പൂകാൻ സാധ്യമല്ലെന്നുദ്ഘോഷിച്ച സത്യവേദത്തിന്റെ അനുഗാതാക്കൾ വിചാരത്തിലും പ്രവൃത്തിയിലും വാക്കിലും നോക്കിലും ഈ മഹാസത്യമുൾക്കൊണ്ടവരായി മാറണം. വേദഗ്രന്ഥത്തിലെ വാക്കുകളിലുടനീളം നുരഞ്ഞുപതയുന്ന 'ദൈവരസം' കാരുണ്യത്തിന്റേതാണ്. അനാഥർക്ക് സനാഥത്വം നൽകിയും അഗതികൾക്ക് ആശ്രയമരുളിയും നോവ് നുണഞ്ഞ് കഴിയുന്നവരിൽ പ്രത്യാശ വളർത്തിയും അത്യുന്നതമായ ദൈവോപാസനയിൽ–ഇബാദത്തിൽ–പൂർണ ഹൃദയം കൊണ്ട് പങ്കാളിത്തം വഹിക്കാൻ സത്യവേദവിശ്വാസികൾക്ക് സാധിക്കണം.

പ്രകാശത്തിന്റെ പ്രബോധകനും പ്രവാചകവരേണ്യനും മനുഷ്യവിമോചകനുമായ മുഹമ്മദാണ് സത്യവേദസംസ്കൃതി പരിചയപ്പെടുന്ന ആദ്യത്തെ 'യതീം' എന്ന യാഥാർഥ്യം യതീം സമൂഹത്തിൽ ആത്മാഭിമാനമുണർത്താനും അവരിൽ ആത്മവിശ്വാസം വളർത്താനും പോന്നതാണ്. യതീം എന്നത് കാലഘട്ടത്തിന്റെ ശാപമോ സാമൂഹ്യ വൈകൃതമോ അല്ല. പ്രത്യു

ത, വിശ്വാസിയുടെ ആത്മാർഥതയെ പരീക്ഷണത്തിലൂടെ ബോധ്യപ്പെടുവാനുള്ള ദൈവികോപാധിയാണ്. അവരോടുള്ള സമീപനം ദൈവത്തിന്റെ സൂക്ഷ്മശ്രദ്ധക്ക് വിധേയമാകുമെന്നും വിശ്വാസവിശുദ്ധി ബോധ്യപ്പെടുത്തുവാൻ അതുപോലൊന്ന് മറ്റില്ലെന്നും വേദഗ്രന്ഥം ഘോഷിക്കുന്നു.

അനാഥ സംരക്ഷണം അത്യുത്കൃഷ്ടമായിക്കരുതിപ്പോരുന്ന ഒരു മതദർശനമാണ് ഇസ്ലാം. അനാഥരോട് പരുഷമായി പെരുമാറുന്നതുപോലും മതനിഷേധമാണെന്ന് ഇസ്ലാം ബോധിപ്പിക്കുന്നു. ലോകത്തിലെ മറ്റൊരു മതദർശനത്തിലും അനാഥ സംരക്ഷണത്തെ ഇത്രമേൽ ഉദാത്തവൽക്കരിച്ച് പ്രകീർത്തിച്ചതായി കാണുവാൻ സാധ്യമല്ല. ഖുർആനിലെ വരിഷ്ട വചനങ്ങൾ നോക്കുക:

"മതനിഷേധിയെ നീ കണ്ടുവോ? അനാഥയെ ആട്ടിയകറ്റുന്നവനാണവൻ." (107: 1–2)

"നാം ദൈവത്തെ ഭയപ്പെടണം. അനാഥരോട് അലിവോടെ പെരുമാറണം." (4: 9)

"അനാഥരോട് നിങ്ങൾ നീതിയിൽ വർത്തിക്കണം." (4: 127)

"സമ്പത്തിനോട് ഏറെ പ്രിയമുണ്ടായിരിക്കെ അത് അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാർക്കും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിനും ചെലവഴിക്കുക." (2: 177)

"നിങ്ങൾ ചെലവഴിക്കുന്ന നല്ലതെന്തും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമാണ് നൽകേണ്ടത്." (2: 215)

"അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അനാഥർക്കും അഗതികൾക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു." (76: 8)

"അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് അന്നമേകുന്നത്. നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിയോ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല." (76: 9)

"ജനങ്ങളുടെ മുതലുകളിൽ ചേർന്നു വളരുന്നതിനുവേണ്ടി നിങ്ങൾ നൽകുന്ന പലിശയുണ്ടല്ലോ, അത് അല്ലാഹുവിന്റെയടുത്ത് ഒട്ടും വളരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ച് നിങ്ങൾ വല്ലതും സകാത്തായി നൽകുന്നുവെങ്കിൽ അങ്ങനെ ചെയ്യുന്നവരാണ് അതിനെ ഇരട്ടിപ്പിച്ച് വളർത്തുന്നവർ." (30: 39)

"ദൈവമാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരുടെ ഉപമയിതാ: ഒരു ധാന്യമണി. അത് ഏഴ് കതിരുകളെ മുളപ്പിച്ചു. ഓരോ കതിരിലും നൂറു

മണികൾ– അല്ലാഹു അവനിച്ഛിക്കുന്നവർക്ക് ഇവ്വിധം ഇരട്ടിയായി കൂട്ടിക്കൊടുക്കുന്നു. അല്ലാഹു ഔദാര്യവാനും സർവജ്ഞനുമാകുന്നു." (2: 261)

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവുചെയ്യുകയും പിന്നീട് തങ്ങൾ ചെലവുചെയ്ത് സ്വീകരിച്ചവരോട് ഔദാര്യമായി എടുത്തു പറയാതിരിക്കുകയും അവരുടെ മനസ്സ് വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അർഹമായ പ്രതിഫലമുണ്ട്. അവർക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല." (2: 262)

"അനാഥക്കുട്ടികളെ സംബന്ധിച്ചും അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവർക്ക് നന്മ വരുത്തുന്നതെല്ലാം നല്ലതാണ്. നിങ്ങളവരോടൊപ്പം താമസിക്കുന്നതിലും തെറ്റില്ല. അവർ നിങ്ങളുടെ സഹോദരന്മാരാണല്ലോ." (2: 220)

"അനാഥയോട് നീ കാഠിന്യം കാട്ടരുത്." (93: 9)

"അല്ലാഹുവിനോടുള്ള പ്രേമം മൂലം അനാഥർക്കും അഗതികൾക്കും ബന്ധനത്തിലകപ്പെട്ടവർക്കും അവർ ആഹാരം നൽകും." (76: 8)

"ഓഹരി വെക്കുമ്പോൾ, ബന്ധുക്കളും അനാഥരും ദരിദ്രരും അവിടെ വന്നിട്ടുണ്ടെങ്കിൽ അതിൽനിന്ന് അവർക്കും എന്തെങ്കിലും കൊടുക്കുക. അവരോട് നല്ലവാക്ക് പറയുകയും ചെയ്യുക." (4: 8)

"അനാഥകളുടെ ധനം അന്യായമായി അനുഭവിക്കുന്നവർ അവരുടെ വയറുകളിൽ തിന്നു നിറക്കുന്നത് തീയാണ്. സംശയം വേണ്ടാ, അവർ നരകത്തിൽ കത്തിയെരിയും." (4: 10)

"മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ബന്ധുക്കൾ, അനാഥർ, അഗതികൾ, കുടുംബക്കാരായ അയൽക്കാർ, അന്യരായ അയൽക്കാർ, സഹവാസികൾ, വഴിപോക്കർ, നിങ്ങളുടെ അധീനതയിലുള്ള അടിമകൾ– എല്ലാവരോടും നല്ല നിലയിൽ വർത്തിക്കുക." (4: 36)

"അനാഥകളുടെ സ്വത്ത് നിങ്ങൾ അവർക്കുതന്നെ വിട്ടുകൊടുക്കുക. നല്ല സമ്പത്തിനെ ചീത്തയാക്കി മാറ്റരുത്. അവരുടെ സ്വത്തും നിങ്ങളുടെ സ്വത്തും കൂട്ടിക്കലർത്തി തിന്നരുത്. സംശയം വേണ്ടാ, കൊടും പാപമാണത്." (4: 2)

ഖുർആനിൽ സ്വന്തക്കാരുടെയും ബന്ധുക്കളുടെയും തൊട്ടടുത്താണ് അനാഥരുടെ കാര്യം പരാമർശിച്ചത്. ഉദാ: 4: 36, 2: 177, 2: 215.

ഏറ്റവും നല്ല ഭവനം ഏതെന്ന് പ്രവാചകനോട് ചോദിച്ചപ്പോൾ പ്രതികരണം ഇതായിരുന്നു:

"അനാഥക്ക് അഭയം നൽകുന്ന വീട്."

ചീത്ത ഭവനം ഏതെന്നന്വേഷിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു:

"അനാഥയോട് മോശമായി പെരുമാറുന്ന വസതി."

ജാഹിലിയ്യാ കാലത്ത് അറബികൾ അനാഥസ്ത്രീകളെ വിവാഹം ചെയ്ത് കടുത്ത ദ്രോഹങ്ങൾ ചെയ്തതായി ചരിത്രസാക്ഷ്യമുണ്ട്. സത്യവേദം കർശനമായി അതിനെ നേരിട്ടു. വിവാഹത്തിന്റെ എണ്ണം നിയന്ത്രിച്ചതിന്റെ പ്രധാന ഉദ്ദേശ്യം അനാഥ പെൺകുട്ടികളോടുള്ള ദ്രോഹം കുറക്കുകയായിരുന്നു എന്ന് ഹദ്റത്ത് ആഇശയുടെ ഒരു നിവേദനമുണ്ട്. ഇഷ്ടം പോലെ വിവാഹംചെയ്ത് അവരെ പുലർത്താനാവാതെ ചിലർ അനാഥരുടെ സ്വത്ത് കവർന്നിരുന്നു. അത് നിയന്ത്രിക്കാൻ കൂടി വിവാഹത്തിന്റെ എണ്ണം പരിമിതപ്പെടുത്തിയതുകൊണ്ട് സാധിച്ചു എന്ന് ഇബ്നു അബ്ബാസിന്റെ നിവേദനത്തിലുമുണ്ട്.

"നിങ്ങൾ അനാഥരോട് അലിവ് കാട്ടുന്നില്ല"(89 : 17) എന്ന അക്ഷന്തവ്യമായ അപരാധത്തിലേക്ക് വിരൽചൂണ്ടുവാൻ സത്യവേദം കാട്ടിയ ആർദ്രതയും ആർജവവും ശ്ലാഘനീയമാണ്.

ദൈവിക കർമോപാസനക്ക് ഭൂമിയിൽ മനുഷ്യന് കൈവരുന്ന മഹാസന്ദർഭങ്ങളിലൊന്നാണ് അനാഥരക്ഷണവേള. അത് വികാരവിശുദ്ധിയോടെ പ്രയോജനപ്പെടുത്തി ഇവിടെ സന്തോഷവും അവിടെ സർവോത്കൃഷ്ടമായ സൗഭാഗ്യങ്ങളും നേടിയെടുക്കാൻ സാധിക്കണം.

# മദ്യം – തിന്മകളുടെ മാതാവ്

**ജാ**ഹിലിയ്യാ കാലം. സത്യവേദം പ്രകാശമണിഞ്ഞുകഴിഞ്ഞിട്ടില്ലാത്ത ഇരുളുറഞ്ഞ കാലതലം. അന്ന് അറബികൾ വീഞ്ഞുകുടിച്ച് മതികെടാറുണ്ട്. മദ്യകുംഭങ്ങൾ നിറച്ചുനിരത്തിയ സൽക്കാരം അന്നൊരു സമുന്നത സാമൂഹ്യാചാരമായിരുന്നു. മദ്യത്തോടുള്ള പ്രിയം കാണിക്കാൻ അന്ന് അറബിഭാഷയിൽ പരശ്ശതം പദങ്ങളുണ്ടായിരുന്നു. അന്ന് പിറന്ന കവിതകളിൽ മദ്യത്തിന്റെ നുരയും പതയും നിറഞ്ഞുവഴിയുന്നുണ്ടായിരുന്നു. സത്യവേദത്തിന്റെ തിരുപ്പിറവിയോടെ സംസ്കാരഗതിയാകെ മാറി.

ഖുർആനിൽ 'ഖംറ്' എന്നൊരു പദമുണ്ട്. മദ്യം, ലഹരിപദാർഥം തുടങ്ങിയ അർഥമാണതിന്. മദ്യം മാത്രമല്ല, മയക്കവും ലഹരിയുമുണ്ടാക്കുന്ന സമസ്തവും ഖംറ് എന്ന പദത്തിന്റെ ആശയവിസ്തൃതിയിലുൾച്ചേരും. പ്രവാചകൻ തന്നെ ആ പദത്തെ ഇങ്ങനെ പരിചയപ്പെടുത്തി:

"എല്ലാ ലഹരിയും ഖംറ് ആണ്. എല്ലാ ഖംറും നിഷിദ്ധമാണ്."

മദ്യത്തിനെതിരെ നിരവധി പരാമർശങ്ങളുണ്ട് ഖുർആനിൽ:

"അവർ നിന്നോട് മദ്യത്തെയും ചൂതിനെയും സംബന്ധിച്ച് ചോദിക്കുന്നു. പറയുക: അവ രണ്ടിലും വലിയ ദോഷമുണ്ട്. അവക്ക് ചില ചില്ലറ ഗുണങ്ങൾ കണ്ടേക്കാം. എന്നാൽ അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വലുതാണ്." (2: 219)

"വിശ്വസിച്ചവരേ, നിങ്ങൾ ലഹരിബാധിതരായി നമസ്കാരത്തെ സമീപിക്കരുത്. നിങ്ങൾ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതുവരെ." (4: 43)

"നിശ്ചയമായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും അല്ലാഹുവിന്റെ സ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തട

യണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ അവയിൽനിന്നെല്ലാം വിരമിക്കുകതന്നെ ചെയ്യുക." (5: 91)

"വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠയും ഭാഗ്യപരീക്ഷണത്തിനുള്ള അമ്പുകളും പൈശാചികവൃത്തികളിൽ പെട്ട മാലിന്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയൊക്കെ ഒഴിവാക്കുക. നിങ്ങൾക്ക് ജീവിതവിജയം കൈവരുന്നതിനുവേണ്ടി." (5: 90)

പ്രവാചക വചനങ്ങൾ:

"എല്ലാ ലഹരിവസ്തുക്കളും നിഷിദ്ധങ്ങളാണ്; ഇവിടെ കുടിച്ചു മരിക്കുന്നവർക്ക് അവിടെ ജലപാനം ലഭിക്കുകയില്ല." (മുസ്ലിം)

"മൂന്നു കൂട്ടർക്ക് സ്വർഗം വിലക്കപ്പെട്ടിരിക്കുന്നു: സ്ഥിരം കുടിയന്മാർക്ക്, മാതാപിതാക്കളെ അനാദരിക്കുന്നവർക്ക്, കുടുംബത്തിൽ വിശുദ്ധി സൂക്ഷിക്കാത്തവർക്ക്."(നസാഈ)

"ലഹരിവസ്തുക്കളുടെ ഉപയോഗംകൊണ്ടുണ്ടായ വിപത്തുകളേക്കാൾ വലിയൊരു നാശം മറ്റൊരു വസ്തുവിന്റെ ഉപഭോഗം കൊണ്ടും ഉണ്ടായിട്ടില്ല."(തിർമിദി)

"വലിയ അളവിലുള്ളപ്പോൾ ലഹരിതരുന്നത് ചെറിയ അളവിലും ലഹരിതന്നെ. രണ്ടും നിഷിദ്ധം." (ബുഖാരി, മുസ്ലിം)

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ മദ്യം വിളമ്പുന്ന മേശക്കിരിക്കരുത്; ഒരു സാഹചര്യത്തിലും."

"മദ്യവുമായി ബന്ധപ്പെട്ട പത്തു തരക്കാർ, അല്ലാഹു അവരെ ശിക്ഷിക്കും: മദ്യമുണ്ടാക്കുന്നവനെ, മദ്യത്തൊഴിലാളിയെ, ആർക്കു വേണ്ടിയുണ്ടാക്കുന്നോ അവനെ, കുടിക്കുന്നവനെ, വിളമ്പുന്നവനെ, വഹിച്ചുകൊണ്ടുപോകുന്നവനെ, ആർക്കുവേണ്ടി കൊണ്ടുപോകുന്നോ അവനെ, വിൽക്കുന്നവനെ, വാങ്ങുന്നവനെ, ആർക്കുവേണ്ടി വാങ്ങുന്നുവോ അവനെ."

(വ്യാഖ്യാനം–"മദ്യവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുന്ന ആരെയും ദൈവം ശിക്ഷിക്കും."– ഇബ്നുമാജ)

ബുഖാരിയുടെ അധ്യാപനം:

"മദീനയിൽ, വീഞ്ഞു വിലക്കിക്കൊണ്ടുള്ള വെളിപാടുണ്ടായപ്പോൾ കുറേപേർ മദ്യപിക്കുകയായിരുന്നു. മദ്യക്കോപ്പകൾ തട്ടിയെറിഞ്ഞ് അവർ പുറത്തേക്കോടി. കള്ളുകടയിലേക്ക് പോവുകയായിരുന്നവർ പിന്തിരിഞ്ഞോടി. കടയുടെ പടി നടന്നുകയറുന്നവർ ഇറങ്ങിയോടി. മദ്യകുംഭങ്ങൾ തല്ലിയുടച്ചു. വായിൽ മദ്യം കവിളിക്കഴിഞ്ഞവർ കാർക്കിച്ചുതുപ്പി അശുദ്ധിയകറ്റി.

വെളിപാട് വചനം ആവർത്തിച്ചുകൊണ്ട് അനുയായികൾ തെരുവുകളിലൂടെ പാഞ്ഞുനടന്നു...........മറ്റൊരു പ്രവാചകനെയും ആരും ഇത്രമേൽ അനുസരിച്ചതായറിവില്ല."

"ഒരിക്കൽ പ്രവാചകനോട് ഒരാൾ ചോദിച്ചു: 'തേൻ, ധാന്യം, ബാർലി തുടങ്ങിയവയിൽനിന്നുണ്ടാക്കുന്ന ലഹരിപദാർഥങ്ങൾ കഴിക്കാൻ പറ്റുമോ?' പ്രവാചകൻ പ്രതിവചിച്ചു: 'എല്ലാ ലഹരിവസ്തുക്കളും മദ്യമാണ്. എല്ലാ മദ്യവും ഹറാമാണ്."

"വിളവെടുപ്പുകാലം-ഒരാൾ മുന്തിരി കരുതിവെച്ചു: വീര്യമുള്ള കാലത്ത് മദ്യമുണ്ടാക്കാൻ ജൂതർക്കോ ക്രൈസ്തവർക്കോ വിൽക്കുന്നതിനു വേണ്ടി. അറിയുമോ, അയാൾ തുറന്ന കണ്ണുകളോടെ നരകത്തിന്റെ ആളിപ്പടരുന്ന അഗ്നിയിലേക്കാണ് നടന്നുനീങ്ങുന്നത്."(മുസ്ലിം)

"മദ്യം വിൽക്കുന്നതും അതിന്റെ കാശ് വാങ്ങുന്നതും വിലക്കപ്പെട്ടിരിക്കുന്നു. അമുസ്ലിംകളുമൊത്തുള്ള മദ്യവ്യാപാരം പോലും. മദ്യം ഇറക്കുമതി ചെയ്യുന്നതും കയറ്റുമതി ചെയ്യുന്നതും വിലക്കി. ഒരു ജൂതനോ ക്രിസ്ത്യാനിക്കോ ആർക്കായാലും മദ്യം പാരിതോഷികമായി നൽകുന്നതും നിരോധിച്ചു."

ഒരിക്കൽ ഒരാൾ പ്രവാചകന് ഒരു കുപ്പി വീഞ്ഞ് കാണിക്കവെച്ചു. അപ്പോൾ അവിടന്ന് "അല്ലാഹു ഇത് നിഷിദ്ധവസ്തുവായി മാറ്റി നിർത്തിയിരിക്കുന്നു" എന്നറിയിച്ചു കൊണ്ട് നിരാകരിച്ചു.

"വിലക്കപ്പെട്ടത് വിൽക്കുകയുമരുത്."(മുസ്ലിം)

"ഒരു ജൂതൻ മദ്യക്കുപ്പിയുമായി പ്രവാചകസന്നിധിയിലെത്തി, തിരുമേനിക്ക് സമ്മാനമായി നൽകാൻ. പ്രവാചകൻ അറിയിച്ചു: 'വിലക്കപ്പെട്ടത് സമ്മാനമായും നൽകരുത്. ആരായാലും ആർക്കായാലും.'

'പിന്നെ ഞാനിതെന്തു ചെയ്യണം?' ജൂതൻ ചോദിച്ചു. പ്രവാചകൻ: 'സംശയമേതും വേണ്ടാ, നിലത്തൊഴുക്കിക്കളയണം."(തിർമിദി)

"മദ്യം തന്നെ ഒരു രോഗമാണ്. രോഗം മരുന്നാകുന്നതെങ്ങനെ? കുറച്ചോ കൂടുതലോ കുടിക്കാൻ മുസ്ലിമിന് അനുവാദമില്ല. സന്തോഷസൂചകമായി സമ്മാനിക്കാനും പാടില്ല. സ്വവസതിയിലേക്കോ വ്യാപാരശാലയിലേക്കോ കൊണ്ടുപോകാനും പാടില്ല. സമൂഹ സദ്യകളിൽ വിളമ്പാനും പാടില്ല. ഒരു അമുസ്ലിം സുഹൃത്തിനുപോലും വിളമ്പിക്കൂടാ."(തിർമിദി)

"അല്ലാഹു ലോകജീവിതത്തിൽ മനുഷ്യർക്ക് രോഗവും സമ്മാനിച്ചു. എല്ലാ രോഗങ്ങൾക്കും ചികിത്സയുണ്ട്. അതുകൊണ്ട് മരുന്നുപയോഗിക്കുക. എന്നാൽ, വിലക്കിയതൊന്നും മരുന്നായുപയോഗിക്കരുത്."

"സ്വയം നശിക്കാനാഗ്രഹിക്കുന്നവർ മദ്യത്തെയവലംബിക്കുന്നു. എന്നാൽ ഓർക്കുക: സ്വയം നശിക്കാൻ-തന്നെത്തന്നെ നശിപ്പിക്കാൻ- ഒരാൾക്കുമധികാരമില്ല. ഒരു മുസ്ലിമിന് തന്റെ ജീവനിൽ പരമാധികാരമില്ല. അവൻ തന്റെ മതത്തിന്റെയും(ഉമ്മഃ) രാഷ്ട്രത്തിന്റെയും സമ്പത്താണ്. തന്റെ ആരോഗ്യം, ധനം എല്ലാം സമൂഹത്തിന്റെ കൂട്ടായ്മയുടെ ഭാഗമാണ്. അത് സ്വയം നശിപ്പിക്കാൻ അവന്നധികാരമില്ല." (മുസ്ലിം)

"ബോധപൂർവം ഒരു തുള്ളി മദ്യമെങ്കിലും കഴിക്കുന്നവൻ, അന്ത്യദിനത്തിൽ ചലം കുടിക്കേണ്ടി വരും."(ത്വയാലിസി)

"മദ്യം കഴിച്ചവന് ദൈവമാർഗത്തിൽ കാലുറപ്പിച്ചു വെക്കാനാവില്ല. നല്ലത് കാണാനും നല്ലത് കേൾക്കാനും കഴിയില്ല. ഖംറിൽ കൈവല്യം കാണുന്നവൻ മ്ലേച്ഛൻ." (തിർമിദി)

"ദൈവചിന്ത മനുഷ്യ മനസ്സിൽ നന്മകൾ വിരിയിക്കും; പൂ വിരിയും പോലെ. ലഹരി കടന്നാൽ ഇല പൊഴിയുംപോലെയാണ് മനസ്സിലെ നന്മകളഴിയുന്നത്."(ത്വയാലിസി)

"ഒരു മദ്യപന്റെ വിക്രിയകൾ കണ്ട് ധർമരോഷംകൊണ്ട് പ്രവാചകൻ ഇങ്ങനെ പ്രതികരിച്ചു:

ലഹരിയിലൂടെ സാത്താനികശക്തി നിന്നിലാവേശിച്ചു. നശിക്കാനല്ല, നന്നാവാനാണ് ദൈവം നിന്നെയിങ്ങയച്ചത്." (അബൂദാവൂദ്)

"നല്ല മനസ്സുകൾക്കിവിടെ സ്വർഗം രചിക്കാം; ദൈവാനുഗ്രഹത്തോടെ. എന്നാൽ, മദ്യത്തിന്റെ കൂട്ടുപിടിച്ചാൽ അനായാസം നരകമൊരുക്കാം. പിറകിൽ കണ്ണിറുക്കി പുഞ്ചിരിച്ചു നിൽക്കുന്ന സാത്താനെ കാണാം." (ഇബ്നുമാജ)

"മദ്യപന്റെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല."(നസാഈ)

ഖിലാഫത്തിന്റെ കാലം. മദ്യം സേവിച്ചവന് വടി, ചെരിപ്പ്, ഈന്തപ്പന മടൽ, മുഷ്ടി മുതലായവ കൊണ്ട് നാൽപത് അടി ശിപാർശ ചെയ്യപ്പെട്ടു. മദ്യപന് നാൽപത് ചമ്മട്ടി പ്രയോഗമാണ് ശിക്ഷ. ഖലീഫ അബൂബക്കർ ഇത് പ്രയോഗത്തിൽ വരുത്തി. ഖലീഫാ ഉമറിന്റെ കാലത്ത് രഹസ്യമായി കള്ള് വിറ്റ സഖീഫ് ഗോത്രജനായ ഒരു വൈദികന്റെ പീടിക ചുട്ടെരിച്ചു. മറ്റൊരിക്കൽ നിയമം ലംഘിച്ച് കള്ളവാറ്റും വിൽപനയും നടത്തിയ കുബുദ്ധികളുടെ ഒരു ഗ്രാമത്തെത്തന്നെ ഖലീഫയുടെ കൽപന പ്രകാരം ചുട്ടെരിച്ചു.

ഖലീഫ ഉമർ മദ്യം നിരോധിച്ചുകൊണ്ട് ഉത്തരവിറക്കി:

"മത്തുപിടിപ്പിക്കുന്ന എല്ലാ വസ്തുക്കളെയും നിരോധിക്കുന്നു. ഏതൊന്നിന്റെ കൂടുതൽ അളവ് ലഹരി പിടിപ്പിക്കുന്നതാണോ അതിന്റെ കുറഞ്ഞ

അളവും ലഹരി തന്നെ. ഒരു തോൽപ്പാത്രം നിറയെ കുടിച്ചാൽ മത്താകുന്ന വസ്തുവിൽനിന്ന് ഒരു കൈക്കുമ്പിൾ കുടിക്കുന്നതും നിഷിദ്ധമാണ്. അവനും മദ്യപൻ തന്നെ."

"മദ്യം കൈവശമുള്ളവർ അത് കുടിക്കാനോ വിൽക്കാനോ പാടില്ല. അത് നശിപ്പിച്ചുകളയണം."

"മദ്യം അനുവദനീയമായ ഒരു ദുഷിച്ച നശിച്ച ദിനം വരും."(ബുഖാരി)

"വിശ്വാസവും മദ്യപാനവും ഒത്തുപോവുകയില്ല."(ബുഖാരി)

"മദ്യപിക്കുന്നവനും മദ്യം വാങ്ങുന്നവനും മദ്യം വിൽക്കുന്നവനും ശപിക്കപ്പെട്ടവനാണ്." (അബൂദാവൂദ്)

"മദ്യം തിന്മകളുടെ മാതാവാണ്." ബുഖാരി ആവർത്തിക്കുന്നു.

മദ്യം ബുദ്ധിശക്തിയെ കെടുത്തുന്നു. ശരിതെറ്റുകളെയും നന്മതിന്മകളെയും തിരിച്ചറിയാനുള്ള ശേഷിയെ തകർക്കുന്നു. സഹനശക്തിയെയും ക്ഷമാശീലത്തെയും നശിപ്പിക്കുന്നു. മനുഷ്യന്റെ സാംസ്കാരിക മേഖലയിലുള്ള അച്ചടക്കം കെടുത്തുന്നു. വളർച്ചയിലേക്കും പുരോഗതിയിലേക്കും നീങ്ങുന്നതിൽ നിന്ന് മദ്യം മനുഷ്യനെ തടയുന്നു. മദ്യം തിന്മകളുടെ മാതാവാണ്.

# സാമ്പത്തിക സന്തുലിതത്വത്തിനുള്ള സൗമ്യ സംരംഭം

സത്യവിശ്വാസിയുടെ മനസ്സിൽ തെളിഞ്ഞു വിളങ്ങുന്നതും നിറഞ്ഞു വഴിയുന്നതുമായ മഹോജ്ജ്വല പ്രതിഭാസമാണ് അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം. അഖണ്ഡവും അദ്വയവുമായ ദൈവത്തിന്റെ അസ്തിത്വത്തിൽ ഉലയാത്ത വിശ്വാസം സൂക്ഷിക്കുന്ന മുസൽമാൻ തന്റെ വിചാര വ്യത്തികളെല്ലാം ആ ദിവ്യ സന്നിധിയിൽ സമർപ്പിക്കുന്നു. ദിവസത്തിൽ അഞ്ചു നേരമെങ്കിലും ദൈവത്തിനു മുന്നിൽ പ്രാർഥനാഞ്ജലിയുമായി സ്വയം സമർപ്പിച്ച് സത്യവിശ്വാസി ദൈവോന്മുഖമായി ജീവിക്കുന്നു എന്നതാണ് സത്യം. എല്ലാ മതങ്ങളും അനുയായികൾക്ക് പ്രാർഥനാനിരതമായ പവിത്ര വേളകൾ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അതിന് വേദവിശ്വാസം പോലെ പ്രാമുഖ്യവും പ്രാഥമ്യവും നൽകുന്ന മറ്റൊരു മതമില്ല. അതുകൊണ്ട് ഇസ്ലാമിന്റെ സമാദൃതമായ കർമപദ്ധതികളിൽ നിസ്കാരക്രിയക്കാണ് മുഖ്യത നൽകിയിട്ടുള്ളത്. തൊട്ടടുത്താണ് സകാത്ത്.

സകാത്ത് കേവലമൊരു ദാനമോ സംഭാവനയോ അല്ല. സകാത്ത് നിർബന്ധ ദാനമാണ്. ലോകചരിത്രത്തിൽ ആദ്യമായി ചുമത്തപ്പെട്ട ക്രമീകൃതവും ന്യായപൂർണവും ധാർമിക പ്രവണവുമായ നികുതി.

സകാത്ത് എന്ന പദത്തിന് സംസ്കരിക്കുക, ശുദ്ധീകരിക്കുക തുടങ്ങിയ അർഥതലങ്ങളാണുള്ളത്. വളർച്ച, ധന്യത തുടങ്ങിയ അർഥാന്തരങ്ങളുമുണ്ട്. വിധിപൂർവകം സകാത്ത് കൊടുക്കുമ്പോൾ മാത്രമേ വിശ്വാസിയുടെ കൈവശമുള്ള സമ്പത്ത് വിശുദ്ധീകരിക്കപ്പെടുന്നുള്ളൂ എന്നാണ് വിവക്ഷ. വളർച്ച എന്ന അർഥമാണ് സകാത്ത് വിഭാവനചെയ്യുന്നതെങ്കിൽ, വിശ്വാസിയുടെ സാമ്പത്തികമായ വികാസവൃദ്ധികൾക്ക് സകാത്ത് അനുഗ്രഹദായകമായി വർത്തിക്കുന്നു എന്നാണുദ്ദേശ്യം. ധന്യത എന്ന മഹിതാർഥവാചിയായ പദമാണ് സകാത്തെങ്കിൽ സമ്പന്നന്റെ മാനസികസംതൃപ്തിക്ക് സകാത്ത്

അനുപേക്ഷണീയം എന്ന് സിദ്ധിക്കുന്നു. മനസ്സിനെ സംസ്കരിക്കാൻ കൂടി ഇത് പ്രയോജനപ്പെടുന്നു എന്നതുകൊണ്ടാണ് അല്ലാഹു ഇതിനെ സകാത്ത് എന്ന് വിളിച്ചത്.

"നീ അവരുടെ സ്വത്തിൽനിന്ന് അവരെ സംസ്കരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ദാനം വസൂലാക്കുക" (9: 103) എന്ന ഖുർആനിക വചനം വെളിവാക്കുന്നത് സകാത്ത് ദൈവികമായ അനുശാസനമാണ് എന്നത്രെ. നമസ്കാരം നിർവഹിക്കാൻ കൽപിക്കുന്ന ഓരോ സൂക്തത്തോടുമനുബന്ധിച്ച് സകാത്ത് കൊടുക്കാനുള്ള നിർദേശവും കാണാം. അതിനാൽ സത്യവിശ്വാസിയുടെ കർമപൂർണതക്കും ജീവിത ധന്യതക്കും സകാത്ത് അനിവാര്യമാണ് എന്നു വരുന്നു.

"നിങ്ങൾ നമസ്കാരകർമം കൃത്യമായി നിർവഹിക്കണം. സകാത്ത് കൊടുക്കുകയും വേണം."

"അവർ പശ്ചാത്തപിക്കുകയും നമസ്കാരം നില നിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്താൽ അവർ മതത്തിൽ നിങ്ങളുടെ സഹോദന്മാരാകും." (9:11)

ജനങ്ങൾ ഭരണകൂടത്തിന് നൽകുന്ന കേവല നികുതിയല്ല സകാത്ത്. പ്രത്യുത, മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിന്റെ ശാസനകൾക്കനുസൃതമായി സ്രഷ്ടാവിന്റെ മുന്നിലർപ്പിക്കുന്ന മഹത്തായ ആരാധനയാണത്. സകാത്തുകൊണ്ട് സ്വരൂപിക്കപ്പെടുന്ന നിധിയനുഭവിക്കാൻ അർഹരായവരാരെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

കഷ്ടതയനുഭവിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ ഞെരുക്കപ്പെട്ടു കഴിയുന്ന ദരിദ്രരും സകാത്ത് വകുപ്പിലെ ജോലിക്കാരും സത്യവിശ്വാസികളോട് ഹൃദയൈക്യമുള്ളവരും മോചനമാഗ്രഹിക്കുന്ന അടിമകളും ഋണബാധ്യത മൂലം വിഷമിക്കുന്നവരും ദൈവമാർഗത്തിൽ പോരാടുന്നവരും തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി യാത്ര ചെയ്യേണ്ടിവരുന്നവരും സകാത്തിനവകാശികളാണ്.

"നിശ്ചയമായും ധർമങ്ങൾ ദരിദ്രർക്കും പാവപ്പെട്ടവർക്കും അതിനുവേണ്ടി പ്രവർത്തിക്കുന്നവർക്കും ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും അടിമമോചനത്തിനും കടംകൊണ്ട് വലഞ്ഞവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിയാത്രക്കാരന്നും തന്നെയാകുന്നു. അല്ലാഹുവിൽനിന്നുള്ള നിർണയമത്രെ അത്. അഭിജ്ഞനും യുക്തിമാനുമാകുന്നു അല്ലാഹു." (9: 60)

അർഹരായവർക്ക് ദൈവനീത്യാ ലഭിക്കേണ്ട അവകാശങ്ങളുമായി ബന്ധപ്പെട്ടതുകൊണ്ട് ആരെങ്കിലും സകാത്ത് നൽകാൻ മടിക്കുന്നുവെങ്കിൽ അവരിൽനിന്ന് സകാത്ത് ബലംപ്രയോഗിച്ച് പിരിച്ചെടുക്കുവാൻ ഇസ്‌ലാമിക വ്യവ

സ്ഥയിൽ അനുവാദമുണ്ട്. അതിനോടുള്ള അനാദരവ് അക്ഷന്തവ്യമാണെന്ന് മഹിത വചനങ്ങളുമുണ്ട്:

"മുസ്ലിം ദരിദ്രന്മാരുടെ ആവശ്യത്തിന് മതിയാകുന്ന തുക മുസ്ലിം സമ്പന്നരുടെ ധനത്തിൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ദരിദ്രന്മാർ വിശന്നോ നഗ്നരായോ കഷ്ടപ്പെടുന്നുണ്ടെങ്കിൽ അത് തങ്ങളുടെ ധനികന്മാരുടെ ദുഷ്പ്രവൃത്തികൊണ്ട് മാത്രമാണ്. അറിയുക: അല്ലാഹു അവരെ കഠിനമായി ചോദ്യംചെയ്യും. അവർക്ക് കഠിനമായ ശിക്ഷ നൽകുകയും ചെയ്യും."

ധനികരായ മുസ്ലിംകളിൽനിന്ന് നിശ്ചിത നിരക്കിൽ നിർബന്ധമായി പിരിച്ചെടുത്ത് നിർദിഷ്ട ജനവിഭാഗങ്ങൾക്കായി വിതരണംചെയ്യപ്പെടുന്ന പൊതുമുതലായി സകാത്ത് പവിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ദാനധർമങ്ങളെ കാലദേശാതീതമായി സകലരും പുണ്യകർമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ദാനമായോ ഉദാരത കൊണ്ട് നിർവഹിക്കപ്പെടുന്ന പുണ്യവൃത്തിയായോ കരുതപ്പെടാത്ത സകാത്തിന്റെ സവിശേഷത ചിന്തനീയമാണ്.

"ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നവനത്രെ അവൻ" (2: 29) എന്ന സൂക്തം ദൈവത്തിന്റെ അനിഷേധ്യമായ അധീശത്വത്തെക്കുറിച്ച് മനുഷ്യരാശിയെ അനുസ്മരിപ്പിക്കുകയാണ്. ഉപഭോഗാവകാശം മാത്രമുള്ള മനുഷ്യന് സ്ഥാവരജംഗമ വസ്തുക്കളുടെ മുന്നിൽ ക്ഷണികമായ കാലത്തേക്കാണെങ്കിലും, താനാണതിന്റെ അവകാശി എന്ന് തോന്നിയേക്കാം. കേവലമൊരു തോന്നൽ. ആത്യന്തിക വിശകലനത്തിൽ എല്ലാ ഉടമാവകാശങ്ങളും ഉടയതമ്പുരാന് ഉള്ളതാണ്.

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കു വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് ദൈവം തെളിച്ചറിയിച്ചപ്പോൾ ദൈവത്തിന്റെ മുന്നിൽ അനുസരണം കാണിക്കുന്ന മനുഷ്യർക്ക് സാമാന്യമായി ഒരവകാശം അനിഷേധ്യമായി കൈവന്നിരിക്കുന്നു. അതാണ് ഉപഭോഗാവകാശം. എന്നാൽ അനുഭവിക്കാനുള്ള അവകാശം സമൂഹത്തിൽ ആരുടെയെങ്കിലും കുത്തകയല്ല. ഏതെങ്കിലും വ്യക്തിയോ വ്യക്തികളോ ജനപദമോ അതിൽ കുത്തകയവകാശപ്പെടുന്നുവെങ്കിൽ അത് ദൈവനിന്ദയും ദൈവനിഷേധവുമാകുന്നു.

ധനികന് അല്ലാഹു നൽകിയ സ്വത്തിൽ ദരിദ്രന്നുള്ള അവകാശമാണ് സകാത്ത്. "അവരുടെ സ്വത്തിൽ ചോദിക്കുന്നവന്നും കഷ്ടപ്പെടുന്നവന്നും അറിയപ്പെട്ട അവകാശമുണ്ട്"(70: 24, 25) എന്ന വാക്യം ഇവിടെ അതീവ ശ്രദ്ധേയമത്രെ. സകാത്ത് നൽകാൻ വിസമ്മതിക്കുന്നവനെ ഖുർആൻ ഇങ്ങനെ താക്കീത് ചെയ്തു:

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് കൊടുത്തിട്ടുള്ളതിൽ പിശുക്കു കാണിക്കുന്നവർ അത് തങ്ങൾക്ക് നല്ലതാണെന്ന് ഒരിക്കലും ധരിക്കേണ്ട. അതവർക്ക് ഹാനികരമാണ്. അവർ പിശുക്കുകാണിച്ച വസ്തുകൊണ്ട് അന്ത്യനാളിൽ അവർക്ക് മാലയിടും." (3: 180)

പാവപ്പെട്ടവന്റെ മോചനം പണ്ട് ഭരണകൂടത്തിന്റെ വിഷയമായിരുന്നില്ല. ഭരണകൂടങ്ങൾ പ്രതിനിധാനം ചെയ്തത് സമ്പന്നരുടെ താൽപര്യങ്ങളെയായിരുന്നു. "പുരാതന കാലത്ത് ഗവൺമെന്റ് വ്യക്തിയെയോ അവന്റെ താൽപര്യങ്ങളെയോ പ്രതിനിധീകരിക്കുന്നുണ്ടെന്ന് അവന് തോന്നിയിരുന്നില്ല. പ്രത്യുത, പ്രത്യക്ഷമായ ഒരു പ്രയോജനവും നൽകാതെ പണം പിഴിഞ്ഞെടുക്കുകയും ഊറ്റിക്കുടിക്കുകയും ചെയ്യുന്ന ഒരു ശത്രുവായിട്ടാണ് അവൻ ഗവൺമെന്റിനെ വീക്ഷിച്ചിരുന്നത്. തന്മൂലം, ഭാരം പേറി തളർന്ന വ്യക്തി നികുതിയെ ദുർവഹമായി കാണുകയും അതിൽനിന്ന് എങ്ങനെയെങ്കിലും മോചനം നേടാൻ ആഗ്രഹിക്കുകയും ചെയ്തു." ഡാൽറ്റൺ പബ്ലിക് ഫിനാൻസ്

സകാത്ത് വഴി ആരംഭിച്ച സാമ്പത്തിക വിപ്ലവത്തിന്റെ തുടക്കം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഈ വിപ്ലവത്തിന് മറ്റൊരു സവിശേഷത കൂടിയുണ്ടെന്ന് ചരിത്രകാരന്മാർ സൂചിപ്പിച്ചിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള ഒരു ഔദ്യോഗിക വിപ്ലവത്തിന്റെ പരിവേഷം അതിനവകാശപ്പെടാൻ കഴിയും. സാധാരണ നിലയിൽ ഏത് ജനപദവും സ്വയം സംഘടിച്ചുകൊണ്ടാണ് തങ്ങളുടെ അവകാശസംരക്ഷണത്തിനു വേണ്ടി പൊരുതിയിരുന്നത്. എന്നാൽ അറേബ്യയിൽ അവശജനവിഭാഗത്തിന് ലഭിക്കേണ്ട സകാത്ത് എന്ന അവകാശം പ്രയോഗത്തിൽ വരുത്തുന്നതിനു വേണ്ടി യുദ്ധംചെയ്തത് സമ്പന്നരും സഹാബികളും സമൂഹത്തിലെ സുപ്രധാനികളും ഉൾച്ചേർന്ന ഭരണവിഭാഗമായിരുന്നു എന്നത് സർവാതിശായിയായ സവിശേഷതയത്രെ.

സകാത്ത് വാങ്ങുകയും കൊടുക്കുകയും ചെയ്യേണ്ടത് ഇമാമാണ് എന്ന വ്യവസ്ഥ പോലും എത്ര ഉദാത്തമാണ്! സകാത്ത് നൽകുന്ന സമ്പന്നൻ സകാത്ത് അർഹിക്കുന്ന ഒരു പാവപ്പെട്ടവന് നേരിട്ട് സകാത്ത് കൊടുക്കുമ്പോൾ, കൊടുക്കുന്നവന്റെ മേലാളത്തം അവിടെ തലയുയർത്തി എന്നുവരാം. വാങ്ങുന്നവൻ കൊടുക്കുന്നവന്റെ മുന്നിൽ വിധേയനാവുന്നതും സ്വാഭാവികം. കൊടുക്കുന്നവൻ പ്രകടിപ്പിക്കാവുന്ന ഔദ്ധത്യവും വാങ്ങുന്നവനിൽ സ്വാഭാവികമായുണ്ടാവുന്ന അധമത്വബോധവും ഒഴിവാക്കാനാണ് സകാത്ത് ഒരു നിധിയായി സംഭരിച്ച് അർഹതപ്പെട്ടവർക്ക് വീതിക്കുന്നത്. കൊടുക്കുന്നവനും വാങ്ങുന്നവനും അവിടെ മുഖാഭിമുഖം പ്രത്യക്ഷപ്പെടുന്നില്ല. അരുതാത്ത വികാരത്തിന്റെ നേർത്ത ലാഞ്ചനപോലുമുണ്ടാകരുതെന്നും അഭിമാനം തെല്ലും വ്രണപ്പെടരുതെന്നുമുള്ള നിഷ്കർഷ പരമോ

ത്കൃഷ്ടമത്രെ. സമ്പന്നരിൽനിന്ന്, അവർക്ക് നോവേതുമുണ്ടാക്കാതെ, അവർ മിച്ചംവെക്കുന്നതിലൊരു പങ്ക് പിരിച്ച് സമൂഹത്തിലെ പാവപ്പെട്ട വിഭാഗത്തിന് പങ്കുവെക്കുമ്പോൾ സാമൂഹ്യ സുരക്ഷിതത്വം എന്ന ധർമമാണവിടെ സാക്ഷാത്കരിക്കപ്പെടുന്നത്.

പൂക്കളറിയാതെ, അവക്ക് നോവേതുമുണ്ടാക്കാതെ അവയിൽനിന്ന് മധുകണം സമാഹരിച്ച് തേനീച്ചകൾ മധുശേഖരമുണ്ടാക്കി മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നതു പോലെയും ജലാശയങ്ങളിൽനിന്ന് അവയറിയാതെ നീരാവിയായി ജലകണങ്ങൾ സമാഹരിച്ച് കരിമേഘങ്ങളാകുന്ന ജലനിധിയൊരുക്കി വരൾച്ചകൊണ്ട് വിണ്ടു പിളരുന്ന ലോകത്തിന് വർഷമരുളുന്നതു പോലെയുമാണ് ഇത് സാധിക്കുന്നത്. ഹിംസയുടെ മാർഗമേതുമവലംബിക്കാതെ സമ്പന്നരിൽനിന്ന് ധനസംഭരണം സാധിച്ച് പാവപ്പെട്ടവന്റെ ജീവിതമോചനത്തിന് പ്രയോജനപ്പെടുത്തുന്നത് പരിഷ്കൃത സമൂഹങ്ങൾക്കുപോലും പകർത്താൻ പറ്റുന്ന ഒന്നാംതരമൊരു സാമ്പത്തിക പദ്ധതിയാണ്. തന്റെ ആവശ്യം കഴിച്ചുള്ളതിലൊരു പങ്ക് സമസൃഷ്ടങ്ങൾക്ക് വേണ്ടി ചെലവഴിക്കുകയെന്നത് ദൈവമാർഗത്തിലുള്ള വിനിയോഗമാണ്.

"വിഭവങ്ങളുടെ കാര്യത്തിൽ ചിലരെ മറ്റു ചിലരെക്കാൾ അല്ലാഹു മെച്ചപ്പെടുത്തിയിട്ടുണ്ട്. മെച്ചം ലഭിച്ചവർ അവരുടെ കയ്യിലുള്ള വിഭവം തങ്ങളുടെ ഉടമയിലുള്ളവർക്ക് നൽകുന്നില്ല. വാസ്തവത്തിൽ അവരെല്ലാം അതിൽ സമാവകാശികളാണു താനും. എന്ത്! അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയാണോ അവർ ചെയ്യുന്നത്!" (16: 71)

കുന്നുകൂടിക്കിടക്കുന്ന സമ്പത്ത് അതർഹിക്കുന്ന അവശവിഭാഗത്തിന്റെ കൈകളിലേക്കു കൂടി പ്രസരിക്കുമ്പോൾ മാത്രമേ സമ്പത്തിന്റെ ദൈവമാർഗത്തിലുള്ള വിനിയോഗം സാക്ഷാത്കരിക്കപ്പെടുന്നുള്ളൂ. സമൂഹത്തിലെ ദുർബലവിഭാഗത്തിന്റെ ദുഃഖനിവൃത്തിയും അവിടെ മാത്രമേ സാധിക്കുന്നുള്ളൂ. സമൂഹത്തിന്റെ താളപ്പിഴയായി കരുതപ്പെടുന്ന അസന്തുലിതാവസ്ഥക്ക് അറുതിവരുന്നതും അന്നേരം മാത്രമാണ്. ദരിദ്രവിഭാഗത്തെ അവഗണിക്കരുതെന്നും അവഗണിക്കപ്പെട്ട ദരിദ്രവിഭാഗമാണ് സമുഹത്തിന്റെ മഹാശാപമെന്നും പ്രവാചകൻ ആവർത്തിച്ചനുസ്മരിപ്പിച്ചിട്ടുണ്ട്. ദൈവം താൽക്കാലികമായി സൂക്ഷിപ്പുകാരനായി തന്റെ കയ്യിലേൽപിച്ച സമ്പത്ത് ദൈവത്തിന്റെ ആജ്ഞക്കനുസരിച്ച് വിനിയോഗിക്കുവാൻ സമ്പന്നൻ ബാധ്യസ്ഥനാണ്.

"അവരുടെ സ്വത്തിൽ ചോദിക്കുന്നവന്നും കഷ്ടപ്പെടുന്നവന്നും അറിയപ്പെട്ട അവകാശമുണ്ട്." (70: 24, 25)

ഇത് പാലിക്കാനാവശ്യമായ സംഭരണവിതരണ സമ്പ്രദായങ്ങൾ അല്ലാഹു സനിഷ്കർഷം അവതരിപ്പിച്ചിട്ടുണ്ട്. സകാത്ത് പിരിച്ചെടുത്ത് ഖജ

നാവിലടക്കണം. അത് അവിടെ പൊതു സ്വത്തായി മാറും. സംഭരണവും വിതരണവും ഊനമറ്റ രീതിയിൽ, ദൈവസ്വത്തിന്റെ നിർവഹണ വിശുദ്ധി യോടെ സാധിക്കണം.

"എന്താണ് ധർമംചെയ്യേണ്ടതെന്ന് അവർ താങ്കളോട് ചോദിക്കുന്നു. ആവശ്യം കഴിച്ച് മിച്ചമുള്ളത് എന്ന് താങ്കൾ പറയുക."(2: 219)

സകാത്ത് കൊടുക്കാൻ വിസമ്മതിച്ചവൻ ഇസ്‌ലാമിനോട് സമരം പ്രഖ്യാ പിച്ചവനായി കരുതപ്പെടണം എന്ന് ഖലീഫാ അബൂബക്കർ സൂചിപ്പിക്കുക യുണ്ടായി.

പ്രവാചകന്റെ കാലത്ത് സകാത്ത് മുടങ്ങാതെ കൊടുത്തുപോന്ന ചിലർ പ്രവാചകൻ മരിച്ചപ്പോൾ സകാത്ത് കൊടുക്കാൻ വിസമ്മതം കാട്ടിത്തുട ങ്ങി. അവരുടെ മനോഭാവം ഗർഹണീയമാണെന്ന് അവരെ ധരിപ്പിക്കാൻ ഖലീഫ ശ്രമിച്ചുനോക്കി. അതവരിൽ ഫലമൊന്നുമുണ്ടാക്കിയില്ല. ഖലീഫ സഹാബിമാരെ വിളിച്ച് കാര്യവിചാരം നടത്തി. സകാത്ത് നിഷേധികൾക്കെ തിരെ ഖലീഫ യുദ്ധം പ്രഖ്യാപിച്ചു. അവരെ പൊരുതി പരാജയപ്പെടുത്തി. അബൂബക്കർ ഇങ്ങനെ പ്രസ്താവിച്ചു:

"അല്ലാഹു സത്യം! നബിക്ക് കൊടുത്തുവന്നിരുന്ന ഒരാട്ടിൻകുട്ടിയെ വരെ അവർ എനിക്കു തരാൻ വിസമ്മതിച്ചാൽ അതിനെച്ചൊല്ലി ഞാനവരോട് യുദ്ധംചെയ്യാതിരിക്കില്ല."

പണം മാത്രമല്ല, സമ്പത്തേതും സകാത്തിന് വിധേയമാണ്. സകാത്ത് കൊടുക്കാതെ സമ്പത്ത് സ്വകാര്യ സ്വത്താക്കി മാറ്റുന്നവർക്കു മുന്നിൽ പ്രവാ ചകൻ അതിന്റെ ഭവിഷ്യത്തുകൾ അറിയിച്ചിരുന്നു.

"സ്വർണവും വെള്ളിയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ സൂക്ഷിച്ചുവെക്കുന്നവർക്കുള്ള വേദനിപ്പിക്കുന്ന ശിക്ഷയെക്കുറിച്ച് മുന്നറി യിപ്പ് നൽകുക. നരകത്തീയിലിട്ട് അത് ചുട്ടുപഴുപ്പിക്കുകയും 'നിങ്ങൾക്കു വേണ്ടി നിങ്ങൾ സമ്പാദിച്ചുവെച്ചതിതാ. അതിനാൽ നിങ്ങൾ സൂക്ഷിച്ചുവെച്ചതിന്റെ രുചി ആസ്വദിച്ചുകൊള്ളുക' എന്ന് അവരോട് പറ യുകയും അവരുടെ നെറ്റിത്തടങ്ങളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കുകയും ചെയ്യുന്ന ദിവസം."(9: 34-35)

"ഏത് ജനത സകാത്ത് കൊടുക്കാൻ വിസമ്മതിക്കുന്നുവോ അവർക്ക് മാനത്തുനിന്ന് മഴ തടയപ്പെടും. നാൽക്കാലികളില്ലെങ്കിൽ അവർക്ക് ഒരിറ്റ് മഴ ലഭിക്കുമായിരുന്നില്ല." (ഇബ്നുമാജ)

കെട്ടിപ്പൂട്ടിവെക്കാൻ ശാഠ്യംപിടിക്കുന്ന മുതലാളിമാരുടെ ധനം സമൂഹ ത്തിന്റെ വിശാല താൽപര്യത്തിന് ആവശ്യമായിവന്നാൽ പിടിച്ചെടുത്ത് വ്യവ സായത്തിലിറക്കാൻ ഇസ്‌ലാമിക ഭരണവിധാനത്തിനധികാരമുണ്ട്.

പ്രവാചകൻ ഇക്കാര്യം ചിത്രീകരിക്കുന്നു:

"അവസാന നാളിൽ മനുഷ്യന്റെ മുന്നിൽ കറുത്തു കുറുകിയ ഒരു കാള സർപ്പം പ്രത്യക്ഷപ്പെടും. അത് അവന്റെ നേരെ അതിശീഘ്രം ഇഴഞ്ഞടുക്കും. രക്ഷപ്പെടാൻ ശ്രമിക്കണമെന്ന് അവന് തോന്നും. എന്നാൽ അവൻ തീർത്തും നിസ്സഹായനാണപ്പോൾ. ഒന്നനങ്ങാൻ പോലും കഴിയാത്ത നിസ്സഹായത അവനെ വീർപ്പുമുട്ടിക്കും. ആ കരിനാഗം അവന്റെ കാൽപത്തിയിലൂടെ അവന്റെ ശരീരത്തിലേക്ക് ഇഴഞ്ഞുകയറും. തണുപ്പുറഞ്ഞ വല്ലാത്തൊരു മരവിപ്പിന് വിധേയനായതു പോലെ അവൻ നിശ്ചലനാകും. അപ്പോഴേക്കും കരിനാഗം അവന്റെ നെഞ്ചിലൂടെ ഉരുമ്മിയിഴഞ്ഞ് കഴുത്തിലൊരു വളയമായി ചുറ്റിവരിയും. അത് അവന്റെ മുഖത്തിനഭിമുഖമായി തലയുയർത്തി നിൽക്കും. അവന്റെ കണ്ണുകളിലേക്ക് അത് ചുഴിഞ്ഞുനോക്കും. നാക്ക് ചലിപ്പിച്ചുകൊണ്ട് അത് അവനോടിങ്ങനെ സംസാരിക്കും: "നിനക്ക് എന്നെ മനസ്സിലായോ? മനസ്സിലായിക്കാണില്ല. നീയെന്നെ ഇക്കാലമത്രയും പെട്ടിയിലിട്ട് പൂട്ടിയിടുകയായിരുന്നു. ചെലവഴിക്കപ്പെടാതെ നീ സ്വരൂപിച്ചുവെച്ച പണമാണ് ഞാൻ." ആ കരിനാഗത്തിന്റെ കണ്ണുകളിൽ നോക്കി വിഭ്രാന്തികൊള്ളാനേ അവന് അന്നേരം കഴിയൂ."

ഫിത്വ്ർ സകാത്ത് എന്ന പേരിൽ മറ്റൊന്നുണ്ട്. ഇതും ഒരു നിർബന്ധ ദാനമാണ്. സകാത്ത് പോലെ ഇതിന് വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളില്ല; കർമസ്വഭാവവുമില്ല. റമദാൻ മാസം, വ്രതാനുഷ്ഠാനത്തിന്റെ സമാപനസന്ദർഭത്തിൽ നോമ്പു പെരുന്നാൾ (ഈദുൽ ഫിത്വ്ർ) ആഘോഷിക്കുന്നതിനായി എല്ലാവരും ഒത്തുചേരുന്നു. അപ്പോഴും ഇസ്ലാം സംസ്കൃതി ഉത്കണ്ഠപ്പെടുന്നു. എല്ലാവരും ആഹ്ലാദത്തിൽ കഴിയാൻ വിധിക്കപ്പെട്ട ഈ ദിവസം ആരെങ്കിലും ആഹാരം കഴിക്കാതെ നോവു തിന്നുന്നുണ്ടാകുമോ? ഉണ്ടാവാം. ഇല്ലായിരിക്കാം. ഒന്നും ഉറപ്പിക്കാൻ വയ്യ.

അതിനാൽ അങ്ങനെ പോരാ. എല്ലാവരും ഈ ആഘോഷദിവസമെങ്കിലും സുഭിക്ഷമായി ആഹാരംകഴിക്കുന്നുണ്ട് എന്നുറപ്പുവരുത്തണം. ഇതിന് ഒരു വഴി മാത്രമേയുള്ളൂ. എല്ലാവർക്കും സമൃദ്ധമായി ആഹാരം കൊടുക്കുക. അതാണ് ഫിത്വ്ർ സകാത്ത്.

ഇസ്ലാം കർമാനുഷ്ഠാനമനുസരിച്ച് മറ്റൊരു ദാനം കൂടിയുണ്ട്. 'സ്വദഖ' എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് ആർക്കു വേണമെങ്കിലും ദാനം ചെയ്യാം. ഇതിന് പുണ്യകർമത്തിന്റെ പരിവേഷമുണ്ടെങ്കിലും ഇതിന്മേൽ മതത്തിന് നിർബന്ധമില്ല. സകല ദാനങ്ങളിൽനിന്നും സകാത്ത് വ്യതിരിക്തമായി നിൽക്കുന്നു. ഖുർആനിൽ നിർബന്ധാനുഷ്ഠാനമായ നിസ്കാരം പരാമർശിക്കവെ മുപ്പതോളം തവണ സകാത്ത് അനുസ്മരിച്ചിട്ടുണ്ട്. ഇത് വിശ്വാസത്തിന്റെ നിബന്ധനകളിൽ

പെടും. അനുഷ്ഠിച്ചാൽ പുണ്യം, ഒഴിവാക്കിയാൽ പാപവും. വാർഷിക വരുമാനത്തിൽ സ്വന്തം ആവശ്യം കഴിച്ച് നീക്കിയിരിപ്പുള്ളതിന്റെ രണ്ടര ശതമാനമാണ് സകാത്തായി നൽകേണ്ടത്. എൺപത്തിരണ്ടര ഗ്രാമിൽ കൂടുതൽ സ്വർണം കയ്യിലുള്ളവനും സകാത്ത് നൽകണം. ഇസ്ലാമിക തത്ത്വദീക്ഷയിൽ ഈ പരിധിക്ക് വളരെയേറെ പ്രാമുഖ്യമുണ്ട് (അറബിയിൽ നിസാബ് എന്നാണ് ഈ പരിധിയെ പരിചയപ്പെടുത്തുന്നത്). ആയവ്യയങ്ങളുടെ സത്യശുദ്ധമായ കണക്ക് സൂക്ഷിക്കാനും നിസാബിനപ്പുറത്ത് കിടക്കുന്ന സമുദായത്തിന്റെ പങ്ക് യഥാർഹം, യഥാകാലം, യഥാസ്ഥാനത്തെത്തിക്കാനും മുസൽമാന് മതപരമായ ബാധ്യതയുണ്ട്. വിശുദ്ധകാലം എന്നറിയപ്പെടുന്ന റമദാൻ മാസത്തിലെ സകാത്ത് വിനിയോഗം ഇരട്ടി ഫലം ചെയ്യുമെന്ന് സത്യവിശ്വാസി കരുതുന്നു.

സമ്പന്നരുടെ താൽപര്യം അഭംഗം പരിരക്ഷിച്ചുപോന്ന പഴയകാലം. പ്രഭുക്കന്മാരെയും പുരോഹിതന്മാരെയും കുലീന വിഭാഗത്തെയും മാറ്റിനിർത്തി പാവപ്പെട്ട സാധാരണ ജനങ്ങളുടെ നേരെ പീഡനങ്ങളഴിച്ചുവിട്ട് ഭീകരഭരണം നടത്തിപ്പോരുന്നവരുടെ കാലം. ക്രൂരതയുടെ ആ കാലം ഇവിടെ തുള്ളിത്തിമർത്തു കഴിയുമ്പോഴാണ് ഇസ്ലാം സംസ്കൃതിയുടെ നൂതന സാമ്പത്തിക ദർശനത്തിന്റെയും ഭരണരംഗത്തെ വിപ്ലവത്തിന്റെയും കാഹളം മുഴങ്ങാൻ തുടങ്ങിയത്.

യൂറോപ്യൻ വൻകരയിൽ ക്രമീകൃതമായ ഭരണവ്യവസ്ഥകളോ നീതിനിയമങ്ങളോ അന്ന് പ്രയോഗത്തിലുണ്ടായിരുന്നില്ല. തീർത്തും അപരിഷ്കൃതിയുടെ കാലം. തമോയുഗമെന്നാണ് ചരിത്രകാരന്മാർ അക്കാലത്തെ വിശേഷിപ്പിച്ചത്. ഇസ്ലാം സംസ്കൃതിയുടെ പ്രകാശധാര വഴിഞ്ഞൊഴുകാൻ തുടങ്ങിയത് അന്നൊരു മഹാസംഭവമായിരുന്നു.

# സഹിഷ്ണുതയുടെ സമുന്നത പൈതൃകം

ജനാധിപത്യ ഭരണവ്യവസ്ഥിതിയിലെ ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും സ്ഥാനമാണ് ഇസ്‌ലാമിക ഭരണത്തിൽ മുസ്‌ലിംകൾക്കും മറ്റു മത വിഭാഗങ്ങൾക്കുമിടയിൽ ഉണ്ടായിരിക്കുകയെന്ന് ധരിക്കരുത്. മുസ്‌ലിം രാഷ്ട്രത്തിൽ അമുസ്‌ലിംകൾ പ്രതിപക്ഷം എന്ന പേരിലല്ല, ദിമ്മികൾ (സംരക്ഷിത വിഭാഗം) എന്ന പേരിലാണറിയപ്പെടുന്നത്. പ്രവാചകന്റെയും അബൂബക്കറിന്റെയും ഉമറിന്റെയുമൊക്കെ കാലം ശ്രദ്ധിക്കുമ്പോൾ 'നിധി പോലെ കാത്തുസൂക്ഷിക്കുന്ന ഒരു വിഭാഗം' എന്ന് ഇസ്‌ലാമിക ഭരണത്തിലെ അമുസ്‌ലിംകളെപ്പറ്റി പറയാം. മുസ്‌ലിംകൾ അധികാരം കയ്യാളുന്ന കക്ഷിയായിട്ടല്ല, പ്രജാപാലനമെന്ന ഉത്തരവാദിത്വം വഹിക്കുന്ന വിഭാഗമായിട്ടാണ് അവിടെ വർത്തിച്ചത്.

തങ്ങൾ അധികാരികളുടെ ഔദാര്യംകൊണ്ട് ലഭിക്കുന്നത് അനുഭവിക്കാൻ മാത്രം വിധിക്കപ്പെട്ട, അവകാശമൊന്നുമില്ലാത്ത വിഭാഗമാണെന്ന അധഃസ്ഥിത മാനസികാവസ്ഥ ദിമ്മികൾക്കില്ല. മതപരമായ തങ്ങളുടെ ഭിന്ന വിശ്വാസം അഭംഗം സൂക്ഷിക്കുവാനും ആചാരാനുഷ്ഠാനങ്ങൾ സ്വതന്ത്രമായി നിർവഹിക്കുവാനുമുള്ള പൗരാവകാശം സത്യവേദം അവർക്കനുവദിച്ചിട്ടുണ്ട്. 'എനിക്ക് എന്റെ മതം, നിങ്ങൾക്ക് നിങ്ങളുടേതും' എന്നറിയിച്ചുകൊണ്ട് മതപരമായ സഹവർത്തനത്തിന് സഹായകമായ അന്തരീക്ഷമവിടെ സജ്ജമാക്കിയിട്ടുണ്ട്.

സഹിഷ്ണുതയുടെ സംസ്കൃതിയാണ് ഇസ്‌ലാം. മദീനയിലാണ് ഇസ്‌ലാമിന്റെ സ്വാധീനം സാമൂഹ്യരംഗത്ത് ആദ്യമായി നിലവിൽവന്നത്. മുസ്‌ലിംകളും ജൂതന്മാരും ക്രൈസ്തവരും ബഹുദൈവ വിശ്വാസികളും നിറഞ്ഞ മദീനയുടെ സാമൂഹ്യരംഗത്ത് പരസ്പരവിശ്വാസവും സൗഹാർദവും സമാധാനവും സ്ഥാപിക്കുവാനാണ് പ്രവാചകൻ ആദ്യമായി ശ്രമിച്ചത്. തലമുറകളായി തമ്മിൽ തല്ലിയും കലഹിച്ചും കഴിഞ്ഞ സമുദായങ്ങൾക്കിടയിൽ ഐക്യം വളർത്തിയെടുക്കാനും പ്രവാചകന് സാധിച്ചു. സത്യവേദത്തിന്റെ

പുതിയ സന്ദേശവുമായി മദീനയിലെത്തിയ പ്രവാചകൻ ആദ്യമായി ചെയ്തത് വ്യവസ്ഥാപിതമായ ഒരു സാമൂഹ്യ ക്രമം ചിട്ടപ്പെടുത്താൻ പോരുന്ന ഒരു സൗഹൃദ ഉടമ്പടി രൂപപ്പെടുത്തുകയായിരുന്നു. അതിനൊരു ഭരണഘടനയുടെ ഭദ്രതയും ശിൽപചാരുതയുമുണ്ടായിരുന്നു. തങ്ങളെ ആശങ്കയോടും അവിശ്വാസത്തോടും കൂടി നോക്കിക്കാണുന്നവരുടെ സന്ദേഹനിവൃത്തിക്കുതകും വിധം തെളിവുറ്റതായിരുന്നു അതിലെ നിർദേശങ്ങളും പരാമർശങ്ങളുമെല്ലാം. നാൽപത്തിയേഴ് ഖണ്ഡികകളുള്ള ഒരു ബൃഹത് രേഖയായിരുന്നു അത്. അതനുസരിച്ച്:

- മുസ്‌ലിംകളും മദീനയിലുള്ള ക്രിസ്ത്യാനികൾ, യഹൂദർ തുടങ്ങിയ ഇതരമതസ്ഥരും ഒരൊറ്റ ജനതയായി അനുരഞ്ജനത്തോടെ കഴിയും.
- ഓരോ വിഭാഗവും തങ്ങളുടെ വിശ്വാസാദർശങ്ങൾ പരിരക്ഷിക്കുകയും മറ്റുള്ളവരുടേതിൽ ഇടപെടാതിരിക്കുകയും ചെയ്യും.
- ശത്രുവിന്റെ ആക്രമണത്തിനെതിരെ ഏതു വിഭാഗത്തെയും മറ്റു വിഭാഗങ്ങൾ കൂട്ടായി സഹായിക്കും.
- യുദ്ധസന്ദർഭങ്ങളിലും സമാധാനകാലങ്ങളിലും പരസ്പരം കൂടിയാലോചിക്കും.
- മദീനയുടെ സംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്വമായി കണക്കാക്കും.
- മദീനയുടെ മണ്ണിൽ ആരും രക്തമൊഴുക്കുകയില്ല.
- അനീതിയും അക്രമവും ആര് നടത്തിയാലും മുസ്‌ലിംകൾ അതിനെ എതിർക്കും; പ്രതിയോഗി സത്യവിശ്വാസിയായാൽ പോലും.
- വല്ല തർക്കവുമുണ്ടാവുകയാണെങ്കിൽ അത് മുഹമ്മദ് നബിയുടെ തീരുമാനത്തിനായി സമർപ്പിക്കും.

(ഇതുപോലെ സഹിഷ്ണുതയും സൗമനസ്യവും വർണം കൊടുത്ത ഒരു ഭരണഘടനാ ശിൽപം ലോകചരിത്രത്തിൽ ഒരപൂർവതയാണെന്ന് വില്യം മൂർ രേഖപ്പെടുത്തിയിട്ടുണ്ട്.) മതസ്വാതന്ത്ര്യവും സമാധാനപൂർണമായ സഹവർത്തിത്വവും ഉറപ്പുവരുത്തുന്ന ഈ ഭരണഘടന ഖുർആനിക സംസ്കൃതിയുടെ സമുന്നതിയെ ഘോഷിക്കുന്നു. വൈവിധ്യമാർന്ന വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ ഏകശിലാ ഖണ്ഡം പോലെ കരുത്തുറ്റ ഒരു രാഷ്ട്രമായി, ഫെഡറൽ സ്റ്റേറ്റായി ഒരു ഇസ്‌ലാമിക രാഷ്ട്രത്തിന് ജീവിക്കാൻ കഴിയുമെന്ന് പ്രവാചകൻ ബോധ്യപ്പെടുത്തുകയായിരുന്നു. ഓരോ വ്യത്യസ്ത വിഭാഗത്തിനും അവരുടെ വിചാരവിശ്വാസങ്ങൾക്കനുസൃതമായി ജീവിക്കാമെന്നും രാഷ്ട്രത്തിന്റെ പ്രതിരോധം തുടങ്ങിയ വിഷ

യങ്ങൾ കൂട്ടുത്തരവാദിത്വത്തിൽ പെടുന്നവയാണെന്നും പ്രബോധിപ്പിക്കുകയാണിവിടെ. മദീനയിലെ എല്ലാ ജനവിഭാഗങ്ങളും പുതിയ ഭരണഘടനയെ ഹൃദയപൂർവം സ്വാഗതം ചെയ്തു. വളരെ കാലത്തോളം ആ ഭരണഘടന അക്ഷരാർഥത്തിൽ തന്നെ പ്രയോഗത്തിലുണ്ടായിരുന്നു. സമന്വയസംസ്കാരത്തിന്റെയും സഹിഷ്ണുതയുടെയും നിദർശനമായി വർത്തിച്ച മദീനയിലെ ഭരണഘടനയെ വിലയിരുത്തിക്കൊണ്ട് ചരിത്രപണ്ഡിതനായ വില്യം മൂർ ഇങ്ങനെ തുടർന്നു:

"ലോകത്തിന് മുമ്പൊരിക്കലും പരിചയമില്ലാത്ത തരത്തിലുള്ള ഒരു മതസഹിഷ്ണുതയാണ് അദ്ദേഹം (പ്രവാചകൻ) പ്രചരിപ്പിച്ചത്. മനുഷ്യമതത്തിൽ സഹിഷ്ണുത ഒരാവശ്യമാണെങ്കിൽ ആദർശ പ്രവാചകനെന്ന പദവിക്കുള്ള മുഹമ്മദിന്റെ അവകാശത്തിന് ഇത് ശക്തമായ ഒരു നീതീകരണമാണ്."

മുസ്ലിം ഭരണാധികാരികൾ അസാധാരണ വ്യക്തിത്വം പുലർത്തിപ്പോന്ന അമുസ്ലിം പ്രതിഭകളെ കണ്ടെത്തി ഭരണരംഗത്ത് പല പദവികളിലും അവരെ അവരോധിച്ചതായി കീർത്തിക്കുന്ന ചരിത്രരേഖകളുണ്ട്. ഖലീഫമാരുടെ കാലത്ത് അമുസ്ലിം വിഭാഗത്തിൽ പെട്ട ചിലരെ മന്ത്രിമാരായി നിയമിച്ചിരുന്നു. ഭരണപരമായ, ഗൗരവമിയന്ന ചില ചുമതലകളും അവരെ ഭരമേൽപിച്ചിരുന്നു. ഹിജ്റ രണ്ടാമാണ്ടിൽ അബ്സീനിയയിൽ അഭയംപ്രാപിച്ച മുസ്ലിംകളെ തിരിച്ചയക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മക്കയിൽനിന്ന് ഖുറൈശികളുടെ ഒരു നിവേദക സംഘം പോയിരുന്നു. ഇവരുടെ വാദമുഖങ്ങളെ നേരിട്ട്, നിജസ്ഥിതി ചക്രവർത്തിയെ ബോധിപ്പിക്കാൻ നബി ഒരു ദൂതനെ അയച്ചു. അബ്സീനിയയുടെ പ്രാന്ത പ്രദേശത്ത് കഴിയുന്ന അംറുബ്നു ഉമയ്യ എന്ന അമുസ്ലിം ആയിരുന്നു ആ ദൂതൻ. യുദ്ധതന്ത്രങ്ങളെക്കുറിച്ചാലോചിക്കുന്ന വിദഗ്ധ സമിതികളിൽ അമുസ്ലിം പ്രതിഭകൾക്ക് അംഗത്വം നൽകിയിരുന്നു. ഒരു നെസ്തോറിയൻ ബിഷപ്പ് ഒരിക്കൽ തന്റെയൊരു സുഹൃത്തിനയച്ച കത്തിൽ ഇങ്ങനെ എഴുതി:

"ഈ ത്വയ്യുകാർ(അറബികൾ)ക്ക് ദൈവം ഇക്കാലത്ത് നമ്മുടെ മേൽ ആധിപത്യം നൽകുകയും അവർ നമ്മുടെ യജമാനന്മാരായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ അവർ ക്രിസ്തുമതത്തെ എതിർക്കുകയേ ചെയ്യുന്നില്ല. മറിച്ച് നമ്മുടെ വിശ്വാസം സംരക്ഷിക്കാൻ വേണ്ടതു ചെയ്യുകയും നമ്മുടെ പുരോഹിതന്മാരെയും പുണ്യവാളന്മാരെയും ആദരിക്കുകയും കൂടി ചെയ്യുന്നു. നമ്മുടെ പള്ളികൾക്കും കോൺവെന്റുകൾക്കും അവർ ഉദാരമായ സംഭാവന നൽകുകയും ചെയ്യുന്നു." (ഡോ. ഹമീദുല്ല ഉദ്ധരിച്ചത്)

ഇസ്ലാമിക ചരിത്രത്തിൽ സുവർണാക്ഷരങ്ങളിൽ ജ്വലിക്കുന്ന ചില പരാമർശങ്ങളുണ്ട്. അതിലൊന്ന് ഉമറുബ്നു അബ്ദിൽ അസീസിന്റെ ഒരു

വിളംബരമാണ്:

“ദിമ്മികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്യുവിൻ. അവരിലാർക്കെങ്കിലും വാർധക്യം ബാധിക്കുകയോ ജീവിതമാർഗം മുട്ടിപ്പോവുകയോ ചെയ്താൽ അവർക്കു വേണ്ടി ചെലവ് ചെയ്യേണ്ടത് നിങ്ങളാണ്. അവരോട് ബാധ്യതയുള്ള സഹോദരരുണ്ടെങ്കിൽ അവരോട് ചെലവു ചെയ്യാനാവശ്യപ്പെടുക. അവന് ആരെങ്കിലും വല്ല നഷ്ടവും വരുത്തുന്നതായാൽ അതിന് തക്ക പ്രതികാര നടപടി കൈക്കൊള്ളുക.” മുഹമ്മദ് നബി ചരമശയ്യയിൽ കിടന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു: “അന്യായമായ നികുതികൾ റജിസ്റ്ററിൽനിന്ന് ഒഴിവാക്കുക. പഴയ ഫയലുകൾ പഠിക്കുക. ഏതെങ്കിലും മുസ്ലിമിനോടോ അമുസ്ലിമിനോടോ വല്ല അനീതിയും ചെയ്തുപോന്നിട്ടുള്ളതായി കാണപ്പെട്ടാൽ അയാൾക്ക് അയാളുടെ അവകാശങ്ങൾ തിരിച്ചുകൊടുക്കുക.”

“അമുസ്ലിം പ്രജകളെ ആരെങ്കിലും ഉപദ്രവിച്ചാൽ പുനരുത്ഥാന ദിവസത്തിൽ ഞാൻ അയാളുടെ ഭാഗത്തുനിന്നുകൊണ്ടു വാദിക്കുന്നത് കാണാവുന്നതാണ്.” (അബൂദാവൂദ്)

ദമസ്കസിലെ പള്ളി വിപുലീകരിക്കാൻ സമീപത്തുള്ള ഒരു ക്രിസ്ത്യൻ പള്ളി പൊളിച്ച് അതിനോടൊപ്പം ചേർത്തിരുന്നു. ഉമറുബ്നു അബ്ദിൽ അസീസ് ഇക്കാര്യമറിഞ്ഞ് ആ ഭാഗം പൊളിച്ചുമാറ്റി ചർച്ച് പുനഃസ്ഥാപിക്കാൻ കൽപനയിട്ടു. സത്യവിശ്വാസിയായ ഖലീഫയുടെ ഹൃദയവിശാലതയിൽ ആകൃഷ്ടരായ ക്രിസ്ത്യാനികൾ അങ്ങനെ വേണ്ടെന്നു പറഞ്ഞു വികാരവായ്പോടെ പിന്മാറുകയാണുണ്ടായത്.

അവിസ്മരണീയമായ മറ്റൊരു രംഗം:

ഈജിപ്തിലെ പ്രശസ്തമായ ഒരു മുസ്ലിം പള്ളി. വിശ്വാസികളുടെ എണ്ണക്കൂടുതൽ ജുമുഅ നമസ്കാരാദികൾക്ക് വിഷമമുണ്ടാക്കി. പള്ളി വിപുലീകരിക്കേണ്ടത് ഒരനിവാര്യതയായി ബോധ്യപ്പെട്ടു. എന്നാൽ വിപുലീകരണത്തിന് തൊട്ടടുത്തൊന്നും ഭൂമി അക്വയർ ചെയ്യാനുണ്ടായിരുന്നില്ല. പള്ളിക്കടുത്തായി ഒരു ക്രിസ്തീയ വനിതയുടെ വസതിയുണ്ട്. പിതാവിന്റെയും ഭർത്താവിന്റെയും വിയോഗത്തിനു ശേഷം അവരവിടെ ദുഃഖാർത്തയായി കഴിഞ്ഞുവരികയായിരുന്നു. ആവശ്യമായ നഷ്ടപരിഹാരം നൽകി അവരെ അവിടെ നിന്ന് മാറ്റിപ്പാർപ്പിച്ച് വസതി പൊളിച്ച് പള്ളിയുടെ വിപുലീകരണം നടത്തുക മാത്രമാണ് കണ്ടെത്തിയ ഒരേ മാർഗം. എന്നാൽ തന്റെ ഭർത്താവിന്റെയും പിതാവിന്റെയും ഓർമകൾ തങ്ങിനിൽക്കുന്ന ആ അന്തരീക്ഷം വിട്ടൊഴിയാൻ അവരിഷ്ടപ്പെട്ടില്ല. പ്രശ്നം ഗവർണറുടെ മുന്നിലെത്തി. ഗവർണറുടെ നിർബന്ധത്തിനു വഴങ്ങി ക്രിസ്തീയ വനിത മനമില്ലാ മനസ്സോടെ വീടൊഴിഞ്ഞു. തനിക്കായി സർക്കാറൊരുക്കിയ പുതിയ വീട്ടിലേക്ക്

അവർ താമസം മാറി. സർക്കാർ അവരുടെ വീട് പൊളിച്ച് പള്ളി വിപുലീകരിച്ചു.

ഒരു നാൾ ക്രൈസ്തവ സ്ത്രീയുടെ ഒരടുത്ത ബന്ധു അവരെ സന്ദർശിക്കാനെത്തി. തീരാദുഃഖത്തിന്റെ ഭാരവും പേറി ഉണ്ണാതെ ഉറങ്ങാതെ കഴിഞ്ഞുപോന്ന ആ സ്ത്രീയുടെ ദയനീയാവസ്ഥ ബന്ധുവെ വിഷമിപ്പിച്ചു. സ്ത്രീ തന്റെ ദുർവഹദുഃഖങ്ങളുടെ കെട്ടഴിച്ചു:

"മുമ്പൊക്കെ ഉറങ്ങാൻ കിടന്നാൽ ഭർത്താവിന്റെയും പിതാവിന്റെയും സചേതനമായ ഓർമ എന്നിൽ രക്ഷാബോധം വളർത്തിയിരുന്നു. വീട് മാറിയതോടെ അത് കൈമോശം വന്നതുപോലെ. നിമിഷം തോറും മരിച്ചുകൊണ്ട് ജീവിക്കുകയാണ് ഞാൻ. ജീവൻ പൊലിയുവോളം അതങ്ങനെ തുടരട്ടെ...."

അവരുടെ വാക്കുകൾ ബന്ധുവെ വല്ലാതെ അസ്വസ്ഥനാക്കി. അയാൾ ഒരു മാർഗം നിർദേശിച്ചു:

"ഏറെ വൈകിപ്പോയെങ്കിലും ഖലീഫാ ഉമറിനെ സമീപിച്ച് മനസ്സറിയിക്കുക. അദ്ദേഹം നല്ല, വലിയ മനുഷ്യനാണ്. ദുഃഖനിവൃത്തിക്കായി അദ്ദേഹമൊരു വഴി കണ്ടെത്തും."

തന്റെ വസതി പൊളിച്ച് പള്ളി പണിത് ജുമുഅ നമസ്കാരങ്ങളൊക്കെ വേണ്ട സൗകര്യത്തോടെ സമാരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഒരു പ്രതീക്ഷയുമുണ്ടായിരുന്നില്ലെങ്കിലും ഒരുനാൾ ആ ക്രൈസ്തവ വനിത ബന്ധുവോടൊപ്പം ഖലീഫാ ഉമറിന്റെ മുന്നിലെത്തി; കാര്യം നിവേദിച്ചു. ക്ഷമാപൂർവം എല്ലാം കേട്ട ഉമർ ഈജിപ്തിലെ ഗവർണറെ വിളിച്ച് നിജസ്ഥിതിയന്വേഷിച്ചു. സത്യശുദ്ധമാണ് നിവേദനമെന്നറിഞ്ഞപ്പോൾ ഖലീഫ ഗവർണറോട് ഇങ്ങനെ നിർദേശിച്ചു:

"ഒരാളുടെ മനസ്സ് നോവുന്നിടത്ത് ദൈവത്തിന്റെ ആരാധനാലയം ഉയർന്നുകൂടാ. അടിയന്തിരമായി പള്ളി പൊളിച്ച്, സ്ത്രീയുടെ വസതി പുനർനിർമിച്ച് അവർക്ക് മനശ്ശാന്തി നൽകുക."

ചരിത്രം പോലും രോമഹർഷമണിഞ്ഞ നിമിഷങ്ങൾ!

നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിക്കുന്നവർ മതബോധമില്ലാത്തവരാണെന്ന് തെളിച്ചുപറയാൻ ഇസ്ലാം മടിക്കുന്നില്ല. "ദീനിൽ നിർബന്ധമരുത്" എന്ന വരിഷ്ടവചനം ആ സമുന്നത സംസ്കൃതിയുടെ മഹിത ശബ്ദമാണ്. നിർബന്ധിച്ച് മതംമാറ്റൽ ഇസ്ലാം സാധൂകരിക്കുന്നില്ല. മതപ്രബോധനം മാത്രമാണ് ഒരു സത്യവിശ്വാസിയുടെ ദൗത്യം.

"നീ ഉണർത്തുക. നീ ഉണർത്തുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരസ്ഥനല്ല." (88: 21)

“സന്ദേശം എത്തിച്ചുതരുന്ന ബാധ്യത മാത്രമേ ദൈവദൂതന്നുള്ളൂ.” (5: 99)

“ദൈവദൂതന്ന് ബാധ്യതയുള്ളത് അദ്ദേഹം ഭരമേൽപിക്കപ്പെട്ട കാര്യത്തിൽ മാത്രമാണ്.” (24: 54)

“സന്ദേശം വ്യക്തമായി എത്തിച്ചുതരിക എന്നതല്ലാതെ മറ്റു ബാധ്യതയൊന്നും ദൈവദൂതന്നില്ല.” (29: 18)

“എന്നിട്ടും അവർ പിന്മാറുകയാണെങ്കിൽ ഓർക്കുക: സത്യസന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കുക എന്നതല്ലാത്ത ഒരു ഉത്തരവാദിത്വവും എനിക്കില്ല.” (16: 82)

“അഥവാ, ഇനിയും അവർ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ, നിന്നെ നാം അവരുടെ സംരക്ഷകനായൊന്നും അയച്ചിട്ടില്ല. നിന്റെ ബാധ്യത സന്ദേശമെത്തിക്കൽ മാത്രമാണ്.” (42: 48)

“ബഹുദൈവ വിശ്വാസികളിലാരെങ്കിലും നിന്റെയടുത്ത് അഭയംതേടി വന്നാൽ അവന് നീ അഭയംനൽകുക. അവൻ ദൈവവചനം കേട്ടറിയട്ടെ. പിന്നെ അവനെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കുക. അവർ അറിവില്ലാത്ത ജനമായതിനാലാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്”(9: 6). ഇസ്‌ലാം സംസ്കൃതിയുടെ അത്യുദാരമായ സമീപനത്തിനുള്ള മികച്ച തെളിവാണിത്. രാജ്യദ്രോഹികൾക്കു പോലും അഭയംതേടിയെത്തിയാൽ അഭയം നൽകുകയും ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും വേണം. അതവർ സ്വീകരിച്ചില്ലെങ്കിലും സുരക്ഷിതത്വവും സംരക്ഷണവും നൽകണമെന്ന് ഈ സൂക്തം അഭിവ്യക്തമാക്കുന്നു.

സ്വയം പ്രകാശകമായ ഒരു സൂക്തം കൂടി ഉദ്ധരിക്കട്ടെ: “മതകാര്യത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല. നന്മതിന്മകളുടെ വഴികൾ വ്യക്തമായും വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതിനാൽ ദൈവേതര ശക്തികളെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ മുറുകെപ്പിടിച്ചത് ഉറപ്പുള്ള കയറിലാണ്. അതറ്റു പോവില്ല.” (2: 256)

പ്രവാചകൻ ക്രൈസ്തവരുമായുണ്ടാക്കിയ സന്ധി സൗഹൃദം അത്യന്തം ശ്ലാഘനീയമാണെന്ന് സർ തോമസ് ആർണോൾഡ് പ്രസ്താവിച്ചിട്ടുണ്ട്.

“മതവിശ്വാസം രാഷ്ട്രീയ താൽപര്യങ്ങളിൽനിന്ന് വിമുക്തമായപ്പോൾ വ്യക്തിപരമായ വിശ്വാസത്തെ കയ്യേറ്റംചെയ്യുന്നതിൽനിന്നകന്നുനിന്ന ഏറ്റവും ഉദാരമായ മതം ഇസ്‌ലാമായിരുന്നു എന്നു കാണാം. രാഷ്ട്രത്തിന്റെ ഭദ്രത ഭീഷണിക്ക് വിധേയമായ സന്ദർഭങ്ങളിൽ ഇസ്‌ലാമിക ഭരണകൂടങ്ങൾ മതപരമായ ഏകീകരണത്തിന് എല്ലാ മാർഗങ്ങളും സ്വീകരിക്കാൻ സന്നദ്ധമായി. അപ്പോൾ പോലും ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നുയിർകൊണ്ട ഉദാ

രതയുടെ ഈ തത്ത്വം അതിന്റെ പരമകാഷ്ഠയിൽ തന്നെയായിരുന്നു. പീഡനത്തിന്റെയും ബലാൽക്കാരത്തിന്റെയും യാതൊരു വിദൂര സ്പർശം പോലും ഒരിടത്തും നമുക്ക് കാണാൻ കഴിയുന്നില്ല."

ഇസ്‌ലാം സംസ്കൃതിയുടെ പ്രവിശാലതക്കകത്ത് വർഗ-വർണ-പ്രദേശ വ്യത്യാസങ്ങളില്ല; ജാതിമതാചാര വിശ്വാസ വിഭേദങ്ങളില്ല. ആദി പിതാവ് ആദം; പിന്നെ പരമ്പരകളുണ്ടായി. അത് അനുസ്യൂതം തുടരുന്നു. ഒരു സ്രോതസ്സിൽ നിന്നാരംഭിച്ച മനുഷ്യപ്രവാഹം. അതിലെ ഓരോ ജലകണവും സഹോദരർ. മാനവ സഹോദരരും ഒരു ജൈവിക സത്യം. മനസ്സിന്റെ ബോധ്യമനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം അനുവദിക്കുന്നു. ഭീഷണിയും പ്രേരണയും പ്രലോഭനവുമല്ല സ്വന്തം മനസ്സിന്റെ ബോധ്യമാണ് പരമം. മതപ്രചാരകന് നിർബന്ധിക്കാനോ നിഷ്കർഷിക്കാനോ അവകാശമില്ല. പ്രവാചകൻ പോലും അതിനധികാരിയല്ല. ദൈവം ബോധ്യമാണാഗ്രഹിക്കുന്നത്.

ഇസ്‌ലാം സംസ്കൃതിയിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട വിഷയങ്ങളിലൊന്നാണ് ജിസ്‌യ. അത് ഒരുതരം പിഴയുടെ പരിവേഷമണിഞ്ഞുനിൽക്കുന്ന പീഡനാത്മകമായ ഒരു നിയമം എന്നാണ് പലരും ധരിച്ചുവെച്ചിട്ടുള്ളത്. ജിസ്‌യയെക്കുറിച്ചുള്ള വിശകലനം ഏറെ സംഗതമാണിവിടെ.

സൈനിക സേവനത്തിന്റെ കാര്യത്തിൽ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിൽ ഒരു വ്യത്യാസം കൽപിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാംമതത്തിനെതിരായി യുദ്ധംചെയ്യുന്നവരെ മുസ്‌ലിംകൾക്ക് ചെറുക്കേണ്ടി വരും. അപ്പോൾ അമുസ്‌ലിംകൾക്ക് മുസ്‌ലിം പക്ഷത്തുനിന്ന് യുദ്ധംചെയ്യുന്നതിൽ പ്രയാസങ്ങളുണ്ടാകും. ഒരാദർശ രാഷ്ട്രത്തിന്റെ ആദർശവുമായി യോജിക്കാത്തവർക്ക് സൈനികസേവനം പ്രയാസകരമായിരിക്കും. അത് സ്വാഭാവികം. അതുകൊണ്ട് അമുസ്‌ലിംകൾക്ക് സൈനിക സേവനത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ അതിനു പകരമായി ഒരു തലവരി കൊടുക്കണം– അതാണ് ജിസ്‌യ.

ജിസ്‌യ സൈനിക സേവനത്തിന് പകരമായി മാത്രമല്ല; അവരുടെയും നാടിന്റെയും സംരക്ഷണം മുസ്‌ലിംകൾ ഏറ്റെടുത്തിട്ടുള്ളതിനു കൂടിയാണ്. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന അമുസ്‌ലിംകളിൽനിന്ന് ജിസ്‌യ ഈടാക്കുകയില്ല. സംരക്ഷണം നൽകാൻ മുസ്‌ലിംകൾക്ക് സാധിക്കാത്ത സന്ദർഭങ്ങളുണ്ടായപ്പോൾ പിരിച്ച തുക തിരിച്ചുകൊടുത്തതായി ചരിത്ര രേഖകളുണ്ട്. രാഷ്ട്രത്തിന് ഗണ്യമായ സേവനം നൽകിയവരെയും വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, ദുർബലർ, ദരിദ്രർ തുടങ്ങിയവരെയും ജിസ്‌യയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ജിസ്‌യ ഒട്ടും ഭാരിച്ചതുമായിരുന്നില്ല. നബിയുടെ കാലത്ത് ഒരാളിൽനിന്ന് പത്തു ദിർഹമാണ് വസൂലാക്കിയിരുന്നത്. (പത്തു ദിവസത്തെ ചെലവിന് വേണ്ടിവരുന്ന തുക)

മുസ്‌ലിംകൾ പ്രതിവർഷം സകാത്ത് കൊടുക്കണം. അങ്ങനെ തങ്ങളുടെ സമ്പാദ്യത്തിന്റെ രണ്ടര ശതമാനം ഖജനാവിലേക്ക് നിർബന്ധമായിത്തന്നെ അടച്ചിരിക്കണം. ഒരിസ്‌ലാമിക രാഷ്ട്രത്തിലെ നിർദിഷ്ട ധർമ കർമങ്ങളുടെ നിർവഹണത്തിനായി ആ നിധി പ്രയോജനപ്പെടുത്തുന്നു. സമൂഹത്തിലെ സമ്പന്നരും അല്ലാത്തവരും തമ്മിലുള്ള അന്തരം ഒരളവിൽ കുറച്ചുകൊണ്ടുവരാനും അതുവഴി സാമ്പത്തിക സന്തുലിതത്വം പ്രയോഗത്തിൽ വരുത്താനും അത് സഹായിക്കുന്നു. മുസ്‌ലിമിന്റെ മതപരമായ സാമ്പത്തിക ബാധ്യതയാണ് സകാത്ത്.

മുസ്‌ലിംകളല്ലാത്തവരിൽനിന്ന് സകാത്ത് പിരിക്കുന്നത് മേൽ കാരണങ്ങൾകൊണ്ടുതന്നെ അനുചിതവും അനഭിലഷണീയവുമാണ്. അത് അന്യമത പീഡനമായി വ്യാഖ്യാനിക്കപ്പെടുമെന്ന കാര്യത്തിലും സന്ദേഹമില്ല. അതിനാൽ സ്റ്റേറ്റിലെ സകല അവകാശങ്ങളുമനുഭവിക്കുന്ന പൗരന്മാരെന്ന നിലക്ക് മറ്റു മതവിശ്വാസികളും സ്റ്റേറ്റ് ഖജനാവിലേക്ക് തങ്ങളുടേതായ എന്തെങ്കിലുമൊരു വിഹിതം നൽകണമെന്നുള്ളത് പൗരന്റെ ബാധ്യതയാണെന്നു വരുന്നു. അവിടെയാണ് ജിസ്‌യയുടെ പ്രസക്തി. മുസ്‌ലിംകളല്ലാത്തവർ ജിസ്‌യ കൊടുക്കണമെന്നനുശാസിക്കുമ്പോൾ മുസ്‌ലിംകൾ മാത്രം കൊടുക്കാൻ ബാധ്യസ്ഥമായ സകാത്തിനെക്കുറിച്ച് പലരുമോർക്കാറില്ല.

യുദ്ധകാലത്ത്, നിസ്സംഗനായി യുദ്ധത്തിൽനിന്നൊഴിഞ്ഞുനിൽക്കാൻ ഒരു സത്യവിശ്വാസിക്ക് സാധ്യമല്ല. അവൻ യുദ്ധത്തിൽ പങ്കെടുത്തേ തീരൂ. അത് അവന്റെ ദൈവികബാധ്യതയായി കരുതപ്പെടുന്നു. എന്നാൽ അമുസ്‌ലിമിനെ സൈനിക ബാധ്യതയിൽ നിന്നൊഴിവാക്കിയിരിക്കുന്നു. ഇസ്‌ലാം ദർശനമനുസരിച്ച് യുദ്ധം ദൈവികദൗത്യമാണെന്നതുകൊണ്ട് അതിന് മതാത്മകമായ പരിവേഷമുണ്ട്. ജിഹാദായി വിശേഷിപ്പിക്കപ്പെടാറുമുണ്ട്. അതിനാൽ സൈനിക സേവനം മുസ്‌ലിംകളല്ലാത്തവർക്കും നിർബന്ധമാക്കിയാൽ അത് പരമതദ്രോഹമായി ചിത്രീകരിക്കപ്പെടുമെന്നും മറ്റു മതവിശ്വാസികളെ സംബന്ധിച്ചേടത്തോളം അത് വികാരപരമായ വിഷമാവസ്ഥക്ക് കാരണമായിത്തീരുമെന്നും പ്രവാചകൻ മനസ്സിലാക്കി. അതുകൊണ്ടാണ് ഇസ്‌ലാമിക സ്റ്റേറ്റ് അമുസ്‌ലിംകൾക്ക് യുദ്ധം നിർബന്ധിതമല്ലെന്ന് നിശ്ചയിച്ചത്. അവിശ്വാസ്യത കൊണ്ടോ മതപരമായ അസ്പൃശ്യത കൊണ്ടോ അല്ല ഇത്. എന്നാൽ സ്വമനസ്സാലെ സൈനിക സേവന രംഗത്ത് പ്രവർത്തിക്കാനാഗ്രഹിക്കുന്ന അമുസ്‌ലിമിന് വിലക്കൊട്ടില്ല താനും. അങ്ങനെ സൈനിക സേവനത്തിന് സ്വയം സന്നദ്ധനായി മുന്നോട്ടുവരുന്ന അമുസ്‌ലിമിനെ ജിസ്‌യയിൽനിന്നൊഴിവാക്കിക്കൊണ്ടുള്ള നിയമവും ഇസ്‌ലാം സംസ്കൃതിക്കകത്തുണ്ട്.

വ്യക്തിപരമായ താൽപര്യങ്ങൾക്കപ്പുറത്ത് സമൂഹം, രാഷ്ട്രം എന്നീ മേഖലകളിലേക്ക് തന്റെ ശക്തിയും ശ്രദ്ധയും വ്യാപിപ്പിക്കാൻ പരിശ്രമിക്കുന്നവരോട് ഇസ്‌ലാമിക ഭരണകൂടം സ്നേഹവും നന്ദിയും പ്രകടിപ്പിച്ചു

പോന്നിട്ടുണ്ട്. ദൈവമാർഗത്തിലുള്ള പ്രവൃത്തി എവിടെക്കണ്ടാലും അതിനെ ശ്ലാഘിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഇസ്‌ലാം സംസ്കൃതിക്ക് സാധിച്ചിരുന്നു. രാഷ്ട്ര സംരക്ഷണത്തിന് അമുസ്‌ലിംകൾ സ്വയം സന്നദ്ധരായി മുന്നോട്ടുവന്നതുകൊണ്ട് മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം രൂപപ്പെട്ടപ്പോൾ പ്രവാചകൻ അവരെ ജിസ്‌യയിൽനിന്നൊഴിവാക്കുകയുണ്ടായി. കൈറോവിൽനിന്ന് ചെങ്കടലിലേക്ക് ഒരു തോടുവെട്ടാനുള്ള സ്ഥലം തെരഞ്ഞെടുക്കാൻ സഹായിച്ച അമുസ്‌ലിമിനെ, കൃതജ്ഞതാ സൂചകമായി ജിസ്‌യയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിറക്കാൻ ഖലീഫാ ഉമർ ഉദാരത കാണിക്കുകയുണ്ടായി.

ഒരിക്കൽ ഖലീഫാ ഉമർ തെരുവിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽ ഒരു വൃദ്ധയാചകനെ കണ്ടുമുട്ടി. അദ്ദേഹം ഒരന്ധനായിരുന്നു. ആരിലും അനുതാപമുണർത്താൻ പോരുംവിധം ദയനീയമായിരുന്നു അയാളുടെ സ്വരവും പ്രകൃതവുമെല്ലാം. ഖലീഫാ ഉമർ യാചകനുമായി സംസാരിച്ചു. അയാളൊരു ജൂതമതവിശ്വാസിയാണെന്ന് മനസ്സിലായി. ജിസ്‌യ കൊടുക്കാൻ പോലും കഴിയാതെ ദുരിതംതിന്നുകഴിയുന്ന യാചകനെ ഉമർ തന്റെ ഭവനത്തിലേക്ക് കൊണ്ടുപോയി. ഭക്ഷണവും അപേക്ഷയനുസരിച്ച് ജിസ്‌യക്കാവശ്യമായ കാശും കൊടുത്ത് യാചകനെ യാത്രയാക്കി. അപ്പോൾ തന്നെ ഉമർ ഖജനാവ് സൂക്ഷിപ്പുകാരന് ഇങ്ങനെയെഴുതി:

"…..അയാളെയും അതുപോലുള്ളവരെയും കണ്ടെത്തുക. ദൈവം സാക്ഷി! അയാളുടെ യൗവനം നാം ഭുജിക്കുകയും വാർധക്യമായപ്പോൾ വഴിയാധാരമാക്കുകയും ചെയ്തിരിക്കുന്നു. ഇത് നീതിയല്ല." അതോടെയാണ് നിർധനരെയും അന്ധരെയും വൃദ്ധജനസമൂഹത്തെയും ജിസ്‌യയിൽ നിന്നൊഴിവാക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയത്.

ഇസ്‌ലാം സംസ്കൃതിയനുസരിച്ച് മതന്യൂനപക്ഷങ്ങൾ സുരക്ഷിതരാണ്. അവരുടെ ജീവനും സ്വത്തിനും അവിടെ പരമാവധി സംരക്ഷണം ലഭിക്കുന്നു.

"സൂക്ഷിച്ചുകൊള്ളുക, അമുസ്‌ലിം പ്രജകളെ വല്ലവനും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിനതീതമായ നികുതിഭാരം കെട്ടിയേൽപ്പിക്കുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യവിധിനാളിൽ അവനെതിരിൽ ഞാൻ സ്വയംതന്നെ പരാതിബോധിപ്പിക്കുന്നതാണ്" (അബൂദാവൂദ്) എന്ന പ്രവാചകവചനം അതീവ ശ്രദ്ധേയമാണ്. യുദ്ധംചെയ്തും അവരുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടതാണെന്നും അവരുടെ മേൽ അമിതമായ നികുതി ചുമത്തരുതെന്നും ഖലീഫാ ഉമർ തന്റെ മരണശയ്യയിൽ വെച്ചുപോലും പറഞ്ഞിരുന്നു.

# വെളിച്ചത്തിന്റെ രാജവീഥിയിലൂടെ

**ദൈ**വദത്തമായ വിശേഷബുദ്ധികൊണ്ട് അനുഗൃഹീതനാണ് മനുഷ്യൻ. "അവനെ ആദരിച്ചിരിക്കുന്നു" എന്ന വേദഗ്രന്ഥ വചനം സൃഷ്ടിയിലുള്ള അവന്റെ വ്യതിരിക്തതയെ കീർത്തിക്കുന്നു. ദൈവം തന്റെ പ്രതിനിധിയായിട്ടാണ് മനുഷ്യനെ ഇങ്ങോട്ടയച്ചതെങ്കിൽ അവൻ അവഗണിക്കപ്പെടാൻ മാത്രം നിസ്സാരനല്ല. സൃഷ്ടികളിൽ തെരഞ്ഞെടുക്കപ്പെട്ടവനാണവൻ.

വ്യക്തിസംസ്കരണത്തിലൂടെ സമൂഹം സംസ്കരിക്കപ്പെടുന്നു. അങ്ങനെ അതൊരു സമുന്നത സമൂഹമായി മാറും. സമത്വപൂർണമായ ഒരു സാമൂഹിക വ്യവസ്ഥ–ഒരു ദൈവം, പിന്നെ ദൈവ സൃഷ്ടികളുടെ പ്രവിശാലമായ ഒരു കുടുംബം. സ്രഷ്ടാവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്ന, വിശ്വ കുടുംബത്തെ സംയോജിപ്പിക്കുന്ന സുവർണതന്തുവാണ് ദൈവം. വിഭാഗീയതകളെല്ലാം അവിടെ അലിഞ്ഞലിഞ്ഞില്ലാതാവുന്നു. അവിടെ വർഗമില്ല, വർണമില്ല, പരിസീമിതമായ പ്രദേശഭേദങ്ങളില്ല. വിസ ആവശ്യമില്ലാതെ എവിടെയും നിർബാധം സഞ്ചരിക്കാൻ കുട നിവർത്തിപ്പിടിച്ച ഒരു നാഗരിക വിശേഷമാണത്. ആ നാഗരികതയുടെ പരമാവലംബം മനുഷ്യനാണ്. മറ്റൊന്നുമല്ല. ബാഹ്യമായ ഉപാധികളൊന്നുമതിനില്ല. ഇടുങ്ങിയ താൽപര്യങ്ങളൊന്നും അവിടെ മുഖംകാണിക്കാനെത്തിയിരുന്നില്ല. ആത്മീയതയുടെയും ഭൗതികതയുടെയും സംയുക്തരൂപമാണത്. ആത്മാവിനെയും ശരീരത്തെയും മതത്തെയും രാഷ്ട്രത്തെയും അത് സമന്വയിപ്പിക്കുന്നു.

വംശീയതയെയും വർഗീയതയെയും ആ നാഗരികത അനുകൂലിക്കുന്നില്ല. അതെല്ലാം ഉരച്ച് മായ്ച്ച് വിശ്വമാനവികതയെ തെളിച്ചുകാട്ടിയ മതദർശനമാണ് ഇസ്‌ലാം. "മാനുഷ്യകത്തിനൊന്നായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" എന്ന ഖുർആനിക വചനം ആ മഹിത സംസ്കൃതിയിലേക്ക് വഴി നയിക്കുന്നു.

ദേശീയത അഥവാ ദേശീയവാദം സങ്കുചിതമായ സ്വാർഥതയിലേക്കാണ്

സമൂഹത്തെ നയിക്കുന്നത് എന്ന് ഇസ്ലാം കണ്ടെത്തിയിരിക്കുന്നു. "വംശീയതയുടെ പേരിൽ യുദ്ധംചെയ്തവനോ അങ്ങനെ മരിച്ചവനോ നമ്മിൽ പെട്ടവനല്ല" എന്ന വചനം പ്രകാശനംചെയ്യുന്ന സന്ദേശം മറ്റൊന്നല്ല. ഇസ്ലാമിക നാഗരികതയുടെ മൂലപ്രമാണം അല്ലാഹുവിലും സത്യവേദത്തിലുമുള്ള അചഞ്ചലമായ വിശ്വാസമാണ്. അതുകൊണ്ട് വർഗത്തിന്റെയോ വംശത്തിന്റെയോ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതും സംഘടിക്കുന്നതും അരുതാത്തതാണവിടെ. നിഷ്കപടമായ വ്യക്തിവിശുദ്ധിയിലും അച്ചടക്കപൂർണമായ കുടുംബ സംവിധാനത്തിലും സഹിഷ്ണുതയും സൗമനസ്യവും കളിയാടുന്ന സാമൂഹ്യ വ്യവസ്ഥയിലും ദത്തശ്രദ്ധമായ ഒന്നത്രെ ഇസ്ലാമിക സംസ്കൃതി. അതിന്റെ വിഭാവനയിൽ പ്രഭാസിക്കുന്ന രാഷ്ട്രത്തിൽ മർദനവും ചൂഷണവുമില്ല. അവസരസമത്വം ഒരു സവിശേഷതയാണവിടെ. ഭദ്രമായ ഇസ്ലാമിക രാഷ്ട്രഘടന അവകാശധ്വംസനത്തെ എതിർക്കുന്നു. സമാദരണീയമാണ് സ്ത്രീത്വം എന്ന് ഘോഷിക്കുന്നു. അവിടെ അടിമത്തം ഈശ്വര നിന്ദയും സമൂഹ ശാപവുമാണ്. ആ പ്രവിശാല കുടുംബത്തിൽ വിശക്കുന്നവനും ഉടുതുണിയില്ലാത്തവനും അവശനും അനാഥനുമുണ്ടാവുകയില്ല. തൊഴിലാളിക്ക് വിയർപ്പാറുന്നതിനു മുമ്പേ വേതനം കിട്ടുന്നു. പാപരഹിതവും വിശ്വാസവിശുദ്ധവും ഉത്തമവുമായ ഒരു സമൂഹമാണത്.

ദൈവം ഏകവും അഖണ്ഡവുമാണെന്നും മനുഷ്യനും ദൈവത്തിനുമിടയിൽ പൗരോഹിത്യമെന്നത് കാപട്യം നിറഞ്ഞ നുണയാണെന്നുമുള്ള തെളിവുറ്റ ദർശനം അനാവരണം ചെയ്തുകൊണ്ടാണ് ഇസ്ലാം ജനമനസ്സുകളെ സമീപിച്ചത്. മറച്ചുപിടിക്കാനൊന്നുമില്ലാത്ത സ്വയം പ്രകാശകമായ ഇസ്ലാമിക ദർശനവും സത്യവേദവിശ്വാസികളുടെ അക്കാല സമൂഹവും കിഴക്കിന്റെയും പടിഞ്ഞാറിന്റെയും മനോമുകുരങ്ങളിൽ തെളിഞ്ഞുവിളങ്ങി. ഏറെ വൈകാതെ വിഗ്രഹാരാധനക്കും ബഹുദൈവ വിശ്വാസത്തിനുമെതിരെ ചിന്തിക്കാൻ തുടങ്ങിയവരുടെ എണ്ണം കൂടിവന്നു. പോപ്പിൽനിന്നും പൗരോഹിത്യത്തിൽനിന്നും വിനിർമുക്തമായ സത്യവേദ സംസ്കൃതിയോടു തൊട്ടുരുമ്മിനിൽക്കാനുള്ള ആന്തരിക പ്രേരണ അവരിൽ വളർന്നുവന്നു. ജർമനിയിലെ പ്രൊട്ടസ്റ്റന്റ് മതനവീകരണ പ്രസ്ഥാനത്തിന്റെ സാരഥിയായ മാർട്ടിൻ ലൂഥറിൽ (1483–1546) വിചാരവിപ്ലവത്തിന്റെ സ്ഫുലിംഗങ്ങളുയർത്തിയതിൽ അറബ് ദർശനത്തിന്റെ സ്വാധീനം അനൽപമായിരുന്നു എന്ന് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് കുറേ മുമ്പേ തന്നെ ഇസ്ലാമിക ദാർശനികന്മാരുടെ ഗ്രന്ഥങ്ങൾ ലാറ്റിൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടിരുന്നു. ലൂഥറിന്റെ കാലമാകുമ്പോഴേക്ക് യൂറോപ്യൻ സർവകലാശാലകളിലാകെ ഇസ്ലാമിക ദർശനങ്ങൾ പഠനവിഷയങ്ങളായിരുന്നു. ചർച്ചും സ്റ്റേറ്റും തമ്മിൽ കൂട്ടിക്കുഴയാതിരിക്കണമെന്ന വിചാരഗതി യൂറോപ്പിൽ ശക്തിപ്പെട്ടതിന്റെ പിറകിൽ പോലും ഇസ്ലാമിക ദർശനം വിളയിച്ചെടുത്ത സവിശേഷ സംസ്കാരത്തിന്റെ സ്വാധീന[illegible]ണാം.

ഭൗതിക-ആത്മീയതകളുടെ സമന്വയമായാണ് ഇസ്ലാം പ്രത്യക്ഷപ്പെട്ടത്. ഇത് മറ്റു നാഗരികതകളെ ശ്രദ്ധേയമാംവിധം സ്പർശിച്ചു. രണ്ടും പരസ്പര വിരുദ്ധങ്ങളാണെന്നു കണ്ട ജൂത-ക്രൈസ്തവ സങ്കൽപങ്ങളെ അതുലച്ചു. ശാസ്ത്രജ്ഞാനം മതവിരുദ്ധമായി കരുതിപ്പോന്ന നാട്ടിൽ അത് മതത്തിന്റെതന്നെ അടിസ്ഥാന ശിലയാണെന്നറിയിച്ച ഇസ്ലാംമതം ലോകഗതി തിരിച്ചുവിട്ടു. ദൈവിക വിശ്വാസത്തെ നാഗരികതയുടെ മൂലപ്രമാണമായും ഇസ്ലാം കരുതി. ദൈവനിഷേധത്തിൽ ഊന്നിനിന്ന നാടുകൾ മടക്കയാത്രയാരംഭിച്ചത് അതോടെയാണ്.

മത ദാർശനികരായ ഉലമാക്കളുടെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലേക്ക് വ്യാപകമായി പരിഭാഷപ്പെടുത്തപ്പെട്ടു. വൈദ്യശാസ്ത്രരംഗത്തെ ഇതിഹാസമായറിയപ്പെടുന്ന ഇബ്നുസീനയുടെ അൽഖാനൂൻ മൊഴിമാറ്റം ചെയ്യപ്പെട്ടത് 12-ാം നൂറ്റാണ്ടിലായിരുന്നു. 13-ാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്ക് റാസിയുടെ അൽഹാവി എന്ന ബൃഹദ്ഗ്രന്ഥവും ഭാഷാന്തരീകരിക്കപ്പെട്ടു. 16-ാം നൂറ്റാണ്ടു വരെ വൈദ്യശാസ്ത്ര പഠനതലത്തിൽ യൂറോപ്പ് തീർത്തും ആശ്രയിച്ചത് അറബ് ശാസ്ത്രഗ്രന്ഥങ്ങളെയായിരുന്നു. ഗ്രീക്ക് തത്ത്വശാസ്ത്രവുമായിപ്പോലും യൂറോപ്പ് ബന്ധം പുലർത്തിയത് അവയുടെ അറബ് ഭാഷയിലെ പരിഭാഷകളിലൂടെയായിരുന്നു. മധ്യയുഗത്തിലെ ഒരാറു നൂറ്റാണ്ടുകാലമെങ്കിലും യൂറോപ്പിന്റെ ജ്ഞാനവിജ്ഞാന രംഗങ്ങളിലെ അധ്യാപകരും വഴികാട്ടികളുമെല്ലാം അറബി പ്രതിഭകളായിരുന്നു. ആ കാലത്തെ ശാസ്ത്രവിശാരദന്മാരായ റോജർ ബേക്കൺ, ലിയോനാർഡ്, എർനൊ അൽഫൻ ഖനി, റെയ്മണ്ട് ലോട്ട്, സെൻതോമ, ആൽബർട്ട്, ആസ്ഫോനിഷ് തുടങ്ങിയവരെല്ലാം ആധികാരികങ്ങളെന്ന നിലയിൽ ആശ്രയിച്ചത് അറബി ഗ്രന്ഥങ്ങളെയായിരുന്നു.

ഏ.ഡി. 1349-ൽ ഇറ്റാലിയൻ കവിയും നോവലിസ്റ്റുമായ ബൊക്കാച്ചിയോ 'ടെൻമോൺസ്' (ഡക്കാമറൻ) എന്ന പേരിൽ അറിയപ്പെട്ട കഥകളെഴുതി. അറബിക്കഥകളുടെ ശീലിലാണവ അവതരിപ്പിക്കപ്പെട്ടത്. ജർമൻ നാടകകൃത്തായ ലിസ്സിങ്ങും (Lissing) വിശ്വവിഖ്യാതനായ ഷേക്സ്പിയർ പോലും ഇതിന്റെ ആകർഷണ വലയത്തിനു പുറത്തായിരുന്നില്ലെന്ന് നിരൂപകലോകം അഭിപ്രായപ്പെട്ടിട്ടുണ്ട്. ആധുനിക ആംഗലേയ കവിതയുടെ പിതാവായറിയപ്പെടുന്ന കൗസർ (Chaucer 1340-1400) എഴുതിയ കാന്റർബറി കഥകളിലും ഡാന്റെയുടെ സമുന്നത ദാർശനിക കാവ്യമായ ഡിവൈൻ കോമഡിയിലും അറബിസാഹിത്യത്തിന്റെ സ്വാധീനത പ്രകടമാണെന്ന് ആൽബർട്ട് വില്യം Cultural Heritage എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. The Arabian Nights എന്ന ഗ്രന്ഥത്തിന്റെ മുന്നൂറിലധികം പതിപ്പുകൾ യൂറോപ്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു എന്നാണറിയുന്നത്. ഡഫോസിന്റെ റോബിൻസൺ ക്രൂസോ, സ്വിഫ്ടിന്റെ യാത്രാക്കുറിപ്പുകൾ എന്നിവയെല്ലാം

അറേബ്യൻ നൈറ്റ്സിന്റെയും അറബ് ദാർശനികനായ ഇബ്നു തുഫൈലി ന്റെയും പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണെന്നും നിരൂപകലോകത്തിനഭി പ്രായമുണ്ട്. പല യൂറോപ്യൻ ഭാഷകളിലും കാണുന്ന അറബ് പദങ്ങളുടെ സംക്രമണം വെളിവാക്കുന്നത് അറബ്ഭാഷാ സാഹിത്യവുമായി അവക്കുള്ള സജീവ ബന്ധമാണ്.

ശക്തവും ആസൂത്രിതവുമായ ഒരു രാഷ്ട്രീയ വ്യവസ്ഥ അന്ന് യൂറോ പ്പിലുണ്ടായിരുന്നില്ല. നെപ്പോളിയൻ ഈജിപ്ത് കീഴ്പ്പെടുത്തിയ കാലത്താണ് ഫ്രഞ്ച് നിയമവ്യവസ്ഥയുടെ ആധാരശിലയായിക്കരുതപ്പെടുന്ന 'കിതാബ് ഇഖ്ലീൽ' എന്ന പ്രസിദ്ധ നിയമഗ്രന്ഥം പരിഭാഷപ്പെടുത്തപ്പെട്ടത്. പുരാത നകാലത്ത് (മധ്യകാലത്തുപോലും) യൂറോപ്പിൽ മനുഷ്യാവകാശങ്ങൾ അംഗീ കരിക്കപ്പെട്ടിരുന്നില്ല. ഭരണാധികാരിയും ജനങ്ങളും തമ്മിലുള്ള ബന്ധം യജ മാന–ഭൃത്യ ബന്ധത്തിനു സദൃശമായിരുന്നു. സ്വേച്ഛാനുസാരം രാജാവ് പെരു മാറിയാലും അതിൽ തൃപ്തി ഭാവിക്കുക മാത്രമായിരുന്നു പ്രജകളുടെ പ്രകൃ തം. ഇസ്ലാമിക നാഗരികത നിലവിലുണ്ടായിരുന്ന അറബ് നാടുകളിൽ നില വ്യത്യസ്തമായിരുന്നു. അവിടെ ജനഹിതം പരമമായി അംഗീക രിക്കപ്പെട്ടിരുന്നു. രാജാവിനെ വിമർശിക്കാനുള്ള അധികാരം ജനങ്ങൾക്കു ണ്ടായിരുന്നു. ഒരിക്കൽ ഖലീഫ ഉമർ തന്റെ ഔദ്യോഗിക പ്രഭാഷണം നിർവ ഹിക്കുകയായിരുന്നു. അപ്പോൾ "എന്റെ വാക്കുകൾ കേൾക്കുക, അനുസരി ക്കുക" എന്ന് അദ്ദേഹം പറഞ്ഞു. അന്നേരമൊരാൾ ചാടിയെഴുന്നേറ്റ്, സ്വൽപം ശബ്ദമുയർത്തിക്കൊണ്ട് ഇങ്ങനെ പ്രതികരിച്ചു:

"ഞങ്ങൾക്ക് അനുവദിക്കപ്പെട്ട വസ്ത്രം എത്ര കുറച്ചാണ്! താങ്കൾക്കെ ങ്ങനെ ഇങ്ങനെ തുന്നിയിടാൻ വസ്ത്രം ലഭിച്ചു?"

സദസ്സ് നിശ്ശബ്ദമായി. ഖലീഫ ഉമർ ഒരു നിമിഷം മൗനം ഭജിച്ചു. അദ്ദേഹം തന്റെ മകനായ അബ്ദുല്ലയുടെ നേരെ നോക്കി. അബ്ദുല്ല എഴു ന്നേറ്റ് ഇങ്ങനെ പറഞ്ഞു:

"എന്റെ വിഹിതം കൂടി ഞാൻ ബാപ്പാക്ക് നൽകി. അതാണത്. ബാപ്പ അവിഹിതമായി ഒന്നും ഉപയോഗിച്ചിട്ടില്ല."

ഇതു കേട്ടപ്പോൾ സംതൃപ്തനായ പരാതിക്കാരൻ പറഞ്ഞു: "സന്തോ ഷമായി. അഭിമാനവും തോന്നുന്നു. ഇനി ഞങ്ങൾ പൂർണ മനസ്സോടെ താങ്ക ളുടെ പ്രസംഗം ശ്രദ്ധിക്കാം. അനുസരിക്കാം." ഒരു സാധാരണക്കാരൻ, രാഷ്ട്ര ത്തിന്റെ മഹാ സാരഥിക്കെതിരെ ചോദ്യശരമുയർത്തി പൗരാവകാശം പ്രക ടിപ്പിച്ച സംഭവം. ചരിത്രത്തിലെ മറ്റൊരപൂർവത!

ജൂതമതവിശ്വാസിയായ ഒരു പ്രജ ഖലീഫാ ഉമറിന്റെ മുന്നിൽ ഒരു പരാതി സമർപ്പിച്ചു:

"ഗവർണറുടെ മകൻ തന്റെ മകനെ അടിച്ചു. അത് അവന്റെ പിതാവ് അധികാരസ്ഥനാണെന്നതു കൊണ്ടാണ്. നീതി പ്രതീക്ഷിക്കുന്നു."

ഖലീഫാ ഉമർ ഗവർണറെ വിളിപ്പിച്ചു. പരാതിക്കാരന്റെ മകനോട് ഗവർണറുടെ മകനെ ഭർത്സിക്കാനാവശ്യപ്പെട്ടു. എന്നിട്ട് ഖലീഫ ഗവർണറോട് ഇങ്ങനെ പറഞ്ഞു:

"നിങ്ങളെപ്പോഴാണ് ജനങ്ങളെ അടിമകളാക്കാൻ തുടങ്ങിയത്? അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായാണല്ലോ പ്രസവിച്ചത്."

ഇതുപോലുള്ള പ്രകാശം വഴിയുന്ന എണ്ണമറ്റ സംഭവങ്ങൾ ഇസ്ലാമിക ചരിത്രത്തിലുണ്ട്.

ആധുനിക വൈജ്ഞാനിക നവോത്ഥാനത്തിന് പ്രേരകമായി ഭവിച്ചത് റിനൈസൻസും റിഫർമേഷനുമാണെന്നാണ് പറയപ്പെടുന്നത്. റിനൈസൻസ് റിഫർമേഷന് പ്രചോദകമായി. എന്നാൽ റിനൈസൻസിന് പ്രചോദകമായതെന്താണ്?

അറബി നാട്ടിൽ ഒരു പുതിയ സംസ്കാരത്തിന്റെ തിരുവുദയമുണ്ടായി. അതിന്റെ പ്രകാശകിരണങ്ങളാണ് നവോത്ഥാനത്തിനു കാരണമായത്. ഇറ്റലിയിലാണ് നവോത്ഥാനത്തിനു തുടക്കംകുറിച്ചതെന്ന ധാരണ ശരിയല്ല. സ്പെയ്നാണ് റിനൈസൻസിന് വേദിയായത്.

ജോർജ് സാർട്ടൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

"മുസ്ലിം ലോകത്തിലെ പ്രമുഖ നഗരങ്ങളായ ബഗ്ദാദും കൈറോയും കൊറദോവയും ടോളിഡോയും നാഗരികതയുടെ ധൈഷണിക പ്രവർത്തനങ്ങളെ വളർത്തിക്കൊണ്ടുവന്നു. അന്ന് യൂറോപ്പ് അജ്ഞതയുടെയും അധാർമികതയുടെയും ആഴങ്ങളിലെത്തിയിരുന്നു. അവിടെവച്ചാണ് മനുഷ്യ ചരിത്രത്തിലെ ഒരു നവീന ഘട്ടത്തിന് രൂപംകൊടുത്ത നൂതന ചൈതന്യം ആവിർഭവിച്ചത്. ആ സംസ്കാരത്തിന്റെ സ്വാധീനമേറ്റതുമുതൽക്കാണ് ഒരു പുതിയ ജീവിതത്തിന്റെ ആരംഭം കുറിക്കപ്പെട്ടത്" (Introduction to the History of Sciences)

ക്ഷയോന്മുഖമായ യവനശാസ്ത്രത്തെ പുനരുജ്ജീവിപ്പിച്ച് ആധുനിക ലോകത്തിന് പരിചയപ്പെടുത്തിയ അറബികളെയാണ് ആധുനിക ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളെന്ന് വിശേഷിപ്പിച്ചത്.

"ഭൗതികശാസ്ത്രങ്ങളുടെ ഉപജ്ഞാതാക്കൾ അറബികളായിരുന്നു. ഊഹാപോഹങ്ങളോ മതപരമായ വിധിവിലക്കുകളോ അല്ല, അനുഭവജ്ഞാനം മാത്രമായിരുന്നു അവരുടെ ശാസ്ത്രീയമായ നിഗമനങ്ങളുടെ അടിസ്ഥാനം. അത്തരമൊരു ശാസ്ത്രീയാവബോധം അവരുടെ പ്രായോഗിക നേട്ട

ങ്ങളെപ്പോലെത്തന്നെ വിലപ്പെട്ടതാണ്" –ഹം ബോൾട്ട്

"എന്താണുള്ളത് –അതേക്കുറിച്ചുള്ള പഠനമാണ് തത്ത്വജ്ഞാനികളുടെ മതം. കാരണം സ്രഷ്ടാവിനെക്കുറിച്ചും അവന്റെ അസ്തിത്വത്തെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന തരത്തിലുള്ള, അവന്റെ സൃഷ്ടികളെ സംബന്ധിക്കുന്ന ജ്ഞാനത്തേക്കാൾ ഉത്കൃഷ്ടമായ മറ്റൊരാരാധനയില്ല"– ഇബ്നുറുഷ്ദ്

"മുസ്ലിംകൾ അലക്സാണ്ട്രിയയിലെ ലൈബ്രറി നശിപ്പിച്ചു എന്ന കഥ തീർത്തും അടിസ്ഥാനരഹിതമാണ്. ഒരു കുരിശുയുദ്ധത്തിന്റെ ആവേശത്തോടു കൂടി ലോകത്തിന്റെ നാനാ ഭാഗങ്ങളിലും എണ്ണമറ്റ വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ച ഒരു ജനവിഭാഗവുമായി ബന്ധപ്പെടുത്തി ഇത്തരമൊരു നശീകരണത്തിന്റെ കഥ പ്രചരിപ്പിച്ചവരുടെ ഔദ്ധത്യവും ആത്മവഞ്ചനയും വിസ്മയാവഹം തന്നെ"– എം.എൻ. റോയ്

"ഗ്രീക്കുകാർ ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത കേവല ജ്ഞാനത്തിന്റെ ക്രമാനുഗതമായ വികാസത്തെ അറബി മനസ്സ് ഒരു പുതിയ കാഴ്ചപ്പാടോടും ചൈതന്യത്തോടും കൂടി ഏറ്റെടുത്തു. ലാറ്റിനിന്റെ വഴിയിലൂടെയല്ല, അറബികളിലൂടെയായിരുന്നു ആധുനിക ലോകത്തിന് പ്രകാശത്തിന്റെയും ശക്തിയുടെയും അനുഗ്രഹങ്ങൾ ലഭിച്ചത്" –എച്ച്.ജി. വെൽസ്

ഇസ്ലാമിന്റെ നിർണായക സ്വാധീനവുമായി ബന്ധമില്ലാത്തതായി യൂറോപ്പിലെ വൈജ്ഞാനിക നവോത്ഥാനത്തിന്റെ ഭിന്ന വശങ്ങളിൽ ഒന്നു പോലുമില്ല.

"വിപ്ലവകരമായ തത്ത്വങ്ങളിലും അമ്പരപ്പിക്കുന്ന കണ്ടുപിടിത്തങ്ങളിലും മാത്രമല്ല നമ്മുടെ ശാസ്ത്രത്തിന് അറബി ശാസ്ത്രത്തോടുള്ള കടപ്പാട്. അതിന്റെ നിലനിൽപിനുതന്നെ അറബി ശാസ്ത്രത്തോട് വിധേയത്വമുണ്ട്. ലോകത്തിന് അറബി നാഗരികതയുടെ ഏറ്റവും വലിയ സംഭാവന ആധുനിക ശാസ്ത്രമാണ്. ഗ്രീക്കുകാർ ശാസ്ത്രത്തെ ക്രമവത്കരിക്കുകയും സാമാന്യവൽക്കരിക്കുകയും തത്ത്വവൽക്കരിക്കുകയും ചെയ്തു. പക്ഷേ, ഗവേഷണവും വൈജ്ഞാനിക വസ്തുതകളുടെ ശേഖരണവും സൂക്ഷ്മമായ ശാസ്ത്രീയ രീതികളും ദീർഘമായ നിരീക്ഷണവും ഗ്രീക്ക് മനോഭാവത്തിന് അപരിചിതമായിരുന്നു. അവ യൂറോപ്പിന് നൽകിയത് അറബികളായിരുന്നു. (Making of Humanity Brifault)

"കൂടുതൽ അഗാധമായ ജ്ഞാനത്തിനും സൂക്ഷ്മമായ അന്വേഷണത്തിനും മനസ്സൊരുക്കുന്നതിന് ലോകം ശ്രദ്ധതിരിച്ചത് ഗ്രീക്കു കേന്ദ്രങ്ങളുടെ നേർക്കല്ല, അറബികളുടെ നേർക്കായിരുന്നു" –ജോർജ് സാർട്ടൺ

ശാസ്ത്രബോധത്തെ പ്രകീർത്തിക്കുകയും ശാസ്ത്രജ്ഞന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ചരിത്രമാണ് ഇസ്ലാമിനുള്ളത്. ശാസ്ത്രത്തെ മനുഷ്യവൽക്കരിക്കാനും ആത്മീയതയുടെ ചൈതന്യം നൽകി അതിനെ ആദരണീയമാക്കാനും ഇസ്ലാം സന്നദ്ധമായി. "ഭൗതിക പ്രപഞ്ചം ആത്മീയ പ്രപഞ്ചം പോലെത്തന്നെ പ്രധാനമാണെന്ന അംഗീകാരവും അറബി മനസ്സിന്റെ വികാരാതീത പ്രകൃതത്തെ ശരിക്കും പ്രതിഫലിപ്പിക്കുന്ന സത്യാന്വേഷണ ത്വരയും അവരുടെ അദമ്യമായ ജിജ്ഞാസയും യോഗാത്മകാനുഭൂതിയും മറ്റു പ്രേരണകളാണ്. മാതൃവാത്സല്യം മുതൽ മാരക രോഗങ്ങൾ വരെയുള്ളതെല്ലാം അല്ലാഹു സൃഷ്ടിച്ച പ്രപഞ്ചത്തിലുൾപ്പെടുന്നവയാണ്. ഇവയോരോന്നും അവന്റെ ശക്തി നിദർശനങ്ങളാണ്; അന്നിലക്ക് പഠനാർഹങ്ങളും. ഇസ്ലാമിൽ മതവും ശാസ്ത്രവും ഭിന്ന വഴികളല്ല പിൻതുടരുന്നത്. യഥാർഥത്തിൽ മതം ശാസ്ത്രത്തിന്റെ പ്രചോദനകേന്ദ്രമാണ്." (Islam and the Arabs- Rom Landaw)

ഇസ്ലാമിക നാഗരികതയെ അനശ്വരമാക്കിയ മുഖ്യ ഘടകം അതുൾക്കൊള്ളുന്ന ആത്മീയ–ഭൗതിക സമന്വയ പ്രകൃതമാണ്.

"ഭൂമിയിലെ മുഴുവൻ വസ്തുക്കളെയും നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചു." (അൽബഖറ: 29)

"നന്മചെയ്യുന്നത് ആരെന്ന് പരീക്ഷിക്കാൻ ജീവിതവും മരണവും സൃഷ്ടിച്ചവനാണ് അല്ലാഹു." (അൽമുൽക്: 2)

"ഈ ലോകത്ത് എന്തെല്ലാം വിഭവങ്ങളാണ് ദൈവാനുഗ്രഹം കൊണ്ട് നിരത്തിവെക്കപ്പെട്ടിട്ടുള്ളത്! പക്ഷേ, അല്ലാഹുവിന്റെ പരിധിക്കുള്ളിൽ നിൽക്കണമെന്നു മാത്രം."

"നബിയേ, താങ്കൾ ചോദിക്കുക: അല്ലാഹു തന്റെ അടിമകൾക്ക് വീതിച്ചു നൽകിയ സൗന്ദര്യവും നല്ല ഭക്ഷണവും നിഷിദ്ധമാക്കിയതാരാണ്? പറയുക: അത് സത്യ വിശ്വാസികൾക്കുള്ളതാണ്. നിങ്ങൾ ഭുജിക്കുക, പാനം ചെയ്യുക. ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല."

ഇസ്ലാമിന്റെ നാഗരികത സർവ്വാകർഷകമായിരുന്നു. ഇസ്ലാമിക ദർശനങ്ങളും പ്രവാചകന്റെ അനുകരണീയമായ ജീവിതചര്യകളും ആ നൂതന സംസ്കാരത്തിന്റെ പ്രചാരണത്തിന് ചെറിയ അളവിലൊന്നുമല്ല പ്രേരകമായി ഭവിച്ചത്. അതുപോലെ അതിന്റെ ആദ്യകാല പ്രചാരകന്മാരുടെയും പ്രയോക്താക്കളുടെയും ജീവിതവിശുദ്ധിയും അവക്രമായ കാഴ്ചപ്പാടും അത്യന്തം പ്രയോജകീഭവിച്ചിട്ടുണ്ട്.

ഇസ്ലാമിന്റെ വക്താക്കൾ ദൈവിക ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവരും

ദൈവിക നിയമാനുസൃതം പ്രവർത്തിക്കുന്നവരുമായിരുന്നു. അവർക്ക് സ്വന്ത മായ നിയമങ്ങൾ ഉണ്ടാക്കേണ്ടിവന്നില്ല. സത്യത്തിൽ അജ്ഞതയാണ് ദൈവേതര നിയമങ്ങളിൽ മുഴങ്ങിക്കേട്ടിരുന്നത്. ദൈവദത്തമായ വ്യവസ്ഥ യുടെ വക്താക്കളായതുകൊണ്ട് രാഷ്ട്രീയ-സാമൂഹ്യ ജീവിതങ്ങളിൽ തപ്പി ത്തടയേണ്ട സ്ഥിതിവിശേഷം അവർക്കുണ്ടായില്ല. വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് അപ്പപ്പോൾ മറു പടി നൽകാനുള്ള സംവിധാനമായിരുന്നു ഇസ്‌ലാമിക ശരീഅത്ത്.

ഇസ്‌ലാമിക രാഷ്ട്രനേതാക്കളും പ്രവർത്തകരും നീണ്ട ധാർമിക പരി ചരണത്തിനും സംസ്കരണത്തിനും വിധേയരായതിനു ശേഷമാണ് കർമ രംഗത്തെത്തിയത്. ഇസ്‌ലാമിക നാഗരികതയുടെ ആദ്യകാല പ്രവർത്തക രായ സ്വഹാബികളെ നബിതിരുമേനി 23 വർഷക്കാലം ആത്മ സംസ്കരണ ത്തിന് വിധേയരാക്കി. ത്യാഗം, സൂക്ഷ്മത, ചാരിത്ര്യം, വിശ്വസ്തത, നിസ്വാർഥ ത, സ്ഥാന ത്യാഗം എന്നീ ഗുണങ്ങൾ അവരിൽ രൂഢമൂലമാക്കി. നാഗരിക തയുടെ വേറിട്ടൊരു മുഖം സൃഷ്ടിച്ച് ഇസ്‌ലാമിക രാഷ്ട്രീയക്കാർ അധി കാരലബ്ധിക്ക് സമ്പത്തും സ്വാധീനശക്തിയും ഉപയോഗിച്ചില്ല. അതിനുവേണ്ടി ആഗ്രഹിക്കുക പോലും ചെയ്തില്ല. മാത്രമല്ല, അധി കാരമേറ്റെടുക്കേണ്ടിവന്നപ്പോൾ ദുഃഖാർദ്രമായ മനസ്സോടെയാണ് ആ ദൈവിക ദൗത്യത്തിന് സന്നദ്ധരായത്. തങ്ങളുടെ അധികാര കാലം ഭരണീ യരുടെ ജീവന്നും സമ്പത്തിനും സുരക്ഷ ലഭ്യമായില്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ ഏൽക്കേണ്ടിവരുമെന്ന ഭയമായിരുന്നു അവരെ നിയന്ത്രിച്ചത്. "ആവ ശ്യപ്പെട്ടവർക്കും അത്യാഗ്രഹം പ്രകടിപ്പിച്ചവർക്കും നാം അധികാരം ഏൽപി ക്കുകയില്ല" എന്ന പ്രവാചക വചനം ഭരണം എന്ന ദൈവിക ദൗത്യത്തോട് ഇസ്‌ലാമിക സംസ്കൃതി സൂക്ഷിച്ചുപോന്ന ഹൃദയഭാവമാണ് സൂചിപ്പിക്കു ന്നത്. ഭരണമെന്നത് ഭാഗ്യോദയവേളയിൽ കൈവരുന്ന മഹാ സൗഭാഗ്യമാ യല്ല; സമൂഹ സേവനത്തിനു വേണ്ടി ദൈവം സമ്മാനിക്കുന്ന ഉദാത്തമായ മംഗള ഉത്തരവാദമായാണ് ഇസ്‌ലാം കരുതുന്നത്. ഇസ്‌ലാമിക പ്രവർത്ത കർ ഒരു വർഗത്തിന്റെയോ വംശത്തിന്റെയോ വക്താക്കളായിരുന്നില്ല. വർഗീ യതക്കും വംശീയതക്കും ദേശീയതക്കും വില കൽപിക്കാതെ, ഏക സമൂ ഹത്തിനും രാഷ്ട്രത്തിനും സംസ്കാരത്തിനുമായാണ് അവർ നിലകൊണ്ട ത്. മക്കൾരാഷ്ട്രീയത്തിനോ കുടുംബാധിപത്യത്തിനോ ഇസ്‌ലാമിക നാഗ രികതയുടെ അകത്തളങ്ങളിൽ സ്വാധീനമേതുമില്ല.

ഇസ്‌ലാം വളർത്തിയെടുത്ത കർമശേഷിയും സ്ഥിരോത്സാഹവും വിഭാ വനകളുമാണ് നാഗരികതയുടെ വ്യവഹാരത്തിൽ പങ്കുവഹിച്ച ഒരു മുഖ്യ ഘടകം. ആദർശ പ്രചാരണത്തിലും അതുവഴി മാനവികതയുടെ പുനഃസം വിധാനത്തിലും നിതാന്ത ജാഗ്രത പുലർത്തിയ ഇസ്‌ലാമിക സമൂഹത്തിലെ ഓരോ അംഗവും കർമനൈരന്തര്യത്തിന്റെ പുരുഷരൂപങ്ങളായിരുന്നു. ഒരു

നൂറ്റാണ്ടിനുള്ളിൽ തന്നെ ലോകത്തിന്റെ അഷ്ടദിക്കുകളിലും ഇസ്ലാമിക നാഗരികതയുടെ സജീവ സാന്നിധ്യമുണ്ടാക്കുവാൻ സാധ്യമായതിനു പിന്നിൽ പ്രവർത്തിച്ചത് ഈ നിസ്തുലമായ കർമശേഷിയും ആത്മസമർപ്പണ പ്രവണമായ മനസ്സുമായിരുന്നു. മദീനയുടെയും അറേബ്യയുടെയും അതിരുകൾക്കപ്പുറത്ത് റോമിലും മൊറോക്കോയിലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ പ്രവിശ്യകളിൽപോലും വളരെപ്പെട്ടെന്നാണ് ഇസ്ലാം വ്യാപിച്ചത്. ഒരു റോമൻ ബുദ്ധിജീവി ഇങ്ങനെ രേഖപ്പെടുത്തി:

"അവർ രാത്രിയിൽ ആരാധനാനിരതരും പകൽ നേരത്ത് കുതിരപ്പടയാളികളുമാണ്."

പ്രാചീനർക്കിടയിൽ ഇന്ത്യയിലോ ഈജിപ്തിലോ ചൈനയിലോ ശാസ്ത്രത്തിന്റെ പ്രയോഗരംഗങ്ങളും പ്രകാശവുമൊന്നും ചരിത്ര ദൃഷ്ടിക്ക് ഗോചരമാകുന്നില്ല. എന്നാൽ അറബികളിൽ ശാസ്ത്രീയമായ അന്വേഷണ ബുദ്ധി പ്രകടമായിരുന്നു. അതുകൊണ്ടുതന്നെ ആധുനിക ശാസ്ത്രത്തിന്റെ പതാകവാഹകർ മുസ്ലിംകളാണെന്ന വാദത്തിന് പ്രസക്തി വർധിക്കുന്നു.

1493-ൽ അറബികളുടെ കോൺസ്റ്റാന്റിനോപ്പിൾ അധിനിവേശത്തോടെ പാശ്ചാത്യലോകത്ത് വിജ്ഞാന വിസ്ഫോടനമുണ്ടായി. അതോടെയാണ് പാശ്ചാത്യലോകത്ത് നാഗരികതയുടെ കാറ്റ് വീശിയത്. "മധ്യകാലഘട്ടത്തിൽ സംസ്കാരത്തിന്റെ അഥവാ നാഗരികതയുടെ സംവാഹകർ അറബികളായിരുന്നു" എന്ന് പ്രശസ്ത ഓറിയന്റലിസ്റ്റായ സിഡിയോ (Sideo) പ്രസ്താവിച്ചിട്ടുണ്ട്.

# ചില പ്രകാശ കിരണങ്ങൾ

**ഇ**സ്ലാം സംസ്കൃതിയുടെ കേന്ദ്രാശയം തൗഹീദ് അഥവാ ദൈവത്തിന്റെ ഏകത്വം ആണ്. ഒരു വൃക്ഷം പോലെ ഉയർന്നു വളർന്ന് പടർന്നു നിൽക്കുന്ന ഒരു മഹാ ദർശന സമുച്ചയം-ജീവിത വേദാന്തം-തൗഹീദ് എന്ന കുന്നിമണി യിൽ ഉള്ളൊതുങ്ങി നിൽക്കുന്നതുപോലെ തോന്നുന്നു. ഇസ്ലാമിക ദർശ നങ്ങളും ഇസ്ലാമിക സാഹിത്യമാകെത്തന്നെയും വിനഷ്ടമായി ഭവിച്ചാലും തൗഹീദ് എന്ന ശബ്ദം അവശേഷിക്കുന്നുവെങ്കിൽ പൂർവ പ്രഭാവത്തോടെ ഇസ്ലാം അതിൽനിന്ന് പുനർജനിക്കുമെന്ന് നിർവിശങ്കം ഉറപ്പിക്കാൻ മാത്രം ചൈതന്യമിയന്ന ഒരു സൂക്ഷ്മ ശബ്ദകോശമാണത്. ഏകദൈവബോധവും വിശ്വ സാഹോദര്യവും എന്നതാണ് അതിന്റെ ഭാഷ്യം.

"നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക; അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിക്കുക. നിങ്ങൾ ഏത് പേരിൽ വിളിച്ചാലും ഏറ്റവും നല്ല പേരുകളെല്ലാം അവന്നുള്ളതാണ്" എന്നും "നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാ കുന്നു, ഒരേയൊരു സമുദായം. ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതി നാൽ നാശത്തിൽ പെടാതിരിക്കാൻ നിങ്ങൾ എന്നെ രക്ഷാകേന്ദ്രമാക്കുക" എന്നും വേദവചസ്സുകളുണ്ട്.

ഒരു പ്രത്യേക സമുദായത്തിന്റെ മോചനമല്ല ഖുർആൻ വിഭാവന ചെയ്യു ന്നത്, മനുഷ്യസാമാന്യത്തിന്റെ സമ്പൂർണ വിമോചനമാണ്. മുഹമ്മദിന്റെ മാത്രമല്ല, ലോകത്തവതീർണരായ എല്ലാ പ്രവാചകന്മാരുടെയും ദൗത്യം അതാണെന്ന് വേദഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

"തീർച്ചയായും നാം നിന്നെ അയച്ചത് സത്യസന്ദേശവുമായാണ്. ശുഭ വാർത്തയറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായാണ്. മുന്നറിയിപ്പുകാ രൻ വന്നുപോകാത്ത ഒരു സമുദായവും ഇല്ല." (35: 24)

"നാം നിയോഗിച്ച ഒരു ദൂതനും തന്റെ ജനതയുടെ ഭാഷയിലല്ലാതെ സന്ദേശം നൽകിയിട്ടില്ല. അവർക്കത് വിവരിച്ചു കൊടുക്കാനാണ് അങ്ങനെ

ചെയ്തത്. അല്ലാഹു അവനിച്ഛിക്കുന്നവരെ വഴികേടിലാക്കുന്നു. അവനിച്ഛിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു." (14: 4)

അങ്ങനെ അയക്കപ്പെട്ട അസംഖ്യം പ്രവാചകന്മാരിൽ അറേബ്യയിലെ മരുപ്രദേശത്ത് അവതീർണനായ ദൈവദാസനാണ് മുഹമ്മദ്.

"നിനക്കു മുമ്പ് നിരവധി ദൂതന്മാരെ നാം നിയോഗിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ ചരിത്രം നിനക്ക് നാം വിവരിച്ചു തന്നിരിക്കുന്നു. ചിലരെക്കുറിച്ച് വിവരിച്ചു തന്നിട്ടുമില്ല. ഒരു ദൈവദൂതന്നും അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാനാവില്ല. അല്ലാഹുവിന്റെ കൽപന വന്നാൽ ന്യായമായ വിധിത്തീർപ്പുണ്ടാകും." (40: 78)

"ഇതിനു മുമ്പ് നിനക്ക് നാം പറഞ്ഞുതന്നതും ഇനിയും നിന്നെ അറിയിച്ചിട്ടില്ലാത്തതുമായ മറ്റു ദൈവദൂതന്മാർക്കും നാം ബോധനം നൽകിയിട്ടുണ്ട്."(4: 164)

ദൈവനിയോഗമനുസരിച്ചെത്തുന്ന എല്ലാ പ്രവാചകന്മാരിലും ദൈവിക സന്ദേശങ്ങളുടെ പ്രകാശപരിവേഷമുണ്ടെന്നും അവയെ അന്യമെന്ന നിലക്കുള്ള അകൽച്ചയോ വിപ്രതിപത്തിയോ കാട്ടാതെ അറിഞ്ഞാദരിക്കണമെന്നും ഖുർആൻ കർശനമായി അനുശാസിച്ചിട്ടുണ്ട്. അതിനാൽ പ്രവാചകനിന്ദയും പരമതദ്വേഷവും അനിസ്ലാമികമായ മനോവൈകൃതങ്ങളാണ്. എല്ലാ പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും പ്രകാശിതങ്ങളായ സനാതനാശയങ്ങളെ സമന്വയിപ്പിച്ചും ജീവിതപൂർണതക്ക് അനിവാര്യമായതെല്ലാം സമാഹരിച്ചും ഭദ്രമായ ഒരു മതദർശനശിൽപത്തിനാവശ്യമായതെല്ലാം സംപൂർത്തീകരിച്ചുമാണ് മുഹമ്മദിലൂടെ ഖുർആൻ അവതരിക്കുന്നത്.

പ്രവാചകന്മാർ തമ്മിലിടയുന്നില്ല, വേദഗ്രന്ഥങ്ങൾ പരസ്പരം വിയോജിക്കുന്നില്ല, ഏക ദൈവത്വത്തിന്റെ മഹാ സന്ദേശമാണ് പ്രവാചകപഥങ്ങളിലെല്ലാം മുഴങ്ങിക്കേൾക്കുന്നത് എന്നത് ഒരു ആകസ്മികതയല്ലെന്നും പ്രവാചകനിയോഗങ്ങളുടെ ആത്യന്തികമായ വിഭാവന ഒന്നാണെന്നും സബോധം പ്രകാശിപ്പിക്കുകയാണിവിടെ. പ്രവാചകസ്വരങ്ങളുടെ ഏകതാനതയും പ്രവാചക ദൗത്യത്തിന്റെ അഭിന്നതയുമാണിവിടെ പ്രഘോഷിക്കപ്പെടുന്നത്. തന്നിലൂടെ പ്രവാചകത്വത്തിന്റെ സമ്പൂർത്തീകരണം സാധിച്ചുനിൽക്കുന്ന പ്രവാചകൻ മുഹമ്മദിന്റെ അവസ്ഥാനം പ്രവാചകപരമ്പരയിൽ കൂടുതൽ ശ്രദ്ധേയമായിപ്പരിണമിക്കുകയാണ്. ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തിൽ പരം പ്രവാചകന്മാരെ നബിതിരുമേനി അനുസ്മരിക്കുന്നുണ്ടെങ്കിലും അവരെല്ലാം, ആദി മതമെന്നോ പ്രകൃതി മതമെന്നോ വിശേഷിപ്പിക്കപ്പെടുന്ന ഇസ്ലാം സംസ്കൃതിയുടെ മൂല സ്രോതസ്സിൽ സംബന്ധിക്കുന്നുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു ശൃംഖലയിലെ കണ്ണികളെപ്പോലെയും ഒരു

പരമ്പരയിലെ പരസ്പരാശ്രിതങ്ങളായ ഘടകങ്ങളെപ്പോലെയും സാവയവം ബന്ധപ്പെട്ടു നിൽക്കുന്നു.

"അല്ലാഹുവിലും ഞങ്ങൾക്ക് അവതരിക്കപ്പെട്ടതിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവർക്കും സന്തതികൾക്കും അവതരിക്കപ്പെട്ടതിലും മൂസാ, ഈസാ എന്നിവർക്കും മറ്റു പ്രവാചകന്മാർക്കും അവരുടെ നാഥനിൽനിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിനോട് മാത്രം അനുസരണം പുലർത്തുന്നവരാകുന്നു." (3: 84)

ഇതേ ആശയം സമുന്നത പ്രാധാന്യം നൽകി മറ്റൊരിടത്തു കൂടി ഖുർആൻ പ്രകാശിപ്പിച്ചതായി കാണാം:

"ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് ഇറക്കിക്കിട്ടിയതിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, അവരുടെ സന്താന പരമ്പരകൾ എന്നിവർക്ക് ഇറക്കിക്കൊടുത്തതിലും മൂസാക്കും ഈസാക്കും നൽകിയതിലും മറ്റു പ്രവാചകന്മാർക്ക് തങ്ങളുടെ നാഥനിൽനിന്ന് അവതരിപ്പിച്ചവയിലും വിശ്വസിച്ചിരിക്കുന്നു. അവരിലാർക്കുമിടയിൽ ഞങ്ങൾ ഒരു വിധ വിവേചനവും കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിനെ അനുസരിച്ചു ജീവിക്കുന്നവരത്രെ." (2: 136)

ഒരു ജൂതൻ ഇസ്രായേലി പ്രവാചകനെയും ഒരു ക്രൈസ്തവൻ യേശുവെയും ഒരു ബൗദ്ധൻ ബുദ്ധനെയും സൊരാഷ്ട്രിയൻ സുരാഷ്ട്രരെയും ഒരു കൺഫ്യൂഷിയൻ കൺഫ്യൂഷിയസിനെയും ഒരു ഹിന്ദു ഇന്ത്യയിൽ അവതീർണരായ പ്രവാചകന്മാരെയും മാത്രം അംഗീകരിച്ചനുസരിക്കുമ്പോൾ ഒരു മുസ്‌ലിം ഇവരെയെല്ലാവരെയും ഒപ്പം മുഹമ്മദിനെയും അംഗീകരിച്ചാദരിക്കുന്നു. സകല വേദസാരങ്ങളുമുൾക്കൊള്ളുന്ന മഹാവേദമായി ഖുർആനെ കരുതുകയും അനുസരിക്കുകയും ചെയ്യുന്നു.

സത്യത്തിന്റെ പ്രകാശപ്പൊലിമ പൂർണമായി പ്രവഹിച്ചെത്തിയതും പൂചൊരിഞ്ഞതുമെല്ലാം ഖുർആനിലാണ്. മറ്റ് വേദഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി സന്ദേശപൂർണിമ എന്ന സൗഭാഗ്യം ഖുർആന് മാത്രമവകാശപ്പെട്ടതാണ്.

"എനിക്കിനിയുമേറെ പറയാനുണ്ട്. അതുൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിഞ്ഞുവെന്നു വരില്ല. ഒരിക്കൽ സത്യത്തിന്റെ തിരുദൂതൻ വന്നെത്തും. അദ്ദേഹമന്ന് സത്യത്തിന്റെ വീഥിയിലേക്ക് നിങ്ങളെ നയിക്കും" എന്ന യേശുവിന്റെ വചനം രണ്ടു കാര്യങ്ങളറിയിക്കുന്നു:

1. ബൈബിളിൽ ദൈവഹിതം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. (അത് ബൈബിളിന്റെ കുറവായി ആരോപിക്കപ്പെട്ടു കൂടാ.)

2. പൂർണ സന്ദേശവുമായി മറ്റൊരു ദൂതൻ വരാനിരിക്കുന്നു.

അന്നിലയിൽ ദൈവഹിതത്തിന്റെ പൂർണമായ പ്രകാശനം ഖുർആന്റെയും ഇസ്ലാം സംസ്കൃതിയുടെയും ദൗത്യമായിത്തീർന്നിരിക്കുന്നു. എല്ലാ മതങ്ങളും തമ്മിൽ സാഹോദര്യം ഊട്ടിയുറപ്പിക്കുന്നതിനും അന്നോളമവതീർണമായ വേദഗ്രന്ഥങ്ങളിലെ അപൂർണതകളും പരിമിതികളുമെല്ലാം കാലോചിതമായി പരിഹരിച്ച് നവീകരിക്കുന്നതിനും സത്യപഥത്തിലേക്ക് ജനങ്ങളെ നയിക്കുന്നതിനുമുള്ള വലിയ ഉത്തരവാദിത്വം ഇസ്ലാം സംസ്കൃതിക്കുണ്ടായി.

മുഹമ്മദ് നബിയുടെ ആഗമനത്തോടെ മതസങ്കൽപങ്ങൾക്ക് പുതിയ അർഥ തലങ്ങളും മാനങ്ങളുമുണ്ടായതായി ജനങ്ങൾക്ക് തോന്നി. ജീവിത വിരാഗിതയിലൂന്നിയ അപ്രായോഗികമായ ഒരുപറ്റം സ്വപ്നങ്ങളുടെ സമുച്ചയമായിരുന്നു അന്നോളം മത ദർശനങ്ങളെല്ലാം. യുക്തിപരതയിലും ശാസ്ത്രീയമായ അവബോധത്തിലുമൂന്നിയ, മാനവ ജീവിതസ്പർശിയായ ഒന്നായി മതം വ്യാഖ്യാനിക്കപ്പെട്ടതും പുനരവതരിച്ചതു തന്നെയും പ്രവാചകനിയോഗത്തോടു കൂടിയാണ്. ഇവിടെ കഴിയുന്ന മനുഷ്യന്റെ നന്മയും വികാസവൃദ്ധികളും ഉന്നംവെച്ചുകൊണ്ടുള്ളതല്ലാത്ത ഒരു ദർശനശകലവും ഇസ്ലാം സംസ്കൃതിയിലില്ല. പൂർണതയിലേക്ക്-ദൈവ സങ്കേതത്തിലേക്ക്-മനുഷ്യനെ ഉണർത്തിയുയർത്താൻ പോരുന്നവയാണെല്ലാം. പരലോകത്തിന്റെ പ്രാധാന്യത്തിലേക്ക് ശക്തമായി വിരൽചൂണ്ടുന്നുണ്ടെങ്കിലും ഇസ്ലാം ദർശനത്തിന്റെ കർമതലം ഈ ജീവിതവും ലോകരംഗവുമാണ്. ഇവിടെയാടുന്ന ജീവിതത്തിന്റെ വിലയിരുത്തലും ഫലപ്രഖ്യാപനവുമാണവിടെ. അതിനാൽ അത് നന്മ നിറഞ്ഞ ഇഹലോകജീവിതത്തിനുള്ള പ്രചോദകമായും പ്രേരകമായും പ്രോത്സാഹകമായും പരിണമിക്കുന്നു. ലോകജീവിതത്തിന്റെ വ്യർഥതയല്ല അതിന്റെ സാർഥക ഭാവമാണവിടെ ശ്രദ്ധേയം. പരലോകജീവിതത്തിന്റെ ഊടും പാവുമൊരുക്കുന്നത് ഇവിടെവച്ചാണെന്ന് ആ മഹിത സംസ്കൃതി നമ്മെ പ്രബോധിപ്പിക്കുന്നു. ഈ ലോക ജീവിതത്തിന്റെ സൂക്ഷ്മതലം പോലും സത്യശുദ്ധമായി വിലയിരുത്തിയിട്ടാണ് സമസ്തവും നിർണയിക്കപ്പെടുന്നത്. "ഇവിടം ജീവിക്കാനുള്ളതാണ്, അവിടം അതനുഭവിക്കാനും" എന്ന മൗലാനാ മുഹമ്മദലിയുടെ വാക്കുകൾ അതീവ ശ്രദ്ധേയമാണ്. ഇവിടത്തെ ജീവിതംകൊണ്ടല്ലാതെ അവിടത്തെ അനുഭവങ്ങളെ മാറ്റിമറിക്കാനാവില്ല. അപ്പോൾ അവിടേക്കു വേണ്ടി കാണേണ്ടതും ചെയ്യേണ്ടതും കൊള്ളേണ്ടതുമെല്ലാം ഇവിടെ വെച്ചാണ്. ഈ പരിനിഷ്ഠിത ബോധ്യമാണ് ഒരു സത്യവിശ്വാസിയെ നയിക്കുന്നത്. അപ്രധാനമെന്നു കരുതി അവഗണിച്ചു തള്ളാനുള്ളതല്ല, സുപ്രധാനമാണെന്നറിഞ്ഞുകൊണ്ടുതന്നെ ജീവിച്ചു നേടാനുള്ളതാണ് ലോകജീവിതമെന്നു കരുതി താളം തെറ്റാത്ത, വഴിപിഴക്കാത്ത ജീവിതത്തിന്റെ ഉടമകളായി മാറുക എന്നാവശ്യപ്പെടുന്ന ഇസ്ലാം

സംസ്കൃതിക്ക് അസാധാരണമായ ജനകീയ സ്വീകാര്യത കൈവന്നതിൽ അത്ഭുതമില്ല.

മതങ്ങളെല്ലാം കേവലം ദൈവോന്മുഖങ്ങളായിരുന്നു. ദൈവസന്നിധിയിലേക്കുള്ള പ്രയാണത്തിൽ ജീവിതത്തെ ശക്തവും സാർഥകവുമാക്കിത്തീർക്കുന്നതിനാണ് ഇസ്ലാം പ്രാമുഖ്യം നൽകിയത്. മനുഷ്യബന്ധിയായ സകലതും വേദഗ്രന്ഥത്തിന്റെ വിഹാരതലങ്ങളാണ്. ആത്മോന്നതിക്കും പരോൽക്കർഷത്തിനും വേണ്ടി പരിശ്രമിക്കുന്ന ഒരു പ്രബുദ്ധ പൗരന് തന്റെ ചുറ്റുമുള്ള ജീവ പ്രപഞ്ചത്തോടും പ്രകൃതിയോടു തന്നെയും കടപ്പാടുണ്ടെന്ന് ബോധ്യപ്പെടുത്താൻ ഇസ്ലാം സംസ്കൃതി മറന്നില്ല.

ഏഴാം നൂറ്റാണ്ടിലാണ് മുഹമ്മദ് നബിയുടെ ജീവിതം (ജനനം ക്രി. 571). എന്നാൽ ഇസ്ലാം മതത്തിന്റെ പിറവി അക്കാലത്താണെന്ന് കരുതുന്നതു ശരിയല്ല. ഖുർആൻ അവതീർണ്ണമാകുന്നത് അന്നാണെങ്കിലും ഇസ്ലാം മതത്തിന്റെ പരമാവലംബമായ ഏകദൈവവിശ്വാസം സെമിറ്റിക് മതങ്ങളുടെയും ഇന്ത്യൻ-ഇറാനിയൻ മതദർശനങ്ങളുടെയും പ്രാദുർഭാവ കാലത്തുതന്നെ ലോകമറിഞ്ഞ ദർശനസാരമാണ്. ദൈവം എല്ലാ രാജ്യങ്ങളിലേക്കും എല്ലാ ജനപദങ്ങളിലേക്കും ദൂതന്മാരെ അയച്ചിട്ടുണ്ടെന്നും വിധിദിനത്തിൽ എല്ലാവരും വിചാരണ ചെയ്യപ്പെടുമെന്നും സത്യവിശ്വാസികൾക്കറിയാം. അതീത കാലങ്ങളിൽ അവതീർണമായ വേദഗ്രന്ഥങ്ങളെല്ലാം സത്യവിശ്വാസികൾ അംഗീകരിക്കുന്നു. അതുകൊണ്ട് ഖുർആനിലെ മഹിതാശയങ്ങളെല്ലാം ഇദംപ്രഥമമായി ഖുർആനിൽ അവതീർണമായതല്ലെന്നും പണ്ട് പല കാലങ്ങളിലായി പല പ്രവാചകന്മാരിലൂടെയും പ്രകാശിതമായിട്ടുണ്ട് അവയെന്നും സത്യവിശ്വാസികൾ കരുതുന്നു.

“നിനക്ക് ഇറക്കിയ വേദപുസ്തകത്തിലും നിന്റെ മുമ്പുള്ളവർക്ക് ഇറക്കിയവയിലും വിശ്വസിക്കുന്നവരുമാണവർ; പരലോകത്തിൽ അടിയുറച്ച ബോധ്യമുള്ളവരും.” (2: 4)

“നാം നിനക്ക് ഈ വേദപുസ്തകം സത്യസന്ദേശവുമായി അവതരിപ്പിച്ചുതന്നിരിക്കുന്നു. അത് മുൻവേദഗ്രന്ഥത്തിൽനിന്ന് അതിന്റെ മുന്നിലുള്ളവയെ ശരിവെക്കുന്നതാണ്; അതിനെ ഭദ്രമായി കാത്തുസൂക്ഷിക്കുന്നതും......” (5: 48)

അവസാനത്തെ വെളിപാടുകളെന്ന നിലയിൽ സകല വേദഗ്രന്ഥങ്ങളിലും പരാമർശിതമായ സനാതന സാരങ്ങളൊക്കെ ഖുർആനിലുണ്ട്. അതുകൊണ്ടുതന്നെ ഖുർആൻ പൂർണവും അനന്വയവും വേദസാരസമുച്ചയവുമാകുന്നു.

പ്രവാചകദൗത്യം പ്രബോധനമാണ്. ദൈവഹിതമാണ് പ്രബോധിപ്പിക്ക

പ്പെടുന്നത്. പ്രബോധനത്തിലൂടെ സമൂഹത്തെ പ്രബുദ്ധമാക്കി, ഗുണാഗുണവിവേചനശേഷി വളർത്തി മുന്നോട്ടുപോകാനും പിഴച്ചു നീങ്ങുന്നവർക്ക് കർമഫലമായി കൈവരുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും പ്രവാചകൻ ശ്രമിക്കുന്നു.

പ്രവാചകനും അനുചരന്മാരും അഭയം തേടി മദീനയിലെത്തിയപ്പോൾ അവിടെ ഒരു പുതിയ സമൂഹ(ഉമ്മ)ത്തെ വളർത്തിയെടുക്കാൻ അദ്ദേഹമാഗ്രഹിച്ചു. ഔസ്, ഖസ്റജ്, ഖുറൈശി വർഗങ്ങൾ പോലുള്ള ഒന്നല്ല പ്രവാചകനുദ്ദേശിച്ചത്. ജൂത-ക്രൈസ്തവ-വിഗ്രഹാരാധനാ ഭ്രമികളുടേതു പോലുള്ളതുമല്ല. ജൂതന്മാരും ക്രൈസ്തവരും വിഗ്രഹവിശ്വാസികളും മുസ്ലിംകളുമെല്ലാം ചേർന്ന, വിശ്വാസ വൈജാത്യങ്ങൾ പരിഗണിക്കാതെ അധികാരാവകാശങ്ങൾ തുല്യമായി വീതിക്കപ്പെട്ട ഒരു സാമൂഹ്യസംവിധാനം. അത്തരമൊരു സംവിധാനത്തിൽ രൂപമണിയുന്നതാണ് സത്യവേദ വിശ്വാസികളുടെ ദൈവകുടുംബം.

സകല ചരാചരങ്ങളും ദൈവിക നിയമങ്ങൾക്ക് വിധേയമാണ്. "ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും രണ്ടു ചിറകുകൊണ്ട് പറക്കുന്ന ഏതു പറവയും നിങ്ങളുടേതുപോലുള്ള സമൂഹങ്ങൾ തന്നെയാണ്."(6: 38)

സൂര്യചന്ദ്രതാരകങ്ങളുൾക്കൊള്ളുന്ന ഗ്രഹമണ്ഡലവും കാടും മേടും തോടും പുഴയും എല്ലാം-അഖിലാണ്ഡകോടി ബ്രഹ്മാണ്ഡകടാഹമാകെ -പ്രപഞ്ചനാഥന്റെ നിയമവ്യവസ്ഥകളാൽ നിയന്ത്രിതമാണ്. എന്നാൽ, ഖുർആനിക സമീപനമനുസരിച്ച് സകല സൃഷ്ടികളിലും ശ്രേഷ്ഠം മനുഷ്യനാണ്. അതുകൊണ്ട് മനുഷ്യനാണ് മുസ്ലിം 'ഉമ്മ'യിലെ സജീവ പങ്കാളി. മുസ്ലിം ഉമ്മ എന്നത് ഒരു മാതൃകാ സമുദായമാണ്. തിന്മയെ വിലക്കുവാനും നന്മയെ പ്രഭാസിപ്പിക്കുവാനും മനുഷ്യരെ ദൈവോന്മുഖമായി പ്രചലിപ്പിക്കുവാനും പ്രതിജ്ഞാബദ്ധമായ ഒരു മാതൃകാ മാനവിക സമൂഹം.

ഇഹ-പരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് മനുഷ്യ ജീവിതത്തെ സംബന്ധിച്ച് വേദഗ്രന്ഥത്തിൽ വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. ആസൂത്രിതവും സോദ്ദേശ്യവുമായ ഒരു ജീവിത വ്യവസ്ഥ ഇസ്ലാം നിഷ്കർഷിക്കുന്നു. ഇവിടത്തെ ജീവിതപ്രകൃതത്തെ അവലംബമാക്കിയാണ് പരലോക ജീവിതം സംവിധാനം ചെയ്യപ്പെടുന്നത്. അതിന്റെ പ്രാരംഭമായി ഒരു വിചാരണ നടക്കും. പരലോകത്ത് വിചാരണാവേളയിൽ ഒരാൾ നാല് ചോദ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരും.

-ആയുഷ്കാലം എന്തിനായി വിനിയോഗിച്ചു?

-ഊർജസ്വലമായ യുവത്വം എങ്ങനെ ഉപയോഗപ്പെടുത്തി?

-സമ്പത്ത് എങ്ങനെ നേടി? വിനിയോഗിച്ചതെങ്ങനെ?

-അറിവ് എന്തിനായുപയോഗിച്ചു?

ഈ ചോദ്യങ്ങളെ വിശകലനത്തിന് വിധേയമാക്കിയാൽ വ്യക്തിജീവിതത്തിന്റെ ആദർശാത്മകതയും സാമൂഹ്യ പ്രയോജനവും എത്രമാത്രം നിഷ്കർഷിക്കപ്പെടുന്നു എന്ന് ബോധ്യപ്പെടും. നന്മ ചെയ്യുന്നവന്റെ ജീവിതദർശനമാണ് ദൈവസന്നിധിയിൽ ഏറ്റവും നല്ല മതം. ദൈവത്തിന്റെ ഏകത്വത്തിൽ അചഞ്ചലമായി വിശ്വസിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുകയും ചെയ്യുന്നവനാണ് ഉദാത്തമായ ജീവിതത്തിന്റെ അവകാശി.

"......പലായനം ചെയ്ത് തങ്ങളിലേക്കെത്തുന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് നൽകിയ സമ്പത്തിനോട് ഇവരുടെ മനസ്സുകളിൽ ഒട്ടും മോഹമില്ല. തങ്ങൾക്കു തന്നെ അത്യാവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. മനസ്സിന്റെ പിശുക്കിൽ നിന്ന് മോചിതരായവർ ആരോ അവർ തന്നെയാണ് വിജയം വരിച്ചവർ." (59: 9)

"മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമേ കുറ്റാരോപണത്തിന് ന്യായീകരണമുള്ളൂ." (42: 42)

"ഐശ്വര്യഘട്ടത്തിലും ബുദ്ധിമുട്ടുകാലത്തും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് അവരുടെ തെറ്റുകുറ്റങ്ങൾക്ക് മാപ്പ് കൊടുക്കുന്നവരുമത്രെ അവർ."(3: 134)

ഇന്ന് ദേശീയ-അന്തർദേശീയ രംഗങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് മനുഷ്യാവകാശം. അതിനു വേണ്ടി പൊരുതുന്ന സ്ഥാപനങ്ങളും കുറവല്ല. എന്നാൽ മനുഷ്യാവകാശ സംരക്ഷണം ഇന്നും ഒരു മരീചികയായിക്കിടക്കുന്നു. എല്ലാ മനുഷ്യരും സ്വതന്ത്രരായി, സ്വാഭിമാനികളായി, സമാവസരങ്ങളനുഭവിക്കാൻ സമർഹരായി സമാവകാശങ്ങളോടെയാണ് പിറക്കുന്നതെന്നും ഒരാൾ മറ്റൊരാളോട് സഹോദര ഭാവത്തിലാണ് പെരുമാറേണ്ടതെന്നും മറ്റുമുള്ള ഉദാത്തമായ ആശയങ്ങൾ മനുഷ്യാവകാശ പ്രഖ്യാപന രേഖയുടെ താളുകളിൽ കാണാമെങ്കിലും 'മനുഷ്യർ തുല്യർ' എന്നതിന്റെ അടിസ്ഥാനപരമായ സാധുത അഥവാ ന്യായീകരണം അവതരിപ്പിക്കുവാൻ സത്യവേദത്തിന് സാധിച്ചു. ഏകദൈവത്തിലൂന്നിയുറച്ച് വിശ്വസിക്കുക എന്ന ഉദ്ബോധനമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. അതിന് വ്യാപകമായ പ്രചാരണവും ബോധ്യവുമുണ്ടായാൽ മനുഷ്യാവകാശ ധ്വംസനങ്ങളരങ്ങേറുകയില്ല. ആദ്യത്തെ ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച് വംശോൽപത്തി കുറിച്ച ദൈവം പ്രകാരാന്തരേണ വിശ്വകുടുംബവും മനുഷ്യസാഹോദര്യവും ഉദ്ഘാടനം ചെയ്യുകയായിരുന്നു. സ്വാതന്ത്ര്യം, സ്വാഭിമാനം, സമാവകാശം തുടങ്ങിയ മനുഷ്യാവകാശരേഖയിലെ 'ഗായത്രി'ക്ക്

പകരം 'നിനക്ക് നിന്റെ മതം; എനിക്ക് എന്റെ മതം', 'ദീനിൽ നിർബന്ധമരുത്' തുടങ്ങിയ പ്രായോഗിക മന്ത്രങ്ങളുരുവിട്ടും സമാപന ഭാഷണത്തിൽ "നിങ്ങളുടെ നാഥൻ ഒന്ന്, ഒരറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ ഔൽകൃഷ്ടൃമില്ല, കറുത്തവന് വെളുത്തവനെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ പെരുമയില്ല, നിങ്ങളിൽ ഏറ്റവും ആദരിക്കപ്പെടുന്നവൻ മറ്റാരുമല്ല, ദൈവഭയമുള്ളവനാണ്" എന്നിങ്ങനെ പ്രബോധിപ്പിച്ച പ്രവാചകൻ മനുഷ്യാവകാശ സംരക്ഷണത്തിന്റെ മർമം കണ്ട പ്രയോക്താവായിരുന്നു. യാചിച്ചു വരുന്നവന് ഭിക്ഷയും ഒരുപിടി ഉപദേശവും നൽകി ധർമബുദ്ധി പ്രകടിപ്പിക്കുന്നതിന് പകരം ജോലിചെയ്തു ജീവിക്കാൻ ഉപകരണങ്ങൾ വാങ്ങിയേകി സ്വാഭിമാനത്തിന്റെ ആവേശമണിയിച്ചയക്കാറുള്ള പ്രവാചകൻ ചരിത്രപഥത്തിൽ തീർത്തും വ്യത്യസ്തനാണ്. സകാത്തുപോലുള്ള സഹായധനം സ്വീകരിക്കുന്ന സന്ദർഭങ്ങളിൽ പോലും ഗുണഭോക്താവിന്റെ ആത്മാഭിമാനത്തിന് പോറലേൽക്കാതിരിക്കാൻ പ്രവാചകൻ ശ്രദ്ധിച്ചിരുന്നു. വ്യക്തിയുടെ സ്വാഭിമാനത്തെ മുറിപ്പെടുത്തുന്ന തരത്തിലുള്ള 'ചാരിറ്റബ്ൾ' പ്രവർത്തനങ്ങളോടു പോലും ഇസ്ലാം സംസ്കൃതിക്ക് സഹഭാവമില്ല. അന്യൂനം, നിരുപാധികം സംരക്ഷിക്കപ്പെടേണ്ടതാണ് ആത്മാഭിമാനം എന്ന മൗലികവിശ്വാസമാണതിന് കാരണം.

അടിമയായ സൈദിൽ പുത്രനിർവിശേഷമായ വാത്സല്യം ചൊരിഞ്ഞതു മുതൽ "നിങ്ങൾ കഴിക്കുന്ന ഭക്ഷണം അടിമകൾക്കും പരിചാരകന്മാർക്കും നൽകണം" തുടങ്ങിയ കാര്യങ്ങളറിയിച്ചുകൊണ്ടുള്ള വിടവാങ്ങൽ പ്രസംഗസന്ദർഭം വരെ പ്രവാചകൻ ആ വരിഷ്ട മൂല്യം തന്റെ കർമസപര്യയിൽ പരിരക്ഷിച്ചുപോന്നിട്ടുണ്ട്. ലോകചരിത്രത്തിൽ, അടിമകളുടെ മോചനത്തിനായി ഇത്രയേറെ ഫലപ്രദമായി പ്രവർത്തിച്ച മറ്റൊരു ചരിത്ര പുരുഷനില്ല. ഒരടിമയുടെ സ്വരശുദ്ധിയോളം പോന്നതല്ല മറ്റൊന്നും എന്ന സുദൃഢബോധ്യംകൊണ്ടാണ് പ്രവാചകൻ തന്റെകൂടി ഊർജമുപയോഗിച്ചുയർത്തിയ മദീനയിലെ ആരാധനാലയത്തിലെ ബാങ്കുവിളിക്കായി അടിമയായ ബിലാലിനെ നിയമിച്ചത്.

"സത്യവിശ്വാസികളേ, ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ നല്ലവരായേക്കാം. സ്ത്രീകൾ സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമകളായേക്കാം. നിങ്ങളന്യോന്യം കുത്തുവാക്കു പ്രയോഗിക്കരുത്. പരിഹാസപ്പേരുകളുപയോഗിച്ച് പരസ്പരം അപമാനിക്കരുത്. സത്യവിശ്വാസം സ്വീകരിച്ച ശേഷം അധർമത്തിന്റെ പേരുപയോഗിക്കുന്നത് വളരെ നീചം തന്നെ. ആർ പശ്ചാത്തപിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ." (49: 11)

"വിശ്വസിച്ചവരേ, ഊഹങ്ങളേറെയും വർജിക്കുക. മറ്റുള്ളവരെപ്പറ്റി അവ

രുടെ അസാന്നിധ്യത്തിൽ മോശമായി സംസാരിക്കരുത്. മരിച്ചുകിടക്കുന്ന സഹോദരന്റെ പച്ചിറച്ചി തിന്നാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? തീർച്ചയായും നിങ്ങളത് വെറുക്കുന്നു. നിങ്ങൾ ദൈവഭക്തരാവുക."(49: 12)

ഒരു മതഗ്രന്ഥത്തിൽ സാധാരണയാരും പ്രതീക്ഷിക്കാത്ത തരത്തിലുള്ള, സാമ്പത്തിക രംഗത്തെക്കുറിച്ചുള്ള അപഗ്രഥനവും സാമ്പത്തിക നീതി കൈവരിക്കുന്നതിനുള്ള നിർദേശങ്ങളും ഖുർആനിൽ കാണാം.

'സാമ്പത്തികമായ പ്രാഥമികാവശ്യങ്ങൾ പൗരന്റെ മൗലികാവകാശങ്ങളിൽ പെട്ടതാണ്. സാമ്പത്തിക രംഗത്ത് തുല്യമായ വിതരണവും സാമ്പത്തികസുരക്ഷിതത്വവും പൗരന് കൈവരണം' തുടങ്ങിയ സാമ്പത്തിക നീതിയുടെ സമീപനങ്ങൾ അതിന്റെ സവിശേഷതയാണ്. സമൂഹത്തിൽ എല്ലാവർക്കും അർഹതപ്പെട്ട വിഹിതവും അവസരവും ലഭിക്കണം. അംഗവൈകല്യം സംഭവിച്ചവർക്കും പാവപ്പെട്ടവർക്കുമെല്ലാം പ്രത്യേക പരിഗണന ലഭിക്കണം. അത് ഉറപ്പുവരുത്തേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ഇസ്ലാമിക ചര്യയിൽ സർവപ്രധാനം പ്രാർഥന(സ്വലാത്ത്)യാണ്. എന്നാൽ അതിനോടൊപ്പമാണ് സകാത്ത് ചേർത്തുനിർത്തിയിരിക്കുന്നത്. സമൂഹഭദ്രതക്ക് മുഖ്യ നിദാനം ഭൗതിക സാഹചര്യങ്ങളാണെന്നും അവിടെ സമ്പത്തിന്റെ സ്ഥാനം നിർണായകമാണെന്നും അതില്ലാത്തവന് ഒരർഥത്തിൽ ജീവിതം പോലും നിഷേധിക്കപ്പെട്ടതായി പരിണമിക്കുന്നുവെന്നും മനസ്സിലാക്കുന്ന സത്യവേദദർശനം സാമ്പത്തിക നീതി ഉന്നംവെച്ചുകൊണ്ടാണ് സകാത്ത് അവതരിപ്പിക്കുന്നത്. വൈരവും വൈരാഗ്യവും വളർത്തുന്നതിന് സാമ്പത്തികമായ അന്തരം കാരണമായിത്തീരുമെന്നറിഞ്ഞ ഭരണാധികാരികൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർധിക്കാതിരിക്കാൻ ജാഗ്രത പാലിച്ചു. ഒരുതരത്തിലുള്ള ചൂഷണവും അനുവദിച്ചിരുന്നില്ല. കുത്തക വളരുന്നത് കടുത്ത സാമൂഹ്യ വിനയാണെന്നതിനാൽ അതിനെ ദൈവദോഷമായിട്ടാണ് സത്യവേദം വിശേഷിപ്പിച്ചത്.

ഇസ്ലാം സംസ്കൃതിയുടെ പ്രസിദ്ധമായ മറ്റൊരു സവിശേഷത അതിന്റെ കറയറ്റ പൗരോഹിത്യ നിരാസമാണ്. ഏത് മനുഷ്യനും പാപരഹിതനായാണ് പിറക്കുന്നത്. മറ്റാരുടെയെങ്കിലും കണക്കിലുള്ള പാപബാധ്യതകൾക്ക് അവൻ ഉത്തരവാദിയാകുന്നില്ല. ദൈവത്തോടല്ലാതെ മറ്റാരോടും അവന് ബാധ്യതാ വിധേയത്വങ്ങളില്ല. ഒരു ഇടനിലക്കാരന്റെ സഹായമില്ലാതെ ഒരു മുസ്ലിം ദൈവത്തിന്റെ മുന്നിൽ കാര്യങ്ങൾ നേരിട്ട് നിവേദിക്കുന്നു. ഒരു പുരോഹിതനെയും ഇസ്ലാം അംഗീകരിക്കുന്നില്ല. ബൗദ്ധ ഫുഞ്ചിയും ഹിന്ദു പൂജാരിയും ജൂത റബ്ബിയും ക്രൈസ്തവ പുരോഹിതനും ഭക്തന്റെയും ദൈവത്തിന്റെയും ഇടയിൽ നിൽക്കുന്നു എന്നത് ദൈവനിന്ദയോളമെത്തുന്ന അരുതായ്മയാണെന്ന് ഇസ്ലാം കരുതുന്നു.

# ഇസ്‌ലാം നയിച്ച പ്രകാശ വിപ്ലവം

**ആ**ഇശ നിവേദനം ചെയ്ത പ്രഖ്യാതമായ ഒരു ഹദീസ് മിക്ക പ്രാമാണിക ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്:

"ഹിറാഗുഹ. മുഹമ്മദ് ധ്യാനനിരതൻ. ദൈവദൂതൻ ജിബ്‌രീൽ പ്രത്യക്ഷപ്പെട്ടു, ഇങ്ങനെ സംസാരിച്ചുതുടങ്ങി:

'മുഹമ്മദേ വായിക്കുക.'

മുഹമ്മദ് പറഞ്ഞു: 'എനിക്ക് വായിക്കാനറിഞ്ഞുകൂടാ.'

നബി ആ സംഭവത്തെ ഇങ്ങനെ അനുസ്മരിക്കുന്നു:

അദ്ദേഹമെന്നെ വീണ്ടും ഗാഢമായി ആലിംഗനം ചെയ്തു. പിന്നെ എന്നെ വിമുക്തനാക്കിക്കൊണ്ട് മലക്ക് ആവർത്തിച്ചു:

'മുഹമ്മദേ വായിക്കുക.'

'എനിക്ക് വായിക്കാനറിഞ്ഞുകൂടാ.'

അദ്ദേഹമെന്നെ വീണ്ടും ആലിംഗനം ചെയ്തു. വീണ്ടും ആവശ്യപ്പെട്ടു: വായിക്കുക. നിന്റെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിന്റെ നാമത്തിൽ. ഒട്ടിപ്പിടിച്ച വസ്തുവിൽനിന്ന് നിന്നെ സൃഷ്ടിച്ചവനാണവൻ. നിന്റെ നാഥൻ ഏറെ ഉദാരനാകുന്നു. നിന്നെ പേനയുടെ ഉപയോഗം പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തതിനെ അവൻ പഠിപ്പിച്ചു."

വായന, എഴുത്ത്, അറിവ് എന്നിവയെ കീർത്തിക്കുന്ന ഈ അനശ്വര സൂക്തങ്ങളോടുകൂടിയാണ് വെളിപാടാരംഭിക്കുന്നത്. മറ്റൊരിടത്ത്:

അല്ലാഹു ആദമിനെ സൃഷ്ടിച്ചപ്പോൾ അവൻ ആദമിനെ എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഈ അറിവിന്റെ ഉത്കൃഷ്ടതകൊണ്ട് ആദമിന്റെ സ്ഥാനമാനങ്ങളുയർന്നു.

അദ്ദേഹം മലക്കുകളേക്കാൾ സ്ഥാനോൽക്കർഷം കൈവരിച്ചു. പിന്നീട് ദൈവം ആ വസ്തുക്കളെല്ലാം മലക്കുകളെ കാണിച്ചുകൊണ്ട് അവയുടെ പേരുകൾ പറയാനാവശ്യപ്പെട്ടു. മലക്കുകൾക്ക് അതറിയില്ലായിരുന്നു. അവർ വിനീതരായി തങ്ങളുടെ അറിവില്ലായ്മ സമ്മതിച്ചു:

'നിനക്ക് സ്തുതി. നീ പറഞ്ഞും പഠിപ്പിച്ചും തന്നതല്ലാതെ മറ്റൊന്നും ഞങ്ങൾക്കറിയില്ല. നീ സകലജ്ഞനും തികഞ്ഞ തന്ത്രജ്ഞനുമല്ലോ.'

ദൈവം ആദമിനോട് ഇങ്ങനെ പറഞ്ഞു:

'ആദമേ ഇവയുടെ പേരുകൾ നീ അവർക്ക് പറഞ്ഞുകൊടുക്കുക.'

ആദം അനായാസം പേരുകൾ പറഞ്ഞു. അപ്പോൾ ആദമിന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുക എന്ന് ദൈവം മലക്കുകളോട് കൽപിച്ചു. മാലാഖമാർ പ്രണമിക്കാൻ തക്കവണ്ണം മനുഷ്യൻ തന്റെ ജ്ഞാനവൈശിഷ്ട്യം കൊണ്ട് ഉന്നത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു!

പ്രവാചകൻമാർ ദൈവദൂതന്മാർ എന്ന നിലക്ക് മനുഷ്യ സമൂഹത്തിലെ ഏറ്റവും മാതൃകായോഗ്യരായ ആളുകളാണ്. അറിവാണ് മഹത്വത്തിന്നാധാരമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ഒരിക്കൽ മൂസാനബിയും അദ്ദേഹത്തിന്റെ സഹചാരിയുംകൂടി ഒരു പണ്ഡിതശ്രേഷ്ഠനെ കണ്ടെത്താൻ ഇറങ്ങിത്തിരിച്ചു. ആ മഹാ പണ്ഡിതനെക്കുറിച്ച് ദൈവം മൂസാനബിക്ക് വ്യക്തമായ ഒരു ചിത്രം-തെളിവാർന്ന സൂചനകൾ- നൽകിയിരുന്നു. ഏറെ ശ്രമങ്ങൾക്കു ശേഷം കണ്ടുമുട്ടി. മൂസാനബി അദ്ദേഹത്തോടു ചോദിച്ചു:

'താങ്കൾക്ക് ദൈവദത്തമായി കൈവന്ന നടപടി സമ്പ്രദായങ്ങൾ താങ്കൾ എനിക്ക് പഠിപ്പിച്ചുതരുമെന്ന നിശ്ചയത്തിൽ ഞാൻ താങ്കളെ പിൻപറ്റിക്കൊള്ളട്ടെയോ?' പണ്ഡിതൻ ഇങ്ങനെ പ്രതിവചിച്ചു:

'എന്റെ കൂടെ ക്ഷമാപൂർവം കഴിയുവാൻ താങ്കൾക്ക് സാധിക്കുമെന്ന് തോന്നുന്നില്ല. അഥവാ, സത്യശുദ്ധി ബോധ്യപ്പെടാത്ത വിഷയങ്ങളോട് താങ്കൾക്കെങ്ങനെ നീതി പുലർത്താൻ കഴിയും?'

മൂസാനബി പറഞ്ഞു:

'അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്നെ അവിടുന്ന് ക്ഷമാശീലനായി കാണും; അവിടുത്തെ കൽപനയൊന്നും ഞാൻ ധിക്കരിക്കുകയില്ല.'

പണ്ഡിതൻ പറഞ്ഞു:

'താങ്കൾ തയ്യാറാണെങ്കിൽ എന്നെ പിന്തുടരുക. ഒരു കാര്യം ആദ്യമേ അറിയിക്കാം: ഒരു വിഷയത്തെക്കുറിച്ചും ഞാനത് വിശദീകരിച്ചു തരുന്നതുവരെ എന്നോട് ചോദിക്കരുത്.' (18: 65-70)

മൂസാനബി പണ്ഡിതനെ പിന്തുടർന്നു. ആ യാത്ര നിരവധി ദിവസങ്ങൾ നീണ്ടു. പ്രവാചകനായ മൂസാ ഈ പണ്ഡിതനിൽനിന്ന് ജ്ഞാനവിജ്ഞാനങ്ങൾ സമ്പാദിച്ചു. അറിയായ്മയും അവ്യക്തതയുമെല്ലാമകന്നു.

ഈ സംഭവത്തെ ഇമാം ബൈദാവി ഇങ്ങനെ അവതരിപ്പിച്ചു:

മനുഷ്യൻ എന്നും ജ്ഞാനസമ്പാദനം സാധിച്ചുകൊണ്ടിരിക്കണം. തനിക്ക് അറിവ് നൽകുന്നവനോട് അവൻ വിനീതനായിരിക്കണം. ഭൂമിയിലെ പണ്ഡിതന്മാർ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയാകുന്നു. വിദ്വാന്റെ തൂലികത്തുമ്പിലെ മഷി രക്തസാക്ഷിയുടെ രക്തത്തേക്കാൾ പാവനമാകുന്നു. ജ്ഞാനമന്വേഷിച്ച് സ്വഭവനം വിട്ട് ഇറങ്ങുന്നവൻ ദൈവമാർഗത്തിൽ ചരിക്കുന്നവനാണ്. ജ്ഞാനാന്വേഷിക്ക് ദൈവം സ്വർഗരത്ഥ്യയിലേക്ക് വഴി കാട്ടുന്നു.

ചില വരിഷ്ട വചനങ്ങൾ ഉദ്ധരിക്കട്ടെ:

"പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക, വല്ല ന്യൂനതയും കാണുന്നുണ്ടോ എന്ന്." (ഖുർആൻ: 67: 3)

"അവർക്ക് ഹൃദയമുണ്ട്. എന്നാൽ അവകൊണ്ട് അവർ ഒന്നും മനസ്സിലാക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്. എന്നാൽ അവകൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട്. എന്നാൽ അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ നാൽക്കാലികൾക്ക് സമമാണ്. അല്ല, അവയേക്കാൾ മോശം. യഥാർഥത്തിൽ അവർ തന്നെയാണ് ഒരു ശ്രദ്ധയുമില്ലാത്തവർ." (ഖുർആൻ 7: 179)

"വചനങ്ങൾ അവർക്ക് വിശദീകരിച്ചുകൊടുക്കുക. ഒരുവേള അവർ ചിന്തിച്ചെങ്കിലോ?" (ഖുർആൻ 7: 176)

"എന്റെ നാഥാ, എനിക്ക് നീ വിജ്ഞാനം വർധിപ്പിച്ചു തരേണമേ." (ഖുർആൻ 20: 114)

"നിങ്ങളിൽ വിശ്വസിച്ചവർക്കും ജ്ഞാനം നൽകപ്പെട്ടവർക്കും അല്ലാഹു ഉന്നതപദവികൾ പ്രദാനം ചെയ്യും."(ഖുർആൻ 58: 11)

"രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളെ ഭരമേൽപിക്കുന്നു- അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയും. ഇവ രണ്ടും മുറുകെപ്പിടിക്കുന്ന കാലത്തോളം നിങ്ങൾ പിഴക്കുകയില്ല."(മാലിക്)

"നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്."(ബുഖാരി)

"നക്ഷത്രങ്ങളെയപേക്ഷിച്ച് പൗർണമിയുടെ മേന്മയാണ് ഭക്തനേക്കാൾ

ജ്ഞാനിക്കുള്ളത്." (തിർമിദി)

"അന്ത്യനാളിൽ അല്ലാഹുവിങ്കൽ ഏറ്റവും നികൃഷ്ടൻ തന്റെ അറിവു കൊണ്ട് ഗുണം നേടാത്ത പണ്ഡിതനായിരിക്കും"(ദാരിമി)

"ജ്ഞാനാന്വേഷി മലക്കുകളുടെ അകമ്പടിയോടെയാണ് സ്വർഗാരോഹണം നടത്തുക."

"ഒരു മുസൽമാന്റെ സുപ്രധാനമായ ധർമം ജ്ഞാനം സമ്പാദിക്കലും അത് മറ്റൊരു സഹോദരന് പകർന്നുകൊടുക്കലുമാണ്." (അബൂഹുറൈറ)

"ജനനം മുതൽ മരണം വരെ അനുസ്യൂതമായി അനുവർത്തിക്കപ്പെടേണ്ട ഒന്നാണ് ജ്ഞാനസമ്പാദനം."

"ഏത് വിശിഷ്ടകർമാനുഷ്ഠാനങ്ങളെക്കാളും ഉദാത്തമാണ് ജ്ഞാനസമ്പാദനം." (ബുഖാരി)

"അറിവന്വേഷിച്ചുള്ള ക്ലേശപൂർണവും എന്നാൽ അവിരാമവുമായ അന്വേഷണത്തിൽ ആത്മനിർവൃതിയനുഭവിക്കുന്നവൻ സ്വർഗപഥത്തിലേക്ക് വഴി നയിക്കപ്പെടും."(മുസ്ലിം)

"ദൈവസൃഷ്ടികളെക്കുറിച്ചുള്ള ഒരു മണിക്കൂർ നേരത്തെ വിചിന്തനം എഴുപത് വർഷത്തെ ആരാധനയേക്കാൾ ശ്രേഷ്ഠമത്രെ."

"അറിവുനേടാനുള്ള ഒരു മണിക്കൂർ നേരത്തെ അധ്വാനം ആയിരം രക്തസാക്ഷികളുടെ സംസ്കരണവൃത്തികളിൽ പങ്കെടുക്കുന്നതിനെക്കാളും ആയിരം രാത്രികളിൽ ആരാധന നിർവഹിക്കുന്നതിനെക്കാളും മഹത്തമമാണ്."

"ജ്ഞാനത്തിന്റെ ഏതംശവും ജ്ഞാനിയുടെ വീണുകിട്ടിയ സ്വത്താണ്."

"ഒരു ജ്ഞാനി, കൂരിരുട്ടിൽ കരയിലും കടലിലും വഴികാട്ടുന്ന ഒരു വിദൂരതാരകം പോലെയാണ്. അത് അപ്രത്യക്ഷമാകുമ്പോൾ യാത്രികന് വഴി തെറ്റിപ്പോകാനിടയുണ്ട്."

"അറിവിന്റെ കാര്യത്തിൽ എല്ലാവരോടും ബാധ്യതകൾ നിറവേറ്റേണ്ടതാണ്. ഒരാളുടെ സ്വത്തവകാശം നിഷേധിക്കുന്നതിനെക്കാളും നെറികെട്ടതാണ് അറിവ് നിഷേധിക്കുക എന്നത്. അന്ത്യദിനത്തിൽ അല്ലാഹു ഈ കൃത്യവിലോപത്തെ ശ്രദ്ധിക്കുകതന്നെ ചെയ്യും."

"അറിവുള്ളവനെ ബഹുമാനിക്കുന്നവൻ എന്നെത്തന്നെയാണ് ബഹുമാനിക്കുന്നത്."

"നമ്മുടെ യോദ്ധാക്കളയക്കുന്ന അസ്ത്രങ്ങൾക്ക് കുറച്ചു ദൂരമേ

പോകാൻ കഴിയു. അറിവിന്റെ അസ്ത്രങ്ങൾ മേഘമലകൾപോലും തുളച്ചു പായും."

"വിജ്ഞാനാന്വേഷണം എല്ലാ മുസ്ലിംകൾക്കും, സ്ത്രീപുരുഷ വ്യത്യാസമില്ലാതെ നിർബന്ധിതമാക്കിയിരിക്കുന്നു."

"അറിവ് സമ്പാദിക്കുക. കാരണം ദൈവമാർഗത്തിൽ അറിവ് സമ്പാദിക്കുന്നവൻ ഭക്തിപൂർവമായ ഒരു ചുമതലയാണ് നിർവഹിക്കുന്നത്. ജ്ഞാനത്തെക്കുറിച്ചു സംസാരിക്കുന്നവൻ ദൈവത്തെയാണ് പ്രകീർത്തിക്കുന്നത്. ജ്ഞാനം വിതരണംചെയ്യുന്നവനും(അർഹരായവർക്ക് അത് നൽകുന്നവനും) ദാന ധർമങ്ങൾ നിർവഹിക്കുന്നവനും ദൈവത്തിനിഷ്ടപ്പെട്ട കാര്യങ്ങളാണ് ചെയ്യുന്നത്. അറിവുള്ളവന് വിധിക്കപ്പെട്ടതും വിലക്കപ്പെട്ടതും വിവേചിച്ചറിയാൻ കഴിയുന്നു. അത് സ്വർഗത്തിലേക്ക് വഴികാട്ടുന്നു. അത് വിജനതയിലെ സുഹൃത്തും ഏകാന്തതയിലെ ബന്ധുവും ഒറ്റപ്പെട്ട അവസ്ഥയിലെ കൂട്ടുകാരനുമാകുന്നു. അത് സന്തോഷത്തിലേക്ക് വഴിനയിക്കുന്നു. ദുഃഖത്തിൽ ആത്മ സംയമനം നൽകുന്നു. സമൂഹസ്ഥലിയിൽ നമുക്കൊരാഭരണമാണത്. ശത്രുക്കൾക്കെതിരെ നമ്മുടെ രക്ഷാകവചമായും പ്രയോജനപ്പെടുന്നു. അറിവുള്ള ദൈവഭക്തന്മാർ നന്മയുടെ ഉയരങ്ങളിലെത്തുകയും നമുക്ക് ധന്യതയേകുകയും ചെയ്യുന്നു. അത് ഇഹലോകത്തിൽ സുകൃതികളുടെ സമീപത്തേക്കും പരലോകത്തിൽ സ്വർഗസായൂജ്യത്തിലേക്കും എത്തിക്കുന്നു."

അറബിഭാഷ എഴുതുവാനുള്ള കൂഫിലിപി പ്രചരിക്കാൻ തുടങ്ങിയിട്ട് കാലമേറെയായിരുന്നില്ല. ജാഹിലിയ്യ കാലത്തിൽനിന്നുള്ള മനുഷ്യന്റെ മാനസിക വികാസത്തിന് കൂഫിലിപിയുടെ പിറവി നിർണായകമായ പങ്കുവഹിച്ചു. (An educational history of the Western World എന്ന ഗ്രന്ഥത്തിൽ അഡോൾഫ് ഇ. മേയർ ഇക്കാര്യം വിശകലനം ചെയ്തിട്ടുണ്ട്.)

ഇസ്ലാമിക നാഗരികതയുടെ പ്രഭാതകാലം. ആശയലോപം വരാതെ വെളിപാടുവചനങ്ങൾ എഴുതിവെക്കാൻ പുതിയ ലിപി വലിയ സഹായമായി പരിണമിച്ചു. ദൈവികാധ്യാപനങ്ങൾ എന്നതിനപ്പുറം അനാഗരിക സമൂഹമായ അറബികളുടെ ജ്ഞാനവിജ്ഞാന വികസനത്തിലും പ്രചാരണത്തിലും ഖുർആൻ വഹിച്ച പങ്ക് നിസ്തുലമായിരുന്നു. ഇസ്ലാമിക ഭരണം രൂപപ്പെട്ടപ്പോൾ ഖലീഫമാരുടെ പ്രതിനിധികൾ പുത്തനറിവുകളും തേടി ലോക കേന്ദ്രങ്ങളിൽ ചുറ്റി സഞ്ചരിച്ചു. പഠനഗവേഷണങ്ങൾക്ക് ബഗ്ദാദും നിസാമിയാ-മുസ്തൻസരിയ്യ സർവകലാശാലകളും മുൻകയ്യെടുത്തു. അവക്കു ചുറ്റും സംവാദ വേദികളും ഗ്രന്ഥശാലകളുമുയർന്നു. വൈജ്ഞാനിക പ്രസിദ്ധീകരണങ്ങൾ വിപുലമായി പ്രചരിച്ചു. പ്രൗഢ ഗ്രന്ഥങ്ങൾ മറ്റു ഭാഷകളിൽനിന്ന് തർജമചെയ്യാൻ സംഘടിത ശ്രമങ്ങളാരംഭിച്ചു. മെസപ്പൊട്ടേമിയയിൽ പിറവിയെടുത്തതായിക്കരുതപ്പെടുന്ന ജ്യോതിശ്ശാസ്ത്രം ഗ്രീസി

ലേക്കും അറബ് നാടുകളിലേക്കും ഇന്ത്യയിലേക്കും പ്രചരിച്ചത് അക്കാലത്തായിരുന്നു. അറേബ്യയിലെ ശാസ്ത്ര പ്രതിഭകൾ ഇന്ത്യയിൽവന്ന് ബ്രഹ്മഗുപ്തന്റെ പ്രസിദ്ധമായ വാനനിരീക്ഷണഗ്രന്ഥങ്ങൾ പഠിച്ച് സ്വഭാഷയിലേക്ക് മൊഴിമാറ്റം നടത്തി. ടെലസ്കോപ്പ് കണ്ടുപിടിച്ച അബൂഹസ്സൻ ആ കാലഘട്ടത്തിലെ സമുന്നത മനീഷിയായിരുന്നു. മുഹമ്മദ്-അഹമ്മദ്-ഹസ്സൻ സഹോദരൻമാർ ഗോളചലനങ്ങളെക്കുറിച്ച് കണ്ടെത്തിയ നിഗമനങ്ങൾ ഗോളശാസ്ത്രവിഭാഗത്തിന്റെ അടിപ്പടവുകളായി കീർത്തിക്കപ്പെട്ടു. അക്കാലത്ത് വ്യാപകമായാരംഭിച്ച ആശുപത്രികളുടെ സംവിധാനവും ചികിത്സാരീതിയും ശ്ലാഘനീയമായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ച് നല്ല നല്ല ചികിത്സാരീതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്താൻ പോരുന്ന ഒരു ഉദ്ഗ്രഥിത ചികിത്സാരീതി(integrated medical treatment) ബഗ്ദാദിൽ അന്ന് നിലവിലുണ്ടായിരുന്നു. റുബാഇയ്യാത്തിന്റെ കർത്താവായ ഉമർ ഖയ്യാം ഉന്നതനായ ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻ കൂടിയായിരുന്നു. ആധുനിക പഞ്ചാംഗങ്ങളിലെ വ്യവഹരണരീതികളുമായി ഉമർ ഖയ്യാമിന്റെ പഞ്ചാംഗരീതി അഭേദ്യത സൂക്ഷിച്ചിരുന്നു എന്നാണ് വിദഗ്ധമതം. ലോകത്തിന്റെ നാനാഭാഗങ്ങളിലും രാജപ്രതിനിധികളെയയച്ച് വിലപിടിപ്പുള്ള വിജ്ഞാനഗ്രന്ഥങ്ങൾ സമാഹരിച്ച് ഗ്രന്ഥപ്പുരകളെ സമ്പന്നമാക്കാൻ ഭരണാധികാരികൾ ശ്രദ്ധിച്ചിരുന്നു. ചരിത്രകാരനായ അയനിയുടെ കണക്കനുസരിച്ച് അന്ന് കയ്റോവിലെ ഗ്രന്ഥശാലയിൽ ഇരുപത് ലക്ഷത്തിലധികം ഗ്രന്ഥങ്ങളുണ്ടായിരുന്നു. അവയിൽ ആറായിരത്തിലധികം ഗ്രന്ഥങ്ങൾ വാനശാസ്ത്ര വിഷയകമായിരുന്നു എന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

'ലോകത്തിലെ അത്യുജ്ജ്വലമായ ഐശ്വര്യകേന്ദ്രം' എന്ന് കവികളാൽ കീർത്തിക്കപ്പെട്ട കൊറദോവ സകല ശാരീരിക രോഗങ്ങൾക്കും നിദാനം മനസ്സാണെന്ന പ്രാചീന ഭാരതീയ നിഗമനത്തെ ലോകശ്രദ്ധക്കുമുന്നിൽ ശക്തിയുക്തം സമർഥിച്ച ശാസ്ത്രസമുന്നതിയുടെ നഗരമായിരുന്നു. ഇന്ത്യയിൽ വന്ന് സംസ്കൃതഭാഷാ പഠനം നടത്തി ഭാരതീയ വേദശാസ്ത്രങ്ങളിൽ അവഗാഹം നേടിയ അൽബിറൂനി തന്റെ വിഖ്യാതമായ 'ഫീ തഹ്ഖീഖി മാ ലിൽ ഹിന്ദ്' എന്ന ഗ്രന്ഥത്തിൽ ഇന്ത്യ നേടിയ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ വികാസവൃദ്ധികളും അറബ് രാഷ്ട്രങ്ങളുമായുള്ള ഇന്ത്യയുടെ സാംസ്കാരിക വിനിമയത്തിന്റെ ചരിത്രവും വിശദമായി പ്രതിപാദിച്ചിട്ടുണ്ടത്രെ.

അക്കാലത്ത് അറബ് രാഷ്ട്രങ്ങൾ കൈവരിച്ച ചികിത്സാ രംഗങ്ങളിലെ നേട്ടങ്ങൾ ഗണനീയമായിരുന്നു. ദൈവദത്തമായ ശരീര-മനസ്സുകളുടെ അന്യൂനമായ സംരക്ഷണം സമൂഹത്തിന്റെ പ്രാഥമിക ബാധ്യതയാണെന്ന് കരുതിപ്പോന്ന ഇസ്‌ലാമിക ഭരണകൂടം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും 'ദാറുശ്ശിഫാ' (ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ) എന്ന പേരിൽ ഏറെ ഫലപ്രദ

മായ ഒരു പദ്ധതിയാരംഭിച്ചിരുന്നു. സമഗ്രവും മനുഷ്യജീവിതത്തെ സംബന്ധിച്ചേടത്തോളം സകലതലസ്പർശിയുമായ വികസനോന്മുഖ പ്രവർത്തനങ്ങളിലൂന്നിയ ഇസ്ലാമിക സാംസ്കാരിക പ്രവർത്തനങ്ങളാണ് യൂറോപ്പിന്റെ നവോത്ഥാനത്തിന് മാർഗദർശകമായി പരിണമിച്ചത്.

ദാർശനിക വിശകലനവേദിയിൽ ഇബ്നുസീന(അവിസെന്ന) നൽകിയ സംഭാവന അതുല്യമായിരുന്നു. അദ്ദേഹത്തെ ആചാര്യനായി വരിച്ച് പാശ്ചാത്യ ലോകം ആദരവ് കാട്ടി. അഞ്ചുനൂറ്റാണ്ടുകാലം ഇബ്നുസീനാ തരംഗമായിരുന്നു പാശ്ചാത്യ വൈദ്യശാസ്ത്രരംഗത്തനുഭവപ്പെട്ടത്. പ്രസിദ്ധങ്ങളായ ഗ്രീക്ക് വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ പൂർണമായും അറബിയിലേക്ക് മൊഴിമാറ്റപ്പെട്ടതായും ചരിത്ര സൂചനകളുണ്ട്.

സാലർമോവിലെ വൈദ്യവിദ്യാലയം ലോകപ്രശസ്തമായിരുന്നു. ഒരു കാലത്തതിന്റെ സാരഥ്യം വഹിച്ചിരുന്ന ഇമാംറാസിയുടെ വൈദ്യശാസ്ത്ര ഗവേഷണഗ്രന്ഥങ്ങൾ യൂറോപ്പിലാകെ പ്രചരിച്ചിരുന്നുവെന്നും അദ്ദേഹത്തിന്റെ ബൃഹത്തായ, ഇരുപത് വാല്യങ്ങളുള്ള ഒരു വിശിഷ്ട ഗ്രന്ഥം ഗ്രന്ഥലോകത്തിലെ ഒരിതിഹാസമായിരുന്നുവെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വസൂരി, കരുവൻ തുടങ്ങിയ രോഗങ്ങളെക്കുറിച്ചുള്ള റാസിയുടെ അപഗ്രഥനഗ്രന്ഥം ചികിത്സാരംഗത്ത് വലിയ കോളിളക്കം സൃഷ്ടിച്ചിരുന്നുവെന്നും അതിന്റെ നാൽപതിൽപരം പതിപ്പുകൾ അക്കാലത്തവിടെ പ്രചരിച്ചിരുന്നുവെന്നും ചരിത്രസൂചനകളുണ്ട്. വിൽഡൂറന്റിന്റെ Age of faith എന്ന ഗ്രന്ഥത്തിൽ ഇങ്ങനെയൊരു പരാമർശമുണ്ട്:

"മുസ്ലിംകളാണ് ആദ്യമായി ഔഷധനിർമാണ വിപണനശാലകളാരംഭിച്ചത്. ഔഷധനിർമാണത്തിനാവശ്യമായ ശാസ്ത്രതത്ത്വങ്ങളാവിഷ്കരിച്ചതും അവർ തന്നെ. പത്താം നൂറ്റാണ്ടിൽ ബഗ്ദാദിൽ മാത്രം 860 ചികിത്സാ ലൈസൻസുള്ള അംഗീകൃത ഡോക്ടർമാരുണ്ടായിരുന്നു."

ഇബ്നുഇസ്ഹാഖ് രചിച്ച പ്രവാചകന്റെ ജീവചരിത്രമാണ് അറബിസാഹിത്യത്തിലെ ആദ്യത്തെ പ്രവാചകചരിത്ര ഗ്രന്ഥം. ത്വബരി എന്ന ചരിത്ര ഗവേഷകനാണ് പ്രപഞ്ചോൽപത്തി മുതൽ ക്രി. 915 വരെയുള്ള ലോകചരിത്രം ആദ്യമായെഴുതിയത്. ഇത് 150 വാല്യങ്ങളിലായി രൂപമണിഞ്ഞുകിടക്കുന്നു. നിതാന്തദീർഘമായ നാൽപതു വർഷത്തെ തപസ്സിന്റെ ഫലമാണത്!

ഇബ്നുഖൽദൂൻ എന്ന ചരിത്രപണ്ഡിതന്റെ നാമധേയം അറബി സാഹിത്യത്തിൽ അവിസ്മരണീയമാണ്. "ചരിത്രസംഭവങ്ങളെ വിവരിച്ച് അവയുടെ പരസ്പര ബന്ധങ്ങളെ വ്യാഖ്യാനിച്ച് അവയിൽ അന്തർലീനമായ നിയമങ്ങളെ അനാവരണം ചെയ്ത് ചരിത്ര തത്ത്വചിന്തയുടെ ഉപജ്ഞാതാവായി മാറിയ പ്രാതസ്മരണീയനാണ് ഇബ്നുഖൽദൂൻ" എന്ന പ്രൊഫ. പി.കെ. മുഹമ്മദലിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. ഇബ്നു ഖൽദൂന്റെ 'മുഖദ്ദിമ'

എന്ന വിശ്വോത്തര ഗ്രന്ഥത്തെക്കുറിച്ച് ആർണോൾഡ് ടോയിൻബി ഇങ്ങനെ രേഖപ്പെടുത്തി:

"ഇത്രയും മഹത്തരമായ ഒരു ഗ്രന്ഥം ഒരുകാലത്തും ഒരുദേശത്തും ഒരു മനുഷ്യൻ രചിച്ചിട്ടില്ല."

ക്രി. 707–ൽ മക്കയിൽ കടലാസിന്റെ ഉപയോഗമാരംഭിച്ചു. ഏറെ വൈകാതെ ബഗ്ദാദിൽ കടലാസ് നിർമാണശാലതന്നെയുണ്ടായി. അതോടെ ഗ്രന്ഥങ്ങളുടെ പ്രചാരം കൂടി. ഒരു നൂറ്റാണ്ട് കഴിയുമ്പോഴേക്കും ബഗ്ദാദിൽ മാത്രം നൂറിലേറെ പുസ്തകവ്യാപാരശാലകൾ രൂപപ്പെട്ടുകഴിഞ്ഞിരുന്നു എന്നാണറിയുന്നത്. പുസ്തകവ്യാപാരശാലകളെന്നത് പുസ്തക വിപണനം മാത്രം നടത്തിപ്പോന്ന കേന്ദ്രങ്ങളായിരുന്നില്ല. സർഗപ്രതിഭകളെ പ്രയോജനപ്പെടുത്തി ഉത്തമ ഗ്രന്ഥങ്ങൾ രചിക്കുന്നതിനും വിശ്വ വിഖ്യാതങ്ങളായ ഗ്രന്ഥങ്ങൾ കണ്ടെത്തി പകർത്തിയെടുക്കാനും പരാവർത്തനം നടത്താനും അങ്ങനെ അറബിഭാഷയെയും സാഹിത്യത്തെയും സമ്പന്നമാക്കാനുമുള്ള സാംസ്കാരിക ശ്രമങ്ങളും വ്യാപാരശാലകൾ കേന്ദ്രമായി നടത്തിയിരുന്നു. കാലികവിഷയങ്ങളെ സംബന്ധിച്ചുള്ള ഗൗരവമിയന്ന ചർച്ചകൾക്കും ഈ വ്യാപാരശാലകൾ ആസ്ഥാനങ്ങളായി വർത്തിച്ചു. പകർപ്പെഴുത്തുകൊണ്ട് മാത്രം വിദ്യാഭ്യാസച്ചെലവുകൾ സാധിച്ച പരശ്ശതം വിദ്യാർഥികൾ അന്നുണ്ടായിരുന്നു എന്നാണറിയുന്നത്.

ഇബ്നു ഇസ്ഹാഖ് മൊഴിമാറ്റം നടത്തിയ മഹദ്ഗ്രന്ഥങ്ങളെ, അവയുടെ വശ്യമായ സൗന്ദര്യപ്രഹർഷം കാരണം സഹൃദയലോകം ഹൃദയതാലം കാട്ടി സ്വീകരിച്ചതായും ഗ്രന്ഥങ്ങൾക്ക് തുല്യമായ തൂക്കം സ്വർണം നൽകിക്കൊണ്ട് അദ്ദേഹത്തിന് രാജകീയ ബഹുമതി നൽകിയതായും എന്നാൽ അത്തരം അതിരുവിട്ട ദുർവ്യയങ്ങളെച്ചൂണ്ടി, ഖലീഫ രാജഭണ്ഡാരം നശിപ്പിക്കുകയാണെന്നാരോപിക്കാൻ ജനങ്ങൾ തയ്യാറായതായും ചരിത്രസാക്ഷ്യമുണ്ട്.

ജ്യോതിഷത്തെ കവിടിക്കളിയായി കാണുന്ന ഇസ്ലാം സംസ്കൃതി ജ്യോതിശ്ശാസ്ത്രത്തിൽ അതീവ തൽപരരായിരുന്നു. ജ്യോതിശ്ശാസ്ത്രത്തിന്റെ കണ്ണിലൂടെ മനുഷ്യന്റെ വീക്ഷണത്തെ വിപുലമാക്കുവാനും അങ്ങനെ പ്രകൃതിരഹസ്യങ്ങളിലേക്കൂളിയിട്ടിറങ്ങാനും മുഹമ്മദുബ്നു മൂസാ തുടങ്ങിയ ജ്യോതിശ്ശാസ്ത്ര വിശാരദൻമാർ ചെയ്ത ഗവേഷണ നിരീക്ഷണങ്ങൾ നിസ്തുലങ്ങളായിരുന്നു. ടോളമിയുടെ കണ്ടെത്തലുകളിലൂടെ മുന്നേറി സൂര്യഗോളത്തെക്കുറിച്ച് കൂടുതൽ ഗവേഷണം നടത്തുവാൻ ഒരു വിപുലമായ പഠനസംഘം തന്നെ മുന്നോട്ടുവന്നു. 12–ാം നൂറ്റാണ്ടാകുമ്പോഴേക്കും ടോളമിയുടെ ചില കണ്ടെത്തലുകളെ തിരുത്തി മുന്നേറാൻ ജ്യോതിശ്ശാസ്ത്രജ്ഞനായ അബൂബക്കറിന് സാധിച്ചു.

ത്രികോണമിതി(Trignometry)യെ ഇന്നത്തെ നിലയിൽ വളർത്തിയതും

അറബി അക്കങ്ങൾ, പൂജ്യം, ദശാംശ സമ്പ്രദായം തുടങ്ങിയ വിപ്ലവപരമായ കണ്ടുപിടിത്തങ്ങളെ പാശ്ചാത്യ ലോകത്തിനു പരിചയപ്പെടുത്തിയതും അറബികളാണ്. ഉമർഖയ്യാമാണ് അഗ്രഗത ബീജഗണിത(Advanced Algebra)ത്തെ കണ്ടുപിടിച്ചത്.

ഭൂമിശാസ്ത്രത്തിന്റെയും ഭൂപടനിർമാണത്തിന്റെയും ചരിത്രത്തിൽ അൽബത്താനി, അൽഫർഗാനി, അൽബിറൂനി തുടങ്ങിയവരർപ്പിച്ച സംഭാവനകൾ ലോകശ്രദ്ധ ആകർഷിക്കുകയുണ്ടായി. ലോകയാത്രികനും ഇസ്ലാം ചരിത്രത്തിലെ അതികായനും ബഹുഭാഷാ പണ്ഡിതനും ദാർശനികനുമായ അൽബിറൂനി ഭൂമിശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും അതുല്യ പ്രതിഭയായിരുന്നു. ലോകത്താദ്യമായി രേഖാംശങ്ങൾ, അക്ഷാംശങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ഭൂമിശാസ്ത്ര പട്ടികകൾ തയ്യാറാക്കിയത് അൽബിറൂനിയായിരുന്നു. ദൂരദർശിനിയും ദിക്ക് നിയന്ത്രണ യന്ത്ര(Mariner's Compass)വും കണ്ടുപിടിച്ചത് മറ്റൊരു പ്രസിദ്ധ ലോകസഞ്ചാരിയായ ഇബ്നുബത്തൂത്തയായിരുന്നു. "അല്ലാഹു പ്രതിവിധി നിശ്ചയിച്ചിട്ടില്ലാത്ത ഒരു രോഗവുമില്ല" എന്ന പ്രവാചകവചനത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് മുന്നോട്ടു നീങ്ങിയ ഭിഷഗ്വരസമൂഹത്തിന്റെ പ്രയത്നഫലമായി അക്കാലത്തെ വൈദ്യശാസ്ത്രം ഏറെ സമ്പന്നമായിരുന്നു.

ലോകത്തെങ്ങുമുള്ള വൈജ്ഞാനിക വിഭവങ്ങൾ ശേഖരിച്ച് അറബികളുടെ ധൈഷണിക ജീവിതം സചേതനവും സമ്പന്നവുമാക്കാൻ ഉമവി-അബ്ബാസി ഖലീഫമാർ വിപുലമായ സംവിധാനങ്ങളുണ്ടാക്കി. മൻസൂർ, മഅ്മൂൻ, മുതവക്കിൽ തുടങ്ങിയ ഖലീഫമാർ ഗണിത-വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ സംഭരിക്കാൻ ശത്രുരാജ്യങ്ങളിലേക്കുപോലും ദൂതന്മാരെ നിയോഗിച്ചിരുന്നു.

ക്രി. 830-ൽ അൽമഅ്മൂൻ രണ്ടു ലക്ഷം ദീനാർ ചെലവ്ചെയ്ത് ബഗ്ദാദിൽ സ്ഥാപിച്ച വിജ്ഞാനഭവനത്തിൽ വിദേശഭാഷകളിലെ വിഖ്യാത ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്യാനായി പ്രത്യേക കർമസംഘത്തെ നിയോഗിച്ചിരുന്നു. ഏതാണ്ട് ഒന്നര നൂറ്റാണ്ട് കാലം ഈ വിവർത്തനയജ്ഞം നടന്നു.

നിരവധി അറബിഭാഷാ ഗ്രന്ഥങ്ങൾ മറ്റു വൈദേശിക ഭാഷകളിലേക്കും തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ആംഗലേയ ഗ്രന്ഥകാരനായ ഒഹല്ലാർഡ്(1100-1200) ഈജിപ്ത് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കവെ പരിചയപ്പെടാനിടയായ യൂക്ലിഡിന്റെ അൽ അർകാൻ എന്ന വാനശാസ്ത്ര സംബന്ധമായ ഗ്രന്ഥത്തെ അറബിഭാഷയിൽനിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. അന്നോളം അത്തരമൊരു ചിന്താധാരയെപ്പറ്റി യൂറോപ്പിന് അറിയില്ലായിരുന്നു. മറ്റൊരു വിചാരമതിയായ ഗ്രന്ഥകാരൻ പ്ലേറ്റോ തായ്ഗുലി(Plato Taiguli) തിയോ

ഡഷ്യസ് എഴുതിയ 'അൽ അകാർ' എന്ന ഗ്രന്ഥം ഇംഗ്ലീഷിലേക്ക് തർജമ ചെയ്തപ്പോൾ മഹത്തായ ഒരു സാംസ്കാരിക പരിവർത്തനത്തിന്റെ പെരുമ്പറ മുഴക്കുകയായിരുന്നു അദ്ദേഹം. മനുഷ്യാധിവാസമുള്ള വൻകരകളുടെ ഭൂമിശാസ്ത്രം വ്യവഹരിക്കുന്ന ടോളമിയുടെ 'റുഡോൾഫ് ബ്രൂഗി' എന്ന അറബിക് ഗ്രന്ഥം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റിയപ്പോൾ "അത് സാംസ്കാരിക രംഗത്തെ ഐതിഹാസികമായ സംഭവമായിരുന്നു" എന്നാണ് ഫ്രഞ്ച് ദാർശനികനായ വില്യം ലൂയി രേഖപ്പെടുത്തിയത്. തന്റെ അറബിക് അധ്യാപകരിൽനിന്ന് കൈവന്ന ആൾജിബ്ര സംബന്ധിച്ച നൂതന സിദ്ധാന്തങ്ങൾക്ക് ക്രി. 1200-ൽ റൊണാൾഡ് ബെയ്ഗ് ഗ്രന്ഥരൂപം നൽകി. അറബിഭാഷയിലുള്ള പ്രഖ്യാതമായ യൂക്ലിഡിയൻ ദർശനഗ്രന്ഥം കുബനോസ് നൗസി(Kubanos Nausy) ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് 13-ാം ശതകത്തിലാണ്. ശാസ്ത്രസംബന്ധമായ തന്റെ ലേഖനങ്ങളിൽ ഹോമെൽഡ് (Homeld) ഇങ്ങനെ രേഖപ്പെടുത്തി:

"പാശ്ചാത്യർ, വിശേഷിച്ചും സ്പെയിനിലും മറ്റുമുള്ള ഗ്രന്ഥകാരന്മാർ അറബി സാഹിത്യത്തിൽ ആവേശിതരായിരുന്നു."

അറിവിന്റെ സമാർജനത്തിനും പ്രചാരണത്തിനും ആരാധനയുടെ ആത്മവിശുദ്ധി സമ്മാനിച്ച ഇസ്ലാമിക സംസ്കൃതി പൂത്തുലഞ്ഞുനിന്നിരുന്ന കാലത്ത് വിജ്ഞാന പിപാസുക്കളായ വിദേശീയ വിദ്യാർഥികൾ അറബ് നാടുകളിലെത്താറുണ്ടായിരുന്നു; അവരുടെ ചെലവുകളത്രയും വഹിച്ചത് പള്ളിയുടെ ചുമതലക്കാരും. അൽബിറൂനിയുടെ പരാമർശം നോക്കുക:

"പള്ളികൾ പ്രാർഥനാലയങ്ങൾ മാത്രമായിരുന്നില്ല, പഠനകേന്ദ്രങ്ങളും കൂടിയായിരുന്നു. പള്ളികളിൽനിന്നാണ് പഠനവൃത്തിയുടെ തുടക്കം. ക്രമത്തിൽ പ്രാഥമിക വിദ്യാലയത്തിലേക്ക് വളർന്നെത്തുന്നു; മക്തബുകൾ എന്നാണ് അവ വിളിക്കപ്പെട്ടത്. മക്തബുകളിൽ ഖുർആൻ പാരായണം, ഖുർആനിക ശിക്ഷണം, അറബ് സംസ്കൃതി, ഗണിതവിദ്യാഭ്യാസം, കലിഗ്രഫിയിലുള്ള പരിശീലനം എന്നിവ നിഷ്കർഷിക്കപ്പെട്ടു. മുവ്വായിരത്തിലേറെ വിദ്യാർഥികളുള്ള മക്തബുകൾ അന്നുണ്ടായിരുന്നു. തുടർന്നുള്ള ഉപരിപഠന സ്ഥാപനങ്ങളാണ് മദ്റസകൾ. മദ്റസാ വിദ്യാഭ്യാസം തികച്ചും സൗജന്യമായിരുന്നു. അതുകൊണ്ട് ധനിക-ദരിദ്ര വ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാ കുട്ടികളും മദ്റസകളിൽ നിർബന്ധമായും പങ്കെടുത്തുവന്നു. താമസിച്ചു പഠിക്കുന്നവരും വന്നുപോകുന്നവരുമായി അന്ന് രണ്ടുതരം അധ്യേതാക്കളുണ്ടായിരുന്നു. സമ്പന്നരുടെ മക്കളാണ് മദ്റസകൾക്കടുത്തുള്ള വസതികളിൽ താമസിച്ചു പഠിച്ചത്. അവിടത്തെ ചെലവുകൾ അവർ സ്വയം വഹിക്കണം എന്നാണ് വ്യവസ്ഥ... കയ്റോവിലെ ഒരു ലൈബ്രറി പ്രത്യേക പരാമർശം അർഹിക്കുന്നു. ഇസ്ലാമിക ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥശേഖരമായിരുന്നു അത്. നാൽപത് വിശാല ശാലകളിലായി പരസഹസ്രം

ഗ്രന്ഥങ്ങൾ നിരത്തി നിറച്ചുവെച്ചിരിക്കുകയാണ്. പ്രാചീന ശാസ്ത്രങ്ങളെ സംബന്ധിക്കുന്ന പതിനെട്ടായിരത്തിൽപരം ഗ്രന്ഥങ്ങൾ അവിടെയുണ്ടായിരുന്നതായി എനിക്കറിയാം. അവിടെ താമസിച്ച് ഗ്രന്ഥസപര്യ സാധിക്കുന്നവരുടെ സൗകര്യാർഥം കുളിമുറികൾ, ഭോജനശാലകൾ, വിശ്രമമുറികൾ, ആശുപത്രികൾ തുടങ്ങിയ സംവിധാനങ്ങളെല്ലാം സജ്ജമാക്കിക്കണ്ടപ്പോൾ വിസ്മയം തോന്നി."(അൽബിറൂനി)

വിദ്യാലയം എന്ന അർഥ വിവക്ഷയുള്ള ഒരറബി പദമാണ് മദ്റസ. പള്ളിക്കൂടങ്ങൾക്കും മക്തബുകൾക്കും അപ്പുറമുള്ള ഉപരിപഠന കേന്ദ്രങ്ങളാണ് മദ്റസകളെങ്കിലും സാമാന്യമായി ഏത് വിദ്യാലയത്തെയും മദ്റസ എന്നു വിളിക്കാം. ഇസ്ലാമികലോകം മതവിജ്ഞാന കേന്ദ്രങ്ങളെയാണ് മദ്റസ എന്ന പദംകൊണ്ടുദ്ദേശിക്കുന്നത്. ഇവിടെ പഠനത്തിനെത്തുന്നവർ പള്ളിക്കൂടം-മക്തബുകൾ വഴി മതവിഷയകമായ പ്രാഥമിക വിജ്ഞാനം നേടിയവരായിരിക്കും. ഒരുതരം ഗുരുകുല സമ്പ്രദായമാണിത്. ഗുരുവോടൊപ്പം താമസിച്ച്, ഗുരുവിന്റെ നിത്യസാന്നിധ്യമനുഭവിച്ച് മതവിഷയങ്ങൾ ആഴത്തിൽ പഠിക്കുകയാണവർ.

ഇന്ത്യയിലും മൊറോക്കോയിലും 8,9 നൂറ്റാണ്ടുകളിൽ പ്രശസ്തങ്ങളായ ഒട്ടേറെ മദ്റസകൾ ഉണ്ടായിരുന്നതായി ചരിത്രം ഘോഷിക്കുന്നുണ്ട് (ബഹ്റൈൻ മ്യൂസിയത്തിൽ അവയുടെ നിശ്ചല ദൃശ്യങ്ങൾ പ്രദർശിപ്പിച്ചുകണ്ടു). ധർമിഷ്ഠരായ സമ്പന്നരുടെ നിർലോഭമായ സഹകരണമാണ് മദ്റസാ പ്രസ്ഥാനത്തെ സംരക്ഷിച്ചുപോന്നത്. നിശ്ചിത കാലത്തെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർക്ക് സനദും പ്രമാണപത്രങ്ങളും(ഇജാസ) നൽകിപ്പോന്നു. ബഗ്ദാദിലെ മദ്റസകളിൽനിന്നു ലഭിക്കുന്ന പ്രമാണപത്രങ്ങൾക്ക് വിശ്വപ്രശസ്തമായ പെരുമയുണ്ടായിരുന്നു. പ്രമാണപത്ര വിതരണം ഇന്നത്തെ പ്രാമുഖ്യമിയന്ന ബിരുദദാനച്ചടങ്ങ്(കോൺവൊക്കേഷൻ) പോലെ ശ്രദ്ധേയമായിരുന്നു. പിൽക്കാലത്ത് പാശ്ചാത്യ നാടുകളിലാരംഭിച്ച യൂനിവേഴ്സിറ്റികൾക്ക് പ്രചോദകവും മാർഗദർശകവുമായത് ഇസ്ലാമിക രാഷ്ട്രങ്ങളിലുണ്ടായിരുന്ന ഇത്തരം സ്ഥാപനങ്ങളാണെന്ന് ഇമാം ഗസ്സാലി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നു കാണുന്ന, ബിരുദദാനച്ചടങ്ങുകളോടനുബന്ധിച്ചുള്ള, അയഞ്ഞുനീണ്ട കറുത്ത ആചാരവസ്ത്രങ്ങളണിയുന്ന രീതി പോലും ബഗ്ദാദിലെയും മറ്റും ഇസ്ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പകർത്തപ്പെട്ടവയാണത്രെ.

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ സാമാന്യജനത്തിന്റെ ജീവിതം ഇരുളുറഞ്ഞതായിരുന്നു. അൽപം ചില പുരോഹിതന്മാരും സന്യാസിമാരുമൊഴിച്ചാൽ ബാക്കിവരുന്ന ജനസാമാന്യമാകെ നിരക്ഷരരായിരുന്നു. വിദ്യാഭ്യാസമേഖലകളും ശാസ്ത്ര സാങ്കേതിക തലങ്ങളും അവർക്കന്യമായിരുന്നു. പൗരോഹിത്യ കേന്ദ്രീകൃതവും അന്ധവും തീവ്രവുമായ മതവിശ്വാസവും

ശാസ്ത്രീയമായ വളർച്ചക്കും യുക്ത്യനുസൃതമായ മുന്നേറ്റത്തിനും വലിയ തടസ്സമായിപ്പരിണമിച്ചു. സൂക്ഷ്മവിശകലനത്തിൽ, മതപരമായ പ്രാമുഖ്യമേറെയുണ്ടെങ്കിലും ഇറ്റലിയല്ല സ്പെയിനാണ് ലോകനാഗരികതയുടെ കൊടിപ്പടമുയർത്തിയത് എന്ന് കണ്ടെത്താൻ കഴിയും. യൂറോപ്പിലുണ്ടായ ദാർശനികവും ശാസ്ത്രീയവും സാമൂഹികവുമായ നവോത്ഥാനത്തിന്റെ ചരിത്രം പഠിക്കുമ്പോൾ ഈ രംഗങ്ങളിലാകെ മുസ്ലിംകൾ സമർപ്പിച്ച സംഭാവനകളുടെ നിർണായകമായ പങ്ക് പരിവ്യക്തമാകുന്നതാണ്.

ശക്തമായും സുവിശദമായും ഖുർആൻ മനുഷ്യനോടാവശ്യപ്പെടുന്നത് ബുദ്ധിശക്തി പ്രയോജനപ്പെടുത്താനും പ്രകൃതി-ചരിത്രപഠനങ്ങളിലൂടെ അറിവ് നേടാനും ഭൂമിയിൽ സഞ്ചരിച്ച് കാര്യങ്ങൾ നോക്കിക്കാണാനും പ്രപഞ്ച നിയമങ്ങളെക്കുറിച്ചറിയാനും ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം ജ്ഞാനം വർധിപ്പിക്കുവാനും അല്ലാഹുവിനോട് പ്രാർഥിക്കുവാനുമാണ്.

മുഹമ്മദ് നബി നിയോഗിതനാവുന്നതിനുമുമ്പ് അറേബ്യ അജ്ഞതയുടെയും നിരക്ഷരതയുടെയും അരങ്ങായിരുന്നു. ഖുർആനും പ്രവാചകനും അറിവിനും പഠനക്രിയകൾക്കും അളവറ്റ പ്രാമുഖ്യം നൽകി. സത്യവേദവിശ്വാസികൾ, സ്ത്രീപുരുഷ വ്യത്യാസമില്ലാതെ വിദ്യാഭ്യാസം നേടേണ്ടവരാണെന്നും തൂലികയുടെ മഹത്വം അനൽപമാണെന്നും ഇസ്ലാം പ്രബോധിപ്പിച്ചു. ആരാധനക്കൊപ്പം അനിവാര്യമാണ് അക്ഷരപരിചരണം എന്നറിയിക്കാനാണ് മദീനാപ്പള്ളിക്കനുബന്ധമായി അത്രതന്നെ പ്രാധാന്യത്തോടെ വിദ്യാശാല നിർമിച്ചതും പ്രവാചകനും അനുചരന്മാരും തന്നെ അതിന്റെ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കുവഹിച്ചതും. മുസ്ലിം രാഷ്ട്രങ്ങളിലാകെ പ്രാഥമിക വിദ്യാലയങ്ങൾ പരപ്രേരണയില്ലാതെത്തന്നെ ധർമനിർവഹണം എന്ന നിലയിൽ വ്യാപകമായി നിർമിക്കപ്പെട്ടു. പ്രധാന പള്ളികളോടൊപ്പം പള്ളിക്കൂടം ഒരു പതിവായി. ഹിജ്റ 2-ാം നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഇറാനിൽ പെൺകുട്ടികൾക്കായി മാത്രം ഒരു വിദ്യാലയം സ്ഥാപിക്കപ്പെട്ടുവെന്ന് ചരിത്രമറിയിക്കുന്നു. ആറുവയസ്സ് പൂർത്തിയാകുമ്പോഴേക്കും കുട്ടികളെ ദരിദ്ര-ധനിക വ്യത്യാസമില്ലാതെ വിദ്യാലയങ്ങളിൽ ചേർത്തുവന്നു.

ഖുർആൻ ആഴത്തിൽ അപഗ്രഥിച്ചു പഠിപ്പിക്കാനുള്ള സംവിധാനം അന്നുണ്ടായിരുന്നു. ഖുർആൻ പൂർണമായും ഹൃദിസ്ഥമാക്കിയ നിരവധിപേർ അക്കാലത്തിന്റെ സൗഭാഗ്യമായിരുന്നു.

പ്രാഥമിക വിദ്യാലയങ്ങളിൽ എഴുത്തും വായനയും വ്യാകരണ ഭാഗങ്ങളും പഠിപ്പിച്ചുപോന്നു. അറബി വ്യാകരണത്തിന്റെ അടിസ്ഥാനക്രിയകൾ, കവിത, പ്രവാചകജീവിതം, ഹദീസുകൾ എന്നിവ പഠനവിഷയങ്ങളിൽ പെട്ടതായിരുന്നു. ഖുർആൻ അവലംബമാക്കിയായിരുന്നു എല്ലാം. വിദ്യാദാനം ഒരു വിശുദ്ധ കർമമാണെന്ന കറകളഞ്ഞ വിശ്വാസം നിലവിലുണ്ടായി

രുന്നതുകൊണ്ടാണ് അക്കാലത്തെ മിക്ക വിദ്യാലയങ്ങളും ആരാധനാലയങ്ങൾക്കടുത്തുതന്നെ പ്രവർത്തിച്ചുപോന്നത്. അക്കാലത്തെ മുസ്‌ലിം പള്ളികൾക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. പള്ളികൾ സർവോപരി ആരാധനാകേന്ദ്രമായാണ് കരുതപ്പെട്ടതെങ്കിലും ഒരു സഞ്ചാരിക്ക് അത് വിശ്രമകേന്ദ്രമായും ഒരു രോഗിക്ക് അത് ആശുപത്രിയായും മറ്റു ചിലപ്പോൾ നീതിന്യായകോടതിയായും പ്രയോജനപ്പെട്ടു. എല്ലാമാണെങ്കിലും പ്രാർഥനക്കാണ് പ്രാമുഖ്യം നൽകിപ്പോന്നത്.

പള്ളികൾക്കനുബന്ധമായി വ്യത്യസ്ത പ്രഭാഷണശാലകളും അന്നുണ്ടായിരുന്നു. ഏത് പണ്ഡിതന്നും ഏത് വിഷയത്തെക്കുറിച്ചും അവിടെ പ്രഭാഷണം നടത്താം. പ്രഭാഷകന്റെ അനുമതിയോടെ ആർക്കും സദസ്സിൽ ശ്രോതാവായി പങ്കെടുക്കാം. ചോദ്യോത്തരങ്ങളെക്കൊണ്ട് അത്യന്തം സജീവമായിരുന്ന പള്ളിപ്രസംഗശാലകളെയും പള്ളിവിദ്യാലയങ്ങളെ(Mosque School)യും സംബന്ധിച്ച് ചരിത്രകാരനായ മംലൂക്ക്(Mamluk) രേഖപ്പെടുത്തിയിട്ടുണ്ട്. അറിവ് നേടാനുള്ള അന്തർദാഹത്തോടെ വന്നെത്താറുള്ള പല വിദേശയാത്രികർക്കും കയ്റോവിലെ പള്ളികൾ വിജ്ഞാനത്തിന്റെ വിഭവകേന്ദ്രങ്ങളായി അനുഭവപ്പെട്ടു എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. നിസാമിയാ സർവകലാശാലയിൽ നാല് വർഷക്കാലം പ്രഭാഷകനായിരുന്ന ഇമാം ഗസ്സാലി വിദ്യാർഥികൾക്ക് തങ്ങളുടെ ധാർമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രചോദനം നൽകാൻ അത്തരം പള്ളിവിദ്യാലയങ്ങൾക്ക് കഴിഞ്ഞിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇസ്‌ലാമിക ചരിത്രത്തിൽ നിസാമുൽ മുൻക് തുസി, സ്വലാഹുദ്ദീൻ തുടങ്ങിയ പ്രാതസ്മരണീയരായ അധ്യാപകന്മാരുടെ സേവനങ്ങൾ കീർത്തിക്കപ്പെട്ടിട്ടുണ്ട്. നിരവധി അക്കാദമികൾ സ്ഥാപിച്ച സ്വലാഹുദ്ദീന്റെ നേതൃത്വത്തിലാണ് ഡമസ്കസ് 'വിദ്യാലയങ്ങളുടെ നഗര'(City of Schools)മായി അറിയപ്പെട്ടത്. കയ്റോവിലെ സുൽത്താൻ ഹസന്റെ അത്യുന്നതമായ സർവകലാശാലയിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിദ്യാർഥികളും പണ്ഡിതന്മാരും വന്നെത്തിയിരുന്നുവത്രെ. സ്പെയിനിന്റെ ആസ്ഥാനനഗരിയിൽ മാത്രം ഇരുപത്തിയേഴ് സൗജന്യ വിദ്യാലയങ്ങൾ ഉണ്ടായിരുന്നുവെന്നും അതിന് മണിമകുടമായി വർത്തിച്ച കൊറദോവ സർവകലാശാലയിലേക്ക് വർണവർഗഭാഷാ വിശ്വാസഭേദമില്ലാതെ യൂറോപ്പ്, ആഫ്രിക്ക, ഏഷ്യാ എന്നീ വൻകരകളിൽനിന്ന് വിദ്യാതൽപരരായ ആയിരങ്ങൾ വന്നെത്താറുണ്ടായിരുന്നുവെന്നും നാമറിയുന്നു. ചരിത്രം, തത്ത്വശാസ്ത്രം, നക്ഷത്രശാസ്ത്രം, വൈദ്യശാസ്ത്രം, ഭൂമിശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ ലോകമഹാപണ്ഡിതന്മാർക്ക് അവിടെ ആസ്ഥാനങ്ങളുണ്ടായിരുന്നതായും ചരിത്രരേഖകളുണ്ട്.

അക്കാലത്തെ പ്രമുഖ യോദ്ധാവായിരുന്ന ഇമാം നൂറുദ്ദീൻ ശഹീദ് സ്ഥാപിച്ച ഡമസ്കസിലെ മദ്റസതുന്നൂരിയ്യ ഇന്നും പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുപോരുന്നു. ആദ്യകാലത്ത് അവിടത്തെ അധ്യാപകർ പ്രതിഫലം പോലും സ്വീകരിച്ചിരുന്നില്ലെന്നാണറിയുന്നത്. അത്യുന്നതരായ മഹാപണ്ഡിതന്മാരുടെ സാക്ഷ്യപത്രമുള്ളവർക്കേ പഠിപ്പിക്കാനനുവാദമുണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസത്തിന്റെ ഗുണപരതയിലുള്ള നിഷ്കർഷ അത്രമാത്രം ശക്തമായിരുന്നു. അന്നത്തെ അധ്യാപകരുടെ സ്ഥാനചിഹ്നങ്ങൾ 'തൊപ്പിയും തകിടു'മായിരുന്നു. സ്പെയിനിലെ ഇസ്ലാമിക പണ്ഡിതന്മാരുടെ വേഷവിധാനരീതിയാണ് പിൽക്കാലത്ത് പാശ്ചാത്യർ പകർത്തിയത്. ഗൗണും ശിരോവസ്ത്രവും പിറന്നതങ്ങനെയാണ്. ഡമസ്കസിലെ തോട്ടങ്ങളിൽനിന്ന് പറിച്ചെടുത്ത പഴങ്ങൾ അവിടത്തെ ഇമാം നവവി ഒരിക്കൽപോലും ഭക്ഷിച്ചിരുന്നില്ലെന്നാണറിയുന്നത് – കാരണം വിദ്യാശാലകൾക്കായി 'വഖഫ്' ചെയ്യപ്പെട്ടതായിരുന്നു അവ!

വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള വിദ്യാലയ കോംപ്ലക്സിൽ സ്ഥിരമായി ഒരു ഹദീസ് പണ്ഡിതൻ, രണ്ട് ഖുർആൻ പാരായണവിദഗ്ധർ, ഒരു ചികിത്സാവിശാരദൻ, ജിജ്ഞാസുക്കളായ പത്തു പരിസേവകർ എന്നിവരുണ്ടായിരുന്നു.

ദൈവികഭരണത്തിന്റെ ആസ്ഥാന(The Seat of Theocratic Common-Wealth)മായി മദീന അറിയപ്പെട്ടപ്പോൾ മദീനയുടെ ആത്മീയോൽക്കർഷം ലോകശ്രദ്ധ ആകർഷിച്ചു. പേർഷ്യ, ഗ്രീസ്, സിറിയ, ഇറാഖ്, ആഫ്രിക്ക തുടങ്ങിയ വ്യത്യസ്ത ജീവിതപ്രകൃതമുള്ള പ്രദേശങ്ങളിലെ ജനങ്ങൾ അന്ന് ദിശാഭേദമില്ലാതെ മദീനയിലെ നിത്യ സന്ദർശകരായിരുന്നു.

"ശാസ്ത്രവിഷയങ്ങളിലെ അവഗാഹം അത്യുന്നതമായ ആദരവർഹിക്കുന്നു", "വിദ്യാഭ്യാസവേദിക്ക് സചേതനത്വം നൽകുന്നവന് മരണമില്ല", "ഒരുവന്റെ ഏറ്റവും വലിയ ആഭരണം അവൻ നേടിയ വിദ്യാഭ്യാസമാണ്" എന്നിങ്ങനെ സ്വയം മറന്നു പറയാറുള്ള ഖലീഫ അലിയെപ്പോലുള്ളവരുടെ ഭരണവും പരിചരണവുമാണ് ഇസ്ലാമിക രാഷ്ട്രങ്ങളിലെ ജ്ഞാന-വിജ്ഞാന വികാസങ്ങളുടെ മഹത്വമാർന്ന സ്രോതസ്സുകളായി വർത്തിക്കുന്നത്. അവക്കുള്ള പ്രഭവങ്ങളായി വേദഗ്രന്ഥങ്ങളിലെ വരിഷ്ട സൂക്തങ്ങളും.*

* സ്ഥിതിവിവരങ്ങൾക്ക് പ്രൊഫ. പി.കെ. മുഹമ്മദലിയോട് കടപ്പാട്-ഗ്രന്ഥകർത്താവ്.

# ഒരു വിശ്രുത നാഗരികതയെക്കുറിച്ച്

**അ**ന്ന് വിദ്യാലയങ്ങളുടെ സിരാകേന്ദ്രം പള്ളിയായിരുന്നു. ആരാധനാകേന്ദ്രം എന്നതിനപ്പുറം വിശ്വാസിയുടെ ജീവിതവ്യവഹാരത്തിന്റെ സമസ്തതലങ്ങളുമായി ഒരു സംയോജക തന്തുപോലെ പള്ളി പ്രവർത്തിച്ചു. വിദ്യാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ പരിചയിക്കുന്നതും പള്ളിയുമായി ബന്ധപ്പെട്ടുള്ള പള്ളിക്കൂടങ്ങളിൽവച്ചായിരുന്നു. ഖുർആൻ-ഹദീസ് പഠനങ്ങൾക്കും ഭാഷാ സാഹിത്യങ്ങൾക്കും കലിഗ്രഫിയിലുള്ള പഠന പരിശീലനങ്ങൾക്കും പള്ളിക്കൂടങ്ങൾ പ്രാമുഖ്യം നൽകിപ്പോന്നു.

ഇസ്‌ലാമിക വിദ്യാഭ്യാസ ചരിത്രം ശ്രദ്ധിക്കുമ്പോൾ മക്തബുകൾ (പ്രാഥമിക വിദ്യാലയങ്ങൾ) ശ്രദ്ധേയമാണ്. അത് ഒരു നിലയിൽ പള്ളി സ്കൂളുകളി(Mosque Schools)ലെ പഠനപരിശീലനങ്ങളുടെ തുടർച്ചയോ വിപുലനമോ ആയിരുന്നു. മക്തബുകളുടെ പ്രവർത്തനങ്ങളും പ്രസരണവുമേൽക്കാത്ത പ്രദേശങ്ങൾ ഇസ്‌ലാമിക രാഷ്ട്രത്തിൽ അന്ന് നന്നെക്കുറവായിരുന്നു. സിസിലി എന്ന നഗരത്തിൽ മാത്രമായി 600-ൽപരം മക്തബുകൾ പ്രവർത്തിച്ചിരുന്നു എന്നാണറിവ്. ഒരു സാംസ്കാരിക വിപ്ലവത്തിന്റെ പ്രഭാതംപോലെ പുതിയ ഉണർവും ആവേശവുമണിഞ്ഞ് ആയിരക്കണക്കിന് അധ്യേതാക്കൾ അവിടങ്ങളിൽ പഠിക്കാനെത്തിയിരുന്നതായി ചരിത്രകാരനായ ഇബ്നായിക്കൽ വിസ്മയപൂർവം രേഖപ്പെടുത്തിയിട്ടുണ്ട്. അബ്ദുൽഹാശിം ബലാക്കി എന്ന വിശ്രുത വിദ്യാഭ്യാസ പ്രചാരകൻ (അദ്ദേഹം ഒരു ഗ്രന്ഥകാരൻ കൂടിയായിരുന്നു) തന്റെ മക്തബിൽ മുവ്വായിരത്തിൽപരം വിദ്യാർഥികൾ ഒരേകാലത്ത് അഭ്യസിച്ചിരുന്നു എന്ന് സാഭിമാനം അനുസ്മരിച്ചിട്ടുണ്ട്.

തികച്ചും ആസൂത്രിതവും ശാസ്ത്രീയവുമായിരുന്നു പഠനരീതികൾ. അവ പ്രയോഗക്ഷമവും ആദർശപരവുമായിരുന്നു. കുട്ടിയിലുള്ള സർഗഭാവങ്ങളെ പ്രകാശിപ്പിക്കാനും സത്യസന്ധതയോടെ, ഊർജസ്വലതയോടെ, ധർമനിർവഹണനിഷ്ഠയോടെ ജീവിതസ്പൂർത്തി കൈവരിക്കാനും വിദ്യാഭ്യാസം സഹാ

യകമാകണം എന്നും നിഷ്കർഷിക്കപ്പെട്ടു. ഒരു വിശ്വാസി പ്രായപൂർത്തിയാകുമ്പോഴേക്കും മനസ്സിലെ അധമവികാരങ്ങളെ അതിജയിക്കാനുള്ള കഴിവും ഗുണാഗുണ വിചിന്തനശേഷിയും അവനിൽ വളർത്തിയെടുക്കാൻ അന്നത്തെ വിദ്യാഭ്യാസം ശ്രദ്ധിച്ചിരുന്നു. വിദ്യാഭ്യാസം തികച്ചും ജീവിതബന്ധിയായിരുന്നു. മനഃസംസ്കരണത്തിന് സഹായിക്കാത്ത വിദ്യാഭ്യാസം കേവലം വ്യഥാവൃത്തിയായി കരുതപ്പെട്ട കാലം. ദൈവം മനുഷ്യഹൃദയങ്ങളിൽ സൂക്ഷിച്ചുവെച്ച പ്രകാശമാണ് അറിവ് എന്ന പ്രബോധനം ആ മഹാലക്ഷ്യത്തിലേക്ക് വിരൽചൂണ്ടുന്നു. വിദ്യാഭ്യാസം കൊണ്ട് വ്യക്തിക്കും സമൂഹത്തിനും ഒന്നും കൈവരുന്നില്ലെങ്കിൽ പഠിച്ചവൻപോലും നിരക്ഷരനായി കരുതപ്പെട്ട കാലം. "കണ്ണുണ്ടെങ്കിലും അവൻ അന്ധനാണ്. കാതുണ്ടെങ്കിലും അവൻ ബധിരനാണ്. അവന്റെ ജീവിതം നിന്ദ്യവും നികൃഷ്ടവുമാണ്"എന്ന് പ്രവാചകൻ പലവുരു സൂചിപ്പിച്ചിട്ടുണ്ട്.

"പ്രാർഥിക്കുക: നാഥാ, എനിക്കു നീ വിജ്ഞാനം വർധിപ്പിച്ചുതരേണമേ" (20: 114). എന്നെ എനിക്കും സമൂഹത്തിനും കാലത്തിനു തന്നെയും പ്രയോജനകാരിയാക്കി മാറ്റേണമേ എന്ന ഹൃദയംഗമമായ പ്രാർഥന. ഒരുപാട് പഠിച്ചു എന്നു ഭാവിക്കുകയും അവകാശപ്പെടുകയുമല്ല, അതിനപ്പുറം അകത്തും പുറത്തും വഴിഞ്ഞുനിൽക്കുന്ന അന്ധകാരങ്ങളെ മായ്ക്കുവാൻ പഠനം സഹായിച്ചു എന്ന് സംതൃപ്തികൊള്ളാൻ സാധിക്കുകയാണാവശ്യം. ഇതിനാലാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് ഉപയുക്തമാകും വിധം വിദ്യാഭ്യാസരീതി ആസൂത്രണം ചെയ്യപ്പെടണമെന്ന് നിഷ്കർഷിക്കേണ്ടി വരുന്നത്.

വിദ്യാഭ്യാസം അന്ന് തീർത്തും സൗജന്യമായിരുന്നു. ധനിക-ദരിദ്ര വ്യത്യാസമില്ലാതെ, പ്രാദേശിക ഭേദങ്ങളില്ലാതെ, സകലർക്കും സമാവസരങ്ങൾ നൽകിക്കൊണ്ടുള്ള വിദ്യാലയാന്തരീക്ഷം. വിദേശീയ വിദ്യാർഥികൾപോലും അഭ്യസനത്തിനായെത്തി. വിദ്യാർഥികൾക്ക് താമസിച്ചു പഠിക്കാനുള്ള വസതികൾ(റസിഡൻഷ്യൽ ക്വാർട്ടേഴ്സ്) വിദ്യാലയങ്ങൾക്കടുത്തായിത്തന്നെ ഉണ്ടായിരുന്നു. അന്നത്തെ വിദ്യാലയങ്ങളുടെ സമുന്നത മാതൃക മനസ്സിലാക്കാൻ, ഇന്നും പ്രവർത്തിച്ചുപോരുന്ന ദമസ്കസിലെ പ്രഖ്യാതമായ മദ്റസതുന്നൂരിയ്യ മാത്രം മതിയാകും. അതിന്റെ സ്ഥാപകൻ ഇസ്‌ലാമിക ദർശനത്തിൽ അവഗാഹം നേടിയ ഇമാം നൂറുദ്ദീൻ ശഹീദായിരുന്നു. അന്നത് ലോകശ്രദ്ധയാകർഷിച്ച അത്യുന്നത വിദ്യാ കേന്ദ്രമായിരുന്നു. ലോകസഞ്ചാരിയായ ഇബ്നു ഹബീബ് എഴുതിയ യാത്രാവിവരണങ്ങളിൽ ഇങ്ങനെ കാണാം:

"നുറുദ്ദീൻ ശഹീദ് സ്ഥാപിച്ച ഈ വിദ്യാലയം ലോകോത്തരം. അവിശ്വസനീയമായ കെട്ടിട ഗരിമ. വിദ്യാലയാവശ്യാർഥം ശുദ്ധജലവാഹിനിയായ ഒരു കനാൽ നിർമിച്ചതായി കണ്ടു. അത് ഒഴുകിയെത്തുന്നിടത്ത് ഒന്നാംതരമൊരു ജലധാര. പിന്നെയത് രണ്ട് അരുവികളായിപ്പിരിയുന്നു. അവ രണ്ടും

ഇരുപുറങ്ങളിലായി വിദ്യാലയത്തിന്റെ പാദാന്തികത്തെത്തുന്നു. അവിടെ രണ്ടിടത്തും ഓരോ കൂറ്റൻ ജലസംഭരണികൾ. നിർമാണ ചാരുത വശ്യം. വിപുലമായ ക്ലാസ്മുറികൾ, സ്റ്റാഫ് റൂം, ഭക്ഷണശാലകൾ, വിശ്രമാലയങ്ങൾ, വിനോദവേദികൾ, ഗ്രന്ഥപ്പുരകൾ, അധ്യാപകവസതികൾ! വിദ്യയുടെ വിലയറിയാത്ത രാജ്യത്ത് വിസ്മയകരമായ ഒരു നാഗരികത മുഖപടം നീക്കി വെളിക്ക് വരുന്നു!"

ഡോ. മുസ്തഫസ്സിബാഇയുടെ Some Glittering Aspects of the Islamic Civilization എന്ന ഗ്രന്ഥം മറ്റൊരു മഹാവിദ്യാലയത്തെ പരിചയപ്പെടുത്തുന്നു:

"ജാമിഅ അസ്ഹർ. പ്രധാന ആരാധനാ കേന്ദ്രത്തോടനുബന്ധിച്ചു തന്നെയാണ് വിദ്യാലയം. പള്ളിക്കു ചുറ്റും റുവാഖ് എന്ന പേരിലറിയപ്പെടുന്ന വസതികൾ. അവിടെ വിദേശീയ വിദ്യാർഥികൾ-സിറിയക്കാർ, തുർക്കികൾ, സുഡാനികൾ, ഇറാഖികൾ, ഫിലിപ്പൈനികൾ- പ്രത്യേക സമൂഹങ്ങളായിത്തന്നെ സൗകര്യപൂർവം താമസിച്ചുവരുന്നു. വിദ്യാഭ്യാസം സൗജന്യമാണെന്നു മാത്രമല്ല, ദരിദ്രവിദ്യാർഥികൾക്ക് മറ്റു വിവേചനങ്ങളൊന്നുമില്ലാതെ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയത്തിന്, ഈശ്വരസന്നിധിയിലെന്നോണം സമർപ്പിക്കപ്പെടുന്ന സ്വത്തുവഹകളുടെ വരുമാനത്തിൽനിന്നാണ് ചെലവത്രയും നിർവഹിച്ചുപോന്നത്."

പ്രധാനാധ്യാപകന്റെ നിയമനത്തിനുള്ള മാനദണ്ഡം തന്നെ ആ സ്ഥാപനങ്ങളുടെ ഗരിമക്കുള്ള നിദാനമാണ്. സകലജന സമാദരണീയരായ മഹാവ്യക്തികളാണ് വിദ്യാലയങ്ങളുടെ സാരഥീപദം അലങ്കരിച്ചുപോന്നത്. ഇമാം നവവി, ഇബ്നുസ്സലാഹ്, ജലാലുദ്ദീൻ സുബുകി, ഇമാദുദ്ദീൻ തുടങ്ങിയ പ്രാതസ്മരണീയരായ മഹാമതികൾ അവരിൽ ചിലരാണ്.

ദമസ്കസിലെ ഹദീസ് വിദ്യാലയത്തിലെ ആചാര്യന്മാരുടെ മുന്നിൽ സംശയനിവൃത്തിക്കും ദാർശനിക വൈശദ്യങ്ങൾക്കും വേണ്ടി അകലങ്ങളിൽനിന്നുപോലും ജ്ഞാനപിപാസുകൾ വന്നെത്താറുണ്ട്. ഗസ്സാലി, ശീറാസി, ഇമാം അൽഹറമൈൻ, അല്ലാമ ഗസാബി, ഖതീബ് തിബ്രീസി, ഖസ്വീനി, ഫിറോസാബാദി തുടങ്ങിയവരാണ് ബഗ്ദാദിലെ മദ്റസാ പ്രസ്ഥാനത്തിന്റെ രൂപവിധാതാക്കൾ എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ പലരുടെയും ഖുർആൻ-ഹദീസ് വ്യാഖ്യാനങ്ങൾ മതപണ്ഡിതന്മാരുടെ അവലംബഗ്രന്ഥങ്ങളായിരുന്നു.

ആദ്യകാലങ്ങളിൽ അധ്യാപകർ വേതനംപോലും സ്വീകരിക്കാതെ ഒരർപ്പണം എന്ന നിലക്കായിരുന്നു വിദ്യാവൃത്തി നിർവഹിച്ചുപോന്നത്. എന്നാൽ ഇസ്ലാമിക നാഗരികതയുടെ വസന്തകാലത്ത് സമുന്നത പഠനകേന്ദ്രങ്ങൾ വ്യാപകമായപ്പോൾ, വിദ്യാവൃത്തി ദൈവികമാണെന്ന് ജന

സാമാന്യം കരുതിവന്നപ്പോൾ, അളവറ്റ സ്വത്തും സമ്പത്തും സ്ഥാപന ങ്ങൾക്ക് വഖ്ഫ് രീതിയിൽ കിട്ടിയപ്പോൾ അധ്യാപകർക്ക് വേതനം നൽക ണമെന്ന ശക്തമായ അഭിപ്രായം മുസ്‌ലിംകളിൽനിന്നുയർന്നുവന്നു. എന്നാൽ തങ്ങളെ ശമ്പളക്കാരാക്കി മാറ്റുന്നതിൽ അധ്യാപകർക്ക് വിപ്രതിപത്തിയാ ണുണ്ടായത്. അത് വിദ്യാഭ്യാസത്തിന്റെ വിശുദ്ധി കെടുത്തിയേക്കുമോ എന്ന് അവരാശങ്കിച്ചു. എങ്കിലും ഒടുക്കം അവർക്ക് ജനാഭിപ്രായത്തിനു മുന്നിൽ വഴങ്ങേണ്ടിവന്നു.

വിദ്യാർഥിജീവിതകാലത്തുതന്നെ അസാധാരണമായ കഴിവുകൾ പ്രക ടിപ്പിച്ചുപോന്നവരെ കണ്ടെത്തി അതത് വിദ്യാലയങ്ങളിൽ തന്നെ അധ്യാപ കരായി നിയമിക്കുന്ന ഒരു വിശേഷസമ്പ്രദായം അന്ന് നിലവിലുണ്ടായിരു ന്നു. വിലകൂടിയത് കൈമോശംവരാതിരിക്കാനുള്ള 'വിശുദ്ധ സ്വാർഥ' സമ്പ്രദായം. എന്നാൽ അത്തരം നിയമനങ്ങൾ പോലും കർശനമായ ഗുണ വിശോധനത്തിന് വിധേയമാക്കപ്പെട്ടിരുന്നു.

ചരിത്രം ഒരു സന്ദർഭത്തെ ഇങ്ങനെ പരിചയപ്പെടുത്തുന്നു:

ഹാറൂൻ റശീദിന്റെ ഭരണകാലം. അന്നാട്ടിലെ ചീഫ് ജസ്റ്റിസായി നിയ മിക്കപ്പെട്ട അബൂഹനീഫ ആദ്യം ഒരു അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ വിദ്യാർഥികളിൽ അസാധാരണമായ മികവ് കാണിച്ച അബൂയൂസുഫിനെ അതേ വിദ്യാലയത്തിൽ തന്നെ അധ്യാപകനായി നിയമിക്കണമെന്ന് അബൂ ഹനീഫ മനസ്സുകൊണ്ടുറപ്പിച്ചു. അദ്ദേഹത്തിന് അബൂയൂസുഫിനോട് വല്ലാത്ത വാത്സല്യമായിരുന്നു. പഠനം പൂർത്തിയായപ്പോൾ അബൂഹനീഫ യുടെ മനസ്സറിഞ്ഞ വിദ്യാലയസാരഥികൾ അബൂയൂസുഫിനെ അധ്യാപക നായി നിയമിക്കാൻ ആവശ്യമായതു ചെയ്തു. അബൂഹനീഫയിലുള്ള മതിപ്പും ബോധ്യവും കൊണ്ട് അബൂയൂസുഫിനെ മറ്റു മാനദണ്ഡങ്ങൾ വെച്ചൊന്നും പരിശോധിച്ചില്ല. വിവരമറിഞ്ഞ അബൂഹനീഫ സാരഥീ സഭക്കുമുന്നിൽ തന്റെ വത്സല ശിഷ്യനെ വിളിപ്പിച്ച് ഒരു പരീക്ഷ നടത്തി. മിടുക്ക് തൊട്ടറിയാൻ പോരുന്ന ഒന്നാംതരം അഞ്ചു ചോദ്യങ്ങൾ. നിർഭാഗ്യ വശാൽ ആ പരീക്ഷയിൽ വിജയിക്കാൻ അബൂയൂസുഫിന് കഴിഞ്ഞില്ല. നിയ മനശ്രമം സ്വാഭാവികമായും പിൻവലിക്കപ്പെട്ടു. വേദനയോടെ എന്നാൽ ദൃഢ സ്വരത്തിൽ അബൂഹനീഫ പറഞ്ഞു:

"മൂത്തുപഴുക്കുന്നതിനു മുമ്പേ ഉണങ്ങിപ്പോയ ഫലം."*

സ്ഥാപനത്തിന്റെ ഭാവിയും ഭദ്രതയും മാത്രമായിരുന്നു മാനദണ്ഡം; മറ്റൊന്നുമവിടെ മുഖംകാണിക്കാനെത്താറില്ല.

* പിൽക്കാലത്ത് 'കിതാബുൽ ഖറാജ്' എന്ന വിശ്രുതഗ്രന്ഥം രചിച്ച അബൂയൂസുഫ് അബൂ ഹനീഫക്കുശേഷം ചീഫ് ജസ്റ്റിസും ആവുകയുണ്ടായി.

വ്യവസായം, വാണിജ്യം തുടങ്ങിയ ഭൗതിക സ്ഥാപനങ്ങളുടെ വളർച്ചയെക്കാൾ വിദ്യാഭ്യാസത്തിന്റെ വികാസവൃദ്ധികൾക്കായിരുന്നു ഇസ്‌ലാമികരാഷ്ട്രം പ്രാമുഖ്യം നൽകിയിരുന്നത്. ഈജിപ്ത്, ദമസ്കസ്, മൊസൂൾ, ബൈതുൽ മഖ്ദിസ് എന്നിവിടങ്ങളിൽ നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ച സ്വലാഹുദ്ദീൻ അയ്യൂബിയും സിറിയയിൽ പതിനാലിൽ പരം വിദ്യാലയങ്ങളുടെ ഒരു മഹാശൃംഖല നിർമിച്ച നൂറുദ്ദീനും ഇറാഖിലും ഖുറാസാനിലും വ്യാപകമായ വിദ്യാഭ്യാസ പ്രചാരണത്തിന് മുൻകൈയെടുത്ത നിസാമുൽ മുൽക്ക് തൂസിയും അവരിൽ ചിലരാണ്. തൂസിയെക്കുറിച്ചുള്ള ഒരു പരാമർശം ശ്രദ്ധേയമാണ്:

"അദ്ദേഹം തന്റെ യാത്രാവേളയിൽ എവിടെ ഒരു മഹാപ്രതിഭയെ കണ്ടുമുട്ടുന്നുവോ അവിടെ ഒരു വിദ്യാലയം പണിത്, ആ പ്രതിഭയെ ക്ഷണിച്ചാദരിച്ച് അതിന്റെ സ്ഥാനപതിയാക്കും."

മദ്റസകളുടെ ചരിത്രപഥത്തിൽ വിശ്വോത്തരം എന്ന് കീർത്തിക്കാവുന്നത് ബഗ്ദാദിലെ നിസാമിയ്യയാണ്. ഹിജ്റ 5–9 നൂറ്റാണ്ടുകളിൽ അതൊരു പ്രകാശഗോപുരമായിരുന്നു എന്നാണ് പല ചരിത്രഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിക്കാണുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുമായെത്തിയ ആറായിരത്തിൽപരം വിദ്യാർഥികൾ ഒരേകാലത്തവിടെ അധ്യയനം ചെയ്തുപോന്നു. സൗജന്യപഠനം മാത്രമല്ല, അർഹരായ വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും നൽകിപ്പോന്ന ഒരു മഹാ സ്ഥാപനമായിരുന്നു നിസാമിയ.

ഒരു യുദ്ധകാലം. ഇബ്നു ഉമൈദിന്റെ ഭവനം ആക്രമിക്കപ്പെട്ടു. ഉന്നതമായ പദവികളും സമൃദ്ധമായ ജീവിതസാഹചര്യങ്ങളുമെല്ലാമുണ്ടെങ്കിലും സംസ്കാരസമ്പന്നനും ഗ്രന്ഥപ്രിയനുമായിരുന്നു അദ്ദേഹം. വീട് കൊള്ളയടിക്കപ്പെട്ടതറിഞ്ഞ് അദ്ദേഹം വീട്ടിലേക്കോടിയെത്തി. ചുറ്റും നടന്നു നോക്കി. പാറാവുകാർ കൊല്ലപ്പെട്ടതായിക്കണ്ടു. എല്ലാം ദയനീയമാംവിധം കൊള്ളയടിക്കപ്പെട്ടിരിക്കുന്നു! ഒന്നിരിക്കാൻ ഒരുപകരണംപോലും ബാക്കി വെച്ചിട്ടില്ല. പച്ചവെള്ളം കോരിക്കുടിക്കാനുപയോഗിക്കുന്ന ചെറിയ പാത്രം പോലും തച്ചുടക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതിലൊന്നും അദ്ദേഹം വിഷമിച്ചില്ല. ഉത്കണ്ഠ തന്റെ പുസ്തകശേഖരത്തെക്കുറിച്ചായിരുന്നു. തന്റെ മഹത്തായ സമ്പാദ്യം! സാഹിത്യം, ശാസ്ത്രം, ദർശനം തുടങ്ങി എല്ലാ വിഷയങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്ന കൂറ്റൻ ഗ്രന്ഥശേഖരം! ഒരു നൂറ് ഒട്ടകങ്ങളെ ഉപയോഗപ്പെടുത്തിയാൽ പോലും പേറിമാറ്റാൻ കഴിയാത്തത്ര വലുപ്പമുള്ള ഗ്രന്ഥശേഖരം!

ഇബ്നു ഉമൈദ് ധൃതിയിൽ നടന്ന് ഗ്രന്ഥപ്പുര സൂക്ഷിപ്പുകാരനെ കണ്ടു. ഉദ്വേഗപൂർവം തിരക്കി. ആക്രമികൾ ഗ്രന്ഥപ്പുര തൊട്ടിട്ടില്ലെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് ആശ്വാസമായി. അദ്ദേഹം പറഞ്ഞു:

"മറ്റെല്ലാം പുനർനിർമിക്കാം, ഇതൊഴിച്ച്."

അക്കാലത്ത് പ്രശസ്തരായ എഴുത്തുകാരുടെ പുസ്തകങ്ങളോട് അനുവാചകർ കാണിച്ചുപോന്ന അഭിനിവേശം അളവറ്റതായിരുന്നു. ഇക്കാര്യത്തിൽ ഭരണാധികാരികൾ നൽകിപ്പോന്ന പ്രോത്സാഹനം ശ്രദ്ധേയമായിരുന്നു. അക്കാലത്ത് അന്തുലുസിലെ ഭരണാധിപൻ ഗ്രന്ഥപ്രിയൻ കൂടിയായ ഹകം ആയിരുന്നു. അക്കാലത്തെ പ്രഖ്യാതനായ ഗ്രന്ഥകാരനായിരുന്നു അബുൽ ഫറജ് അൽ ഇസ്ഫഹാനി. അദ്ദേഹം തന്റെ വിഖ്യാതമായ 'അൽഅഗാനി' എന്ന സാഹിത്യകൃതി എഴുതി പൂർത്തീകരിക്കാൻ പോകുന്നു എന്നറിഞ്ഞ ഹകം ഒരു പരിചാരകനെ വിളിച്ച് ആയിരം ദീനാറും ഒരു കത്തും കയ്യിലേൽപിച്ച് ഇസ്ഫഹാനിയുടെ അടുത്തേക്കയച്ചു. കത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു:

"പ്രിയമുള്ള ഇസ്ഫഹാനീ,

താങ്കളുടെ പുതിയ പുസ്തകം 'അൽഅഗാനി' എഴുതിപൂർത്തിയാവാറായെന്നറിഞ്ഞു. എനിക്ക് ഒരു പ്രതി വേണം. പ്രസിദ്ധീകരിച്ചാൽ ഉടൻ ഒരു പ്രതി അയക്കുക. പ്രതിഫലമായി ആയിരം ദീനാർ അയക്കുന്നു."

ഗ്രന്ഥമിറങ്ങി ചൂടാറുന്നതിനുമുമ്പേ തന്നെ വായിച്ചാസ്വദിക്കാനുള്ള അദമ്യമായ താൽപര്യം! അക്കാലത്തെ സാമാന്യജനംപോലും പ്രകടിപ്പിച്ചുപോന്ന അറിയാനും ആസ്വദിക്കാനുമുള്ള അളവറ്റ താൽപര്യം എഴുത്തുകാർക്ക് വളരെയേറെ പ്രോത്സാഹകമായിരുന്നു. ഗ്രന്ഥശാലകളുടെ വളർച്ചക്കും അത് പ്രചോദകമായി.

ഗ്രന്ഥശാലകളില്ലാത്ത വിദ്യാലയങ്ങളും പട്ടണങ്ങളും തുലോം കുറവായിരുന്നു. മധ്യകാലയുഗത്തിൽ സങ്കൽപിക്കാൻപോലും കഴിയാത്ത വിസ്മയമായിരുന്നു ഇസ്‌ലാമികരാഷ്ട്രത്തിൽ കണ്ടത്.

പല പള്ളികളിലും വിപുലമായ ഗ്രന്ഥശേഖരങ്ങളുണ്ടായിരുന്നു. സ്വന്തമായി ഒരു ഗ്രന്ഥശേഖരമുണ്ടെന്നഭിമാനിക്കാൻ പലർക്കുമന്ന് കഴിഞ്ഞിരുന്നു. ബസറയിലെ പള്ളിയോടനുബന്ധിച്ചുള്ള ഗ്രന്ഥശേഖര സമുച്ചയത്തിലെ ജീവനക്കാർക്കും സഹായികൾക്കും മാസവേതനവും സ്റ്റൈപ്പന്റും നൽകിപ്പോന്നിരുന്നു എന്ന് ചരിത്രരേഖകളുണ്ട്.

പത്താം നൂറ്റാണ്ടിൽ ജീവിച്ച സാഹിബ് ഇബ്നു അബ്ബാസിന്റെ ഗ്രന്ഥശേഖരത്തിൽ യുറോപ്പിലെ എല്ലാ ലൈബ്രറികളിലുമുള്ളത്ര പുസ്തകങ്ങളുണ്ടായിരുന്നു എന്നാണ് ചരിത്രസാക്ഷ്യം.

ലോകനാഗരികതയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇസ്‌ലാം സംസ്കാരത്തിന്റെ പ്രാദുർഭാവകാലത്തെ ഗ്രന്ഥപ്പുരകളുടെ സമ്പന്നതക്ക് തുല്യം നിൽക്കാൻ പോന്ന ഗ്രന്ഥാലയങ്ങൾ മറ്റൊരിടത്തും കാണുവാൻ

സാധ്യമല്ല. ഒരിക്കൽ റയ്യിലെ പൊതുഗ്രന്ഥാലയത്തിലെ ഗ്രന്ഥങ്ങളുടെ വിവരണം തയ്യാറാക്കാൻ ചിലർ ശ്രമിച്ചപ്പോൾ ബൃഹത്തായ പത്തു കാറ്റലോഗുകൾ വേണ്ടിവന്നതായി കേട്ടിട്ടുണ്ട്. ബസറയിലെ ഗ്രന്ഥാലയത്തിൽ ജോലി ചെയ്ത എത്രയോ പണ്ഡിതന്മാർക്ക് സ്ഥിരമായി സ്റ്റൈപ്പന്റ് നൽകിയിരുന്നുവെന്നാണ് ചരിത്രസൂചന. തന്റെ ഭൂമിശാസ്ത്ര നിഘണ്ടുവിന് വേണ്ട വസ്തുതകൾ ശേഖരിക്കാൻ യാഖൂത്ത്, മാർവിലെയും ഖുവാരിസ്മിലെയും ലൈബ്രറികളിൽ മൂന്നു വർഷക്കാലം താമസിച്ചിരുന്നുവത്രേ! മംഗോളിയരുടെ ആക്രമണകാലത്ത് ബഗ്ദാദിൽമാത്രം എണ്ണമറ്റ സ്വകാര്യ ലൈബ്രറികളും പ്രശസ്തങ്ങളായ മുപ്പത്തിയാറ് പൊതു ലൈബ്രറികളും ഉണ്ടായിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അക്കാലത്ത് ധനികന്മാർ സ്വന്തമായി ലൈബ്രറി ഉണ്ടാവുക എന്നത് അന്തസ്സിന്റെ ഭാഗമായി കരുതിപ്പോന്നിരുന്നു. ബുഖാറയിലെ സുൽത്താൻ തന്റെ കൊട്ടാരത്തിൽ വന്ന് താമസിക്കാൻ ഒരു വൈദ്യവിശാരദനെ ക്ഷണിച്ചുവെങ്കിലും അദ്ദേഹമതു നിരസിച്ചു. കാരണം, തന്റെ റഫറൻസ് ഗ്രന്ഥങ്ങൾ കൊണ്ടുപോകാൻ നാനൂറ് ഒട്ടകങ്ങൾ വേണമെന്നും അതനുവദിക്കാൻ പ്രയാസമാണെങ്കിൽ അങ്ങോട്ടു വരാൻ വിഷമമാണെന്നും വൈദ്യവിശാരദൻ അറിയിച്ചുവത്രെ. അൽവാഖിദി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ 1200 ആളുകൾക്ക് ചുമക്കാൻ മാത്രം ഭാരിച്ചതായിരുന്നു എന്ന് ചരിത്രസാക്ഷ്യമുണ്ട്.

ബഗ്ദാദിനടുത്തുള്ള ഗ്രാമത്തിലെ ഒരു വലിയ ഗ്രന്ഥാലയം ഖസാന ഹിക്മത്(വിജ്ഞാന ഭണ്ഡാരം) എന്നാണറിയപ്പെട്ടിരുന്നത്. വിദൂരദേശങ്ങളിൽനിന്നുപോലും ആളുകൾ അവിടെവന്ന് താമസിച്ച് ഗ്രന്ഥപ്പുര ഉപയോഗപ്പെടുത്തി. ഈ ഗ്രന്ഥശേഖരം സർക്കാറിന്റേതോ സമൂഹത്തിന്റേതോ ആയിരുന്നില്ല. അലി ഇബ്നു യഹ്യ എന്ന ജ്ഞാനോപാസകനായിരുന്നു ഈ സ്വകാര്യ ഗ്രന്ഥശേഖരത്തിന്റെ ഉടമ. ദൈവമാർഗത്തിലുള്ള ഒരു വിശുദ്ധ വിനിയോഗം പോലെ ഗ്രന്ഥപ്പുരയുടെ സകല ചെലവുകളും അദ്ദേഹം സ്വയം നിർവഹിച്ചുപോന്നു.

അബുൽഖാസിം ജഅ്ഫർ, മൊസൂൾ(Mosul) എന്ന സ്ഥലത്ത് വലിയൊരു ഗ്രന്ഥപ്പുര പണിത് ദാറുൽ ഇസ്ലാം എന്ന് പേരിട്ടു. ലോകശ്രദ്ധയാകർഷിച്ച ഒരു വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രമായി മൊസൂൾ രൂപാന്തരപ്പെട്ടത് ദാറുൽ ഇസ്ലാം ഒന്നുകൊണ്ടാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജ്ഞാനപിപാസുക്കൾ അവിടെയെത്തി. വിവേചനമില്ല, നിയന്ത്രണമില്ല, നിരോധനവുമില്ല. അറിവ് തേടി വരുന്ന ദരിദ്ര വിദ്യാർഥികൾക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങളൊക്കെ അവിടെ സൗജന്യമായി നൽകപ്പെട്ടിരുന്നു. മറ്റു ചെലവുകൾക്കായി നല്ലൊരു തുക സ്റ്റൈപ്പന്റും. രാപ്പകൽ ഭേദമില്ലാതെ പ്രവർത്തിച്ചുപോന്ന 'അവധിയില്ലാത്ത സ്ഥാപന'മായിരുന്നു അത്. ഉപഭോക്താവിന്റെ ഹിതത്തിനൊത്ത് പ്രവർത്തിക്കുന്ന മുഴുസമയ

സേവകർ അവിടെയുണ്ടായിരുന്നു. ഖാസിനുൽ മക്തബ(Stock holder) എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. നല്ല മനസ്സുള്ള ഒട്ടേറെ ചെറുപ്പക്കാർ അവരെ സഹായിക്കാനുണ്ടാകും. അവരെ 'മുതനാവിൽ' എന്നാണ് വിളിച്ചു പോന്നത്. ഇന്നത്തെ ഗ്രന്ഥാലയശാസ്ത്രത്തിലെ പുതുമകൾ പോലും അന്നവിടെ പ്രയോഗത്തിലുണ്ടായിരുന്നതായി ഗവേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

വിശ്രുതമായ ഒരു നാഗരികതയുടെ ധ്വജവാഹകരായിരുന്നു മുസ്‌ലിംകൾ. അതിനവലംബം കിടയറ്റതും കറയറ്റതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളായിരുന്നു. ദൈവത്തിന്റെ മഹാരഹസ്യങ്ങളും പ്രപഞ്ചത്തിന്റെ സൗന്ദര്യ പ്രഹർഷങ്ങളും അറിഞ്ഞാസ്വദിക്കാനും അതുവഴി വിധിപൂർവകമായ ജീവിതസ്പൂർത്തിക്ക് മനുഷ്യനെ സമർഹനാക്കാനും കഴിയുന്ന വരദാനമാണ് വിദ്യയെന്ന് സത്യവേദസംസ്കൃതി പ്രബോധിപ്പിക്കുന്നു.

◆◆◆

# ഇസ്‌ലാം സംസ്കൃതി
## ചില സൗമ്യ വിചാരങ്ങൾ



വാണിദാസ് എളയാവൂര്